# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2019 ഫെബ്രുവരി 6, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

64/2021.

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശുവികസനവും വകുപ്പുമന്ത്രി | : ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : ഡോ. ടി. എം. തോമസ് ഐസക് |

## ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 31
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 31
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 78

**II തിരുത്തിയ ഉത്തരം**

നക്ഷത്ര ചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന്റെ
തിരുത്തിയ ഉത്തരം .. 428

**III അടിയന്തരപ്രമേയം**

കയർ മേഖലയിലെ പ്രതിസന്ധി .. 428

—ശ്രീ. അടൂർ പ്രകാശ്

(അവതരണാനുമതി നിഷേധിച്ചു.)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) മലയോര കർഷകർക്ക് പട്ടയം .. 447

—ശ്രീ. കെ. രാജൻ

(2) റബ്ബറിന് കാർഷിക പാക്കേജ് .. 450

—ശ്രീ. മോൻസ് ജോസഫ്

**V സബ്മിഷൻ**

(1) വൈഷ്ണവിന്റെ ആത്മഹത്യ .. 455

—പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല)

(2) മുൻസിഫ് മജിസ്ട്രേറ്റ് കോടതി .. 457

—ശ്രീ. ജെയിംസ് മാത്യു

(3) വ്യക്തിഹത്യ തടയാൻ നിയമനിർമ്മാണം .. 457

—ശ്രീ. മുല്ലക്കര രത്നാകരൻ

| | | |
|---|---|---|
| | | *പേജ്* |
| (4) ആനുകൂല്യങ്ങൾ ലഭ്യമാക്കൽ | .. | 459 |
| —ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | |
| (5) ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം | .. | 461 |
| —ശ്രീ. കെ. ഡി. പ്രസേനൻ | | |
| (6) ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട് | .. | 463 |
| —ശ്രീ. ചിറ്റയം ഗോപകുമാർ | | |
| (7) ട്യൂമർ ബോർഡ് രൂപീകരണം | .. | 464 |
| —ശ്രീ. എ. എൻ. ഷംസീർ | | |
| (8) കാൻസർ രോഗ നിർണ്ണയം | .. | 467 |
| —ശ്രീ. പാറക്കൽ അബ്ദുല്ല | | |
| (9) പരമ്പരാഗത ചികിത്സാ മേഖല | .. | 470 |
| —ശ്രീ. സി. കൃഷ്ണൻ | | |
| (10) സമാന്തര പാലവും ബൈപ്പാസും | .. | 472 |
| —ശ്രീ. റോജി എം. ജോൺ | | |
| **VI റിപ്പോർട്ട് സമർപ്പണം** | | |
| (1) 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട് | .. | 474 |
| (2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എൺപത്തിയൊന്നുമുതൽ എൺപത്തിയാറുവരെയുള്ള റിപ്പോർട്ടുകൾ | .. | 474 |
| **VII അറിയിപ്പ്** | | |
| ഗവൺമെന്റ് പ്രമേയം മാറ്റിവച്ചതു സംബന്ധിച്ച് | | |
| —മി. സ്പീക്കർ | .. | 474 |

*പേജ്*

**VIII ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ
സംബന്ധിച്ച പൊതുചർച്ച .. 474

**IX പ്രമേയം**

ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും
നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) .. 543

**X അറിയിപ്പ്**

നിയമസഭാ മ്യൂസിയം പൈതൃക മന്ദിരത്തിന്റെ ഉദ്ഘാടനം

—മി. സ്പീക്കർ .. 544

**അനുബന്ധം** .. 545

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

*2019 ഫെബ്രുവരി 6, ബുധൻ*

| വാല്യം 175] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 8 |
|---|---|---|

നിയമസഭ 2019 ഫെബ്രുവരി മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ....... ചോദ്യം നമ്പർ (*151)

### തീരപരിപാലന നിയമത്തിൽ ഇളവുകൾ

1 (*151) ശ്രീ. എസ്. ശർമ്മ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപരിപാലനവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന (CRZ) നിയന്ത്രണത്തെത്തുടർന്ന് സാധാരണക്കാരായ തീരദേശവാസികൾക്കുണ്ടായിരുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പരമ്പരാഗതമായി തീരദേശത്ത് താമസിച്ചുവരുന്നവരുടെ, തദ്ദേശഭരണ സ്ഥാപനങ്ങൾ കെട്ടിടനമ്പർ നൽകിയിട്ടുള്ളതും കരം ഒടുക്കിവരുന്നതുമായ, പഴയവീടുകൾ പൊളിച്ചുമാറ്റി അതേ സ്ഥാനത്ത് പുതിയ വീടുകൾ വയ്ക്കുന്നതിനുണ്ടായിരുന്ന തടസ്സം മാറ്റുന്നതിന് തീരദേശ പരിപാലന നിയമത്തിൽ വരുത്തിയിട്ടുള്ള ഇളവുകളിലൂടെ കഴിഞ്ഞിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് തീരദേശ പരിപാലനവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനും തുടർനടപടികൾ വേഗത്തിലാക്കുന്നതിനും തീർപ്പുകൽപ്പിക്കുന്നതിനുമായി മാറ്റിവച്ചിരുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) i) തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനം 2011-ലെ നിയന്ത്രണങ്ങൾ കാരണം സാധാരണക്കാരായ തീരദേശവാസികൾക്ക് ബുദ്ധിമുട്ടുകൾ നിലവിലുണ്ടായിരുന്നു. ഇത് പഠിക്കുന്നതിനും പ്രയാസങ്ങൾ പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഡോ. ഷൈലേഷ് നായിക് അദ്ധ്യക്ഷനായി കേന്ദ്ര സർക്കാർ നിയോഗിച്ച സമിതിയുടെ മുമ്പാകെ ഈ പ്രയാസങ്ങൾ യഥാസമയം ധരിപ്പിക്കുകയും സംസ്ഥാനത്തെ തീരദേശത്തെ ജനതയുടെ ഉത്കണ്ഠ ബോദ്ധ്യപ്പെടുത്തുകയും ചെയ്തു. സമിതി നൽകിയ ശിപാർശകൾ പരിഗണിച്ച് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം 18-1-2019-ന് പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിപ്പിച്ചിട്ടുണ്ട്.

പുതിയ വിജ്ഞാപന പ്രകാരം സ്ക്വയർ കിലോമീറ്ററിൽ 2161-ൽ അധികം ആളുകൾ അധിവസിക്കുന്ന CRZ III A മേഖലയിൽ വികസന നിഷിദ്ധ മേഖല എന്നത് വേലിയേറ്റ രേഖയിൽനിന്നും 200m എന്നത് 50m ആയി കുറച്ചിട്ടുണ്ട്.

വേലിയേറ്റ സ്വാധീനമുള്ള കായൽ, തോട്, നദി മേഖലകളിൽ 2011-ൽ വികസന നിഷിദ്ധ മേഖല 100m ആയിരുന്നത് 50m ആയി കുറച്ചിട്ടുണ്ട്.

കായൽ ദ്വീപ് പ്രദേശങ്ങളിൽ ഈ മേഖല 2011-ൽ 50m ആയിരുന്നത് ഇപ്പോൾ 20m ആയി കുറച്ചു.

(ii) കേരളത്തിലെ 10 തീരദേശ ജില്ലകളിലേയും തീരമേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ക്ലിയറൻസ് നൽകിയിരുന്നത് KCZMA-യുടെ സ്റ്റേറ്റ് കമ്മിറ്റിയിൽ നിന്നായിരുന്നു. ഇത് വലിയ കാലതാമസത്തിനിടയാക്കി. ഇത് പരിഹരിക്കുന്നതിനായി തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾക്ക് അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകി.

(iii) തീരദേശ പരിപാലന അതോറിറ്റിയിൽ 31-1-2019 വരെ കെട്ടിക്കിടന്ന അപേക്ഷകളിൽ 4198 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 925 അപേക്ഷകളിൽ 791 എണ്ണം അപൂർണ്ണമാണ്. തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാ കമ്മിറ്റികൾവഴി 4811 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

(iv) തീരദേശത്തെ നിയന്ത്രണങ്ങൾ കാരണം സർക്കാർ ധനസഹായം ലഭിക്കുന്ന പദ്ധതികളിലൂൾപ്പെടെ വീട് നിർമ്മിക്കാൻ തടസ്സങ്ങൾ നിലനിന്നിരുന്നു. ഇത് പരിഹരിക്കുന്നതിനായി വികസന നിഷിദ്ധ മേഖലയിലെ ഗൃഹനിർമ്മാണത്തിന് പ്ലിന്ത് ഏരിയ പരമാവധി $60m^2$ എന്നത് $66m^2$ ആയും പിന്നീട് $100m^2$ ആയും ഉയർത്തി നിശ്ചയിച്ചു.

(ബി) നിയമാനുസൃതമായി നിശ്ചയിക്കപ്പെട്ട രീതിയിൽ പുതുക്കി പണിയാവുന്നതാണ്.

(സി) 18-1-2019-ൽ പുറപ്പെടുവിച്ച പുതിയ തീരദേശ മേഖലാ നിയന്ത്രണ വിജ്ഞാപനമനുസരിച്ച് നിയന്ത്രണങ്ങളിൽ വരുത്തിയിട്ടുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ അടിയന്തരമായി നടപ്പിലാക്കേണ്ട കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

മേഖലയുടെ പുനർനിർണ്ണയമടക്കമുള്ള കാര്യങ്ങളിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇതിന്റെ ഗുണഫലം തീരദേശവാസികൾക്ക് ലഭ്യമാകും.

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, തീരദേശ പരിപാലന നിയമത്തിലെ ഇളവുകൾ ലഭിക്കണമെങ്കിൽ പുതിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചിരിക്കണമെന്ന വ്യവസ്ഥയുള്ളതിനാൽ ഈ നടപടിക്രമം വേഗത്തിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതുമായി ബന്ധപ്പെട്ട് ആദ്യം വന്നത് പത്രവാർത്തയായിരുന്നു. അപ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്തിരുന്നു. നോട്ടിഫിക്കേഷൻ വന്നതിനുശേഷം മാത്രമേ മറ്റ് നടപടികൾ ആരംഭിക്കാൻ കഴിയുകയുള്ളൂ എന്നതുകൊണ്ട് നോട്ടിഫിക്കേഷൻ വരാനിടയുണ്ടെന്ന് കണക്കാക്കി നടപടികൾ സ്വീകരിക്കണമെന്നാണ് ആവശ്യപ്പെട്ടത്. അത് നടപ്പാക്കാനുള്ള തയ്യാറെടുപ്പുകൾ ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, പുതിയ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പ്രയോജനപ്പെടുത്തി തീരദേശത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സമഗ്രവികസനത്തിനുള്ള പദ്ധതിയും ലൈഫ് മിഷന്റെ കീഴിൽ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയും വിപുലീകരിച്ച് പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, സാധാരണ വീട് നിർമ്മാണത്തിന് ഇത് വലിയ തോതിലുള്ള പ്രയാസം സൃഷ്ടിച്ചിരുന്നു. ഈ ഇളവ് വന്നതോടുകൂടി ആ പ്രയാസങ്ങൾ പരിഹരിച്ച് വീടുകൾ നിർമ്മിക്കാൻ കഴിയും. ലൈഫ് മിഷനിൽ ഉൾപ്പെടുത്തിയ വീടുകളുടെ നിർമ്മാണത്തിലും തീരദേശമല്ലെങ്കിലും ഈ നിയമം ബാധകമാകുന്ന ചില പ്രദേശങ്ങളിലും പ്രയാസങ്ങളുണ്ടാക്കിയിരുന്നു. അതിനും ഇത് സഹായകരമാകും.

ശ്രീമതി യു. പ്രതിഭ: സർ, പാരിസ്ഥിതിക പ്രത്യേകതകൾ കണക്കിലെടുത്ത് വേമ്പനാട് കായലിനെ അതീവ ദുർബല തീരപ്രദേശമായി വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് നിലവിൽ നടന്നുകൊണ്ടിരിക്കുന്ന വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ഉപജീവനത്തിനുവേണ്ടി കായലിനെ ആശ്രയിക്കുന്നവരെ പങ്കാളികളാക്കിക്കൊണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ദ്വീപുമായി ബന്ധപ്പെട്ട് നല്ല തോതിലുള്ള ഇളവ് വന്നിട്ടുണ്ട്. അത് ഏത് തരത്തിലാണ് ബാധകമാകുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. മറ്റ് തരത്തിൽ നോക്കിയാൽ നല്ല ഇളവാണ് ഇപ്പോൾ ലഭിച്ചിട്ടുള്ളത്. അത് ടൂറിസം മേഖലയ്ക്കും സഹായകരമാണ്.

ശ്രീ. കെ. ആൻസലൻ: സർ, സംസ്ഥാനത്ത് കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് ഏത് ഏജൻസിയാണ്? ഇക്കാര്യത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന് എന്ത് പങ്കാണുള്ളത്; പുതിയ വിജ്ഞാപന പ്രകാരം എത്ര പഞ്ചായത്തുകൾക്കാണ് ഇളവ് ലഭിക്കാൻ സാദ്ധ്യതയുള്ളതെന്ന് അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, പുതിയ വിജ്ഞാപനമനുസരിച്ചുള്ള പഞ്ചായത്തുകളുടെ എണ്ണം ഇപ്പോൾ കൃത്യമായി എന്റെ കയ്യിലില്ല. എന്നാൽ അതിനാവശ്യമായ നടപടിക്രമങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ബാധകമായ എല്ലാ പഞ്ചായത്തുകളിലും തദ്ദേശഭരണ സ്ഥാപനങ്ങളിലും ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, CRZ പ്രകാരം ദൂരപരിധിക്കുള്ളിൽ കെട്ടിടനിർമ്മാണത്തിന് അനുമതി ലഭിക്കാത്തതിനാലും മത്സ്യത്തൊഴിലാളികളിൽ

നിന്നും അനധികൃത കെട്ടിട നിയമ ചട്ടപ്രകാരം പൊളിച്ചുകളയാനും മൂന്നിരട്ടി വീട്ടുനികുതി ചുമത്താനും കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നിലവിൽ $60m^2$ വിസ്തീർണ്ണമുള്ള വീടുകൾക്ക് നികുതി ഒഴിവാക്കിക്കൊടുക്കാൻ ചട്ടം അനുശാസിക്കുന്നുണ്ട്. എന്നാൽ ആ ആനുകൂല്യംപോലും മത്സ്യത്തൊഴിലാളികൾക്ക് ഇന്ന് ലഭിക്കുന്നില്ല. അധിക നികുതി ഈടാക്കുന്നത് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ? തീരദേശ പരിപാലന യോഗത്തിൽ ഇപ്പോൾ ലഭിച്ചിരിക്കുന്ന ഇളവ് പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമാണ്. എന്നാൽ ടൂറിസത്തിന്റെ മറവിൽ ഡി.എൽ.എഫ്. പോലെയുള്ള വൻകിടക്കാർ കായലുകളും പുഴകളും കയ്യേറി ഈ ഇളവ് ദുരുപയോഗപ്പെടുത്താനുള്ള സാദ്ധ്യതയുണ്ട്. അത് ഒഴിവാക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ വീടുകളിൽ പലതും പാവപ്പെട്ടവരുടേതാണ്. ആ വീടുകൾക്ക് അനുമതി കൊടുക്കണമെന്നുള്ള നിലപാടാണ് നേരത്തെ സർക്കാർ സ്വീകരിച്ചിരുന്നത്. അതിന്റെ ഭാഗമായി നമ്പറിട്ട് അവിടെ താമസിക്കാനുള്ള സൗകര്യം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കണമെന്ന് നേരത്തെ നിലപാട് എടുത്തതാണ്. പക്ഷേ CRZ-നുള്ളിൽ വരുമ്പോൾ ചില പ്രയാസങ്ങളുണ്ടായിരുന്നു. എങ്കിലും ഇവരെ താമസിക്കാൻ അനുവദിക്കാതിരിക്കുന്ന ഒരു നിലപാടല്ല എടുത്തുവന്നത്. കൂടുതൽ പണം ഇവരുടെ കയ്യിൽ നിന്നും വാങ്ങുന്നുണ്ടെങ്കിൽ അത് ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല. അത് പൂർണ്ണമായും ഒഴിവാക്കും. സാധാരണഗതിയിൽ ഒരു വീടിന് കൊടുക്കേണ്ട നികുതി എന്താണോ അതുമാത്രമേ കൊടുക്കേണ്ടതായിട്ടുള്ളൂ. സംസ്ഥാനത്ത് ടൂറിസവുമായി ബന്ധപ്പെട്ട് ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ടൂറിസം മേഖലയിൽ കൃത്യമായും നിയമത്തിന് വിധേയമായിത്തന്നെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയും. പക്ഷേ ഏതെങ്കിലും റിസോർട്ടുകളോ മറ്റോ വരുമ്പോൾ അതെല്ലാം പൂർണ്ണമായും നിയമവിരുദ്ധമാണെന്ന കണക്കിൽ ഉൾപ്പെടുത്താൻ പാടില്ല. അങ്ങനെയുണ്ടെങ്കിൽ അത് പരാതിപ്പെട്ടാൽ കർക്കശ നടപടി സ്വീകരിക്കും. നിയമവിധേയമായിട്ടായിരിക്കും ഇത്തരത്തിലുള്ള റിസോർട്ടുകളൊക്കെ പണിയുന്നത്. അല്ലെങ്കിൽ വലിയ പ്രയാസം അവർക്ക് തന്നെയാണ് വരുന്നത്. നിയമവിരുദ്ധമായാൽ അത് തടയേണ്ടതായും ആ കെട്ടിടം പൊളിക്കേണ്ടതായും വരും. അതുകൊണ്ട് പണം ചെലവാക്കി അത്തരത്തിൽ നിർമ്മാണം നടത്തുമെന്ന് തോന്നുന്നില്ല. അങ്ങനെയുണ്ടെങ്കിൽ കർശന നടപടി സ്വീകരിക്കാം.

ശ്രീ. കെ. എം. ഷാജി: സർ, പുതിയ ദൂരപരിധിക്ക് അകത്താണെങ്കിൽ പ്പോലും ആസ്തി വികസന ഫണ്ട് അടക്കം ഉപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്താൻപോലും സാധിക്കുന്നില്ല. ഡൊമസ്റ്റിക് പർപ്പസല്ലാത്തതെല്ലാം കൊമേഴ്സ്യൽ പർപ്പസായാണ് തീരദേശ പരിപാലന അതോറിറ്റി നിശ്ചയിച്ചിരിക്കുന്നത്. അങ്ങേയ്ക്കറിയാം, വളപട്ടണം പോലെ വളരെ ചെറിയ സ്ഥലത്തുപോലും ആസ്തി വികസന ഫണ്ടിൽ നിന്ന് പണം കൊടുത്ത് നേരത്തെയുണ്ടായിരുന്ന ബിൽഡിംഗ് പോലും നന്നാക്കിയെടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് അത് കൊമേഴ്സ്യൽ പർപ്പസ് അല്ല എന്ന തരത്തിലുള്ള ഒരു നിർദ്ദേശം തീരദേശ പരിപാലന അതോറിറ്റിക്ക് നൽകാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, നേരത്തെയുള്ള ബിൽഡിംഗ് അതുപോലെ പുതുക്കി പണിയുന്നതിന് അനുമതി വന്നിട്ടുണ്ട്. ഇപ്പോൾ ഇളവ് വരുത്തിയതിൽ അങ്ങനെയൊരു സ്ഥിതി വന്നിട്ടുണ്ട്. അത് വലിയ സഹായകരമാണ്. അനാവശ്യമായ മറ്റു നിയന്ത്രണങ്ങൾ വരുന്നുണ്ടെങ്കിൽ അത് ഒഴിവാക്കാൻ നമുക്ക് ഇടപെടാം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, മത്സ്യത്തൊഴിലാളികൾക്കും തീരദേശവാസികൾക്കും ഏറെ സഹായകരമായ ഇളവുകളാണ് ഇപ്പോൾ വന്നിട്ടുള്ളത്. ചെല്ലാനം പഞ്ചായത്ത് കൊച്ചി നഗരസഭയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്താണ്. കൊച്ചി നഗരസഭയ്ക്ക് ലഭിച്ച ആനുകൂല്യം അതിനോട് ചേർന്നുകിടക്കുന്ന ചെല്ലാനം പഞ്ചായത്തിന് ലഭിക്കുന്നില്ല. അവിടെ അതിർത്തി പ്രത്യേകമായി വേർതിരിക്കുകപോലും ചെയ്തിട്ടില്ല. ഈ വിഷയം പരിഹരിക്കുന്നതിനായി ഗവൺമെന്റിന് ഏതെങ്കിലും വിധത്തിൽ ഇടപെടാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, പഴയ കാര്യമാണ് അംഗം പറയുന്നത്. ഇപ്പോൾ ഇതിൽ വന്ന മാറ്റം അനുസരിച്ച് സ്ക്വയർ കിലോമീറ്ററിൽ 2161-ൽ കൂടുതൽ ജനസംഖ്യാ സാന്ദ്രതയുള്ള പ്രദേശങ്ങളെ ഒരേ കാറ്റഗറിയായാണ് ഉൾപ്പെടുത്തുന്നത്. ആ കാറ്റഗറിയിൽ വരുമ്പോൾ ജനസാന്ദ്രതയുള്ള പ്രദേശമായതിനാൽ ന്യായമായും ഇവിടെ സൂചിപ്പിച്ച പ്രശ്നം പരിഹരിക്കപ്പെടും.

ശ്രീ. എം. വിൻസെന്റ്: സർ, തീരദേശ പരിപാലന നിയമത്തിൽ വന്നിരിക്കുന്ന പുതിയ നോട്ടിഫിക്കേഷൻ മത്സ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെ ആശ്വാസകരമായിട്ടുള്ളതാണ്. യഥാർത്ഥത്തിൽ ഇന്ന് മത്സ്യത്തൊഴിലാളികൾ ആശങ്കയിലാണ്. ഇവിടെ ശ്രീ. കെ. ദാസൻ ചൂണ്ടിക്കാണിച്ചതുപോലെ, വൻകിട റിസോർട്ട് ലോബികൾ വ്യാപകമായി ഭൂമി വാങ്ങിക്കൂട്ടുന്ന സാഹചര്യ മുണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികൾ അവരുടെ പരാധീനതകൾമൂലം റിസോർട്ട്

ലോബികൾക്ക് ഭൂമി കൊടുത്ത് തീരദേശത്തുനിന്നും ഒഴിഞ്ഞുപോകുന്ന സ്ഥിതിയുണ്ടാക്കും. തീരദേശത്തുനിന്നും മത്സ്യത്തൊഴിലാളികൾ പാലായനം ചെയ്യേണ്ട സാഹചര്യത്തിലേയ്ക്ക് കൊണ്ടുപോകുമോയെന്ന ആശങ്കയാണ് യഥാർത്ഥത്തിൽ നിലനിൽക്കുന്നത്. ഇത് ഒരർത്ഥത്തിൽ പറഞ്ഞാൽ, മധുരത്തിൽ പൊതിഞ്ഞ പാഷാണമായി മാറുമോയെന്ന ആശങ്കയുണ്ട്. നിലവിലുള്ള നിയമത്തിലാണെങ്കിൽ 100 മീറ്ററിന് അപ്പുറത്ത് വീടുകൾ മാത്രം വയ്ക്കാനുള്ള സൗകര്യമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അങ്ങനെയല്ല, 50 മീറ്റർ കഴിഞ്ഞാൽ ഏത് വൻകിട നിർമ്മാണ പ്രവർത്തനങ്ങളും നടത്താമെന്നാണ് വന്നിരിക്കുന്നത്. അതുകൊണ്ട് ഇത് വീടുകൾക്കായി പരിമിതപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായാൽ അത് തീരദേശത്തെ സംരക്ഷിക്കാനും മത്സ്യത്തൊഴിലാളികളെ അവിടെത്തന്നെ നിലനിർത്തുന്നതിനും സഹായിക്കും. അതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, മുൻ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികൾക്ക് ഒട്ടേറെ ആശങ്കകളുണ്ട് എന്നുള്ളത് ശരിയാണ്. അത് അവരുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ളതാണ്. അത്തരം ആശങ്കകൾ പരിഹരിക്കാൻ കഴിയും. മത്സ്യത്തൊഴിലാളികൾക്ക് യാതൊരു പ്രയാസവുമില്ലാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ താമസസ്ഥലം, വീട് നിർമ്മാണം എന്നീ കാര്യങ്ങളിൽ വലിയ മുൻഗണനയാണ് സർക്കാർ നൽകുന്നത്. ഇപ്പോൾ വന്നിട്ടുള്ളത് ദീർഘകാലം നമ്മൾ ആഗ്രഹിച്ച ഒരു ഇളവാണ്. അതിൽ വെള്ളം ചേർക്കാൻ അങ്ങോട്ട് ആവശ്യപ്പെട്ടാൽ അത് വലിയ പ്രയാസമായിവരും. അത്തരത്തിൽ ഒരു നിലപാട് സ്വീകരിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേരളത്തിന്റെ ടൂറിസം രംഗത്ത് വലിയ മാറ്റങ്ങൾ വരുത്താനുതകുന്ന ആനുകൂല്യങ്ങളാണ് ഇപ്പോൾ CRZ-ന്റെ ഭാഗത്തുനിന്നും വന്നിട്ടുള്ളത്. അതോടൊപ്പം തീരദേശ ഹൈവേ യാഥാർത്ഥ്യമാകുമ്പോൾ കേരളത്തിലെ ടൂറിസം രംഗത്ത് വലിയ ഉണർവ് സൃഷ്ടിക്കുന്നതുകൂടിയാണ് പുതിയ ഇളവുകൾ. മത്സ്യത്തൊഴിലാളികളോ മറ്റ് സർക്കാർ സ്ഥാപനങ്ങളോ പുനരുദ്ധാരണത്തിന് അനുമതി ആവശ്യപ്പെടുമ്പോൾ പല പഞ്ചായത്തുകളും അത് തിരുവനന്തപുരത്തേയ്ക്ക് അയയ്ക്കുന്ന ഒരു രീതിയുണ്ട്. അത് മാറ്റി പഞ്ചായത്തിൽത്തന്നെ ഇത്തരം കാര്യങ്ങൾ തീരുമാനിക്കാനുള്ള കർശനമായ നിർദ്ദേശം നൽകാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ വികേന്ദ്രീകൃത നിലപാട് സ്വീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാം.

ശ്രീ. പി. സി. ജോർജ്: സർ, CRZ നിയമത്തിൽ ഗുണകരമായതും വളരെയേറെ അപകടകരമായതുമായ മാറ്റങ്ങളുണ്ട്. കരിമണൽ ഖനനം നടക്കുന്നതുമൂലം പ്രാദേശിക മേഖല മുഴുവൻ കടൽ കയറുകയാണ്. ഉദാഹരണത്തിന്, ആലപ്പാട് സമരം നടക്കാനുള്ള കാര്യംതന്നെ അതാണ്. കരിമണൽ ഖനനം ആവശ്യമാണ്; എത്രയോ കോടി രൂപ ഖജനാവിലേയ്ക്ക് വരുന്നതാണ്. പക്ഷേ, തീരദേശം സംരക്ഷിച്ചുകൊണ്ടുള്ള ഖനനം മാത്രമേ പാടുള്ളൂ എന്ന നിലയിലുള്ള തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിനുമുമ്പ് ചോദിച്ച ചോദ്യത്തിന് ജില്ലാ കമ്മിറ്റികൾ നിലവിലുണ്ട് എന്നുകൂടി പറയാനുണ്ട്.

കരിമണൽ വിലപ്പെട്ടതാണെന്ന് ശ്രീ. പി. സി. ജോർജ് തന്നെ പറയുകയുണ്ടായി. നിയമസഭാ സമിതി ശിപാർശ ചെയ്തിരിക്കുന്നത് വലിയ തോതിലുള്ള കടലാക്രമണമുണ്ടാകുന്ന മഴക്കാലത്ത് കരിമണൽ ഖനനം ഒഴിവാക്കണമെന്നാണ്. അതിനാവശ്യമായ നടപടികളിലേയ്ക്കാണ് സർക്കാർ നീങ്ങിക്കൊണ്ടിരിക്കുന്നത്. ബാക്കി സമയം ഖനനം നടത്തുകയും മഴക്കാലത്ത് ഖനനം നടത്താതിരിക്കുകയും ചെയ്യുക, പൂർണ്ണമായും ഭൂമിയും കടൽത്തീരവും സംരക്ഷിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ വയ്ക്കുക, വ്യവസ്ഥകൾ പാലിക്കണമെന്ന് നിർബന്ധിക്കുക എന്നിവയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: നക്ഷത്രചിഹ്നമിട്ട 152-ാം നമ്പർ ചോദ്യവുമായി 157-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. മുരളീധരൻ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ട് ചോദ്യങ്ങൾക്കും ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

**മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ നടപടി**

2(*152) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ കഴിഞ്ഞ വർഷം പതിമൂന്നിലധികം ശിശുമരണങ്ങൾ സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് യൂണിസെഫിന്റെ നേതൃത്വത്തിൽ വിദഗ്ദ്ധ സംഘം പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(സി) മാതൃ-ശിശു മരണനിരക്കുകൾ കുറയ്ക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) 13 ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ സംബന്ധിച്ച് യൂണിസെഫിന്റെ നേതൃത്വത്തിൽ 2013-ൽ പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനായി ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കെ.എഫ്.ഒ.ജി. (Kerala Federation of Obstetrics and Gynaecology)-യുടെ സാങ്കേതിക സഹകരണത്തോടെ ഒരു പദ്ധതി തയ്യാറാക്കി പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ആരോഗ്യ വകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്, ഐ.എ.പി. (Indian Academy of paediatrics) എന്നിവ സംയുക്തമായി ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിച്ച് പ്രസവം നടക്കുന്ന കേരളത്തിലെ സർക്കാർ ആശുപത്രികളിൽ നടപ്പിലാക്കിവരുന്നു. ഐക്യരാഷ്ട്രസഭയുടെ സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ഗോളിന്റെ ഭാഗമായി കേരള ഗവൺമെന്റും ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനുള്ള ഒരു ഗോൾ പ്രഖ്യാപിക്കുകയും അതുസംബന്ധിച്ച വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. നവജാത ശിശുക്കളിലെ മെറ്റാബോളിക് അസുഖങ്ങൾ കണ്ടുപിടിക്കുന്നതിനായി New Born Screening Programme നടപ്പിലാക്കിവരുന്നുണ്ട്. മാതൃമരണ-ശിശുമരണ ഓഡിറ്റ് നടപ്പിലാക്കി. ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സംസ്ഥാന/ജില്ലാ തലങ്ങളിൽ ഇതുസംബന്ധിച്ച് അവലോകന യോഗങ്ങൾ കാലാകാലങ്ങളിൽ ചേരുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മാതൃ-ശിശു ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി കോട്ടത്തറ ആശുപത്രിയിൽ രണ്ട് ഗൈനക്കോളജിസ്റ്റുമാരെക്കൂടി പുതുതായി നിയമിച്ചു. ഈ ആശുപത്രിയുടെ ബെഡ് സ്ട്രെങ്ത് 54-ൽ നിന്നും 100 ആയി ഉയർത്തി. അനീമിയ കണ്ടെത്തുന്നതിന് ഊരുകളിലെ 18 വയസ്സിനുമുകളിലുള്ള എല്ലാ സ്ത്രീകൾക്കും എല്ലാ ദിവസവും രാവിലെ 8 മണി മുതൽ വൈകുന്നേരം 6 വരെ സൗജന്യമായി

ഹീമോഗ്ലോബിൻ പരിശോധനാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. മാതൃ-ശിശു സംരക്ഷണ ബ്ലോക്ക് ആരംഭിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പുതിയ ലേബർ വാർഡിന്റെ പണികൾ ആരംഭിച്ചു. തൂക്കക്കുറവുള്ള അമ്മമാരുടെ പരിചരണത്തിനായി മൂന്ന് മാസത്തോളം അവിടെ അഡ്മിറ്റ് ചെയ്ത് സ്പെഷ്യൽ ന്യൂട്രീഷണൽ ഭക്ഷണം നൽകിവരുന്നുണ്ട്. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള അകലം കൂട്ടുന്നതിനും മാതൃ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമായി കോട്ടത്തറ ആശുപത്രിയിൽ എല്ലാ ദിവസവും ഫാമിലി പ്ലാനിംഗ് കൗൺസലിംഗ് നടത്തിവരുന്നു. കൂടാതെ നവജാത ശിശുക്കൾക്കുള്ള പ്രത്യേക പരിചരണത്തിനായി എസ്.എൻ.സി.യു. കോട്ടത്തറ ആശുപത്രിയിൽ നിലവിലുണ്ട്. അട്ടപ്പാടിയിലെ ആദിവാസികളുടെ ഉന്നമനത്തിനും മാതൃ ശിശുമരണങ്ങൾ ഇല്ലാതാക്കുന്നതിനുള്ള വിവിധ പദ്ധതികൾ വനിതാ ശിശുവികസന വകുപ്പും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(a) പ്രഥമ സഹസ്രദിനങ്ങൾ

അമ്മയുടെ ഗർഭപാത്രത്തിലെ 270 ദിനങ്ങളും ജനനശേഷമുള്ള ആദ്യ രണ്ട് വർഷങ്ങളിലെ 730 ദിനങ്ങളും ചേർന്ന പ്രഥമ സഹസ്രദിനങ്ങൾ ശിശുവിന്റെ വളർച്ചയിൽ പരമപ്രധാനമാക്കിയതിനാലും അമ്മമാർക്ക് വേണ്ട ബോധവൽക്കരണം, കുഞ്ഞുങ്ങളുടെ വൈകല്യം മുൻകൂട്ടി കണ്ടുപിടിക്കാനുതകുന്ന പരിശീലന ക്ലാസ്സുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം, IYCF പോഷക വിദ്യാഭ്യാസം, ഫോളിക് ആസിഡ് ഗുളികകളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതി മുഖാന്തരം നടപ്പിലാക്കിവരുന്നു.

(b) ജലനിധി

അട്ടപ്പാടിയിലെ അങ്കണവാടികളിൽ കുടിവെള്ള വിതരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജലനിധിയെ ചുമതലപ്പെടുത്തുകയും ജലവിതരണം സുഗമമാക്കുകയും ചെയ്യുകയുണ്ടായി.

(c) കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി)

അട്ടപ്പാടി മേഖലയിലെ നവജാത ശിശുമരണത്തിന്റെയും ആദിവാസി ജനങ്ങളുടെ പോഷകാഹാരക്കുറവിന്റെയും പശ്ചാത്തലത്തിൽ അട്ടപ്പാടി ഐ.സി.ഡി.എസ്. പരിധിയിലെ ഗുണഭോക്താക്കൾക്ക് പുറമെ വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവരെക്കൂടി ഉൾപ്പെടുത്തി വനിത-ശിശു വികസന വകുപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, കുടുംബശ്രീ എന്നിവർ ചേർന്ന് അട്ടപ്പാടിയിൽ കമ്മ്യൂണിറ്റി കിച്ചൺ പദ്ധതി നടപ്പിലാക്കിവരുന്നു. ഊരുകളിൽ നിർമ്മിച്ച പാചകപ്പുരയിൽ പോഷകാഹാരം പാകം ചെയ്ത് Hot Cooked meal

ആയി ഗുണഭോക്താക്കൾക്ക് നൽകുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി കിച്ചൺ. 2014-15 മുതൽ ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല കുടുംബശ്രീ മിഷനാണ്.

(d) ജാതക് ജനനി

പോഷകാഹാരക്കുറവുമൂലമുള്ള ശിശുമരണനിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനായി ആരംഭിച്ച തത്സമയ മോണിറ്ററിംഗിനുവേണ്ടി ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ICT) അടിസ്ഥാനമാക്കി മൊബൈൽ ടെലിഫോൺ സംവിധാനം ഉപയോഗിക്കുന്നു.

ജാതക് : ജനനം മുതൽ 5 വയസ് വരെയുള്ള കുഞ്ഞുങ്ങളുടെ പോഷക നിലവാരം അനുസരിച്ച് തത്സമയം ഇടപെടലുകൾ.

ജനനി: ഗർഭിണികളായ സ്ത്രീകൾക്ക് പ്രസവ സമയത്തുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിലൂടെ ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു.

e) അങ്കണവാടി വഴിയുള്ള പോഷകാഹാര വിതരണം

അങ്കണവാടി വഴി ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സുവരെ പ്രായമുള്ള കുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകിവരുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 600 കലോറിയും 18-20gm പ്രോട്ടീനും ലഭിക്കുന്ന ഭക്ഷണസാധനങ്ങൾ അവരുടെ വീട്ടുകളിലേയ്ക്കായി നൽകിവരുന്നു. 6 മാസം മുതൽ 3 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിക്കുന്ന അമൃതം ന്യൂട്രിമിക്സ് ദിവസം 135gm എന്ന കണക്കിൽ വർഷത്തിൽ 300 ദിവസം നൽകുന്നു. 3 മുതൽ 6 വയസ്സുവരെ പ്രായമുള്ള അങ്കണവാടി പ്രീ-സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം, വൈകുന്നേരം ഭക്ഷണം എന്നിവ നൽകുന്നു.

## ലക്ഷ്യ പദ്ധതി

3 (*157) <u>ശ്രീ. കെ. മുരളീധരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയതലത്തിൽ മാതൃമരണ നിരക്ക് കുറയ്ക്കുന്നതിനായി നടപ്പിലാക്കിവരുന്ന ലക്ഷ്യ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ ആശുപത്രികളിലെ പ്രസവ മുറികളും ഓപ്പറേഷൻ തിയേറ്ററുകളും നവീകരിക്കുന്ന പദ്ധതി ഏതൊക്കെ ആശുപത്രികളിൽ ആരംഭിച്ചുവെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികളിലാണ് ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ ആരംഭിച്ചിട്ടുള്ളത്; ഇതിന്റെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്ക് പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) ഉണ്ട്.

(ബി) 27 ആശുപത്രികളാണ് ലക്ഷ്യ പദ്ധതിയുടെ ഭാഗമായി പ്രസവ മുറികളും ഓപ്പറേഷൻ തിയേറ്ററുകളും നവീകരിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ 21 പദ്ധതികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള 6 പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 10 ആശുപത്രികളാണ് ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത്. നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഡോക്ടർമാർ, നഴ്സുമാർ എന്നിവർക്ക് പരിശീലന പരിപാടികൾ ജില്ലതോറും നടപ്പിലാക്കിവരുന്നു. ഹൈ ഡിപ്പൻഡന്റ് യൂണിറ്റുകൾ ആരംഭിക്കുന്ന ആശുപത്രികളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തൈക്കാട് (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.)

2. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കൊല്ലം (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.)

3. ജില്ലാ ആശുപത്രി, കോഴഞ്ചേരി, പത്തനംതിട്ട (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.)

4. മെഡിക്കൽ കോളേജ്, ആലപ്പുഴ (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.)

5. മെഡിക്കൽ കോളേജ്, കോട്ടയം (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു.)

6. മെഡിക്കൽ കോളേജ്, തൃശ്ശൂർ (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു.)

7. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പൊന്നാനി (ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.)

8. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, മങ്ങാട്ട്പറമ്പ്, കണ്ണൂർ (പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഭരണാനുമതി കൊടുത്തു.)

9. ജില്ലാ ആശുപത്രി, മാനന്തവാടി, വയനാട് (ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.)

10. ഐ.എം.സി.എച്ച്., കോഴിക്കോട് (ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.)

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ശിശു മരണ നിരക്ക് നമ്മുടെ സംസ്ഥാനത്ത് ഗണ്യമായി കുറഞ്ഞിട്ടുണ്ട് എന്നത് നമുക്കെല്ലാവർക്കും സന്തോഷിക്കാവുന്ന കാര്യമാണ്. ജനനി ശിശു സുരക്ഷ കാര്യക്രം, ജനനി സുരക്ഷാ യോജന എന്നീ പദ്ധതികൾ പ്രകാരം നടപ്പിലാക്കിവരുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; എല്ലാ പ്രസവവും പബ്ലിക് ഹെൽത്ത് ഇൻസ്റ്റിറ്റ്യൂഷനിൽ വേണമെന്നതാണോ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്; അത് കാര്യമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശിശു മരണ നിരക്കിന്റെ കാര്യത്തിൽ കേരളം അഭിമാനകരമായ അവസ്ഥയിലെത്തി നിൽക്കുകയാണ്. അതായത് 2016-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ, വർഷങ്ങളായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 1000 ലൈവ് ബെർത്തിന് 12 ആയിരുന്നു. അന്ന് ഇൻഡ്യയിൽ ഇത് 46-ന് അടുത്തുനിൽക്കുമ്പോഴാണ് 1000 ലൈവ് ബെർത്തിന് 12 എന്നുള്ള ഒരു നല്ല സ്ഥാനം നമുക്ക് കൈവരിക്കാൻ സാധിച്ചത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഐക്യരാഷ്ട്ര സഭയുടെ സസ്റ്റെയ്നബിൾ ഡെവലപ്മെന്റ് ഗോളുമായി ബന്ധപ്പെട്ട് ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 10-ൽ താഴെയായി കുറയ്ക്കുന്നതിനുവേണ്ടി ഒരു ടാർജറ്റ് വച്ച് നന്നായി വർക്ക് ചെയ്തു. 2018-ൽ കേരളത്തിലെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 10 ആയി താഴ്ന്നിരിക്കുന്ന അഭിമാനകരമായ അവസ്ഥയിലെത്താൻ കഴിഞ്ഞു. 2020-ഓടുകൂടി 8 ആയി കുറയ്ക്കുകയെന്ന ടാർജറ്റാണ് വച്ചിട്ടുള്ളത്. അതിനുവേണ്ടി ഗർഭിണിയാകുന്നതു മുതൽ അമ്മയെ ശ്രദ്ധിക്കുക, പ്രസവം നടക്കുന്ന കേന്ദ്രങ്ങളിൽ പ്രസവ സമയത്ത് കൂടുതൽ സൗകര്യങ്ങളൊരുക്കുക എന്നിവ ചെയ്യേണ്ടതുണ്ട്. ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടിയാണ് 'ഹൃദ്യം' എന്നുപറയുന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1500-ഓളം കൺജെസ്റ്റീവ് ഹാർട്ട് ഡിസീസുള്ള കുട്ടികൾക്ക് സൗജന്യമായി ഓപ്പറേഷൻ നൽകുകയാണ്. ഈ ഓപ്പറേഷൻ മറ്റ് ആശുപത്രികളിൽ ചെയ്യുമ്പോൾ 3 ലക്ഷത്തിലേറെ രൂപ ചെലവാകും. അതുകൊണ്ട് പലരും അത് ചെയ്യാറില്ല.

പാവപ്പെട്ടവരുടെ കുഞ്ഞുങ്ങൾ മരിക്കാറാണ് പതിവ്. ഈ പദ്ധതിയിൽ സൗജന്യ ഓപ്പറേഷനുവേണ്ടി രജിസ്റ്റർ ചെയ്തവരിൽ 804 കുട്ടികളുടെ ഓപ്പറേഷൻ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടത്താൻ സാധിച്ചുവെന്നതും അത്രയും ജീവൻ രക്ഷിക്കാൻ സാധിച്ചുവെന്നതും അഭിമാനകരമായ നേട്ടമാണ്. ഇങ്ങനെ ശിശു മരണ നിരക്ക് കുറയ്ക്കുന്നതിനുവേണ്ടി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. 2020-ഓടുകൂടി ശിശു മരണ നിരക്ക് 8 ആയി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് പ്രവർത്തിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും മദർ മോർട്ടാലിറ്റി റേറ്റിന്റെ (എം.എം.ആർ.) കാര്യത്തിലും ചില കാര്യങ്ങൾ ചെയ്യാനുണ്ട്. കൃത്യസമയത്ത് പരിചരണം ലഭിക്കാത്തതുകൊണ്ട് ഗർഭിണികൾ മരണപ്പെടുന്ന വാർത്ത പലപ്പോഴും കേൾക്കുന്നുണ്ട്. ഈ രംഗത്ത് മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തീരദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെയും കോളനികളിലെയും സ്ത്രീകളുടെ പ്രസവം ഇപ്പോഴും വീടുകളിലാണ് നടക്കുന്നത്. ഇത്തരം പദ്ധതികളെക്കുറിച്ച് അവരിൽ അവബോധമുണ്ടാക്കുന്നതിനായി എന്ത് പരിപാടിയാണ് സർക്കാർ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിന് വിപുലമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. വീടുകളിലെ പ്രസവം നന്നായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച്, അട്ടപ്പാടി മേഖലയിൽ 2013-ൽ വീടുകളിൽ നടന്ന പ്രസവങ്ങളുടെ എണ്ണം 64 ആയിരുന്നത് 2018-ൽ 8 ആയി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. അത്രയും വിപുലമായ പ്രവർത്തനമാണ് അവിടെ അതിനുവേണ്ടി നടന്നത്. അതിന് ആനുപാതികമായി കേരളത്തിലെ എല്ലാ മേഖലകളിലും ഇൻസ്റ്റിറ്റ്യൂഷണൽ ഡെലിവറി വർദ്ധിപ്പിക്കുന്നതിനും വീടുകളിൽ നടക്കുന്ന പ്രസവം കുറയ്ക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുകയും അതിൽ നല്ല ഫലം കാണുകയും ചെയ്തിട്ടുണ്ട്. എം.എം.ആർ.-ന്റെ കാര്യത്തിലും മികച്ച നേട്ടമാണുണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. 2016-ൽ ഈ ഗവൺമെന്റ് വരുമ്പോൾ മാതൃമരണ നിരക്ക് ഒരു ലക്ഷം പ്രസവത്തിന് 67 ആയിരുന്നു. ഇൻഡ്യയിൽ അത് 137-നും 147-നുമിടയിലായിരുന്നു. എം.എം.ആർ. 70 ആക്കി കുറയ്ക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് ഒരു ടാർജറ്റ് വച്ചിരുന്നു. അതിനുവേണ്ടി നമ്മൾ കഴിഞ്ഞ രണ്ടര വർഷക്കാലമായി നന്നായി ഉത്സാഹിച്ചു, 67-ൽ നിന്ന് 46 ആയി മാതൃമരണ നിരക്ക് കുറച്ചിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിന്റെ ഭാഗമായി 2018-ൽ അവാർഡ് നൽകുകയുണ്ടായി. എല്ലാവർക്കും ഒരു സർട്ടിഫിക്കറ്റ് കൊടുത്തപ്പോൾ നമുക്ക് രണ്ടെണ്ണം കിട്ടി. ഒന്നാമത്തേത് 70 എന്നുപറയുന്ന ടാർജറ്റ് അച്ചീവ് ചെയ്തതിനും രണ്ടാമത്തേത് മാതൃമരണ നിരക്ക് 46 ആയി കുറച്ചതിനുമാണ്. ബഹുമാനപ്പെട്ട

കേന്ദ്ര മന്ത്രിയിൽനിന്നും ആ അവാർഡ് നമ്മൾ ഏറ്റുവാങ്ങുകയുണ്ടായി. പക്ഷെ നമ്മുടെ ലക്ഷ്യം വളരെ വലുതാണ്. എസ്.ഡി.ജി.-യുടെ ഭാഗമായി ആരോഗ്യ വകുപ്പിന്റെ ഇപ്പോഴത്തെ മുദ്രാവാക്യം '30/20', '20/30' എന്നതാണ്. അതായത് 2020 ആകുമ്പോൾ മാതൃമരണ നിരക്ക് 30 ആയും 2030 ആകുമ്പോൾ 20 ആയും കുറയ്ക്കുക. അതൊരു വലിയ ലക്ഷ്യമാണ്. ആ ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനുള്ള കഠിന പ്രയത്നമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ വർഷം അട്ടപ്പാടിയിലുണ്ടായ 13 ശിശുമരണങ്ങളിൽ 6 എണ്ണത്തിന്റെ കാരണമായി ആരോഗ്യ വകുപ്പ് അധികൃതർ ആദ്യം പറഞ്ഞത് മിൽക്ക് ആസ്പിറേഷൻ എന്നാണ്. അതായത്, കുട്ടിയുടെ തൊണ്ടയിൽ പാൽ കുടുങ്ങി മരിക്കാനിടയാകുക. രാത്രിയിലൊക്കെ അമ്മമാർ ഫീഡിംഗ് നടത്തിക്കൊണ്ട് ഉറങ്ങിപ്പോകുമ്പോൾ കുട്ടിക്ക് അത് സേവ് ചെയ്യാൻ സാധിക്കാതെ ഉണ്ടാകുന്ന മരണമെന്നാണ്. എന്നാൽ ഇപ്പോൾ പോസ്റ്റുമോർട്ടം റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ആദ്യം മിൽക്ക് ആസ്പിറേഷൻ എന്നുപറഞ്ഞ 6 കേസുകളിൽ 5-ഉം അതല്ല കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. മറ്റുവിധേനയുള്ള ശ്വാസതടസ്സമാണ് ഈ കുട്ടികളുടെ മരണത്തിനിടയാക്കിയതെന്നുകണ്ടു. ഇങ്ങനെ രണ്ട് അഭിപ്രായം വരാനുണ്ടായ സാഹചര്യവും മറ്റ് കാരണങ്ങളും എന്താണെന്നതിനെക്കുറിച്ച് വിശദമായൊരു പരിശോധന ഉണ്ടായിട്ടുണ്ടോ? അവസാനം ഒരു കുട്ടി മരിച്ചപ്പോൾ മന്ത്രി ആശുപത്രിയിൽ വന്ന് പരിശോധിച്ചിരുന്നതാണ്. രണ്ട് ഗൈനക്കോളജി ഡോക്ടർമാരുള്ള ഹോസ്പിറ്റലിൽ ആ രണ്ടുപേരും ഇല്ലാതിരുന്നതുകൊണ്ട് ചികിത്സ കിട്ടാതെ ഗർഭിണിക്ക് അവിടെനിന്ന് പുറത്തുപോകേണ്ടിവന്നു. അങ്ങനെയാണ് ആ കുട്ടി മരിക്കാനിടയായത്. ഇത്തരം സാഹചര്യത്തെ വളരെ ഗൗരവമായി കാണുമെന്ന് അന്ന് മന്ത്രിതന്നെ പറഞ്ഞു. ഉദ്യോഗസ്ഥരെ നിയമിക്കാത്തതുകൊണ്ടല്ല ഉദ്യോഗസ്ഥരുടെ ശ്രദ്ധ കിട്ടാതെ പോയതാണ് കാരണം. ഈ പ്രത്യേക സംഭവത്തിൽ ഡോക്ടറുടെ സാന്നിദ്ധ്യമില്ലാതിരുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അട്ടപ്പാടിയിലെ കാര്യം എപ്പോഴും വളരെ ഗൗരവമായി കണ്ടുകൊണ്ടിരിക്കുകയാണ്. 24 മണിക്കൂറും ഗൈനക്കോളജിസ്റ്റിന്റെ സേവനം ഉണ്ടാകണമെന്ന നിർബന്ധ ബുദ്ധിയോടുകൂടിയാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം രണ്ട് പുതിയ ഗൈനക്കോളജിസ്റ്റുമാരെ അട്ടപ്പാടിയിൽ നിയമിച്ചത്. രണ്ട് ഡോക്ടർമാരും അവിടെ ഇല്ലാതെപോയത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. അതിൽ ഒരാളെ ട്രെയിനിംഗിന് അയച്ചതായിരുന്നു. അട്ടപ്പാടി പോലുള്ള പ്രദേശത്ത് നല്ല ട്രെയിൻഡായിട്ടുള്ള ഡോക്ടർമാർതന്നെ വേണം. രണ്ടാമത്തെ ഡോക്ടർക്ക് അവരുടെ അമ്മയുടെ

അസുഖവുമായി ബന്ധപ്പെട്ട് പെട്ടെന്ന് പോകേണ്ടിവന്നു; അമ്മ മരണപ്പെട്ടുവെന്നാണ് എനിക്ക് തോന്നുന്നത്, അങ്ങനെയാണ് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത്. എന്തായാലും അത് ആവർത്തിക്കരുത്, ആർക്കെങ്കിലും അങ്ങനെ പോകേണ്ടിവന്നാൽ മറ്റേതെങ്കിലും ആശുപത്രിയിൽനിന്ന് ആ ദിവസത്തേയ്ക്ക് പകരം സംവിധാനമുണ്ടാക്കണമെന്ന കർശനനിർദ്ദേശം ഡി.എം.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്. ഈ വർഷം 13 മരണങ്ങളുണ്ടായത് ഉത്കണ്ഠ ഉളവാക്കിയ കാര്യമായിരുന്നു. 2013-ൽ മരണം 31-ൽ എത്തിയപ്പോഴാണ് നമ്മൾ അസ്വസ്ഥരാകുകയും നടപടികൾ പലതും ആരംഭിക്കുകയും ചെയ്തത്. അത്രത്തോളം പോയിട്ടില്ലെങ്കിലും 13 ശിശുമരണങ്ങൾ എന്നുള്ളത് നമ്മെ ഉത്കണ്ഠപ്പെടുത്തുന്നത് തന്നെയാണ്. അതുകൊണ്ട് ഗൗരവമായി പരിശോധിക്കാൻ ആരോഗ്യ വകുപ്പ് തയ്യാറായിട്ടുണ്ട്. മരണകാരണമായി മിക്കവാറും പറയുന്നത് മിൽക്ക് ആസ്പിറേഷൻ എന്നാണ്. പ്രസവം നടന്ന് സ്റ്റേബിളായതിനുശേഷമാണ് അമ്മമാരെ ആശുപത്രിയിൽനിന്ന് വീട്ടിലേയ്ക്ക് വിടുന്നത്. വീട്ടിൽ പോയതിനുശേഷമുള്ള ഒന്നരയാഴ്ചയ്ക്കിടയിലാണ് മിക്ക മരണങ്ങളും നടന്നിട്ടുള്ളത്. അതിൽ ചിലത് മിൽക്ക് ആസ്പിറേഷൻ തന്നെയാണ്. കുഞ്ഞിന് എങ്ങനെയാണ് മുലപ്പാൽ കൊടുക്കേണ്ടതെന്നതിനെക്കുറിച്ച് വളരെ ശാസ്ത്രീയമായി ആശുപത്രിയിൽ വച്ചുതന്നെ ഇവരെ പഠിപ്പിക്കുന്നുണ്ട്. വീടുകളിലും ആശാ വർക്കർമാരും മറ്റ് ആരോഗ്യപ്രവർത്തകരും പോയി പഠിപ്പിക്കുന്നുണ്ട്. എന്നിട്ടും മരണങ്ങളിലധികവും അമ്മ കുഞ്ഞിനെ മടിയിൽ കിടത്തി മുലയൂട്ടുമ്പോൾ പെട്ടെന്ന് ശ്വാസം നിലച്ചുവെന്ന തരത്തിലാണ്. കുട്ടി അനങ്ങുന്നില്ല എന്നുപറഞ്ഞ് വിളിക്കുമ്പോഴാണ് അറിയുന്നത്. അതൊന്നുകൂടി വിശദമായി പഠിക്കാൻ യൂണിസെഫിന്റെ സഹായം തേടിയിട്ടുണ്ട്. ഫെബ്രുവരി മാസംതന്നെ യൂണിസെഫിന്റെ സംഘം ഇവിടെയുള്ള മെഡിക്കൽ കോളേജിലെ വിദഗ്ദ്ധരോടൊപ്പം വരാമെന്നാണ് പറഞ്ഞത്. ഒരു കാര്യം കൂടിയുണ്ട്, അവിടെ ഒരു പരിശോധന നടത്തിയപ്പോൾ അമിതമായ വെറ്റിലമുറുക്ക്, ചായയുടെ അമിതമായ ഉപയോഗം എന്നിവയൊക്കെ പ്രസവിച്ച സ്ത്രീകളിൽ കണ്ടുവരുന്നുണ്ട്. നല്ല ആഹാരമൊക്കെ ലഭ്യമാകുന്നുണ്ട്. പക്ഷെ, ആ സമയത്ത് കഴിക്കേണ്ട ആഹാരം വീട്ടിൽ പോയതിനുശേഷം പൂർണ്ണമായും കഴിക്കാത്ത അവസ്ഥ ചിലയിടത്ത് കാണുന്നുണ്ട്. കീടനാശിനി തളിച്ച പച്ചക്കറികളുടെ ഉപയോഗം വ്യാപകമായിട്ടുണ്ട്. അട്ടപ്പാടിയിലെ ഇത്തരം കാര്യങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ ഒരു പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനാണ് ആലോചിച്ചിട്ടുള്ളത്. മരണകാരണങ്ങൾ കുറച്ചുകൂടി ആഴത്തിൽ പഠിച്ച് ഇടപെടേണ്ടതായിട്ടുണ്ട്. ശിശുമരണ നിരക്ക് നന്നായി കുറയ്ക്കാൻ കഴിയുമെന്നു തന്നെയാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, കാലാകാലങ്ങളായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാതൃ-ശിശു മരണനിരക്ക് ധാരാളം കുറയ്ക്കാൻ കഴിഞ്ഞുവെന്നത് സന്തോഷകരമായ കാര്യമാണ്. പല കാരണങ്ങളാലാണ് മരണം സംഭവിക്കുന്നത്. ഒന്ന്, premature delivery നടന്നാൽ കുട്ടികൾക്ക് പല ആശുപത്രികളിലും സംരക്ഷണം ലഭിക്കുന്നില്ല. രണ്ട്, നോർമൽ ഡെലിവറി ആകാൻവേണ്ടി ആശുപത്രികളിൽ പോകാൻ മടിക്കുന്നവരുണ്ട്. നോർമൽ ഡെലിവറിക്ക് ഒരു ലക്ഷം രൂപയുടെ പാക്കേജ് ആശുപത്രി പ്രഖ്യാപിക്കുകയാണ്. നോർമൽ ഡെലിവറി നടക്കുകയാണെങ്കിൽ ഒരു ലക്ഷം രൂപ കൊടുത്താലും വേണ്ടില്ല, ഓപ്പറേഷൻ ഒഴിവാക്കാമല്ലോ എന്നുപറയുന്നവരുമുണ്ട്. ഓപ്പറേഷൻ വേണ്ടിവരും, കുട്ടി വേണോ അമ്മ വേണോ എന്ന് ഡോക്ടർമാർ ചോദിക്കുമ്പോൾ രണ്ടും വേണമെന്ന് പറയും. ദയവുചെയ്ത് ആശുപത്രിയിൽ പോകണ്ട, അവർ എന്തായാലും ഓപ്പറേഷൻ നടത്തും, അതുകൊണ്ട് വീട്ടിൽത്തന്നെ പ്രസവിക്കുന്നതാണ് നല്ലതെന്ന് പലരും ഉപദേശിക്കും. വീട്ടിൽ പ്രസവിക്കുമ്പോൾ പല പ്രശ്നങ്ങളുമുണ്ടാകും. അത് മരണനിരക്ക് കൂടുന്നതിന്റെ ഒരു കാരണമാണ്. ബക്കറ്റ് കാണിച്ച് പ്രസവിപ്പിക്കുന്നൊരു പരിപാടിയുണ്ട്. അതിന്റെ പേരിൽ കേസ് ചാർജ് ചെയ്ത്, ഇപ്പോൾ അനുഭവജ്ഞാനമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങളിൽ അവബോധം കൊടുക്കുന്നതോടൊപ്പം ചില ജില്ലകളിൽ, പ്രത്യേകിച്ച് വയനാട് ജില്ലയിൽ premature delivery നടന്നാൽ കുട്ടികളെ സംരക്ഷിക്കാനുള്ള സൗകര്യം ഒരു ആശുപത്രിയിലുമില്ല. മെഡിക്കൽ കോളേജുൾപ്പെടെ ആശുപത്രികളുള്ള ജില്ലയാണ് വയനാട്. അവിടത്തെ സ്വകാര്യ ആശുപത്രികളിലും ഗവൺമെന്റ് ആശുപത്രികളിലും ഒരു സൗകര്യവുമില്ല. അതുകൊണ്ട് ഒരു ജില്ലയിൽ ഒരു ആശുപത്രിയിലെങ്കിലും എത്രയും പെട്ടെന്ന് സുശക്തമായ സംവിധാനം ഉറപ്പുവരുത്തണം. പ്രത്യേകിച്ച് ആദിവാസികൾ കൂടുതലുള്ള ജില്ലകളിൽ അത്തരമൊരു സംവിധാനമൊരുക്കണം. അതോടൊപ്പം നേരത്തെ പറഞ്ഞതുപോലെ 2020-ൽ ഐ.എം.ആർ. റേറ്റ് എട്ടിലേയ്ക്ക് കുറയ്ക്കുന്നതിനുപകരം തീരെ ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നമുക്ക് അച്ചീവ് ചെയ്യാൻ കഴിയുന്നൊരു ടാർജറ്റിട്ട് വർക്ക് ചെയ്യുകയാണ്. മാതൃ-ശിശു മരണനിരക്ക് തീരെ ഇല്ലാതാക്കുകയാണ് ലക്ഷ്യം. പക്ഷെ നമ്മൾ അതിലേയ്ക്ക് വർക്ക് ചെയ്ത് എത്തുകയാണ്. Abortion and premature delivery കുറയ്ക്കാൻ ടാർജറ്റിട്ട് തന്നെയാണ് വർക്ക് ചെയ്യുന്നത്. അതിൽ അട്ടപ്പാടിയിൽ നല്ലൊരു റിസൾട്ടുണ്ടായിട്ടുണ്ട്. അട്ടപ്പാടിയിൽ 2013-ൽ ഗർഭമലസൽ 77 ആയിരുന്നെങ്കിൽ പരിചരണവും ശ്രദ്ധയും ഇടപെടലുമൊക്കെ നടത്തിയതിന്റെ ഭാഗമായി അതിപ്പോൾ 31 ആയി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. സിസേറിയൻ കുറച്ചുകൊണ്ടുവരാനുള്ള ശ്രമം

നടത്തുന്നുണ്ട്. ചിലർ ഉത്കണ്ഠാകുലരായി നോർമൽ ഡെലിവറിക്ക് കാത്തു നിൽക്കാതെ കുടുംബാംഗങ്ങളും ബന്ധുക്കളുമൊക്കെ സിസേറിയൻ പ്രിഫർ ചെയ്യാറുണ്ട്. എങ്കിലും ബോധവൽക്കരണത്തിലൂടെ നോർമൽ ഡെലിവറി കഴിയാവുന്നത്ര പ്രോത്സാഹിപ്പിക്കാൻതന്നെയാണ് ശ്രമിക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെയുള്ള അശാസ്ത്രീയമായ പ്രസവം ഇപ്പോൾ വ്യാപകമൊന്നുമല്ല. പക്ഷെ ചിലയിടങ്ങളിൽ വെള്ളത്തിൽ പ്രസവിക്കുക, അതാണ് ബക്കറ്റിൽ പ്രസവിക്കുക എന്നൊക്കെ പറയുന്നത്, അത്തരത്തിലുള്ള ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. ആരോഗ്യ വകുപ്പ് അടിയന്തരമായി ഇടപെടുകയും അതിനെതിരെ കർശനമായ നീക്കം നടത്തുകയും ചെയ്തിട്ടുണ്ട്. അത് അനുവദിക്കുന്നതല്ല. 66 ഡെലിവറി പോയിന്റുകളാണ് കേരളത്തിലുള്ളത്. 66 ഡെലിവറി പോയിന്റുകളും 'ലക്ഷ്യ' നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി തുടങ്ങിക്കഴിഞ്ഞു. അത്തരത്തിൽ മാറിയിട്ടുള്ള ആശുപത്രികൾ സന്ദർശിച്ചാൽ നിങ്ങൾക്കത് മനസ്സിലാകും. ഹൈടെക് നിലവാരത്തിലുള്ള സംവിധാനങ്ങളാണ്. പഴയ ലേബർ റൂമൊന്നും കണ്ടാൽ നമുക്കിപ്പോൾ മനസ്സിലാകില്ല. അത്രയും അത്യന്താധുനിക സംവിധാനങ്ങൾ, എസ്.എൻ.സി.യു. ഉൾപ്പെടെ ഏർപ്പാടാക്കിക്കൊണ്ടുള്ള നടപടിയാണ് ആരംഭിച്ചിട്ടുള്ളത്. അടുത്ത കാലത്തായി വലിയ മാറ്റമാണ് ഡെലിവറി പോയിന്റുകളിൽ ഉണ്ടായിട്ടുള്ളത്.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി <u>ശ്രീ. എം. ഉമ്മർ</u>: സർ, നവജാത ശിശുക്കളുടെയും കുട്ടികളുടെയുമൊക്കെ മരണത്തിന്റെ പ്രധാന കാരണം malnutrition ആണ്. 2019-2020-ലെ ചൈൽഡ് ബഡ്ജറ്റിൽ പേജ് നമ്പർ 28-ൽ ക്രമനമ്പർ 80 ആയി ന്യൂട്രീഷ്യൻ എന്ന ഹെഡ്ഡിൽ സംസ്ഥാന വിഹിതമായി 19,960 ലക്ഷം രൂപയാണ് വകയിരുത്തേണ്ടത്. കേന്ദ്ര സർക്കാരിൽനിന്നും 60 ശതമാനം ഫണ്ട് വാങ്ങിയെടുക്കണമെങ്കിൽ മതിയായ തുക നമ്മൾ വകയിരുത്തിയേ മതിയാകൂ. ഇവിടെ 40 ശതമാനം തുക വകയിരുത്തുന്നതിനുപകരം വെറും ഒരു കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. ഇങ്ങനെ ഒരു കോടി രൂപമാത്രം വകയിരുത്തിയാൽ കേന്ദ്രത്തിൽനിന്ന് നമുക്ക് അർഹിക്കുന്ന ഫണ്ട് ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കണം. ഇല്ലെങ്കിൽ മതിയായ ഫണ്ട് നീക്കിവയ്ക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിനുള്ള വകയിരുത്തലിൽ കുറവ് സംഭവിച്ചുവെന്ന് പറയാൻ സാധിക്കില്ല. വ്യത്യസ്ത മേഖലകളിലായി ആരോഗ്യ വകുപ്പിന് നല്ല പരിഗണനയാണ് കിട്ടിയിട്ടുള്ളത്. അതിന്റെ ഭാഗമായിട്ടാണ് അത്ഭുതാവഹമായ മാറ്റങ്ങളുണ്ടായിട്ടുള്ളത്. പ്രൈമറി ഹെൽത്ത് സെന്ററുകളൊക്കെ കുടുംബാരോഗ്യ

കേന്ദ്രങ്ങളായി മാറുന്നു, താലൂക്ക് ആശുപത്രികളിൽ വലിയതോതിലുള്ള പരിഷ്കാരങ്ങളുണ്ടാകുന്നു, ഡിസ്ട്രിക്ട് ഹോസ്പിറ്റലുകളിൽ കാത്ത് ലാബ് ഇൻസ്റ്റാൾ ചെയ്തു. കൊല്ലം ജില്ലയിലെ കാത്ത് ലാബ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടുത്ത ദിവസം ഉദ്ഘാടനം ചെയ്യാൻ പോകുകയാണ്. ഇതൊന്നും നമുക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതല്ല. ജില്ലാ ആശുപത്രികളിൽ കാർഡിയോളജി വിഭാഗമൊക്കെ വരികയാണ്. അതുകൊണ്ട് വകയിരുത്തൽ കുറഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റിൽനിന്ന് എൻ.എച്ച്.എം.-ന് സാധാരണ കിട്ടുന്നതിനെക്കാൾ കൂടുതൽ വിഹിതമാണ് കഴിഞ്ഞ മൂന്ന് വർഷവും ലഭ്യമായിട്ടുള്ളത്. നമ്മൾ വിഹിതം വയ്ക്കുന്നതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റിൽ നിന്നും കൂടുതൽ വിഹിതം കിട്ടുന്നത്. എൻ.എച്ച്.എം. വിഹിതത്തിലും വളരെ നല്ല വർദ്ധനവുണ്ടായിട്ടുണ്ട്. അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല. വേണമെങ്കിൽ അതിന്റെ കൃത്യമായ കണക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ കഴിയും. പക്ഷെ ലക്ഷ്യങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ ആരോഗ്യ മേഖലയ്ക്ക് ഇതൊന്നും പോരാ എന്ന അവസ്ഥയുണ്ട്. ആരോഗ്യമേഖലയ്ക്ക് കൂടുതൽ തുക വേണമെന്ന് ആഗ്രഹിക്കുന്നു എന്നുള്ളത് വസ്തുതയാണ്; എന്നാൽ കുറവ് എവിടെയും ഉണ്ടായിട്ടില്ല.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ഏതാണ്ട് 27 ആശുപത്രികളിൽ പ്രസവമുറികളും ഓപ്പറേഷൻ തിയേറ്ററുകളും നവീകരിക്കുന്ന പദ്ധതിയുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ആശുപത്രികൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; എന്നത്തേയ്ക്ക് ഇത് പൂർത്തീകരിക്കാൻ കഴിയും? പത്ത് ആശുപത്രികളിലാണ് High Dependency Unit ആരംഭിച്ചിട്ടുള്ളത്. അതിൽ തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയെക്കൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, 27 ആശുപത്രികൾ മാത്രമല്ല, ആദ്യഘട്ടത്തിൽ 'ലക്ഷ്യ' നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതാണ് 27 ആശുപത്രികൾ. പ്രവൃത്തി ആരംഭിച്ച കണക്കാണ് പറഞ്ഞത്. 66 ഡെലിവറി പോയിന്റ്സുണ്ട്. ഡെലിവറി പോയിന്റ്സ് കണക്കാക്കുന്നതും ആശുപത്രികളെ ആദ്യം മെച്ചപ്പെടുത്താൻ തെരഞ്ഞെടുക്കുന്നതും ഇപ്പോൾ പ്രസവം നടക്കുന്ന എണ്ണത്തിന് ആനുപാതികമായിട്ടാണ്. എന്നാൽ ആശുപത്രികൾ മൊത്തത്തിൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവൺമെന്റ് ആശുപത്രികളിൽ പ്രസവം കൂടിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലേയ്ക്ക് പോയിക്കൊണ്ടിരുന്ന ഒരു വലിയ വിഭാഗം ആളുകൾ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരികയാണ്. ഇത് എല്ലായിടത്തും കാണാം. 50 ഒ.പി.യുള്ള പി.എച്ച്.സി.-കളിൽ ഇപ്പോൾ 150-200 ഒ.പി. ആയിട്ടുണ്ട്. ഒരുതവണ ഞാനതിവിടെ പറഞ്ഞപ്പോൾ രോഗികളുടെ എണ്ണം

കൂടിയിട്ടാണെന്നാണ് ആരോ തമാശയ്ക്ക് പറഞ്ഞത്. രോഗികളുടെ എണ്ണം കൂടിയിട്ടല്ല. സ്വകാര്യ ആശുപത്രികളിലൊക്കെ ധാരാളം പണം ചെലവഴിച്ച് പോയിരുന്ന ആളുകൾ ഗവൺമെന്റ് ആശുപത്രികളെ ആശ്രയിക്കുകയാണ്. പഴയതും പുതിയതുമായ ചിത്രങ്ങളുടെ നല്ല ഡോക്യുമെന്റേഷൻ നടത്തിയിട്ടുണ്ട്. അത് ആരുടെ മുമ്പിലും അവതരിപ്പിക്കാം. ഇപ്പോൾ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ നിങ്ങൾക്ക് ആശുപത്രികളിൽ പോയി കണ്ട് മനസ്സിലാക്കാവുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രധാനപ്പെട്ട എല്ലാ ആശുപത്രികളെയും നമുക്ക് ഈ ലക്ഷ്യത്തിലേയ്ക്ക് കൊണ്ടുവരണം. അതിന് ഈ വർഷവും കുറെ ടാർജറ്റ് വച്ചിട്ടുണ്ട്. അർഹതയുള്ള ആശുപത്രികളെയെല്ലാം ഈ വർഷത്തേതിലും ഉൾപ്പെടുത്തും. അങ്ങ് പറഞ്ഞ കാര്യവും പരിശോധിച്ച് പരിഗണിക്കാൻ കഴിയും.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യയായ മന്ത്രി ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ സ്വാഗതാർഹമാണ്. ഇതെല്ലാം ചെയ്യുമ്പോഴും അട്ടപ്പാടിയിൽ മരണനിരക്ക് കൂടിക്കൊണ്ടിരിക്കുകയാണ്. അതിലും അപകടകരമായിട്ടുള്ളത് അട്ടപ്പാടിയിലെ ആദിവാസികളുടെ ജനസംഖ്യ കുറഞ്ഞുവരുന്നു എന്നതാണ്. കഴിഞ്ഞ വർഷം 13 ശിശുമരണങ്ങളുണ്ടായി എന്നാണ് മന്ത്രിയുടെ ഉത്തരത്തിൽ പറയുന്നത്. സഭയിൽ ഇന്നലെ പാസ്സാക്കിയ സപ്ലിമെന്ററി ഡിമാന്റിൽ പറയുന്നത് 'The supplementary appropriation is to regularise the additional expenditure authorised in G.O.(Rt)No.10628/2018/Fin dated 28-12-2018 for the disbursement of monetary relief to the next kin of 34 deceased tribal infants in Attappady' എന്നാണ്. ഉത്തരത്തിൽ 13 എന്നാണ് പറഞ്ഞത്. ഏതാണ് ശരി, ഏതാണ് ഞങ്ങൾ വിശ്വസിക്കേണ്ടത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അത് ഏതെല്ലാം വർഷം ചേർത്ത് പറഞ്ഞതാണെന്ന് എനിക്ക് മനസ്സിലായിട്ടില്ല. ഇവിടെ 13 എന്നുപറഞ്ഞത് ഞാൻ മാത്രമല്ല, അട്ടപ്പാടിയിൽ ഇതൊക്കെ പരിശോധിക്കാൻ ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. ചെയർമാനായിട്ടുള്ളൊരു കമ്മിറ്റിയുണ്ട്. അദ്ദേഹം ഇതൊക്കെ നന്നായി ശ്രദ്ധിക്കുന്ന ഒരാളാണ്. ഞങ്ങളെല്ലാം വളരെ വിശദമായി പരിശോധിച്ചിട്ടുണ്ട്. 2017-2018 വർഷക്കാലത്തുണ്ടായ കണക്കാണ് പറഞ്ഞത്. സപ്ലിമെന്ററി ഡിമാന്റിലുള്ള കണക്ക് ഒന്നുകൂടി പരിശോധിക്കാം.........(ബഹളം)......

മി. സ്പീക്കർ: ഉത്തരത്തിൽ പിശകുണ്ടെങ്കിൽ തിരുത്താമല്ലോ. ഉത്തരത്തിൽ പിശകുണ്ടെങ്കിൽ തിരുത്തി വച്ചാൽ മതി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാധാരണ ഗതിയിൽ സപ്ലിമെന്ററി ഡിമാന്റ്സ് വരുന്നത് അതാത് ഡിപ്പാർട്ടുമെന്റുകളിൽ നിന്നാണ്. ഇവിടെ മന്ത്രി പറയുന്നു, 13 കുട്ടികളേ മരിച്ചുള്ളൂവെന്ന്. 34 കുട്ടികൾക്കാവശ്യമായ റിലീഫിനുവേണ്ടിയുള്ള പണം സപ്ലിമെന്ററി ഗ്രാന്റ്സിൽ വച്ച് ഇന്നലെ ഈ സഭ പാസ്സാക്കിയിരിക്കുകയാണ്. അത് എന്തുകൊണ്ടാണെന്നാണ് ചോദിച്ചത്?

മി. സ്പീക്കർ: അത് മന്ത്രി പരിശോധിച്ച് നടപടി സ്വീകരിച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, 34 എന്നത് മരിച്ച കണക്കാണോ? നന്നായി ശ്രദ്ധിക്കണം. ........(ബഹളം)........

മി. സ്പീക്കർ: 34 deceased എന്നാണ് വായിച്ചത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിൽ വ്യക്തതക്കുറവുണ്ടാകാൻ ന്യായമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, '......the next kin of 34 deceased tribal infants in Attappady' എന്നാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിൽ diseased എന്നാണോ deceased എന്നാണോ പറഞ്ഞിരിക്കുന്നത് എന്ന് സംശയമുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, deceased എന്നാണ് പറഞ്ഞിരിക്കുന്നത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മരണത്തിന്റെ നമ്പർ വച്ച് തർക്കിക്കാനല്ല, വസ്തുത മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്. ഞാൻ പറഞ്ഞത് 2017-2018 വർഷക്കാലം 13 കുട്ടികളാണ് മരിച്ചത് എന്നാണ്. ഈ deceased-ന്റെ കണക്ക്, റിലീഫ് കൊടുക്കാൻവേണ്ടി മുൻവർഷത്തെ കണക്കുകൾകൂടി ചേർത്തിട്ടുണ്ടോയെന്ന് ഒന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

മി. സ്പീക്കർ: പരിശോധിച്ച് നടപടി സ്വീകരിച്ചാൽ മതി. പരിശോധിച്ച് സഭയെ അറിയിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട ഒറ്റപ്പാലം സബ് കളക്ടർ കൺവീനറായ ഒരു ജനകീയ സമിതി അവിടെയുണ്ട്. അത് ഓരോ മാസവും യോഗം ചേരുന്നുണ്ട്. കൃത്യമായ കണക്ക് അവരുടെ കൈവശമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. അതിലെ അംഗമാണ്. ഞങ്ങൾ തന്നെ പങ്കെടുത്ത് അത് റിവ്യൂ ചെയ്യാറുണ്ട്. ഇതുവരെ ഡിസീസ്ഡായ ... (ബഹളം)... പറയുന്നത് കേൾക്കൂ. ഈ ഗവൺമെന്റ് വന്നശേഷം ഇതുവരെ രണ്ട് ലക്ഷം രൂപവരെ ഡിസീസ്ഡ് ഫാമിലീസിന് കൊടുത്തിട്ടുണ്ട്. ഔപചാരികമായ

കണക്കാണ്. 2010-ൽ 15; 2011-ൽ 13; 2012-ൽ 16; 2013-ൽ 31; 2014-ൽ 15; 2015-ൽ 14; 2016-ൽ 8; പിന്നെ 13-ലേയ്ക്കെത്തി. 13-ലേയ്ക്ക് എത്തിയതിന്റെ കാരണമാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചത്. ...(ബഹളം)...

ശ്രീ. പി. ടി. തോമസ്: സർ, ......

ശ്രീ. എ. കെ. ബാലൻ: സർ, ....ഇരിക്കു, ഇപ്പോൾ ഞാനല്ലേ പറയുന്നത്.? നിങ്ങൾ പറയുമ്പോൾ ഞാൻ എഴുന്നേൽക്കാറില്ലല്ലോ. ഞാൻ പറയട്ടെ.

മി. സ്പീക്കർ: അദ്ദേഹം പൂർത്തീകരിക്കട്ടെ, അങ്ങ് പൂർത്തീകരിക്കു.

ശ്രീ. എ. കെ. ബാലൻ: സർ, സ്റ്റാറ്റ്യൂട്ടറിയായ ഒരു കമ്മിറ്റി അവിടെയുണ്ട്. ആ കമ്മിറ്റി മുമ്പാകെ ഇതിന്റെ കണക്കുണ്ട്. പിന്നെ ഇത് ഏത് കണക്കാണെന്ന് അറിയില്ല.

മി. സ്പീക്കർ: ആ കമ്മിറ്റിയുടെ കണക്കിനുപകരം വേറൊരു കണക്ക് അച്ചടിച്ച് കൊടുക്കാൻ പാടുണ്ടോ?

ശ്രീ. എ. കെ. ബാലൻ: സർ, ഡിസീസ്ഡായിട്ടുള്ളത് എന്നുപറഞ്ഞാൽ മരണപ്പെട്ടത് എന്നാണ്. അത് ഇക്കൊല്ലം മരണപ്പെട്ടതല്ല. ....(ബഹളം)... ഇതുവരെ മരണപ്പെട്ട ആൾക്കാർക്കുള്ള റിലീഫാണത്. പറഞ്ഞാൽ ബോദ്ധ്യപ്പെടുകയില്ലെങ്കിൽ പിന്നെ എങ്ങനെയാണ്? ഇതുവരെ മരണപ്പെട്ട ആൾക്കാരുടെ റിലീഫാണത്.

Mr. Speaker: If it is so far, you have to make it clear.

ശ്രീ. എ. കെ. ബാലൻ: സർ, ഡിസീസ്ഡ് എന്നുപറയുന്നത് ഈ വർഷത്തേതല്ല.

മി. സ്പീക്കർ: മന്ത്രി അത് ക്ലിയറാക്കിയാൽ മതി.

ശ്രീ. എ. കെ. ബാലൻ: സർ, അതുതന്നെയാണ് പറഞ്ഞത്. മറ്റൊരു കാര്യം, ജന്മനാലുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും കൽക്കട്ടയിലെ ആന്ത്രോപോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയിലെ ഉദ്യോഗസ്ഥരുമായി സംസാരിച്ചു. ഇന്ത്യയിൽ മൂന്ന് മേഖലാ ഓഫീസുകളാണുള്ളത്. അതിൽ ഒരു മേഖലാ ഓഫീസ് അട്ടപ്പാടിയിൽ തുടങ്ങുന്നതിനുള്ള നടപടിയും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിൽ ഒരു ക്ലാരിഫിക്കേഷൻകൂടി പറയാനുണ്ട്. ക്ഷമയോടുകൂടി കേട്ടാൽ മതി. 2017-18-ൽ മരിച്ച കുട്ടികളുടെ പേരുവിവരം, മരിച്ച തീയതി അടക്കം വച്ചിട്ടുള്ള കണക്ക് കൊണ്ടുവന്നിട്ടുണ്ട്.

മി. സ്പീക്കർ: ഈ കണക്കിൽ എങ്ങനെ വ്യത്യാസം വന്നുവെന്നതാണ് അവർ ഉന്നയിച്ചത്. അത് എന്തുകൊണ്ടാണെന്നുള്ളത് പരിശോധിച്ച് അറിയിച്ചാൽ മതി.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങ് പരിശോധിച്ച് സഭയെ ബോദ്ധ്യപ്പെടുത്തിയാൽ മതി. ... (ബഹളം)....

മി. സ്പീക്കർ: പരിശോധിക്കാൻ ആവശ്യമായ വിവരം നൽകിയാൽ മതി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കറാണോ പരിശോധിക്കേണ്ടത്? ഇത് അങ്ങയെ അപമാനിക്കുന്നതിന് തുല്യമാണ്.

മി. സ്പീക്കർ: ആവശ്യമായ വിവരം നൽകാം, ചെയർ പരിശോധിച്ച് സഭയെ അറിയിക്കുമെന്നാണ് പറഞ്ഞത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ തർക്കം നീണ്ടുപോകേണ്ട യാതൊരു കാര്യവുമില്ല. ഒരു കണക്ക് അവിടെ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറ്റൊരു കണക്ക് അവതരിപ്പിച്ചു. ഇത് രണ്ടും തമ്മിൽ പരിശോധിച്ച് ഏതാണ് വസ്തുതയെന്ന് സഭയെ പിന്നീട് അറിയിക്കാം.

ശ്രീ. കെ. ബാബു: സർ, അട്ടപ്പാടി ഉൾപ്പെടെയുള്ള ആദിവാസി ഊരുകളിൽ കമ്മ്യൂണിറ്റി കിച്ചൺ വഴിയുള്ള പോഷകാഹാര വിതരണം, ആരോഗ്യ പ്രവർത്തകർ, ആശാ വർക്കർമാർ, എസ്. ടി. പ്രൊമോട്ടർമാർ, ഫാമിലി ഹെൽത്ത് സെന്റർ വഴിയുള്ള പരിചരണം, അട്ടപ്പാടിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി വഴിയുള്ള ആരോഗ്യ പ്രവർത്തനം, എൻ.എച്ച്.എം. വഴി ആരോഗ്യ രംഗത്തെ മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം, കൃഷി-ഭക്ഷ്യ വകുപ്പുകൾ മുഖാന്തരം പരമ്പരാഗതമായ അവരുടെ ആരോഗ്യം നിലനിർത്താനാവശ്യമായ ഭക്ഷ്യധാന്യ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി മാതൃ-ശിശു മരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. പ്രായപൂർത്തിയാകുന്നതിന് മുമ്പേ അമ്മമാരാകുകയും പിന്നീട് അനാഥത്വം പേറേണ്ടിവരികയും ചെയ്യുന്ന ആദിവാസി അമ്മമാരുടെ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ സംരക്ഷണത്തിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇതിൽ കുറെ ഭാഗം ഞാൻ പറഞ്ഞതാണ്. ആദിവാസി വിഭാഗത്തിന് മാത്രമായി 'ഊരുമിത്രം ആശ' എന്ന പേരിൽ അവരുടെയിടയിൽ നിന്നുതന്നെ തെരഞ്ഞെടുക്കപ്പെടുന്ന സ്ത്രീകളെ പരിശീലിപ്പിച്ച് ഗർഭസ്ഥാവസ്ഥ മുതൽ എല്ലാ കാര്യങ്ങളും പരിശോധിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്. എല്ലാ

ഊരുകളിലും ഊരുമിത്രം ആശ രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോൾ വയനാട്ടിലും മറ്റ് ജില്ലകളിലെ പ്രധാനപ്പെട്ട ആദിവാസി കേന്ദ്രങ്ങളിലും ഊരുമിത്രം ആശ രൂപീകരിച്ചുവരികയാണ്. അതിന്റെ ഭാഗമായി വലിയ മാറ്റമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്വീകരിച്ച നടപടികളെല്ലാം നേരത്തെ ഇവിടെ വിശദീകരിച്ചിട്ടുണ്ട്. വൻതോതിലുള്ള മാറ്റമുണ്ടാകുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഇന്നലെ ബഡ്ജറ്റ് ചർച്ചയിൽ ഞാൻ ആവശ്യപ്പെട്ടതാണ്, ആരോഗ്യ വകുപ്പിന്റെ പദ്ധതി വിഹിതം 17 ശതമാനം കുറച്ചിരിക്കുകയാണ്. അതുകൊണ്ട് ആരോഗ്യ വകുപ്പിന് ഏറ്റെടുക്കേണ്ടുന്ന പദ്ധതികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ട്. അത് ഞാൻ സൂചിപ്പിച്ചുവെന്നേയുള്ളൂ. എന്റെ ചോദ്യം, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ച കാര്യത്തിൽ, 2016-ൽ എം.എം.ആർ. 44-ഉം ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് 8-ഉം ആയി കുറയ്ക്കാൻ കഴിഞ്ഞു, കേന്ദ്ര ഗവൺമെന്റിന്റെ അവാർഡ് കിട്ടിയെന്ന് പറഞ്ഞു. 2014-15 കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ കൊണ്ടാണ് എം.എം.ആർ. റേറ്റും ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും കുറയ്ക്കാൻ കഴിഞ്ഞത് എന്നുപറയുന്ന കേന്ദ്ര ഗവൺമെന്റിന്റെ തന്നെ ഒരു പബ്ലിക്കേഷനുണ്ടായിരുന്നു. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്തുണ്ടായ ഒരു നേട്ടമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം എം.എം.ആർ. റേറ്റും ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും കഴിഞ്ഞ പ്രാവശ്യത്തേതിനെക്കാൾ കൂടിയിരിക്കുന്നു. നീതി ആയോഗിന്റെ കണക്കുപ്രകാരം 2010-12-ൽ 66 ആയിരുന്ന മാതൃമരണ നിരക്ക് 2014-16-ൽ 44 ആയി കുറയ്ക്കാൻ കഴിഞ്ഞു. അതിനാണ് അവാർഡ് കിട്ടിയത്. 2017-ൽ 190-ഓളം മാതൃമരണമുണ്ടായതായി Kerala Federation of Obstetrics and Gynaecology (KFOG) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരുടെ സഹകരണത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അവരുടെ റിപ്പോർട്ട് പ്രകാരം വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വർദ്ധനവിനുള്ള കാരണമെന്താണ്? 2014-16-ൽ 44 ആയി കുറയ്ക്കാൻ കഴിഞ്ഞതാണ് 2017-ൽ 190 ആയി വർദ്ധിച്ചിരിക്കുന്നുവെന്ന് KFOG-യുടെ കണക്കിൽ പറയുന്നത്. അതുപോലെ ഇൻഫന്റ് മോർട്ടാലിറ്റി റേറ്റ് ഞങ്ങൾ 8 ആയി കുറച്ചിരുന്നതാണ്. ഇപ്പോൾ 13, 14 അല്ലെങ്കിൽ 34 ആയിരിക്കുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം എം.എം.ആർ.-ഉം ഇൻഫന്റ് മോർട്ടാലിറ്റി റേറ്റും വർദ്ധിച്ചിരിക്കുന്നു. എന്താണിതിന് കാരണം?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അദ്ദേഹം പറഞ്ഞത് അദ്ദേഹത്തിന്റെ കാലത്ത് എന്നാണ്. എന്നാൽ 1957 മുതൽ 2018 വരെ കേരളത്തിന്റെ ആരോഗ്യ മേഖലയിലും സാമൂഹ്യ സാംസ്കാരിക മണ്ഡലങ്ങളിലും

മാറ്റമുണ്ടായിട്ടുണ്ട്. ആ മാറ്റത്തിന്റെ മൊത്തം റിസൾട്ടാണ് കേരളത്തിന്റെ ആരോഗ്യ മേഖലയിൽ പ്രതിഫലിക്കുന്നത്. അത് ആ രീതിയിൽത്തന്നെ കാണുകയാണ് വേണ്ടത്. നീതി ആയോഗിന്റെ റിപ്പോർട്ടിൽ 2014-15 അടിസ്ഥാനമാക്കിയെന്നാണ് പറയുന്നത്; 2014-15-ൽ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി എന്നല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, നേരത്തെ ഈ സർക്കാർ വന്നിട്ടെന്നാണ് പറഞ്ഞത്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ പറഞ്ഞ് പൂർത്തിയായിട്ടില്ല. ഞാൻ അതിലേയ്ക്കാണ് വരുന്നത്. എന്നെ പറയാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: പ്ലീസ്.... അങ്ങ് പറയൂ. നമുക്ക് അടുത്ത ചോദ്യത്തിലേയ്ക്കുകൂടി പോകണം. വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ ആദ്യം പറഞ്ഞതിലേക്ക് തന്നെയാണ് വരുന്നത്. ഞാൻ പറഞ്ഞത് 2014-15 ബേസ് വർഷമായെടുക്കുമ്പോഴാണ് മാതൃമരണ നിരക്ക് 67 ആയി നിലനിന്നിരുന്നത്. എന്നാൽ 67-ൽ നിന്ന് 46 ആയി കുറയുന്നത് നീതി ആയോഗിന്റെ ഈ റിപ്പോർട്ട് പ്രകാരമല്ല, അതിനുശേഷമുള്ള കണക്കെടുപ്പിന്റെ ഭാഗമായാണ്. അതാണ് കഴിഞ്ഞ രണ്ടര വർഷക്കാലം ടാർജറ്റിട്ട് വർക്ക് ചെയ്തതിന്റെ ഫലമായി 46 ആയി കുറഞ്ഞു എന്നുപറയുന്നത്. അതിന് ഒരു വർഷക്കാലത്തെ മാനദണ്ഡമാണ് എടുത്തത്. അത് 2016-17, 2017-18 വർഷമാണ് ഈ അവാർഡിന് അർഹമായിട്ടുള്ളത്. അതിന് യാതൊരു തർക്കവുമില്ല. ഏതെങ്കിലുമൊരു ഏജൻസി നേരത്തെ 44 ആയിരുന്നുവെന്ന് പറഞ്ഞത് അദ്ദേഹത്തിന്റെ കയ്യിലുണ്ടോയെന്ന് എനിക്കറിയില്ല. ഞാൻ അങ്ങനെ പറയുന്നില്ല. കാരണം, ഇവിടെ ശിശുമരണ നിരക്ക് 6 ആയി കുറഞ്ഞുവെന്ന് ചില ഏജൻസികൾ റിപ്പോർട്ട് ചെയ്തിരുന്നു. അതൊന്നും നമുക്ക് വിശ്വസിക്കാൻ കഴിയുന്നതല്ല. ആധികാരികമായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ശിശുമരണ നിരക്ക് 12-ൽ നിന്ന് 10 ആയി കുറഞ്ഞു എന്നുപറയുന്നത്. അതിന് അടിസ്ഥാനമാക്കിയത് കഴിഞ്ഞ രണ്ട് വർഷമാണ്. അതുകൊണ്ടാണ് അക്കാലത്താണ് കുറഞ്ഞതെന്ന് പറഞ്ഞത്. മുമ്പൊരിക്കലും കേരളത്തിലെ മാതൃമരണ നിരക്ക് 40 ആയി കുറഞ്ഞിട്ടുണ്ടെന്ന് കേന്ദ്ര ആരോഗ്യ വകുപ്പിന്റെയോ മറ്റ് ആധികാരിക റിപ്പോർട്ടുകളുടെയോ ഭാഗമായ രേഖകളിലില്ല. അതുകൊണ്ടാണ് വളരെ വ്യക്തമായി ഇന്ന വർഷത്തിൽ ഇത്ര കുറയ്ക്കാൻ സാധിച്ചിട്ടുണ്ട് എന്നുപറഞ്ഞത്. 2016-ൽ 67 ആയിരുന്നുവെന്ന് വ്യക്തമാണ്. അത് 46 ആയി കുറച്ചതിനാലാണല്ലോ കേന്ദ്ര ഗവൺമെന്റ് അവാർഡ് പ്രഖ്യാപിച്ചത്. അത് വളരെ വ്യക്തമായ രേഖകളാണ്. അദ്ദേഹം എന്താണ് പറയുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല.

<u>മി. സ്പീക്കർ</u>: സഭയിലെ യുവ അംഗങ്ങളെല്ലാം ആവേശത്തോടുകൂടി കാത്തിരിക്കുന്നതാണ് അടുത്ത ചോദ്യം. അതെടുക്കുന്നതിന് എല്ലാവരും ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ചോദ്യം നമ്പർ *153.

## സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം

4(*153) ശ്രീ. യു. ആർ പ്രദീപ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ വിജ്ഞാന വിപ്ലവത്തിൽ നിന്ന് പാർശ്വവൽക്കരിക്കപ്പെടാതിരിക്കാൻ കെ-ഫോൺ പദ്ധതി എത്ര പ്രയോജന പ്രദമാകുമെന്നാണ് കണക്കാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ ഐ.ടി. വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിനായി സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ലോകത്തെ പ്രമുഖ ഐ.ടി. സ്ഥാപനങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാക്കി മാറ്റുന്നതിനും ഡിജിറ്റൽ/ഐ.ടി. പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് ഐ.ടി. വികസനം ഉറപ്പാക്കുന്നതിനും അവ പൊതുജന സേവനത്തിന് പ്രയോജനകരമാക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുമായി ഐ.ടി./വാർത്താവിനിമയ രംഗത്തെ സുപ്രധാന വ്യക്തികളെ ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ സേവനങ്ങൾ ഓൺലൈനായും മൊബൈൽ മുഖേനയും ലഭ്യമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട്, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ (എസ്.എസ്.ഡി.ജി.), എം.-കേരളം മുതലായ പദ്ധതികളും നടപ്പിലാക്കിവരുന്നു. പ്രസ്തുത സേവനങ്ങളെ സാധാരണക്കാരിലെത്തിക്കാൻവേണ്ട ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കെ-ഫോൺ, പബ്ലിക് വൈഫൈ മുതലായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

കെ-ഫോൺ പദ്ധതിപ്രകാരം സംസ്ഥാനത്തെ 20 ലക്ഷത്തോളം വരുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേയ്ക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും അതിവേഗ ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. ഇതുവഴി സംസ്ഥാനത്തെ ഡിജിറ്റൽ വേർതിരിവും

വിജ്ഞാന പാർശ്വവൽക്കരണവും ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ഈ പദ്ധതിപ്രകാരം 30,000-ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കാനും കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.)-ന്റെയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി.)-ന്റെയും സംസ്ഥാന സർക്കാരിന്റെയും ഓഹരി പങ്കാളിത്തത്തോടുകൂടി 'കെ-ഫോൺ ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) ഐ. ടി. വികസനത്തിന് പശ്ചാത്തല സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ.ടി. സംരംഭകർക്ക് ആവശ്യമായ ഭൂമി, കെട്ടിടങ്ങൾ, പൂർണ്ണമായും ഫർണിഷ് ചെയ്ത ഓഫീസ് തുടങ്ങിയ സൗകര്യങ്ങൾ സജ്ജീകരിച്ചുവരുന്നു. ഐ.ടി. വ്യവസായ മേഖലകളിലേയ്ക്ക് വ്യോമഗതാഗതം ഉൾപ്പെടെയുള്ള സൗകര്യങ്ങളോടൊപ്പം മികച്ച ഇന്റർനെറ്റ് കണക്ടിവിറ്റിയും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾക്ക് പുറമെ ഐ.ടി. പാർക്കുകളിൽ വിവിധ ഘട്ടങ്ങളിലായി ഏകദേശം 86.33 ലക്ഷം ചതുരശ്ര അടിയിൽ സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ ടെക്നോപാർക്കിൽ നിലവിലുള്ള ഐ.ടി. ഗവേഷണ സ്ഥാപനത്തിന് പുറമെ ടെക്നോസിറ്റിയിൽ പുതിയതായി അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു ഐ.ടി. ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണവും പുരോഗമിച്ചുവരുന്നു.

സംസ്ഥാനത്തെ ഡിജിറ്റൽ പശ്ചാത്തലം ശക്തവും കാര്യക്ഷമവുമാക്കുന്നതിനായി രണ്ട് ഡാറ്റാ സെന്ററുകൾ (SDC-I & SDC-II) പ്രവർത്തിച്ചുവരുന്നു. സംസ്ഥാന സർക്കാരിന്റെയും അനുബന്ധ സ്ഥാപനങ്ങളുടെയും വെബ്സൈറ്റുകളും ആപ്ലിക്കേഷനുകളും ഹോസ്റ്റ് ചെയ്യുകയും അവയുടെ നിർണ്ണായക വിവരങ്ങൾ ശേഖരിക്കുകയും ചെയ്യുന്നതാണ് ഡാറ്റാ സെന്ററുകളുടെ പ്രധാന കർത്തവ്യം. കൂടാതെ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) എന്ന പദ്ധതിവഴി സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെ ഒരേ നെറ്റ്‌വർക്കിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) ലോകോത്തര ഐ.ടി. സ്ഥാപനങ്ങളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനായി സാങ്കേതിക-വ്യാവസായിക മേഖലകളിലെ പ്രഗത്ഭരെ ഉൾപ്പെടുത്തി ഒരു ഹൈ പവർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കുന്നു. പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള ആഗോള സമ്മേളനമായ ഹാഷ് ഫ്യൂച്ചറും ഗ്ലോബൽ

കണക്ട് മീറ്റിംഗുകളും വഴി പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ദേശീയ-അന്തർദ്ദേശീയ കമ്പനികൾ താല്പര്യം പ്രകടിപ്പിക്കുകയും നിസ്സാൻ, ടെറാനെറ്റ്, എച്ച്.&ആർ. ബ്ലോക്ക് തുടങ്ങിയ കമ്പനികൾ പ്രാരംഭഘട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് ഐ.ടി. രംഗത്ത് വലിയ കുതിച്ചുചാട്ടമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. നമ്മുടെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനവും സേവനവും ഡിജിറ്റലാക്കി മാറ്റി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണ്. സെക്രട്ടേറിയറ്റിൽ എത്ര ഓഫീസുകൾ ഈ രീതിയിൽ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്; കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ എന്നിവയും ഈ രീതിയിൽ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ എന്തെങ്കിലും ആരംഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സംസ്ഥാനത്തെ സർക്കാർ ഓഫീസുകളെയാകെ ഒരേ നെറ്റ്‌വർക്കിൽ ബന്ധിപ്പിക്കുന്നതിനാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ മുന്നോടിയായി ഇപ്പോൾത്തന്നെ പല ഓഫീസുകളും ഈ നിലയിലേയ്ക്ക് നീങ്ങിക്കഴിഞ്ഞിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ എത്ര ഓഫീസുകൾ ഇത്തരത്തിൽ സജ്ജമായി എന്നുള്ളതിനെ സംബന്ധിച്ചുള്ള കൃത്യമായ വിവരം എന്റെ കയ്യിലില്ല. ആ വിവരം പിന്നീട് പറയാനേ സാധിക്കുകയുള്ളൂ.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, സംസ്ഥാനത്ത് ധാരാളം അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സാധാരണക്കാരുടെ അപേക്ഷകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ അവിടത്തെ ജീവനക്കാർക്ക് ചില വീഴ്ചകൾ ഉണ്ടാകുന്നുണ്ട്. ജാതി, ജനനത്തീയതി എന്നിവ തെറ്റായി രേഖപ്പെടുത്തുന്നതുകൊണ്ട് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാകുകയാണ്. ഇത്തരം ജീവനക്കാർക്ക് പരിശീലനം ഏർപ്പെടുത്താനോ അത്തരത്തിലുള്ള ഗൗരവമുണ്ടാക്കിക്കൊടുക്കാനോ എന്തെങ്കിലും ചെയ്യാൻ സർക്കാർ ആലോചിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അക്ഷയ കേന്ദ്രങ്ങൾ വലിയ തോതിലുള്ള സേവന കേന്ദ്രങ്ങളായാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഈ പറയുന്ന തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്താണ് ചെയ്യേണ്ടതെന്ന് ഗൗരവമായി പരിശോധിക്കാം.

<u>ശ്രീ. എം. സ്വരാജ്</u> : സർ, ഐ.ടി. വികസനത്തിൽ കേരളം ഒരു മികച്ച മാതൃകയാണ്. രാജ്യത്തെ ആദ്യത്തെ ഐ.ടി. പാർക്കുതന്നെ നമുക്കിവിടെ ആരംഭിക്കാനും കഴിഞ്ഞു. ഈ മേഖലയിലെ നേട്ടങ്ങളെ ജനകീയമാക്കി മാറ്റുന്നതിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹവുമാണ്. ഐ.ടി.

രംഗത്തും അതുപോലെ മറ്റ് അനുബന്ധ വൈജ്ഞാനിക മേഖലയിലും വിസ്മയകരമായ വളർച്ച ലോകമെമ്പാടും ഇപ്പോൾ യാഥാർത്ഥ്യമായിട്ടുണ്ട്. ആ വളർച്ചയുടെ ഗുണഫലങ്ങൾ ലോകത്തെമ്പാടും സമഗ്രമായി ഉപയോഗപ്പെടുത്തുന്നുമുണ്ട്. ഇപ്പോൾ ചില രാജ്യങ്ങളിലെല്ലാം മത്സ്യബന്ധന രംഗത്ത് ഐ.ടി. അനുബന്ധ മേഖലയിലെ വളർച്ചയുടെ ഗുണഫലം ഉപയോഗപ്പെടുത്തുന്നു. സാറ്റലൈറ്റ് ഇമേജിംഗ് പോലുള്ള ടെക്നോളജി ഉപയോഗപ്പെടുത്തി കടലിൽ ഏതൊക്കെ ഭാഗത്താണ് കൂടുതൽ മത്സ്യത്തിന്റെ സാന്നിദ്ധ്യമുള്ളതെന്ന് മനസ്സിലാക്കി അവിടെപ്പോയി മീൻ പിടിക്കാൻ കഴിയും. ഇത്തരത്തിലുള്ള ഐ.ടി. അനുബന്ധ മേഖലകളിലെ വളർച്ചയെ കേരളത്തിന്റെ തനത് പരമ്പരാഗത വ്യവസായ രംഗങ്ങളുടെ ആധുനികവൽക്കരണത്തിനുവേണ്ടി ഉപയോഗിക്കാനും അതിന്റെ ഗുണഫലങ്ങൾ ജനങ്ങൾക്ക് അനുഭവവേദ്യമാക്കാനും ആവശ്യമായ പരിശോധനകളും പഠനങ്ങളും നടത്താനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഐ.ടി.-ഐ.ടി. അനുബന്ധ മേഖല അനന്തമായ സാദ്ധ്യതയുള്ളതാണ്. എല്ലാ സാദ്ധ്യതകളും ഉപയോഗിക്കാൻ നമുക്ക് കഴിയണം. അതിലേയ്ക്ക് നീങ്ങാൻതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പടിപടിയായി മാത്രമേ സാധിക്കുകയുള്ളൂ. പരമ്പരാഗത മേഖലയിലടക്കം എങ്ങനെ ഇത് ഉപയോഗിക്കാമെന്നുള്ളത് ഗൗരവമായി പരിശോധിച്ചുവരികയാണ്.

<u>ശ്രീ. വി. ജോയി</u>: സർ, സോഫ്റ്റ്‌വെയർ കയറ്റുമതിയുടെ കാര്യത്തിലും ഭൗതിക പശ്ചാത്തല സൗകര്യമൊരുക്കുന്നതിലും മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായ പ്രവർത്തനമാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്. കോളേജുകളിലും നാട്ടിൻപുറങ്ങളിലും സംരംഭകത്വ പ്രോത്സാഹനത്തിന് ഊന്നൽ നൽകുന്ന ഐ.ടി. ആൻഡ് ഇലക്ട്രോണിക്സ് വിഭാഗം ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഉൾഗ്രാമങ്ങളിലും വിദ്യാഭ്യാസമില്ലെങ്കിലും പുതിയ കണ്ടുപിടിത്തങ്ങൾ നടത്തുന്നവരുണ്ട്. ഇവരെ പ്രോത്സാഹിപ്പിക്കാൻ വിപുലമായ എന്തെങ്കിലും പദ്ധതികളുണ്ടോ; ഇപ്പോൾ സ്കൂൾ ശാസ്ത്രമേളകൾ വരുമ്പോൾ കുട്ടികൾ പല കണ്ടുപിടിത്തങ്ങളും നടത്തുന്നുണ്ട്, ഇവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഏതെങ്കിലും സ്റ്റാർട്ട്-അപ്പ് മിഷനിലൂടെ നമുക്ക് സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അതാണ് സ്റ്റാർട്ട് അപ്പുകളുടെ ഏറ്റവും വലിയ പ്രത്യേകത. എല്ലാ വിഭാഗത്തിൽപ്പെട്ടവരും സ്റ്റാർട്ട് അപ്പ്-മായി ബന്ധപ്പെട്ട് കാര്യങ്ങൾ നീക്കുന്നുണ്ട്. അവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന സമീപനം തന്നെയാണ് സർക്കാരിനുള്ളത്.

<u>ശ്രീ. എം. മുകേഷ്</u>: സർ, കേരളം തദ്ദേശീയമായി നിർമ്മിക്കുന്ന കോക്കോണിക്സ് ലാപ്ടോപ്പ് എപ്പോൾ വിപണിയിലെത്തിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന്റെ പുരോഗതി അറിയിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അതുമായി ബന്ധപ്പെട്ട് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുകയാണ്. എപ്പോൾ എന്ന് ഇപ്പോൾ പറയാൻ പറ്റുന്നതല്ല.

ശ്രീ. ഷാഫി പറമ്പിൽ: സർ, സമ്പൂർണ്ണ ഡിജിറ്റൽ സ്റ്റേറ്റിന്റെ തുടക്കം നമുക്ക് ഈ അസംബ്ലിയിൽ നിന്നുതന്നെ ആകാവുന്നതാണ്. അസംബ്ലിയുടെ പ്രവർത്തനങ്ങളിൽ ഡിജിറ്റലൈസേഷൻ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇന്ന് മേശപ്പുറത്തുവന്ന കടലാസുകളാണിവ. ബുള്ളറ്റിൻ, കാര്യവിവരപ്പട്ടിക, ചോദ്യങ്ങൾ എന്നിവയൊക്കെയുണ്ട്. ഒരു LED screen/wall ഇവിടെ വച്ചാൽ എത്ര കടലാസ് പ്രിന്റിംഗും മരംവെട്ടും നമുക്ക് ഒഴിവാക്കാൻ സാധിക്കും? ഈ സഭ മറ്റുപല കാര്യങ്ങൾക്കും രാജ്യത്തിന് മാതൃകയായിട്ടുണ്ട്. ഡിജിറ്റലൈസേഷൻ ഫുൾ എക്സ്റ്റന്റിൽ ആദ്യം ചെയ്യേണ്ടത് നിയമസഭയ്ക്കകത്തുതന്നെയാണ് എന്ന അഭിപ്രായത്തോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോജിക്കുന്നുണ്ടോ; അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഞാൻ പറയുന്നതിനേക്കാളും അങ്ങുതന്നെ പറയുന്നതായിരിക്കും നല്ലത്. കാരണം, ഞാൻ മനസ്സിലാക്കിയിടത്തോളം ഒരുപാട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നേരത്തെ കേന്ദ്രഗവൺമെന്റും ഇക്കാര്യങ്ങൾ സമ്മതിച്ചതാണ്. ബാക്കി കാര്യങ്ങൾ അദ്ദേഹം പറയുന്നതായിരിക്കും നല്ലതെന്നുള്ളതുകൊണ്ട് ഞാൻ മറ്റു കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല.

മി. സ്പീക്കർ: രാജ്യത്തെ ആദ്യത്തെ 'ഇ-വിധാൻ സഭ'യാകാൻ വേണ്ടുന്ന ഒരു ഡി.പി.ആർ. തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. അതിന്റെ സമ്പൂർണ്ണ ചെലവും വഹിക്കാമെന്ന് അവർ ആദ്യം സമ്മതിച്ചു. പിന്നീട് അവർ അതിൽനിന്ന് അല്പം പുറകോട്ടുപോയി. ഇപ്പോൾ പൂർണ്ണമായും ഒരു ഡി.പി.ആർ. തയ്യാറാക്കി ഗവൺമെന്റിന്റെ മുന്നിൽ സമർപ്പിച്ചിരിക്കുകയാണ്. രാജ്യത്തെ ആദ്യത്തെ ഇ-വിധാൻ സഭയായി നമ്മുടെ സഭ മാറും. ഒരു വർഷം ശരാശരി 30 കോടി രൂപവരെ അച്ചടിക്കായി ചെലവഴിക്കുന്നുണ്ട്. അതിലെല്ലാം മാറ്റമുണ്ടാകും. നിയമസഭാംഗങ്ങൾക്ക് ഡിജിറ്റൽ സംവിധാനം പരിശീലിപ്പിക്കാനാവശ്യമായ ഒരു പരിശീലന പദ്ധതിയും അടുത്തുതന്നെ തുടങ്ങുന്നുണ്ട്. പക്ഷെ നമ്മൾ പലപ്പോഴും ഇതിനോട് മടി കാണിക്കുന്നുണ്ട്. LAIS സോഫ്റ്റ്‌വെയറിലൂടെ ചോദ്യങ്ങൾ നൽകാൻ കഴിയും. പക്ഷെ അത് ഉപയോഗപ്പെടുത്തുന്നത് പതിനഞ്ചിൽ താഴെ അംഗങ്ങളാണെന്നാണ് മനസ്സിലാക്കുന്നത്. സഭാംഗങ്ങൾക്കൂടി അതിലേയ്ക്ക് മാനസികമായി വന്നുകഴിഞ്ഞാൽ ഒന്നര വർഷംകൊണ്ട് കേരള നിയമസഭ സമ്പൂർണ്ണ ഡിജിറ്റൽ സംവിധാനമാക്കി മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഓർഡർ.. ഓർഡർ.. ചോദ്യോത്തരസമയം അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സാമ്പത്തിക സംവരണ മാനദണ്ഡങ്ങൾ

5 (*154) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി ഏർപ്പെടുത്തിയ പത്ത് ശതമാനം സംവരണം സംസ്ഥാനത്ത് നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കേന്ദ്ര മാനദണ്ഡങ്ങൾ അതേപടി ബാധകമാക്കുമോ എന്നറിയിക്കുമോ;

(ബി) വരുമാന പരിധിയിലും ഭൂമിയുടെ വിസ്തൃതിയിലും മറ്റും യുക്തമായ മാറ്റങ്ങൾ കൊണ്ടുവരുമോ എന്നറിയിക്കാമോ;

(സി) സാമ്പത്തിക സംവരണത്തിന് അർഹരായവരെ കണ്ടെത്തുന്നതിനുള്ള വ്യവസ്ഥകളിൽ സംസ്ഥാനത്തിന് അനുയോജ്യമായ മാറ്റം വരുത്താനാകുമോ; വിശദമാക്കുമോ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനത്തിൽ സാമ്പത്തിക സംവരണം ബാധകമാക്കുമോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ-ഡി) ഇക്കാര്യത്തിൽ സർക്കാർ പ്രത്യേക തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. തീരുമാനമെടുക്കുമ്പോൾ ഇക്കാര്യങ്ങളെല്ലാം പരിശോധിക്കുന്നതാണ്.

### ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടി

6 (*155) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പദാർത്ഥങ്ങളുടെ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെയെല്ലാം ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടുവരാനും അവർ നിയമം അനുശാസിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഭക്ഷ്യയോഗ്യമല്ലാത്തതിനാൽ 170 ബ്രാൻഡിലുള്ള വെളിച്ചെണ്ണ ഈ വർഷം മാത്രം നിരോധിക്കേണ്ടിവന്നതും തമിഴ്നാട്ടിൽ നിന്ന് വൻതോതിൽ മായം കലർന്ന ശർക്കര സംസ്ഥാനത്തേക്ക് എത്തുന്നതുമെല്ലാം ഭക്ഷണപദാർത്ഥങ്ങളിൽ മായം കലർത്തുന്നതിന്റെ വ്യാപ്തി വളരെയധികമാണെന്ന് വെളിപ്പെടുത്തുന്നതിനാൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടിയെടുക്കുമോ;

(സി) മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയാൻ നടത്തിയ ഓപ്പറേഷൻ സാഗരറാണി തുടരുന്നുണ്ടോ;

(ഡി) സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ഇ) 'സുരക്ഷിതവും പോഷക സമൃദ്ധവുമായ ആഹാരം കുട്ടികൾക്ക്' എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തിട്ടുള്ള 'സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ' പരിപാടിയുടെ പുരോഗതി അറിയിക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2006-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും 2011-ൽ ഭക്ഷ്യ സുരക്ഷാ റൂൾസും അനുബന്ധ റെഗുലേഷനുകളും നിലവിൽ വരികയുണ്ടായി. ഇതിൽ ഭക്ഷ്യ സുരക്ഷാ (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റെഗുലേഷൻ 2011 പ്രകാരമാണ് ഭക്ഷ്യപദാർത്ഥങ്ങളുടെ ഉത്പാദനത്തിലും വിതരണത്തിലും സംഭരണത്തിലും പായ്ക്കിംഗിലും വിൽപ്പനയിലും ഏർപ്പെട്ടിരിക്കുന്നവർക്ക് ലൈസൻസും ചെറുകിട വ്യാപാരികൾക്ക് രജിസ്ട്രേഷനും നൽകുന്നത്. ടി നിയമപ്രകാരം സംസ്ഥാനത്തെ ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വിൽപ്പന തുടങ്ങിയ എല്ലാ മേഖലകളിലുമുള്ള ഭക്ഷ്യ സംരംഭകരെ രജിസ്ട്രേഷൻ/ലൈസൻസ് പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇത് സമ്പൂർണ്ണമാക്കാനും ഈ നിയമം അനുശാസിക്കുന്ന പ്രകാരം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ച് വരുന്നുണ്ട്. അതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലയായി 2018-ൽ പ്രഖ്യാപിക്കുകയുണ്ടായി.

സംസ്ഥാനത്തെ മറ്റെല്ലാ ജില്ലകളെയും സമ്പൂർണ്ണ ലൈസൻസ്/രജിസ്ട്രേഷൻ നേടിയ ജില്ലകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടന്നുവരുന്നു.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പ് ഈ മേഖലയിൽ ഫലപ്രദമായി ഇടപെട്ടതിന്റെ ഫലമായി 2018-ൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം പാലിക്കാത്തതിന്റെ

പേരിൽ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ നിരോധിച്ച് ഉത്തരവായിരുന്നു. ഇപ്പോൾ വിപണിയിൽ ലഭ്യമായ ബ്രാൻഡുകളുടെ സാമ്പിളുകൾ ശേഖരിച്ച് തുടർപരിശോധനകളും ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നതാണെന്ന് കണ്ടെത്തിയ ശർക്കര വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്ന് മായം കലർന്ന ശർക്കര കൊണ്ടുവരുന്നത് തടയുന്നതിനായി അതത് സംസ്ഥാനങ്ങളുടെ ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാർക്ക് ഇതുസംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്.

(സി) മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യ മാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ 'സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി' പുറത്തിറക്കിയ കിറ്റുപയോഗിച്ച് മാർക്കറ്റുകളിൽ വിൽക്കുന്ന മത്സ്യത്തിലെ രാസവസ്തുക്കളുടെ സാന്നിദ്ധ്യം ഉടൻ കണ്ടെത്താൻ സാധിക്കുന്നതിനാലും പരിശോധനകൾ കർശനമാക്കിയതിനാലും ഇപ്പോൾ കേരളത്തിൽ ലഭിക്കുന്ന മത്സ്യങ്ങളിൽ രാസവസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടുവരുന്നില്ല. 'ഓപ്പറേഷൻ സാഗർറാണി' ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടർന്നുകൊണ്ടിരിക്കുന്ന ഒരു ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമാണ്.

(ഡി) കേരളത്തിന്റെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണിത്. 2016-17-ൽ 50 ഗ്രാമപഞ്ചായത്തുകളിലും 2017-18-ൽ 100 ഗ്രാമപഞ്ചായത്തുകളിലും ഈ സാമ്പത്തിക വർഷം 120 ഗ്രാമപഞ്ചായത്തുകളിലും ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ഭക്ഷണ ഉൽപ്പാദന, സംഭരണ, വിതരണ, വിൽപ്പന മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന തരത്തിലുള്ള ലൈസൻസ്/രജിസ്ട്രേഷൻ ഉറപ്പുവരുത്തുകയെന്നതാണ് ഇതിന്റെ പ്രധാനലക്ഷ്യം. കൂടാതെ പൊതു ടാപ്പുകളിലെയും പൊതു കിണറുകളിലെയും സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, ക്യാന്റീനുകൾ, വീടുകൾ

എന്നിവിടങ്ങളിലെയും കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക, സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികളെക്കുറിച്ച് അവബോധം നൽകുക എന്നിവ ഇതിന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

(ഇ) സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതി വളർത്തിയെടുക്കുന്നതിനുവേണ്ടി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ സ്കൂളുകളിലെ 8, 9, 11 ക്ലാസ്സുകളിലെ കുട്ടികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികൾ പരിചയപ്പെടുത്തുകയും ജീവിതശൈലീ രോഗങ്ങളെ ചെറുത്ത് ആരോഗ്യകരമായ ഒരു സമൂഹത്തെ എങ്ങനെ കെട്ടിപ്പടുക്കാമെന്ന ലക്ഷ്യത്തെക്കുറിച്ച് ബോധവാന്മാരാക്കുകയും ചെയ്യുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 293 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നു.

**കേരളത്തിലെ വിമാനത്താവളങ്ങൾ**

7 (*156) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. റ്റി. വി.രാജേഷ് :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തര കേരളത്തിന്റെ വികസന സ്വപ്നസാക്ഷാൽക്കാരമായ കണ്ണൂർ വിമാനത്താവളത്തിൽനിന്നും രാജ്യത്തെ പ്രധാന നഗരങ്ങളിലേക്കും പ്രവാസികൾക്ക് പ്രയോജനപ്രദമായി ആവശ്യാനുസരണം വിവിധ രാജ്യങ്ങളിലേക്കും വിമാന സർവീസ് ആരംഭിക്കുന്നതിന് വേണ്ട സമ്മർദ്ദം ചെലുത്തുമോ;

(ബി) സംസ്ഥാനം വൻതുക മുടക്കിയിട്ടുള്ള തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കാനുള്ള പ്രവർത്തനം ദ്രുതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയും വിമാനത്താവളം സംസ്ഥാനം തന്നെ ഏറ്റെടുക്കാമെന്ന ആവശ്യത്തോടും ലേലത്തിൽ ആദ്യ പരിഗണന നൽകണമെന്ന ആവശ്യത്തോടും കേന്ദ്ര സർക്കാർ നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(സി) കോഴിക്കോട് വിമാനത്താവളത്തോടുള്ള കേന്ദ്ര അവഗണന തിരുത്തിക്കാനായി സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കണ്ണൂർ വിമാനത്താവളത്തിൽനിന്നും രാജ്യത്തെ പ്രധാന നഗരങ്ങളിലേയ്ക്കും വിദേശത്തേയ്ക്കും വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗോ എയർ, എയർ ഇന്ത്യ, ഇൻഡിഗോ എന്നിവ ആഭ്യന്തര, രാജ്യാന്തര വിമാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

മേൽ വിമാന കമ്പനികൾക്കുപുറമെ സ്പൈസ്ജെറ്റ്, എയർ ഏഷ്യ ഇന്ത്യ, എമിറേറ്റ്സ്, ഗൾഫ് എയർ, കുവൈറ്റ് എയർവേയ്സ്, സൗദിയ, ഖത്തർ എയർവേയ്സ്, ഒമാൻ എയർ, സിൽക്ക് എയർ, മലിന്റോ എയർ, എയർ അറേബ്യ, ശ്രീലങ്കൻ എയർവേയ്സ് തുടങ്ങിയ വിമാന കമ്പനികൾ കണ്ണൂരിൽ നിന്നും സർവ്വീസ് നടത്തുന്നതിന് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച ചർച്ച നടന്നുവരികയാണ്.

(ബി) വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നൽകണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി. ഇക്കാര്യത്തിൽ അനുകൂല നിലപാട് ഉണ്ടാകാത്തതിനാൽ സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. ബിഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റിനെയും ലീഗൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. ബിഡ്ഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-യ്ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ് സമർപ്പിക്കുന്നതിലേയ്ക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സി.-യും ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കൈമാറിയ ഭൂമിവിലയ്ക്ക് തത്തുല്യമായ ഓഹരി തിരുവനന്തപുരം വിമാനത്താവള കമ്പനിയിൽ നിലനിർത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മംഗലാപുരം വിമാനത്താവളത്തിലെ അപകടത്തിനുശേഷം ടേബിൾ ടോപ്പ് വിമാനത്താവളമായ കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് അന്താരാഷ്ട്ര വിമാന സർവ്വീസുകളുടെ എണ്ണം സുരക്ഷാ കാരണങ്ങളാൽ കുറവ് വരുത്തിയിരുന്നു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കുന്നതിന് വിമാനത്താവളത്തിലെ ബേസിക് സ്ട്രിപ്പിൽ സ്ഥിതിചെയ്യുന്ന ടെർമിനൽ കെട്ടിടവും ഏപ്രണും മാറ്റിസ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കൂടാതെ, നിലവിലുള്ള റൺവേയുടെ ദൈർഘ്യം, പാരലൽ ടാക്സിവേ, റൺവേ എൻഡ് സേഫ്റ്റി ഏരിയ എന്നിവ നിയമാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ഭൗതിക സാഹചര്യങ്ങൾ എയർപോർട്ടിൽ സജ്ജമാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരിപ്പൂർ വിമാനത്താവളത്തിൽ ജംബോ വിമാനങ്ങൾ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) പരിശോധന നടത്തുകയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ബോയിംഗ് 777-200 പോലുള്ള വിമാനങ്ങളിറങ്ങാൻ ഉതകുന്ന തരത്തിൽ Runway End Safety Area (RESA)-യുടെ ദൈർഘ്യം 90 മീറ്ററിൽ നിന്ന് 240 മീറ്ററായി വർദ്ധിപ്പിക്കുകയും ലൈറ്റിംഗ് അറേഞ്ച്മെന്റ്സ് സ്ഥാപിക്കുകയും ചെയ്തു.

കോഡ് 'ഇ' ശ്രേണിയിൽപ്പെട്ട വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്. ഈ വർഷം മുതൽ കരിപ്പൂർ വിമാനത്താവളത്തെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റായി പുനഃസ്ഥാപിച്ചുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രാലയം ഉത്തരവായിട്ടുണ്ട്. എമിറേറ്റ്സ്, എയർ ഇന്ത്യ എന്നീ വിമാന കമ്പനികൾക്ക് വലിയ വിമാനങ്ങൾ ഉപയോഗിച്ചുള്ള വിമാന സർവ്വീസ് നടത്തുന്നതിനാവശ്യമായ അനുമതി കേന്ദ്ര വ്യോമയാന വകുപ്പ് ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിമാനത്താവളത്തിലെ പുതിയ അന്താരാഷ്ട്ര അറൈവൽ ബ്ലോക്ക് കമ്മീഷൻ ചെയ്തിട്ടുണ്ട്. ഒരേസമയം 5000 പേരെ ഉൾക്കൊള്ളുന്നതിന് സാധിക്കും.

റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചുവെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത ശിപാർശ പുനർസമർപ്പിക്കാൻ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയം എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ശിപാർശ സമർപ്പിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാനോടും എയർപോർട്ട് ഡയറക്ടർ കോഴിക്കോടിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**ജലാശയ അപകടങ്ങൾ**

8 (*158) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാഹനാപകടം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ജീവൻ നഷ്ടപ്പെടുന്നത് ജലാശയ അപകടങ്ങളിൽ നിന്നാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേരളത്തിലെ 44 നദികൾ കൂടാതെ ചെറുതും വലുതുമായ കായലുകൾ, ഡാമുകൾ, തോടുകൾ, കുളങ്ങൾ എന്നീ ജലാശയങ്ങളിലെയും ക്വാറികളോടനുബന്ധിച്ചുള്ള വെള്ളക്കെട്ടുകളിലെയും രക്ഷാപ്രവർത്തനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വിശദമാക്കുമോ;

(സി) ജലാശയ രക്ഷാപ്രവർത്തനത്തിന് ഫയർഫോഴ്സ് സ്കൂബാ ടീമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ജലാശയ അപകടങ്ങൾ ഒഴിവാക്കുന്നതിനും രക്ഷാപ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ജലസുരക്ഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്. 2013-17 കാലയളവിൽ ജലാശയ അപകടങ്ങളുമായി ബന്ധപ്പെട്ട് ഏകദേശം 4876 അപകടങ്ങൾ ഫയർ & റെസ്ക്യൂ വിഭാഗത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾക്ക് സമീപം അപകട സാദ്ധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലെയും നീന്തൽ വൈദഗ്ദ്ധ്യമുള്ള ജീവനക്കാരെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകി സ്കൂബാ ഡൈവിംഗ് ടീം എന്ന പേരിൽ ഒരു ടീം ഫയർ & റെസ്ക്യൂ വിഭാഗത്തിൻകീഴിൽ രൂപീകരിച്ചിട്ടുണ്ട്.

(സി) സ്കൂബാ ടീമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജലാശയ രക്ഷാപ്രവർത്തനത്തിനുള്ള ഉപകരണങ്ങളായ സ്കൂബാ സെറ്റ്, റബ്ബർ ഡിങ്കി, സ്കൂബാ വാഹനങ്ങൾ തുടങ്ങിയവ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനും ജലസുരക്ഷാ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഉണ്ട്. സമീപകാലത്ത് കേരളത്തിലുണ്ടായ പ്രളയദുരന്തത്തിന്റെ അനുഭവ പാഠങ്ങൾ ഉൾക്കൊണ്ടും നിരവധി ജലാശയങ്ങളിലെ അപകട സാദ്ധ്യതകൾ കണക്കിലെടുത്തും ഒഡീഷ, ആസ്സാം, ആന്ധ്രാപ്രദേശ് തുടങ്ങിയ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ജലാശയ അപകട രക്ഷാപ്രവർത്തന പരിശീലന കേന്ദ്രങ്ങളുടെ അതേ മാതൃകയിൽ ഫോർട്ട് കൊച്ചി കേന്ദ്രമാക്കി ജലസുരക്ഷാ വിദഗ്ദ്ധ പരിശീലന കേന്ദ്രം (Institute for advanced Training in Water Rescue) സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

**പോലീസ് സേനയുടെ നവീകരണം**

9 (*159) ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണം കൂടുതൽ മികവുറ്റതാക്കുന്നതിനായി ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായി ചെയ്ത കാര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) രവി പൂജാരിയെപ്പോലെ അന്താരാഷ്ട്ര ബന്ധങ്ങളുള്ള മുംബൈ അധോലോക നായകർ സംസ്ഥാനത്ത് ക്രിമിനൽ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ നടത്തുന്ന ശ്രമം വിഫലമാക്കാൻ പോലീസ് സേനയുടെ നവീകരണം പ്രയോജനപ്രദമാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

(സി) കടൽത്തീരം വഴി മനുഷ്യക്കടത്ത് നടന്നുവെന്ന് സംശയിക്കുന്ന സാഹചര്യത്തിലും ഐ.എസ്. എന്ന ഭീകര സംഘടനയിൽ ചേരാൻ ആളുകൾ നാടുവിടുന്ന സാഹചര്യത്തിലും പോലീസ് നടത്തുന്ന ജാഗ്രത്തായ ഇടപെടലുകൾ കൂടുതൽ ശാക്തീകരിക്കാൻ സേനയുടെ പുനഃസംഘടനയും നവീകരണവും കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) ക്രമസമാധാനപാലനത്തിലും കുറ്റാന്വേഷണത്തിലും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന നടപടി പൂർത്തിയായോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ക്രൈം ബ്രാഞ്ചിന്റെ കുറ്റാന്വേഷണം കൂടുതൽ മികവുറ്റതും കാര്യക്ഷമവുമാക്കുന്നതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്രൈം ബ്രാഞ്ച് വിഭാഗം

പുനഃസംഘടിപ്പിച്ച് 11-10-2018-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 162/2018/ ആഭ്യന്തരം പ്രകാരം ക്രൈം ബ്രാഞ്ച് സി.ഐ.ഡി. (സി.ബി.സി.ഐ.ഡി.)-യെ പുനഃക്രമീകരിച്ചുകൊണ്ടും പൊതുജനങ്ങൾ പരക്കെ വിളിച്ചുവരുന്ന ക്രൈംബ്രാഞ്ച് എന്ന പേരിലേയ്ക്ക് മാറ്റിക്കൊണ്ടും ഉത്തരവായിട്ടുള്ളതാണ്.

പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകൾ ഒഴികെ റവന്യൂ ജില്ലാടിസ്ഥാനത്തിൽ പോലീസ് സൂപ്രണ്ടുമാർക്ക് ചുമതല നൽകി ക്രൈംബ്രാഞ്ച് പുനഃക്രമീകരിച്ചിട്ടുണ്ട്. പത്തനംതിട്ട, വയനാട്, കാസർഗോഡ് ജില്ലകളുടെ അധിക ചുമതല യഥാക്രമം കൊല്ലം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർക്ക് നൽകിയിട്ടുണ്ട്.

പുനഃക്രമീകരണത്തിനുമുമ്പ്, ക്രൈം ബ്രാഞ്ചിൽ അന്വേഷണത്തിനായി ലഭിക്കുന്ന കേസുകളിലെ കുറ്റകൃത്യങ്ങളെ ആക്രമണവും കൊലപാതകവും സാമ്പത്തിക കുറ്റകൃത്യങ്ങൾ, ആസൂത്രിത കുറ്റകൃത്യങ്ങൾ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിച്ച് ഏതെങ്കിലുമൊരു വിഭാഗത്തിലെ പോലീസ് സൂപ്രണ്ടിന് രണ്ടും അതിലധികവും ജില്ലകളുടെ ചുമതലകൾ നൽകിയിരുന്നു. ആയത് ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്ന കേസുകളുടെ അന്വേഷണത്തിന്റെ മേൽനോട്ടത്തിനും കാര്യക്ഷമതയ്ക്കും ബുദ്ധിമുട്ട് സൃഷ്ടിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. മേൽ ഉത്തരവുപ്രകാരം ക്രൈം ബ്രാഞ്ചിന്റെ പുനഃക്രമീകരണം നടപ്പിലാക്കിയതിനുശേഷം ഒരു പോലീസ് സൂപ്രണ്ടിന് ഒരു ജില്ലയിലുള്ള എല്ലാത്തരം കുറ്റകൃത്യങ്ങളുടെയും അന്വേഷണച്ചുമതല നൽകിയതോടെ അന്വേഷണങ്ങളുടെ മേൽനോട്ടം കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കാനും കേസുകൾ വേഗത്തിൽ തെളിവിലേയ്ക്ക് കൊണ്ടുവരാനും സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിക്കാനും സാധിക്കുന്നതാണ്. ഇതുകൂടാതെ പ്രമാദമായ കേസുകൾ അന്വേഷിക്കുന്നതിന് ഓരോ പോലീസ് സൂപ്രണ്ടുമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമാക്കി രണ്ട് സെൻട്രൽ യൂണിറ്റുകളും, എറണാകുളം കോഴിക്കോട് എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഓരോ സെൻട്രൽ യൂണിറ്റുകളും (ആകെ 4 സെൻട്രൽ യൂണിറ്റുകൾ) രൂപീകരിച്ചിട്ടുള്ളത് കേസുകളുടെ അന്വേഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സഹായകമാകുന്നുണ്ട്.

കൂടാതെ ക്രൈം ബ്രാഞ്ചിലെ മൂന്ന് പോലീസ് ഇൻസ്പെക്ടർ ജനറൽമാരെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന പോലീസിൽ കാലോചിതമായ പരിഷ്കരണവും നവീകരണവും നടത്തി ഒരു ആധുനിക പോലീസ് സംവിധാനം

വാർത്തെടുത്തതിന്റെ ഫലമായി സംസ്ഥാനത്ത് സംഘടിത കുറ്റകൃത്യങ്ങൾ/മറ്റ് ക്രിമിനൽ കുറ്റങ്ങൾ മുതലായവയിൽ ഏർപ്പെടുന്നവർക്ക് കേരളം ഒരു പ്രവർത്തനമേഖലയാക്കാനോ ഒളിത്താവളമാക്കാനോ സാധിച്ചിട്ടില്ല. ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിനായി നഗരങ്ങൾ കേന്ദ്രീകരിച്ച് ഡയൽ 100 എന്ന സംവിധാനത്തോടുകൂടി കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നതും കൺട്രോൾ റൂമുകളുടെ കീഴിൽ ജി.പി.എസ്. ക്യാമറ മുതലായ ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തിയ വാഹനങ്ങൾ നഗര പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിലായി കേന്ദ്രീകരിച്ച് 24 മണിക്കൂറും പട്രോളിംഗും നടത്തിവരുന്നു. ഇവയുടെ പ്രവർത്തനംമൂലം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ വളരെവേഗം പിടികൂടാനും സാധിക്കുന്നു.

അതിർത്തി ചെക്ക്പോസ്റ്റുകളിൽ നിന്നും കടന്നുവരുന്ന വാഹനങ്ങൾ കർശനമായ പരിശോധന നടത്തി പട്രോളിംഗ്, ബീറ്റ് ഡ്യൂട്ടികൾ കാര്യക്ഷമമാക്കിക്കൊണ്ട് സംഘടിത കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാനുള്ള എല്ലാ ശ്രമങ്ങളും പോലീസ് നടത്തിവരുന്നുണ്ട്.

(സി) ഉണ്ട്. തീരദേശ സുരക്ഷ ശക്തിപ്പെടുത്തുന്നതിനുവേണ്ടി കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം Coastal Security Scheme (CSS)-ൽ ഉൾപ്പെടുത്തി 2 ഘട്ടങ്ങളിലായി സംസ്ഥാനത്ത് 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ ഇതിനോടകം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സ്റ്റേഷനുകളിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളതാണ്. കൂടാതെ ഇവിടെ അനുവദിച്ചിട്ടുള്ള ഇന്റർസെപ്റ്റർ ബോട്ടുകൾ ഉപയോഗിച്ച് തീരപ്രദേശത്തും ഉൾക്കടലിലും നിരന്തരം പട്രോളിംഗ് നടത്താറുണ്ട്. കൂടാതെ ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പ് യാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോസ്റ്റൽ പോലീസിന്റെ പ്രവർത്തനത്തിനുവേണ്ടി 18 സാറ്റലൈറ്റ് ഫോണുകൾ വാങ്ങി നൽകിയിട്ടുണ്ട്. ISIS പോലുള്ള തീവ്രവാദ സംഘടനകളിലേയ്ക്ക് ആളുകൾ ചേരുന്നതോ ചേർക്കുന്നതോ ആയ ശ്രമങ്ങൾക്കെതിരെ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിനുവേണ്ടി സംസ്ഥാന ഇന്റലിജൻസ് വിഭാഗം കർശന നിരീക്ഷണം നടത്തിവരുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേസുകൾ രജിസ്റ്റർ ചെയ്യും ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ 7 പോലീസ് സ്റ്റേഷനുകളിൽ നേരത്തെതന്നെ ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ. ആയിരുന്നു. 21-10-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 211/2017/ആഭ്യ. പ്രകാരം 196 സ്റ്റേഷനുകളിൽ കൂടി പോലീസ്

ഇൻസ്പെക്ടർമാരെ എസ്.എച്ച്.ഒ. മാരാക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് ഇപ്പോൾ 203 പോലീസ് സ്റ്റേഷനുകളിൽ പോലീസ് ഇൻസ്പെക്ടർമാർ എസ്.എച്ച്.ഒ. മാരായി പ്രവർത്തിച്ചുവരുന്നു. ഇത്രയും പോലീസ് സ്റ്റേഷനുകളിൽ ക്രമസമാധാനവും കുറ്റാന്വേഷണവും വേർതിരിച്ചിട്ടുണ്ട്. ഇതുകൂടാതെ 29-9-2018-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 150/2018/ആഭ്യ. പ്രകാരം 268 പോലീസ് സ്റ്റേഷനുകളിൽ കൂടി ഇത് നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം**

10 (*160) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായം നൽകിക്കഴിഞ്ഞോ; ദുരിതബാധിതരുടെ സമഗ്ര പുനരധിവാസത്തിനായി പ്രഖ്യാപിച്ച പുനരധിവാസ ഗ്രാമം (റീഹാബിലിറ്റേഷൻ വില്ലേജ്) സ്ഥാപിക്കാനുള്ള നടപടിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ദുരിതബാധിതർക്ക് സൗജന്യ ചികിത്സ ഏർപ്പെടുത്തുന്നതിനും യാത്രാ സൗകര്യം ഒരുക്കുന്നതിനും കടബാധ്യതകൾ എഴുതിത്തള്ളുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) മനുഷ്യാവകാശ കമ്മീഷന്റെയും സുപ്രീംകോടതിയുടെയും നിർദ്ദേശാനുസരണം കീടനാശിനി നിർമ്മാതാക്കളും കേന്ദ്ര സർക്കാരും നഷ്ടപരിഹാരം നൽകുന്നതിനും പുനരധിവാസത്തിനുമായി സഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇതു നേടിയെടുക്കാൻ സ്വീകരിക്കുന്ന നടപടികൾ അറിയിക്കാമോ; കീടനാശിനി നിർമ്മാതാക്കൾക്കെതിരെ നിയമനടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത ധനസഹായം പൂർണ്ണമായി നൽകിക്കഴിഞ്ഞിട്ടില്ല. ജീവിച്ചിരിക്കുന്നവർക്ക് പൂർണ്ണമായും കൊടുത്തു തീർക്കുകയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നമുറയ്ക്ക് നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

25 കോടി രൂപ മുതൽമുടക്കിൽ കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ

പ്രവർത്തനങ്ങൾ നടത്തുന്നതിന് കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാല് വർഷംകൊണ്ട് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ആദ്യവർഷ ചെലവുകൾക്കായി 5 കോടി രൂപ ചെലവഴിക്കുന്നതിന് കാസർഗോഡ് കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവർക്കും ചികിത്സാ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കും സൗജന്യ ചികിത്സ നൽകിവരുന്നു. യാത്രാ സൗകര്യത്തിനായി 11 പഞ്ചായത്തുകളിലായി 9 ആംബുലൻസുകൾ അനുവദിച്ചിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000 രൂപ വരെയുള്ള 1083 കടബാദ്ധ്യതകൾ എഴുതിത്തള്ളുന്നതിനായി 2,17,38,655 രൂപ അനുവദിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ 50,000 രൂപ മുതൽ 3 ലക്ഷം വരെയുള്ള കടം എഴുതിത്തള്ളുന്നതിന് 4,39,41,274 രൂപ അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

(സി) ഇല്ല. കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനായി കേരള സർക്കാരിനുവേണ്ടി തിരുവനന്തപുരം ജില്ലാ കളക്ടർ വാദിയായി തിരുവനന്തപുരം സബ് കോടതി III-ൽ 15 കീടനാശിനി കമ്പനികൾക്കെതിരെ OS.2/2019 നമ്പറായി കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രധാനമന്ത്രിയോട് കേന്ദ്രസഹായം ആവശ്യപ്പെട്ട് കത്തയച്ചിട്ടുണ്ട്.

**പ്രവാസികൾ നേരിടുന്ന ചൂഷണം**

11 (*161)ശ്രീ. സജി ചെറിയാൻ :

ശ്രീ. വി. കെ. സി. മമ്മത് കോയ :

ശ്രീ. പി. വി. അൻവർ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പുരോഗതിയിൽ നിർണ്ണായക പങ്ക്വഹിക്കുന്ന പ്രവാസികൾ നേരിടുന്ന തൊഴിൽ ചൂഷണം, വിസ തട്ടിപ്പ്, മൃതദേഹം പോലും തൂക്കി നോക്കി അന്യായ നിരക്ക് ഈടാക്കുന്നതുൾപ്പെടെയുള്ള വിമാനക്കമ്പനികളുടെ ചൂഷണം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ ഇടപെടുന്നത് എങ്ങനെയെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രവാസി നിക്ഷേപം മുതൽക്കൂട്ടാക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) തൊഴിൽ ചൂഷണത്തിന് ഇരയാകുന്ന പ്രവാസികൾ നൽകുന്ന പരാതികൾ സർക്കാർ അതത് രാജ്യങ്ങളിലെ ഇന്ത്യൻ എംബസ്സിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രവാസികളുടെ വിസ തട്ടിപ്പുൾപ്പെടെയുള്ള പ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ സംസ്ഥാന പോലീസ് മേധാവിക്കും എൻ.ആർ.ഐ. പോലീസ് സൂപ്രണ്ടിനും കൈമാറുകയോ അല്ലെങ്കിൽ പരാതികൾ അതത് പോലീസ് സ്റ്റേഷനുകൾവഴി നേരിട്ട് ഇടപെട്ട് തീർപ്പാക്കുകയോ ചെയ്തുവരുന്നു. തൊഴിൽ ചൂഷണം സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി വിദേശത്ത് തൊഴിൽതേടി പോകുന്നവർക്കായി നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ "വിദേശ തൊഴിൽകാംക്ഷികൾക്കായുള്ള ശില്പശാലകൾ" എന്ന പേരിൽ പരിശീലന പരിപാടികൾ നടത്തുന്നുണ്ട്. ഉദ്യോഗാർത്ഥികൾ വിദേശത്തേയ്ക്ക് പുറപ്പെടുന്നതിനുമുമ്പ് അവശ്യം അറിഞ്ഞിരിക്കേണ്ട കാര്യങ്ങളായ വിദേശങ്ങളിലെ തൊഴിൽ സാഹചര്യങ്ങൾ, നിയമാനുസൃത റിക്രൂട്ടിംഗ് കമ്പനികളുടെ വിവരങ്ങൾ, വിസ-എമിഗ്രേഷൻ നിയമങ്ങൾ, തൊഴിൽ ഉടമ്പടി, കസ്റ്റംസ് നിയമങ്ങൾ, യാത്രാ നിബന്ധനകൾ, തൊഴിൽ സംസ്കാരം തുടങ്ങിയ വിഷയങ്ങളിൽ അറിവ് നൽകുന്നതിന് പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തിവരുന്നുണ്ട്. കൂടാതെ വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണങ്ങൾ, വിസാ തട്ടിപ്പ് എന്നിവയ്ക്കെതിരെ വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെയും, സർക്കാർ തെരഞ്ഞെടുത്തിട്ടുള്ള ഏജൻസികൾ മുഖാന്തരവും വ്യാപകമായി ബോധവത്കരണം നടത്തിവരുന്നുണ്ട്. വിമാനത്താവളങ്ങളിൽ മൃതദേഹംപോലും തൂക്കിനോക്കി അന്യായ നിരക്ക് ഈടാക്കുന്നതുൾപ്പെടെയുള്ള വിമാനക്കമ്പനികളുടെ ചൂഷണം തടയുന്ന വിഷയം പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരുന്നതാണ്. വിമാനയാത്രാക്കൂലി അമിതമായി ഈടാക്കുന്ന വിഷയത്തിൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് നിവേദനങ്ങൾ സമർപ്പിച്ചിട്ടുമുണ്ട്. എന്നാൽ വിമാന യാത്രാനിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്ര വ്യോമയാന മന്ത്രാലയമല്ലെന്നും 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, ചെലവ്, മിതമായ ലാഭം, യാത്രക്കാരുടെ തിരക്ക് എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിന് വിമാനക്കമ്പനികൾക്ക് പൂർണ്ണ അധികാരമുണ്ടെന്നും കേന്ദ്രവ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും, ടി വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവരുന്നതാണ്.

(ബി) 'പ്രവാസി ഡിവിഡന്റ് പദ്ധതി' നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## റേഷൻ കടകളിൽ മൈക്രോ എ.റ്റി.എം. സംവിധാനം

12(*162) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ജി.എസ്.ജയലാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾക്ക് പുറമേ അരിപ്പൊടി, അപ്പപ്പൊടി, റവ എന്നിവ വിതരണം ചെയ്യുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന ആട്ട എല്ലാവിഭാഗം കാർഡുടമകൾക്കും ലഭിക്കുന്നുണ്ടോ എന്നറിയിക്കുമോ; ഇല്ലെങ്കിൽ ഇത് എല്ലാവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ആധാർ അധിഷ്ഠിത ഓൺലൈൻ സംവിധാനത്തിലുള്ള റേഷൻ വിതരണം പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) റേഷൻ കടകളിൽ മൈക്രോ എ.റ്റി.എം. സംവിധാനം ഉപയോഗിച്ച് ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) റേഷൻ കടകളെ വൈവിദ്ധ്യവത്കരിക്കുന്നതിനും റേഷൻ വ്യാപാരികളെ കൂടുതൽ സാമ്പത്തിക ഭദ്രമാക്കുന്നതിനുമായി സപ്ലൈകോവഴി വിൽക്കുന്ന സബ്സിഡി ഇതര സാധനങ്ങൾ റേഷൻ കടകൾവഴി വിൽപ്പന നടത്തുന്ന നടപടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ പൈലറ്റ് പദ്ധതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനം തുടർന്നുവരുന്നുണ്ട്. റേഷൻ വിതരണത്തിനുള്ള അരി, ഗോതമ്പ് എന്നിവയിൽ ഒരു ഭാഗം മാവ്, റവ എന്നീ രൂപത്തിലാക്കി വിതരണം ചെയ്യുന്ന കാര്യം ആലോചിച്ചുവരുന്നു.

(ബി) റേഷൻ കടകൾവഴി വിതരണം ചെയ്യുന്ന ആട്ട മുൻഗണനേതര കാർഡുടമകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ടൈഡ് ഓവർ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ടൈഡ് ഓവർ വിഹിതത്തിൽ ലഭ്യമാകുന്ന 6459.074 മെട്രിക് ടൺ ഗോതമ്പ് സപ്ലൈകോ മുഖാന്തരം ആട്ടയാക്കി വിതരണം

ചെയ്തുവരുന്നു. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ വ്യവസ്ഥ അനുസരിച്ച് മുൻഗണനാ വിഭാഗത്തിനു നിലവിൽ ലഭിച്ചുവരുന്ന ഗോതമ്പുകൂടി ആട്ടയാക്കി പ്രസ്തുത വിഭാഗത്തിന് വിതരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ച് റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. റേഷൻകാർഡിലെ അംഗങ്ങളുടെ ബയോമെട്രിക് വിവരങ്ങൾ ശേഖരിച്ച് ആതന്റിക്കേറ്റ് ചെയ്ത് യഥാർത്ഥ ഗുണഭോക്താവിനുതന്നെ റേഷൻ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. ഇപ്പോൾ വിരലടയാളമാണ് പരിശോധിക്കുന്നത്. ഐറിസ് പരിശോധിക്കുന്ന സംവിധാനവും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. എന്നാൽ ഏതാനും റേഷൻകടകളിൽ (12 എണ്ണം) കണക്റ്റിവിറ്റി ഇല്ലാത്തതുമൂലം ഓഫ് ലൈനായി ബില്ലിംഗ് നടക്കുന്നുണ്ട്. നിലവിലുള്ള സർവ്വീസ് പ്രൊവൈഡറിന്റെ കണക്റ്റിവിറ്റി ലഭ്യമല്ലാത്തതുമൂലമാണ് ആധാർ അധിഷ്ഠിത ഓൺലൈൻ സംവിധാനം ഈ കടകളിൽ സാധിക്കാത്തത്. ഈ കടകളിൽക്കൂടി കണക്റ്റിവിറ്റി ഉറപ്പുവരുത്തി ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ epos.kerala.gov.in എന്ന പോർട്ടലിലൂടെ തത്സമയം പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും. റേഷൻകാർഡുകൾ കിട്ടുന്നതിന് അക്ഷയ സെന്ററുകൾ മുഖേന ഓൺലൈനായും പൊതുജനങ്ങൾക്ക് നേരിട്ടും അപേക്ഷകൾ സമർപ്പിക്കാം. ഇപ്രകാരം ആധുനിക ശാസ്ത്ര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതുവിതരണ സമ്പ്രദായം കൂടുതൽ സുതാര്യവും ജനോപകാരപ്രദവുമായി മാറിയിട്ടുണ്ട്.

(ഡി) പരിമിത ബാങ്കിംഗ് സേവനം (മിനി ബാങ്കിംഗ് സർവ്വീസ്) തുടങ്ങുന്നത് സംബന്ധിച്ച് വിവിധ ബാങ്കുകളിൽ നിന്ന് Expression of interest (EoI) ക്ഷണിച്ചിരുന്നു. ബാങ്കുകൾ സമർപ്പിച്ച ശിപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**സാമ്പത്തിക സംവരണം**

13(*163) ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കി വികസന ക്ഷേമ പ്രവർത്തനങ്ങളുടെ നിർവ്വഹണം സമയബന്ധിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; മുഖ്യമന്ത്രിയുടെ ഓൺലൈൻ പരാതിപരിഹാര സംവിധാനത്തെക്കുറിച്ച് അറിയിക്കാമോ;

(ബി) മധ്യതല മാനേജ്മെന്റ് ശക്തിപ്പെടുത്താനുദ്ദേശിച്ചുകൊണ്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; കെ.എ.എസ്.-ലേക്ക് മൂന്നുതരത്തിലുള്ള നിയമനത്തിനും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും സംവരണം ബാധകമാക്കാൻ തീരുമാനമായിട്ടുണ്ടോ;

(സി) പൊതുതെരഞ്ഞെടുപ്പ് മാത്രം ലാക്കാക്കി കേന്ദ്ര സർക്കാർ അനവധാനതയോടെ കൊണ്ടുവന്ന സാമ്പത്തിക സംവരണം സംസ്ഥാനത്ത് നടപ്പിലായിട്ടുണ്ടോ;

(ഡി) സാമ്പത്തിക പരാധീനത കൊണ്ട് അവസര സമത്വം ലഭിക്കാത്തവർക്ക് ആശ്വാസം നൽകാനെന്ന പേരിൽ കൊണ്ടുവന്ന പ്രസ്തുത നിയമത്തിൽ പ്രതിവർഷം 8 ലക്ഷം രൂപ വരെ വരുമാനമുള്ളവരെ ഉൾപ്പെടുത്തിയിരിക്കുന്നത് ഫലത്തിൽ സമ്പന്നർക്ക് സംവരണം ഏർപ്പെടുത്തുന്നതായതിനാൽ, സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് ഇക്കാര്യത്തിൽ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ജീവനക്കാരുടെ പെരുമാറ്റവും മനോഭാവവും പൊതുജനങ്ങൾക്ക് ഗുണകരമാക്കുന്നതിനും അഴിമതിരഹിത സേവനം നൽകുന്നതിനും പര്യാപ്തമായ പരിശീലനങ്ങൾ ഐ.എം.ജി., കില മുതലായ സ്ഥാപനങ്ങൾ മുഖേന നൽകിവരുന്നു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.

സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് ഏർപ്പെടുത്തി. മറ്റ് സർക്കാർ ഓഫീസുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുക, കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുക, സിവിൽ സർവ്വീസ് ആധുനികവത്കരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നാലാം ഭരണ പരിഷ്കാര കമ്മീഷനെ ചുമതലപ്പെടുത്തി.

വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു.

സർക്കാർ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ഏർപ്പെടുത്തി.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും, മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകുക, പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തുക, സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവൃത്തിസമയം ഒപ്പമിരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുക എന്നിവ സംബന്ധിച്ച് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുണ്ടായിരുന്ന വിവിധ പരാതിപരിഹാര സംവിധാനങ്ങൾ ഏകീകരിച്ച് മുഖ്യമന്ത്രിയുടെ പൊതുജന പരാതിപരിഹാര സംവിധാനമായ cmo.kerala.gov എന്ന വെബ് പോർട്ടൽ കാര്യക്ഷമമാക്കി. പഞ്ചായത്തുകൾ, വില്ലേജുകൾ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള പ്രസ്തുത സംവിധാനത്തിലൂടെ പരാതികളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. 31-12-2018 വരെ 204753 പരാതികൾ ഈ വെബ്പോർട്ടൽവഴി കൈകാര്യം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ 2650 അക്ഷയ കേന്ദ്രങ്ങളും പോർട്ടൽവഴി പരാതികൾ സ്വീകരിക്കുന്നു. ഡിജിറ്റൽ രൂപത്തിലാക്കിയ പരാതികൾ, നടപടി സ്വീകരിക്കേണ്ട ഉദ്യോഗസ്ഥന് ഓൺലൈനായിത്തന്നെ കൈമാറാനും റിപ്പോർട്ട് സമർപ്പിക്കാനും മറ്റ് ഓഫീസുകളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനും സാധിക്കുന്നു. മാത്രമല്ല, പൊതുജനങ്ങൾക്ക് ഓൺലൈനിലൂടെ പരാതി സമർപ്പിക്കാനും സമർപ്പിച്ച പരാതിയുടെ അവസ്ഥ ഓൺലൈനിലൂടെത്തന്നെ പരിശോധിക്കാനും സാധിക്കും. പരാതിയുടെ നീക്കം സംബന്ധിച്ച വിവരം എസ്.എം.എസ്.-ലൂടെ പരാതിക്കാരെ അറിയിക്കുന്നുണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചു. ആയതിന്മേൽ നിയമസഭ അംഗീകരിച്ച ഭേദഗതികളടക്കമുള്ള ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ, കെ.എ.എസ്. രണ്ടും മൂന്നും സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സാദ്ധ്യതയും പരിശോധിച്ചുവരുന്നു.

(സി&ഡി) സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക തീരുമാനങ്ങളൊന്നും ഇതുവരെ കൈക്കൊണ്ടിട്ടില്ല. തീരുമാനമെടുക്കുമ്പോൾ ഇക്കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

### കേരള മാരിടൈം ബോർഡ് പ്രവർത്തനങ്ങൾ

14(*164) ശ്രീ. ബി. സത്യൻ :
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൻകിടേതര തുറമുഖങ്ങളുടെ വികസനവും പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള കേരള മാരിടൈം ബോർഡ് പ്രവർത്തനസജ്ജമായിട്ടുണ്ടോ; ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ വികസനത്തിനായി ഈ സർക്കാർ നടത്തിയ പ്രവർത്തനം അറിയിക്കാമോ; ബേപ്പൂർ തുറമുഖ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയായോ;

(സി) തുറമുഖങ്ങളെ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനും തുറമുഖ അടിത്തട്ടിന്റെയും ചാനലിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനും ചെയ്തുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) വൻകിടേതര തുറമുഖങ്ങളുടെ വികസനവും പ്രവർത്തനവും കാര്യക്ഷമമാക്കുന്നതിനുവേണ്ടി 16-9-2017-ലെ 8332/ ലെഗ്.ഐ.1/ 2017/നിയമം നമ്പർ വിജ്ഞാപനപ്രകാരം കേരള മാരിടൈം ബോർഡ് ആക്ട് നിലവിൽവന്നു. 2-2-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/മതുവ. പ്രകാരം കേരള മാരിടൈം ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയർമാൻ ഉൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ 25-7-2018-ന് ചുമതലയേൽക്കുകയും ചെയ്തു. കേരള മാരിടൈം ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചട്ടങ്ങൾ പ്രാബല്യത്തിലായാൽ മാത്രമേ മാരിടൈം ബോർഡിന് പൂർണ്ണ രീതിയിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

(ബി) അഴീക്കൽ തുറമുഖ വികസനത്തിനായി Azhikkal Port Limited എന്ന പേരിൽ ഒരു പ്രത്യേക കമ്പനി (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) രൂപീകരിച്ചിട്ടുണ്ട്. Detailed Project Report, Techno Economic Feasibility Report എന്നിവ തയ്യാറാക്കുന്നതിലേയ്ക്ക് M/s. Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം തുറമുഖ വികസനത്തിന്റെ ഭാഗമായ കണ്ടെയ്നർ-കം-പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. മെസ്സേഴ്സ് അഗ്രിമാ സിമന്റ്സിന് കൊല്ലം തുറമുഖത്ത് സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖ വികസനത്തിന്റെ ഭാഗമായി 200 മീറ്റർ ആർ.സി.സി. വാർഫ് നിർമ്മിക്കുന്നതിലേയ്ക്കുള്ള ഡി.പി.ആർ. ചെന്നൈ ഐ.ഐ.ടി. മുഖേന തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ തുറമുഖ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമിവില നിശ്ചയിച്ച് നഷ്ടപരിഹാരത്തുക കോഴിക്കോട് സ്പെഷ്യൽ തഹസിൽദാരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു. തുറമുഖങ്ങളുടെ അടിസ്ഥാനസൗകര്യം

വികസിപ്പിക്കുന്നതിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിലേയ്ക്ക് കണ്ടെയ്നർ ഹാൻഡ്‍ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ എന്നിവ വാങ്ങി പ്രവർത്തിപ്പിക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. കൂടാതെ ബേപ്പൂർ തുറമുഖത്തിലേയ്ക്ക് 3 ടണ്ണിന്റെ ഒരു ഫോർക്ക് ലിഫ്റ്റും വാങ്ങിയിട്ടുണ്ട്. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് & ഇൻഫർമേഷൻ സിസ്റ്റം (വി.ടി.എം.എസ്.) സ്ഥാപിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി ഓരോ 450 എച്ച്.പി. ടഗ്ഗ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ മൊബൈൽ ക്രെയിനുകളും വാങ്ങിയിട്ടുണ്ട്.

(സി) ബേപ്പൂർ, കൊല്ലം, അഴീക്കൽ തുറമുഖങ്ങളെ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തേയ്ക്കുള്ള റോഡിന്റെ ഡി.പി.ആർ/റ്റി.ഇ.എഫ്.ആർ. എന്നിവ തയ്യാറാക്കുന്നതിന് ഇന്ത്യൻ പോർട്ട് കോർപ്പറേഷൻ ലിമിറ്റഡ് (ഐ.പി.ആർ.സി.എൽ)-നെ ചുമതലപ്പെടുത്തി യിരിക്കുകയാണ്. കൊല്ലം തുറമുഖത്തിലേയ്ക്കുള്ള റോഡ് കണക്ടിവിറ്റിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രൊപ്പോസൽ ഐ.പി.ആർ.സി.എൽ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖ വികസനത്തിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി റോഡ്/റെയിൽ കണക്ടിവിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പദ്ധതിയുടെ കൺസൾട്ടന്റായ Howe Engineering Projects India Private Ltd.നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് സി.എസ്.ഡി. ചന്ദ്രഗിരി വെസ്സൽ ഉപയോഗിച്ച് ഡ്രഡ്ജിംഗ് നടത്തി ആഴം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മ്യൂസിയങ്ങൾ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

15(*165) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ബാബു :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മ്യൂസിയങ്ങൾ അന്തർദ്ദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ ചരിത്ര പൈതൃകം വെളിപ്പെടുത്തുന്നതിന് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) മഹാൻമാരുടെ കൈയൊപ്പുകൾ സൂക്ഷിക്കുന്ന കയ്യൊപ്പ് രേഖാ മ്യൂസിയം സംസ്ഥാനത്ത് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ആലപ്പുഴയിൽ ഹെറിറ്റേജ് തുറമുഖ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) പുരാവസ്തു, മ്യൂസിയം, പുരാരേഖ വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങളെ ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസൃതമായി നവീകരിക്കുന്നതിനും പുത്തൻ സാങ്കേതിക വിദ്യകൾകൂടി കൂട്ടിയിണക്കി അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

പുരാവസ്തു വകുപ്പിനുകീഴിലുള്ള തക്കല പത്മനാഭപുരം കൊട്ടാരം, കായംകുളം കൃഷ്ണപുരം കൊട്ടാരം, ഹിൽപാലസ് മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ കൊട്ടാരം എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പിന്റെ തനതുഫണ്ട് ഉപയോഗിച്ച് വികസന പ്രവർത്തനങ്ങൾ, ഘടനാപരവും രാസപരവുമായ സംരക്ഷണ പ്രവൃത്തികൾ എന്നിവ നടത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം ഹിൽ പാലസ് മ്യൂസിയം, കോയിക്കൽ കൊട്ടാരം, പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളും നടന്നുവരുന്നു.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിൽ കെട്ടിടം പുനരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ സംരക്ഷിത പ്രവർത്തനങ്ങൾ നടന്നുവരുന്നു. നേപ്പിയർ മ്യൂസിയം കെട്ടിടത്തിന്റെ നവീകരണം, കലാവസ്തുക്കളുടെ ആധുനികരീതിയിലുള്ള പ്രദർശന സംവിധാനം എന്നിവ അന്തർദ്ദേശീയ നിലവാരത്തിൽ സജ്ജമാക്കുന്നതിനുള്ള സമഗ്രമായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ കുങ്കിച്ചിറയിൽ ഗോത്ര സമൂഹത്തിന്റെ ചരിത്രവും മലബാറിന്റെ പൈതൃകവും നിലനിർത്തിക്കൊണ്ട് പുതുതായി ആരംഭിക്കുന്ന പൈതൃക മ്യൂസിയം, കെട്ടിട നിർമ്മാണത്തിന്റെ 95%

പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെ ആരംഭത്തിൽ ആധുനിക രീതിയിലുള്ള പ്രദർശന സംവിധാനം (Display) സജ്ജമാക്കുന്നതിന് സർക്കാർ നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിൽ രാജ്യാന്തര നിലവാരത്തിലുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

തൃശ്ശൂർ മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

സംസ്ഥാന പുരാരേഖാ വകുപ്പ് തിരുവനന്തപുരത്ത് സജ്ജീകരിക്കാൻ പോകുന്ന താളിയോല രേഖാലയ മ്യൂസിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചുവരുന്നു.

(ബി) ഉണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി വീൽചെയറുകൾ മ്യൂസിയങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ റാമ്പുകൾ സ്ഥാപിക്കൽ, ഓഡിയോ വിഷ്വൽ സംവിധാനം ഏർപ്പെടുത്തൽ, മറ്റു സാങ്കേതിക വിദ്യകളുടെ പ്രയോജനപ്പെടുത്തൽ എന്നിവ ടി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാരായ സന്ദർശകരുടെ ആവശ്യത്തിനായി ലിഫ്റ്റ്, റാമ്പ്, പാർക്കിംഗ് സംവിധാനം, സ്പെഷ്യൽ ടോയ്ലറ്റുകൾ എന്നിവ ഏർപ്പെടുത്തി. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്നശേഷിക്കാർക്കായി ആധുനിക രീതിയിലുള്ള ഡിജിറ്റൽ സംവിധാനത്തിലൂടെയുള്ള പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ, ഷോർട്ട് ഫിലിമുകൾ, ശ്രൂവ്യ സംവിധാനം, ലൈറ്റിംഗ് സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യപടിയായി തിരുവനന്തപുരം, പത്തനംതിട്ട, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, മലപ്പുറം എന്നീ 8 ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

മ്യൂസിയങ്ങളുടെ സജ്ജീകരണ പുരോഗതി ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം:- ജില്ലാ പൈതൃക മ്യൂസിയം ശ്രീപാദം കൊട്ടാരത്തിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയത്തിന്റെ ഘടനാപരമായ സംരക്ഷണ ജോലികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

പത്തനംതിട്ട:- ജില്ലാ പൈതൃക മ്യൂസിയം കോന്നി ആനത്താവളത്തിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. കെട്ടിടങ്ങളുടെ നവീകരണം അവസാന ഘട്ടത്തിലാണ്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം ആരംഭിച്ചു.

ഇടുക്കി:-ഇടുക്കി ജില്ലാപഞ്ചായത്തിന്റെ കെട്ടിടത്തിലാണ് ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. മ്യൂസിയം കെട്ടിടത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ വകുപ്പ് പൂർത്തിയാക്കിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ പുരാവസ്തുക്കളുടെ ശേഖരണം പൂർത്തിയായിട്ടുണ്ട്.

എറണാകുളം:- ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലെ ബാസ്റ്റ്യൺ ബംഗ്ലാവിലാണ് സ്ഥാപിക്കുന്നത്. മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ ഘടനാപരമായ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശനവസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതിരേഖ M/s Fi Design & development (p) Ltd. എന്ന സ്ഥാപനം മുഖേന തയ്യാറാക്കിവരുന്നു.

തൃശ്ശൂർ: തൃശ്ശൂർ ചെമ്പുക്കാവിൽ സജ്ജീകരിച്ചിട്ടുള്ള തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കി 22-6-2018-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്.

പാലക്കാട്:- പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ ഘടനാപരമായ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മ്യൂസിയത്തിൽ സജ്ജീകരിക്കേണ്ട ഗ്യാലറികളുടെയും പ്രദർശന വസ്തുക്കളുടെയും വിശദാംശങ്ങൾ ചേർത്തുകൊണ്ടുള്ള പദ്ധതി രൂപരേഖ M/s Architechno Consultants India Pvt Ltd എന്ന സ്ഥാപനം മുഖേന പുരോഗമിച്ചുവരുന്നു.

പഴശ്ശി കുടീരത്തിലാണ് സ്ഥാപിക്കുന്നത്. കെട്ടിടത്തിന്റെ നവീകരണം, ക്യാമറകൾ സ്ഥാപിക്കൽ എന്നിവ പൂർത്തിയായി. ചുറ്റുമതിൽ നിർമ്മാണം, സന്ദർശകർക്കുള്ള ശുചിമുറി എന്നിവയുടെ നിർമ്മാണം പുരോഗതിയിലാണ്.

മലപ്പുറം:-ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ ടി കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ഡി) സ്വീകരിച്ചിട്ടുണ്ട്. മഹാൻമാരുടെ കയ്യൊപ്പുകൾ സൂക്ഷിക്കുന്ന കയ്യൊപ്പ് രേഖാലയ മ്യൂസിയം പുരാരേഖാ വകുപ്പ് ഡയറക്ടറേറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ഇ) ആലപ്പുഴ തുറമുഖ മ്യൂസിയം സജ്ജീകരിക്കുന്നത് സംബന്ധിച്ച് ഒരു യോഗം 28-10-2018-ന് ആലപ്പുഴയിൽ ചേരുകയും പ്രസ്തുത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഭിച്ച യോഗ നടപടി കുറിപ്പിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിനായി പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്.

## വികേന്ദ്രീകൃത നെല്ല് സംസ്കരണ വിതരണ പദ്ധതി

16(*166) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത നെല്ല് സംസ്കരണ വിതരണ പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഈ പദ്ധതിയുടെ ചെലവ് എപ്രകാരമാണെന്നും ഇതിന്റെ കൈകാര്യ ചെലവ് കേന്ദ്ര സർക്കാർ കുറച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) സംസ്ഥാന സർക്കാർ ഈ പദ്ധതി പ്രകാരം കൃഷിക്കാർക്ക് നല്കുന്നതിനായി വിനിയോഗിക്കുന്ന തുകയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം സംഭരണ വിലയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) രാജ്യത്തെ മുഖ്യ ധാന്യ സംഭരണ ഏജൻസിയായി പ്രവർത്തിച്ചുവരുന്ന ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ അനുവർത്തിക്കുന്ന ധാന്യസംഭരണ പ്രക്രിയ പരിഷ്കരിച്ച് കേന്ദ്ര ഭക്ഷ്യ പൊതുവിതരണ മന്ത്രാലയം 1997-98 മുതൽ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിപ്രകാരം കേരളത്തിലും 2005 മുതൽ വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് (സപ്ലൈകോ) ടി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല്, സപ്ലൈകോ ഏറ്റെടുത്ത് നവീന സംസ്കരണ ശാലകളിൽ

ഇരുപ്പുഴക്കൻ രീതിയിൽ കുത്തി അരിയാക്കിയശേഷം പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുകയും നെല്ലിന്റെ വില കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പി.ആർ.എസ്. വായ്പാ പദ്ധതി വഴി നിക്ഷേപിക്കുകയും ചെയ്യുന്നു.

(ബി) വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ നെല്ലിന്റെ താങ്ങുവില നിലവിൽ കിലോഗ്രാമിന് 17.50 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. നെല്ല് സംഭരണം മുതൽ സംസ്കരിച്ച് അരിയാക്കി വിതരണം ചെയ്യുന്നതുവരെയുള്ള കൈകാര്യ ചെലവുകൾ കേന്ദ്ര സർക്കാർ വഹിക്കുന്നു. നിലവിൽ 1 കിലോ അരിയുടെ സംസ്കരണ വിതരണ ചെലവ് ഉൾപ്പെടെ കിലോ ഗ്രാമിന് 30.09 രൂപ നിരക്കിൽ കേന്ദ്ര സർക്കാർ നൽകിവരുന്നതും ആയത് മുൻവർഷത്തെ കൈകാര്യ ചെലവിനേക്കാൾ കുറവുമാണ്.

(സി) കേന്ദ്രസർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവിലയായ കിലോഗ്രാമിന് 17.50 രൂപയ്ക്ക് പുറമെ സംസ്ഥാന പ്രോത്സാഹന ബോണസായ കിലോഗ്രാമിന് 7.80 രൂപയും ചേർത്ത് നിലവിൽ 25.30 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. നടപ്പ് സാമ്പത്തികവർഷം നെല്ല് സംഭരണത്തിനായി 525 കോടി രൂപ പദ്ധതിയേതര വിഹിതമായി സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.

(ഡി) നെല്ല് സംഭരണ പദ്ധതിയിൽ കഴിഞ്ഞ സീസണിലേതിൽ നിന്നും കേന്ദ്ര സർക്കാർ 2 രൂപ വർദ്ധിപ്പിച്ച് കിലോഗ്രാമിന് 25.30 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തിവരുന്നത്.

**നിപ വൈറസ്-പ്രതിരോധ നടപടികൾ**

17(*167) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. കെ. എൻ. എ. ഖാദർ :</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> :
<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധയുടെ രണ്ടാം വരവിന് സാധ്യതയുണ്ടെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഡിസംബർ മുതൽ ജൂൺ വരെയാണ് നിപ വൈറസിന്റെ വ്യാപനകാലം എന്നതിനാൽ ഈ കാലയളവിൽ കർശന സുരക്ഷാ പ്രതിരോധ നടപടികൾ കൈക്കൊള്ളുമോ;

(സി) കഴിഞ്ഞ മേയ് മാസത്തെ നിപ വൈറസ് ബാധക്കുശേഷം സംസ്ഥാനത്തെവിടെയെങ്കിലും നിപ വൈറസ് ബാധ സ്ഥിരീകരിച്ചതായി റിപ്പോർട്ടുണ്ടോ; വിശദമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ&ബി) വവ്വാലുകളുടെ പ്രജനനകാലം ഡിസംബർ മുതൽ മേയ് മാസം വരെയാണെന്നും ആ സമയങ്ങളിലാണ് നിപ വൈറസിന്റെ വ്യാപനം ഉണ്ടാകുന്നത് എന്നതിന്റെയും അടിസ്ഥാനത്തിൽ ഇതുസംബന്ധിച്ച ജാഗ്രതാ നിർദ്ദേശവും മുൻകരുതൽ നടപടികളെ സംബന്ധിച്ച നിർദ്ദേശവും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. അതനുസരിച്ച് രോഗ-പ്രതിരോധ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരികയാണ്.

കൂടാതെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്റ്റേറ്റ്/റീജിയണൽ പീഡ് സെല്ലിന്റെ കീഴിൽ ഒരു outbreak Monitoring Unit (OMU) സജ്ജീകരിച്ചിട്ടുണ്ട്. ജനറൽ മെഡിസിൻ, പീഡിയാട്രിക്, മൈക്രോ ബയോളജി, ഇൻഫെക്ഷ്യസ് ഡിസീസ് (IDU), കമ്മ്യൂണിറ്റി മെഡിസിൻ, പത്തോളജി, ഫോറൻസിക് മെഡിസിൻ മുതലായ വിഭാഗങ്ങളിൽ ഓരോ നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. OMU-വിന്റെ കൺവീനർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടുമാരാണ്. അവശ്യഘട്ടങ്ങളിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരെയും പ്രസ്തുത യൂണിറ്റിൽ ഉൾപ്പെടുത്തുന്നു. സാധാരണ പരിശോധനയിൽ കണ്ടുപിടിക്കാൻ പറ്റാത്ത ഗുരുതരമായ രോഗങ്ങളുടെ നിർണ്ണയം, രോഗചികിത്സ, പകർച്ച തടയൽ എന്നിവയാണ് ഇതിന്റെ ലക്ഷ്യം. പ്രസ്തുത യൂണിറ്റിന്റെ യോഗം കൂടുകയും അതിൽ നിർദ്ദേശിക്കപ്പെടുന്നതനുസരിച്ച് സ്റ്റാഫ് നഴ്സ്, ഹൗസ് സർജൻസി, ആശാ വർക്കേഴ്സ് എന്നിവർക്കായി പരിശീലന പരിപാടികൾ നൽകുകയും ചെയ്യുന്നു. പനി ബാധിതരായി വരുന്ന രോഗികളെ കർശന നിരീക്ഷണത്തിന് വിധേയമാക്കുകയും വിദഗ്ധ ചികിത്സയ്ക്കുവേണ്ടിയുള്ള സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശുപത്രി ജീവനക്കാർക്കും Personal Protective Equipments നൽകുന്നു.

(സി) ഇല്ല. രോഗനിരീക്ഷണം നടത്തുന്നവരുണ്ട്. നിപ രോഗലക്ഷണം ഉള്ളവരായി ആരെയും കണ്ടെത്തിയിട്ടില്ല.

**ഭക്ഷ്യഭദ്രതാ നിയമംമൂലം റേഷൻ സമ്പ്രദായത്തിലുണ്ടായ മാറ്റങ്ങൾ**

18(*168) ശ്രീ. രാജു എബ്രഹാം :
ശ്രീ. ഒ. ആർ. കേളു :
ശ്രീമതി യു. പ്രതിഭ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1966 മുതൽ നിലനിന്ന സാർവത്രിക റേഷൻ സമ്പ്രദായത്തെ ഭക്ഷ്യഭദ്രതാ നിയമം ദുർബലപ്പെടുത്തിയത് പരിഹരിക്കാനായി നടത്തിവരുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) ആവശ്യാനുസരണം ഭക്ഷ്യധാന്യ വിഹിതം ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ടോ;

(സി) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി സുതാര്യത ഉറപ്പാക്കുന്നതിനും ഭക്ഷ്യധാന്യ വിതരണത്തിൽ ഉണ്ടായിരുന്ന വലിയ തോതിലുള്ള അഴിമതി തടയുന്നതിനും സ്വീകരിച്ച നടപടികളുടെ കാര്യക്ഷമത പരിശോധിച്ചിട്ടുണ്ടോ;

(ഡി) വിതരണത്തിനായുള്ള അരി കടയിൽ എത്തിച്ച് തൂക്കിനൽകുന്ന പ്രവർത്തനത്തിൽ ചിലപ്പോഴെങ്കിലും വേണ്ടത്ര കാര്യക്ഷമതയില്ലെന്ന പ്രശ്നം പരിഹരിക്കാൻ ശ്രദ്ധിക്കുമോ;

(ഇ) ഭക്ഷ്യവിതരണ രംഗത്തെ ക്രമക്കേട് തടയുന്നതിനായി സോഷ്യൽ ഓഡിറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) കേരളത്തിലെ പൊതുവിതരണ സംവിധാനം പല ഘട്ടങ്ങളിലൂടെ മാറ്റത്തിന് വിധേയമായിട്ടാണ് നിലവിലെ സംവിധാനം രൂപപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്തെ റേഷനിംഗ് സമ്പ്രദായം സാർവ്വത്രികമായിരുന്നതിൽ നിന്ന് ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ-താഴെയുള്ളവർ (എ.പി.എൽ.-ബി.പി.എൽ.) എന്ന വിഭജനത്തോടുകൂടി ലക്ഷ്യാധിഷ്ഠിതമായി മാറിയത് 1-6-1997 മുതലാണ്. 2000-ൽ കേന്ദ്ര സർക്കാർ എ.എ.വൈ. സ്കീം, അന്നപൂർണ്ണ സ്കീം എന്നിവ നടപ്പാക്കി. തുടർന്ന് അഡ്ഹോക്ക് അലോട്ട്മെന്റിലൂടെ 2016 വരെ സംസ്ഥാനത്ത് ഭക്ഷ്യ വിഹിതം നൽകിയിരുന്നു.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ അനുച്ഛേദം 3(1) പ്രകാരം ടി നിയമം നിലവിൽവന്ന 2013-നുമുമ്പുള്ള മൂന്ന് വർഷത്തെ നോർമൽ അലോട്ടുമെന്റിന്റെ ശരാശരി അളവ് സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുനൽകുന്നു. എന്നാൽ അഡ്ഹോക്ക് വിഹിതമുൾപ്പെടെ ലഭ്യമായ ശരാശരി 16.01 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം പൂർണ്ണമായും വിട്ടെടുത്ത് ഉപയോഗിച്ച സംസ്ഥാനമെന്ന നിലയിൽ, ടി വിഹിതം കണക്കാക്കാതെ സംസ്ഥാനത്തിന്റെ വാർഷിക വിഹിതം 14.25 ലക്ഷം മെട്രിക് ടൺ ആയിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളിൽ മുൻഗണനാ വിഭാഗക്കാർക്ക് വേണ്ടിവരുന്ന 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ കഴിച്ച് ബാക്കി വരുന്ന 4 ലക്ഷം മെട്രിക് ടൺ വിഹിതത്തിൽ നിന്നുമാണ് മുൻഗണനേതര വിഭാഗങ്ങൾക്ക് വിതരണം നടത്തിവരുന്നത്.

(ബി) ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതത്തിന്റെ അളവ് കണക്കാക്കിയത് പുനഃപരിശോധിക്കണമെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യത്തിന് 14-8-2015-ലെ 1/Kerala/2015-NFSA നമ്പരിലുള്ള കേന്ദ്രസർക്കാർ കത്തിൽ 2010-11 മുതൽ 2012-13 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ എ.പി.എൽ. വിഹിതത്തിലുള്ള കേരളത്തിന്റെ ഓഫ് ടേക്കിന്റെ വാർഷിക ശരാശരി കണക്കിലെടുത്താണ് ടൈഡ് ഓവർ വിഹിതം കണക്കാക്കിയിട്ടുള്ളതെന്നും എല്ലാ സംസ്ഥാനങ്ങൾക്കും ഇതേ രീതി തന്നെയാണ് അവലംബിച്ചിരിക്കുന്നത് എന്നതിനാൽ കേരളത്തിന് മാത്രമായി വ്യത്യാസം വരുത്താൻ കഴിയില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. കേരളത്തിന് കണക്കാക്കിയിട്ടുള്ള ടൈഡ് ഓവർ വിഹിതം സംസ്ഥാനത്തിന് പര്യാപ്തമാണെന്നും ടി കത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ സർക്കാർതലത്തിലും ഗവർണർമാരുടെ സമ്മേളനത്തിലും എം.പി.-മാരുടെ കോൺഫറൻസിലും സർവ്വകക്ഷിതലത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിട്ടുകണ്ടും റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംസ്ഥാന വിഹിതം വർദ്ധിപ്പിക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നെങ്കിലും ആയതിന്മേൽ അനുഭാവപൂർണ്ണമായ സമീപനം നാളിതുവരെ കേന്ദ്രസർക്കാരിൽ നിന്ന് ഉണ്ടായിട്ടില്ല.

(സി) റേഷൻ വിതരണം സുഗമമാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്:

സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.

റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.

ജില്ലാ പരാതിപരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചു.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന, ജില്ലാ, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

റേഷൻ കടകൾ വൈവിധ്യവത്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

നവീകരണത്തിനായി ഒരു റേഷൻ കടയ്ക്ക് 2,500 രൂപ വീതം അനുവദിച്ചു.

428 കോടി വാർഷിക സാമ്പത്തിക ബാദ്ധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കി.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.

(ഡി) 75 താലൂക്കുകളിലെ ഏകദേശം 225 ഗോഡൗൺ മുഖേന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാതിൽപ്പടി വിതരണം നടത്തിവരുന്നുണ്ട്. വാതിൽപ്പടി വിതരണം നടത്തുമ്പോൾ കൃത്യമായ തൂക്കം ലഭിക്കുന്നില്ലെന്നുള്ള റേഷൻ വ്യാപാരികളുടെ പരാതി പരിഹരിക്കുന്നതിനായി 2019 ജനുവരി മുതൽ നിലവിൽ വന്ന ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടിൽ റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുമ്പോൾ തൂക്കം ഉറപ്പുവരുത്തി നൽകണമെന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഇ) സോഷ്യൽ ഓഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് തിരുവനന്തപുരം ജില്ലയിൽ നടത്തിവരുന്നു. ആയത് 2019 മാർച്ച് മാസത്തിനുള്ളിൽ പൂർത്തിയാക്കുന്നതാണ്. തുടർന്ന് സംസ്ഥാനത്ത് മുഴുവൻ വ്യാപിപ്പിക്കുന്നതിനുള്ള തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്.

### കേരള മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ

19(*169) ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. മുകേഷ് :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട തുറമുഖങ്ങളുടെ സമഗ്രവികസനത്തിനും പരിപാലനത്തിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം, നാവിഗേഷൻ, ചെറുകിട തുറമുഖങ്ങൾ എന്നിവയുടെ വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിട്ടുള്ള കേരള മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ വകുപ്പുകൾ നടത്തുന്ന തീരദേശ വികസനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നാവിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മാരിടൈം ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): (എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും അതുവഴി പ്രാദേശിക സാമ്പത്തിക വ്യാപാര പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംസ്ഥാനത്തെ ചെറുകിട ഇടത്തരം തുറമുഖങ്ങൾ മുഖേനയുള്ള ചരക്കുഗതാഗതത്തിന് സുപ്രധാനമായ പങ്കുവഹിക്കാൻ സാധിക്കുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ചരക്കു ഗതാഗതം തുറമുഖങ്ങൾ വഴിയാക്കുന്നതിനുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. വിഴിഞ്ഞം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിൽ പൊതു-സ്വകാര്യ മേഖലാ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. അഴീക്കൽ തുറമുഖം വികസിപ്പിക്കുന്നതിനായി ഒരു കമ്പനി (SPV) രൂപീകരിച്ചു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കൺസൾട്ടന്റിനെ നിയമിച്ചു. പൊന്നാനി തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെ വികസിപ്പിക്കുന്നതിനുള്ള കരാർ നടപ്പാക്കുന്നതിന് ശ്രമിച്ചുവരുന്നു. കൊല്ലം തുറമുഖത്ത് ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ചെറുകിട തുറമുഖങ്ങൾ വഴിയുള്ള കയറ്റിറക്കുമതി വർദ്ധിപ്പിക്കുന്നതിലൂടെ അവയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചെറുകിട തുറമുഖങ്ങളിലെ കയറ്റിറക്കുമതിക്ക് ഇൻസെന്റീവ് നൽകിവരുന്നു. ഇതിന്റെ ഭാഗമായി തുറമുഖവുമായി ബന്ധപ്പെട്ട നിലവിലെ വിവിധ നിരക്കുകൾ കാലാനുസൃതമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

കോസ്റ്റൽ ഷിപ്പിംഗിന്റെ ഭാഗമായി അഴീക്കൽ, കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിനുകൾ, റീച്ച് സ്റ്റാക്കറുകൾ, വേ-ബ്രിഡ്ജ് എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ തുറമുഖങ്ങളിൽ പുതിയ ടഗ്ഗുകൾ വാങ്ങി കമ്മീഷൻ ചെയ്തു. ബേപ്പൂർ, കൊല്ലം തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് & ഇൻഫർമേഷൻ സിസ്റ്റം (വി.ടി.എം.എസ്.) സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ പുതുതായി ശക്തികൂടിയ 450 എച്ച്.പി. ടഗ്ഗുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നുണ്ട്.

(ബി & സി) സംസ്ഥാനത്തെ തീരദേശ കപ്പൽ ഗതാഗതം, നാവിഗേഷൻ, ചെറുകിട തുറമുഖങ്ങൾ എന്നിവയുടെ വികസനം ലക്ഷ്യമാക്കി 16-9-2017-ൽ കേരള മാരിടൈം ബോർഡ് ആക്ട് വിജ്ഞാപനം ചെയ്തു. 2-2-2018-ലെ സ.ഉ.(കൈ) നമ്പർ 1/2018/മതുവ പ്രകാരം കേരള മാരിടൈം ബോർഡിലെ അംഗങ്ങളെ നിയോഗിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയർമാൻ ഉൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ 25-7-2018-ന് ചുമതലയേൽക്കുകയും ചെയ്തു. കേരള മാരിടൈം ബോർഡ് സംബന്ധിച്ച ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചട്ടങ്ങൾ പ്രാബല്യത്തിലായാൽ മാത്രമേ മാരിടൈം ബോർഡിന് പൂർണ്ണരീതിയിൽ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

**റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ**

20(*170) ശ്രീ. ടി. വി. ഇബ്രാഹിം :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ റേഡിയേഷൻ സുരക്ഷാ പരിശോധനയിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലോ മെഡിക്കൽ കോളേജുകളിലോ പ്രവർത്തിക്കുന്ന എക്സ്റേ യൂണിറ്റുകളിൽ ഏതെങ്കിലും റേഡിയേഷൻ സുരക്ഷാമാനദണ്ഡങ്ങൾ ലംഘിച്ചുവെന്ന് കണ്ടെത്തി പ്രവർത്തനം നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ;

(ബി) സർക്കാർ/സ്വകാര്യ മേഖലകളിൽ പ്രവർത്തിക്കുന്ന റേഡിയേഷൻ രോഗനിർണ്ണയ സംവിധാനങ്ങൾ, റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) കോട്ടയം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോ ഡയഗ്നോസിസ് വിഭാഗത്തിലെ എ റൂമിൽ സ്ഥാപിച്ചിരുന്ന 500MA എക്സ്-റേ മെഷീൻ റേഡിയേഷൻ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെന്ന് 12-12-2018-ന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡ് നടത്തിയ റെഗുലേറ്ററി പരിശോധനയിൽ കണ്ടെത്തുകയും മെഷീൻ ശരിയാക്കാൻ കഴിയുന്നതല്ലെങ്കിൽ ഡീ-കമ്മീഷൻ ചെയ്യാൻ ശിപാർശ ചെയ്യുകയുമുണ്ടായി. പ്രസ്തുത മെഷീൻ 2004-ൽ സ്ഥാപിക്കപ്പെട്ടതും നന്നാക്കാൻ സാധിക്കാത്തവിധം കാലഹരണപ്പെട്ടതുമായതിനാൽ പൊളിച്ചുമാറ്റാൻ തീരുമാനിക്കുകയും ചെയ്തു.

(ബി) മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലും റേഡിയേഷൻ സുരക്ഷാ പരിശോധനകൾ കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ (എ.ഇ.ആർ.ബി.) വിദഗ്ദ്ധർ നടത്തുമെന്ന് എ.ഇ.ആർ.ബി. സർക്കാരിനെ അറിയിച്ചിട്ടുണ്ട്. റേഡിയേഷൻ സുരക്ഷാ വീഴ്ചകൾ സംബന്ധിച്ച് റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് ലഭിക്കുന്ന പരാതികളിൽ നടപടി സ്വീകരിക്കുന്നതിന് കേന്ദ്ര ആണവോർജ്ജ നിയന്ത്രണ ബോർഡിന്റെ ശ്രദ്ധയിൽപ്പെടുത്താൻ റേഡിയേഷൻ സുരക്ഷാ കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാലാവധി കഴിഞ്ഞ മരുന്നുകളുടെ വിൽപ്പന**

21(*171) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞ മരുന്നുകളും ഗുളികകളും അവയുടെമേൽ പതിച്ചിട്ടുള്ള കാലാവധി തീയതി തിരുത്തി വീണ്ടും വിൽപ്പനയ്ക്ക് എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലഹരണപ്പെടുന്ന മരുന്നുകളുടെ കാര്യത്തിൽ ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കാമോ;

(സി) കാലഹരണപ്പെട്ട മരുന്നുകൾ സംസ്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ; ഇതിനായി യൂണിറ്റുകൾ സംസ്ഥാനത്ത് നിലവിലുണ്ടോ;

(ഡി) ഗുണനിലവാരമില്ലാത്തതും കാലഹരണപ്പെട്ടതുമായ മരുന്നുകൾ ഉപയോഗിക്കുന്നില്ല എന്നുറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കാൻ പാടില്ലെന്നും വിൽപ്പനയ്ക്കുള്ള മരുന്നുകളിൽനിന്നും ഇവ പ്രത്യേകമായി അടയാളപ്പെടുത്തി മാറ്റി സൂക്ഷിക്കണമെന്നും കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1940 അനുബന്ധ ചട്ടങ്ങളിലെ 65(17)-ൽ നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ കാലാവധി

കഴിഞ്ഞ മരുന്നുകൾ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ വില്പന മരുന്നുകളുടെ കൂടെ സ്റ്റോക്ക് ചെയ്യുന്നില്ലെന്നും അവ വില്പന നടത്തുന്നില്ലെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്.

(സി) കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട്, 1940-ഉം അനുബന്ധ ചട്ടങ്ങളും പ്രകാരമാണ് രാജ്യത്ത് മരുന്ന് നിർമ്മാണം, സംഭരണം, വിതരണം/വില്പന എന്നിവ നടത്തുന്നത്. കാലാവധി കഴിഞ്ഞ മരുന്നുകൾ നിർമ്മാർജ്ജനം ചെയ്യുന്നത് സംബന്ധിച്ചുള്ള ഉത്തരവാദിത്വം പ്രസ്തുത നിയമത്തിൽ പ്രതിപാദിക്കുന്നില്ല. കാലഹരണപ്പെട്ട മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കേണ്ടതിന്റെ ചുമതല സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രസ്തുത നിയമത്തിൽ ഭേദഗതി വരുത്തേണ്ടതായിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപയോഗശൂന്യമായ മരുന്നുകളും അനുബന്ധ സാമഗ്രികളും IMA-യുടെ കീഴിലുള്ള M/s. India Medical Association Goes Eco friendly (IMAGE) എന്ന സ്ഥാപനത്തിന് കൈമാറിയിരുന്നു. പാലക്കാടാണ് IMAGE-ന്റെ പ്ലാന്റ് സ്ഥിതി ചെയ്യുന്നത്. കൂടാതെ ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള മരുന്നുകൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കേരള ആന്റിബയോട്ടിക് റസിസ്റ്റൻസ് സ്ട്രാറ്റജിക്ക് ആക്ഷൻ പ്ലാൻ (KARSAP)-ൽ ഉൾപ്പെടുത്തി ഒരു പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ഒരു മരുന്ന് അതിനായി നിഷ്കർഷിച്ചിട്ടുള്ള എല്ലാ ഗുണനിലവാര മാനദണ്ഡങ്ങളും കർശനമായി പാലിച്ചെന്ന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ വിപണിയിലെത്തിക്കാൻ പാടുള്ളൂവെന്ന് ഡ്രഗ്സ് &കോസ്മെറ്റിക്സ് ആക്ടിൽ നിഷ്കർഷിച്ചിട്ടുണ്ട്. ആയത് ഉറപ്പുവരുത്തുന്നതിലേയ്ക്കായി രാജ്യത്തുടനീളമുള്ള ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ മരുന്നുൽപ്പാദന ശാലകൾ നിരന്തരം പരിശോധിക്കുകയും വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. ഇപ്രകാരം നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നുകളുടെയും തീവ്രമായ ഗുണനിലവാര പരിശോധന നിർമ്മാണ ഘട്ടങ്ങളിൽത്തന്നെ ഉറപ്പാക്കിയശേഷമാണ് നിർമ്മാതാക്കൾ അത് വിപണിയിലെത്തിക്കുന്നത്. വിപണിയിലെത്തിയ ശേഷവും പ്രസ്തുത മരുന്നുകളുടെ കാലാവധിയിലുടനീളം നിശ്ചിത ഗുണനിലവാരം പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കുവേണ്ടിയാണ് വകുപ്പുദ്യോഗസ്ഥർ എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ ഔഷധ വ്യാപാര സ്ഥാപനങ്ങൾ, ആശുപത്രികൾ (സർക്കാർ/ സ്വകാര്യ) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കായി മരുന്ന് പരിശോധനാ ലാബോറട്ടറിയിലേയ്ക്ക് അയയ്ക്കുന്നത്. നിശ്ചിത ഗുണനിലവാരമില്ലാത്തതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ

വിതരണ ശൃംഖല കണ്ടെത്തി അവ വിപണിയിൽനിന്നും പിൻവലിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുകയും നിർമ്മാതാക്കൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

ഒരു മരുന്നിന്റെ കാലാവധി കഴിയുന്നതിനുമുമ്പായി അവ വിതരണക്കാർ മുഖാന്തിരം നിർമ്മാതാവിന് തിരികെ നൽകി മുഴുവൻ തുകയും തിരികെ ലഭ്യമാക്കുന്ന സംവിധാനമാണ് നിലവിലുള്ളത്. ആയതിനാൽ, കാലാവധി കഴിഞ്ഞ മരുന്നുകൾ വിൽക്കുന്ന സാഹചര്യം നിലവിലുള്ളതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ മരുന്നുകൾ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ വില്പനയ്ക്കായുള്ള മരുന്നുകളുടെ കൂടെ സ്റ്റോക്ക് ചെയ്യുന്നില്ലെന്നും അവ വില്പന നടത്തുന്നില്ലെന്നും ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ ഉറപ്പുവരുത്താറുണ്ട്. എന്നിരുന്നാലും, ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനകളിൽ വൻതോതിലോ മനഃപൂർവ്വമായോ കാലാവധി കഴിഞ്ഞ മരുന്നുകൾ വില്പന നടത്തുന്നതായി കണ്ടെത്തിയാൽ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്ന മരുന്നുകളുടെ സംഭരണ-വിതരണ പ്രക്രിയ കൈകാര്യം ചെയ്യുന്നത് DDMS സോഫ്റ്റ്‌വെയർ മുഖേന മാത്രമാണ്. വിതരണക്കാരൻ മുതൽ ആശുപത്രി ഫാർമസി വരെ DDMS സോഫ്റ്റ്‌വെയർ വ്യാപിച്ചിട്ടുണ്ട്. First-Expiry-First-Out(FEFO) മാനദണ്ഡം നിർബന്ധമായും പാലിച്ചുകൊണ്ടാണ് സോഫ്റ്റ്‌വെയറിലൂടെ ഇനങ്ങൾ ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്.

സംഭരിക്കപ്പെടുന്ന ഇനം മരുന്നുകൾ കാലഹരണപ്പെടുന്നപക്ഷം അവ സോഫ്റ്റ്‌വെയറിൽ നിന്നും ഒഴിവാക്കപ്പെടുന്നു. ഇത്തരം മരുന്നുകളെ തരംതിരിച്ച് പായ്ക്കുചെയ്ത്, ലേബൽ പതിപ്പിച്ച് സംഭരണശാലകളിലെ ക്വാരണ്ടെയ്ൻ ഏരിയയിൽ സൂക്ഷിക്കുന്നു. ഇത്തരത്തിൽ സംഭരണശാലകളിലെ ഉപയോഗപ്രദമായ ഇനങ്ങളുടെ ഏരിയയിൽ നിന്നും അകറ്റി, ഉപയോഗശൂന്യമായ ഇനങ്ങളുടെ മേഖലയിൽ പ്രത്യേകമായി സൂക്ഷിക്കുന്നതുകൊണ്ട് അവ ആശുപത്രികൾക്ക് വിതരണം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു.

**പ്രളയത്തിൽ കേടായ അരിയും നെല്ലും നീക്കാനുള്ള ടെണ്ടർ**

22(*172) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുന്ന മില്ലുടമകളും അവരുടെ ബന്ധുക്കളും ഏജന്റുമാരും, പ്രളയത്തിൽ കേടായ അരിയും നെല്ലും നീക്കുവാൻ ക്ഷണിച്ച ടെണ്ടറിൽ പങ്കെടുക്കാൻ പാടില്ലായെന്ന വ്യവസ്ഥ ഉണ്ടായിരുന്നോ;

(ബി) എങ്കിൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഇപ്രകാരമുള്ള അരിയും നെല്ലും നീക്കം ചെയ്യാനുള്ള ടെണ്ടർ നേടിയ പലരും സപ്ലൈകോയ്ക്ക് അരി നൽകാൻ കരാർ എടുത്ത കമ്പനികളും അവരുടെ ബന്ധുക്കളുമായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ 27 മില്ലുകളിൽ നിന്നും അരി നീക്കം ചെയ്യാൻ കരാർ നേടിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ഡി) കരാറിൽ യോഗ്യത നേടിയ മൂന്ന് കമ്പനികൾ കാലിത്തീറ്റ നിർമ്മാതാക്കളായിരുന്നുവെന്ന് കമ്പനിയുടെ പേരിൽ നിന്നുതന്നെ വ്യക്തമായിരിക്കേ, അവർക്ക് ടെണ്ടറിൽ പങ്കെടുക്കാൻ അനുമതി ലഭിച്ചത് ഏത് സാഹചര്യത്തിലാണ്; വിശദമാക്കുമോ;

(ഇ) പ്രസ്തുത അരിയും നെല്ലും കാലിത്തീറ്റക്ക് പോലും ഉപയോഗിക്കരുതെന്ന ഹൈക്കോടതി ഉത്തരവ് നിലനിൽക്കുമ്പോൾ അതിന് വിരുദ്ധമായി പ്രസ്തുത സ്ഥാപനങ്ങൾക്ക് കരാർ നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത്; അറിയിക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (<u>ശ്രീ. പി. തിലോത്തമൻ</u>): (എ) മില്ലുടമകളും അവരുടെ ഏജന്റുമാരും ടെണ്ടറിൽ പങ്കെടുക്കരുതെന്ന വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ, മില്ലുടമകളുടെ ബന്ധുക്കൾ ടെണ്ടറിൽ പങ്കെടുക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലായിരുന്നു.

(ബി) ടെണ്ടർ നേടിയവരിൽ മൂന്നുപേർ സപ്ലൈകോയുമായി കരാറിലേർപ്പെട്ട മില്ലുടമകളുടെ ബന്ധുക്കളാണ്. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ബന്ധുക്കളെ ഒഴിവാക്കേണ്ടതില്ല. എന്നാൽ ടെണ്ടർ വ്യവസ്ഥകൾ ഉണ്ടാക്കിയതിന്റെ അന്തസ്സത്ത പരിഗണിച്ച് ഇവരെ ഒഴിവാക്കുന്നതായിരിക്കും അഭികാമ്യമെന്ന നിയമോപദേശം ലഭിച്ച സാഹചര്യത്തിൽ ഇവരെ ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കരാർ നേടിയ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) ടെണ്ടർ നിബന്ധനപ്രകാരം കാലിത്തീറ്റ നിർമ്മാതാക്കൾക്ക് ടെണ്ടറിൽ പങ്കെടുക്കുന്നതിന് യാതൊരു വിലക്കുമില്ല.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന് വിരുദ്ധമായി പ്രവർത്തിച്ചിട്ടില്ല. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29-11-2018 ലെ WP(C) 34566/18-ാം നമ്പർ അന്തിമ ഉത്തരവിന്റെ പ്രസക്ത ഭാഗം താഴെപ്പറയും പ്രകാരമാണ്:

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

" Despite finding, primafacie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them" .

**ഐ. ടി. നയത്തിലുള്ള മാറ്റം**

23(*173) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നയരൂപീകരണത്തിലും പ്രവർത്തനങ്ങളിലും സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയറുകളുടെ പങ്ക് നിർണ്ണായകമാണെന്ന് ഐ.ടി. നയത്തിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ നിർബന്ധമാക്കുന്നതിനുള്ള ഐ.ടി. നയത്തിലെ പ്രഖ്യാപനങ്ങൾക്ക് കടകവിരുദ്ധമായി സർക്കാർ സ്ഥാപനങ്ങളിൽ കുത്തക കമ്പനികളുടെ സോഫ്റ്റ്‌വെയറുകൾ വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; വിശദമാക്കുമോ;

(സി) മൈക്രോസോഫ്റ്റിന്റെ വിൻഡോസ് 10 വാങ്ങുന്നതിന് സർക്കാർ വില നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) ഈ നയം മാറ്റം സ്വതന്ത്ര സോഫ്റ്റ്‌വെയറുകളുടെ ഉപയോഗത്തിൽ സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങളെ പുറകോട്ടടിക്കുന്ന സാഹചര്യമുണ്ടാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി&സി) സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ പ്രോത്സാഹിപ്പിക്കുന്ന നയത്തിൽ സർക്കാർ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ ചില സർക്കാർ പദ്ധതികളുമായി ബന്ധപ്പെട്ട് വികസിപ്പിച്ച ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നതിനും ഇ-പ്രൊക്യൂർമെന്റ് (e-Procurement), ആർക്ക്ജിസ് (Arcgis), ആട്ടോകാഡ് (AUTOCAD), മാറ്റ്ലാബ് (MATLAB), ഫോട്ടോഷോപ്പ് (PHOTOSHOP),

ലൈറ്റ് റൂം (Light room) തുടങ്ങിയ ചില ആപ്ലിക്കേഷനുകൾ പ്രവർത്തിക്കുന്നതിനും വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം അനിവാര്യമായതിനാൽ ഇക്കാര്യം സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയ കേസുകളിൽ മാത്രം വിൻഡോസ് ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിന് അനുമതി നൽകുന്നുണ്ട്.

കൂടാതെ മേൽസൂചിപ്പിച്ച ആപ്ലിക്കേഷനുകൾ ഉപയോഗിക്കുന്നതിനായി പഴയ വിൻഡോസ് വേർഷനുകൾ (Windows XP, Windows 7, Windows 8 etc.) ഉപയോഗിച്ചുവരുന്ന പല വകുപ്പുകളും വിൻഡോസിന്റെ ഏറ്റവും പുതിയ വേർഷനായ വിൻഡോസ് 10 (Windows 10)-ലേയ്ക്ക് മാറുന്നതിനുള്ള സന്നദ്ധത പ്രകടിപ്പിക്കുകയും ഇതിനായി 14-8-2018-ന് കൂടിയ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ Hi-Power Committee-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോസോഫ്റ്റ് വിൻഡോസിന്റെ ഏറ്റവും പുതിയ പതിപ്പായ വിൻഡോസ് 10-ന്റെ ഒറിജിനൽ ലൈസൻസ് കുറഞ്ഞ നിരക്കിൽ (4602 രൂപ) ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ആയത് അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയുണ്ടായി.

(ഡി) സ്വതന്ത്ര സോഫ്റ്റ്‌വെയർ സംബന്ധിച്ച ഐ.ടി. നയത്തിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല.

**പ്രളയത്തിൽ ഉപയോഗശൂന്യമായ അരിയുടെ വിതരണം**

24(*174) <u>ശ്രീ. അനിൽ അക്കര</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ ഉപയോഗശൂന്യമായതിനെത്തുടർന്ന് നീക്കംചെയ്ത അരി പോളിഷ് ചെയ്ത് സപ്ലൈകോ ലേബലിൽ വീണ്ടും സംസ്ഥാനത്ത് വിതരണം ചെയ്യാനായി തമിഴ്നാട്ടിലെ മില്ലുകളിൽ തയ്യാറാക്കുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടായ അരിയും നെല്ലും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ടെണ്ടർ വഴി നീക്കം ചെയ്തിരുന്നോ; എങ്കിൽ ആരൊക്കെയാണ് ടെണ്ടറിൽ പങ്കെടുത്തത്; എത്ര ടൺ ഉപയോഗശൂന്യമായ അരിയാണ് ടെണ്ടർവഴി നല്കിയത്; വ്യക്തമാക്കുമോ;

(സി) കാലിത്തീറ്റയ്ക്കുപോലും ഉപയോഗിക്കരുതെന്ന് ഹൈക്കോടതി നിർദ്ദേശിച്ച അരി സപ്ലൈകോവഴി സംസ്ഥാനത്ത് എത്തിയാൽ ഉണ്ടാകാവുന്ന ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേടായ അരിയും നെല്ലും നീക്കം ചെയ്യുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. 26148.239 ടൺ ഉപയോഗശൂന്യമായ അരിയാണ് ടെണ്ടർ വഴി നീക്കം ചെയ്യാൻ അനുമതി നൽകിയത്. ടെണ്ടറിൽ പങ്കെടുത്തവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 29-11-2018-ലെ WP(C) 34566/18-ാം നമ്പർ അന്തിമ ഉത്തരവ് താഴെപ്പറയുംപ്രകാരമാണ്:

"Despite finding, primafacie, that the terms and conditions of the tender clearly safeguarded against any possible misuse of the damaged rice and paddy subsequent to the tender process, we took note of the apprehension raised by the petitioners and found that certain additional safeguards would be required in order to ensure that the damaged rice and paddy purchased by the successful tenderers, pursuant to the auction process, did not find its way into the manufacture of edible food products intended for human consumption. We accordingly directed the 2nd respondent in the Writ Petition to produce a format of the undertaking to be obtained from the successful tenderers, at the time of delivering the purchased goods to them" .

ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാദ്ധ്യത കണക്കിലെടുത്ത് കരാറുകാരുടെയും മില്ലുകളുടെയും വിശദവിവരങ്ങൾ ഡി.ജി.പി., ഫുഡ് സേഫ്റ്റി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ എന്നിവരെ അറിയിക്കുകയും വിപണിയിലും സംഭരണശാലകളിലും നടത്തുന്ന പരിശോധനകളിൽ ഇക്കാര്യം ഉൾപ്പെടുത്തി കർശന നടപടിയെടുക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിവിൽ സപ്ലൈസ് വകുപ്പിന്റെ പരിശോധനകളിലും ഇക്കാര്യം പരിശോധിച്ച് കർശന നടപടി സ്വീകരിക്കാൻ വിജിലൻസ് ആഫീസർക്കും ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**വനിതാ വികസന കോർപ്പറേഷൻ**

25(*175) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; വിശദമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഇതിനായി നടപ്പുസാമ്പത്തിക വർഷം നാളിതുവരെ എത്ര തുക വനിതാ വികസന കോർപ്പറേഷൻ വായ്പയായി നൽകിയിട്ടുണ്ട്;

(ഡി) പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് കൂടുതൽ ധനസഹായം നൽകുന്നതിനായി ദേശീയ പട്ടികവർഗ്ഗ ധനവികസന കോർപ്പറേഷനുമായി വനിതാ വികസന കോർപ്പറേഷൻ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്. സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ബോർഡ്തലത്തിലും സർക്കാർതലത്തിലും അവലോകനം ചെയ്യാറുണ്ട്.

(ബി) വനിതകൾക്ക് സ്വയം തൊഴിൽ ലഭ്യമാക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ വിവിധ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടുകൂടി സ്വയം തൊഴിൽ വായ്പ നൽകി വരുന്നു. കൂടാതെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സ്വയം തൊഴിലിൽ ഏർപ്പെടുത്തുന്നതിനാവശ്യമായ സംരംഭകത്വ വികസന പരിശീലന പരിപാടികളും നടത്തിവരുന്നു.

(സി) 103,32,74,215 രൂപ (നൂറ്റി മൂന്ന് കോടി മുപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തിനാലായിരത്തി ഇരുനൂറ്റി പതിനഞ്ച് രൂപ മാത്രം)

(ഡി) ഉണ്ട്. ദേശീയ പട്ടികവർഗ്ഗ ധനവികസന കോർപ്പറേഷനുമായി വനിതാ വികസന കോർപ്പറേഷൻ ധാരണാപത്രത്തിൽ 7-12-2018-ന് ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷത്തിൽ 56 ലക്ഷം രൂപ പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ വായ്പയായി നൽകാൻ സാധിക്കുന്നതാണ്.

**ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി**

26(*176) ശ്രീ. എം. സ്വരാജ് :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും അവ പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനും കുടുംബാരോഗ്യ കേന്ദ്രങ്ങൾ മുഖേന എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ജീവിതശൈലീ രോഗങ്ങളെക്കുറിച്ച് എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനുള്ള മരുന്നുകൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) എല്ലാ താലൂക്ക്, ജില്ല, ജനറൽ ആശുപത്രികളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒരു സ്റ്റാഫ് നഴ്സിന് ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ പൂർണ്ണ ചുമതല നൽകുകയും ജീവിതശൈലി രോഗനിയന്ത്രണത്തിനായി പ്രത്യേക പ്രീചെക്കപ്പ് ഏരിയ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ രോഗികളും ഡോക്ടറെ സന്ദർശിക്കുന്നതിനുമുമ്പ് പ്രീചെക്കപ്പ് മുറിയിലെ പ്രാഥമിക പരിശോധനകളായ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ബി.എം.ഐ., പൾമണറി ഫംഗ്ഷൻസ് ടെസ്റ്റ്, ഡയബറ്റിക് റെറ്റിനോപ്പതി ചെക്കപ്പ് (തെരഞ്ഞെടുത്ത ജില്ലകൾ) എന്നിവ പരിശോധിച്ച് പരിശോധനാഫലവുമായിട്ടാണ് ഡോക്ടറെ സമീപിക്കേണ്ടത്. 2017-18-ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്ത മുഴുവൻ കേന്ദ്രങ്ങളിലും ഒരു ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിക്കുകയും ലബോറട്ടറി സൗകര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. ഇതുവഴി പ്രമേഹരോഗ നിർണ്ണയം പൂർണ്ണമായും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് നടത്താനും രോഗചികിത്സയുടെ പുരോഗതി ലബോറട്ടറി ടെസ്റ്റ് വഴി വിലയിരുത്താനും സാധിക്കുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശം ലഭിച്ചശേഷം ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും പ്രത്യേക കൗൺസിലിംഗും പുകയില നിയന്ത്രണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകിവരുന്നു.

(ബി) ആരോഗ്യപരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, പുകവലി, മദ്യപാനം, ദുശ്ശീലങ്ങളെക്കുറിച്ചുള്ള അവബോധം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ചാണ് ജീവിതശൈലീ രോഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണം കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നടത്തിവരുന്നത്. ഇതിനായുള്ള പരിശീലനം ഡോക്ടർമാർക്കും നഴ്സുമാർക്കും ഫീൽഡുതല ജീവനക്കാർക്കും നൽകിയിട്ടുള്ളതാണ്.

രോഗികൾക്ക് നേരിട്ടും കൂട്ടായും വിവിധ ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച് പ്രത്യേക അവബോധവും ചുമതലപ്പെട്ട ജീവനക്കാരിലൂടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകിവരുന്നു. ചില കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വ്യായാമം പ്രോൽസാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരുക്കിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുള്ള ടെലിവിഷൻ സംവിധാനങ്ങളും, പബ്ലിക് അഡ്രസ് സിസ്റ്റം, പോസ്റ്ററുകൾ തുടങ്ങിയവ വഴി ജീവിതശൈലീ രോഗനിയന്ത്രണത്തിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(സി) ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൗജന്യമായാണ് നൽകിവരുന്നത്. വരുമാനപരിധിയോ മറ്റെന്തെങ്കിലും മാനദണ്ഡങ്ങളോ കൂടാതെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ഈ മരുന്നുകൾ സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രി തയ്യാറാക്കുന്ന ഇൻഡക്സിന് പുറമെ സംസ്ഥാന ആരോഗ്യ വകുപ്പ് തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സംസ്ഥാനതലത്തിലും കെ.എം.എസ്.സി.എൽ. മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. പ്രോട്ടോക്കോളിൽപ്പെടാത്ത ജീവിതശൈലീ രോഗത്തിനുള്ള മരുന്നുകൾ കാരുണ്യ ഫാർമസിയിലും നീതി മെഡിക്കൽസിലും സൗജന്യ നിരക്കിൽ ലഭിക്കുന്നു.

(ഡി) എല്ലാ താലൂക്ക് ജില്ലാ ജനറൽ ആശുപത്രികളിലും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ലിനിക്കുകൾ സജ്ജീകരിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളതും കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം തെരഞ്ഞെടുത്ത ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

**പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ**

27(*177) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതുവഴി എത്ര ശതമാനം മരണനിരക്ക് കുറയ്ക്കാമെന്നാണ് കരുതുന്നത്;

(സി) പക്ഷാഘാത ചികിത്സയിലെ നൂതന മാർഗ്ഗങ്ങൾ പ്രസ്തുത ചികിത്സാ കേന്ദ്രങ്ങളിലെ ആരോഗ്യ പ്രവർത്തകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) എല്ലാ ജില്ലകളിലും പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 'ശിരസ്സ്' എന്ന് നാമകരണം ചെയ്ത 'Stroke Identification Rehabilitation Awareness and Stabilization Programme (SIRAS)' എന്ന പദ്ധതി 6 ജില്ലകളിൽ പ്രവർത്തനസജ്ജമാകുകയും മറ്റു ജില്ലകളിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) പക്ഷാഘാതം എന്നത് മസ്തിഷ്കത്തിലെ രക്തധമനികളിലുണ്ടാകുന്ന തടസ്സമോ രക്തസ്രാവമോ കാരണം തലച്ചോറിന്റെ ഏതെങ്കിലും ഭാഗം പ്രവർത്തനരഹിതമാകുമ്പോഴുണ്ടാകുന്ന ശാരീരിക സ്തംഭനാവസ്ഥയാണ്. മസ്തിഷ്കത്തിൽ രക്തചംക്രമണം കുറയുന്നതിന്റെ തോതനുസരിച്ച് ഈ അവസ്ഥ കൂടുതൽ ഗുരുതരമാകുകയും പൂർണ്ണമായ പക്ഷാഘാതമോ മരണം സംഭവിക്കുന്നതിനോ വരെ കാരണമാകുകയും ചെയ്തേക്കാം. അതുകൊണ്ടുതന്നെ രോഗലക്ഷണം ആരംഭിച്ച് ഏറ്റവുംകുറഞ്ഞ സമയത്തിനുള്ളിൽ ചികിത്സാ കേന്ദ്രത്തിലെത്തേണ്ടത് ഈ രോഗംകൊണ്ടുള്ള വൈഷമ്യതയുടെ തീവ്രത കുറയ്ക്കാൻ സഹായകമാകും. ഇതിൽ രക്തം കട്ടപിടിച്ചുണ്ടാകുന്ന ത്രോംബോട്ടിക്സ് സ്ട്രോക്ക് നാലര മണിക്കൂറിനുള്ളിൽ ചികിത്സാ കേന്ദ്രത്തിൽ എത്തിക്കുകയാണെങ്കിൽ പൂർണ്ണമായോ/ഭാഗികമായോ ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്നതാണ്. അതുക്കൊണ്ടുതന്നെ പക്ഷാഘാതത്തിന്റെ ലക്ഷണം കണ്ടുതുടങ്ങി എത്രയും പെട്ടെന്ന് ജനങ്ങൾക്ക് എത്താൻ സാധിക്കുന്ന കേന്ദ്രങ്ങളിൽ ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. സ്വകാര്യ മേഖലയിലെ ഉയർന്ന ചികിത്സാച്ചെലവും ചികിത്സയ്ക്ക് ഉപയോഗിക്കുന്ന T.P.A. (Tissue Plasminogem Activator) എന്ന മരുന്നിന്റെ ഉയർന്ന വിലയും നിലവിൽ സർക്കാർ മേഖലയിൽ ചികിത്സാ കേന്ദ്രങ്ങളുടെ ദൗർലഭ്യവും സാധാരണ ജനങ്ങൾക്ക് ചികിത്സ അപ്രാപ്യമാക്കുന്നതിന് വഴിയൊരുക്കുകയും തന്മൂലം മരണമോ പൂർണ്ണമോ ഭാഗികമോ ആയ തളർച്ചയോ സംഭവിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നു. സംസ്ഥാന ആരോഗ്യ വകുപ്പ് ആരംഭിച്ച 'ശിരസ്സ്' പദ്ധതിയിലൂടെ എല്ലാ ജില്ലയിലെയും ഒരു പ്രധാന ആശുപത്രിയിൽ പക്ഷാഘാതത്തിനുള്ള ചികിത്സ ആരംഭിക്കുന്നതിനും സൗജന്യ നിരക്കിൽ എല്ലാ രോഗികൾക്കും ചികിത്സ

നൽകുന്നതിനും ലക്ഷ്യമിടുന്നു. ഇപ്പോൾ പ്രവർത്തനസജ്ജമായ 6 ജില്ലാ കേന്ദ്രങ്ങളിൽ ഇതിനോടകം 59 പേർക്ക് ത്രോമ്പോലൈസിസ് ചികിത്സ നൽകാനായി എന്നത് പദ്ധതിയുടെ നേട്ടമായി കണക്കാക്കാവുന്നതാണ്.

(സി) പക്ഷാഘാത ചികിത്സയുടെ നൂതന സംരംഭമായ ശിരസ്സിന്റെ വിജയം ആരോഗ്യ പ്രവർത്തകരുടെ പൂർണ്ണമായ സഹകരണം കൊണ്ടാണ്. പക്ഷാഘാത ചികിത്സാ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർക്കും ഫിസിഷ്യന്മാർക്കും സ്റ്റാഫ് നഴ്സുമാർക്കും പാരാമെഡിക്കൽ സ്റ്റാഫിനും പക്ഷാഘാത ചികിത്സയുടെ വിവിധ ക്രമങ്ങളെക്കുറിച്ചുള്ള പരിശീലനം നൽകിവരുന്നു. ഇതിന് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് & ടെക്നോളജിയുടെയും ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെയും കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെയും ബോറിംഗൽ ഇൻങ്കൽ ഹാം കമ്പനിയുടെ വിദഗ്ദ്ധരുടെയും സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും പക്ഷാഘാതം സംഭവിച്ചവർക്ക് പുനരധിവാസം നൽകുന്നതിന് സ്ട്രോക്ക് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുകയും ഫിസിയോതെറാപ്പിസ്റ്റുകൾക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. സ്ട്രോക്ക് യൂണിറ്റുകളിൽ പ്രവർത്തിക്കുന്ന സ്റ്റാഫ് നഴ്സുമാർക്ക് ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

**ദേശീയ ഭക്ഷ്യഭദ്രതാ നിയമം**

28(*178) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രളയ ദുരിതകാലത്ത് ഭക്ഷ്യവകുപ്പിന് അനുവദിച്ച കേന്ദ്രസഹായങ്ങൾ എന്തൊക്കെയാണെന്നും പ്രളയ ദുരിതാശ്വാസത്തിനായി അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്ക് ഈടാക്കിയ തുക എത്രയെന്നും വിശദമാക്കാമോ;

(സി) ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ റേഷൻ വിതരണം സുഗമമായി നടക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എല്ലാ മാസവും 30-ാം തീയതിക്ക് മുമ്പായി റേഷൻ വിതരണം പൂർത്തീകരിക്കാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ അറിയിക്കുമോ;

(ഇ) ഓരോ മാസത്തേയും റേഷൻ വിതരണ തീയതി അടുത്ത മാസങ്ങളിലേക്ക് ദീർഘിപ്പിക്കാൻ ഇടയാകുന്ന സാഹചര്യവും അത് ഒഴിവാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളും വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലെ 39-ാം വകുപ്പിന്റെ 2(e) ഉപവകുപ്പ്, 22-ാം വകുപ്പിന്റെ 4(d) ഉപവകുപ്പ് എന്നിവ പ്രകാരം ഭക്ഷ്യധാന്യ വിതരണത്തിന്റെ കടത്തുകൂലി, കൈകാര്യച്ചെലവ് ഇനത്തിലും റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ (മാർജിൻ) ഇനങ്ങളിലും കേന്ദ്ര സഹായത്തിനായി 2016 നവംബർ മുതൽ 2018 മാർച്ച് വരെയുള്ള ധനസഹായത്തിനായുള്ള അപേക്ഷ നിശ്ചിത പ്രൊഫോർമയിൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുവദിച്ച നൽകിയിട്ടില്ല.

(ബി) താങ്ങുവില (MSP derived price) നിരക്കിൽ 89540 മെട്രിക് ടൺ അരിയും നോൺ സബ്സിഡി നിരക്കിൽ 12000 KL മണ്ണെണ്ണയും പ്രളയ ദുരിതാശ്വാസമായി കേരളത്തിന് അനുവദിച്ചിരുന്നു. ടി അരി സംസ്ഥാനത്തിന് വിലയീടാക്കാതെ FCI-യിൽ നിന്ന് വിട്ടുനൽകിയെങ്കിലും അരിയുടെ താങ്ങുവില (MSP derived price) നിരക്കിലുള്ള തുക സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള കേന്ദ്ര ദുരിതാശ്വാസ നിധിയിൽ നിന്നോ ദേശീയ ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള വിഹിതമുൾപ്പെടെയുള്ള മറ്റ് പദ്ധതിയിൽ നിന്നോ ക്രമീകരിക്കുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ടി 89540 മെട്രിക് ടൺ അരിക്ക് വിലയും വെയ്മെന്റ് ചാർജ്ജുമുൾപ്പെടെ 205,80,57,232.15 രൂപ (205.8 കോടി രൂപ) യുടെ ക്ലെയിം FCI സപ്ലൈകോ ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. മണ്ണെണ്ണയുടെ എക്സ് ഇൻസ്റ്റലേഷൻ വിലയിൽ ഓരോ മാസവും വ്യത്യാസം വരുന്നതനുസരിച്ചുള്ള വില വിവരം ചുവടെ ചേർക്കുന്നു:

| തീയതി | എക്സ് ഇൻസ്റ്റലേഷൻ വില (രൂപ/കി.ലി.) | | ജി.എസ്.ടി. ഉൾപ്പെടെ (Wholesale input cost) Rs/KL | |
|---|---|---|---|---|
| | കൊച്ചി | കോഴിക്കോട് | കൊച്ചി | കോഴിക്കോട് |
| 1-10-18 മുതൽ 31-10-18 വരെ | 42119.78 | 42571.99 | 44225.76 | 44700.59 |
| 1-11-18 മുതൽ 30-11-18 വരെ | 44700.78 | 45152.99 | 46935.819 | 47410.64 |
| 1-12-18 മുതൽ 31-12-18 വരെ | 39250.78 | 39736.85 | 41213.32 | 41723.69 |
| 1-1-19 മുതൽ 31-1-19 വരെ | 32487.78 | 32973.85 | 34112.169 | 34622.54 |

(സി) റേഷൻ വിതരണം ഭക്ഷ്യഭദ്രതാ നിയമം അനുശാസിക്കുന്ന രീതിയിൽ സുഗമമായി നടക്കുന്നുണ്ട്. ചുവടെ പറയുന്ന കാര്യങ്ങൾ അതിനായി സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്.

- സർക്കാർ ഏജൻസിയായ സപ്ലൈകോവഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.
- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.
- ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- റേഷൻ കടകൾ വൈവിധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം അനുവദിച്ചു.
- 428 കോടി രൂപ വാർഷിക സാമ്പത്തിക ബാദ്ധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 01-12-2018 മുതൽ നടപ്പിലാക്കി.
- ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.
- എഫ്.സി.ഐ.-യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള ഭക്ഷ്യധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

(ഡി) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിലെ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിച്ച സാഹചര്യത്തിലും അതത് മാസം 30-ാം തീയതിക്ക് മുമ്പായി റേഷൻ വിതരണം

പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) സപ്ലൈകോ മുഖാന്തരം നടന്നുവരുന്ന വാതിൽപ്പടി വിതരണം ദിനംപ്രതി അവലോകനം ചെയ്ത് നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അത് പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുന്നുണ്ട്. വിട്ടെടുപ്പും വിതരണവും തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ ജില്ലാ സപ്ലൈ ഓഫീസർമാരുമായും സപ്ലൈകോയിലെ ഉദ്യോഗസ്ഥരുമായും ബന്ധപ്പെട്ട് ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ജനമൈത്രി പോലീസ് പദ്ധതി**

29(*179) ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിശീലനങ്ങളാണ് പോലീസ് സേനയ്ക്ക് നൽകിവരുന്നത്;

(സി) പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ;

(ഡി) ക്രമസമാധാന പാലനം, കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം തുടങ്ങിയ വിവിധ പോലീസ് പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ കൂടുതൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) നിയമപരിപാലനത്തിനും ക്രമസമാധാനപാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണ് ജനമൈത്രി പോലീസ് പദ്ധതി. വിവിധ

ബീറ്റുകളിലേയ്ക്ക് ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും നടത്തുന്ന ഭവന സന്ദർശനത്തിലൂടെ അവർക്ക് പൊതുജനങ്ങളുമായി ആശയവിനിമയം നടത്താനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കാനും കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്.

2008-ൽ 20 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ജനമൈത്രി പോലീസ് സംവിധാനം ഘട്ടംഘട്ടമായി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് വ്യാപിപ്പിച്ച് 2017 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സംവിധാനത്തിൻ കീഴിലാക്കിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും നടത്തുകവഴി ആരോഗ്യരംഗത്തും പോലീസിന് ഇടപെടാൻ സാധിച്ചിട്ടുണ്ട്. മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള ബോധവത്കരണ സെമിനാറുകൾ, ജനമൈത്രി സുരക്ഷാ പദ്ധതി, സംസ്ഥാനതലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരിവിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവത്കരണ പരിപാടികൾ തുടങ്ങിയവ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസമാർജ്ജിച്ചും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തുടർന്നുവരുന്നു.

(ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ ഭാഗമായി വിവിധ ട്രെയിനിംഗ് പരിപാടികൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും ബീറ്റ് ഓഫീസർമാർക്ക് നൽകിവരുന്ന ബേസിക് ട്രെയിനിംഗ് പരിശീലന പ്രോഗ്രാം ഇതിൽ പ്രധാനപ്പെട്ടതാണ്. വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രസ്തുത പരിശീലന പരിപാടിയിൽ ക്ലാസ്സുകളും നൽകിവരുന്നു. അതോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മറ്റുമടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും നൽകുന്നു.

പോലീസ് ട്രെയിനിംഗ് കോളേജ്, കേരള പോലീസ് അക്കാഡമി എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് പരിശീലന പരിപാടികൾ നൽകിവരുന്നത്. കൂടാതെ സി.ആർ.ഒ.-മാർക്കും, എസ്.എച്ച്.ഒ.-മാർക്കും ജില്ലാതലങ്ങളിലും റെയ്ഞ്ച് തലങ്ങളിലും തുടർ പരിശീലനപരിപാടികളും നൽകിവരുന്നു.

സ്ത്രീ-ശിശു സുരക്ഷ, ആദിവാസി സുരക്ഷ, മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണം തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സെമിനാറുകളും ശില്പശാലകളും നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളെ സ്വീകരിക്കാനും സഹായിക്കാനുമായി ഒരു പോലീസ് ഉദ്യോഗസ്ഥനെ പബ്ലിക് റിലേഷൻസ് ഓഫീസറായി നിയോഗിച്ചിട്ടുണ്ട്.

(ഡി) പോലീസ് പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനുവേണ്ടി പോലീസ് ആസ്ഥാനത്ത് പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ഇന്റലിജൻസ് വിവരങ്ങൾ, സി.സി.ടി.വി. ദൃശ്യങ്ങൾ, ജാഗ്രതാ നിർദ്ദേശങ്ങൾ, പൊതുജനങ്ങളിൽ നിന്നുള്ള അറിവും വിവരങ്ങളും അതീവ ശ്രദ്ധ വേണ്ടത് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് ഇടപെടൽ വേണ്ടിടത്ത് സംയോജനം നടത്താനും താഴെത്തട്ടിലെ പ്രവർത്തന മണ്ഡലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യമാണിതിനുള്ളത്.

**നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിന് സമിതി**

30(*180) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കുന്നതിനായി ഏതെങ്കിലും സമിതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ഘടന എന്താണ്;

(ബി) ഹിന്ദു വിഭാഗത്തിൽപ്പെട്ട സംഘടനകളെ മാത്രം ഉൾപ്പെടുത്തിയാണോ പ്രസ്തുത സമിതി രൂപീകരിച്ചത്; ഇതിൽനിന്നും മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളെ മാറ്റിനിർത്തിയത് ഏത് സാഹചര്യത്തിലായിരുന്നു; വ്യക്തമാക്കുമോ;

(സി) പ്രസ്തുത സമിതി വിപുലീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങളെയാണ് പുതുതായി ഇതിൽ ഉൾക്കൊള്ളിക്കുന്നത്;

(ഡി) നവോത്ഥാന സമിതിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ എന്തൊക്കെയാണ്; ഇതിന്റെ ആഭിമുഖ്യത്തിൽ ജില്ലകളിൽ ബഹുജന കൂട്ടായ്മ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കൂട്ടായ്മക്ക് സർക്കാർതലത്തിൽ സാമ്പത്തികം ഉൾപ്പെടെ എന്തൊക്കെ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത്; വിവരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കേരളീയ നവോത്ഥാനത്തിന് ശ്രദ്ധേയമായ പങ്കുവഹിച്ചിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും യോഗം, നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകുന്നതിന് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശൻ ചെയർമാനും കെ.പി.എം.എസ്. ജനറൽ സെക്രട്ടറി ശ്രീ. പുന്നല ശ്രീകുമാർ കൺവീനറുമായി നവോത്ഥാന മൂല്യസംരക്ഷണ സമിതി രൂപീകരിച്ചിരുന്നു. ശ്രീ. സി. കെ. വിദ്യാസാഗർ, ശ്രീ. ബി. രാഘവൻ (വൈസ് ചെയർമാൻമാർ), ശ്രീ. സി. ആർ. ദേവദാസ്, ശ്രീ. സി. പി. സുഗതൻ, ശ്രീ. ഇ. എൻ. ശങ്കരൻ (ജോയിന്റ് കൺവീനർമാർ) ശ്രീ. കെ. സോമപ്രസാദ് (ട്രഷറർ) എന്നിവരെ മറ്റ് ഭാരവാഹികളായി പ്രസ്തുത യോഗം തീരുമാനിച്ചിരുന്നു.

(ബി-ഡി) നവോത്ഥാന മൂല്യങ്ങൾ തകർക്കുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വമായ ശ്രമം ആരംഭിച്ച ഘട്ടത്തിൽ അതിനെ പ്രതിരോധിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സമിതി രൂപീകരിച്ചിട്ടുള്ളത്. നവോത്ഥാനം സംരക്ഷിക്കുന്നതിന് എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും പങ്കുവഹിക്കാനുണ്ടെന്നതിനാൽ നിലവിലുള്ള സമിതി നവോത്ഥാന ആശയങ്ങളോട് യോജിപ്പുള്ള മറ്റ് വിഭാഗങ്ങളെക്കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാൻ സമിതിയുടെ യോഗം തീരുമാനിച്ചിട്ടുണ്ട്. നവോത്ഥാന മൂല്യ സംരക്ഷണത്തിനായി സമിതി തുടർ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ഇ) നവോത്ഥാന മൂല്യസംരക്ഷണ സമിതിക്ക് സർക്കാർ ധാർമ്മിക പിന്തുണ നൽകുന്നതാണ്. സാമ്പത്തിക സഹായം പരിഗണനയിലില്ല.

9.30 Am]

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സമുന്നതിയുടെ പ്രവർത്തനം

1(T*1866) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം 'സമുന്നതി' -യുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) 'സമുന്നതി'-യുടെ പ്രവർത്തനം കാര്യക്ഷമമായി നടപ്പിലാക്കാൻ ആവശ്യമായ കേന്ദ്രസഹായം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ;

(സി) 'സമുന്നതി'-യുടെ പ്രവർത്തനത്തിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ ഉന്നമനത്തിനായി സമുന്നതിക്ക് നടപ്പു സാമ്പത്തിക വർഷം 42 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മൂലധന നിക്ഷേപം | 500 |
| 2 | സ്കോളർഷിപ്പ് | 1700 |
| 3 | പരിശീലന പരിപാടിയുടെ സംഘാടനവും നടത്തിപ്പും | 200 |
| 4 | സ്വയംതൊഴിൽ ധനസഹായം | 500 |
| 5 | നൈപുണ്യ/സംരംഭകത്വ വികസനം | 100 |
| 6 | അഗ്രഹാരങ്ങളുടെയും വീടുകളുടെയും പുനരുദ്ധാരണവും നവീകരണവും | 1140 |
| 7 | പ്രവർത്തനച്ചെലവ് | |
| | ആകെ | 4200 |

ആയതുപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നാം മുന്നോട്ട് പദ്ധതി**

2(1867) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'നാം മുന്നോട്ട് ' പദ്ധതിയുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപ ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച ഓഡിറ്റ് സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ സ്റ്റുഡിയോ വേദിയുടെ പരിപാലനത്തിനായി ഈ സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുജനങ്ങളെയും വിദഗ്ദ്ധരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള "നാം മുന്നോട്ട് " പരിപാടി സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ വികസന പദ്ധതികളുടെ ആസൂത്രണത്തിൽ ഒട്ടേറെ ക്രിയാത്മക സംഭാവനകൾ നൽകിയിട്ടുണ്ട്. കൂടാതെ ജനക്ഷേമകരമായ നിരവധി പ്രവർത്തനങ്ങളും ആശയങ്ങളും ജനങ്ങളിലെത്തിക്കുന്നതിന് നാം മുന്നോട്ട് പരിപാടി ഏറെ ഫലപ്രദമായിട്ടുണ്ട്. അതത് രംഗത്തെ പ്രഗത്ഭരെ പങ്കെടുപ്പിക്കുന്നതിനാൽ സംസ്ഥാനത്തിന് ഗുണകരവും നവീനവുമായ ആശയങ്ങളുടെ രൂപീകരണത്തിന് പരിപാടി ഏറെ ഗുണം ചെയ്യുന്നുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷം നാം മുന്നോട്ട് പദ്ധതിക്കായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയ അഞ്ച് കോടി രൂപയിൽ 4,98,97,105 രൂപ ചുവടെ ചേർക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(i) നാം മുന്നോട്ട് പരിപാടിക്കായുള്ള സ്റ്റുഡിയോ വേദിയുടെ പരിപാലന ചെലവ്

(ii) നാം മുന്നോട്ട് പരിപാടിയുടെ ഒരു വർഷത്തേയ്ക്കുള്ള നിർമ്മാണച്ചെലവ്

(iii) തെരഞ്ഞെടുത്ത ചാനലുകളിലും ദൂരദർശനിലും മുഖ്യമന്ത്രിയുടെ സമ്പർക്ക ടി.വി. ഷോയുടെ 52 എപ്പിസോഡുകൾ സംപ്രേഷണം ചെയ്യുന്നതിനുള്ള ചെലവ്

(iv) നാം മുന്നോട്ട് റേഡിയോ പരിപാടിയുടെ നിർമ്മാണച്ചെലവും തെരഞ്ഞെടുത്ത എഫ്.എം. റേഡിയോകളിലും ആകാശവാണിയിലും 52 എപ്പിസോഡുകൾ പ്രക്ഷേപണം ചെയ്യുന്നതിനുമുള്ള ചെലവ്

(v) ടി.വി. ഷോയുടെ നിർമ്മാണച്ചെലവ്

(vi) മുഖ്യമന്ത്രിയുടെ വെബ്സൈറ്റിന്റെ പരിപാലന ചെലവ്

(സി) ഈ സാമ്പത്തിക വർഷം തുകയുടെ വിനിയോഗം സംബന്ധിച്ച ഓഡിറ്റ് നടത്തിയിട്ടില്ല.

(ഡി) കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിലുള്ള ചിത്രാഞ്ജലി സ്റ്റുഡിയോയുടെ വാടകയിനത്തിൽ 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ പ്രതിമാസം രണ്ട് ലക്ഷം രൂപ + ജി.എസ്.ടി. എന്ന നിരക്കിൽ 13,59,675 രൂപ ചെലവഴിച്ചിട്ടുണ്ട്.

**റദ്ദ് ചെയ്ത ഉത്തരവുകൾ**

3(1868) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലാവധി തീരുന്നതിന് മുൻപായി വിവിധ വകുപ്പുകൾ ഇറക്കിയ അനധികൃത ഉത്തരവുകൾ ഈ സർക്കാർ വന്നതിനുശേഷം റദ്ദാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ വിവാദ ഉത്തരവുകളാണ് ഈ സർക്കാർ റദ്ദ് ചെയ്തിരിക്കുന്നത്; വകുപ്പ് തിരിച്ച് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**വികസന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ**

4(1869) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐക്യരാഷ്ട്രസഭയും നീതി ആയോഗും ചേർന്ന് തയ്യാറാക്കിയ സുസ്ഥിര വികസന സൂചികയിൽ ഒന്നാം സ്ഥാനമെന്ന അഭിമാനാർഹമായ നേട്ടം കരസ്ഥമാക്കിയ സംസ്ഥാനത്ത്, ജനങ്ങളുടെ വികസന സ്വപ്നങ്ങൾ സാക്ഷാൽക്കരിക്കാനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വികസന മിഷനുകളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കണ്ണൂർ വിമാനത്താവളം, ഗെയിൽ വാതക പൈപ്പ് ലൈൻ മുതലായവ പോലുള്ള ബൃഹദ് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(സി) കോവളം മുതൽ കാസർഗോഡുവരെ ലക്ഷ്യമിടുന്ന ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളം അഭിമുഖീകരിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ വികസന വെല്ലുവിളികൾക്ക് പരിഹാരംകണ്ട് ജനങ്ങളുടെ അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിനും ദീർഘവീക്ഷണത്തോടെയുള്ള പരിഷ്കാരങ്ങൾക്ക് അടിത്തറപാകുന്നതിനും വേണ്ടിയുള്ള കാലികപ്രസക്തിയുള്ള ദൗത്യങ്ങളാണ് നവകേരളം കർമ്മപദ്ധതിയിലുള്ളത്.

ലക്ഷ്യങ്ങൾ മുൻകൂട്ടി നിർണ്ണയിക്കൽ, ചിട്ടയായ ആസൂത്രണം. സൂക്ഷ്മതയോടെയുള്ള നിർവ്വഹണം, ഉദ്ദേശിക്കുന്ന ഗുണഫലങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ശ്രദ്ധാപൂർവ്വമായ നിരീക്ഷണം എന്നിവയാണ് നവകേരളം കർമ്മപദ്ധതിയുടെ സവിശേഷതകൾ.

ലൈഫ് മിഷൻ, ആർദ്രം മിഷൻ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം മിഷൻ എന്നിവയാണ് നാല് മിഷനുകൾ. നാല് മിഷനുകളുടെയും സുഗമമായ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗരേഖ 19-4-2017-ലെ സ.ഉ.(പി) നമ്പർ 10/2017/ആ.സാ.വ. പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഓരോ മിഷനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാന മിഷനുകളും നാല് മിഷനുകളുടെ നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതല എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ യഥാസമയം യോഗം കൂടി വികസന മിഷനുകളിലൂടെ നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ജില്ലാതലത്തിൽ നാല് മിഷനുകളും സംയോജിപ്പിച്ച് ഒരു ജില്ലാ മിഷനും ആറ് ജില്ലാതല കർമ്മസേനകളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ മിഷനുകളുടെ ചീഫ് കോ-ഓർഡിനേറ്റർ ജില്ലാ കളക്ടർമാരാണ്. ബ്ലോക്കുതലത്തിലും ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലും ഏകോപന/സംയോജനങ്ങൾക്കായി ബ്ലോക്കുതല മിഷനുകളും ഗ്രാമ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല മിഷനുകളും അതത് തലങ്ങളിലെ വർക്കിംഗ് ഗ്രൂപ്പുകൾ കർമ്മസേനകളുമായി പ്രവർത്തിച്ചുവരുന്നു. സംസ്ഥാനതലത്തിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ ചെയർപേഴ്സണായും ജില്ലാതലത്തിൽ ജില്ലാകളക്ടർമാർ ചെയർപേഴ്സണായും കർമ്മസേനകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ വികസന മിഷനുകളുടെയും പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി സർക്കാരിന്റെ വികസനകാര്യ ഉപദേഷ്ടാവിന്റെ മേൽനോട്ടത്തിൽ മിഷൻ മോണിറ്ററിംഗ് ടീമും (എം.എം.ടി) പ്രവർത്തിച്ചുവരുന്നു. കൂടാതെ ചീഫ് സെക്രട്ടറി ജില്ലാ കളക്ടർമാരുമായി വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ഇതിനുപുറമെ ഹരിതകേരളം മിഷന്റെ മൂന്ന് ഉപമിഷനുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബന്ധപ്പെട്ട സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ എന്നിവർ ഉൾപ്പെട്ട ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേഷൻ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്.

(ബി) സംസ്ഥാന സർക്കാർ ശക്തവും നിരന്തരവുമായ ഇടപെടലുകളിലൂടെ എയ്റോഡ്രോം ലൈസൻസ്, കസ്റ്റംസുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, കേന്ദ്ര വാർത്താവിനിമയ മന്ത്രാലയത്തിൽ നിന്നുള്ള വയർലെസ് പ്ലാനിംഗ് & കോ-ഓർഡിനേഷൻ ക്ലിയറൻസ്, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി ക്ലീയറൻസ്, സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സുമായുള്ള ധാരണാപത്രം ഒപ്പുവയ്ക്കൽ, സിവിൽ ഏവിയേഷൻ മന്ത്രാലയത്തിൽനിന്നും, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനിൽ നിന്നുമുള്ള എയർലൈനുകൾക്കുള്ള അനുമതി, ഇമിഗ്രേഷൻ ഡിപ്പാർട്ടുമെന്റുമായുള്ള ധാരണാപത്രം, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എയർപോർട്ട് ഓപ്പറേഷനുള്ള അനുമതി, എയർപോർട്ട് അതോറിറ്റിയുടെ കാലിബറേഷൻ & ഐ.എൽ.എസ്. പ്രൊസീജ്യുവർ എന്നിവയെല്ലാം നേടിയെടുത്തതിന്റെ ഭാഗമായി കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബർ 9-ന് കമ്മീഷൻ ചെയ്യുകയുണ്ടായി. അതിന് മുമ്പുതന്നെ വിമാനത്താവളത്തിന്റെ റൺവേ, ഏപ്രൺ (വിമാന പാർക്കിംഗ് ഏരിയ), RE Wall-ഉം, അനുബന്ധ ചുറ്റുമതിലും, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ്, പാരലൽ ടാക്സിവേ ട്രാക്ക്, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർ കണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അഡ്രസ് സിസ്റ്റം, ഇൻസ്ട്രുമെന്റ് ലാൻഡിംഗ് സിസ്റ്റം, മറ്റ് അനുബന്ധ പ്രവൃത്തികൾ മുതലായവ പൂർത്തിയാക്കുകയുണ്ടായി. നിരന്തര ഇടപെടലുകളുടെ ഫലമായി ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയാക്കുകയുണ്ടായി. ഭാവി വികസനത്തിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടികൾ ഉൾപ്പെടെയുള്ള മറ്റ് അവശ്യ വികസന പരിപാടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടു പോകുകയാണ്.

കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ കൊച്ചി-കൂറ്റനാട് സെക്ഷൻ കമ്മീഷൻ ചെയ്യുന്നതിന് മുമ്പുള്ള സുരക്ഷാ പരിശോധനകളും ടെസ്റ്റിംഗുകളും നടന്നുകൊണ്ടിരിക്കുന്നു. കൂറ്റനാട് മുതൽ മംഗലാപുരം വരെയുള്ള 347 കി. മീ. വാതക പൈപ്പ് ലൈനിന്റെ ഏകദേശം 95% പണികളും പൂർത്തീകരിച്ചിട്ടുണ്ട്. പൈപ്പ് ലൈൻ വിന്യാസം, SV/IP സ്റ്റേഷനുകളുടെ നിർമ്മാണം, OFC laying തുടങ്ങിയ ജോലികളെല്ലാംതന്നെ അന്തിമഘട്ടത്തിലാണ്. എന്നാൽ ഈ ലൈനിന്റെ ഭാഗമായി വരുന്ന രണ്ട് HDD ക്രോസിംഗുകൾ (പുഴകളെ ക്രോസ് ചെയ്യുന്ന രീതി) രണ്ട് പുഴകളിൽ വിചാരിച്ച വേഗത കൈവരിക്കാൻ സാധിച്ചിട്ടില്ല. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരി നദിയിലും ദക്ഷിണ കന്നഡ ജില്ലയിലെ നേത്രാവതി നദിയിലും നദി ക്രോസ് ചെയ്യുന്ന HDD-യുടെ ജോലികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് ക്രോസിംഗുകളും തീരാൻ ഏകദേശം രണ്ടുമൂന്ന് മാസംവരെ സമയമെടുക്കുമെന്നതിനാൽ ജൂൺ അവസാനത്തോടുകൂടി ഈ

പണികൾ പൂർത്തീകരിച്ച് കുറ്റനാട് മുതൽ മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) കോവളം മുതൽ കാസർഗോഡ് (നീലേശ്വരം) വരെയുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ഒന്നാംഘട്ടമായി 2020-ൽത്തന്നെ അവസാനിപ്പിക്കുന്ന രീതിയിൽ നവീകരണ പദ്ധതി പുരോഗമിക്കുന്നു. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ദേശീയ ജലപാത ഗതാഗതയോഗ്യമാണ്. ദേശീയ ജലപാത നിലവാരത്തിൽ 2022-ൽ രണ്ടാംഘട്ടവും 2025-ൽ മൂന്നാംഘട്ടവും പൂർത്തീകരിക്കുന്ന തരത്തിലാണ് പ്രവർത്തനങ്ങൾ നടത്തിവരുന്നത്. 2025-ഓടെ ഹോസ്ദുർഗ്ഗ്-ബേക്കൽ ജലപാത ദീർഘിപ്പിക്കൽ പൂർത്തീകരിക്കാനാകും. വികസന പ്രവർത്തനങ്ങൾക്കുള്ള ധനസഹായം കിഫ്ബി തുടങ്ങിയ സ്ഥാപനങ്ങൾവഴി ലഭ്യമാക്കാനായി Kerala Waterway and Infrastructure (KWIL) കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**ഹിന്ദു-നാടാർ വിഭാഗത്തിനുള്ള സംവരണം**

5(1870) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) G.O.(P) No.1/2015/ BCDD ഉത്തരവനുസരിച്ച് ഹിന്ദു നാടാർ വിഭാഗത്തിനെ എസ്.ഇ.ബി.സി.യിലെ 3% സംവരണത്തിനുള്ള പിന്നാക്ക ഹിന്ദു (ബി.എച്ച്.) എന്ന ഉപവിഭാഗത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവാണോ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകൾക്കുള്ള അഡ്മിഷന് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള അഡ്മിഷന് ബാധകമാക്കരുതെന്ന് കാണിച്ച് 6.9.18 ലെ CMO 1804529, 15-12-2018-ലെ CMO 1807595 എന്നീ പരാതികൾ മുഖ്യമന്ത്രിക്ക് നൽകിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത വിഷയത്തിന്മേൽ അനുകൂല നടപടി കൈക്കൊള്ളാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ;

(ഡി) 2018-ലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്ക് ഹിന്ദു-നാടാർ വിഭാഗത്തിന് എത്ര ശതമാനം സംവരണമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി.യിൽ 100 ഉദ്യോഗാർത്ഥികളെ നിയമിക്കുമ്പോൾ അറുപതാമത്തെ ഊഴം ഹിന്ദു നാടാർ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതുപോലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്കും ചെയ്യാൻ തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(എഫ്) തടസ്സം ഉണ്ടെങ്കിൽ അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) ലഭ്യമായ പരാതി സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 2018-ലെ നീറ്റ് മുഖേനയുള്ള അഡ്മിഷനുകൾക്ക് ഹിന്ദു-നാടാർ വിഭാഗത്തിന് ഒ.ബി.എച്ച്. എന്ന നിലയിൽ 3% സംവരണമാണ് അനുവദിച്ചിട്ടുള്ളത്.

(ഇ & എഫ്) പി.എസ്.സി. വഴി ഉദ്യോഗ നിയമനം നടത്തുന്നതുപോലെ സാമുദായിക സംവരണം മാത്രമല്ല പ്രൊഫഷണൽ കോഴ്സുകളുടെ പ്രവേശനത്തിന് കണക്കാക്കുന്നത്. വിവിധ പ്രൊഫഷണൽ കോഴ്സുകളിൽ വ്യത്യസ്ത നിരക്കിലാണ് സംവരണ ശതമാനം. സാമുദായിക സംവരണത്തിന് പുറമെ സർവ്വീസ് ക്വാട്ട സംവരണം, മത്സ്യത്തൊഴിലാളികൾ, കർഷകർ തുടങ്ങിയവരുടെ മക്കൾക്ക് പ്രത്യേക സംവരണം, സ്ഥലപരമായ സംവരണം (ലക്ഷദ്വീപ്, കാശ്മീർ) എന്നിങ്ങനെയാണ് വിദ്യാഭ്യാസ സംവരണം.

## സിവിൽ സർവ്വീസിന്റെ കാര്യക്ഷമത

6 (1871) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കാൻ ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിൽ 1-1-2018 മുതൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം കർശനമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് സ്പാർക്ക് മുഖേന ശമ്പളം കൈപ്പറ്റുന്ന എല്ലാ സർക്കാർ ഓഫീസുകളിലും/വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം 2018 ഒക്ടോബർ 1-നകവും സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളിൽ ഡിസംബർ 31-നകവും സ്ഥാപിച്ച് നടപ്പിൽവരുത്താൻ ഉദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുക, കൂടുതൽ ജനോപകാരമായ മാറ്റങ്ങൾ ആവിഷ്കരിക്കുക, സിവിൽ സർവ്വീസ് ആധുനികവൽക്കരിക്കുക എന്നീ ലക്ഷ്യങ്ങൾ നടപ്പിലാക്കുന്നതിനായി ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നാലാം ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

വകുപ്പുതല ചട്ടക്കൂടുകൾ ഇല്ലാതാക്കുക, പ്രഗത്ഭരായ യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുക, മധ്യതല സംവിധാനം ശക്തമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ആയതിന്റെ ചട്ടങ്ങൾ രൂപീകരിച്ചുകൊണ്ട് എസ്.ആർ.ഒ. 861/2017 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിശോധനയിലാണ്.

ജീവനക്കാരുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും നിലനിർത്താനും വികസിപ്പിക്കാനും ഭരണമികവിലേയ്ക്കുള്ള പരിശ്രമം സുഗമമാക്കുന്നതിനുമായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് മുഖേന പരിശീലനം നൽകിവരുന്നു. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. സംസ്ഥാന പരിശീലന നയത്തിന് രൂപം നൽകി.

സർക്കാർ ഓഫീസുകളിൽ പൊതുജനങ്ങളോട് മാന്യമായ പരിഗണനയും പെരുമാറ്റവും, മുതിർന്ന പൗരന്മാർക്ക് ക്യൂവിൽ മുൻഗണന നൽകുക, പൊതുജനങ്ങളുടെ പരാതികൾക്കും അപേക്ഷകൾക്കും മറുപടി നൽകുമ്പോൾ പൂർണ്ണമായ മേൽവിലാസം രേഖപ്പെടുത്തുക, e-vacancy software മുഖേന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുക, സർക്കാർ ഓഫീസുകളിൽ ജീവനക്കാർ തങ്ങളുടെ കുട്ടികളെ പ്രവൃത്തിസമയം ഒപ്പമിരുത്തി വിലപ്പെട്ട ഓഫീസ് സമയം പാഴാക്കുന്നത് തടയുക എന്നിവ സംബന്ധിച്ച് എല്ലാ വകുപ്പ് മേധാവികൾക്കും കർശനനിർദ്ദേശം നൽകി പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനായി മൂന്ന് റിപ്പോർട്ടുകൾ ഭരണപരിഷ്കാര കമ്മീഷൻ സമർപ്പിച്ചിട്ടുണ്ട്.

1. വിജിലൻസ് സംവിധാനം-പരിഷ്കരണം.

2. Capacity Development of Civil Servants - Kerala

3. Welfare to Rights-Implementation of Select Legislations -A review

റിപ്പോർട്ടുകൾ സർക്കാരിന്റെ പരിശോധനയിലാണ്.

## മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം

7 (1872) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണം അനുവദിക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) സാമ്പത്തിക സംവരണം സംബന്ധിച്ച ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനം ഉള്ളവർക്ക് സാമ്പത്തിക സംവരണം അനുവദിക്കുവാനുള്ള കേന്ദ്ര സർക്കാർ തീരുമാനം സംസ്ഥാന സർക്കാർ അംഗീകരിക്കുന്നില്ലായെന്ന് ഏതെങ്കിലും മന്ത്രി പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രസ്താവന ഏത് സാഹചര്യത്തിലാണെന്നറിയിക്കുമോ;

(സി) ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി കെ.എസ്.& എസ്.എസ്.ആർ.-ലും ആവശ്യമായ ഭേദഗതി വരുത്തുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ഉത്തരവ് സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് സർക്കാർ ആലോചിക്കുന്നത്; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംവരണം ആവശ്യമാണെന്ന നിലപാടാണുള്ളത്.

(ബി - ഡി) ഇക്കാര്യത്തിൽ സർക്കാർ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

## നവകേരളനിധി

8 (1873) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് നവകേരളനിധി രൂപവൽക്കരിച്ച് ഉത്തരവായതിൻപ്രകാരം എത്ര രൂപ സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) പ്രളയാനന്തര പുനർനിർമ്മാണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി മുഖേനയുള്ള ധനശേഖരണം വർദ്ധിപ്പിക്കുന്നതിനായി നവകേരള നിധി വഴിയുള്ള ഫണ്ട് സമാഹരണത്തിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുമ്പ് തന്നെ നിലവിലുള്ളതും വിവിധ സന്നദ്ധസംഘടനകൾ/സ്ഥാപനങ്ങൾ/ പൊതുജനങ്ങൾ എന്നിവരിൽ നിന്നും സംഭാവനകൾ, സ്പോൺസർഷിപ്പ് എന്നിവ മുഖാന്തരം ഫണ്ട് സ്വരൂപിക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ട് രൂപീകരിച്ചിട്ടുള്ളതുമായ വിവിധ നിധികൾ ഏകോപിപ്പിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) ഇല്ലെങ്കിൽ ഫണ്ടുകളുടെ ഏകോപനമില്ലായ്മ പ്രളയാനന്തര പുനർനിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) നവകേരളനിധി രൂപവൽക്കരിച്ച് ഉത്തരവായതിനുശേഷം 300 കോടി രൂപ സ്വരൂപിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി&ഡി) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽനിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

- സംസ്ഥാന ബജറ്റ് - ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി. മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ
- കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കീഴിൽ കൂടുതൽ വകയിരുത്തൽ
- കേന്ദ്ര ഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റ് വായ്പകളും.

## പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം

9(T* 1874) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം സംബന്ധിച്ച് സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ വാർഷിക അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളിലാണ് സംവരണ സാധ്യത ഇല്ല എന്ന രീതിയിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) സംവരണ പ്രാതിനിധ്യം പൂർണ്ണമായും ഉറപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം ജനുവരി 1 അടിസ്ഥാനമാക്കി വാർഷിക അവലോകനം നടത്തിവരുന്നു. ഏറ്റവും അവസാനം അവലോകനം നടന്ന വർഷവും ആ വർഷത്തെ സംവരണ സാധ്യതയില്ലാത്ത വകുപ്പുകളും അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിലെത്തിയശേഷം വിവിധ വകുപ്പുകളിലായി 104 ഗസറ്റഡ് തസ്തികകളും 1491 നോൺ ഗസറ്റഡ് തസ്തികകളും 59 ലാസ്റ്റ് ഗ്രേഡ് തസ്തികകളും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അവലോകനം തീരെ നടത്തിയിട്ടില്ലാത്ത 5 വകുപ്പുകളിൽ ഈ സർക്കാർ അവലോകനം നടത്തി. അതിൽ 4 വകുപ്പുകൾ 2018 വരെ പൂർത്തീകരിച്ചു. ആകെയുള്ള 86 വകുപ്പുകളിൽ 57 എണ്ണത്തിൽ 2018 ജനുവരി 1 വരെയുള്ള അവലോകനം പൂർത്തീകരിച്ചിട്ടുണ്ട്.

**പ്രളയത്തിനുശേഷം ചെലവഴിച്ചിട്ടുള്ള തുക**

10 (1875) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിനുശേഷം പ്രളയ ദുരിത ബാധിതർക്കുവേണ്ടിയല്ലാതെ മറ്റ് ഏതെല്ലാം പദ്ധതികൾക്കും ആവശ്യങ്ങൾക്കുമാണ് തുക ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ ചെലവഴിച്ച തുക എത്രയാണെന്ന് പദ്ധതിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രളയത്തിനുശേഷം യാത്രകൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി ഓരോ മന്ത്രിയും ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രളയത്തിനുശേഷം പത്ത് കോടിയിലധികം ചെലവ് വരുന്ന പദ്ധതികൾ നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ - ഡി) വിവരം ശേഖരിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ജീവനക്കാരുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ**

11 (1876) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണം പോലുള്ള പദ്ധതികൾക്ക് ഒപ്പം സമൂഹം പുരോഗമനപരവും മതനിരപേക്ഷവുമായി നിലനിൽക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രളയകാലത്ത് സർക്കാർ ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടായ കരുതലും ആർജ്ജവവും, ഒരു വിഭാഗം ജീവനക്കാരെ മാത്രം വിശ്വാസത്തിലെടുത്തുകൊണ്ട് സംഘടിപ്പിച്ച വനിതാ മതിൽമൂലം നഷ്ടമായി എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ജീവനക്കാരുടെയിടയിൽ പ്രകടമായ ചേരിതിരിവ് ഉണ്ടാക്കുന്നതിനും അവരെ പല തട്ടുകളിലാക്കുന്നതിനും വനിതാ മതിൽ ഇടയാക്കിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ ഇത്തരം കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ എല്ലാ വിഭാഗം ജീവനക്കാരെയും വിശ്വാസത്തിലെടുക്കുന്നതിനും അവരുടെ പൂർണ്ണ സഹകരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) കേരളം കൈവരിച്ച സാമൂഹ്യ പരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും സ്ത്രീ പുരുഷ സമത്വം ഉയർത്തിക്കാട്ടുന്നതിനും ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1-ന് നവോത്ഥാന സംരക്ഷണ സമിതി സംഘടിപ്പിച്ച വനിതാ മതിലിന് സർക്കാർ പിന്തുണ ഉറപ്പാക്കിയത്. ഒന്നര നൂറ്റാണ്ടുകാലം നീണ്ടുനിന്ന നവോത്ഥാന പരിശ്രമത്തിന്റെ ശ്രമഫലമാണ് ഇന്നു കാണുന്ന ആധുനിക കേരളം. ആ ആശയങ്ങളെ തുടച്ചുനീക്കി ദുരാചാരങ്ങൾ തിരിച്ചുകൊണ്ടുവരുന്നതിന് ചില കേന്ദ്രങ്ങൾ ബോധപൂർവ്വം ശ്രമിക്കുമ്പോൾ അതിനെതിരായ ചെറുത്തുനിൽപ്പാണ് വനിതാ മതിൽ പോലുള്ള ജനമുന്നേറ്റങ്ങൾ.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ തലമുറ കണ്ട ഏറ്റവും വലിയ വെള്ളപ്പൊക്കമാണ് ആഗസ്റ്റ് മാസത്തിലുണ്ടായത്. പ്രളയകാലത്ത് രക്ഷാപ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും പുനർനിർമ്മാണ പ്രവർത്തനങ്ങളും ലോകത്തിന് മാതൃകയായി നിർവ്വഹിച്ച സംസ്ഥാനമാണ് നമ്മുടേത്. വിഭവസമാഹരണവും ആസൂത്രണത്തിന്റെ കൃത്യതയും നിർവ്വഹണത്തിന്റെ ചടുലതയും മേൽനോട്ടത്തിന്റെ ജാഗ്രതയും സൂക്ഷ്മമായി ഏകോപിപ്പിച്ചാണ് പ്രളയത്തിന്റെ അതിജീവനം സാദ്ധ്യമായത്. മത്സ്യത്തൊഴിലാളികളും യുവാക്കളും പ്രവാസികളും സാധാരണ ജനങ്ങളും

ഉദ്യോഗസ്ഥരും ഒരേ മനസ്സോടെ ദുരന്തത്തെ നേരിടാൻ കൈകോർത്തു. അതേ ആവേശത്തോടെതന്നെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ക്യാമ്പയിനിലും അവർ പങ്കെടുത്തിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടില്ല. ഭരണഘടനാദത്തമായ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ എല്ലാ വിഭാഗം ജീവനക്കാരും ആവേശപൂർവ്വം പങ്കെടുത്തിട്ടുണ്ട് എന്നതിന് വൻ പങ്കാളിത്തം തെളിവാണ്.

**പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രത്യേക സെക്രട്ടേറിയറ്റ്**

12 (1877) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്ത പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പ്രത്യേക സെക്രട്ടേറിയറ്റ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സെക്രട്ടേറിയറ്റിന്റെ ചുമതലകൾ എന്തൊക്കെയാണ്;

(ബി) ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ. വിശദാംശം നൽകുമോ;

(സി) ഈ ഇനത്തിൽ പ്രതിവർഷം എത്ര രൂപയുടെ അധിക ചെലവ് സർക്കാരിന് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളം അഭിമുഖീകരിച്ച പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം ഉറപ്പാക്കുക, പ്രവർത്തനങ്ങളിലെ കാര്യക്ഷമതയിലുള്ള പോരായ്മകൾ പരിഹരിച്ച് കൂടുതൽ പ്രവർത്തനക്ഷമമായ കേരളം സൃഷ്ടിക്കുക, പ്രകൃതി ദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യുക എന്നിങ്ങനെ വിശാലമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് കേരള പുനർനിർമ്മാണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും വേഗത/കാര്യക്ഷമത ഉൾച്ചേർക്കൽ, ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതികവിദ്യകളുടെ പ്രയോഗം, നീതിപൂർവ്വകവും നിഷ്പക്ഷവുമായ പുനരധിവാസ നടപടികൾ, മെച്ചപ്പെട്ട കാര്യക്ഷമത ഉറപ്പാക്കൽ, ആസ്തി പരിപാലന ചട്ടക്കൂടുകളുടെ രൂപീകരണം, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നീ അടിസ്ഥാന സമീപനങ്ങൾ പാലിച്ചുകൊണ്ട് കേരള പുനർനിർമ്മാണം സാദ്ധ്യമാക്കുക എന്നതിനാണ് റീബിൽഡ് കേരള

ഇനിഷ്യേറ്റീവ് ഊന്നൽ നൽകുന്നത്. മേൽപ്പറഞ്ഞ വിധത്തിൽ വികസന ആശയങ്ങൾ രൂപപ്പെടുത്തുക, നിശ്ചിത മാനദണ്ഡങ്ങൾക്കും വിലയിരുത്തലുകൾക്കും വിധേയമായി പ്രസ്തുത ആശയങ്ങളിൽനിന്നും നിർവ്വഹണ യോഗ്യമായവ തെരഞ്ഞെടുത്ത് വിശദമായ പദ്ധതിരേഖയും നിർവ്വഹണ സമയക്രമവും നിശ്ചയിച്ച് സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കാനാകുന്ന ഏജൻസികൾവഴി നടപ്പിലാക്കുക എന്നതാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നിർവ്വഹണ സമീപനം. ഇത്തരത്തിലുള്ള പദ്ധതി രേഖകൾ തയ്യാറാക്കി വിവിധ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നതിനുള്ള നടപടികളാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നിലവിൽ ഏറ്റെടുത്തിട്ടുള്ളത്. ഇക്കാര്യങ്ങൾ ഏകോപിപ്പിക്കാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനും പ്രതിപക്ഷ നേതാവും വിദഗ്ദ്ധരും ഉൾപ്പെടുന്ന ഉപദേശക സമിതിയും ചീഫ് സെക്രട്ടറി ചെയർമാനായ ഉന്നതാധികാര സമിതിയും മൂന്നംഗ ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും സ്ഥാപനതല പിന്തുണ സംവിധാനവും പ്രിൻസിപ്പൽ സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ആർ.കെ.ഐ. സെക്രട്ടേറിയറ്റും പ്രവർത്തിക്കുന്നു. പ്രളയാനന്തര കേരളത്തിന്റെ മുഴുവൻ പുനർനിർമ്മാണ പ്രക്രിയകളും ആർ.കെ.ഐ.-യുടെ കീഴിൽ വരുന്നതാണ്. ഇവയ്ക്ക് ഭരണസഹായം നൽകുന്നത് ആർ.കെ.ഐ. സെക്രട്ടേറിയറ്റിന്റെ ചുമതലയിൽപ്പെടുന്നു.

(ബി) ഉണ്ട്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് സെക്രട്ടേറിയറ്റ് രൂപീകരിക്കുന്നതിന്റെ ഭാഗമായി പൊതുഭരണ സെക്രട്ടേറിയറ്റിലെ ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പിൽ ഒരു അഡീഷണൽ സെക്രട്ടറിയുടെയും ഒരു സെക്ഷൻ ഓഫീസറുടെയും മൂന്ന് അസിസ്റ്റന്റുമാരുടെയും തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ആർ.കെ.ഐ.-യുടെ അംഗീകരിക്കപ്പെട്ട ഇൻസ്റ്റിറ്റ്യൂഷണൽ ഫ്രെയിംവർക്ക് പ്രകാരം മേൽപ്പറഞ്ഞ തസ്തികകൾക്ക് പുറമെ അതത് മേഖലകളിലെ വിദഗ്ദ്ധരെ കൺസൾട്ടന്റുമാരായും നിയമിക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) ആർ.കെ.ഐ. സെക്രട്ടേറിയറ്റുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ് എന്നതിനാൽ ഇതുമായി ബന്ധപ്പെട്ട് പ്രതിവർഷം എത്ര ചെലവുണ്ടാകുമെന്ന് കണക്കാക്കിയിട്ടില്ല.

**ശബരിമല ദർശനം നടത്തിയ യുവതികളുടെ പട്ടിക**

13 (1878) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനം നടത്തിയ യുവതികളുടെ പട്ടിക സർക്കാർ സുപ്രീംകോടതിയിൽ നൽകിയിട്ടുണ്ടോ;

(ബി) സുപ്രീംകോടതി ആവശ്യപ്പെട്ട പ്രകാരമാണോ പ്രസ്തുത പട്ടിക സമർപ്പിച്ചത്; അല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(സി) സർക്കാർ നൽകിയ പട്ടികയിൽ പുരുഷന്മാരും 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകളും ഉൾപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പട്ടിക പുനഃപരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെ ഉൾപ്പെടുന്ന സമിതിയാണ് പട്ടിക പുനഃപരിശോധിച്ചത്;

(ഇ) എങ്കിൽ പുതിയ പട്ടിക പ്രകാരം എത്ര യുവതികൾ ആണ് ശബരിമലയിൽ ദർശനം നടത്തിയത് എന്ന് വെളിപ്പെടുത്താമോ;

(എഫ്) തെറ്റായ പട്ടിക സുപ്രീം കോടതിയ്ക്ക് നൽകിയതിൽ അനാവശ്യമായ തിടുക്കവും ജാഗ്രതക്കുറവും ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-എഫ്) ശബരിമല ദർശനം നടത്തിയ യുവതികളുടെ ഒരു പട്ടികയും സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹാജരാക്കിയിട്ടില്ല.

**അഴിമതികേസുകൾ വെളിച്ചത്തുകൊണ്ടുവരുന്നതിന് നടപടി**

14 (1879) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് (2011-2016) മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെട്ട ധാരാളം അഴിമതി നടന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്തരം അഴിമതിക്കേസുകൾ വെളിച്ചത്തുകൊണ്ടുവരുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ലഭിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് (2011-16) മന്ത്രിമാരും ഉന്നത ഉദ്യോഗസ്ഥരും ഉൾപ്പെട്ട അഴിമതി സംബന്ധിച്ച് ലഭിച്ച പരാതികളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങൾ നടത്തിയതായി കാണപ്പെട്ട

ആരോപണങ്ങളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ച് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോടതിയിൽ കുറ്റപത്രം സമർപ്പിക്കുന്നതിനാവശ്യമായ തെളിവുകൾ ലഭിച്ച കേസുകളിൽ കുറ്റക്കാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുകയും ഗുരുതരമല്ലാത്ത ക്രമക്കേടുകൾ കണ്ടെത്തിയ കേസുകളിൽ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനായി ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

## ഓഫീസ് അറ്റൻഡന്റ് ഒഴിവുകൾ

15 (1880) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വിവിധ വകുപ്പുകളിലായി 2019-ൽ ഓഫീസ് അറ്റൻഡന്റിന്റെ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്ര; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്;

(സി) ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത മേലധികാരികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) നിലവിൽ ഒരു പ്രതീക്ഷിത ഒഴിവാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് വിവിധ വകുപ്പുകളിലെ കാര്യാലയങ്ങളിൽ ദ്രുതപരിശോധന നടത്തുകയും ഒഴിവുകൾ കൃത്യമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന സാഹചര്യമുണ്ടെങ്കിൽ നിയമനാധികാരികൾക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നുണ്ട്.

## ആശ്രിത നിയമനം ലഭിച്ചവർ

16 (1882) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ എത്ര പേർ ആശ്രിത നിയമനത്തിലൂടെ ജോലി ലഭിച്ചവരാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ വകുപ്പ് തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) ഇവർ മൊത്തം ജീവനക്കാരുടെ എത്ര ശതമാനം വീതം വരുമെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**പഞ്ചിംഗ് സംവിധാനം**

17 (1883) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം വകുപ്പുകളിലാണ് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എല്ലാ വകുപ്പുകളിലും പഞ്ചിംഗ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്ന് മുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഭരണ നവീകരണത്തിന്റെ ഭാഗമായി കേരളത്തിലെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സെക്രട്ടേറിയറ്റിൽ 2018 ജനുവരി 1 മുതലും മറ്റെല്ലാ സർക്കാർ ഓഫീസുകളിലും 2018 ഒക്ടോബർ 1-നകവും ഓരോ വകുപ്പിലെയും എല്ലാതലത്തിലുമുള്ള ഓഫീസുകളിൽ സ്പാർക്ക് ബന്ധിത പഞ്ചിംഗ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കിയശേഷം അതത് വകുപ്പിന് കീഴിലുള്ള അതോറിറ്റികൾ, സ്വയംഭരണ സ്ഥാപനങ്ങൾ, കമ്മീഷനുകൾ തുടങ്ങി സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും ഈ സംവിധാനം 2018 ഡിസംബർ 31-നകവും നടപ്പിൽ വരുത്താൻ നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദ്ദേശം കഴിയുന്നത്ര വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ സർക്കാർ ഓഫീസുകളിലുള്ള ഒഴിവുകൾ**

18 (1884) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ വിവിധ തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ വകുപ്പ് തിരിച്ച് നൽകുമോ;

(ബി) ജില്ലാതല ഓഫീസുകളിൽപ്പോലും മതിയായ ജീവനക്കാർ ഇല്ലാത്തതിനാൽ പൊതുജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടിയന്തരമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനും നിയമന നടപടികൾ ത്വരിതപ്പെടുത്താനും വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം ജില്ലയിൽ വിവിധ തസ്തികകളിൽ നടത്തിയ നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ സർക്കാർ വാഹനങ്ങൾ

19 (1885) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ വിവിധ സർക്കാർ ആഫീസുകളിലായി ഉപയോഗത്തിലുള്ള വാഹനങ്ങളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ വിവിധ സർക്കാർ ആഫീസുകളിൽ നിലവിലുള്ള ഡ്രൈവർ തസ്തികകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ സൃഷ്ടിക്കപ്പെട്ട ഡ്രൈവർമാരുടെ തസ്തികയുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കോഴിക്കോട് ജില്ലയിൽ വിവിധ വകുപ്പുകളിൽ കൂടുതൽ ഡ്രൈവർ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും സ്വകാര്യ കച്ചവടക്കാരുടെ വില്പന

20 (1886) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും ഓഫീസ് സമയത്ത് കോമ്പൗണ്ടിനുള്ളിൽ വാഹനങ്ങൾ കയറ്റിയിട്ട് സ്വകാര്യ കച്ചവടക്കാർ സാധന സാമഗ്രികൾ വില്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വിദ്യാലയങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ ഓഫീസ് പ്രവർത്തനം തന്നെ താറുമാറാകുന്ന തരത്തിൽ വസ്തുങ്ങൾ ഉൾപ്പെടെയുള്ള വിവിധ കച്ചവട സാധനങ്ങൾ വിപണനം ചെയ്യുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം കാര്യങ്ങൾ തടയുന്നതിന് ഓഫീസ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

**സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിലെ സ്പെഷ്യൽ റൂൾസ്**

21 (1887) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എല്ലാ വകുപ്പുകളിലും സ്പെഷ്യൽ റൂൾസ് പ്രാബല്യത്തിലുണ്ടോ; സ്പെഷ്യൽ റൂൾസ് ഉള്ളതും ഇല്ലാത്തതുമായ വകുപ്പുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വകുപ്പിനുവേണ്ടി സ്പെഷ്യൽ റൂൾസ് തയ്യാറാക്കി പ്രാബല്യത്തിൽ വരുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**സെക്രട്ടേറിയറ്റ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ**

22 (1888) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് കെട്ടിടത്തിന്റെ നവീകരണ പ്രവൃത്തികൾ നടത്തുന്നതിനുള്ള കൺസർവേഷൻ ആർക്കിടെക്ചറൽ കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ സെലക്ഷൻ കമ്മിറ്റി വിദേശയാത്ര നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത സെലക്ഷൻ കമ്മിറ്റി കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ ശിപാർശ സമർപ്പിച്ചിരുന്നോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) തെരഞ്ഞെടുത്തിട്ടില്ല.

(ബി-ഡി) കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ സെലക്ഷൻ കമ്മിറ്റി വിദേശയാത്ര നടത്തിയിട്ടില്ല.

**സേവനാവകാശ നിയമം**

23 (1889) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനാവകാശ നിയമം ഇപ്പോൾ ഏതെല്ലാം വകുപ്പുകളിലാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നിയമം ഫലപ്രദമായി പൊതുജനങ്ങൾ ഉപയോഗപ്പെടുത്തുന്നി ല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമം എല്ലാ വകുപ്പുകളിലും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) 121 വകുപ്പുകളിലാണ് നടപ്പിലാക്കിയിട്ടുള്ളത്. വകുപ്പുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) കാലോചിതമായി സേവനാവകാശ നിയമം പരിഷ്കരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

**ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള സഭാവിഷയം**

24 (1890) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള സഭാവിഷയം പരിഹരിക്കാൻ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉപസമിതിയുടെ ഘടനയും അംഗങ്ങളെ സംബന്ധിച്ച വിവരവും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സമിതിയോഗം ചേർന്നിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ന് യോഗം ചേരാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 1-1-2019-ലെ സ. ഉ. (സാധാ)നമ്പർ 10/2019/ആഭ്യന്തരം പ്രകാരം ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ തമ്മിലുള്ള തർക്കപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുന്നതിന് മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) യോഗം ചേർന്നിട്ടുണ്ട്.

## ഐ.എ.എസ്., ഐ.പി.എസ്., ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ

25 (1891) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് വിവിധ മേഖലകളിൽ ചെലവുചുരുക്കൽ നടപടികൾ പ്രഖ്യാപിച്ചിരുന്നോ ;

(ബി) പ്രസ്തുത പ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്തെ ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങളിൽ എന്തെങ്കിലും വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് വർദ്ധിപ്പിച്ചതെന്നും, ഇതുമൂലം ഒരു വർഷം എത്ര രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിനാവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടുവരുന്നത്. നടപ്പുവർഷത്തെ പദ്ധതിയിൽ 20 ശതമാനം പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുകൾക്കും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്കോളർഷിപ്പ് സ്കീമുകൾക്കും ഒഴികെയുള്ള സ്കീമുകളിൽനിന്നും കുറവ് വരുത്തുന്നതിനും, ഈ തുക റോഡുകളുടെയും കുടിവെള്ള പദ്ധതികളുടെയും പുനഃസൃഷ്ടിക്ക് നിവിയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പദ്ധതികളുടെ മുൻഗണനാക്രമത്തിൽ ഭേദഗതി വരുത്താനും നിശ്ചയിച്ചിരുന്നു. അതേസമയം നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും പുതിയ ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും വിദേശയാത്രയ്ക്കും

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിമാനയാത്രയ്ക്കും മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്.

(ബി & സി) ആൾ ഇന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന AIS Officer's Allowance-ന്റെ നിരക്കിൽ 25-1-2019-ലെ സ.ഉ.(എം.എസ്.) നമ്പർ 20/2019/പൊ.ഭ.വ. പ്രകാരം വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**നാട്പാക് ഡയറക്ടർ നിയമനം**

26 (1894) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന് കീഴിലുള്ള സ്ഥാപനമായ നാട്പാക്കിൽ ഡയറക്ടർ ആയിരുന്ന ഉന്നത വിദ്യാഭ്യാസ യോഗ്യതകൾ ഉണ്ടായിരുന്ന ഡോ. ബി. ജി. ശ്രീദേവിയെ പ്രസ്തുത സ്ഥാനത്തു നിന്നും മാറ്റുകയും ടെക്നിക്കൽ വിദ്യാഭ്യാസ യോഗ്യതകൾ ഇല്ലാത്ത വ്യക്തിയെ ഡയറക്ടർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) ഡോ. ബി. ജി. ശ്രീദേവിയെ തൽസ്ഥാനത്ത് തുടരാൻ അനുവദിച്ചു കൊണ്ടുള്ള ഹൈക്കോടതി വിധി നിലവിലുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് പ്രസ്തുത വിധി നടപ്പാക്കുന്നതിൽ സർക്കാർ വൈമുഖ്യം കാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നാട്പാക് ഡയറക്ടറായുള്ള ഡോ. ബി. ജി. ശ്രീദേവിയുടെ നിയമന കാലാവധി നീട്ടിയപ്പോൾ ചട്ടപ്രകാരം പ്രവർത്തന മികവ് പരിശോധിക്കുകയോ എക്സിക്യൂട്ടീവ് കമ്മിറ്റി/സംസ്ഥാന കൗൺസിൽ എന്നിവയുടെ ശിപാർശ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ വിശദമായ പുനഃപരിശോധനയുടെ അടിസ്ഥാനത്തിൽ നാട്പാക് ഡയറക്ടറായുള്ള ഡോ. ബി. ജി. ശ്രീദേവിയുടെ നിയമന കാലാവധി അവസാനിപ്പിച്ചു. അതിനുശേഷം ഇതുവരെ നാട്പാക്കിൽ പുതിയ സ്ഥിരം ഡയറക്ടറെ നിയമിച്ചിട്ടില്ല. എന്നാൽ, നിലവിൽ ഡയറക്ടറുടെ ചുമതല നാട്പാക്കിലെ സയന്റിസ്റ്റിനെ ഏൽപ്പിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട കോടതിയുടെ വിധിന്യായം കൗൺസിൽ ചട്ടങ്ങൾക്കെതിരായ സാഹചര്യത്തിൽ പ്രസ്തുത വിധിന്യായത്തിനെതിരെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള റിട്ട് അപ്പീൽ തീർപ്പാകേണ്ടതുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

27 (1895) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ശാസ്ത്ര പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി എന്ന സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതിനായി ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക എത്രയാണ് എന്നും 2018-19-ൽ ചെലവഴിച്ച തുക എത്ര എന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്നത് ഏത് ഏജൻസിയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്.

(ബി) 1500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) M/s. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) ആണ് നിർമ്മാണ പ്രവർത്തനം നിർവ്വഹിക്കുന്നത്.

## വെള്ളായണി കായൽ സംരക്ഷണം

28 (T*1896) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ശുദ്ധജല തടാകമായ വെള്ളായണി കായൽ നാശത്തിന്റെ വക്കിലാണെന്ന വസ്തുത ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) പതിവിൽനിന്നും വിരുദ്ധമായി കഴിഞ്ഞ മൂന്ന് മാസത്തിനിടെ കായലിലെ ജലനിരപ്പ് മൂന്നടിയോളം താഴ്ന്നത് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(സി) കായലിൽനിന്നും പമ്പ് ചെയ്യുന്ന വെള്ളത്തിൽ പുഴുക്കൾ ഉണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) പായലും പുല്ലും പടർന്ന് മൂടപ്പെട്ട അവസ്ഥയിൽ ഉള്ള കായൽ സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) വെള്ളായണി കായൽ സംബന്ധിച്ച് കേരള നിയമസഭയുടെ പരിസ്ഥിതി സമിതി (2016-19) മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളും കോഴിക്കോട് ആസ്ഥാനമായി

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിമയ കേന്ദ്രം (CWRDM), 2015 ജൂലൈയിൽ സമർപ്പിച്ച "Conservation and Protection of Vellayani Lake in Thiruvananthapuram District" എന്ന റിപ്പോർട്ടും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കായലിന്റെ സംഭരണശേഷിയിലുണ്ടായിട്ടുള്ള കുറവ്, മലിനീകരണം, അനധികൃത മണൽ ഖനനം, കായലിനോട് ചേർന്നുകിടക്കുന്ന സ്വകാര്യഭൂമികളിൽ നടക്കുന്ന വിവിധ പ്രവർത്തനങ്ങൾ എന്നിവയാണ് കായൽ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്നതാണ് CWRDM റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. നിയമസഭാ സമിതി മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ജലസേചന വകുപ്പിലെ ബന്ധപ്പെട്ട ഫീൽഡ് ആഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വെള്ളായണി കായൽ ജലനിരപ്പ് താഴ്ന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി)

1. പ്രീ ക്ലോറിനേഷൻ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി.

2. കായലിലെ താമര, മറ്റ് സസ്യജാലങ്ങൾ എന്നില ലീഡിംഗ് ചാനൽ വഴി ഇൻടേക്കിൽ പ്രവേശിക്കുന്നത് തടയുന്നതിനായി 150 മീറ്റർ ചുറ്റളവിൽ തെങ്ങിൻ കുറ്റിയും നൈലോൺ നെറ്റും ഉപയോഗിച്ചുള്ള ഫെൻസിംഗ് നിർമ്മിച്ചുവരുന്നു. പ്രസ്തുത സ്ഥലത്തുള്ള താമരയുടെ വേരുകളും പായലും മാറ്റി വൃത്തിയാക്കിയിട്ടുണ്ട്.

3. ആവശ്യമായ സ്ഥലങ്ങളിൽ അരിപ്പകൾ സ്ഥാപിച്ചു.

4. വെള്ളത്തിന്റെ സാമ്പിൾ തിരുവനന്തപുരം ക്വാളിറ്റി കൺട്രോൾ ഡിവിഷനിൽനിന്ന് കൊച്ചിയിലെ സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്കും തിരുവനന്തപുരത്തുള്ള Council of Scientific & Industrial Research (CSIR), National Institute for Interdisciplinary Science & Technology (NIIST)-യിലേയ്ക്കും വിശദമായ പരിശോധനയ്ക്കും പരിഹാര നിർദ്ദേശങ്ങൾക്കുമായി അയച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന തണ്ണീർത്തട അതോറിറ്റി-കേരളയുടെ നോഡൽ ഡിപ്പാർട്ടുമെന്റ് എന്ന നിലയിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## പ്രളയ സാധ്യതാ മേഖലകൾ

29(1897) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രളയ സാധ്യതാ മേഖലകൾ ഏതെല്ലാമാണ് എന്നതിനെ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ;

(ബി) കേരള ഭൂവിസ്തൃതിയുടെ എത്ര ശതമാനം, വെള്ളപ്പൊക്ക സാധ്യതാ പ്രദേശമാണെന്നാണ് കണ്ടെത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രകൃതി ദുരന്തമുണ്ടാകുമ്പോൾ സുരക്ഷിത മേഖലയിലേക്ക് എത്തിച്ചേരുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രാജ്യത്തുതന്നെ ആദ്യമായി പൊതുജനങ്ങൾക്ക് ഗൂഗിൾ എർത്ത് സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കത്തക്കരീതിയിൽ പ്രളയസാദ്ധ്യതാ ഭൂപടം 2016-ൽത്തന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 7-9-2018-ലെ സ.ഉ. (കൈ)നമ്പർ 20/2018/സി.എം.ഡി. പ്രകാരം ഫ്ളഡ് & ലാൻഡ് സ്ലൈഡ് പ്രോൺ ഏരിയ മാപ്പിംഗ് നടത്തുന്നതിന് (Flood & landslide prone area mapping) സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 5624.1 sq.km., 14.5 ശതമാനം പ്രദേശം.

(സി) അതാത് പ്രദേശത്തെ എല്ലാ ഗതാഗത മാർഗ്ഗങ്ങളും ഭൂപടമാക്കി അതതു ജില്ലകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രളയം ബാധിക്കാൻ സാധ്യതയുള്ള റോഡ്, റെയിൽ ഗതാഗതമാർഗ്ഗങ്ങളും പ്രത്യേക പട്ടികയായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഫ്ലക്സ് പരസ്യങ്ങൾ**

30 (1898) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലക്സ് പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും ഫ്ലക്സിന്റെ പുനഃചംക്രമണം ഉറപ്പാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) സർക്കാർ പരസ്യങ്ങൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) 6-11-2014-ലെ സ.ഉ. (കൈ) നമ്പർ 195/2014/ത.സ്വ.ഭ.വ. പ്രകാരം പുനരുപയോഗിക്കാൻ സാധിക്കാത്തതും ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നതുമായ പി.വി.സി. നിർമ്മിത ഫ്ലക്സുകളുടെ ഉപയോഗത്തിന് സംസ്ഥാനത്ത് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും 27-10-2015-ലെ സ.ഉ. (സാധാ) നമ്പർ 3185/2015/ത.സ്വ.ഭ.വ. നമ്പർ പ്രകാരം പി.വി.സി. ഫ്ലക്സിന് പകരം പോളിഎഥിലീൻ നിർമ്മിത വസ്തുക്കളോ അതുപോലുള്ള മറ്റ് വസ്തുക്കളോ ഉപയോഗിക്കുന്നതിന് അനുമതി

നൽകിക്കൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് 14-2-2018-ൽ സി.2/274/2017/ഐ&പി.ആർ.ഡി. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫ്ലക്സ് നിരോധനത്തിന്റെ പ്രായോഗികത സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി (നിയമ വകുപ്പ്), വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ, എക്സിക്യൂട്ടീവ് ഡയറക്ടർ-ശുചിത്വ മിഷൻ എന്നിവർ അംഗങ്ങളായി നിയോഗിച്ച സമിതിയുടെ ശിപാർശകൾ നടപ്പിൽവരുത്തുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു. പി.വി.സി. ഫ്ലക്സ് നിരോധിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 8-5-2018-ൽ നടന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനിച്ചതുപ്രകാരം പി.വി.സി. ഫ്ലക്സിനെ സംബന്ധിച്ചും അവയുടെ ദൂഷ്യവശങ്ങളെക്കുറിച്ചും വിശദമായ ഒരു ലഘുലേഖ തയ്യാറാക്കി സർവ്വകക്ഷി യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾക്ക് വിതരണം ചെയ്തത് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ഫ്ലക്സ് നിരോധനം സംബന്ധിച്ച് നിയമ വകുപ്പിന്റെ ഉപദേശം ആരായുകയും അനുകൂല മറുപടി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളും സ്വീകരിച്ചുവരുന്നു.

(ബി) സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ നടത്തുന്ന പരിപാടികളുടെ പരസ്യത്തിനായി ഫ്ലക്സ് ബോർഡുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതാണെന്ന് 14-2-2018-ലെ സി.2/274/2017/ ഐ&പി.ആർ.ഡി. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ സർക്കാർ പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പ്രകൃതി സൗഹൃദമാക്കുന്നതിന് 5-10-2017-ലെ സ.ഉ. (സാധാ)നമ്പർ 3214/2017/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരവും 4-9-2018-ലെ സ.ഉ. (സാധാ)നമ്പർ 5784/2018/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

## പ്രളയാനന്തരം ജലാശയങ്ങളുടെ സംരക്ഷണം

31 (T* 1899) ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെ തുടർന്ന് വേമ്പനാട്ടുകായലിൽ മണ്ണും ചെളിയും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങളും വൻതോതിൽ ഒഴുകിയെത്തിയത് കായലിന്റെ ജലവാഹക ശേഷിയെയും ആവാസ വ്യവസ്ഥയെയും എത്തരത്തിൽ ബാധിച്ചെന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) അന്താരാഷ്ട്ര പ്രാധാന്യമുള്ള തണ്ണീർത്തടമെന്ന നിലയിൽ റാംസർ പട്ടികയിൽ ഉൾപ്പെട്ട വേമ്പനാട്ടുകായലിന്റെ വിസ്തൃതിയിലും ഘടനയിലും കയ്യേറ്റം കൊണ്ടും ടൂറിസത്തിന്റെ പേരിലുള്ള ദുരുപയോഗം കൊണ്ടും ഉണ്ടായ പ്രതികൂല മാറ്റങ്ങൾ പരിഹരിക്കാൻ ഹ്രസ്വകാല, ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സ്വാമിനാഥൻ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള കുട്ടനാട് പാക്കേജിൽ കായൽ സംരക്ഷണത്തിനായി പദ്ധതിയുണ്ടോ;

(ഡി) പ്രളയം സംസ്ഥാനത്തുടനീളമുള്ള നദികളുടെ തീരങ്ങളിൽ വൻനാശനഷ്ടം സൃഷ്ടിച്ചതിനാൽ നദീതീരസംരക്ഷണത്തിന് റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചും അല്ലാതെയും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കായലിൽ മാലിന്യം അടിയുന്നതുമൂലം ജലവാഹകശേഷി ക്രമേണ കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അംഗീകരിച്ച വേമ്പനാട് കായലിനായിട്ടുള്ള കർമ്മ പരിപ്രേഷ്യത്തിൽ ഇതുസംബന്ധിച്ച നിർദ്ദേശങ്ങളുണ്ട്.

(സി) ഉണ്ട്. തണ്ണീർമുക്കം ബാരേജിന്റെ മൂന്നാം ഘട്ടം.

(ഡി) നദീതീരങ്ങൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി കേന്ദ്രഗവൺമെന്റ്, വേൾഡ് ബാങ്ക് എന്നിവയ്ക്ക് പദ്ധതികൾ തയ്യാറാക്കി ജലസേചന വകുപ്പ് ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ള പ്രവൃത്തികൾ പദ്ധതി/പദ്ധതിയേതര ഫണ്ട് ഉപയോഗിച്ചും നിർവ്വഹിച്ചുവരുന്നു. ജില്ലാ കളക്ടർമാർ സമർപ്പിക്കുന്ന ശിപാർശകളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ചും പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു.

**ഭാരതപ്പുഴയുടെ മലിനീകരണം**

32 (1900) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴയുടെ മലിനീകരണം തടയുന്നതിന് ഈ സർക്കാർ ഇതുവരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ 23-5-2016-ലെ OA No.16/2016 ഉത്തരവ് പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേയ്ക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങൾ പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുമുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും സെക്രട്ടറിമാർക്കും കൽപ്പാത്തി വില്ലേജിനും ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കാനയിലേയ്ക്ക് നേരിട്ടുവിടുന്നത് തടയണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽനിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിവരികയാണ്. കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗ തീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

പാലക്കാട്, പട്ടാമ്പി, ഒറ്റപ്പാലം, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികൾക്ക് നഗരസഭാ പരിധിക്കുള്ളിൽ വരുന്ന വീടുകൾ, ഹോട്ടലുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുമുണ്ടാകുന്ന മലിനജലം നേരിട്ടോ കാനവഴിയോ പുഴയിലേയ്ക്ക് ഒഴുക്കുന്നില്ലെന്നും മലിനജലമുണ്ടാക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിപത്രം കരസ്ഥമാക്കിയിട്ടുണ്ടെന്ന്

ഉറപ്പുവരുത്താനും വികേന്ദ്രീകൃത മാതൃകയിൽ മലിനജല സംസ്കരണ രൂപരേഖ സമർപ്പിക്കാനും നിർദ്ദേശം നൽകി. 18-5-2018-ന് പട്ടാമ്പി നഗരസഭയുടെ സെക്രട്ടറി നിർദ്ദേശങ്ങൾ പാലിക്കുന്നുവെന്ന് മറുപടി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് പട്ടാമ്പി നഗരസഭയിൽ നിന്ന് നിലവിലുള്ളതും പുതിയതുമായ എല്ലാ ഹോട്ടലുകളും കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനു മുന്നിൽ അപേക്ഷ സമർപ്പിക്കുകയും കൺസെന്റ് കരസ്ഥമാക്കുകയും ചെയ്തുവരുന്നു.

എൻവയോൺമെന്റൽ സർവൈലൻസിന്റെ ഭാഗമായി കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഏരിയയിലെ സ്ഥാപനങ്ങളിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധന നടത്താറുണ്ട്. സ്ഥാപനങ്ങളിലെ domestic waste water ഉൾപ്പെടെയുള്ള മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നത് പരിശോധന നടത്തി അപ്പപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നു.

കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം കണ്ടെത്തിയതിനെത്തുടർന്ന് മലിനജലം സ്ഥാപനങ്ങളിൽനിന്നും കാനയിലേയ്ക്കോ നേരിട്ട് പുഴയിലേയ്ക്കോ ഒഴുക്കുന്നില്ലായെന്ന് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനകളിൽ ഉറപ്പുവരുത്താറുണ്ട്. ഭാരതപ്പുഴയിലേയ്ക്ക് നേരിട്ടോ അല്ലാതെയോ മലിനജലമൊഴുക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ 2017-18 വാർഷിക പദ്ധതിയിൽ Restoration of Polluted River Stretches എന്ന പദ്ധതിയിൽ ഭാരതപ്പുഴയുടെ വാളയാർ, കോരയാർ ഭാഗം ഉൾപ്പെടുത്തിയിട്ടുണ്ട്. മലിനീകരണം തടയുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ നടത്തിവരുന്നു.

**ലോക കാലാവസ്ഥ ഉച്ചകോടിയുടെ മുന്നറിയിപ്പ്**

33 (1901) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ വികസന രീതിയിൽ മുന്നോട്ട് പോയാൽ ഭൂമി പെട്ടെന്നുതന്നെ വാസയോഗ്യമല്ലാതാകും എന്ന പോളണ്ടിലെ കാറ്റോവീറ്റ്സയിൽ 2018 ഡിസംബറിൽ സമാപിച്ച ലോക കാലാവസ്ഥ ഉച്ചകോടിയുടെ മുന്നറിയിപ്പ് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) കാലാവസ്ഥ വ്യതിയാനത്തിന്റെ ദുരന്തഫലം അനുഭവിച്ചുതുടങ്ങിയ സംസ്ഥാനം അതീവ ശുഷ്കാന്തിയോടെ ഈ മുന്നറിയിപ്പിനെ കണക്കിലെടുക്കുമോ;

(സി) പ്രളയത്തിനുശേഷമുള്ള സംസ്ഥാനത്തിന്റെ പുനർനിർമ്മാണം സുസ്ഥിരവികസന മാതൃകയിലായിരിക്കുമെന്ന ഉറപ്പ് പാലിക്കുവാൻ എന്തൊക്കെ നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഓരോ മേഖലയിലും നടപ്പിലാക്കുന്ന പുനർനിർമ്മാണവും ഭാവി വികസനവും കാർബൺ തുലിതം (കാർബൺ ന്യൂട്രൽ) ആക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. എന്നാൽ കാലാവസ്ഥാ വ്യതിയാനം ആഗോള പ്രതിഭാസമായതിനാൽ അതിനെ നേരിടുന്നതിന് സംസ്ഥാനത്തിന് പരിമിതികളുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

(ഡി) പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്.

**കാലാവസ്ഥാ വ്യതിയാന വകുപ്പിൽ തസ്തിക സൃഷ്ടിക്കൽ**

34(1902) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിൽ എൻവയോൺമെന്റൽ ആഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റൽ ആഫീസർ, പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിലെ റാങ്ക് ഹോൾഡർമാർ സമർപ്പിച്ചിരുന്ന നിവേദനം (ജി 180903253-17-9-2018 ) സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി ദുരന്തങ്ങളുടെയും പശ്ചാത്തലത്തിൽ പ്രത്യേക പരിഗണന നല്കി വകുപ്പിൽ ജില്ലാ അടിസ്ഥാനത്തിൽ പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ;

(സി) ഈ കാര്യത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത നിവേദനം എ 1/419/2018/പരി. നമ്പർ ഫയലിൽ പരിശോധിക്കുകയുണ്ടായി. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിലെ ജീവനക്കാരുടെ എണ്ണം 1-4-2017-ൽ പുനഃസംഘടിപ്പിച്ചിട്ടുള്ളതിനാൽ അപേക്ഷയിലെ ആവശ്യം ഇപ്പോൾ പരിഗണിക്കാൻ നിർവ്വാഹമില്ല. അപേക്ഷയിൽ അപേക്ഷകരുടെ മേൽവിലാസം ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ ടി വിവരം അവരെ അറിയിക്കാൻ സാധിച്ചില്ല.

(ബി & സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കെ.എ.എസ്.-ലെ സംവരണം**

35 (1903) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-ലെ മൂന്ന് സ്കീമുകളിലും സംവരണം ഏർപ്പെടുത്തുന്നതിനായി ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) പിന്നാക്ക വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സംവരണം കെ.എ.എസ്.-ൽ ഉറപ്പുവരുത്തുവാൻ സർക്കാർ തയ്യാറാകാതിരുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനങ്ങൾ നടത്തുന്ന സ്കീം I-ൽ സംവരണം ബാധകമാക്കിയിട്ടുണ്ട്. തസ്തികമാറ്റം മുഖേനയുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്കീം II, III എന്നിവയിൽ സംവരണം വ്യവസ്ഥ ചെയ്തിട്ടില്ല. പ്രസ്തുത സ്കീമുകളിലും സംവരണം ഏർപ്പെടുത്തണ മെന്ന സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളുടെയും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരിൽനിന്നും ലഭിച്ച നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ സ്കീം II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തുന്നതിന് കഴിയുമോയെന്ന് പരിശോധിച്ചുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.)**

36 (1904) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് (കെ.എ.എസ്.) നടപ്പിലാക്കുന്നത് ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ബി) കെ.എ.എസ്. നടപ്പിലാക്കുമ്പോൾ ഏതൊക്കെ തലങ്ങളിൽ ഏതൊക്കെ മേഖലകളിലാണ് സംവരണം ലഭിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്മേൽ നിയമസഭ അംഗീകരിച്ച തുൾപ്പെടെയുള്ള ഭേദഗതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ടുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്കീം I-ൽ സംവരണം ബാധകമാക്കിയിട്ടുണ്ട്. തസ്തികമാറ്റം മുഖേനയുള്ള നിയമനം വിഭാവനം ചെയ്യുന്ന സ്കീം II, III എന്നിവയിൽ സംവരണം ബാധകമാക്കിയിട്ടില്ല. എല്ലാ സ്കീമുകളിലും സംവരണം നടപ്പിലാക്കണമെന്ന സംസ്ഥാന പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവയുടെ നിവേദനങ്ങളും കണക്കിലെടുത്ത് സ്കീം II, III എന്നിവയിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച സാദ്ധ്യത പരിശോധിച്ചുവരുന്നു.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംവരണം**

37 (1905) <u>ശ്രീ. വി. ടി. ബൽറാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നിലവിൽ ഏതൊക്കെ സ്കീമുകളിലാണ് സംവരണാനുകൂല്യം നൽകിയിരുന്നത്; ഇതിൽ ഭേദഗതി വരുത്തി എല്ലാ സ്കീമിലും സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) മുൻപുള്ള നിലപാടിൽ നിന്നും വ്യത്യസ്തമായി ഇപ്പോൾ ഇത്തരം ഒരു നയം മാറ്റം ഉണ്ടാകുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ എല്ലാ സ്കീമിലും സംവരണം അനുവദിക്കണമെന്ന് നിയമവകുപ്പും ന്യൂനപക്ഷ കമ്മീഷനും ശിപാർശ ചെയ്തിട്ടും പ്രസ്തുത ശിപാർശകൾ സ്വീകരിക്കാതെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണോ രണ്ടുംമൂന്നും സ്കീമുകളിൽ സംവരണം നൽകാൻ സാധിക്കില്ലായെന്ന നിലപാട് എടുത്തത്;

(ഡി) എങ്കിൽ ഇപ്പോൾ നിലപാടിൽ മാറ്റംവരുത്തിയത് ആരുടെ ഉപദേശപ്രകാരമാണ് എന്നറിയിക്കാമോ;

(ഇ) കെ.എ.എസിന്റെ സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തി അടിയന്തരമായി പുതിയ തീരുമാനം പ്രാബല്യത്തിൽ വരുത്തുന്നതിനുള്ള നടപടി എന്നത്തേക്ക് സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-ഇ) വിവിധ വകുപ്പുകളിലെ രണ്ടാം ഗസറ്റ് തസ്തിക മുതൽ മുകളിലോട്ടുള്ള തസ്തികകളിൽ പത്ത് ശതമാനം തസ്തികകൾ ഉൾപ്പെടുത്തിയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. നിലവിലുള്ള തസ്തികകളിൽ നിന്ന് രൂപീകരിക്കുന്ന സർവ്വീസായതിനാൽ അവ മൂന്ന് സ്കീമുകളായി തരംതിരിച്ച് രണ്ട് സ്കീമുകൾ ജീവനക്കാർക്കുള്ള തസ്തികമാറ്റ നിയമനത്തിനും ഒരു സ്കീം നേരിട്ടുള്ള നിയമനത്തിനുമായി വ്യവസ്ഥ ചെയ്തു.

തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കേണ്ടതില്ലെന്നും അപ്രകാരം എല്ലാ വകുപ്പുകളും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യണമെന്നുമുള്ള 2003-ലെ സർക്കുലർ നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരിൽ നിന്നുള്ള തസ്തികമാറ്റ നിയമനങ്ങൾക്ക് നിലവിൽ സംവരണതത്വം ബാധകമാക്കാറില്ല. ഇതിനാലാണ് കെ.എ.എസ്-നും തസ്തികമാറ്റ നിയമനങ്ങൾക്ക് സംവരണം ബാധകമാക്കാതിരുന്നത്. മാത്രവുമല്ല, ഇക്കാര്യത്തിൽ സർക്കാർ നിയമോപദേശവും തേടിയിരുന്നു.

എല്ലാ സ്കീമുകളിലും സംവരണം നടപ്പിലാക്കണമെന്ന സംസ്ഥാന പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ, സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ എന്നിവയുടെ ഉത്തരവുകളും ജനപ്രതിനിധികൾ, സംഘടനകൾ തുടങ്ങിയവരുടെ നിവേദനങ്ങളും കണക്കിലെടുത്ത് എല്ലാ സ്കീമുകളിലും സംവരണം ഏർപ്പെടുത്താനുള്ള സാദ്ധ്യത സർക്കാർ പരിശോധിച്ചുവരുന്നു.

### പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

38 (1906) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പി.എസ്.സി. വഴി എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(ബി) ജില്ലാ അടിസ്ഥാനത്തിലും സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലും ഉള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരമേറ്റശേഷം 31-12-2018 വരെ 90183 (തൊണ്ണൂറായിരത്തി നൂറ്റി എൺപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

### പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നതിന് നടപടി

39 (1907) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പരിശോധനയിൽ സർക്കാർ ഓഫീസുകളിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ വകുപ്പ് മേധാവികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഒഴിവുകൾ ഓൺലൈനിൽ അറിയിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ജീവനക്കാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിവരുന്നുണ്ടെങ്കിലും ചില സർക്കാർ ഓഫീസുകളിൽ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിലേയ്ക്കായി 2016 ഡിസംബർ, 2018 ജനുവരി, 2018 മാർച്ച്, 2018 ജൂൺ എന്നീ മാസങ്ങളിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും പ്രധാന ആഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തുകയും ടി കാലയളവിൽ നിലവിലുണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് കാലാകാലം നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണവകുപ്പുകളോട് ശിപാർശ ചെയ്യുന്നതാണ്.

(സി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ കൃത്യതയും പുരോഗതിയും വിലയിരുത്തുന്നതിനായി സർക്കാർ വികസിപ്പിച്ച VARAM (Vacancy Arising Reporting and Monitoring System) എന്ന സോഫ്റ്റ്‌വെയർ മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദാംശങ്ങൾ സർക്കാരിനെ അറിയിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പി.എസ്.സി. വികസിപ്പിച്ചെടുത്ത ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന ഒഴിവുകൾ ഓൺലൈനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ പി.എസ്.സി.-യുടെ ഇ-വേക്കൻസി സോഫ്റ്റ്‌വെയർ മുഖേന പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

## പോലീസ് വകുപ്പിലെ നിയമനം സംബന്ധിച്ച പി.എസ്.സി. നിർദ്ദേശം

40 (1908) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പോലീസ് വകുപ്പിൽ എസ്.ഐ. മുതൽ താഴോട്ടുള്ള തസ്തികകളിലേക്ക് എഴുത്ത് പരീക്ഷ, കായികക്ഷമതാ പരീക്ഷ, മെഡിക്കൽ പരിശോധന എന്നിവ പി.എസ്.സി. നേരിട്ടാണോ നടത്തുന്നതെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിൽ നിന്ന് വ്യത്യസ്തമായി കായികക്ഷമതാ പരീക്ഷ പി.എസ്.സി.-യിൽ നിന്ന് മാറ്റി പകരം പോലീസ് വകുപ്പിനെ ഏല്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) ഇതു സംബന്ധമായ നിർദ്ദേശം പി.എസ്.സി.-യിൽ നിന്നും സർക്കാരിന് ലഭിക്കുകയുണ്ടായോ;

(ഡി) ഇത് അംഗീകരിച്ചാൽ വൻ അഴിമതിക്ക് വഴി ഒരുക്കുമെന്നും പി.എസ്.സി.-യുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെടുമെന്നും സർക്കാർ കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അതെ.

(ബി-ഡി) പരിഗണനയിലില്ല.

## അഡ്വൈസ് മെമ്മോ നൽകിയതിന്റെ എണ്ണം

41 (1909) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം 31-12-2018 വരെ 90183 (തൊണ്ണൂറായിരത്തി നൂറ്റി എൺപത്തി മൂന്ന്) ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി

42 (1910) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുള്ള തസ്തികകളിൽപ്പോലും പി.എസ്.സി. വഴി നിയമനം നടത്താതെ കരാർ വ്യവസ്ഥയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ദിവസവേതന വ്യവസ്ഥയിലും നിയമനം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നിയമനം നടത്തുന്ന വകുപ്പുതലവൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) 2018 ഡിസംബർ 31 വരെ പ്രതീക്ഷിക്കുന്ന ഒഴിവുകൾ മുൻകൂട്ടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പുതലവൻമാർക്ക് നിർദ്ദേശം നൽകിയിരുന്നോ; ഇക്കാര്യത്തിൽ വീഴ്ചവരുത്തിയ വകുപ്പ് തലവൻമാർ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) നിലവിൽ ഓരോ വകുപ്പിലും ഒഴിവുള്ള തസ്തികകൾ അടിയന്തരമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ 2018 കലണ്ടർ വർഷത്തിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി 1-9-2017-നകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് 16-8-2017-ലെ Adv.C3/304/17/ഉഭപവ നമ്പർ സർക്കുലറിലൂടെ എല്ലാ വകുപ്പ് തലവന്മാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കായികക്ഷമത പരിശോധന പി.എസ്.സി.-യിൽ നിന്ന് മാറ്റാനുള്ള നീക്കം

43 (1911) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് നിയമനത്തിൽ പി.എസ്.സി.-യുടെ നേതൃത്വത്തിൽ നടത്തിയിരുന്ന കായികക്ഷമത പരിശോധന പോലീസ് വകുപ്പിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനും ഇടയാക്കുമെന്നതിനാൽ ഈ നടപടി പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിഗണനയിലില്ല.

**ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ സർവ്വീസ് പ്രാതിനിധ്യം**

44 (1912) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് അർഹമായ സർവ്വീസ് പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അവരുടെ ബാക്ക്‌ലോഗ് നികത്താൻ പ്രത്യേക റിക്രൂട്ട്മെന്റ് പരിഗണനയിലുണ്ടോ;

(സി) 2004 മുതൽ 2018 വരെ വിവിധ കാലയളവുകളിൽ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജോലി ചെയ്ത ഭിന്നശേഷിക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) അംഗപരിമിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33,66,99 ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1,34,67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. The Rights of Persons with Disabilities Act, 2016 പ്രകാരം അംഗപരിമിതർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി എക്സ്പേർട്ട് കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ടി കമ്മിറ്റി തസ്തികകൾ കണ്ടെത്തുകയും ചെയ്തുവരുന്നു. മേൽ ആക്ടിൽ വിവക്ഷിക്കുന്ന പ്രകാരമുള്ള നാലാമത്തെ വിഭാഗത്തിന് അനുയോജ്യമായ തസ്തികകൾ കണ്ടെത്തി ശിപാർശ ചെയ്യുന്നതിനായി എക്സ്പേർട്ട് കമ്മിറ്റി നിർദ്ദേശപ്രകാരം ഒരു സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. 2016-ലെ ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം 4% സംവരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട 1996 മുതൽ 2008 വരെയുള്ള ബാക്ക്‌ലോഗ് വേക്കൻസി പരിശോധിക്കുന്നതിനായി എക്സ്പേർട്ട് ടീമിനെ ചുമതലപ്പെടുത്തുകയും ടീം പരിശോധന നടത്തി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പരിഗണനയിലില്ല.

## ഭിന്നശേഷിക്കാർക്ക് സ്ഥിരനിയമനം

45 (1913) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ഭിന്നശേഷിക്കാർക്ക് പി.എസ്.സി. മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും സ്ഥിരനിയമനം ലഭിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങൾക്ക് എത്ര ശതമാനം സംവരണമാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. മുഖേന 2317 (രണ്ടായിരത്തി മുന്നൂറ്റി പതിനേഴ്) ഭിന്നശേഷിക്കാർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 902 (തൊള്ളായിരത്തി രണ്ട്) ഭിന്നശേഷിക്കാർക്കും സ്ഥിരനിയമനം നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾക്ക് നിലവിൽ 3% സംവരണമാണ് നൽകിവരുന്നത്.

## പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

46(1914) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ് നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനത്തിന്റെ കണക്ക് ലഭ്യമാക്കുമോ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) വിവിധ വിഷയങ്ങളിൽ വി.എച്ച്.എസ്.ഇ. അദ്ധ്യാപകരുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് വ്യക്തമാക്കുമോ; റാങ്ക് ലിസ്റ്റിൽ നിന്നും നടത്തിയ നിയമനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവിധ ജില്ലകളിലെ എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റുകളിൽനിന്നും നടത്തിയ നിയമന ശിപാർശയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 212 |
| കൊല്ലം | 99 |

| 1 | 2 |
|---|---|
| ആലപ്പുഴ | 85 |
| പത്തനംതിട്ട | 58 |
| കോട്ടയം | 91 |
| ഇടുക്കി | 83 |
| എറണാകുളം | 134 |
| തൃശ്ശൂർ | 107 |
| പാലക്കാട് | 97 |
| മലപ്പുറം | 103 |
| കോഴിക്കോട് | 129 |
| വയനാട് | 45 |
| കണ്ണൂർ | 84 |
| കാസർഗോഡ് | 45 |

എല്ലാ ജില്ലകളിലെയും റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 30-8-2019-ന് അവസാനിക്കും.

(ബി) പരിഗണനയിലില്ല.

(സി) വിവിധ വിഷയങ്ങളിലെ വി.എച്ച്.എസ്.ഇ. അദ്ധ്യാപക തസ്തികകളുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നതും അതിൽനിന്ന് നടത്തിയ നിയമന ശിപാർശയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക (വൊക്കേഷണൽ ടീച്ചർ) | റാങ്ക് പട്ടിക നിലവിൽ വന്നത് | നിയമന ശിപാർശയുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| Livestock Management | 10-9-2015 | 32 |
| Reception Book Keeping & Communication | 30-8-2017 | 2 |
| General Insurance | 29-2-2016 | 1 |
| Computer Application | 18-7-2017 | 13 |
| Computer Science | 19-7-2016 | 23 |
| Civil Construction & Maintenance | 17-1-2018 | 4 |
| Maintenance & Repairs of Automobiles | 20-2-2018 | 1 |

| 1 | 2 | 3 |
|---|---|---|
| Catering & Restaurant Management | 14-3-2017 | 1 |
| ECG & Audio Metric Technician | 10-4-2018 | 2 |
| Printing Technician (NCA-LC) | 14-9-2017 | 1 |
| Cosmetology & Beauty Parlour | 14-3-2017 | 1 |
| Livestock Management (NCA-SC) | 23-8-2017 | 1 |
| Agriculture (NCA-V) | 31-1-2018 | 1 |

**പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി**

47 (1915) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിൽ (Autonomous Bodies) നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മറ്റ് സർക്കാർ വകുപ്പുകളിലേക്ക് നിയമനം ലഭിക്കുമ്പോൾ സ്വയം ഭരണാധികാരമുള്ള സ്ഥാപനങ്ങളിലെ സേവന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 30-6-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെ ആറ് മാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31-12-2016-ന് നിലവിലുള്ളതും 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് ലിസ്റ്റുകൾ 30-6-2017 വരെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ചിരുന്നു.

(ബി) പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മറ്റ് സർക്കാർ വകുപ്പുകളിലേയ്ക്ക് നിയമനം ലഭിക്കുമ്പോൾ സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളിലെ സേവന കാലയളവ് പെൻഷൻ ആനുകൂല്യങ്ങൾക്ക് പരിഗണിക്കാൻ വ്യവസ്ഥയില്ല. കൂടാതെ 1-4-2013-നുശേഷം സംസ്ഥാന സർവ്വീസിൽ പ്രവേശിക്കുന്നവർ പങ്കാളിത്ത പെൻഷൻ പദ്ധതിയിലാണ് ഉൾപ്പെടുന്നത്. മാത്രമല്ല കെ.എസ്.ആർ. ഭാഗം 3 ചട്ടം 20 പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള പി.എസ്.യു., സ്വയംഭരണാധികാര സ്ഥാപനങ്ങളിലോ സമാന സ്ഥാപനങ്ങളിലോ ഉള്ള സർവ്വീസ് പെൻഷനോ പെൻഷനറി ആനുകൂല്യങ്ങൾക്കോ പരിഗണിക്കുന്നതല്ല.

## എൽ. ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം

48 (1916) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ നിലവിൽ വന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം ലഭിച്ചവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇത് റാങ്ക് ലിസ്റ്റിലുള്ള ആകെ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള എൽ.ഡി. ടൈപ്പിസ്റ്റ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരുന്നത് സംബന്ധിച്ച് പി.ആന്റ്.എ.ആർ.ഡി.-വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതുപ്രകാരം റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്ര; ഇത്തരത്തിൽ അന്വേഷണം നടത്തിയിട്ടില്ലെങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) ഇത്തരത്തിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച പ്രപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(ഇ) 2016-ൽ നിലവിൽ വന്ന എൽ.ഡി. ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽ നിന്നും പരിമിതമായ നിയമനങ്ങൾ മാത്രം നടന്ന സാഹചര്യത്തിൽ പ്രസ്തുത ലിസ്റ്റിന്റെ കാലാവധി നീട്ടുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| ജില്ല | നിയമന ശിപാർശയുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 212 |
| കൊല്ലം | 99 |
| ആലപ്പുഴ | 85 |
| പത്തനംതിട്ട | 58 |
| കോട്ടയം | 91 |
| ഇടുക്കി | 83 |

| 1 | 2 |
|---|---|
| എറണാകുളം | 134 |
| തൃശ്ശൂർ | 107 |
| പാലക്കാട് | 97 |
| മലപ്പുറം | 103 |
| കോഴിക്കോട് | 129 |
| വയനാട് | 45 |
| കണ്ണൂർ | 84 |
| കാസർഗോഡ് | 45 |

(ബി) ഇല്ല. എൽ.ഡി. ടൈപ്പിസ്റ്റിന്റെ ഒഴിവുകൾ നിലവിലുണ്ടെങ്കിൽ എത്രയും പെട്ടെന്ന് പി.എസ്.സി.-യെ അറിയിക്കാൻവേണ്ട നടപടികൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പ് കൈക്കൊള്ളുന്നതാണ്.

(സി) ഇല്ല. നിലവിൽ പരിഗണനയിലില്ല.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച ശിപാർശ വിശദമായി പരിശോധിക്കുകയും ആവശ്യം നിരസിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പരിഗണനയിലില്ല.

**ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക**

49 (1917) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 68/2014 പ്രകാരം വിജ്ഞാപനം ചെയ്തിരുന്ന ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലേക്ക് എത്ര ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ പാലക്കാട്, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എത്ര ഒഴിവുകൾ ഉണ്ട്; അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത തസ്തികയിലേക്കുള്ള നിയമനത്തിന് എന്നാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചത്; റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) എല്ലാ ജില്ലകളിൽ നിന്നുമായി ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ 210 ഒഴിവുകൾ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 7 എണ്ണം പ്രതീക്ഷിത ഒഴിവുകളാണ്.

(ബി) തിരുവനന്തപുരം - 2, കൊല്ലം - 1, പാലക്കാട്-ഒഴിവുകളില്ല.

തിരുവനന്തപുരം ജില്ലയിലെ 2 ഒഴിവുകൾ 27-8-2018-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊല്ലം ജില്ലയിലുള്ള ഒഴിവ് സർക്കാരിന്റെ പ്രത്യേക ഉത്തരവുപ്രകാരം അന്തർജില്ലാ സ്ഥലംമാറ്റത്തിനായി നീക്കിവച്ചിട്ടുള്ളതാണ്. ആയതിലേയ്ക്ക് നിയമനം നടത്തുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവ് | നിയമന ശിപാർശയുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 10-8-2017 | 29 | 29 |
| കൊല്ലം | 25-4-2017 | 14 | 14 |
| ആലപ്പുഴ | 9-5-2017 | 17 | 17 |
| പത്തനംതിട്ട | 24-5-2017 | 14 (out of 14, 7 anticipated vacancy) | 5 (ഒരു ഒഴിവ് NCA വിജ്ഞാപനത്തിനായും ഒന്ന് നിയമന ശിപാർശയ്ക്കായും അവശേഷിക്കുന്നു) |
| കോട്ടയം | 9-5-2017 | 10 | 10 |
| ഇടുക്കി | 23-3-2017 | 18 | 18 |
| എറണാകുളം | 7-3-2017 | 19 | 19 |
| തൃശ്ശൂർ | 9-5-2017 | - | - |
| പാലക്കാട് | 31-5-2017 | 6 | 6 |
| മലപ്പുറം | 14-6-2017 | 24 | 24 |
| കോഴിക്കോട് | 9-5-2017 | 18 | 18 |
| വയനാട് | 9-5-2017 | 12 | 12 |
| കണ്ണൂർ | 13-7-2017 | 10 | 10 |
| കാസർഗോഡ് | 21-2-2017 | 19 | 19 |

## എച്ച്.എസ്.എ. മലയാളം റാങ്ക് ലിസ്റ്റിന്റെ കാലാവധി

50 (1918) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 663/2012 പ്രകാരം 2017 ഫെബ്രുവരി മാസം നിലവിൽ വന്ന എച്ച്.എസ്.എ മലയാളം (എറണാകുളം ജില്ല) റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് വരെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമന ശിപാർശ നല്കി എന്ന് വ്യക്തമാക്കാമോ;

(സി) എറണാകുളം ജില്ലയിൽ നിലവിൽ എച്ച്.എസ്.എ. മലയാളം ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ടി റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 19-2-2020 വരെയാണ്.

(ബി) ഇതുവരെ 4 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പി.എസ്.സി. പരീക്ഷ

51 (1919) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിൽ എച്ച്. എസ്. എ. (ഫിസിക്കൽ സയൻസ്) തസ്തികയിലേക്ക് പി.എസ്.സി. നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിക്കുന്നതിനും നിയമന നടപടികൾക്കുമായി സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) (മലയാളം മീഡിയം-നേരിട്ടുള്ള നിയമനം) തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പി.എസ്.സി. നടത്തിയ ഒ.എം.ആർ. പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടുണ്ട്. ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## അസിസ്റ്റന്റ് പ്രൊഫസർ (ഐ. ടി.) നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ്

52 (1920) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം നൽകാമോ;

(ബി) എഞ്ചിനീയറിംഗ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ (ഐ.ടി.) നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേർക്ക് നിയമനം നൽകുകയുണ്ടായി; എത്ര പേർക്ക് ഇനിയും നിയമനം നൽകുവാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിലെ ഐ.ടി. വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരുടെ അഞ്ച് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ 2013-ൽ ഐ.ടി. വിഭാഗത്തിൽത്തന്നെ ഏഴ് തസ്തികകൾ downgrade ചെയ്തിട്ടുണ്ട്. അത് ഈ വിഭാഗത്തിലെ ഒൻപത് അസോസിയേറ്റ് പ്രൊഫസർമാരുടെയും മൂന്ന് പ്രൊഫസർമാരുടെയും ഒഴിവുകൾ പ്രൊമോഷനിലൂടെ നികത്തുന്ന മുറയ്ക്ക് ക്രമീകരിക്കപ്പെടുന്നതാണ്. കൂടാതെ ഈ വിഭാഗത്തിൽ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർമാർ ശൂന്യവേതനാവധിയിലും ഒരാൾ അന്യത്ര സേവനത്തിലുമാണ്. ഇവർ സർവ്വീസിൽ പുനഃപ്രവേശനം ആവശ്യപ്പെടുമ്പോൾ നിയമനം നൽകാൻ ഒഴിവുകൾ ആവശ്യമാണ്.

(ബി) നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നൽകുന്നതിനായി ഒഴിവുകളൊന്നുംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷ

53 (1921) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള പി.എസ്.സി. നടത്തിയ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പരീക്ഷയുടെ കട്ട് ഓഫ് മാർക്കും ഫലവും നാളിതുവരെയായി പ്രഖ്യാപിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പരീക്ഷയുടെ അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. ടി തസ്തികയുടെ നിലവിലുള്ള റാങ്ക് പട്ടികയുടെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്കുതന്നെ പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലെ നിയമനം

54 (1922) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പുകളിലേക്ക് 2016-ൽ നിലവിൽ വന്ന അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലെ നിയമനം എത്രവരെയായെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്കുള്ള വേക്കൻസി യഥാസമയം റിപ്പോർട്ട് ചെയ്യാതെ നിയമനത്തിന് കാലതാമസം നേരിടുന്നുവെന്ന പരാതി പരിഹരിക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിലെ നിയമനം ത്വരിതപ്പെടുത്തുമോ; വ്യക്തമാക്കാമോ;

(സി) പ്രളയത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ റാങ്ക് ലിസ്റ്റ് ദീർഘിപ്പിക്കുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 8-4-2016-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്നും ഓപ്പൺ ക്വാട്ട 423 വരെയുള്ള എല്ലാ ഉദ്യോഗാർത്ഥികളും ഉൾപ്പെടെ ആകെ 570 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെയുള്ളവ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമനാധികാരികൾക്ക്/ വകുപ്പുമേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

## സർവ്വകലാശാലകളിലെ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് പി.എസ്.സി. നിയമനം

55 (1923) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആകെ ഒഴിവുകൾ എത്രയെന്നും പി.എസ്.സി.-ക്ക് മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്യാതിരിക്കാനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ സർവ്വകലാശാലകളിൽനിന്നും അസിസ്റ്റന്റ് തസ്തികയ്ക്ക് 1929 ഒഴിവുകളും കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് 680 ഒഴിവുകളും പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**യൂണിവേഴ്സിറ്റികളിൽ പി.എസ്.സി. വഴി അസിസ്റ്റന്റ് നിയമനം**

56 (1924) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റികളിൽ അസിസ്റ്റന്റ് നിയമനത്തിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; അതിന്റെ കാലാവധി എന്നുവരെയാണ് എന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകി; എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് അഡ്വൈസ് മെമ്മോ അയച്ച് കഴിഞ്ഞിട്ടുണ്ടോ; അറിയിക്കാമോ;

(ഡി) സർവ്വകലാശാലകളിൽനിന്ന് 2019 വരെയുള്ള ഒഴിവുകൾ മുൻകൂട്ടി റിപ്പോർട്ട് ചെയ്യണമെന്ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇത് പ്രകാരം യൂണിവേഴ്സിറ്റികളിൽ എത്ര ഒഴിവുകളാണ് ഉണ്ടാകുന്നത്; ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. 10-8-2016-ൽ നിലവിൽ വന്ന ടി റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 9-8-2019 വരെയാണ്.

(ബി&സി) 1922 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ഡി & ഇ) ഉണ്ട്. പി.എസ്.സി. മുഖേന നിയമനം നടത്തുന്ന സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിൽ 2019 കലണ്ടർ വർഷത്തിലുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി 1-9-2018-നകം കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിക്കണമെന്ന് 10-8-2018-ലെ Adv.C3/149/18/ഉഭപവ. നമ്പർ സർക്കുലറിലൂടെ

എല്ലാ വകുപ്പുതലവന്മാർക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിരവധി വകുപ്പുമേധാവികളും/നിയമനാധികാരികളും പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ എല്ലാ വകുപ്പുമേധാവികളും/നിയമനാധികാരികളും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതുവരെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അത് 31-1-2019-നകം റിപ്പോർട്ട് ചെയ്യാൻ 18-1-2019-ലെ ഉപസി1/200/2018/ഉഭപവ. സർക്കുലർ പ്രകാരം എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ) വകുപ്പിലെ ഉദ്യോഗസ്ഥർ വിവിധ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നേരിട്ട് പരിശോധനനടത്തി റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അത് കണ്ടെത്തി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## മിനിസ്റ്റീരിയൽ വിംഗ് ഇല്ലാത്ത വകുപ്പുകൾ

57 (1925) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിനിസ്റ്റീരിയൽ വിംഗ് ഇല്ലാത്ത ഏതെങ്കിലും വകുപ്പ് ഉണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വകുപ്പിൽ മിനിസ്റ്റീരിയൽ/ക്ലറിക്കൽ ജോലികൾ ചെയ്യുന്നത് ഏത് തരം ഉദ്യോഗസ്ഥരാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 3-1-2014-ലെ G.O.(P) No.1/2014/P&ARD-നമ്പർ ഉത്തരവ് നടപ്പിലാക്കാത്ത ഏതെങ്കിലും വകുപ്പ് ഉണ്ടോ; ഉണ്ടെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ;

(സി) യൂണിഫോം ഉള്ള ഉദ്യോഗസ്ഥർ യൂണിഫോം ഇല്ലാതെ മിനിസ്റ്റീരിയൽ ജോലികൾ ചെയ്താൽ അവർക്ക് യൂണിഫോം അലവൻസിന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ ഏത് നിയമപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തിക

58 (1926) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽനിന്നും ഒഴിവാക്കി ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പ്രത്യേക കേഡർ രൂപവത്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപവത്കരിച്ചത്;

(സി) സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് വിശേഷാൽ ചട്ടം അനുസരിച്ച് നിലവിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) ചട്ടം ഭേദഗതി ചെയ്ത് പുതിയ കേഡർ രൂപവത്കരിക്കുകയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ, സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് പി. എസ്. സി. വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽനിന്നും സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേക്കുള്ള നിയമനം ഒഴിവാക്കിയ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിന് പുറമെ ഏതൊക്കെ വകുപ്പുകളിലെ സമാന തസ്തികയിലേക്കുള്ള നിയമനങ്ങളാണ് ഒഴിവാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകളിലേക്ക് മേൽപ്പറഞ്ഞ പ്രത്യേക കേഡർ പ്രകാരം റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ;

(എഫ്) 2018 ഡിസംബർ മാസം കൂടിയ പി.എസ്.സി. ബോർഡ് യോഗത്തിൽ പുതിയ വിജ്ഞാപനങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്തിരുന്നോ; പ്രസ്തുത യോഗത്തിന്റെ അജണ്ടയിൽ ഉൾപ്പെടുത്തിയ സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയുടെ വിജ്ഞാപനം മാത്രം ഒഴിവാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) സെക്രട്ടേറിയറ്റ് ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്ക് ഈ വർഷം വിജ്ഞാപനം പുറപ്പെടുവിക്കാൻ നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽനിന്നും ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 3-2-2016-ലെ സ.ഉ. (പി) നമ്പർ 8/2016/പൊഭവ ഉത്തരവ് പ്രകാരം രൂപവത്കരിച്ചിട്ടുണ്ട്.

(സി) 9 ഒഴിവുകൾ.

(ഡി) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് മാത്രമായി പരീക്ഷ നടത്തുന്നത് പി.എസ്.സി.-ക്ക് ഭീമമായ ചെലവുണ്ടാക്കുമെന്നതിനാൽ സമാന തസ്തികയോടൊപ്പം തെരഞ്ഞെടുപ്പ് നടത്തുന്നതിന് ഇപ്പോൾ വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

(ഇ) 24-4-2018-ലെ സ.ഉ. (പി) നമ്പർ 6/2018/ഉഭപവ. ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(എഫ്) സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയ്ക്ക് മാത്രമായി പരീക്ഷ നടത്തുന്നതിന് കമ്മീഷന് ഭീമമായ ചെലവ് വേണ്ടിവരുമെന്നതിനാൽ സമാന തസ്തികയോടൊപ്പം തെരഞ്ഞെടുപ്പ് നടത്തുന്നതിനായി ഇപ്പോൾ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് 17-12-2018-ൽ ചേർന്ന കമ്മീഷന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ജി) കമ്മീഷന്റെ തീരുമാനത്തിനനുസൃതമായി പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

**ഐ.ടി. മേഖലയുടെ സുസ്ഥിര വികസനത്തിനും ഉന്നമനത്തിനുമായുള്ള പദ്ധതികൾ**

59 (1927) <u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. വി. ജോയി</u> :
<u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ സുസ്ഥിര വികസനത്തിനും ഉന്നമനത്തിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് നിലവിലെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കേരളത്തിൽ നിന്നുള്ള സോഫ്റ്റ്‌വെയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും ആവശ്യമായ ഭൗതിക പശ്ചാത്തല സാമൂഹിക സൗകര്യങ്ങൾ ഒരുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഐ.ടി. മേഖലയിൽ നൂതനാശയങ്ങളുമായെത്തുന്ന സ്റ്റാർട്ടപ് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ഈ മേഖലയിൽ പ്രത്യക്ഷ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി നൂതന സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ എപ്രകാരമെല്ലാം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയുടെ സുസ്ഥിര വികസനവും ഉന്നമനവും ലക്ഷ്യമിട്ടാണ് പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുള്ളത്. വിവര സാങ്കേതികവിദ്യ, ഇലക്ട്രോണിക്സ്/ടെലികോം/മൊബൈൽ തുടങ്ങിയ മേഖലകളും മറ്റ് അനുബന്ധ വ്യവസായങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വികസനങ്ങളാണ് ഐ.ടി. വികസനത്തിന്റെ അഭിവൃദ്ധിക്കായി പ്രസ്തുത നയത്തിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), മാനവശേഷി മൂലധന വികസനം, പശ്ചാത്തല അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.ടി. പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗവും ഉല്പാദനവും, ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവ സമാഹാരങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കോമേഴ്സ്, ഇ-കോമേഴ്സ്, മൊബൈൽ കോമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനം തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയ്ക്കും വ്യവസായ സംരംഭങ്ങൾക്കും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ധാരാളം പദ്ധതികൾ പുതിയ ഐ.ടി. പോളിസിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(ബി) നികുതി ഇളവുകളുള്ള പ്രത്യേക സാമ്പത്തിക മേഖലയിലും അല്ലാതെയും ഐ.ടി. സംരംഭങ്ങൾക്ക് ആവശ്യമായ ചെറുതും ഇടത്തരവുമായ സംരംഭകർ ഉൾപ്പെട്ട അന്താരാഷ്ട്ര ഐ.ടി. സംരംഭകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ഭൂമി, കെട്ടിട സൗകര്യങ്ങൾ, ഫർണിഷ്ഡ് ബിസിനസ്സ് ഓഫീസുകൾ ഉൾപ്പെടെ ലോകോത്തര നിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സജ്ജീകരണങ്ങളും നൽകിവരുന്നു.

സുതാര്യമായ കരാർ വ്യവസ്ഥകൾ, മിതമായ ജല-വൈദ്യുതി നിരക്കുകൾ, മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ, പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, ഏകജാലക സംവിധാനം, വ്യവസായങ്ങൾ

ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ എന്നിവ സംസ്ഥാനത്ത് കൂടുതൽ ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി സോഫ്റ്റ്‌വെയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനും അവസരമൊരുക്കുന്നു.

(സി) വിവര സാങ്കേതിക മേഖലയിൽ നൂതന ആശയങ്ങളുമായെത്തുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റാർട്ടപ്പ് മിഷൻ നടപ്പിലാക്കിവരുന്ന പദ്ധതികളാണ് യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നിവ.

ഐ.ഐ.ഐ.ടി.എം.-കേരളയുടെ കീഴിൽ കൊച്ചി കിൻഫ്ര പാർക്കിൽ നൂതന ആശയങ്ങളുമായെത്തുന്ന സ്റ്റാർട്ടപ്പ് സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ESDM അഥവാ മേക്കർ വില്ലേജ് പദ്ധതി നിലവിലുണ്ട്.

(ഡി) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങളോടനുബന്ധിച്ച് കേരള സ്റ്റേറ്റ് ഐ.ടി. മിഷന് കീഴിൽ കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ചർ (KSSDI), കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC), കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് (KSLUB) എന്നിവയുടെ കൂട്ടായ പരിശ്രമത്തിലൂടെ സംസ്ഥാനത്തെ ഭൂവിഭവ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങളെ അടിസ്ഥാനമാക്കി ഭൂഘടനയ്ക്ക് അനുയോജ്യമായ പുനർനിർമ്മാണ പ്രവർത്തനങ്ങൾ അവലംബിക്കാവുന്നതാണ്. പ്രകൃതി ദുരന്തങ്ങളുണ്ടാകുന്നപക്ഷം ആപത്തിൽപ്പെടുന്ന ആളുകൾക്ക് അല്ലെങ്കിൽ കൂടെയുള്ളവർക്ക് സഹായം അഭ്യർത്ഥിക്കുന്നതിനായി ഡിസാസ്റ്റർ റിപ്പോർട്ടർ (Disaster Reporter) എന്ന മൊബൈൽ ആപ്ലിക്കേഷനും അപ്രകാരം സഹായം അഭ്യർത്ഥിക്കുന്നവരുടെ കൃത്യമായ സ്ഥാനനിർണ്ണയം നടത്തുന്നതിനായി ഡിസാസ്റ്റർ ലൊക്കേറ്റർ (Disaster Locator) എന്ന മൊബൈൽ ആപ്ലിക്കേഷനും കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധങ്ങളായ റോഡ് ശൃംഖലകളുടെ വിവരങ്ങൾ ജി.ഐ.എസ്. (GIS) മാപ്പിംഗ് വഴി ശേഖരിച്ചിട്ടുണ്ട്.

**ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഇൻഫോപാർക്ക്**

60 (T*1928) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂരിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ആശ്വാസം പകരുന്നതിന് ഇൻഫോപാർക്ക് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനാവശ്യമായ സ്ഥലം ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ കണ്ടെത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) ചെങ്ങന്നൂരിൽ ഇൻഫോപാർക്ക് സ്ഥാപിക്കാൻ നിലവിൽ പദ്ധതിയില്ല.

**പ്രളയക്കെടുതി നാശനഷ്ടങ്ങളുടെ കണക്കെടുപ്പ്**

61 (1929) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയക്കെടുതിയിൽ സംസ്ഥാനത്ത് പൂർണ്ണമായും ഭാഗികമായും തകർന്ന വീടുകൾ എത്രയെന്നും അതിൽ എത്ര പേർക്ക് വീട് നിർമ്മാണത്തിന് തുക അനുവദിച്ചുവെന്നും ജില്ലതിരിച്ച് വിശദമാക്കാമോ;

(ബി) പ്രളയക്കെടുതിയിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നാശനഷ്ടങ്ങൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട തുക അനുവദിക്കുന്നതിന് കേന്ദ്രം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) പ്രളയ നാശനഷ്ടം പരിഹരിക്കുന്നതിനും നവകേരള സൃഷ്ടിക്കുമായി സംസ്ഥാനം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജില്ലതിരിച്ചുള്ള വീടുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഉണ്ട്. ഐക്യരാഷ്ട്ര സഭയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസ്സസ്സ്മെന്റ് (PDNA) റിപ്പോർട്ട് പ്രകാരം പ്രളയകാലത്തെ സംസ്ഥാനത്തിന്റെ മൊത്തം നഷ്ടം 26,718 കോടി രൂപയായാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(സി & ഡി) ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം സംസ്ഥാനം 5616.77 കോടി രൂപയുടെ ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. കൂടാതെ 5000 കോടി രൂപയുടെ പ്രത്യേക പാക്കേജും ആവശ്യപ്പെട്ടിരുന്നു. ഇതിൽ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡപ്രകാരം 2904.85 കോടി രൂപയുടെ അധിക സഹായം കേന്ദ്രം, സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) പ്രളയത്തിന്റെ ഭാഗമായി 2 ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബത്തിന് 10,000 രൂപയുടെ അടിയന്തര ധനസഹായം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിച്ചിട്ടുണ്ട്. ഇതുവരെ 6,87,843 പേർക്ക് 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതർക്ക് ഭക്ഷ്യവസ്തുക്കളുടെ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 22 ഇന അവശ്യ സാധനങ്ങളടങ്ങിയ 7,24,352 കിറ്റുകൾ വിതരണം ചെയ്തു. അതിനുപുറമെ 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങളടങ്ങിയ 10,50,838 കിറ്റുകളും വിതരണം ചെയ്തു. 2018-ലെ പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റലടിസ്ഥാന വിവര ശേഖരണം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ളതാണ്. വീടുകളുടെ പുനർനിർമ്മാണം/പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മിനിമം റിലീഫ് കോഡ് നിർണ്ണയിച്ച് അർഹരായ എല്ലാവർക്കും ദുരിതാശ്വാസം അനുവദിക്കുന്നതിന് ഏകീകൃതമായ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് 4,00,000 രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15 ശതമാനം വരെയുള്ളതിന് 10,000 രൂപയും 16 മുതൽ 29 ശതമാനം വരെയുള്ളതിന് 60,000 രൂപയും 30 മുതൽ 59 ശതമാനം വരെയുള്ളതിന് 1,25,000 രൂപയും 60 മുതൽ 74 ശതമാനം വരെയുള്ളതിന് 2,50,000 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കെയർ ഹോം ഭവന പദ്ധതി പ്രകാരവും വീട് നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് മിഷൻ ആണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ കണക്കനുസരിച്ച് 13362 ആണ്. ആകെ 9341 പേർക്ക് ആദ്യഗഡു സഹായം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. പൂർണ്ണമായും തകർന്ന വീടുകൾ പുനർനിർമ്മിക്കുന്നതിനുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സർവ്വകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കാൻ പാടുള്ളതല്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവനും ജീവനോപാധികളും തിരിച്ചുപിടിക്കാനുള്ള സഹായത്തിലേയ്ക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം

രൂപവരെ വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. 2.36 ലക്ഷം പ്രളയ ദുരന്ത ബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധനസഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും വിതരണം ചെയ്തു.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതകർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകിയിട്ടുണ്ട്.

ദുരന്ത ബാധിതമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രദേശത്തെ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷം മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനു വേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satelite phone) നൽകാനുള്ള നടപടി സ്വീകരിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരുന്നു.

വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, M.G. University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കാൻ നൽകി. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യം അല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്തബാധിതർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**കേരള പുനർനിർമ്മിതിക്കുള്ള സഹായം**

62 (1930) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനുള്ള തുക ഏതൊക്കെ മേഖലകളിൽ നിന്ന് കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ക്രൗഡ് ഫണ്ടിംഗ് സംബന്ധിച്ച വിശദാംശങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും അറിയിക്കുമോ;

(സി) പുനർനിർമ്മാണത്തിന് കേന്ദ്രസർക്കാരിൽ നിന്ന് സഹകരണവും സാമ്പത്തിക സഹായവും ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരുകൾക്ക് വിദേശ ധനസഹായം ലഭ്യമാക്കുന്നതിൽ എന്തൊക്കെ നിബന്ധനകളാണ് കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ;

(ഇ) പുനർനിർമ്മാണത്തിന് ലോകബാങ്ക് സഹായം ലഭ്യമാകുന്നുണ്ടോ; എങ്കിൽ ഏതൊക്കെ തരത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ടുകൾ താഴെപ്പറയുന്ന വിവിധ സ്രോതസ്സുകളിൽനിന്ന് സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്:

സംസ്ഥാന ബജറ്റ്-ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എ.ഡി.ബി. മുതലായവ ഉൾപ്പെടെ) JICA, KfW മുതലായ ഏജൻസികൾ

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുകീഴിൽ കൂടുതൽ വകയിരുത്തൽ

കേന്ദ്രഗവൺമെന്റ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം

ക്രൗഡ് ഫണ്ടിംഗ്

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം

NIDA വഴി നബാർഡ് ഫണ്ടിംഗ്

ഹഡ്കോയും മറ്റ് വായ്പകളും

കൂടാതെ, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്കു സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കണമെന്നും കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ വിതരണ വിലയ്ക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തുണ്ടായ വെള്ളപ്പൊക്ക ദുരിതത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സ്പോൺസർ ചെയ്യുന്നതിനും കേടുപാടുകൾ പറ്റിയ വീടുകൾ, പൊതു അടിസ്ഥാന സൗകര്യങ്ങൾ, ടൗൺഷിപ്പുകൾ തുടങ്ങിയവ പുനർനിർമ്മിക്കുന്നതിനും വിവിധ കമ്പനികൾ, ഗ്രൂപ്പുകൾ, വ്യക്തികൾ തുടങ്ങിയവരിൽനിന്നും ശിപാർശകൾ ലഭിച്ചുവരുന്നുണ്ട്. ഈ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വ്യക്തികൾ, വ്യക്തിഗ്രൂപ്പുകൾ, സ്ഥാപനങ്ങൾ,

കോർപ്പറേറ്റുകൾ, വിദേശികൾ, എൻ.ആർ.ഐ.-കൾ തുടങ്ങിയവരിലൂടെ പുനർനിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഒരു ക്രൗഡ് ഫണ്ടിംഗ് മോഡൽ ചട്ടക്കൂട് തയ്യാറാക്കുകയും ക്രൗഡ് ഫണ്ടിംഗ് പോർട്ടൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള ക്രൗഡ് ഫണ്ടിംഗ് സംവിധാനം rebuild.kerala.gov.in എന്ന വെബ്സൈറ്റിലാണ് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത വെബ്സൈറ്റിലെ നിയുക്ത ഓപ്ഷനുകൾ വഴി വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ മറ്റ് കൂട്ടായ്മകൾക്കോ വിവിധ ജില്ലകളിലെ വിവിധ വില്ലേജുകളിൽപ്പെട്ട പുനർനിർമ്മാണ സംരംഭങ്ങൾ തെരഞ്ഞെടുത്ത് സംഭാവനകൾ നൽകാവുന്നതാണ്.

സർക്കാരോ അംഗീകൃത ഏജൻസികളോ പോർട്ടലിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതനുസരിച്ച് പദ്ധതിയുടെ ഓരോ ഘട്ടത്തിലും സ്വീകരിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നേരിട്ട് നിരീക്ഷിക്കാൻ കഴിയുന്നതാണ്.

(സി) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയെത്തുടർന്ന് പുനരധിവാസ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ചില വിദേശ രാജ്യങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. ആയത് സ്വീകരിക്കുന്നതിനായി അനുമതി നൽകണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ മൂന്ന് ശതമാനത്തിൽ നിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് കേന്ദ്രത്തിൽനിന്നും അനുകൂലം പ്രതികരണം ലഭ്യമായിട്ടില്ല.

ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെവരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യപ്പെടുകയും ആയതിന്മേൽ ലോകബാങ്കിന്റെ പ്രൊപ്പോസൽ പ്രകാരം പ്രസ്തുത തുക ഉപയോഗപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ സാമ്പത്തികകാര്യ വകുപ്പ് നോ ഒബ്ജക്ഷൻ അറിയിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി-യ്ക്കുമേൽ 10% സെസ്സ് ഏർപ്പെടുത്താൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ് ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. ദേശീയ ദുരന്തനിവാരണ പ്രതികരണ നിധിയിൽ നിന്നും 2904.85 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി & ഇ) പുനർനിർമ്മാണത്തിന്റെ ഭാഗമായുള്ള വായ്പാ സമാഹരണത്തിനായി സംസ്ഥാന സർക്കാർ ലോകബാങ്ക് പ്രതിനിധികളുമായി ചർച്ച നടത്തിവരികയാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

**ദേശീയ ദുരന്ത കൈകാര്യ പദ്ധതി**

63 (1931) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന് ലോകബാങ്ക്, എ.ഡി.ബി, യൂറോപ്യൻ യൂണിയൻ എന്നിവരിൽ നിന്നും ധനസഹായം സ്വീകരിക്കുന്നതിന് നിലവിലെന്തെങ്കിലും തടസ്സമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തടസ്സം നീക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന് കേന്ദ്രത്തിന്റെ പ്രതികരണമെന്താണ്; വിശദമാക്കാമോ;

(സി) ദേശീയ ദുരന്ത കൈകാര്യ പദ്ധതിയിൽ നിന്നും എന്ത് തുക നൽകണമെന്നാണ് സംസ്ഥാനം ആവശ്യപ്പെട്ടത്; പ്രസ്തുത പദ്ധതി പ്രകാരം എന്ത് തുക ഇതുവരെ അനുവദിച്ചു; വ്യക്തമാക്കാമോ;

(ഡി) ചരക്ക് സേവന നികുതിയിൽ സെസ്സ് ഏർപ്പെടുത്തുന്നതിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നവകേരളം കെട്ടിപ്പടുക്കുന്നതിന് എത്രമാത്രം സഹായകമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിക്കുള്ളിൽ നിന്നുകൊണ്ടുമാത്രമേ വായ്പ സ്വീകരിക്കാൻ കഴിയുകയുള്ളൂ. പ്രളയാനന്തര പുനർനിർമ്മാണത്തിനുള്ള അധിക വിഭവ സമാഹരണത്തിനായി കടമെടുപ്പ് പരിധി വർദ്ധിപ്പിക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 2018-19-ൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്നും 4.5 ശതമാനമായും 2019-20-ൽ 3.5 ശതമാനമായും ഉയർത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

(സി) ദേശീയ ദുരന്ത പ്രതികരണനിധി മാനദണ്ഡമനുസരിച്ച് 5616 കോടി രൂപയുടെ പുനരധിവാസ സഹായം ആവശ്യപ്പെട്ടിരുന്നു. ഇതുകൂടാതെ പ്രത്യേക ധനസഹായമായി 5000 കോടി രൂപയുടെ പാക്കേജും ആവശ്യപ്പെട്ടിരുന്നു. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്ന് 2904.85 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(ഡി) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക് സേവനങ്ങൾക്കുമേൽ ചുമത്തുന്ന ജി.എസ്.ടി.-ക്കുമേൽ 10% സെസ് ഏർപ്പെടുത്താൻ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചതിൽ ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും

വിതരണത്തിന് വിതരണ വിലയിന്മേൽ ഒരു ശതമാനം സെസ് ചുമത്താൻ അനുമതി ലഭിച്ചിട്ടുണ്ട്. അഞ്ചാം പട്ടികയിൽ വരുന്ന സ്വർണ്ണം, വെള്ളി, പ്ലാറ്റിനം ആഭരണങ്ങൾ ഉൾപ്പെടെയുള്ള ചരക്കുകൾക്ക് 0.25 ശതമാനവും ജി.എസ്.ടി. നികുതി നിരക്ക് 12 ശതമാനം, 18 ശതമാനം, 28 ശതമാനം എന്നീ പട്ടികയിൽ വരുന്ന ചരക്കുകളുടെയും എല്ലാത്തരം സേവനങ്ങളുടെയും വിതരണത്തിന് വിതരണ വിലയിന്മേൽ ഒരു ശതമാനം പ്രളയ സെസ് രണ്ട് വർഷക്കാലയളവിലേയ്ക്ക് ചുമത്തുന്നതിലൂടെ പ്രതിവർഷം 600 കോടി രൂപ അധിക വരുമാനം പ്രതീക്ഷിക്കുന്നു. ഇതുവഴി പ്രളയാനന്തര പുനർനിർമ്മാണത്തിനായി വിഭാവനം ചെയ്തിരിക്കുന്ന ചെലവുകളുടെ ഒരു ഭാഗം വഹിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രളയ ദുരിതാശ്വാസ പാക്കേജ്

64 (1932) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ല കൃഷി, വ്യവസായം, ടൂറിസം എന്നീ മേഖലകളിൽ നേടിയ നേട്ടങ്ങളെല്ലാം പ്രളയം തകർത്തെറിഞ്ഞുവെന്ന വസ്തുതയെപ്പറ്റി വ്യക്തമാക്കാമോ;

(ബി) വയനാടിന് പ്രളയംമൂലം വിവിധ മേഖലകളിൽ നേരിടുന്ന നഷ്ടം സംബന്ധിച്ച കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) വയനാട്ടിലെ പരിസ്ഥിതി പ്രാധാന്യമുള്ള മേഖലകളും ജൈവവൈവിധ്യവും പ്രളയത്തിൽ നഷ്ടപ്പെട്ടതുമൂലവും ജീവനോപാധികൾ നഷ്ടപ്പെട്ടതുമൂലവും കാർഷിക കുടുംബങ്ങൾ പട്ടിണിയുടെ വക്കിലാണെന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ഡി) വയനാടിന് പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന നിയമസഭ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) വയനാട് ജില്ലയിൽ പ്രളയംമൂലം കൃഷി വകുപ്പിന് 500.6 കോടി രൂപയും വ്യവസായ വകുപ്പിന് 3.77 കോടി രൂപയുടെയും ടൂറിസം ഉൾപ്പെടെയുള്ള തൊഴിൽമേഖലയ്ക്ക് 683 കോടി രൂപയുടെയും നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ട്.

(സി) കാർഷിക മേഖലയിൽ സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തി കൃഷി വകുപ്പ് മുഖേന ദുരിതബാധിതരായിട്ടുള്ള കർഷകർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്തിട്ടുണ്ട്.

(ഡി) കാർഷിക മേഖലയ്ക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിലേയ്ക്കായി പ്രത്യേക പാക്കേജ് പരിഗണിക്കുന്ന വിഷയം കൂടുതൽ പരിശോധനയ്ക്കുശേഷം മാത്രമേ തീരുമാനിക്കുകയുള്ളൂ.

## പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മാസ്റ്റർ പ്ലാൻ

65 (1933) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നാളിതുവരെ ജനങ്ങൾക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള മാസ്റ്റർപ്ലാൻ തയ്യാറായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ഉത്തരം

(എ & ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് രണ്ട് ദിവസത്തിൽ കൂടുതൽ വീടുകളിൽ വെള്ളം കെട്ടിനിന്ന കുടുംബത്തിന് 10,000 രൂപയുടെ അടിയന്തര ധനസഹായം അനുവദിച്ചിട്ടുണ്ട്. ഇതുവരെ 687843 പേർക്ക് 10,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്. പ്രളയബാധിതർക്ക് ഭക്ഷ്യവസ്തുക്കളുടെ 22 ഇന അവശ്യ സാധനങ്ങളടങ്ങിയ 724352 കിറ്റുകൾ വിതരണം ചെയ്തു. അതിനുപുറമെ 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങളടങ്ങിയ 1050838 കിറ്റുകളും വിതരണം ചെയ്തു. 2018-ലെ പ്രളയക്കെടുതികളുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റലടിസ്ഥാന വിവരശേഖരണം തദ്ദേശസ്വയംഭരണ വകുപ്പ് മുഖാന്തരം നടത്തിയിട്ടുള്ളതാണ്. വീടുകളുടെ പുനർനിർമ്മാണം/പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മിനിമം റിലീഫ് കോഡ് നിർണ്ണയിച്ച് അർഹരായ എല്ലാവർക്കും ദുരിതാശ്വാസം അനുവദിക്കുന്നതിന് ഏകീകൃതമായ നിരക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്ന വീടുകൾക്ക് 4,00,000 രൂപയും ഭാഗികമായി തകർന്ന വീടുകളിൽ 15 ശതമാനം വരെയുള്ളതിന് 10,000 രൂപയും 16 മുതൽ 29 ശതമാനം വരെയുള്ളതിന് 60,000 രൂപയും 30 മുതൽ 59 ശതമാനം വരെയുള്ളതിന് 1,25,000 രൂപയും 60 മുതൽ 74 ശതമാനം വരെയുള്ളതിന് 2,50,000 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. സഹകരണ വകുപ്പിന്റെ സഹകരണത്തോടെ കെയർ ഹോം ഭവന പദ്ധതി പ്രകാരവും വീട് നിർമ്മിച്ച നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവന നിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ലൈഫ് മിഷനാണ് ഈ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. പ്രളയത്തിൽ പൂർണ്ണമായി തകർന്ന വീടുകൾ ഇപ്പോഴത്തെ

കണക്കനുസരിച്ച് 13362 ആണ്. ആകെ 9341 പേർക്ക് ആദ്യഗഡു സഹായം നൽകി വീട് പണി ആരംഭിച്ചിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധസംഘടനകൾ എന്നിവ മുഖേന നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യ റേഷൻ ലഭ്യമാക്കി. സംസ്ഥാനത്തെ മുൻഗണനേതര കാർഡുകാർക്ക് ഡിസംബർ വരെ സൗജന്യമായി അഞ്ച് കിലോ വീതം അരി നൽകി. പ്രളയക്കെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് സർവ്വകലാശാല, സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, കമ്മീഷനുകൾ, ഡയറക്ടറേറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു. ഡ്യൂപ്ലിക്കേറ്റ്/പുതിയ രേഖകൾ നൽകുമ്പോൾ യാതൊരുവിധ ഫീസും ഈടാക്കാൻ പാടുള്ളതല്ല എന്ന് ഉത്തരവ് പുറപ്പെടുവിച്ചു.

പ്രളയത്തിൽ കഷ്ടതകളനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ജീവനും ജീവനോപാധികളും തിരിച്ചുപിടിക്കാനുള്ള സഹായത്തിലേയ്ക്കായി RKLS (Resurgent Kerala Loan Scheme) എന്ന സാമ്പത്തിക സഹായ പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും കുടുംബശ്രീയെ അതിന്റെ ചുമതല ഏൽപ്പിക്കുകയും ചെയ്തു. 2.36 ലക്ഷം പ്രളയ ദുരന്തബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധനസഹായം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും വിതരണം ചെയ്തു.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്തബാധിതകർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപം നൽകിയിട്ടുണ്ട്.

ദുരന്തബാധിതമായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പ്രദേശത്തെ കർഷകരുടെ ലോണുകളുടെ റിക്കവറി നടപടികൾക്ക് ഒരു വർഷം മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തനിവാരണ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satelite phone) നൽകാനുള്ള നടപടി സ്വീകരിച്ചു. പ്രാദേശിക അടിസ്ഥാനത്തിൽ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രദേശങ്ങളിൽ, മുൻപ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തിവരുന്നു.

വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Institute, M.G. University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കാൻ നൽകി. ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ എന്നിവ കാരണം വാസയോഗ്യമല്ലാതായ സ്ഥലങ്ങളിൽ വീടുണ്ടായിരുന്ന ദുരന്തബാധിതർക്ക് വാസയോഗ്യമായ സ്ഥലം വാങ്ങാൻ 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) പ്രളയത്തിനുശേഷം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനും പുനരധിവാസത്തിനുമായി കേരള പുനർനിർമ്മാണ പദ്ധതി (Rebuild Kerala Initiative) എന്ന ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ സമഗ്ര രൂപരേഖ 9-11-2018-ലെ സ.ഉ. (പി) നമ്പർ 16/2018/P&EA പ്രകാരം ഉത്തരവായിട്ടുണ്ട്. 22-11-2018-ലെ സ.ഉ. (സാധാ)നമ്പർ 627/2018/സി.എം.ഡി. ഉത്തരവുപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും പരാതിയുള്ളപക്ഷം ദുരന്തനിവാരണത്തിന്റെ ചുമതല വഹിക്കുന്ന ഡെപ്യൂട്ടി കളക്ടർക്ക് അപ്പീലും ജില്ലാ കളക്ടർക്ക് റിവിഷനും സമർപ്പിച്ച് നീതി ഉറപ്പാക്കാനുള്ള പരാതിപരിഹാര സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

**കളമശ്ശേരി നിയോജകമണ്ഡലത്തിലെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

66 (1934) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് കളമശ്ശേരി നിയോജക മണ്ഡലത്തിൽ ഏതെല്ലാം തരത്തിലുള്ള പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; എത്ര രൂപ ഇതിന് ചെലവഴിച്ചു; വിശദവിവരം നൽകാമോ;

(ബി) പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി ഇനി എന്തെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് പ്രസ്തുത നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാനുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

## വീടുകളുടെ പുനർനിർമ്മാണത്തിന് അനുവദിച്ച തുക

67 (1935) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയക്കെടുതിയിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണത്തിന് ഓരോ ജില്ലകളിലേക്കും അനുവദിച്ച തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

| ജില്ല | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക (രൂപയിൽ) |
|---|---|---|
| തിരുവനന്തപുരം | 9,34,94,153 | 28,00,00,000 |
| കൊല്ലം | 7,91,85,814 | 15,38,00,000 |
| പത്തനംതിട്ട | 50,08,65,950 | 88,23,00,000 |
| ആലപ്പുഴ | 160,13,99,849 | 252,00,92,800 |
| കോട്ടയം | 24,45,18,409 | 82,88,00,000 |
| ഇടുക്കി | 46,00,44,722 | 118,15,74,100 |
| എറണാകുളം | 128,20,88,353 | 250,81,00,000 |
| തൃശ്ശൂർ | 103,65,05,890 | 219,45,00,000 |
| പാലക്കാട് | 29,80,19,331 | 90,09,80,700 |
| മലപ്പുറം | 27,33,88,290 | 41,44,31,900 |
| കോഴിക്കോട് | 11,03,82,045 | 28,96,00,000 |
| വയനാട് | 12,64,93,099 | 45,00,10,500 |
| കണ്ണൂർ | 6,88,40,934 | 11,59,00,000 |
| കാസർഗോഡ് | 3,02,42,650 | 3,38,84,200 |
| ആകെ | 620,54,69,489 | 1275,39,74,200 |

## ദുരിതാശ്വാസ നിധി

68 (1936) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയദുരന്തം നേരിടുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനകൾ അഭ്യർത്ഥിച്ചുകൊണ്ട് ദൃശ്യ-ശ്രവ്യ വാർത്താ മാധ്യമങ്ങളിൽ പരസ്യം നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ ദൃശ്യ-ശ്രാവ്യ വാർത്താ മാധ്യമങ്ങളിലാണ് പരസ്യം നൽകിയിരുന്നതെന്ന് അറിയിക്കാമോ;

(സി) ഈയിനത്തിൽ സർക്കാരിന് എത്ര തുക ചെലവായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിനകത്തും പുറത്തുമുള്ള വിവിധ ദൃശ്യ-ശ്രാവ്യ വാർത്താമാധ്യമങ്ങളിൽ സൗജന്യമായി പരസ്യം നൽകിയിരുന്നു.

(ബി) മാധ്യമങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(സി) സൗജന്യ പരസ്യമായതിനാൽ ഈയിനത്തിൽ സർക്കാരിന് തുകയൊന്നും ചെലവായിട്ടില്ല.

**പ്രളയാനന്തര പുനർനിർമ്മാണം**

69 (1937) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;എങ്കിൽ എത്ര ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്; നിർമ്മാണപ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) വീട് പൂർണ്ണമായി തകർന്ന എത്ര കുടുംബങ്ങൾക്ക് ഇതിനോടകം വീട് വച്ചു നൽകി; വീട് പുനർനിർമ്മാണം നടന്നു വരുന്നവയെത്ര;

(സി) സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ആയതു കണ്ടെത്തി വീട് നിർമ്മിച്ചു നൽകുന്ന പ്രവൃത്തി ഏതു ഘട്ടം വരെയായി; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ ഫലപ്രദമായി നടന്നുവരുന്നു. ഇവയിൽ പ്രധാനപ്പെട്ടവ താഴെച്ചേർക്കുന്നു:

കളക്ടർമാരുടെ വെരിഫിക്കേഷനുശേഷം എല്ലാ വിഭാഗങ്ങളിലുംകൂടി ആകെ 255964 വീടുകൾക്കാണ് നാശനഷ്ടം സംഭവിച്ചതായി കണ്ടെത്തിയിട്ടുള്ളത്. ഇതിൽ 13362 വീടുകൾ പൂർണ്ണമായും നശിച്ചവയാണ്. അതിൽ 7428 പേർ സ്വയം വീട് നിർമ്മിച്ചുകൊള്ളാമെന്ന് അറിയിച്ചു. 9341 പേർക്ക് ആദ്യഗഡു സഹായം നൽകുകയും വീട് പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മ, കെയർ ഹോം, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന നിർമ്മാണം

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏറ്റെടുത്ത് പൂർത്തീകരിച്ചുവരുന്നു. ഭാഗികമായി തകർന്ന വീടുകളെ തകർച്ചയുടെ തോതനുസരിച്ച് നാല് വിഭാഗങ്ങളാക്കിയിട്ടുണ്ട്. ആദ്യ രണ്ട് വിഭാഗങ്ങൾക്ക് ധനസഹായം പൂർണ്ണമായി നൽകി. ബാക്കിയുള്ളവർക്ക് ഒന്നാം ഗഡു ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 130606 കുടുംബങ്ങൾക്ക് ഇത്തരം ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഫെബ്രുവരി 15-നകം അടുത്ത ഗഡു ഉൾപ്പെടെ അവശേഷിക്കുന്നവർക്കെല്ലാം പൂർണ്ണമായി ധനസഹായം വിതരണം ചെയ്യാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതി വിഹിതത്തിൽനിന്നും തുക കണ്ടെത്തി പ്രളയ പുനർനിർമ്മാണ പ്രവൃത്തികൾക്കായി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നഗരകാര്യ വകുപ്പ് 1274 റോഡുകൾക്കായി 2018-19 വർഷത്തിൽ 12 കോടി രൂപയും 2019-20 വർഷത്തേയ്ക്ക് 18 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് പ്രളയാനന്തര റോഡ് പുനരുദ്ധാരണത്തിനായി നോൺ പ്ലാൻ ഇനത്തിൽ 882 കോടി രൂപയുടെയും പ്ലാൻ ഇനത്തിൽ 1567 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകി പൂർത്തീകരിച്ചുവരുന്നു.

കുടുംബശ്രീ പദ്ധതിയിൽപ്പെടുത്തി റീസർജന്റ് കേരള ലോൺ ഇനത്തിൽ 923 കോടി രൂപയുടെ ധനസഹായം ലഭ്യമാക്കി. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക ലക്ഷ്യമിട്ട് ARISE പദ്ധതി പ്രകാരം 50000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. കൂടാതെ, കെട്ടിടനിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്.

വ്യവസായവകുപ്പ് പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് തങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനായി 'ഉജ്ജീവന' പദ്ധതി നടപ്പാക്കി വരുന്നു. 506 അപേക്ഷകൾ ഇതിനോടകം ലഭിച്ചു. കൂടാതെ പ്രളയബാധിതരെ സഹായിക്കാനായി 'പുനർജനി' എന്ന പേരിൽ പുതിയ വായ്പാ പദ്ധതിക്ക് കെ.എസ്.ഐ.ഡി.സി. രൂപം നൽകുകയും ചെയ്തു. കൃഷി നഷ്ടം സംഭവിച്ചവർക്ക് 66.747 കോടി രൂപ SDRF ഫണ്ടിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വകുപ്പിന്റെ വിഹിതമായി 110.3 കോടി രൂപയും ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തി 18.04 കോടി രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൃഷിഭൂമിയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്യുന്നതിനായി 525 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൃഷി മേഖലയുടെ പുനരുദ്ധാരണത്തിനായി 1603 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

ക്ഷീര വികസന വകുപ്പിന്റെ നേതൃത്വത്തിൽ 400 പശുക്കളെ വിതരണം ചെയ്തു. വകുപ്പിന്റെ ആഭിമുഖ്യത്തിൽ 665 ലക്ഷം രൂപയുടെ സഹായം ക്ഷീര കർഷകർക്കായി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 22 കോടി രൂപയുടെ പ്രത്യേക പുനരധിവാസ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഇപ്രകാരം പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) തൃശ്ശൂർ ജില്ലയിൽ 7 വീടുകളും പാലക്കാട് ജില്ലയിൽ 3 വീടുകളും കണ്ണൂർ ജില്ലയിൽ ഒരു വീടും വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലുമായി ആദ്യ ഗഡു ധനസഹായം നൽകിയ 8069 വീടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾ എത്രയുംവേഗം പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പൂർണ്ണമായും സ്ഥലം ഉപയോഗശൂന്യമായതും സ്വന്തമായി വേറെ സ്ഥലമില്ലാത്തതും നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലാത്തതുമായ കേസുകളിൽ 6,00,000 (ആറ് ലക്ഷം) രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുറമ്പോക്കിൽ താമസിക്കുന്ന പൂർണ്ണമായും വീട് തകർന്നവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ഭൂമി കണ്ടെത്തി ആയത് പതിച്ചു നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**സാലറി ചലഞ്ച്**

70 (1940) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനം എന്നിവിടങ്ങളിലെ ജീവനക്കാർ സർക്കാർ-എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർ എന്നിവരിൽ നിന്നും സാലറി ചലഞ്ചിലൂടെ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പിരിഞ്ഞുകിട്ടിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസ് നടത്തിയതുമായി ബന്ധപ്പെട്ട് സർക്കാരിന് എത്ര രൂപ ചെലവായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സാലറി ചലഞ്ചിലൂടെ 4-2-2019 വരെ 808 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ലഭിച്ചിട്ടുണ്ട്.

(ബി) കേരള ഹൈക്കോടതിയിൽ സർക്കാർ അഭിഭാഷകരും സുപ്രീംകോടതിയിൽ സർക്കാർ സ്റ്റാൻഡിംഗ് കൗൺസിലുമാണ് സർക്കാരിനുവേണ്ടി ഈ കേസിൽ ഹാജരായിട്ടുള്ളത്. സർക്കാർ അഭിഭാഷകർക്ക് ശമ്പളവും സ്റ്റാന്റിംഗ് കൗൺസിലിന് KGLO റൂൾ അനുസരിച്ചുള്ള ഫീസുമല്ലാതെ ഈ കേസിൽ ഇതുവരെ സർക്കാരിന് പ്രത്യേകമായി ഫീസിനത്തിൽ ഒന്നും ചെലവായിട്ടില്ല.

## മാനസിക അസുഖമുള്ളവർക്ക് ധനസഹായം

71 (1941) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുന്ന മാനസിക അസുഖമുള്ളവരുടെ അപേക്ഷകൾ പരിഗണിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) ഈ രോഗമുള്ളവരിൽ ദിവസേന മരുന്ന് കഴിക്കുന്നവരുമുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ & ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷകളിൽ മാനസിക അസുഖമുള്ളവരുടെയുൾപ്പെടെ രോഗത്തിന്റെ തീവ്രതയും ചികിത്സാ ചെലവുകളും കണക്കിലെടുത്ത് ഉചിതമായ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചുവരുന്നുണ്ട്.

## വ്യവസ്ഥകൾക്ക് വിരുദ്ധമായി ദുരിതാശ്വാസ നിധിയിൽ നിന്നും തുക

72(1942) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കാർഷിക വായ്പ കുടിശ്ശിക തീർക്കുന്നതിനുവരെ തുക അനുവദിച്ച് ഉത്തരവ് നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ദുരിതാശ്വാസ നിധിയിൽ നിന്ന് തുക നൽകാനുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി മുൻസർക്കാരിന്റെ കാലത്ത് ഏതൊക്കെ കാര്യങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ധനസഹായം അനുവദിക്കാറുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

73(1943) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 31-12-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകർക്ക് 31-12-2018 വരെ സഹായധനം അനുവദിച്ചു;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പത്ത് ലക്ഷമോ, അതിലധികമോ തുക സഹായധനമായി ആർക്കെങ്കിലും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ)

| ജില്ല | ലഭിച്ച അപേക്ഷകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 21346 |
| കൊല്ലം | 32928 |
| പത്തനംതിട്ട | 24622 |
| ആലപ്പുഴ | 32941 |
| കോട്ടയം | 36325 |
| ഇടുക്കി | 19956 |
| എറണാകുളം | 26718 |
| തൃശ്ശൂർ | 36454 |
| പാലക്കാട് | 18255 |
| മലപ്പുറം | 15120 |
| കോഴിക്കോട് | 12776 |
| വയനാട് | 6450 |
| കണ്ണൂർ | 8569 |
| കാസർഗോഡ് | 12093 |
| ആകെ | 304553 |

(ബി) 257959 അപേക്ഷകർക്ക് ധനസഹായം അനുവദിച്ചു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായത്തിന്റെ കണക്കുകൾ തുകയുടെനുസരിച്ച് തരംതിരിച്ച് സൂക്ഷിക്കാറില്ല. ധനസഹായം അനുവദിച്ചുകൊണ്ട് പുറപ്പെടുവിക്കുന്ന സർക്കാർ ഉത്തരവുകൾ വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ച തുക

74 (1944) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ മഹാപ്രളയത്തെ തുടർന്ന് 1-7-2018 മുതൽ 31-12-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ആകെ ലഭിച്ച തുക എത്ര; വ്യക്തികൾ, സന്നദ്ധസംഘടനകൾ എന്നിവർ സംഭാവന ആയി നൽകിയ തുകയുടെ ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ലഭിച്ച തുക ഏതൊക്കെ വകയിലാണ് ചെലവഴിച്ചിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രളയദുരിതാശ്വാസ ഫണ്ട് ശേഖരണത്തിനായി പരസ്യങ്ങൾക്കും മറ്റുമായി ചെലവഴിച്ച തുകയുടെ കണക്കുകൾ വിശദമാക്കാമോ;

(ഡി) ശബരിമല വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനവ്യാപകമായും പ്രാദേശികമായും എത്ര ഹർത്താലുകൾ നടന്നിട്ടുണ്ട് ; വിശദമായ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 1-7-2018 മുതൽ 31-12-2018 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 3023.73 കോടി രൂപ ലഭ്യമായിട്ടുണ്ട്. സംഭാവന നൽകിയ തുകയുടെ ഇനംതിരിച്ചുള്ള കണക്കുകൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.

(ബി) 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അടിയന്തര ധനസഹായമായി 971.42 കോടി രൂപയും ചികിത്സാ ധനസഹായമായി 7 ലക്ഷം രൂപയും വീടുകൾക്ക് നാശനഷ്ടം സംഭവിച്ചതിനുള്ള നഷ്ടപരിഹാരമായി 887.70 കോടി രൂപയും സഹകരണ വകുപ്പിന്റെ 'കെയർ ഹോം' പദ്ധതിക്കായി 4,49,81,202 രൂപയും (44.98 കോടി രൂപ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്.

(സി) പ്രളയ ദുരന്തവുമായി ബന്ധപ്പെട്ട് ഫണ്ട് ശേഖരണത്തിനായി 'Rebuild Kerala' എന്ന പേരിൽ അച്ചടിച്ച ബ്രോഷറിന്റെ ഡിസൈൻ ചാർജ്ജിനത്തിൽ 6,000 രൂപ ചെലവായിട്ടുണ്ട്.

(ഡി) ശബരിമല വിഷയവുമായി ബന്ധപ്പെട്ട് ആകെ 7 ഹർത്താലുകൾ നടന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന വ്യാപകമായി 5-ഉം ജില്ലാതലത്തിൽ 2-ഉം ഹർത്താലുകളാണ് നടന്നിട്ടുള്ളത്.

**ഓഖി ദുരിതബാധിതർക്കുള്ള ധനസഹായം**

75 (1946) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ച തുക എത്ര; വെളിപ്പെടുത്താമോ;

(ബി) അപ്രകാരം ലഭിച്ച തുകയിൽ ഓഖി ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്ത തുകയെത്രയെന്നും ആയിനത്തിൽ ബാക്കി തുകയെത്രയെന്നുമുള്ള പൂർണ്ണ വിശദാംശം നൽകാമോ;

(സി) ഓഖി ദുരന്തത്തിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി ബാക്കി ഫണ്ട് എങ്ങനെ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഇനിയും ബാക്കിയുള്ള തുക ചെലവഴിക്കാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 108,59,59,181 രൂപ (108.59 കോടി രൂപ)സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി) ദുരിതബാധിതർക്കും കുടുംബങ്ങൾക്കുമായി വിതരണം ചെയ്യുന്നതിലേയ്ക്കും ഓഖി ദുരിതാശ്വാസ പ്രവർത്തനവുമായി ബന്ധപ്പെട്ടും ധനസഹായമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 110,93,12,639 രൂപ (110.93 കോടി രൂപ) വിവിധ ജില്ലകൾക്കും വിവിധ സ്ഥാപനങ്ങൾക്കുമായി നൽകിയിട്ടുണ്ട്. ഇവയുടെ വിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| | |
|---|---|
| തിരുവനന്തപുരം | Rs. 24,53,16,000 |
| കൊല്ലം | Rs. 58,77,857 |
| ആലപ്പുഴ | Rs. 1,52,000 |
| കാസർഗോഡ് | Rs. 17,24,140 |
| എറണാകുളം | Rs. 3,24,000 |
| തൃശ്ശൂർ | Rs. 9,36,000 |
| മലപ്പുറം | Rs. 1,80,000 |
| ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ് | Rs. 76,22,33,739 |
| സിവിൽ സപ്ലൈസ് വകുപ്പ് | Rs. 9,23,68,903 |

ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച 108,59,59,181 രൂപ കൂടാതെ സി.എം.ഡി.ആർ.എഫ്-ന്റെ പൊതുഫണ്ടിൽ നിന്ന് 2,33,53,458 കോടി രൂപകൂടി ഓഖി ദുരിതാശ്വാസത്തിനായി അനുവദിച്ചിട്ടുണ്ട്.

(സി & ഡി) ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവനയായി ലഭിച്ച മൊത്തം തുകയും ഓഖി ദുരിതാശ്വാസത്തിനായി അനുവദിച്ചിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടമരണ ധനസഹായം

76 (1947) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിന് ധനസഹായമായി എത്ര രൂപയാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) അപകടമരണ ധനസഹായം ലഭ്യമാക്കാൻ സമർപ്പിക്കുന്ന രേഖകൾക്കൊപ്പം റവന്യൂ വകുപ്പിൽ നിന്നും വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് മാത്രം മതിയെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപകടമരണവുമായി ബന്ധപ്പെട്ട ധനസഹായത്തിനുള്ള അപേക്ഷ എം.എൽ.എ.-മാർ മുഖേന നൽകുമ്പോൾപ്പോലും ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകാൻ വില്ലേജ് ഓഫീസർമാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ?

### ഉത്തരം

(എ) അപകടമരണത്തിന് ഇരയായവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും സാധാരണഗതിയിൽ ഒരു ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. എന്നാൽ ചില പ്രത്യേക ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ കൂടുതൽ തുകയും നൽകിവരുന്നുണ്ട്.

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അപകട മരണത്തിനിരയാകുന്നവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി മുഖ്യമന്ത്രിക്ക് നേരിട്ട് സമർപ്പിക്കുന്ന അപേക്ഷകളോടൊപ്പം ആവശ്യമായ രേഖകളായ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ്, റേഷൻകാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കിയിട്ടുണ്ടെങ്കിൽ ജില്ലാ കളക്ടറുടെ ശിപാർശ വേണമെന്നുള്ള നിർദ്ദേശം പിൻവലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**നിമിഷയുടെ കുടുംബത്തിന് സർക്കാർ വാഗ്ദാനം നൽകിയ ധനസഹായം**

77 (1948) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളി കഴുത്തറുത്ത് കൊലപ്പെടുത്തിയ കിഴക്കമ്പലം അന്തിനാട് വീട്ടിലെ നിമിഷയുടെ കുടുംബത്തിന് സർക്കാർ വാഗ്ദാനം നൽകിയ ധനസഹായം നാളിതുവരെ നൽകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടുംബത്തിന് മുഖ്യമന്ത്രി നൽകിയ ഉറപ്പ് എന്ന് പാലിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 14-2-2019-ലെ സ.ഉ. (കൈ) നമ്പർ 57/2019/റവ. പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 5 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

**ജനസാന്ത്വനം പദ്ധതി**

78 (1949) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനസാന്ത്വനം പദ്ധതി എന്ന പേരിൽ പ്രഖ്യാപിച്ച പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) എന്തൊക്കെ കാര്യങ്ങൾക്ക് സഹായം നൽകുവാനാണ് ഈ പദ്ധതി പ്രഖ്യാപിച്ചത്; ഇതിലേക്കായി ഇതിനകം എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് ഏതെങ്കിലും വ്യക്തികളിൽ നിന്നോ, സ്ഥാപനങ്ങളിൽ നിന്നോ സംഭാവന ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 31-10-2016-ലെ G.O.(P) No.165/2016/Fin. ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പേരിൽ ഒരു പൊതുക്ഷേമ ഫണ്ട് രൂപവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടില്ല.

(ബി) വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, വൃദ്ധർ, മാറാരോഗികൾ, സാമ്പത്തിക പ്രശ്നങ്ങളാൽ വഴിമുട്ടിയവർ, പീഡനങ്ങൾ ഏൽക്കേണ്ടിവന്നവർ, പുറമ്പോക്കിൽ താമസിക്കുന്നവർ എന്നിവരുടെ സമാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ, അങ്കണവാടികൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയുടെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുതലായ വിവിധ ആവശ്യങ്ങൾക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ട് എന്ന പദ്ധതി പ്രഖ്യാപിച്ചത്; ഈ പദ്ധതിയിലേയ്ക്ക് 3,48,650 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്.

(സി) സി.എച്ച്. മുഹമ്മദ് കോയ എഡ്യൂക്കേഷൻ ട്രസ്റ്റിൽ നിന്നും 28-9-2016-ൽ പതിനായിരം രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ടി നിധിയിലേയ്ക്ക് മറ്റ് വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവന ലഭിച്ചിട്ടില്ല.

**കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും തിരുവനന്തപുരത്തേക്കുള്ള യാത്ര**

79 (T*1951) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും 9-12-2018-ൽ ഗോ എയർ GB1375 നമ്പർ വിമാനത്തിൽ PNR No: E7QBMW-ൽ തിരുവനന്തപുരത്തേക്ക് യാത്ര ചെയ്തിട്ടുള്ളത് ആരൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഇവരുടെ യാത്രാ ടിക്കറ്റുകൾ ആരാണ് ബുക്ക് ചെയ്തതെന്നും യാത്രാ ചെലവു വഹിച്ചതാരാണെന്നും എത്ര രൂപ ചെലവായെന്നും വ്യക്തമാക്കാമോ;

(സി) യാത്രാച്ചെലവ് സർക്കാർ വഹിച്ചിട്ടുണ്ടെങ്കിൽ ഏത് മാനദണ്ഡമനുസരിച്ചാണെന്നും ഇതിൽ ആരൊക്കെയാണ് പണം തിരിച്ചടച്ചതെന്നും എത്ര ആളുകൾ നേരിട്ടും ബാങ്ക് മുഖാന്തിരവും പണം തിരിച്ചടച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ;

(ഡി) ഒരുമിച്ചുള്ള ബുക്കിംഗിൽ ലഭിച്ച നിരക്ക് സാധാരണ നിരക്കിൽനിന്നും കൂടുതലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേ ദിവസം കുറഞ്ഞ നിരക്കിൽ പ്രസ്തുത ഫ്ലൈറ്റിൽ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഇ) ഓരോ യാത്രക്കാരനും വ്യക്തിഗത ബില്ല് കൈമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങനെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഇ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും 9-12-2018-ൽ ഗോ എയർ GB1375 നമ്പർ വിമാനത്തിൽ PNR No. E7QBMW-ൽ തിരുവനന്തപുരത്തേയ്ക്ക് യാത്ര ചെയ്തിട്ടുള്ളവരെ സംബന്ധിച്ച വിവരങ്ങൾ അതാത് വിമാനക്കമ്പനിയിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച വിവരം ലഭ്യമല്ല.

**ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട്**

80(1952) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ഗ്രീൻഫീൽഡ് എയർപോർട്ട് നിർമ്മിക്കുന്നതിന് സാധ്യതാ പഠനത്തിന് ചുമതലപ്പെടുത്തിയിരുന്ന കമ്പനി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

എന്തൊക്കെ ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) വിമാനത്താവള നിർമ്മാണം ആരംഭിക്കുന്നതിന് ഇനിയും എന്തൊക്കെ കടമ്പകളാണ് പൂർത്തീകരിക്കാനുള്ളത്; സ്ഥലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നിർദ്ദിഷ്ട വിമാനത്താവളത്തിന്റെ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും Louis Berger Consulting Pvt Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുത്തിരുന്നു. കൺസൾട്ടന്റ് ലഭ്യമാക്കിയ പ്രാരംഭ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള മാതൃകയിൽ അന്താരാഷ്ട്ര വിമാനത്താവളം നിർമ്മിക്കുന്നതിനാണ് വിഭാവനം ചെയ്യുന്നത്. വിമാനത്താവള നിർമ്മാണത്തിനായി ഇപ്പോൾ തെരഞ്ഞെടുത്തിരിക്കുന്ന സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിലേയ്ക്കാവശ്യമായ ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (TEFR) കൺസൾട്ടന്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത് അംഗീകരിക്കുന്ന മുറയ്ക്ക് കേന്ദ്രാനുമതി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## വിമാന ഇന്ധന നികുതിയിലെ വ്യത്യാസം

81 (1953) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വിമാനത്താവളമായ കരിപ്പൂർ എയർപോർട്ടിൽ വിമാന ഇന്ധനത്തിന് സർക്കാർ 28 ശതമാനം നികുതി ഏർപ്പെടുത്തിയ നടപടി കാരണം പല തിരക്കേറിയ വിമാന സർവ്വീസുകളും ഇപ്പോൾത്തന്നെ കരിപ്പൂരിലേയ്ക്കുള്ള സർവ്വീസ് റദ്ദ് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടാതെ ചില വിമാനങ്ങൾ ഡൽഹി-കണ്ണൂർ-കാലിക്കറ്റ് എന്ന പ്രൊപ്പോസൽ, ഡൽഹി-കണ്ണൂർ എന്നാക്കി മാറ്റിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണം

82 (1954) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യവൽക്കരണ ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ തിരുവനന്തപുരം വിമാനത്താവളം സർക്കാരിന്റെ നിയന്ത്രണത്തിൽ നിലനിർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായ ടെണ്ടർ നടപടികളിൽ പങ്കെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) വിമാനത്താവളത്തിനായി നൽകിയിട്ടുള്ള ഭൂമി കേരളത്തിന്റെ ഓഹരിയായി കണക്കാക്കാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ ഭൂമിയുടെ നഷ്ടപരിഹാരം കേരളത്തിന് നൽകാൻ ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം വിമാനത്താവളത്തിന്റെ ടെർമിനലുകളുടെ വികസനവും പരിപാലനവുമടക്കമുള്ള മേഖലകൾ മത്സരാധിഷ്ഠിത ലേലത്തിലൂടെ പൊതു-സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള തീരുമാനമാണ് കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. വിമാനത്താവളങ്ങളുടെ നിർമ്മാണത്തിലും നടത്തിപ്പിലുമുള്ള സംസ്ഥാനത്തിന്റെ പരിചയം കണക്കിലെടുത്ത് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും ഭാവി വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. കൂടാതെ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും വികസനവും സംസ്ഥാനത്തിന്റെ അധീനതയിലുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) മുഖേന നടപ്പിലാക്കണമെന്നും നാളിതുവരെ വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയ ഭൂമി വിലയ്ക്ക് തത്തുല്യമായ ഓഹരി സംസ്ഥാനത്തിന് നല്കണമെന്നുമുള്ള സർക്കാർ നിർദ്ദേശം അറിയിക്കുകയുണ്ടായി.

എന്നാൽ സംസ്ഥാന നിർദ്ദേശത്തോട് കേന്ദ്രം അനുകൂല നിലപാട് സ്വീകരിക്കാത്തതിനാൽ തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം ഏറ്റെടുത്ത് നടത്തുന്നതിനായി സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്യുന്ന തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള ലിമിറ്റഡ് (TIAL) എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. മത്സരാധിഷ്ഠിതമായ ലേലമായതിനാൽ ബിഡ്ഡ് സംബന്ധമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി ടെക്നിക്കൽ & ഫിനാൻഷ്യൽ കൺസൾട്ടന്റിനെയും ലീഗൽ കൺസൾട്ടന്റിനെയും നിയമിച്ചിട്ടുണ്ട്. വിമാനത്താവളം ലേലം ചെയ്യുകയാണെങ്കിൽ തിരുവനന്തപുരം വിമാനത്താവളത്തിന്റെ

ബിഡ്ഡിനുള്ള നടപടിക്രമങ്ങളിൽ കേരള സർക്കാർ സ്പോൺസർ ചെയ്യുന്ന SPV-യ്ക്ക് 10% റൈറ്റ് ഓഫ് ഫസ്റ്റ് റഫ്യൂസൽ (RoFR) നൽകാമെന്ന് കേന്ദ്ര സർക്കാർ ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബിഡ്ഡ് സമർപ്പിക്കുന്നതിലേക്കായി കേരള സർക്കാർ കെ.എസ്.ഐ.ഡി.സി.-യുമായി ചേർന്ന് ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കൊച്ചി മെട്രോയിൽ നിന്നുള്ള ടിക്കറ്റ് ഇതര വരുമാനം**

83 (1955) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയിൽ നിന്ന് ടിക്കറ്റ് ഇതര വരുമാനം വരുന്നത് ഏതെല്ലാം രീതിയിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ടിക്കറ്റ് ഇതര വരുമാനം വഴി പ്രതിവർഷം ശരാശരി എന്ത് വരുമാനമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മെട്രോ തൂണുകളിലും മീഡിയനുകളിലും സ്റ്റേഷനുകൾക്കുള്ളിലും പുറത്തും അതുപോലെ ട്രെയിനുകൾക്കുള്ളിലും പുറത്തും QR ടിക്കറ്റുകൾക്ക് മറുപുറത്തും പരസ്യം നൽകുന്നതിനുള്ള അവകാശം നൽകിയും മെട്രോ സ്റ്റേഷനുകളുടെ പേരിനൊപ്പം സ്ഥാപനങ്ങളുടെ പേരുകൾ ചേർത്ത് പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം നൽകിയും സ്റ്റേഷനുകളിലുള്ള സ്ഥലസൗകര്യം വാണിജ്യാവശ്യങ്ങൾക്കായും സ്റ്റേഷനുകൾക്കുള്ളിലുള്ള സ്ഥലം ഓഫീസാവശ്യത്തിന് വാടകയ്ക്ക് നൽകിയും ടെലികോം ടവറുകൾ സ്ഥാപിക്കാൻ സ്ഥലം നൽകിയും കാർ പാർക്കിംഗിനുള്ള സൗകര്യം വാടകയ്ക്ക് നൽകിയും സ്റ്റേഷനുകളെയും സമീപത്തുള്ള വ്യാപാര സമുച്ചയങ്ങളെയും ബന്ധിപ്പിക്കുന്ന പാത (ലുലു, ചെന്നൈ സിൽക്ക്സ് തുടങ്ങിയവയിലേയ്ക്ക് ഈ സൗകര്യം നൽകിക്കഴിഞ്ഞു) ഫോട്ടോഗ്രാഫിക്കും ഷൂട്ടിംഗിനുമുള്ള സൗകര്യം നൽകുക എന്നിവ വഴിയാണ് കൊച്ചി മെട്രോയ്ക്ക് ടിക്കറ്റിതര വരുമാനം ലഭിക്കുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ 1242.77 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 2018 ഡിസംബർ വരെ 4194.30 ലക്ഷം രൂപയും ടിക്കറ്റിതര വരുമാനയിനത്തിൽ കൊച്ചി മെട്രോയ്ക്ക് ലഭിച്ചു.

**വാട്ടർ മെട്രോ പദ്ധതി**

84 (1956) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നഗരത്തിന്റെ സമീപപ്രദേശങ്ങളിൽനിന്നും തൊഴിലിനായും മറ്റ് വാണിജ്യ ആവശ്യങ്ങൾക്കായും വരുന്ന ജനങ്ങളുടെ ബാഹുല്യംമൂലം തിരക്ക്

ഉള്ളതിനാൽ വാട്ടർ മോട്രോ പദ്ധതി തിരക്ക് കുറയുന്നതിന് കാരണമാകുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ എറണാകുളം നഗരത്തിനോട് ചേർന്ന് കിടക്കുന്ന പെരുമ്പളം, അരൂർ, അരൂകുറ്റി തുടങ്ങിയ പ്രദേശങ്ങളെ കൂടി വാട്ടർ മെട്രോയുടെ ഭാഗമാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ;

(ബി) നിയമസഭാ ചോദ്യോത്തര വേളയിൽ ഇക്കാര്യം പരിഗണിക്കുന്നതാണെന്ന് അറിയിച്ചതിൻ പ്രകാരം എന്തെങ്കിലും നടപടി ഇതിനോടകം സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വാട്ടർ മെട്രോ പദ്ധതി, എറണാകുളം നഗരത്തിന് ചുറ്റുമുള്ള ദ്വീപ്സമൂഹങ്ങളിലെ ജനങ്ങളുടെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതും ദ്വീപുവാസികളുടെ ഉപജീവനം മെച്ചപ്പെടുത്തുന്നതുമാണ്.

വിദേശ ഫണ്ടിംഗ് ഏജൻസിയായ KIW നിശ്ചിത ബജറ്റാണ് ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ അനുവദിച്ചിട്ടുള്ള ബജറ്റിൽ പെരുമ്പളം, അരൂർ, അരൂക്കുറ്റി തുടങ്ങിയ പ്രദേശങ്ങൾകൂടി വാട്ടർ മെട്രോ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള സാമ്പത്തികമില്ലാത്തതിനാൽ ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ പദ്ധതിയുടെ വികസനവേളയിൽ മേൽപ്പറഞ്ഞ സ്ഥലങ്ങളെക്കൂടി പരിഗണിക്കാവുന്നതാണ്.

**റിവർ മാനേജ്മെന്റ് കമ്മിറ്റി**

85 (1957) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ ഘടന എന്താണെന്ന് വിശദമാക്കാമോ;

(ബി) ആരൊക്കെയാണ് അതിൽ അംഗങ്ങളെന്നും എന്താണ് പ്രസ്തുത കമ്മിറ്റിയുടെ ചുമതലകൾ എന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി നിയമപ്രകാരം ജില്ലാ വിദഗ്ധ സമിതി ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ

സൂക്ഷ്മപരിശോധന നടത്തുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി സർക്കാർ ഒരു സംസ്ഥാന ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. 11 അംഗങ്ങളടങ്ങിയ പ്രസ്തുത കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കും പ്രകാരമാണ്:

(i) റവന്യൂ വകുപ്പുമന്ത്രി - ചെയർമാൻ

(ii) റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - കൺവീനർ

(iii) നിയമ വകുപ്പ് സെക്രട്ടറി - അംഗം

(iv) ലാന്റ് റവന്യൂ കമ്മീഷണർ - അംഗം

(v) ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ - അംഗം

(vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അഡീഷണൽ പോലീസ് ഡയറക്ടർ ജനറൽ - അംഗം

(vii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജലസേചന വകുപ്പിലെ ചീഫ് എഞ്ചിനീയർ - അംഗം

(viii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി ശാസ്ത്രജ്ഞർ- അംഗങ്ങൾ

(ix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പരിസ്ഥിതി പ്രവർത്തകർ അംഗങ്ങൾ

(ബി) സംസ്ഥാന ഉന്നതതല സമിതിയിൽ നിലവിൽ ഉൾപ്പെട്ട അംഗങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

റവന്യൂ വകുപ്പുമന്ത്രി-ചെയർമാൻ

റവന്യൂ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി - കൺവീനർ

നിയമ വകുപ്പുസെക്രട്ടറി - അംഗം

ലാന്റ് റവന്യൂ കമ്മീഷണർ - അംഗം

ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ ഡയറക്ടർ - അംഗം

അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ്, ദക്ഷിണമേഖല-അംഗം

ചീഫ് എഞ്ചിനീയർ, ജലസേചന വകുപ്പ് - അംഗം

ഡോ. കെ. സോമൻ, മുൻ ശാസ്ത്രജ്ഞൻ, കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (പരിസ്ഥിതി ശാസ്ത്രജ്ഞൻ) - അംഗം

ഡോ. ബിജു ലോഞ്ചിനോസ്, അസിസ്റ്റന്റ് പ്രൊഫസർ,

കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം

(പരിസ്ഥിതി ശാസ്ത്രജ്ഞൻ) - അംഗം

ശ്രീ. ആർ. അജയൻ, നിരജം, എം.എൽ.എ. റോഡ്,

കുടപ്പനക്കുന്ന് (പരിസ്ഥിതി പ്രവർത്തകൻ)- അംഗം

ഡോ. പി. ജിനിമോൻ, അസിസ്റ്റന്റ് പ്രൊഫസർ,

ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി, കേരള സർവ്വകലാശാല,

കാര്യവട്ടം ക്യാമ്പസ്, (പരിസ്ഥിതി പ്രവർത്തകൻ) - അംഗം.

സംസ്ഥാന ഉന്നതതല സമിതിക്ക്, ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശയോടെയോ അല്ലാതെയോ യുക്തമെന്ന് തോന്നുന്ന ഏതൊരു നദീതീര സംരക്ഷണ പദ്ധതിക്കും അംഗീകാരം നൽകാനുള്ള അധികാരം ഉണ്ടായിരിക്കുന്നതാണ്.

**പറമ്പിക്കുളം-ആളിയാർ കരാർ**

86 (1958) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരമുള്ള വെള്ളം നൽകുവാൻ തമിഴ്നാട് തയ്യാറാകാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) കരാർ പ്രകാരമുള്ള വെള്ളം ലഭിക്കാത്തത് വൈദ്യുതി ഉൽപ്പാദനത്തെയും പല ജില്ലകളിലെ കൃഷിയെയും ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ പ്രകാരമുള്ള വെള്ളം ലഭിക്കുവാൻവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ഒരു ജലവർഷത്തിൽ മണക്കടവ് വിയറിൽ പ്രളയജലമൊഴികെ കേരളത്തിന് 7.25 ടി.എം.സി. ജലമാണ് ലഭിക്കേണ്ടത്. കൂടാതെ കേരള ഷോളയാർ റിസർവോയർ സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കേണ്ടതാണ്; അതായത് 2663 അടി. ഇതിനുപുറമെ സെപ്റ്റംബർ 2-നും ജനുവരി 31-നും ഇടയിലുള്ള കാലയളവിൽ, കേരള

ഷോളയാർ ജലസംഭരണി പൂർണ്ണ ജലസംഭരണ നിരപ്പിന് 5 അടി താഴെയായി നിർത്തേണ്ടതുണ്ട്. ഒരു ജലവർഷത്തിൽ കേരള ഷോളയാർ പവർഹൗസിൽ 12.3 ടി.എം.സി. ജലം കേരളത്തിന് ലഭ്യമാക്കേണ്ടതുണ്ട്. കൂടാതെ പറമ്പിക്കുളം ഗ്രൂപ്പ് ഓഫ് ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനത് നീരൊഴുക്ക് 16.35 ടി.എം.സി.-യിൽ കൂടുതലാകുകയാണെങ്കിൽ 2.5 ടി.എം.സി. വരെ ജലം കേരളത്തിന് ചിറ്റൂർ പുഴയിലേയ്ക്കും ബാക്കി ജലം ചാലക്കുടി പുഴയിലേയ്ക്കും അർഹതപ്പെട്ടതാണ്. ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാർ വിയറിലെ തനത് നീരൊഴുക്കും കേരളത്തിന് അർഹതപ്പെട്ടതാണ്.

(ബി) മഴ കുറവുള്ള വർഷങ്ങളിൽ മൊത്തം പദ്ധതിയിൽ ലഭിക്കുന്ന നീരൊഴുക്ക് കുറവായതിനാൽ ഈ കുറവ് ഇരു സംസ്ഥാനങ്ങളുംകൂടി വഹിക്കണമെന്ന വാദത്തിന്റെ അടിസ്ഥാനത്തിലാണ് തമിഴ്നാട്, കേരളത്തിന് കരാർ അനുസരിച്ചുള്ള ജലം വിവിധ സ്റ്റേഷനുകളിൽ ലഭ്യമാക്കാത്തത്. എന്നാൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിൽ മൊത്തം വരുന്ന പ്രളയജലവും മണക്കടവ് വിയറിൽ ഒരു ജലവർഷത്തിൽ കരാർ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള 7.25 TMC വെള്ളവും കേരളത്തിന് നൽകാൻ തമിഴ്നാട് ബാദ്ധ്യസ്ഥമാണ്.

(സി) ഉണ്ട്. പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ ജലസംഭരണവും വിതരണവും ക്രമീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനാണ്. ഈ ബോർഡിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നെങ്കിൽ സർക്കാർതലങ്ങളിൽ ഇടപെടൽ നടത്താറുണ്ട്. ഇതനുസരിച്ച് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിലും സർക്കാർതലങ്ങളിലും നടപടികൾ സ്വീകരിക്കാറുണ്ട്. കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ എല്ലായ്പ്പോഴും കേരളം സ്വീകരിക്കാറുണ്ട്. കരാർ പ്രകാരമുള്ള ജലം വിവിധ സ്റ്റേഷനുകളിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് അതാത് കാലയളവുകളിൽ കേരളം, തമിഴ്നാടിന് ഉദ്യോഗസ്ഥതലത്തിലും ഗവൺമെന്റുതലത്തിലും കത്തുകൾ അയയ്ക്കാറുണ്ട്. കൂടാതെ എല്ലാ വർഷവും ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗങ്ങളിൽ കേരളം കരാർ പ്രകാരമുള്ള വെള്ളം ലഭ്യമാക്കാൻ തമിഴ്നാടിനോട് ആവശ്യപ്പെടാറുണ്ട്. ഉദ്യോഗസ്ഥതലത്തിൽ തീരുമാനമാകാതെ വരുന്ന ചില സന്ദർഭങ്ങളിൽ ഗവൺമെന്റുതലത്തിൽ ചർച്ച നടത്തി കരാർപ്രകാരം കേരളത്തിന് ജലം ലഭ്യമാക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്.

**പറമ്പിക്കുളം - ആളിയാർ കരാർ**

87 (T* 1959) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സെപ്റ്റംബർ ഒന്നിനും ഫെബ്രുവരി ഒന്നിനും കേരള ഷോളയാർ ഡാം നിറയാനുള്ള വെള്ളം തമിഴ്നാട് നൽകണമെന്ന വ്യവസ്ഥയുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) എങ്കിൽ പ്രസ്തുത വ്യവസ്ഥക്ക് വിരുദ്ധമായി ഇത്തവണ കേരളത്തിന് വെള്ളം നൽകാനാവില്ലെന്ന് തമിഴ്നാട് വ്യക്തമാക്കുകയുണ്ടായോ;

(സി) അനാവശ്യമായി അണക്കെട്ടുകൾ തുറന്നുവിട്ട് കേരളം വെള്ളം പാഴാക്കുകയായിരുന്നുവെന്നും ഇത് കരാർ ലംഘനമാണെന്നും തമിഴ്നാടിന് വാദമുണ്ടോ;

(ഡി) ഇക്കാര്യം ചൂണ്ടിക്കാണിച്ച് തമിഴ്നാട് ജലവിഭവ വകുപ്പ് സംയുക്ത ജലനിയന്ത്രണ ബോർഡ് ചെയർമാനും കേരള സർക്കാരിനും കത്തയയ്ക്കുകയുണ്ടായോ;

(ഇ) ആളിയാർ കരാർപ്രകാരം തമിഴ്നാട് പാലക്കാടിനും വെള്ളം നൽകേണ്ടതുണ്ടോ; സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി ഇത് നിഷേധിച്ചാൽ പാലക്കാടിനെ കൂടാതെ മറ്റേതെല്ലാം ജില്ലകളിലെ കൃഷിയെ ഇത് പ്രതികൂലമായി ബാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം ആളിയാർ കരാർപ്രകാരം സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും കേരള ഷോളയാർ ഡാം സമ്പൂർണ്ണ ജലനിരപ്പിൽ (2663 അടി) എത്തിക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതിനാവശ്യമായ ക്രമീകരണങ്ങൾ സംയുക്ത ജലക്രമീകരണ ബോർഡ് ഏർപ്പെടുത്തേണ്ടതാണ്. ബോർഡിന്റെ അനുമതി കൂടാതെ വെള്ളം തിരിച്ചുവിടുന്നതിനുള്ള അധികാരം തമിഴ്നാടിനില്ല.

(ബി) ഈ ജലവർഷത്തിൽ, കേരളത്തിന് കേരള ഷോളയാറിൽ വെള്ളം നൽകാനാവില്ലെന്ന് തമിഴ്നാട് കത്ത് നൽകിയിരുന്നു. എന്നാൽ കരാർ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടത് ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ ഉത്തരവാദിത്വമായതിനാൽ 2019 ഫെബ്രുവരി 1-ന് കരാർപ്രകാരം കേരള ഷോളയാർ ജലസംഭരണി സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് സംയുക്ത ജലനിയന്ത്രണ ബോർഡ് ചെയർമാൻ, തമിഴ്നാടിന് കത്തയച്ചിരുന്നു. ഈ വിഷയം 28-1-2019-ന് ചേർന്ന 101-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഷോളയാർ പവർഹൗസ് II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് വെള്ളം നൽകാൻ തമിഴ്നാട് സമ്മതിക്കുകയുണ്ടായി. ഇതനുസരിച്ച് 29-1-2019 രാവിലെ മുതൽ കേരളത്തിന് വെള്ളം ലഭിച്ചുതുടങ്ങിയിട്ടുണ്ട്.

എന്നാൽ കേരള ഷോളയാർ റിസർവോയറിൽ സ്പിൽ ചെയ്ത വെള്ളത്തിന്റെ ഒരുഭാഗം കേരളത്തിന് പവർഹൗസിൽ നൽകേണ്ട വെള്ളത്തിന്റെ കണക്കിൽപ്പെടുത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും കേരളം ഇതിനെ എതിർക്കുകയും ചെയ്തു. ഇതിൽ വിയോജിപ്പ് ഉണ്ടായതോടെ ബോർഡ് ചെയർമാൻ ഈ വിഷയം ഇരു സർക്കാരുകളെയും അറിയിക്കുകയുണ്ടായി.

(സി) ഉണ്ട്. എന്നാൽ കേരളം ഇതിനെ 101-ാം ജെ.ഡബ്ല്യു.ആർ. ബോർഡ് യോഗത്തിൽ കാര്യകാരണസഹിതം എതിർത്തിട്ടുള്ളതാണ്.

(ഡി) കത്തയച്ചിരുന്നു.

(ഇ) പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം തമിഴ്നാട് പാലക്കാട് ജില്ലയിലെ ചിറ്റൂരിലെ കൃഷി ആവശ്യങ്ങൾക്കായി മണക്കടവ് വിയറിൽ ഒരു ജലവർഷത്തിൽ പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ മൊത്തം പ്രളയജലവും കരാർ വ്യവസ്ഥ പ്രകാരമുള്ള 7.25 ടി.എം.സി. ജലവും ലഭ്യമാക്കേണ്ടതുണ്ട്. ഇത് ലഭിക്കാതെ വന്നാൽ പുഴയിലെ നീരൊഴുക്കിനെ ബാധിക്കുമെന്നതിനാൽ തൃശ്ശൂർ, മലപ്പുറം ജില്ലകളെക്കൂടി ഇത് പ്രതികൂലമായി ബാധിക്കും.

**പറമ്പിക്കുളം-ആളിയാർ കരാർ**

88 (1960) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം 2019 ഫെബ്രുവരി ഒന്നിന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിൽ നിന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മഹാപ്രളയത്തിൽ തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ഡാമുകളിൽ നിന്ന് തുറന്നുവിട്ട വെള്ളം കരാറിന്റെ ഭാഗമായി നൽകേണ്ട വെള്ളത്തിന്റെ കണക്കിൽ ഉൾപ്പെടുത്താൻ തമിഴ്നാട് സർക്കാർ ശ്രമിക്കുന്നുവെന്ന വാർത്തകളിൽ യാഥാർത്ഥ്യമുണ്ടോ; വെളിപ്പെടുത്താമോ;

(സി) കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട മുഴുവൻ വെള്ളവും യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2019 ഫെബ്രുവരി 1-ന് കരാർ പ്രകാരം കേരള ഷോളയാർ ജലസംഭരണി സമ്പൂർണ്ണ ജലനിരപ്പിലെത്തിക്കണമെന്ന് ആവശ്യപ്പെട്ട് തമിഴ്നാടിന്

ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും കത്തയച്ചിരുന്നു. ഈ വിഷയം 28-1-2019-ന് നടന്ന 101-ാമത് ജെ.ഡബ്ല്യൂ.ആർ. ബോർഡ് യോഗത്തിലും കേരളം ഉന്നയിച്ചിരുന്നു. ഇതിനോട് തമിഴ്നാട് പൂർണ്ണമായും സമ്മതിച്ചില്ലെങ്കിലും പി.എച്ച്. II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് ജലം ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. ഇതനുസരിച്ച് 29-1-2019-ന് പി.എച്ച്. II വഴി കേരള ഷോളയാർ റിസർവോയറിലേയ്ക്ക് ജലം എത്തിത്തുടങ്ങിയിട്ടുണ്ട്.

(ബി) മഹാപ്രളയത്തിൽ, തമിഴ്നാട് സർക്കാരിന്റെ കീഴിലുള്ള ഡാമുകളിൽ നിന്ന് തുറന്നുവിട്ട വെള്ളം കരാറിന്റെ ഭാഗമായി നൽകേണ്ട വെള്ളത്തിന്റെ കണക്കിൽ ഉൾപ്പെടുത്താൻ തമിഴ്നാട് സർക്കാർ ശ്രമിക്കുന്നുവെന്ന വാർത്തകളിൽ യാഥാർത്ഥ്യമുണ്ട്. എന്നാൽ ജെ.ഡബ്ല്യൂ.ആർ. ബോർഡിന്റെ 101-ാമത് യോഗത്തിൽ കേരളം ഇതിനോട് കടുത്ത വിയോജിപ്പ് പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മണക്കടവ് വിയറിൽ പ്രളയജലം കണക്കിൽപ്പെടുത്താൻ കഴിയില്ല എന്ന കേരളത്തിന്റെ വാദം ജെ.ഡബ്ല്യൂ.ആർ. ബോർഡ് അംഗീകരിക്കുകയുണ്ടായി. എന്നാൽ കേരള ഷോളയാർ റിസർവോയറിൽ സ്പിൽ ചെയ്ത വെള്ളത്തിന്റെ ഒരു ഭാഗം കേരളത്തിന് പവർഹൗസിൽ നൽകേണ്ട വെള്ളത്തിന്റെ കണക്കിൽപ്പെടുത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെടുകയും കേരളം ഇതിനെ എതിർക്കുകയും ചെയ്തു. ഇതിൽ വിയോജിപ്പുണ്ടായതോടെ ഈ വിഷയം ബോർഡ് ചെയർമാൻ ഇരു സർക്കാരുകളെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പറമ്പിക്കുളം-ആളിയാർ പദ്ധതിയിലെ ജലസംഭരണവും വിതരണവും ക്രമീകരിക്കുന്നതിനുള്ള പൂർണ്ണ അധികാരം ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിനാണ്. ഈ ബോർഡിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകുമെങ്കിൽ മാത്രമേ സർക്കാർതലങ്ങളിൽ ഇടപെടൽ ആവശ്യമുള്ളൂ. ഇതനുസരിച്ച് ജോയിന്റ് വാട്ടർ റെഗുലേറ്ററി ബോർഡിലും സർക്കാർതലങ്ങളിലും കേരളത്തിന് ലഭിക്കേണ്ട മുഴുവൻ വെള്ളവും യഥാസമയം ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

## പ്രവാസികളുടെ മടങ്ങിവരവ്

89 (1961) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എണ്ണവില ഇടിഞ്ഞതിനെ തുടർന്ന് സമ്പദ് വ്യവസ്ഥയിലുണ്ടായ മാറ്റവും പൊതു-സ്വകാര്യ മേഖലകളിൽ തദ്ദേശീയർക്ക് കൂടുതൽ തൊഴിലവസരം നൽകിക്കൊണ്ടുള്ള ഗൾഫ് രാജ്യങ്ങളിലെ നിയമവും സംസ്ഥാനത്തുനിന്നും ഗൾഫ് രാജ്യങ്ങളിലേക്ക് ജോലി തേടി പോകുന്നവരുടെ എണ്ണത്തിൽ കുറവുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഗൾഫ് രാജ്യങ്ങളിലേക്കുള്ള കുടിയേറ്റം കുറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്തെ അഭ്യസ്തവിദ്യർ ഇപ്പോൾ ഏതൊക്കെ രാജ്യങ്ങളിലേക്കാണ് കൂടുതലായി തൊഴിൽ തേടി പോകുന്നതെന്നതിന്റെ വിശദാംശം സർക്കാരിന്റെ കൈവശമുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മൈഗ്രേഷൻ സർവ്വേപ്രകാരം 2013-2018 കാലയളവിൽ സംസ്ഥാനത്ത് നിന്നും ഗൾഫ് രാജ്യങ്ങളിലേയ്ക്ക് ജോലി തേടി പോകുന്നവരുടെ എണ്ണത്തിൽ 13.1 ശതമാനം കുറവുണ്ടായിട്ടുണ്ട്.

(ബി) കേരളത്തിന്റെ സമ്പദ്ഘടനയിൽ പ്രവാസികളുടെ വിദേശ നിക്ഷേപം ഒരു പ്രധാന പങ്കുവഹിക്കുന്നതിനാൽ വിദേശ കുടിയേറ്റം കുറയുന്നത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സാരമായി ബാധിക്കുന്നുവെന്നത് വസ്തുതയാണ്. എന്നാൽ മുൻവർഷങ്ങളെക്കാൾ കുടിയേറ്റത്തിന്റെ തോതിൽ കുറവ് വന്നിട്ടുണ്ടെങ്കിലും പ്രവാസികളുടെ നിക്ഷേപത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റം കുറഞ്ഞ സാഹചര്യത്തിൽ അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ കൂടുതലായി കാനഡ, യു. കെ., അമേരിക്ക തുടങ്ങിയ പാശ്ചാത്യരാജ്യങ്ങളിലേയ്ക്ക് തൊഴിൽതേടി പോകുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ക്രോഡീകരിച്ചിട്ടില്ല.

**ലോക കേരള സഭ**

90 (1962) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ രണ്ടാംഘട്ടം എവിടെവച്ചാണ് നടത്തുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) എന്തെല്ലാം പരിപാടികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; പ്രോഗ്രാമുകൾക്ക് ഓരോന്നിനും യാത്രാ ചെലവ് ഉൾപ്പെടെ വരുന്ന ചെലവിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പരിപാടിക്കായി ആകെ എത്ര രൂപയാണ് ചെലവ് വരുന്നത്; ആയതിൽ എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ട്; ബാക്കിത്തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ-സി) ലോക കേരള സഭയുടെ രണ്ടാം സമ്മേളനം തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിൽ വച്ച് 2020 ജനുവരി ആദ്യ വാരം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മറ്റ് കാര്യങ്ങളിലൊന്നും തീരുമാനമെടുത്തിട്ടില്ല.

## ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങൾ

91 (1963) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭയുടെ മേഖലാ സമ്മേളനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ മേഖലാ സമ്മേളനങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) മേഖലാ സമ്മേളനങ്ങൾ ചേരുന്നതിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ;

(ഡി) ലോക കേരള സഭയുടെ രണ്ടാം യോഗം 2020-ൽ തിരുവനന്തപുരത്ത് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) ലോക കേരള സഭ സംഘടിപ്പിക്കുന്നതിന് എന്ത് തുകയാണ് ചെലവഴിച്ചതെന്നും പ്രസ്തുത സഭ ചേർന്നതിലൂടെ ഉണ്ടായ നേട്ടങ്ങൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

ഉത്തരം

(എ & ബി) ലോക കേരള സഭയുടെ ആദ്യ മേഖലാ സമ്മേളനം 2019 ഫെബ്രുവരി 15, 16 തീയതികളിലായി ദുബായിൽ വച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(സി) മേഖലാ സമ്മേളനം നടത്തുന്നതിന്റെ ചെലവ് വഹിക്കുന്നത് ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച കോർ കമ്മിറ്റിയും സ്പോൺസർമാരുമാണ്. എന്നാൽ മേഖലാ സമ്മേളനത്തിന് കേരളത്തിൽ നിന്ന് പങ്കെടുക്കുന്ന മുഖ്യമന്ത്രി ഉൾപ്പെടെ 8 ഔദ്യോഗിക അംഗങ്ങളുടെ ചെലവ് മാത്രം ലോക കേരള സഭയുമായി ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിൽ നിന്ന് വഹിക്കുന്നതാണ്.

(ഡി) ഉണ്ട്.

(ഇ) പ്രഥമ ലോക കേരള സഭാ സമ്മേളനത്തിന്റെ നാളിതുവരെയുള്ള ആകെ ചെലവ് 2,03,50,765 (രണ്ട് കോടി മൂന്ന് ലക്ഷത്തി അമ്പതിനായിരത്തി എഴുന്നൂറ്റി അറുപത്തിയഞ്ച്) രൂപയാണ്. ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിലെ തീരുമാനപ്രകാരം ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ, ലോക കേരള സഭ സെക്രട്ടേറിയറ്റ് എന്നിവ രൂപീകരിച്ചിട്ടുണ്ട്. വിവിധ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി വിവിധ വിഷയങ്ങളെക്കുറിച്ച് പഠനം നടത്തി കേരളത്തിന്റെ തനത് സാഹചര്യങ്ങൾകൂടി കണക്കിലെടുത്ത് പ്രവാസികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം

കണ്ടെത്തുക എന്നതാണ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതല. വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ വിവിധ വിഷയങ്ങളിൽ അവരുടെ ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ഈ ശിപാർശകൾ മേഖലാ സമ്മേളനത്തിൽ ചർച്ച ചെയ്യും. ഓരോ ജില്ലയിലും ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാ പ്രവാസി പരാതി പരിഹാര കമ്മിറ്റികൾ എല്ലാ മാസവും യോഗം ചേർന്ന് പ്രവാസികളുടെയും തിരികെ വന്ന പ്രവാസികളുടെയും പ്രശ്നങ്ങളിന്മേൽ സത്വര നടപടി സ്വീകരിച്ചുവരുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുക, എൻ.ആർ.ഐ. കലോത്സവങ്ങൾ സംഘടിപ്പിക്കുക, ലോക കേരള സഭയോടനുബന്ധിച്ചും അല്ലാതെയും കലാസാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക, ലോകമെമ്പാടുമുള്ള പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളിലിടപെട്ട് പരിഹാരം കാണുക എന്നീ ചുമതലകളാണ് ലോക കേരള സഭ സെക്രട്ടേറിയറ്റ് നിർവ്വഹിക്കുന്നത്.

**തീര സുരക്ഷ**

92 (1964) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീര സുരക്ഷ വർദ്ധിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്;

(ബി) കോസ്റ്റൽ പോലീസിന്റെ ശേഷി വർദ്ധിപ്പിക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ അധികാരത്തിൽ വന്നശേഷം തീര സുരക്ഷ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ചുവടെ കൊടുക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്:

1. കോസ്റ്റൽ സെക്യൂരിറ്റി സ്കീം (CSS) II-ൽ ഉൾപ്പെടുത്തി 10 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. ഇതിലേയ്ക്കായി 270 സേനാംഗങ്ങളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

3. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുവേണ്ടി തീരദേശത്ത് വസിക്കുന്ന 200 മത്സ്യത്തൊഴിലാളി യുവാക്കളെ തീരദേശ പോലീസ് സ്റ്റേഷനുകളിൽ കോസ്റ്റൽ വാർഡൻമാരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.

4. ആറ് പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

5. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെയും നാവിക സേനയുടെയും പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുണ്ട്.

6. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഇന്റർസെപ്റ്റർ ബോട്ടുകൾ ഉപയോഗിച്ച് തീരപ്രദേശത്തും ഉൾക്കടലിലും നിരന്തരം പട്രോളിംഗ് നടത്തിവരുന്നുണ്ട്.

7. ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പ്‌യാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

8. കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 18 സാറ്റലൈറ്റ് ഫോണുകൾ നൽകിയിട്ടുണ്ട്.

ഇതുകൂടാതെ വിവിധ സർക്കാർ - സർക്കാർ ഇതര ഏജൻസികളുടെയും നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരദേശ ജില്ലാ തലത്തിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**ലഹരി മാഫിയയ്ക്കെതിരെ ശക്തമായ നടപടി**

93 (1965) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം ലഹരി മരുന്ന് വ്യാപനത്തിന്റെ ഒരു ഹബ്ബായി മാറിയതും ലഹരി മാഫിയ നിർബാധം സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ലഹരി മാഫിയയ്ക്കെതിരെ ശക്തമായ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) ലഹരി മാഫിയയ്ക്കെതിരെയുള്ള കേസ്സുകളിൽ നിശ്ചിത സമയത്ത് കുറ്റപത്രം സമർപ്പിക്കുന്നതിനും സുപ്രീംകോടതിയുടെ വിധി അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിനും പോലീസിന് സാധിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അന്താരാഷ്ട്ര മയക്കുമരുന്ന് സംഘത്തിലെ പ്രധാനിയായ മാലദ്വീപുകാർക്കെതിരെ കുറ്റപത്രം സമർപ്പിക്കുന്നതിലുണ്ടായ വീഴ്ച ഏത് സാഹചര്യത്തിലാണ് സംഭവിച്ചതെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) കേരളം ലഹരി മരുന്ന് വ്യാപനത്തിന്റെ ഹബ്ബാവുകയോ ലഹരി മാഫിയ സംസ്ഥാനത്ത് നിർബാധം പ്രവർത്തിക്കുകയോ ചെയ്യുന്നില്ല. ലഹരി മരുന്ന് വ്യാപാരം സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങൾ ഗൗരവമായി പരിശോധിച്ച് നടപടിയെടുക്കുകയാണ് ചെയ്യുന്നത്.

(ബി) ലഹരി മാഫിയയ്ക്കെതിരെയുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ പോലീസ് വകുപ്പ് സംസ്ഥാനതലത്തിൽ കേരള ആന്റി നാർകോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (KANSAF) ജില്ലാതലത്തിൽ ഡിസ്ട്രിക്ട് ആന്റി നർകോട്ടിക്ക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സും (DANSAF) രൂപീകരിച്ചിട്ടുണ്ട്. റെയ്ഡുകളും അതിർത്തി ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് വാഹന പരിശോധന നടത്തിയും മയക്കുമരുന്ന് കേസിൽ അറസ്റ്റ് ചെയ്തവരെ ചോദ്യം ചെയ്തും പ്രതികളുമായി ബന്ധപ്പെടുന്നവരെ നിരീക്ഷിച്ചും വിവരങ്ങൾ ശേഖരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ DANSAF സ്കൂൾ, കോളേജ് തലത്തിൽ, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കീം എന്നിവയുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പരിപാടികൾ നടത്തുകയും പൊതുജനങ്ങൾക്കുവേണ്ടി റെസിഡന്റ്സ് അസോസിയേഷനുകൾ കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്.

ലഹരി മരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കൾ അയൽസംസ്ഥാനങ്ങളിൽനിന്നും സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിലെ പോലീസുമായും സംസ്ഥാനത്തിനകത്ത് പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്ന് ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകളും നടത്തിവരുന്നു.

കൂടാതെ അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പുറമേ എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങൾ പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നതും ദേശീയപാതകളിൽ വാഹന പരിശോധന നടത്തിവരുന്നതുമാണ്. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും ബസ് സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, ഇതര സംസ്ഥാന

തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങൾ, കോളനികൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രഹസ്യ നിരീക്ഷണങ്ങൾ നടത്തി മയക്കുമരുന്നുകളുടെ ഉപയോഗം, വിൽപ്പന എന്നിവ സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നടപ്പാക്കുന്നതിനും സമയബന്ധിതമായി ഇത്തരം കേസുകളുടെ അന്വേഷണം പൂർത്തീകരിക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി 15-11-2018-ലെ സർക്കുലർ നമ്പർ 32/2018 പ്രകാരം എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സ്റ്റേറ്റ് നോഡൽ ഓഫീസറായ എ.ഡി.ജി.പി. (ക്രൈംബ്രാഞ്ച്) എല്ലാ ജില്ലകളിലെയും നാർകോട്ടിക് സെല്ലുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ട നിർദ്ദേശങ്ങൾ ജില്ലാ നോഡൽ ഓഫീസർമാരായ ജില്ലാ പോലീസ് മേധാവികൾക്ക് നൽകുകയും ഇത്തരം കേസുകളുടെ പുരോഗതി വിലയിരുത്തിവരികയും ചെയ്യുന്നുണ്ട്.

(ഡി) മയക്കുമരുന്ന് സംഘത്തിലെ പ്രധാനികളായ മാലിദ്വീപുകാർക്കെതിരെ സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കുന്നതിൽ പോലീസ് വകുപ്പിന് വീഴ്ചയുണ്ടായിട്ടില്ല.

**പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടുന്ന വാഹനങ്ങൾ**

94 (1966) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പോലീസ് സ്റ്റേഷനുകളിൽ പല കേസ്സുകളിലായി പിടിച്ചിടേണ്ടി വരുന്ന വാഹനങ്ങളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ പല കേസുകളിലായി പിടിച്ചിടേണ്ടിവരുന്ന വാഹനങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പോലീസ് പിടിച്ചെടുക്കുകയും കണ്ടുകെട്ടുകയും ചെയ്യുന്ന വാഹനങ്ങളും മറ്റു സാമഗ്രികളും പൊതുവീഥികളിലും ഓഫീസ് പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്നത് ഉപയോഗപ്രദമായ രീതിയിൽ ഡിസ്പോസ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 11-9-2018-ലെ സ.ഉ.(പി)നമ്പർ 60/2018/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുസരിച്ച് ജില്ലാ പോലീസ് മേധാവികൾ നടപടി സ്വീകരിച്ചുവരുന്നതുമാണ്.

(സി) കേരള പോലീസ് ആക്ടിൽ ഭേദഗതി വരുത്തുന്നതിനായി സംസ്ഥാന പോലീസ് മേധാവി നൽകിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## പോലീസ് സേനയിലെ അഴിമതിയും മാഫിയാബന്ധങ്ങളും

95 (1967) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ക്രമക്കേടുകളും അഴിമതിയും മാഫിയാ ബന്ധങ്ങളും വർദ്ധിക്കുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ പോലീസ് സ്റ്റേഷനുകളിൽ വിജിലൻസ് പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് പരിശോധന നടത്തിയത്;

(സി) പോലീസുദ്യോഗസ്ഥർക്ക് ക്വാറി, മാഫിയ ബന്ധമുള്ളതായും പണമിടപാട്, വാഹനാപകട കേസുകളിൽ ശരിയായ അന്വേഷണം നടത്താതെ സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നുവെന്നുമുള്ള ആരോപണം വസ്തുതാപരമാണെന്ന് പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ക്രമക്കേടും അഴിമതിയും നിലനിൽക്കുന്നതായുള്ള വിവരങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഓപ്പറേഷൻ തണ്ടർ എന്ന പേരിൽ സംസ്ഥാനവ്യാപകമായി പോലീസ് സ്റ്റേഷനുകളിൽ മിന്നൽ പരിശോധന നടത്തുകയുണ്ടായി. സംസ്ഥാനത്തെ 54 പോലീസ് സ്റ്റേഷനുകളിലാണ് ആദ്യഘട്ടത്തിൽ മിന്നൽ പരിശോധന നടത്തിയത്. മിന്നൽ പരിശോധനയുടെ റിപ്പോർട്ടുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഓഫീസുകളിൽ തയ്യാറാക്കിവരുന്നതേയുള്ളു. പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

## സംസ്ഥാന പോലീസിൽ തീരസുരക്ഷയ്ക്കായി ഡിവിഷൻ

96 (1968) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ തീരസുരക്ഷയ്ക്കായി ഒരു ഡിവിഷൻ രൂപീകരിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ;

(ബി) തീരസുരക്ഷയുമായി ബന്ധപ്പെട്ടതും അനുബന്ധമായതുമായ ഏതൊക്കെ മേഖലകളിലായിരിക്കും പ്രസ്തുത ഡിവിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുകയെന്ന് വിശദമാക്കുമോ;

(സി) തീരദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരെ തീരസുരക്ഷയ്ക്ക് നിയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഇതിന്റെ പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളുടെയും കോസ്റ്റൽ ഡിവിഷന്റെയും അതിർത്തി സംബന്ധിച്ചുള്ള പ്രൊപ്പോസൽ ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) 3-9-2018-ലെ സ.ഉ.(കൈ) നമ്പർ141/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം തീരദേശത്ത് താമസിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## സ്വകാര്യ വസ്തുവകകൾ നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടി

97 (1969) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരന്തരം നടത്തുന്ന ഹർത്താലുകളിലും പൊതുപണിമുടക്കുകളിലും പൊതുമുതലും സ്വകാര്യവസ്തുവകകളും വ്യാപകമായി നശിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഹർത്താലിൽ അക്രമം കാണിക്കുന്നവരുടെയും പൊതുമുതൽ നശിപ്പിക്കുന്നവരുടെയും പക്കൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനും സ്വത്ത് കണ്ട് കെട്ടുന്നതിനും വ്യവസ്ഥകളുണ്ടോ; വിശദമാക്കുമോ;

(സി) സ്വകാര്യ വസ്തുവകകൾ നശിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഓർഡിനൻസ് പുറത്തിറക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യാപകമായി നശിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹർത്താലിൽ അക്രമം കാണിക്കുന്നവരുടെയും പൊതുമുതൽ നശിപ്പിക്കുന്നവരുടെയും പക്കൽനിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് Indian Penal Code, Prevention of Damage to Public Property Act പ്രകാരം ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും മേൽ നിയമങ്ങളിലെ വകുപ്പുകൾ പ്രകാരം ബഹുമാനപ്പെട്ട കോടതികളിൽ റിപ്പോർട്ടുകൾ സമർപ്പിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. The Kerala Prevention of Damage to Private Property and Payment of Compensation Ordinance, 2019 പുറത്തിറക്കിയിട്ടുണ്ട്.

(ഡി) പ്രസ്തുത ഓർഡിനൻസ് പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

98 (1970) <u>ശ്രീ. സി. കൃഷ്ണൻ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. നൗഷാദ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവന്നതായി കണ്ടിട്ടുണ്ടോ; സ്ത്രീ സുരക്ഷയ്ക്ക് മുൻഗണന നൽകിക്കൊണ്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) ജനമൈത്രി സുരക്ഷാ പദ്ധതി എല്ലാ സ്റ്റേഷനുകളിലും പ്രാവർത്തികമായിട്ടുണ്ടോ; കവർച്ച തടയാൻ ആവിഷ്കരിച്ചിട്ടുള്ള സെൻട്രൽ ഇൻട്രൂഷൻ മോണിറ്ററിംഗ് സിസ്റ്റത്തെക്കുറിച്ച് അറിയിക്കാമോ;

(സി) വാഹനങ്ങളും ഉപകരണങ്ങളും നവീകരിച്ചുകൊണ്ടും പരിശീലനം കൂടുതൽ ശാസ്ത്രീയമായി പരിഷ്കരിച്ചുകൊണ്ടും പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ;

(ഡി) സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനും അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ കുറവ് വരുന്നതായി കാണുന്നു. ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെ പരാതികൾക്ക് പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്. കൂടാതെ പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസുദ്യോഗസ്ഥരെ മാർക്കറ്റ്, സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്ത്രീകൾക്ക് നേരെയുള്ള ക്രമസമാധാന ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ ബന്ധപ്പെട്ട നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്തും കുറ്റപത്രം സമർപ്പിച്ചും ക്രമസമാധാനം പാലിച്ചുവരുന്നുണ്ട്. സ്ത്രീകളുടെ പരാതികൾ ഓൺലൈനായി സ്വീകരിച്ചും വരുന്നുണ്ട്.

(ബി) പ്രാവർത്തികമാക്കിയിട്ടുണ്ട്. കെൽട്രോണുമായി ചേർന്ന് പോലീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് Central Intrusion Monitoring System (CIMS). ബിസിനസ്സ് സ്ഥാപനങ്ങളിലും മറ്റും സി.സി.ടി.വി. ക്യാമറ ഘടിപ്പിച്ച് പോലീസ് വകുപ്പ് നിരീക്ഷണം നടത്തുന്നതാണ് ഈ പദ്ധതി. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ നിരീക്ഷണ സംവിധാനം പോലീസ് ആസ്ഥാനത്താണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനായി നിരവധി പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളതും ഇനിയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലുള്ളതും ആംഡ് പോലീസ് ബറ്റാലിയനിലെ സീനിയോറിറ്റി തർക്കം പരിഹരിക്കുന്നതിനായി പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചുവരുന്നതുമാണ്.

**ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ**

99 (1971) ശ്രീ. ഐ. ബി. സതീഷ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികൾ പിടികിട്ടാപ്പുള്ളികളായി പ്രഖ്യാപിച്ചിട്ടുള്ളവരും വിവിധ കേസുകളിൽപ്പെട്ടവരുമായവരെ പിടികൂടുന്നതിനായി തിരുവനന്തപുരം സിറ്റി പോലീസ് നടത്തിയ ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ ഭാഗമായി എത്ര പ്രതികളെ പിടിക്കുന്നതിന് സാധിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുണ്ടായിട്ടുള്ള പ്രതികരണങ്ങൾ എന്തെല്ലാമാണ്;

(സി) സിറ്റി പോലീസ് നടത്തിവരുന്ന കോമ്പിംഗ് ഓപ്പറേഷൻ മുഖേന ഏതെല്ലാം വിഭാഗത്തിലെ കുറ്റവാളികളെ കണ്ടെത്തുന്നതിന് കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പ്രായോഗികവും പരാതിക്ക് ഇടം നൽകാത്തവിധവും ആണെന്ന് ഉറപ്പുവരുത്തിക്കൊണ്ട് സംസ്ഥാനത്തെ മുഴുവൻ സിറ്റികളിലേക്കും വ്യാപിപ്പിക്കുന്നതിന് ആലോചിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 1274 പ്രതികളെ പിടികൂടാൻ സാധിച്ചിട്ടുണ്ട്.

(ബി) ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ പ്രവർത്തനങ്ങൾ തിരുവനന്തപുരം സിറ്റിയിൽ വിജയകരമായിരുന്നു. ലോംഗ് പെൻഡിംഗ് കേസുകളിലെ പ്രതികളെ പിടികൂടാൻ സാധിക്കുക വഴി കെട്ടിക്കിടന്ന കേസുകളിൽ തീർപ്പുണ്ടാകുകയും അതിലൂടെ പൊതുജനങ്ങൾക്കിടയിൽ വളരെ നല്ല പ്രതികരണങ്ങൾ ഉളവാക്കുന്നതിനും സാധിച്ചു.

(സി) തിരുവനന്തപുരം സിറ്റി പോലീസ് കോമ്പിംഗ് ഓപ്പറേഷൻ മുഖേന ഭവനഭേദനം, ചതി, മോഷണം, പിടിച്ചുപറി തുടങ്ങിയവയിലെ പ്രതികളെയും സാമൂഹ്യ വിരുദ്ധരെയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) തിരുവനന്തപുരം സിറ്റിക്കുപുറമെ കൊല്ലം, തൃശ്ശൂർ, കൊച്ചി എന്നീ നഗരങ്ങളിൽ ഓപ്പറേഷൻ ബ്രോക്കൺ വിൻഡോ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

## ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ പരിശോധന

100 (1972) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി കേരള പോലീസിന്റെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ എത്ര ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) മാഫിയ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി മാഫിയ ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരുടെ സ്വത്തുവിവരം അന്വേഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 8 വിധത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(ബി & സി) മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിൽ തയ്യാറാക്കിവരുന്നതേയുള്ളൂ. പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## മത്സ്യബന്ധന ബോട്ടുകളിൽ മനുഷ്യക്കടത്ത്

101 (1974) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിന്നും മനുഷ്യക്കടത്ത് വ്യാപകമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി, മുനമ്പം, മാലിയങ്കര പ്രദേശങ്ങൾ കേന്ദ്രീകരിച്ച് മത്സ്യബന്ധന ബോട്ടുകളിൽ മനുഷ്യക്കടത്ത് നടത്തുന്നതായ റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അന്വേഷണത്തിൽ വെളിവായ വസ്തുതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യാപകമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ സംഭവം വളരെ ഗൗരവമായി പരിഗണിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) മുനമ്പത്തുനിന്നും മത്സ്യബന്ധന ബോട്ടിൽ ന്യൂഡൽഹി മാദംഗീർ എന്ന സ്ഥലത്ത് താമസക്കാരായ തമിഴ് സംസാരിക്കുന്നവരും ഏതാനും ചില ശ്രീലങ്കൻ സ്വദേശികൾ എന്ന് സംശയിക്കുന്നവരുമടക്കം നൂറിലധികംപേർ (പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ) 12-1-2019-ന് പുലർച്ചെ മുനമ്പം, മാലിയങ്കര ഭാഗത്തുനിന്നും കടൽമാർഗ്ഗം ന്യൂസിലാൻഡിലേയ്ക്ക് എന്നുപറഞ്ഞ് അനധികൃതമായി പോയതിന് വടക്കേക്കര പി.എസ്. ക്രൈം 36/2019 u/s 102 CrPC ആയും മുനമ്പം പി.എസ്. ക്രൈം 43/19 u/s 102 CrPC ആയും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വടക്കേക്കര പി.എസ്. ക്രൈം 36/2019 ആയി രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണത്തിൽ Sec 12(1)(a) of Passport Act, 1967; Sec.10, 22 r/w 24 (1)(a) of Emigration Act, 1983; Sec.14(A)(a)(D) of Foreigners Act, 1946; Sec.109, 120(b), 468, 471 of IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നതായി വെളിവായിട്ടുള്ളതിനാൽ പ്രസ്തുത സെക്ഷനുകൾ ചേർത്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ ഇതിന് നേതൃത്വം നൽകിയ 9 പേരെ തിരിച്ചറിഞ്ഞിട്ടുള്ളതും ആയതിൽ 3 പേരെ അറസ്റ്റ് ചെയ്തിട്ടുള്ളതും റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. കേസിൽ ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

## സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ

102 (1975) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയെ മുൻനിർത്തി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വനിതകളിൽ സുരക്ഷിത ബോധം സൃഷ്ടിക്കുന്നതിനായി 'വനിതാ സ്വയം പ്രതിരോധ പരിശീലനം', 'നിർഭയ കേരളം സുരക്ഷിത കേരളം', 'പിങ്ക് പോലീസ് പട്രോൾ', 'ആന്റി വുമൺ ഹരാസ്മെന്റ് സെൽ', രാത്രിയിൽ ഒറ്റപ്പെട്ടു പോകുന്ന സ്ത്രീകൾക്കായി 'ഷോർട്ട് സ്റ്റേ ഹോം സംവിധാനം' തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. സ്ത്രീകളുടെ സുരക്ഷിതമായ ട്രെയിൻ യാത്ര ഉറപ്പാക്കുന്നതിന്റെ ഭാഗമായി ജനയാത്രാ സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായ രീതിയിൽ പ്രവർത്തിച്ചുവരുന്നു.

ഇതുകൂടാതെ സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനായി വനിതാ ഹെൽപ്പ്ലൈൻ, പോലീസ് സ്റ്റേഷനിൽ വനിതാ ഹെൽപ്പ് ഡെസ്ക്, സംസ്ഥാന/ജില്ലാ വനിതാ സെല്ലുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായുള്ള Cyber Crime Prevention against Women and Children (CCPWC) പദ്ധതിയുടെ ഭാഗമായി MHA വികസിപ്പിച്ച ഓൺലൈൻ സൈബർ ക്രൈം പോർട്ടലിൽ കേരളത്തിന് ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള Nodal Cyber Cell ആയി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനെയും Nodal Officer ആയി IGP (Crime Branch)-നെയും Grievance Officer ആയി ADGP (Crime Branch)-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജനമൈത്രി സംവിധാനം ഉപയോഗിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും പരാതികൾക്ക് പ്രത്യേകം ശ്രദ്ധ നൽകിവരുന്നുണ്ട്. കൂടാതെ പൂവാലശല്യം ഒഴിവാക്കുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥരെ മാർക്കറ്റ്, സ്കൂൾ, കോളേജ് പരിസരങ്ങളിൽ നിയോഗിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും നേരെയുള്ള ക്രമസമാധാന ലംഘനങ്ങൾ നടത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തും കുറ്റപത്രം സമർപ്പിച്ചും വരുന്നുണ്ട്. സ്ത്രീകളുടെ പരാതികൾ ഓൺലൈനായി സ്വീകരിച്ചുവരുന്നുണ്ട്. സിറ്റിസൺ ഹെൽപ്പ് ഡെസ്ക് സംവിധാനം, ജാഗ്രതാ മൊബൈൽ ആപ്ലിക്കേഷൻ, സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്ക് സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുള്ളതാണ്.

റെയിൽവേ സ്റ്റേഷൻ പ്ലാറ്റ്ഫോമുകളിൽ പ്രവർത്തിക്കുന്ന ചൈൽഡ് ഹെൽപ് ലൈനിന്റെ സഹകരണത്തോടെ നിരീക്ഷണവും അന്വേഷണവും നടത്തി സ്ത്രീകൾക്കെതിരെയും കുട്ടികൾക്കെതിരെയും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുകയും സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക സുരക്ഷയ്ക്കായി ജില്ലാ ചൈൽഡ് ലൈൻ പ്രവർത്തകരുമൊന്നിച്ച് ട്രെയിനുകളിൽ ബീറ്റ് ഡ്യൂട്ടി നടത്തിവരികയും ചെയ്യുന്നു.

സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ അംഗബലം വർദ്ധിപ്പിക്കേണ്ടത് പ്രധാനമാണ്. കേരള പോലീസിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30-1-2017-ലെ G.O.(MS) No.15/2017/Home പ്രകാരം ഒരു വനിതാ ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്.

## നാമജപ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട കേസുകൾ

103 (1976) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2018 സെപ്റ്റംബർ 28-ലെ സുപ്രീം കോടതിവിധിയ്ക്കുശേഷം ശബരിമലയിൽ ഉണ്ടായ നാമജപ പ്രതിഷേധങ്ങളുമായി ബന്ധപ്പെട്ട് ആകെ എത്ര പേരെ ഇതുവരെ അറസ്റ്റു ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ കേസ് എടുത്തിട്ടുണ്ട്; ജാമ്യം ഇല്ലാത്ത വകുപ്പുകൾ ചുമത്തി അറസ്റ്റു ചെയ്തവർ എത്ര; അറസ്റ്റു ചെയ്തതിൽ വിട്ടയച്ചവർ എത്ര;വ്യക്തമാക്കാമോ?

ഉത്തരം

സന്നിധാനത്ത് നാമജപം നടത്തി എന്ന കാരണത്തിന് ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

## ശബരിമല യുവതീ പ്രവേശം

104 (1977) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കനകദുർഗ്ഗ, ബിന്ദു എന്നീ യുവതികൾ ശബരിമല ദർശനത്തിന് എത്തിയത് ശബരിമലയിലെ സമാധാനാന്തരീക്ഷം തകർക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഇക്കാര്യത്തിൽ രഹസ്യ അജണ്ട ഉണ്ടോയെന്ന് കേരള ഹൈക്കോടതി ആരാഞ്ഞിട്ടുണ്ടോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ഡി) പ്രസ്തുത സത്യവാങ്മൂലം നൽകുന്നതിന് മുമ്പ് ഈ യുവതികളെ ശബരിമലയിൽ എപ്രകാരമാണ് എത്തിച്ചതെന്നതിനെക്കുറിച്ചും അവർക്ക് ആരാണ് സംരക്ഷണവും മാർഗ്ഗനിർദ്ദേശവും നൽകിയതെന്നതിനെക്കുറിച്ചും പോലീസ് അന്വേഷിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ഉണ്ട്.

(ഡി & ഇ) പ്രത്യേക അന്വേഷണം നടത്തിയിട്ടില്ല.

## ശബരിമല വിഷയത്തിലെ ഹർത്താലുകൾ

105 (1978) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ സംസ്ഥാനത്ത് എത്ര ഹർത്താലുകൾ സംഘടിപ്പിച്ചിട്ടുണ്ട്; ആരൊക്കെയാണ് ഹർത്താലുകൾക്ക് ആഹ്വാനം ചെയ്തിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ ഹർത്താലുകളുടെ ഭാഗമായുള്ള അക്രമ സംഭവങ്ങളിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സർക്കാരിനും സ്വകാര്യ വ്യക്തികൾക്കും ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ പ്രത്യേകം വിശദമാക്കാമോ?

### ഉത്തരം

(എ) ശബരിമല സ്ത്രീ പ്രവേശനവുമായി ബന്ധപ്പെട്ട് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിനെതിരെ സംസ്ഥാനത്ത് 7 ഹർത്താലുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഹർത്താൽ തീയതി | ആഹ്വാനം ചെയ്ത സംഘടനകളുടെ വിശദാംശം |
|---|---|
| 30-7-2018 | ഹിന്ദു സംഘടനകൾ |
| 1-10-2018 | ശിവസേനയും മറ്റ് ഹിന്ദു സംഘടനകളും |
| 7-10-2018 | ബി.ജെ.പി. |
| 18-10-2018 | വിശ്വഹിന്ദു പരിഷത്തും മറ്റ് ഹിന്ദു സംഘടനകളും |
| 17-11-2018 | ഹിന്ദു ഐക്യവേദി |
| 14.12.2018 | ബി.ജെ.പി.യും മറ്റ് ഹിന്ദു സംഘടനകളും |
| 3-1-2019 | ബി.ജെ.പി.യും മറ്റ് ഹിന്ദു സംഘടനകളും |

(ബി) സംസ്ഥാനത്ത് 1,41,99,648 രൂപയുടെ നാശനഷ്ടങ്ങളുണ്ടായതായി ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സർക്കാരിന് 34,49,322 രൂപയുടെയും സ്വകാര്യ വ്യക്തികൾക്ക് 1,07,50,326 രൂപയുടെയും നാശനഷ്ടങ്ങളുണ്ടായതായി ജില്ലകളിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ 56,000 രൂപയുടെ പൊതുമുതലും 13,24,526 രൂപയുടെ സ്വകാര്യമുതലും നശിപ്പിച്ചതായി ജില്ലയിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ശബരിമലയിൽ വനിതകൾക്ക് മഫ്തി പോലീസിന്റെ അകമ്പടി**

106 (1980) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയശേഷം ഭക്തരുടെ സ്വകാര്യവാഹനങ്ങൾ ഏതു സ്ഥലം വരെ കടത്തിവിടാനാണ് പോലീസിന് നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ; ഇതിന് വിരുദ്ധമായി ഏതെങ്കിലും സ്വകാര്യ വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശബരിമല ദർശനത്തിനെത്തിയ സ്ത്രീകൾ സഞ്ചരിച്ച എതെങ്കിലും വാഹനങ്ങൾക്ക് മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ ഒഴിവാക്കി നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ശബരിമലയിൽ ദർശനത്തിനെത്തിയ ഏതെങ്കിലും വനിതകൾക്ക് മഫ്തിയിൽ പോലീസിന്റെ അകമ്പടി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) നിലയ്ക്കൽ വരെ സ്വകാര്യ വാഹനങ്ങൾ കടത്തിവിട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിനെത്തുടർന്ന് ദർശനത്തിനെത്തുന്ന യുവതികൾക്കുനേരെ പ്രതിഷേധമുണ്ടാകുകയും ക്രമസമാധാന പ്രശ്നമുണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ യുവതികളുടെ സുരക്ഷയെ മുൻനിർത്തി സ്വകാര്യ വാഹനത്തിൽ നിലയ്ക്കൽ നിന്നും പമ്പ വരെ കൊണ്ടുപോയിരുന്നു.

(സി) ഉണ്ട്. വനിതകൾക്ക് ശബരിമലദർശനം നടത്തുന്നതിന് പോലീസ് സംരക്ഷണം നൽകിയിട്ടുണ്ട്.

**യുവതികളുടെ ശബരിമല ദർശനം**

107 (1981) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ രണ്ട് യുവതികൾ ജനുവരി രണ്ടാം തീയതി ദർശനത്തിന് എത്തിയത് മഫ്തി പോലീസിന്റെ സഹായത്തോടെയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) അപ്രകാരം സഹായം നൽകണമെന്ന് അവർ രേഖാമൂലം പോലീസിനോട് ആവശ്യപ്പെട്ടിരുന്നോ;

(സി) സന്നിധാനത്ത് സാധാരണ ഭക്തന്മാർക്ക് സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം അനുവദിക്കാറുണ്ടോ; ഇല്ലെങ്കിൽ രണ്ട് യുവതികൾക്ക് സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം നൽകിയത് ആരുടെ നിർദ്ദേശപ്രകാരമാണ് എന്നറിയിക്കാമോ;

(ഡി) ജനുവരി 16-ന് ദർശനത്തിനെത്തിയ രണ്ട് യുവതികൾക്ക് പോലീസ് മേല്പറഞ്ഞ രീതിയിൽ സംരക്ഷണം ഒരുക്കിയിരുന്നോ;

(ഇ) ഇല്ലെങ്കിൽ അവർക്ക് സംരക്ഷണം നൽകാതെ നീലിമലയിൽനിന്നും അവരെ നിർബന്ധപൂർവ്വം തിരിച്ചിറക്കിയത് ഏത് സാഹചര്യത്തിലാണ്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ശബരിമലയിൽ ദർശനം നടത്തുന്നതിനുള്ള സഹായം യുവതികൾ വാക്കാൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവർക്ക് പോലീസ് സംരക്ഷണം ഉറപ്പാക്കുന്നതിനായി ഡ്യൂട്ടിയിലുണ്ടായിരുന്ന പോലീസുദ്യോഗസ്ഥർ സ്റ്റാഫ് ഗേറ്റ് വഴി പ്രവേശനം അനുവദിച്ച് ദർശനം സാദ്ധ്യമാക്കിയിട്ടുണ്ട്.

(ഡി) പോലീസ് സംരക്ഷണം നൽകിയിരുന്നു.

(ഇ) നീലിമലയിൽനിന്നും അവരെ നിർബന്ധപൂർവ്വം തിരിച്ചിറക്കിയതല്ല. യുവതി പ്രവേശനം എതിർക്കുന്നവരുടെ പ്രതിഷേധം കാരണം തീർത്ഥാടനം സ്വയം ഉപേക്ഷിച്ച് അവർ മടങ്ങിയതാണ്.

**ഹർത്താലിനോടനുബന്ധിച്ച് മാധ്യമ പ്രവർത്തകർ അക്രമിക്കപ്പെട്ട സംഭവം**

108 (1982) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല കർമ്മസമിതി ജനുവരി 3-ാം തീയതി ആഹ്വാനം ചെയ്ത ഹർത്താലിനോടനുബന്ധിച്ച് മാധ്യമ പ്രവർത്തകർ വ്യാപകമായി അക്രമിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര മാധ്യമപ്രവർത്തകർക്കാണ് ഈ അക്രമങ്ങളിൽ പരിക്കേറ്റത്;

(സി) മാധ്യമപ്രവർത്തകർക്ക് നേരെ നടന്ന അക്രമങ്ങളുടെ അടിസ്ഥാനത്തിൽ എത്രപേരെ ഇതിനകം അറസ്റ്റ് ചെയ്തു; അവർക്കെതിരെ ഏതൊക്കെ വകുപ്പ് പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ഡി) സ്വതന്ത്രമായ മാധ്യമപ്രവർത്തനത്തെ തടയുന്നതിന് വേണ്ടിയുള്ള ഇത്തരം അക്രമസംഭവങ്ങൾ തടയുന്നതിനും അവർക്ക് വേണ്ടത്ര സംരക്ഷണം നൽകുന്നതിനും പോലീസിന്റെ ഭാഗത്ത് നിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മാധ്യമ പ്രവർത്തകർ ആക്രമിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) 12 പേർക്ക് പരിക്കേറ്റിട്ടുണ്ട്.

(സി) 19 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഈ സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല.

**കേരളാ പോലീസ് അക്കാദമിയിലെ ഡെപ്യൂട്ടേഷൻ**

109 (1983) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പോലീസ് അക്കാദമിയിൽ എത്ര വർഷമാണ് ഡെപ്യൂട്ടേഷൻ കാലാവധി; ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ ഉദ്യോഗസ്ഥരെ മടക്കി അയയ്ക്കാറുണ്ടോ; ഇതിനുള്ള മാനദണ്ഡം എന്താണ്; മടക്കി അയയ്ക്കുന്നവർക്ക് വീണ്ടും പോലീസ് അക്കാദമിയിൽ ജോലി ചെയ്യുന്നതിനുള്ള നടപടിക്രമം എന്താണ്;

(ബി) ലോക്കൽ പോലീസിലെ ഏറ്റവും പ്രായം കുറഞ്ഞ ചില പോലീസുകാർ അഞ്ച് വർഷത്തിലേറെയായി പോലീസ് അക്കാദമിയിൽ ജോലി ചെയ്യുന്നതും 9/2016 പി.എച്ച്.ക്യൂ നമ്പർ സർക്കുലർ പ്രകാരം ഇവരുടെ കാലാവധി മൂന്നു വർഷം ആണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ മടക്കി അയക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിലെ ലോക്കൽ പോലീസുകാരെ മടക്കിഅയച്ച് അവരുടെ സേവനം സ്റ്റേഷനുകളിൽ ലഭ്യമാക്കുമോ; ലോക്കൽ സി.പി.ഒ, എസ്.സി.പി.ഒ. എന്നിവർക്ക് എന്ത് ഡ്യൂട്ടിയാണ് അക്കാദമിയിൽ ഉള്ളത്;

(ഡി) കേരളാ പോലീസ് അക്കാദമി തുടങ്ങിയപ്പോൾ മുതലും അതിന് മുമ്പ് പോലീസ് ട്രെയിനിംഗ് കോളേജിന്റെ കീഴിലും ജോലിചെയ്ത് പ്രൊമോഷൻ ഉൾപ്പെടെ 15 വർഷത്തിലേറെയായി അക്കാദമിയിൽ തുടരുന്ന ഉദ്യോഗസ്ഥർ ഉണ്ടോ; ഉണ്ടെങ്കിൽ ഇവരെ മടക്കി അയക്കുമോ എന്ന് വ്യക്തമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കേരളാ പോലീസ് അക്കാദമിയിൽ ജോലി ചെയ്യുന്ന പലരും റിയൽ എസ്റ്റേറ്റ്, വാഹന കച്ചവടം മുതലായവ ചെയ്യുന്നു എന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) കേരളാ പോലീസ് അക്കാദമിയിലെ ADF&OP, HOD (Law), HOD (FS), HOD (Behavioural Science) മുതലായ തസ്തികകളിലേയ്ക്ക് കേരള സർവ്വീസ് റൂൾസ് മാനദണ്ഡമാക്കിയാണ് മറ്റ് വകുപ്പുകളിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സർക്കാർ കേരള പോലീസ് അക്കാദമിയിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നത്. എന്നാൽ പോലീസുദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം കേരള പോലീസ് അക്കാദമിയിൽ പരിശീലനം നൽകുന്നതിനും അതിനോടനുബന്ധിച്ച ആവശ്യങ്ങൾക്കുമായി പോലീസുദ്യോഗസ്ഥരെ ട്രാൻസ്ഫർ വഴിയാണ് നിയമിക്കുന്നത്. കേരള പോലീസ് അക്കാദമിയിൽ ജോലി ചെയ്യാൻ താല്പര്യം പ്രകടിപ്പിച്ച് സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് അനുയോജ്യരായവരെ നിയമിക്കുന്നു. ഇൻസ്പെക്ടർ റാങ്കിലുള്ളവർ വരെ പോലീസ് ആസ്ഥാനത്ത് നിന്നുള്ള ഡി.ജി.ഒ. പ്രകാരവും അസിസ്റ്റന്റ് കമാൻഡന്റ്/ഡിവൈ.എസ്.പി. മുതൽ മുകളിലുള്ള റാങ്കിലുള്ളവരെ സർക്കാർ ഉത്തരവ് വഴിയുമാണ് നിയമിക്കുന്നത്. ഇതുകൂടാതെ അനുയോജ്യരായവരെ സർക്കാരും പോലീസ് ആസ്ഥാനത്തുനിന്നും നിയമിക്കാറുണ്ട്.

(ബി) 23-6-2016-ലെ സർക്കുലർ നമ്പർ 9/2016 ടി വിഷയവുമായി ബന്ധപ്പെട്ടതല്ല. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ പ്രവൃത്തിയെടുക്കേണ്ട പോലീസുദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന ആവശ്യത്തിലേയ്ക്കായി G.O. (MS)268/2003/Home dated 11-12-2003. PHQ Proceedings No. S1.86114/2003 dated 27-7-2004 & 22-5-2006 പ്രകാരം ക്രമീകരിച്ചിട്ടുള്ള തസ്തികകളിൽ SI/SCPO/CPO ഉടങ്ങിയ കാറ്റഗറിയിലുള്ള പോലീസുദ്യോഗസ്ഥർ പ്രവൃത്തിയെടുത്തു വരുന്നു. പരിശീല ആവശ്യത്തിലേയ്ക്ക് ലോക്കൽ സി.പി.ഒ./എസ്.സി.പി.ഒ. വിഭാഗത്തിലുള്ളവരുടെ സേവനം ഉപയോഗിച്ചുവരുന്നു.

(ഡി) പോലീസ് ട്രെയിനിംഗ് കോളേജിന്റെ കീഴിലും പ്രൊമോഷൻ ഉൾപ്പെടെ തുടർച്ചയായി പതിനഞ്ച് വർഷത്തിലേറെയായി കേരള പോലീസ് അക്കാദമിയിൽ ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥർ ആരുംതന്നെ ഇല്ല.

(ഇ) കേരള പോലീസ് അക്കാദമിയിൽ ജോലി ചെയ്തുവരുന്ന ചില സേനാംഗങ്ങൾ റിയൽ എസ്റ്റേറ്റ്, വാഹന കച്ചവടം മുതലായവ ചെയ്യുന്നു എന്നുള്ള ഊമ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതി സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് തൃശ്ശൂർ റേഞ്ച് വിഭാഗത്തിന് അന്വേഷണത്തിന് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം ഇപ്പോൾ കേരള പോലീസ് അക്കാദമിയിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാരിൽ ആരും ഇപ്രകാരം പ്രവർത്തിക്കുന്നതായി വെളിവായിട്ടില്ല.

**ആശ്രിത നിയമന അപേക്ഷയിൽ തീരുമാനം**

110 (1984) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ സമാശ്വാസ തൊഴിൽ ദാനപദ്ധതി പ്രകാരം സേവനത്തിലിരിക്കെ അന്തരിച്ച ഉമേഷിന്റെ (Hdr 12088 MSP) ഭാര്യ ശ്രീമതി അനുശ്രീക്ക് നിയമനാനുമതി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പോലീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് ഒഴിവുകൾ നിലവിൽ ഇല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പിൽ നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) പോലീസ് വകുപ്പിൽ ഏത് തീയതി വരെയുള്ള അപേക്ഷകർക്കാണ് സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം നിയമനം നൽകിയിരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സേവനത്തിലിരിക്കെ അന്തരിച്ച ഉമേഷിന്റെ ഭാര്യ ശ്രീമതി അനുശ്രീ ആശ്രിത നിയമനത്തിനായി നൽകിയ അപേക്ഷയിൽ പോലീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ സാധുവായ അപേക്ഷാത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം നിശ്ചയിച്ച് ഒഴിവ് കണ്ടെത്തി നൽകുന്നതിലേയ്ക്കായി ടിയാളെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുഭരണ (സി.ഇ. സെൽ) വകുപ്പിന് നൽകിയിട്ടുണ്ടെന്നും ഒഴിവ് അറിയിക്കപ്പെടുന്ന മുറയ്ക്ക് നിയമനാനുമതി നൽകുന്നതാണെന്നുമുള്ള വിവരം 5-10-2017-ലെ 15366/കെ3/ 2017/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം ശ്രീമതി അനുശ്രീയെ അറിയിച്ചിട്ടുള്ളതുമാണ്.

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനം നൽകാൻ പോലീസ് വകുപ്പിൽ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ നിലവിൽ ഒഴിവില്ലാത്തതിനാൽ സാധുവായ അപേക്ഷാത്തീയതിയുടെ അടിസ്ഥാനത്തിലുള്ള മുൻഗണനാക്രമം പാലിച്ച് മറ്റ് വകുപ്പുകളിൽ ഒഴിവ് കണ്ടെത്തി നൽകുന്നതിലേയ്ക്കായി അപേക്ഷകരെ സംബന്ധിക്കുന്ന വിവരങ്ങൾ പൊതുഭരണ (സി.ഇ.സെൽ) വകുപ്പിന് കൈമാറുന്ന രീതിയാണ് തുടർന്നുവരുന്നത്.

(സി) പോലീസ് വകുപ്പിൽ 4-10-2013-ൽ അപേക്ഷ സമർപ്പിച്ച സേവനത്തിലിരിക്കെ അന്തരിച്ച രാജു എം.കെ.-യുടെ മകൾ കുമാരി ആശ ആർ.എസ്-നാണ് 19-2-2019-ലെ സ.ഉ.(കൈ)നമ്പർ 8/2019/ആഭ്യന്തരം ഉത്തരവുപ്രകാരം റവന്യൂ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അവസാനമായി നിയമനാനുമതി നൽകിയിട്ടുള്ളത്.

**പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻ നടപടി**

111 (1985) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച് മനുഷ്യാവകാശ ധ്വംസകരായി മാറിയ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടി എടുത്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻ ഈ സർക്കാർ ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ നയത്തിനുവിരുദ്ധമായി മനുഷ്യാവകാശത്തിനെതിരായി പ്രവർത്തിച്ച പത്ത് പോലീസുദ്യോഗസ്ഥർക്കെതിരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപടിയെടുത്തിട്ടുണ്ട്. രണ്ട് സംഭവങ്ങളിലായാണ് ഇവർക്കെതിരെ കേസ്സെടുത്ത് അന്വേഷിച്ചിട്ടുള്ളത്.

(ബി) പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കാൻവേണ്ടി ഈ സർക്കാർ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള പോലീസുദ്യോഗസ്ഥരെ എസ്.എച്ച്.ഒ.-മാരായി നിയമിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനുമായി ഓരോ പോലീസ് സ്റ്റേഷനിലും പി.ആർ.ഒ.-മാരെയും അസിസ്റ്റന്റ് പി.ആർ.ഒ.-മാരെയും നിയമിച്ചിട്ടുള്ളതുമാണ്. പോലീസ് സേനയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ക്രമസമാധാനപാലനം, കുറ്റാന്വേഷണം എന്നിവ തരംതിരിച്ച് പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ക്രോഡീകരിച്ചിട്ടുള്ളതാണ്. പോലീസ് സേനയെ നവീകരിച്ച് ജനസേവകരാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളും പോലീസ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കിയും പുതിയ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ, പോലീസ് ക്വാർട്ടേഴ്സുകൾ, സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും ആവശ്യമായ വാഹനങ്ങളും സി.യു.ജി. സിമ്മുകളും മറ്റ് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും സി.സി.റ്റി.എൻ.എസ്., എഫ്.ഐ.ആർ. സൈറ്റിൽ പബ്ലിഷ് ചെയ്യുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളതാണ്.

## പോലീസ് അക്കാദമിയിലെ ഡെപ്യൂട്ടേഷൻ

112 (1986) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി ചെയ്യുന്ന പോലീസുകാരെ കാലാവധി കഴിഞ്ഞിട്ടും പോലീസ് അക്കാദമിയിൽ നിന്നും മടക്കി അയക്കാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലാ സായുധ സേനയിലെ എസ്.ഐ.മാർ അഞ്ച് വർഷം മുതൽ പതിനഞ്ച് വർഷം വരെ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നു എന്നതും വേക്കൻസി ഇല്ലാതിരുന്നിട്ടും ആംഡ് പോലീസ് എസ്.ഐ. വേക്കൻസിയിൽ ആണ് ഇവരെ നിയമിച്ചിരിക്കുന്നത് എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ മടക്കി അയയ്ക്കുമോ എന്നറിയിക്കാമോ;

(സി) പത്ത് വർഷത്തിലധികമായി ജോലി നോക്കുന്നവരെ മാറ്റിനിർത്തി അതിനേക്കാൾ കുറഞ്ഞകാലം ജോലി നോക്കിയവരെ ട്രാൻസ്ഫർ ചെയ്തിട്ടുണ്ടോ;

(ഡി) പോലീസ് അക്കാദമിയിൽ പുതിയ ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതും ട്രാൻസ്ഫർ ചെയ്യുന്നതും രാഷ്ട്രീയം നോക്കിയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള പോലീസ് അക്കാദമിയിൽ നടന്നുവരുന്ന പരിശീലന പദ്ധതികൾക്ക് ലോക്കൽ പോലീസിൽനിന്നും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പോലീസുകാരെ ജോലിക്കെടുക്കേണ്ട ആവശ്യം ഉണ്ടാകാറുണ്ട്. ഇതിൽ ഭൂരിഭാഗവും വനിതാ പോലീസ് റിക്രൂട്ടുകളുടെ പരിശീലനത്തിനാവശ്യമായ വനിതാ ഇൻസ്ട്രക്ടർമാരാണ്.

(ബി) ട്രെയിനിംഗ് ഡ്യൂട്ടികൾക്കായി കേരള പോലീസ് അക്കാദമിയിൽ പോലീസ് ആസ്ഥാനത്ത് നിന്നുള്ള ഉത്തരവുപ്രകാരമാണ് നിയമനങ്ങൾ നടത്തിവരുന്നത്. ഇപ്പോഴുള്ളവരെ മടക്കി അയയ്ക്കുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(സി) കേരള പോലീസ് അക്കാദമിയിൽ നിന്ന് കെ.സി.പി. ഭരണപരമായ കാരണങ്ങളാൽ ചില പോലീസ് ഉദ്യോഗസ്ഥരെ മാതൃയൂണിറ്റിലേയ്ക്ക് മടക്കി അയയ്ക്കേണ്ടിവരാറുണ്ട്. ആയത് അവരുടെ അക്കാദമിയിലെ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിലാകണമെന്നില്ല.

(ഡി) ഇല്ല.

## ആഭ്യന്തര വകുപ്പിലെ ലീഗൽ അസിസ്റ്റന്റ് നിയമനം

113 (1987) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ ലീഗൽ അസിസ്റ്റന്റുമാരുടെ സേവനം ഉറപ്പ് വരുത്തുന്നതിനുവേണ്ടി എല്ലാ എസ്.പി. ഓഫീസുകളും നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് ആസ്ഥാനത്തെ ഫയൽ നമ്പർ S3(a)167180/2017 പ്രകാരം നിയമ വകുപ്പിൽ നിന്നുള്ള ലാ ഓഫീസർ/ലീഗൽ അസിസ്റ്റന്റുമാരെ നിയമിക്കാനുള്ള നടപടി ഏതുവരെ ആയി എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ നിയമ വകുപ്പിൽനിന്നും എത്ര പേർക്ക് നിയമനം നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) ഇക്കാര്യത്തിലുള്ള ഒരു ശിപാർശയും സർക്കാരിന്റെ പരിഗണനയിലില്ല.

## ക്യാമ്പ് ഫോളോവർമാരുടെ നിയമനം

114 (1988) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിൽ ഏതെല്ലാം തസ്തികകളിലേക്കാണ് ക്യാമ്പ് ഫോളോവർമാരെ നിയമിക്കുന്നത് എന്നറിയിക്കാമോ;

(ബി) ഉദ്യോഗസ്ഥന്മാരുടെ വീടുകളിലേക്ക് ഇവരെ നിയോഗിക്കാറുണ്ടോ;

(സി) ഇവരുടെ നിയമനം ഏത് രീതിയിലാണ് നടത്തിവരുന്നത്;

(ഡി) ഈ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുക്ക്, ബാർബർ, ധോബി, വാട്ടർ ക്യാരിയർ, കുക്ക് കം സ്വീപ്പർ, സ്വീപ്പർ കം സാനിട്ടേഷൻ വർക്കർ തുടങ്ങിയ തസ്തികകളിലേയ്ക്കാണ് ആഭ്യന്തര വകുപ്പിൽ ക്യാമ്പ് ഫോളോവർമാരെ നിയമിക്കുന്നത്.

(ബി) ഉദ്യോഗസ്ഥന്മാരുടെ വീടുകളിലേയ്ക്ക് ക്യാമ്പ് ഫോളോവർമാരെ സ്വകാര്യ ആവശ്യങ്ങൾക്ക് നിയോഗിക്കാൻ പാടില്ലായെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിലെ 3-7-2015-ലെ എൽ.3-103581/2015 സന്ദേശപ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി & ഡി) ക്യാമ്പ് ഫോളോവർമാരുടെ നിയമനം 26-2-2011-ലെ സ.ഉ. (കൈ)നമ്പർ 681/2011/ആഭ്യന്തരം പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തരമാക്കി ഉത്തരവാകുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയാണ് നടത്തിവന്നിരുന്നത്. നിയമനം പി.എസ്.സി. മുഖേന നടത്തുന്നതിലേയ്ക്കായി ക്യാമ്പ് ഫോളോവർമാരെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തി വിശേഷാൽ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

## ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ അംഗങ്ങളുടെ പ്രശ്നങ്ങൾ

115 (1989) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ 14-ന് ഹവിൽദാർമാരായി പ്രൊമോഷൻ ലഭിച്ച ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗിലെ ഹവിൽദാർമാർക്ക് ഒരു വാർഷിക വർദ്ധനവുപോലും ശമ്പളത്തിൽ നാളിതുവരെ അനുവദിച്ച് നൽകിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇന്ത്യൻ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ ട്രെയിനിംഗ് കാലയളവ് സർവ്വീസായി പരിഗണിക്കുന്നതിനും ടി കാലയളവ് സർവ്വീസിൽ ഉൾപ്പെടുത്തി നൽകുന്നതിനുമുള്ള തുടർനടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ചട്ടപ്രകാരം ഹവിൽദാർ തസ്തികയിൽ താത്കാലികമായി പ്രൊമോട്ട് ചെയ്യപ്പെട്ടവർക്ക് ആ തസ്തികയ്ക്ക് ബാധകമായിട്ടുള്ള വാർഷിക വേതന വർദ്ധനവ് നിയമപ്രകാരം അനുവദിക്കുന്നതിന് പോലീസ് ആസ്ഥാനത്തുനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഡി.വൈ.എസ്.പി.മാർ

116 (1990) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇപ്പോൾ എത്ര ഡി.വൈ.എസ്.പി.മാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർ ആരൊക്കെയാണെന്ന് അറിയിക്കുമോ;

<u>ഉത്തരം</u>

(എ) മൂന്ന് ഡിവൈ.എസ്.പി.-മാർ

(ബി) 1. മുഹമ്മദ് ഹുസൈൻ. എം, കെ.എസ്.ഇ.ബി. വിജിലൻസ്, തിരുവനന്തപുരം-1

2. അജിത് മോഹൻ. വി. കെ, കെ.എസ്.ഇ.ബി. വിജിലൻസ്, തിരുവനന്തപുരം-2

3. എ.ഡി. ബാലസുബ്രഹ്മണ്യൻ, കൊച്ചിൻ ഷിപ്പ്‌യാർഡ്

**പത്തനംതിട്ട ജില്ലയിലെ വനിത പോലീസ് ഉദ്യോഗസ്ഥർ**

117 (1991) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ വനിത പോലീസ് ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) വിവിധ വിഭാഗങ്ങളിലായി എത്ര വനിത പോലീസ് ഉദ്യോഗസ്ഥരാണ് ജോലി ചെയ്തുവരുന്നത്;

(സി) വനിത പോലീസ് ഉദ്യോഗസ്ഥർക്ക് സ്റ്റേഷനുകളിൽ സ്ത്രീസൗഹൃദ ശൗചാലയങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) പത്തനംതിട്ട ജില്ലയിലെ നിലവിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസുദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നുണ്ട്. ഇതുസംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| Sl. No. | Category | Sanctioned | Existing |
|---|---|---|---|
| 1 | WCI | 1 | 1 |
| 2 | WSI | 4 | 5 |
| 3 | WSCPO | 7 | 7 |
| 4 | WCPO | 105 | 58 |

കെ.എ.പി. മൂന്നാം ബറ്റാലിയനിൽ നിന്നും 23 WCPO-മാരെ താൽക്കാലികമായി ജില്ലയിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്. ഇതിൽ 13 WCPO-മാർ ജില്ലയ്ക്ക് പുറത്ത് വർക്കിംഗ് അറേഞ്ച്മെന്റിൽ ജോലി നോക്കിവരുന്നു. ഇവരെ കൂടാതെ കെ.എ.പി. മൂന്നാം ബറ്റാലിയനിൽ നിന്നും 2 WCPO-മാർ ഡി.ജി.ഒ. പ്രകാരം വർക്കിംഗ് അറേഞ്ച്മെന്റിൽ ജില്ലയിൽ ജോലി നോക്കിവരുന്നു.

(സി) ജില്ലയിൽ 21 പോലീസ് സ്റ്റേഷനുകളിൽ 18 എണ്ണത്തിൽ സ്ത്രീ-സൗഹൃദ ശൗചാലയങ്ങളുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്ത്രീ-സൗഹൃദ ശൗചാലയങ്ങൾ ഇല്ലാത്തതുമായ മൂഴിയാർ, പുളിക്കീഴ്, പെരുനാട് എന്നീ പോലീസ് സ്റ്റേഷനുകളിൽ സ്ത്രീ-സൗഹൃദ ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

## കേസ്സുകളിൽ പ്രതികളായിട്ടുള്ള പോലീസ് സേനാംഗങ്ങൾ

118 (1992) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പോലീസ് സേനയിൽ ജോലി നോക്കിവരുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സേനാംഗങ്ങളുടെ എണ്ണം എത്ര എന്നും ഇതിൽ വനിത പ്രാതിനിധ്യം എത്ര എന്നും വെളിപ്പെടുത്താമോ;

(ബി) പോലീസ് സേനാംഗങ്ങളിൽ വനിത പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്ത് ഐ.പി.എസ്. ഉദ്യോഗസ്ഥരടക്കമുള്ള സേനാംഗങ്ങളിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർ, ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, പോക്സോ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, സിവിൽ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, സി.ബി.ഐ.അന്വേഷണം നേരിടുന്നവർ, വകുപ്പുതല അന്വേഷണം നേരിടുന്നവർ, സസ്പെൻഷനിൽ കഴിയുന്നവർ, കോടതികളുടെ ശിക്ഷയ്ക്ക് വിധേയരായി സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്നവർ എന്നിവർ എത്രയാണെന്ന വിശദാംശം നൽകാമോ ;

(ഡി) ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തേണ്ട പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം കർശന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ച് വരുന്നത്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ കേരള പോലീസ് സേനയുടെ ആകെ അംഗീകൃത അംഗബലം (ഐ.പി.എസ്. ഉദ്യോഗസ്ഥരുടെ തസ്തികകൾ ഉൾപ്പെടെ) 49918 ആണ്. ആയതിൽ 4252 തസ്തികകൾ വനിതകൾക്കായി നീക്കിവച്ചിട്ടുണ്ട്. ഇത് സേനയുടെ ആകെ അംഗബലത്തിന്റെ 8.52% ആണ്. നിലവിൽ ഐ.പി.എസ്. ഉദ്യോഗസ്ഥരുൾപ്പെടെ ആകെ 4276 വനിതകൾ കേരള പോലീസ് സേനയിൽ പ്രവൃത്തിയെടുത്തുവരുന്നു.

(ബി) പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 30-1-2017-ലെ G.O (Ms) No. 15/2017/Home പ്രകാരം കേരളത്തിൽ ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വനിതാ പോലീസുദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ സംസ്ഥാന പോലീസ് മേധാവി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശിപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(സി) ഇതുസംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

| | ഐ.പി.എസ്. ഉദ്യോഗസ്ഥർ | മറ്റ്പോലീസ് ഉദ്യോഗസ്ഥർ |
|---|---|---|
| ക്രിമിനൽകേസിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം | 0 | 748 |
| ഇതിൽ പോക്സോ കേസിൽ പ്രതികളായിട്ടുള്ളവരുടെ എണ്ണം | 0 | 8 |
| വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ എണ്ണം | 02 | 17 |
| സി.ബി.എ.അന്വേഷണം നേരിടുന്നവരുടെ എണ്ണം | 0 | 15 |
| വകുപ്പുതല അന്വേഷണം നേരിടുന്നവരുടെ എണ്ണം | 04 | 892 |
| സസ്പെൻഷനിൽ കഴിയുന്നവരുടെ എണ്ണം | 01 | 112 |
| കോടതികളുടെ ശിക്ഷയ്ക്ക് വിധേയരായി സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്നവരുടെ എണ്ണം | 0 | 0 |

സിവിൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ പൂർണ്ണമായ വിവരം ലഭ്യമല്ല.

(ഡി) പോലീസുദ്യോഗസ്ഥർ പൊതുജനങ്ങളിൽ നിന്നും പണമോ പാരിതോഷികമോ കൈപ്പറ്റുന്നുണ്ടോയെന്ന് കർശനമായ നിരീക്ഷണം നടത്തിവരുന്നതും ഇപ്രകാരമുള്ള ആരോപണങ്ങളുണ്ടായാൽ ആയതിലേയ്ക്ക് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നതുമാണ്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

119 (1993) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റുഡന്റ് പോലീസ് കേഡറ്റ് സ്കൂളുകളിൽ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഡി.യു.എച്ച്.എസ്. സ്കൂളിൽ എസ്.പി.സി. അനുവദിക്കണമെന്ന അപേക്ഷയിൻമേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) പ്രസ്തുത അപേക്ഷ പ്രകാരം എസ്.പി.സി. അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി&സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഡി.യു.എച്ച്.എസ്. സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

120 (1994) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സ്കൂളുകളിൽ എസ്.പി.സി.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ ഇപ്പോൾ എസ്.പി.സി. പ്രവർത്തിക്കുന്നുണ്ട് എന്ന് അറിയിക്കാമോ;

(സി) കോളേജുകളിൽ എസ്.പി.സി. ആരംഭിക്കുന്നതിലൂടെ ഏതൊക്കെ തരത്തിലുള്ള മാറ്റങ്ങളാണ് വിദ്യാർത്ഥികളിലും സമൂഹത്തിലും ഉണ്ടാക്കുവാൻ ലക്ഷ്യം വയ്ക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടില്ല.

(ബി) വിലയിരുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് 645 സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(സി) കോളേജുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി ആരംഭിക്കുന്നപക്ഷം ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ്

121 (1995) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്ത് ഇതുവരെ ഏതൊക്കെ സ്കൂളുകൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റ് അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 145 സർക്കാർ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. ഇതിൽ 120 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുകയും 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി പ്രവർത്തനങ്ങൾ ആരംഭിച്ച 120 സ്കൂളുകളിൽ പദ്ധതി നടത്തിപ്പിലേയ്ക്കായി പ്ലാൻ ഫണ്ടിൽനിന്നും തുക അനുവദിക്കുകയും സ്കൂളുകളിൽ പദ്ധതിയുടെ സി.പി.ഒ./ എ.സി.പി.ഒ. (കമ്മ്യൂണിറ്റി പോലീസ് ഓഫീസർ) ആയി പ്രവർത്തിക്കുന്ന കൊല്ലം, പത്തനംതിട്ട ഒഴികെയുള്ള ജില്ലകളിലെ അദ്ധ്യാപകർക്കും ഡ്രിൽ ഇൻസ്പെക്ടർമാരായി പ്രവർത്തിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കും പദ്ധതി സംബന്ധിച്ച് ബേസിക് ട്രെയിനിംഗ് നൽകുകയും തിരുവനന്തപുരം റേഞ്ച് ഒഴികെയുള്ള ജില്ലകളിലെ ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ എന്നിവർക്ക് ഏകദിന ട്രെയിനിംഗും എസ്.പി.സി. പ്രവർത്തിക്കുന്ന സ്കൂൾ ഉൾപ്പെടുന്ന സ്റ്റേഷനിലെ പോലീസ് സ്റ്റുഡന്റ് ലെയ്സൺ ഓഫീസർമാരായി പ്രവർത്തിക്കുന്ന ഓഫീസർമാർക്ക് ഏകദിന പരിശീലനവും നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ ജില്ലാ നോഡൽ ഓഫീസർ, അസിസ്റ്റന്റ് ജില്ലാ നോഡൽ ഓഫീസർ എന്നിവർക്കും ഏകദിന പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, പുതുതായി എസ്.പി.സി. യൂണിറ്റുകൾ അനുവദിച്ച 25 സ്കൂളുകളിൽ പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്കൂൾ ഒന്നിന് രണ്ട് ലക്ഷം രൂപ വീതം അനുവദിച്ചു നൽകിയിട്ടുള്ളതുമാണ്.

## ആശ്രിത നിയമന അപേക്ഷയിൽ സ്വീകരിച്ച നടപടികൾ

122 (1996) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനം സംബന്ധിച്ച് ജൂഡീഷ്യൽ സർവ്വീസിൽ ജോലിയിലിരിക്കെ മരണമടഞ്ഞ ഇ. കെ. പുഷ്പാംഗദന്റെ ആശ്രിതനായ അരുണിന്റെ അപേക്ഷയിൽ സ്വീകരിച്ച് വരുന്ന നടപടികൾ (File No. 246/L1/ 2018 ; 923131/L1/2018) വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ ഹീയറിംഗ് നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഈ അപേക്ഷയിൽ സർക്കാർ തലത്തിൽ പരിശോധന നടത്തുന്നതിനും ആയതിന് പരിഹാരം നിർദ്ദേശിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ ആദ്യം അപേക്ഷ സമർപ്പിച്ചിരുന്ന ശ്രീമതി ആര്യ സേതുപാർവ്വതി തന്റെ അവകാശം ഒഴിഞ്ഞുകൊണ്ട് സമ്മതപത്രം നല്കിയിട്ടുള്ള സാഹചര്യത്തിൽ 4-5-1999-ലെ ജി.ഒ.(പി) നമ്പർ 12/99/പി&എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 26, 15-12-2011-ലെ ജി.ഒ.(പി) നമ്പർ 37/11/പി&എ.ആർ.ഡി. ഉത്തരവിലെ ഖണ്ഡിക 1, 2 എന്നിവ പ്രകാരം ആശ്രിത നിയമന പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള ഒരാൾക്ക് ആശ്രിത നിയമനത്തിനുള്ള തന്റെ അവകാശം ഉദ്യോഗം സ്വീകരിക്കുന്നതിന് മുമ്പ് ഏത് ഘട്ടത്തിൽ വേണമെങ്കിലും മറ്റൊരു ആശ്രിതനായി ഒഴിഞ്ഞു കൊടുക്കാവുന്നതാണ് എന്ന വ്യവസ്ഥ അനുസരിച്ച് ശ്രീ. അരുണിന്റെ അപേക്ഷ പരിഗണിക്കുന്നതിൽ അപാകതയില്ല എന്നതിനാൽ 15-12-2011-ലെ ജി.ഒ.(പി) നമ്പർ 37/11/പി&എ.ആർ.ഡി. ഉത്തരവ് പ്രകാരം സാധുവായ എല്ലാ രേഖകളും സഹിതം അപേക്ഷിക്കുന്നപക്ഷം 'valid application' ആയി പരിഗണിക്കുന്നതാണെന്ന് ഹൈക്കോടതി രജിസ്ട്രാറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഹിയറിംഗ് നടത്തുന്നതിന് ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

**പോലീസ് മേധാവി നിയമനത്തിന്മേലുള്ള നിയന്ത്രണം**

123 (1997) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് മേധാവിയെ നിയമിക്കുവാനുള്ള സംസ്ഥാനങ്ങളുടെ അധികാരത്തിന്മേൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള സുപ്രീം കോടതി വിധിയിൽ ഭേദഗതി ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ സുപ്രീം കോടതിയെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം ഒരു ഭേദഗതി ആവശ്യപ്പെടുവാനുണ്ടായ സാഹചര്യമെന്താണ് എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന സർക്കാരിന്റെ ഈ ആവശ്യം സുപ്രീം കോടതി നിരാകരിക്കുകയുണ്ടായോ;

(ഡി) ഈ കേസിൽ സംസ്ഥാന സർക്കാരിന് വേണ്ടി സ്റ്റാൻഡിംഗ് കൗൺസിലർമാർക്ക് പുറമെ വേറെ ആരെല്ലാമാണ് സുപ്രീംകോടതിയിൽ ഹാജരായത്; അവർക്ക് ഫീസിനത്തിൽ എന്ത് തുകയാണ് നൽകിയത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സി.പി.ഐ. (എം) പ്രവർത്തകരെ ആക്രമിച്ച കേസ്

124 (1998) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കല്യോട്ട് സി.പി.ഐ. (എം) പ്രവർത്തകരെ അക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ് എടുത്തിട്ടുള്ളത്; ആരൊക്കെയാണ് പ്രതികൾ; പ്രതികളെ എല്ലാം അറസ്ററ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസ്സിലെ പ്രതികൾ മറ്റേതെങ്കിലും കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഈ കേസ്സിന്റെ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 20/19 u/s 143, 147, 148, 324, 326, 307, 427 r/w 149 IPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. ഈ കേസിൽ താഴെപ്പറയുന്ന 10 പ്രതികളുണ്ട്. ഇതിൽ ആദ്യത്തെ 7 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്:

1. ശരത് ലാൽ, S/o നാരായണൻ
2. മഹേഷ്, S/o ഭാസ്കരൻ
3. അനൂപ് എം. കെ., S/o നാരായണൻ
4. വിവേക്, S/o ചന്ദ്രൻ
5. ശ്രീരാജ്, S/o കുമാരൻ
6. ശ്രീകുമാർ, S/o കൃഷ്ണൻ
7. ജനാർദ്ദനൻ, S/o തമ്പായി
8. പ്രശാന്ത് നമ്പ്യാർ
9. കൃപേഷ്
10. നിബിൻ കുമാർ, S/o നളിനി

ഇതിൽ കൃപേഷ്, നിബിൻ എന്നീ പ്രതികൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചുവരികയാണ്.

(സി) ഉൾപ്പെട്ടിട്ടുണ്ട്. ടി കേസിലെ പ്രതികളിൽ ജനാർദ്ദനൻ, ശരത് ലാൽ, കൃപേഷ് എന്നിവർ ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 22/19 u/s 143, 147, 148, 447, 427 r/w 149 IPC കേസിൽ ഉൾപ്പെട്ട പ്രതികളാണ്. കൂടാതെ നിബിൻ കുമാർ, S/o. നളിനി എന്നയാൾ കുറ്റപത്രം സമർപ്പിച്ച ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 477/18 u/s 341, 323, 324 r/w 34 IPC കേസിലെ പ്രതിയാണ്.

(ഡി) ഈ കേസിൽ കുറ്റപത്രം സമർപ്പിച്ചിട്ടില്ല. ശേഷിക്കുന്ന പ്രതികളെ ഉടനടി അറസ്റ്റ് ചെയ്ത് ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് കുറ്റപത്രം കോടതിയിൽ സമർപ്പിക്കുന്നതാണ്.

### ഷുഹൈബ് കൊലക്കേസിൽ അഭിഭാഷകരുടെ ചെലവ്

125 (1999) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് കോൺഗ്രസ്സ് മട്ടന്നൂർ ബ്ലോക്ക് പ്രസിഡന്റായിരുന്ന ഷുഹൈബിന്റെ കൊലപാതക കേസിൽ സി.ബി.ഐ. അന്വേഷണം സംബന്ധിച്ച് ഹൈക്കോടതി സിംഗിൾ ബഞ്ച് നൽകിയ സ്റ്റേ നീക്കിക്കിട്ടുവാൻ ഷുഹൈബിന്റെ പിതാവ് സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജിയിൽ സർക്കാർ ഭാഗം വാദിക്കാനായി സ്റ്റാന്റിംഗ് കൗൺസൽമാർക്ക് പുറമെ ഏതൊക്കെ അഭിഭാഷകരുടെ സേവനമാണ് സർക്കാർ ഉപയോഗിച്ചത്;വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത അഭിഭാഷകർക്ക് ഫീസിനത്തിലും മറ്റുമായി എന്ത് തുകയാണ് നൽകിയത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

### പേട്ട എസ്.എച്ച്.ഒ.യ്ക്കെതിരെ നടപടി

126 (2000) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡിൽവച്ച് മൊബൈലിൽ ഫോട്ടോ എടുക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തതിന്റെ പേരിൽ സുന്ദരേശൻ (ജയകുമാർ) എന്ന വ്യക്തിക്കെതിരെ ശ്രീമതി അന്നമ്മ തോമസ് എന്നയാളും ഭർത്താവും ചേർന്ന് 15-12-2018 ന് തിരുവനന്തപുരം

പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യ്ക്ക് shoptthtvm.polkerala.gov.in. എന്ന മെയിലിലേക്ക് പരാതി നൽകിയതിനെ തുടർന്ന് നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ പരാതി നൽകി 40 ദിവസം കഴിഞ്ഞിട്ടും അതിൻമേൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ടി പരാതിയുടെ ഉള്ളടക്കം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ നിയമാനുസരണം നടപടി സ്വീകരിക്കാത്ത എസ്.എച്ച്.ഒ.യുടെ പേരും വിലാസവും ലഭ്യമാക്കുമോ;

(സി) പ്രസ്തുത പരാതിക്കൊപ്പം എതിർകക്ഷി ഉപദ്രവിച്ചതിനെ തുടർന്ന് സർക്കാർ ആശുപത്രിയിൽ ചികിത്സ തേടിയതിന്റെ ഒ.പി. ടിക്കറ്റിന്റെ പകർപ്പ് ലഭിച്ചിരുന്നോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ടി പരാതിയിൽ എതിർകക്ഷിയുടെ പേര് സുന്ദരേശൻ എന്നത് ജയകുമാർ എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നതും എന്നാൽ പിന്നീട് ഐ.ജി.പി.-ക്ക് കൊടുത്ത പരാതിയിൽ ആയത് തിരുത്തി നൽകിയിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) മേൽ പരാതിയിലെ ഒന്നാം എതിർകക്ഷി ആയിരുന്ന സുന്ദരേശൻ, 63 വയസ്സ് S/o.ഗോവിന്ദൻ, കരുമ്പേലിൽ വീട്, കരിപ്ര വില്ലേജ്, നെടുമൺകാവ് വാർഡ്, കൊല്ലം ജില്ല എന്ന ആൾ 15-12-2018-ന് പേട്ട പോലീസ് സ്റ്റേഷനിൽ പരാതിക്കാർക്കെതിരെ മറ്റൊരു പരാതി നൽകിയ പ്രകാരം യാതൊരു അന്വേഷണവും കൂടാതെ അന്നേ ദിവസം തന്നെ എതിർകക്ഷികളുടെ പേരിൽ എഫ്.ഐ.ആർ. (No.1726/18/dt. 15-12-2018) രജിസ്റ്റർ ചെയ്തത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ; ഈ പരാതിയുടെ പകർപ്പും ഇവർക്കുവേണ്ടി സാക്ഷിമൊഴി നൽകിയ ആൾക്കാരുടെ മൊഴിപ്പകർപ്പും ലഭ്യമാക്കുമോ;

(എഫ്) പേട്ട പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ.യിൽ നിന്നും നീതി ലഭിക്കാത്തതിനാൽ മേൽപരാമർശിച്ച ദമ്പതിമാരായ പരാതിക്കാർ 18-12-2018-ന് തിരുവനന്തപുരം ഐ.ജി.പി.-ക്ക് നൽകിയ പരാതിയിൽ ഉടൻതന്നെ അന്വേഷണം നടത്തി നടപടിയെടുക്കണമെന്ന് പേട്ട എസ്.എച്ച്.ഒ.-ക്ക് ഉത്തരവ് നൽകിയിട്ടും നാളിതുവരെ അന്വേഷിച്ച് എതിർകക്ഷികൾക്ക് എതിരെ യാതൊരു നടപടിയും സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ കൃത്യവിലോപത്തിനെതിരെ അടിയന്തര നടപടി സ്വീകരിച്ച് പരാതിക്കാർക്ക് നീതി ലഭ്യമാക്കുമോ; വിശദമാക്കുമോ;

(ജി) ഈ കേസ്സിൽ വിവേചനം കാണിയ്ക്കുന്ന പേട്ട എസ്.എച്ച്.ഒ.യ്ക്കെതിരെ നിയമപരമായ നടപടി സ്വീകരിക്കുമോ; ഈ ഉദ്യോഗസ്ഥനെ ടി കേസിന്റെ അന്വേഷണ ചുമതലയിൽ നിന്നും മാറ്റി സത്യസന്ധരായ മേലുദ്യോഗസ്ഥർക്ക് ചുമതല നൽകുമോ; വിശദമാക്കുമോ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**കുട്ടികളെ തട്ടിക്കൊണ്ടുപോയ കേസുകൾ**

127 (2002) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളെ തട്ടിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് 2018-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം ജില്ലതിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) തട്ടിക്കൊണ്ടുപോകുന്ന മാഫിയകളിൽ നിന്നും കുട്ടികളെ രക്ഷിക്കുന്നതിന് വേണ്ടി സർക്കാർ സ്വീകരിച്ച മുൻകരുതൽ മാർഗ്ഗങ്ങൾ വിശദമാക്കാമോ;

(ഡി) 2018 ൽ രജിസ്റ്റർ ചെയ്ത ഇത്തരം കേസ്സുകളിൽ കുട്ടികളെ കണ്ടെത്താൻ കഴിയാത്ത കേസ്സുകളുടെ വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ആകെ 193 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഇത്തരം മാഫിയകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എസ്.പി.സി., എസ്.പി.ജി., റെസിഡന്റ്സ് അസോസിയേഷനുകൾ, ജനമൈത്രി തുടങ്ങിയവ വഴി കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ സ്കൂളുകൾ, കോളേജുകൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റോപ്പുകൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ പിങ്ക് പോലീസും കാര്യമായ ശ്രദ്ധ ചെലുത്തിവരുന്നുണ്ട്.

എല്ലാ പോലീസ് ജില്ലകളിലും ജില്ലാ ക്രൈംബ്രാഞ്ച് പോലീസ് അസി. കമ്മീഷണർ/ഡിവൈ.എസ്.പി. നോഡൽ ഓഫീസറായി ജില്ലാ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. സ്കൂളുകളിലും കോളേജുകളിലും കുട്ടികളെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കാണാതാകുന്നതിനോടനുബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുന്നതിന് അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷകർത്താക്കളും അംഗങ്ങളായി ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബുകൾ രൂപീകരിച്ചിട്ടുള്ളതും ഓരോ മാസവും സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യുന്ന കേസുകൾ, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബുകളിൽ നിന്ന് കിട്ടുന്ന വിവരങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി മീറ്റിംഗുകൾ സംഘടിപ്പിച്ചുവരുന്നു.

ഇതുകൂടാതെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ചൈൽഡ് വെൽഫെയർ (CWPO) ഓഫീസർമാരെ നിയമിച്ചിട്ടുള്ളതും ഡി.സി.ആർ.ബി. ഡിവൈ.എസ്.പി./ എ.സി.പി. നോഡൽ ഓഫീസർമാരായി എല്ലാ പോലീസ് ജില്ലകളിലും സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു.

(ഡി) 2018-ൽ രജിസ്റ്റർ ചെയ്ത ഒരു കേസിൽ കുട്ടിയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിവരം ചുവടെ ചേർക്കുന്നു:

| District | P.S. | Cr. No. | Section of Law | Details of Victim | Age of Victim | Present stage |
|---|---|---|---|---|---|---|
| Alappuzha | North P.S. | 2190/18 | 363, 365 IPC | Parvathy, D/o Kishore, Beena Cottage, Sanathanam Ward, Alappuzha | 17 | UI |

**വ്യാജരേഖ ചമച്ച് ഭൂമി തട്ടിയെടുക്കൽ**

128 (2003) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം താലൂക്കിൽ കൊട്ടക്കമ്പൂർ വില്ലേജിൽ ബ്ലോക്ക് 58-ൽ പെട്ട ഭൂമി, വ്യാജരേഖ ചമച്ച് തട്ടിയെടുത്തത് സംബന്ധിച്ച് 01/19/ഡി.വി.എം നമ്പരായി നൽകിയിട്ടുള്ള എട്ട് പരാതികളിന്മേൽ എഫ്.ഐ.ആർ. ഇട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന് 1903/2019/ഐ.ഡി. നമ്പരായി നൽകിയിട്ടുള്ള പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പരാതികളിൽ ദേവികുളം തഹസിൽദാർ, റവന്യൂ അധികാരികൾ എന്നിവരിൽ നിന്നും റിപ്പോർട്ടുകൾ ലഭിച്ചതിനുശേഷം ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇടുക്കി ജില്ലാ പോലീസ് സൂപ്രണ്ടിന് 1903/2019/ഐ.ഡി. പ്രകാരം നൽകിയ പരാതി പ്രാഥമിക അന്വേഷണാവസ്ഥയിലാണ്.

## അന്ധവിശ്വാസത്തിന്റെ പേരിൽ കൊലപാതകങ്ങൾ

129 (2004) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രവാദം ഉൾപ്പെടെയുള്ള അന്ധവിശ്വാസത്തിന്റെ പേരിൽ കൊലപാതകങ്ങൾ നടക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്ധവിശ്വാസത്തിന്റെ പേരിൽ നടക്കുന്ന ചൂഷണങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ;

(സി) അന്ധവിശ്വാസങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ കർണ്ണാടക മാതൃകയിൽ നിയമം നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അന്ധവിശ്വാസത്തിന്റെ പേരിലുള്ള ചൂഷണങ്ങൾ തടയുന്നതിന് ജനമൈത്രി സംവിധാനം ഉപയോഗിച്ച് ബോധവത്കരണം നടത്തിയും ഇത്തരം കുറ്റകൃത്യങ്ങൾക്ക് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ എസ്.എച്ച്.ഒ.-മാർക്കും നിർദ്ദേശം നൽകിയും നടപടി സ്വീകരിച്ചുവരുന്നു.

(സി) അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ നിയമനിർമ്മാണം നടത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് നടത്തിയ സാമ്പത്തിക ക്രമക്കേട്

130 (2005) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനം നിരവധി ആളുകളിൽ നിന്നും പണം സമാഹരിച്ച് മുതലും പലിശയും നൽകാതെ സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച് മുഖ്യമന്ത്രി, എറണാകുളം റേഞ്ച് ഐ.ജി. എന്നിവർക്ക് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടറായ ഉണ്ണികൃഷ്ണൻ എന്ന വ്യക്തിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; ഇദ്ദേഹം മറ്റ് ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഈ സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടുകെട്ടുന്നതിനും പണം നിക്ഷേപിച്ചവർക്ക് അത് തിരികെ ലഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനം ആളുകളിൽ നിന്ന് പണം സമാഹരിച്ച് സാമ്പത്തിക ക്രമക്കേട് നടത്തിയത് സംബന്ധിച്ച് ലഭിച്ച പരാതികളുമായി ബന്ധപ്പെട്ട് പതിമൂന്ന് കേസുകൾ (സെൻട്രൽ പോലീസ് സ്റ്റേഷനിൽ പന്ത്രണ്ട് കേസുകൾ, എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു കേസ്) കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നുണ്ട്.

(ബി) ഉണ്ണികൃഷ്ണൻ എന്നയാൾ ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യാൻ സാധിച്ചിട്ടില്ല. ടിയാൻ മറ്റ് ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതായി നാളിതുവരെ അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) കേസിന്റെ അന്വേഷണത്തിൽ വെളിവാകുന്ന തെളിവുകളുടെ അടിസ്ഥാനത്തിലും 2013-ലെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ താല്പര്യസംരക്ഷണ നിയമപ്രകാരവും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ബാലവിവാഹ കേസ്സുകൾ

131 (2006) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ബാലവിവാഹങ്ങൾ സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് ബാലവിവാഹങ്ങൾ സംബന്ധിച്ച് നിലവിൽ 18 കേസുകൾ പോലീസ് അന്വേഷണത്തിലും 56 കേസുകൾ കോടതിയിൽ വിചാരണയിലുമുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വരാപ്പുഴ കസ്റ്റഡി മരണം

132 (2007) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരാപ്പുഴ പോലീസ് മർദ്ദനത്തിന് ഇരയായി മരിച്ച ശ്രീജിത്തിനെ റൂറൽ ടൈഗർ ഫോഴ്സ് അറസ്റ്റ് ചെയ്തപ്പോൾ വ്യക്തികളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നടപടികൾ സംബന്ധിച്ച് സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ബി) സി.പി.എം. പ്രാദേശിക നേതൃത്വത്തിലെ ആർക്കെങ്കിലും ശ്രീജിത്തിന്റെ അറസ്റ്റുമായി ബന്ധമുള്ളതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വ്യക്തിക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(സി) ശ്രീജിത്തിന്റെ കസ്റ്റഡി മരണത്തിന് ശേഷം അറസ്റ്റ് രേഖകളിൽ കൃത്രിമത്വം കാണിച്ചതായ ആരോപണം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ നിർദ്ദേശപ്രകാരമാണ് ഇത്തരം കൃത്രിമത്വം കാണിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

(ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല.

(സി) ഇക്കാര്യവും അന്വേഷണത്തിലിരിക്കുകയാണ്.

## ചന്ദ്രൻ എന്നയാളെ അകാരണമായി അറസ്റ്റ് ചെയ്ത് ജയിലിലടച്ച സംഭവം

133 (2008) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരപരാധിയായ ആളുകളെ പോലീസ് കള്ളക്കേസിൽ കുടുക്കി അറസ്റ്റ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണാർക്കാട് പോലീസ്, ചന്ദ്രൻ എന്നയാളെ ആളുമാറി അറസ്റ്റ് ചെയ്ത് 10 ദിവസം ജയിലിലടച്ച സംഭവത്തിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ കേസിൽ ചന്ദ്രൻ കോടതിയിൽ നൽകിയ മൊഴിയുടെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ ആയത് നൽകാമോ;

(ഡി) ചന്ദ്രനെ അകാരണമായി അറസ്റ്റ് ചെയ്ത പോലീസുകാർക്കെതിരെ നടപടിയാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) കണ്ണൂർ കതിരൂർ സ്വദേശി താജുദ്ദീൻ എന്നയാളെ ചക്കരക്കല്ല് പോലീസ് ആളുമാറി അറസ്റ്റുചെയ്ത കേസിൽ കുറ്റക്കാരായ പോലീസുകാർക്കെതിരെ സ്വീകരിച്ച നടപടി അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മണ്ണാർക്കാട് ഇൻസ്പെക്ടർ എസ്.എച്ച്.ഒ. ഫർഷാദിന് താക്കീത് മെമ്മോ നൽകിയിട്ടുള്ളതും ഇതുമായി ബന്ധപ്പെട്ട് GASI ശിവരാജൻ, GASI രാഗേഷ്, CPO 5299 അബ്ദുൾ സലാം, SCPO 4274 നാസ്സർ എന്നീ പോലീസ് ഉദ്യോഗസ്ഥരെ 1-1-2019-ലെ A2/835/18 (TSR/TSRO No. 07/19) ഉത്തരവ് പ്രകാരം ഐ.ജി.പി. തൃശ്ശൂർ റേഞ്ച് സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഈ കേസിൽ ചന്ദ്രൻ കോടതിയിൽ നൽകിയ മൊഴിയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

(ഡി) ഉണ്ട്. സംസ്ഥാന എസ്.സി./എസ്.ടി. ലീഗൽ ഓർഗനൈസേഷൻ പരാതി നൽകിയിട്ടുണ്ട്.

(ഇ) ടി കേസിന്റെ അന്വേഷണത്തിൽ വീഴ്ചവരുത്തിയ ചക്കരക്കൽ എസ്.ഐ. ശ്രീ. ബിജു, എ.എസ്.ഐ. ഉണ്ണികൃഷ്ണൻ എന്നിവരുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനായി കണ്ണൂർ ഡിവൈ.എസ്.പി. നൽകിയ സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ഐ.ജി.-യുടെ IGO No. 204/2018/PR ഉത്തരവുപ്രകാരം വകുപ്പുതല അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്. കൂടാതെ എസ്.ഐ. ശ്രീ. ബിജുവിനെ കണ്ണൂർ ട്രാഫിക് പോലീസ് സ്റ്റേഷനിലേയ്ക്ക് സ്ഥലം മാറ്റിയിട്ടുമുണ്ട്.

**വയനാട് ജില്ലയിലെ വാഹനാപകടങ്ങൾ**

134 (T* 2009) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ വാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഇതിൽ ഇരുചക്രവാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കണക്ക് പ്രത്യേകം നൽകാമോ ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനിടെ ജില്ലയിൽ ആകെ ഉണ്ടായ വാഹനാപകടങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വയനാട് ജില്ലയിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർ, ഇരുചക്രവാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർ, ജില്ലയിലുണ്ടായ ആകെ വാഹനാപകടങ്ങൾ എന്നിവയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| അപകടങ്ങളുടെ വിവരം | 2017 | 2018 |
|---|---|---|
| വാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർ | 68 | 74 |
| ഇരുചക്രവാഹനാപകടങ്ങളിൽ ജീവൻ നഷ്ടപ്പെട്ടവർ | 29 | 43 |
| കഴിഞ്ഞ രണ്ട് വർഷത്തിനിടെ നടന്ന ആകെ വാഹനാപകടങ്ങൾ | 660 | 634 |

**റോഡപകടങ്ങളിൽപ്പെടുന്നവരുടെ ചികിത്സ**

135 (2010) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടത്തിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുവാൻ ശ്രമിക്കുന്നവർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ നീക്കണമെന്നും അവർക്ക് സംരക്ഷണം നൽകണമെന്നുമുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) റോഡപകടങ്ങളിൽ പെടുന്നവർക്ക് അതിവേഗം വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ഡി) അപകടങ്ങളിൽ പെടുന്നവർക്ക് ആദ്യ 48 മണിക്കൂർ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാഹനാപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാൻ ശ്രമിക്കുന്നവർക്ക് നിയമപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അവരെ അകാരണമായി സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്യുകയോ കേസുമായി ബന്ധപ്പെട്ട് മറ്റ് ബുദ്ധിമുട്ടുകളുണ്ടാക്കുകയോ ചെയ്യാറില്ല. മറ്റ് സാക്ഷികളുടെ അഭാവത്തിലും ചില പ്രത്യേക സാഹചര്യത്തിലും മാത്രമേ കേസിൽ മേൽപ്പറയുന്ന ആളുകളെ സാക്ഷികളാക്കുകയുള്ളൂ. എന്നാൽ അപകടസമയത്ത് സഹായിച്ചുവെന്ന കാരണത്താൽ മാത്രം സ്റ്റേഷനിൽ വിളിച്ചുവരുത്തുകയോ മറ്റെന്തെങ്കിലും നടപടികൾ സ്വീകരിക്കുകയോ ചെയ്യാറില്ലാത്തതുമാണ്. ഇക്കാര്യത്തിന് പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 06/2009 പ്രകാരം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അതിവേഗം വിദഗ്ദ്ധ ചികിത്സ കിട്ടുന്നതിനായി പോലീസ് ആഭിമുഖ്യത്തിൽ ട്രോമാ കെയർ പരിശീലനം ഓട്ടോ/ടാക്സി ഡ്രൈവർമാർക്ക് നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലെയും ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി അംഗങ്ങൾ, യൂത്ത് ക്ലബ്ബുകൾ എന്നിവയിലെ അംഗങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഹൈവേ കർമ്മ സമിതികൾ പ്രവർത്തിച്ചുവരുന്നു. ഐ.എം.എ. കേരള ഘടകവുമായി ചേർന്ന് കേരളത്തിലെ എല്ലാ ആംബുലൻസുകളെയും ഉൾപ്പെടുത്തി ഡ്രൈവർമാർക്ക് ട്രോമാ കെയർ ട്രെയിനിംഗ് നൽകിയിട്ടുള്ളതും ആംബുലൻസുകളെ ആധുനിക സാങ്കേതികവിദ്യയുടെ സഹകരണത്തോടെ വളരെ പെട്ടെന്ന് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കത്തക്കവിധത്തിലുള്ളതാക്കി മാറ്റുകയും (ട്രോമാ റെസ്ക്യൂ ഇൻഷ്യേറ്റീവ്-TRI), ഒരു ഫോൺ നമ്പർ കൊണ്ടുതന്നെ (9188 100 100) സംസ്ഥാനത്തെ മുഴുവൻ ആംബുലൻസുകളെയും നെറ്റ്‌വർക്ക് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമൂലം അപകടം നടന്ന സ്ഥലത്തിനടുത്തുള്ളതും ഏറ്റവും എളുപ്പത്തിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതുമായ ആശുപത്രികളെ സംബന്ധിച്ച മുഴുവൻ വിവരങ്ങളും അപകടത്തിൽപ്പെട്ട ആൾക്കോ രക്ഷാപ്രവർത്തകർക്കോ ലഭിക്കുകയും അങ്ങനെ അപകടങ്ങളിൽപ്പെട്ടയാളെ വളരെവേഗം ആശുപത്രിയിൽ എത്തിക്കാൻ സാധിക്കുന്നു.

(ഡി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ-സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനമെടുത്തിരുന്നു.

റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കാനായി ആദ്യ മണിക്കൂറിൽ (golden hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്തുനിന്നും മതിയായ ചികിത്സാ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ-സർക്കാരിതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെന്റർ മുഖേന ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ആംബുലൻസ് സംവിധാനം സജ്ജമാകുന്ന മുറയ്ക്ക് അതുവഴി ചികിത്സയ്ക്കായെത്തുന്ന രോഗികളുടെ ചികിത്സയ്ക്ക് ചെലവാകുന്ന തുക റീ-ഇംബേഴ്സ് ചെയ്യാനുള്ള സംവിധാനവും സജ്ജമാകുന്നതാണ്.

## സൈബർ തട്ടിപ്പുകൾ

136 (2011) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ തട്ടിപ്പുകൾ കൂടിവരുന്ന പശ്ചാത്തലത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനും അന്വേഷിക്കുന്നതിനുമായി സൈബർ പോലീസിനെ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) എഞ്ചിനീയറിംഗ്, എം.സി.എ. പോലുള്ള ടെക്നിക്കൽ പരീക്ഷായോഗ്യതയുള്ള പോലീസുകാരെ കൂടുതലായി ഉൾപ്പെടുത്തി സൈബർ പോലീസ് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നിലവിൽ കേരളത്തിൽ തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ റെയ്ഞ്ച് അടിസ്ഥാനത്തിൽ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി മൂന്ന് സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾകൂടി തുടങ്ങാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ജില്ലാ സൈബർ സെല്ലുകളും പോലീസ് ഹെഡ് ക്വാർട്ടേഴ്സിലെ ഹൈടെക് ക്രൈം എൻക്വയറി സെല്ലും കഴക്കൂട്ടം

ടെക്നോപാർക്ക് ആസ്ഥാനമാക്കി സൈബർ ഡോമും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ അന്വേഷണോദ്യോഗസ്ഥർക്ക് നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവയുടെ കണക്ക് ചുവടെ ചേർത്തിട്ടുണ്ട്.

| | 2016 | 2017 | 2018 |
|---|---|---|---|
| സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം | 278 | 300 | 415 |

സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി പൊതുജനങ്ങൾക്ക് ബോധവത്കരണ ക്ലാസുകൾ നടത്താറുണ്ട്. സ്ത്രീകൾക്കുവേണ്ടി സ്ത്രീ ശക്തി, കുടുംബശ്രീ, നിർഭയ തുടങ്ങിയ സ്ത്രീ കൂട്ടായ്മകളിൽ സൈബർ കുറ്റകൃത്യങ്ങളിൽ പെടാതിരിക്കുന്നതിനും ശരിയായ രീതിയിൽ ഇന്റർനെറ്റ്, ഇ-മെയിൽ, മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കുന്നതിനെപ്പറ്റിയും ക്ലാസുകൾ നൽകാറുണ്ട്. സ്കൂൾ-കോളേജ് തലങ്ങളിൽ സൈബർ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാതിരിക്കാനും ഇരയാകാതിരിക്കാനുമുള്ള പരിശീലനം നൽകിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി കിഡ്സ് ഗ്ലൗ പദ്ധതിയിൽ ഉൾപ്പെടുത്തി വിദ്യാർത്ഥികൾക്കും ഐ.ടി. അദ്ധ്യാപകർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജനമൈത്രി, എസ്.പി.സി. പദ്ധതികളുടെ ഭാഗമായി സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവത്കരണ ക്ലാസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ ഇത്തരം പരാതികൾ വരുന്ന മുറയ്ക്ക് അതത് സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ സംബന്ധിച്ച പരാതികൾക്ക് information Technology Act 2000, ബന്ധപ്പെട്ട IPC വകുപ്പുകൾ, കേരള പോലീസ് ആക്ട് തുടങ്ങിയ നിയമങ്ങൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തും കാര്യക്ഷമമായി അന്വേഷണം നടത്തിയും കുറ്റക്കാർക്ക് മാതൃകാപരമായി ശിക്ഷ ലഭിക്കത്തക്കവണ്ണം കുറ്റപത്രം സമർപ്പിച്ചും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ POCSO നിയമപ്രകാരവും നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി Cyber Crime Prevention against Women & Children പ്രോജക്ട് നടപ്പാക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അനുമതി നൽകിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തര മന്ത്രാലയം വികസിപ്പിച്ചെടുത്ത സൈബർ ക്രൈം പോർട്ടലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ സൈബർ സെൽ ആയി തിരുവനന്തപുരം സൈബർ ക്രൈം പോലീസ് സ്റ്റേഷനെയും നോഡൽ ഓഫീസറായി ഐ.ജി.പി. ക്രൈംബ്രാഞ്ചിനെയും,

ഗ്രീവൻസ് ഓഫീസറായി എ.ഡി.ജി.പി. ക്രൈംബ്രാഞ്ചിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൈബർ ഫോറൻസിക് ലാബ് ഉൾപ്പെടെ ഒരു ട്രെയിനിംഗ് സെന്റർ കേരള പോലീസ് അക്കാദമിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.

കുട്ടികൾക്കെതിരെ ഓൺലൈൻ വഴിയുള്ള ലൈംഗീകാതിക്രമങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റവാളികളെ കണ്ടെത്തുന്നതിനുമായി Kerala Police Counter Child Sexual Exploitation (CCE) എന്ന പേരിൽ തിരുവനന്തപുരം റേഞ്ച് ഐ.ജി.പി. നോഡൽ ഓഫീസറായും ഐ.ജി.പി. ക്രൈംബ്രാഞ്ച്, തിരുവനന്തപുരം റേഞ്ചിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലും ഒരു പ്രത്യേക സംഘം രൂപീകരിച്ചിട്ടുണ്ട്.

(സി) സാങ്കേതികരംഗത്തെ മുന്നേറ്റം ലക്ഷ്യമിട്ട് IT Cadre രൂപീകരിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ SPC തലത്തിൽ തയ്യാറാക്കിവരുന്നു.

### സോഷ്യൽ മീഡിയ വഴി അപകീർത്തികരമായ പോസ്റ്റുകൾ

137(2012) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയെ സോഷ്യൽ മീഡിയ വഴി വിമർശിച്ചതിനും അപകീർത്തികരമായ പോസ്റ്റുകളിട്ടതിനും ഇത്തരം പോസ്റ്റുകൾ ഷെയർ ചെയ്തതിന്റെയും പേരിൽ 2016 മേയ് മാസം മുതൽ 2019 വരെ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) ഇപ്രകാരമുള്ള പോസ്റ്റുകളുടെ പേരിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു;

(സി) മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിക്കെതിരെ അപകീർത്തികരമായ പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ ഇട്ടതിന്റെ പേരിൽ 2011-16 കാലയളവിൽ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) 25-5-2016 മുതൽ 29-1-2019 വരെ 17 സർക്കാർ ജീവനക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും 29 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പ്രതിപക്ഷ നേതാവിനെതിരെ നവമാധ്യമങ്ങളിൽക്കൂടി അപകീർത്തികരമായ പോസ്റ്റുകൾ

138 (2013) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷനേതാവിനെതിരെ നവമാധ്യമങ്ങളിൽ കൂടി അപകീർത്തികരമായ പോസ്റ്റുകൾ പ്രസിദ്ധീകരിച്ചവർക്കെതിരെ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് 1-3-2017-ൽ 544/പി.എസ്./എൽ.എ.പി/17 നമ്പരായി സംസ്ഥാന പോലീസ് മേധാവിക്ക് പരാതി ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത ഫെയ്സ് ബുക്ക് പോസ്റ്റിന്റെ യു.ആർ.എൽ. അയച്ചുതരാൻ ആവശ്യപ്പെട്ടുകൊണ്ട് 14-1-2019 ൽ ഡി7/35478/2017/ പി.എച്ച്.ക്യൂ. നമ്പർ കത്ത് പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക് അയച്ചിരുന്നുവോ;

(ഡി) പരാതി നൽകി രണ്ട് വർഷമാകുമ്പോൾ ഇത്തരമൊരു കത്ത് നൽകിയത് നിലവിലുള്ള പോലീസ് സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മയല്ലേ കാണിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പരാതിയിന്മേൽ 15-3-2017-ൽ ഇൻസ്പെക്ടർ, ഹൈടെക് ക്രൈം ഇൻക്വയറി സെല്ലിന് അന്വേഷണത്തിന് നിർദ്ദേശം നൽകിയിരുന്നു.

(സി&ഡി) കത്ത് അയച്ചിരുന്നു. 18-3-2017-ൽ URL ലഭിക്കുന്നതിനായി പ്രതിപക്ഷ നേതാവിന്റെ ഓഫീസിൽ ബന്ധപ്പെട്ടിട്ടും ആയത് ലഭിക്കാത്ത സാഹചര്യത്തിലാണ് 14-1-2019-ൽ കത്തയച്ചത്.

## നവമാധ്യമങ്ങളിലെ അധിക്ഷേപം

139 (2014) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല യുവതി പ്രവേശ വിഷയത്തിന്റെ ഭാഗമായി സംഘപരിവാർ സംഘടനകളിൽപ്പെട്ടവർ നവമാധ്യമങ്ങളിലും മറ്റും കേരള മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരെ ജാതി പരാമർശിച്ചും അസഭ്യം പറഞ്ഞും അധിക്ഷേപം നടത്തുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് ആഭ്യന്തര വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള ജാതി പരാമർശത്തിനെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കാൻ പര്യാപ്തമായ രീതിയിൽ കേസ്സ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 22 കേസുകൾ രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇത്തരം കേസുകളിലെ ജാതി പരാമർശം നടത്തിയ കുറ്റക്കാർക്കെതിരെ പരമാവധി ശിക്ഷ ലഭിക്കുംവിധം ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000-ലെയും പ്രസക്ത വകുപ്പുകൾ പ്രകാരം അന്വേഷണം നടത്തി കുറ്റവാളികൾക്ക് ശിക്ഷ ഉറപ്പാക്കുന്ന നടപടികളാണ് പോലീസ് സ്വീകരിച്ചുവരുന്നത്.

**പിറവം ആസ്ഥാനമായി പോലീസ് സബ് ഡിവിഷൻ ഓഫീസ്**

140 (2015) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം ആസ്ഥാനമായി പോലീസ് സബ് ഡിവിഷൻ ഓഫീസ് സ്ഥാപിയ്ക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഷയം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിർദ്ദേശം സംബന്ധിച്ച പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം**

141 (2016) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആരോഗ്യവകുപ്പിൽ നിന്നും വിട്ടുനൽകുന്നതിന് ഉത്തരവായ 50 സെന്റ് സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറിക്കിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടവും ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനാവശ്യമായ 50 സെന്റ് ഭൂമി 11-12-2018-ലെ സ.ഉ.(എം.എസ്.)നമ്പർ 462/2018/റവ. ഉത്തരവുപ്രകാരം ലഭ്യമായിട്ടുണ്ട്.

## മണപ്പള്ളി പോലീസ് ഔട്ട്പോസ്റ്റ്

142 (2017) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളിയിൽ പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിൽ എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്നും അവിടെ നിന്നും ഏതു വിധത്തിലുള്ള സേവനങ്ങൾ ലഭിക്കുന്നുവെന്നും വിശദീകരിക്കുമോ;

(ബി) ഇവിടെ പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഇവിടെ ലഭിക്കുന്ന പരാതികളുടെ തുടർനടപടികൾ സ്വീകരിക്കുന്നത് ഏത് പോലീസ് സ്റ്റേഷനിലാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പോലീസ് ഔട്ട്പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ-ഡി) കരുനാഗപ്പള്ളി മണ്ഡലത്തിലെ മണപ്പള്ളി ഔട്ട് പോസ്റ്റ് പ്രവർത്തിക്കുന്നില്ല. ഈ പ്രദേശത്തിന് സമീപം തഴവ എന്ന സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത എയ്ഡ് പോസ്റ്റിനാവശ്യമായ പോലീസുദ്യോഗസ്ഥരെ ഒന്നിടവിട്ടുള്ള ദിവസങ്ങളിൽ ഓച്ചിറ, കരുനാഗപ്പള്ളി എന്നീ പോലീസ് സ്റ്റേഷനുകളിൽ നിന്നും ജീപ്പ് സഹിതം ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവിൻപ്രകാരം നിയോഗിച്ചുവരുന്നു. ക്രമസമാധാന പാലനം, ട്രാഫിക് നിയന്ത്രണം എന്നീ അത്യാവശ്യ ഡ്യൂട്ടികളാണ് എയ്ഡ് പോസ്റ്റിൽ നിന്നും നിർവ്വഹിച്ചുവരുന്നത്. പ്രസ്തുത എയ്ഡ് പോസ്റ്റിൽ പരാതികൾ സ്വീകരിക്കുന്നില്ല.

തഴവ ഔട്ട് പോസ്റ്റ് പോലീസ് സ്റ്റേഷനായി ഉയർത്തുന്നത് സർക്കാരിന്റെ പരിഗണനയിലില്ല.

## മലപ്പുറം ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ

143 (2018) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പോലീസ് സ്റ്റേഷനുകൾ വിഭജിച്ച് പുതിയ പോലീസ് സ്റ്റേഷനുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ പുളിക്കൽ/ഐക്കരപ്പടി ആസ്ഥാനമാക്കി പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ നിലമ്പൂർ, കൊണ്ടോട്ടി എന്നിവിടങ്ങളിൽ പുതിയ ഡി.വൈ.എസ്.പി.ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്.

(സി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പൂർണ്ണമായി നടപ്പിലാക്കുന്ന മുറയ്ക്ക് കൂടുതൽ ഡിവിഷൻ സംസ്ഥാനത്ത് ആവശ്യമായി വരുന്നതാണ്. ടി അവസരത്തിൽ മലപ്പുറം ജില്ലയിൽ കൂടുതൽ ഡിവൈ.എസ്.പി. ഓഫീസുകൾ ആരംഭിക്കുന്ന കാര്യത്തിൽ യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ പുതിയ പോലീസ് സ്റ്റേഷനുകൾ**

144 (2019) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ 26 കിലോമീറ്ററിലധികം ദൈർഘ്യമുള്ള ഈരാറ്റുപേട്ട പോലീസ് സ്റ്റേഷന്റെ പരിധി വിഭജിച്ച് പൂഞ്ഞാർ കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട കേന്ദ്രമാക്കി ഡി.വൈ.എസ്.പി. ഓഫീസ് ആരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പൂഞ്ഞാർ മണ്ഡലത്തിൽകൂടി കടന്നുപോകുന്ന ശബരിപാതയിലെ പ്രധാന കേന്ദ്രമായ മുക്കൂട്ടുതറയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഇതിനകം പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തീകരിക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകിവരുന്നത്.

(ബി) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പൂർണ്ണമായും

പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ പോലീസ് ഡിവിഷനുകളും വിഭജിക്കേണ്ടതായിവരും. ആ അവസരത്തിൽ പത്തനംതിട്ട ജില്ലയിൽ കൂടുതൽ ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ശബരിമല മണ്ഡല-മകരവിളക്ക് സമയത്ത് മാത്രമാണ് മുക്കൂട്ടുതറ ഭാഗത്ത് തിരക്ക് അനുഭവപ്പെടുന്നത്. ഈ സമയത്ത് ഉദ്ദേശം 500 പോലീസുദ്യോഗസ്ഥരെ ക്രമസമാധാനപാലനത്തിനായി നിയോഗിക്കാറുണ്ട്. ആയതിനാൽ മുക്കൂട്ടുതറ ഭാഗത്ത് പുതിയതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കേണ്ട ആവശ്യകത ഇപ്പോൾ നിലവിലില്ല.

**കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജനം**

145 (2020) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 2018-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ ശരാശരി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിലെ പോലീസ് സ്റ്റേഷനുകളിൽ 2018-ൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണത്തിൽ ഏറ്റവും കൂടുതലുള്ള ആദ്യത്തെ പത്ത് സ്റ്റേഷനുകളുടെ പേരും എണ്ണവും വ്യക്തമാക്കാമോ;

(സി) കൊയിലാണ്ടി പോലീസ് സ്റ്റേഷന്റെ അധികാര പരിധി (ചതുരശ്ര കി.മീറ്ററിൽ) എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള നടപടികൾക്ക് തുടക്കമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേസുകളുടെ ശരാശരി 1066.56 ആണ്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 153.5 ചതുരശ്ര കി.മീറ്റർ

(ഡി) നിവേദനം ലഭിച്ചിട്ടുണ്ട്. കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന നിവേദനം സർക്കാർ പരിശോധിക്കുകയും പോലീസ് സ്റ്റേഷനുകളിലെ ജോലിഭാരം നിർണ്ണയിക്കുന്നത്

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംബന്ധിച്ച് നടത്തിവരുന്ന സ്റ്റഡി പൂർത്തിയായശേഷം കൊയിലാണ്ടി പോലീസ് സ്റ്റേഷൻ വിഭജിക്കുന്ന വിഷയം സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് 11-6-2015-ലെ 102308-ഇ 1/2014/ആഭ്യന്തരം കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു.

എന്നാൽ ഇപ്പോൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾക്കാണ് മുൻഗണന നൽകുന്നത്.

## ഫോർട്ട് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 930/2018

146 (2021) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോർട്ട് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 930/2018-കേസിൽ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേസിലെ പ്രതികളുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ; ഏതൊക്കെ വകുപ്പുകൾ അനുസരിച്ചാണ് കേസ് ചാർജ്ജ് ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ കേസിലെ പ്രതികളെ അറസ്റ്റ് ചെയ്ത് വിട്ടയക്കുകയോ മൊഴി രേഖപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രതികൾ കൃത്യത്തിന് ഉപയോഗിച്ച വാഹനം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വാഹനമെന്നും രജിസ്ട്രേഷൻ നമ്പരും വെളിപ്പെടുത്തുമോ;

(ഇ) ഈ കേസിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം 930/2018 u/s 341, 294(b), 323, 506 & IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ പ്രതികളായ ഷറഫുദ്ദീൻ, സുൽഫിക്കർ, സുധീർ എന്നിവരുടെ അറസ്റ്റ് രേഖപ്പെടുത്തി അന്വേഷണം പൂർത്തിയാക്കി 11-5-2018 തീയതിയിൽ ബഹുമാനപ്പെട്ട കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കേസ് വിചാരണയിലാണ്.

(ബി) ഫോർട്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 930/2018 കേസിലെ സെക്ഷൻ 341, 294(b), 323, 506 & IPC പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രതികളുടെ പേരും മേൽവിലാസവും ചുവടെ ചേർക്കുന്നു:

| ക്രൈം നമ്പർ | പേര് | വിലാസം |
|---|---|---|
| 1 | ഷറഫുദ്ദീൻ | റ്റി.സി.41/2442, ഖാദിയ മൻസിൽ, കുര്യാത്തി, മണക്കാട് |
| 2 | സുൽഫിക്കർ, S/o ഷറഫുദ്ദീൻ | റ്റി.സി.41/2442, ഖാദിയ മൻസിൽ, കുര്യാത്തി, മണക്കാട്. |
| 3 | സുധീർ, S/o ഷറഫുദ്ദീൻ | റ്റി.സി.41/2442, ഖാദിയ മൻസിൽ, കുര്യാത്തി, മണക്കാട് |

(സി) പ്രതികളെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തശേഷം സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയച്ചു. മൊഴി രേഖപ്പെടുത്തിയിട്ടില്ല.

(ഡി) കണ്ടെത്തിയിട്ടുണ്ട്. KL-01-BJ 7413 എന്ന ഓട്ടോറിക്ഷയാണ് പ്രതികൾ കൃത്യത്തിന് ഉപയോഗിച്ചത്.

(ഇ) അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. കുറ്റപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

## കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സിലെ കെട്ടിടങ്ങൾ

147 (2022) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സിൽ വാസയോഗ്യമായ കെട്ടിടങ്ങൾ എത്രയെന്നും അവയിൽ നിലവിൽ താമസക്കാരുണ്ടോയെന്നും അറിയിക്കുമോ;

(ബി) ഇവിടെയുള്ള ക്വാർട്ടേഴ്സുകളിൽ നീക്കം ചെയ്യപ്പെടേണ്ട നിലയിലുള്ളവ എത്രയെന്ന് വിശദീകരിക്കുമോ;

(സി) തകർന്ന ക്വാർട്ടേഴ്സുകൾ നീക്കം ചെയ്ത് ഫ്ലാറ്റ് മാതൃകയിലുള്ള ക്വാർട്ടേഴ്സ് സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(ഡി) ക്വാർട്ടേഴ്സ് നിൽക്കുന്ന പ്രദേശത്ത് നിന്ന് ഫയർഫോഴ്സ് മന്ദിരം നിർമ്മിക്കുന്നതിനുള്ള സ്ഥലം വിട്ടുനൽകിയതിനുശേഷം ബാക്കിയുണ്ടാകുന്ന സ്ഥലത്തിന്റെ വിസ്തൃതി എത്രയെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കരുനാഗപ്പള്ളി പോലീസ് ക്വാർട്ടേഴ്സിൽ വാസയോഗ്യമായ 5 കെട്ടിടങ്ങളുണ്ട്. ടി 5 ക്വാർട്ടേഴ്സിലും നിലവിൽ താമസക്കാരുണ്ട്.

(ബി) നീക്കം ചെയ്യപ്പെടേണ്ട 18 ക്വാർട്ടേഴ്സുകളുണ്ട്.

(സി) ഇക്കാര്യം സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

(ഡി) കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ കോമ്പൗണ്ടുൾപ്പെടെ ആകെയുള്ള സ്ഥലം 73.40 ആർസ് ആണ്. ഇതിൽ നിന്നും 20 സെന്റ് ഭൂമി ഫയർഫോഴ്സ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അളന്ന് തിട്ടപ്പെടുത്തിയിട്ടുള്ളതാണ്. ബാക്കിയുള്ള 65.31 ആർസ് (ഒരേക്കർ 61.25 സെന്റ്) ഭൂമിയാണ് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷന്റെ കൈവശമുള്ളത്.

**എ.എസ്.ഐ.യുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷ**

148 (2023) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.എസ്.ഐ. നമ്പർ 1274018 ആയി പോലീസ് വകുപ്പിൽ ജോലി നോക്കി വരുന്ന ശ്രീ. ജോർജ്. റ്റി. വർഗീസ് സമർപ്പിച്ച മെഡിക്കൽ റീ-ഇംബേഴ്സ്മെന്റിനുള്ള അപേക്ഷ (F1/230395/16)നാളിതുവരെ തീർപ്പാക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) എന്തെങ്കിലും അപാകത ഉള്ളതുകൊണ്ടാണ് അപേക്ഷ തീർപ്പാക്കാത്തത് എങ്കിൽ അപാകത പരിഹരിച്ച് എന്ന് തുക അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ശ്രീ. ജോർജ് റ്റി. വർഗ്ഗീസ് (എ.എസ്.ഐ.) സമർപ്പിച്ച മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് 31-5-18-ലെ സ.ഉ.(സാധാ) നമ്പർ 1543/18/ആഭ്യന്തരം ഉത്തരവ് പ്രകാരം തീർപ്പാക്കുകയും തുക 30-8-2018-ൽ അപേക്ഷകന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## കൊല്ലം റൂറൽ പോലീസ് ജില്ല ആസ്ഥാനം

149 (2024) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എ.ആർ. ക്യാമ്പോ ജില്ല ആസ്ഥാനമോ ഇല്ലാത്ത പോലീസ് ജില്ലകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) കൊല്ലം റൂറൽ പോലീസ് ജില്ലയിൽ ജില്ല ആസ്ഥാനം രൂപീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പുതുതായി രൂപം കൊടുത്ത കൊല്ലം റൂറൽ, തൃശ്ശൂർ റൂറൽ എന്നീ പോലീസ് ജില്ലകൾക്ക് സ്വന്തമായി എ.ആർ.ക്യാമ്പും ആസ്ഥാനമന്ദിരവും നിലവിലില്ല. ഇതിനായി സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും നൽകിയിട്ടുണ്ട്.

## കൊല്ലം പോലീസ് ജില്ല വിഭജനം

150 (2025) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പോലീസ് ജില്ല വിഭജിച്ച് കൊല്ലം സിറ്റി, കൊല്ലം റൂറൽ ജില്ലകൾ രൂപീകരിച്ചതിന്റെ ഭാഗമായി റൂറൽ ജില്ലയ്ക്ക് കൊല്ലം എ.ആർ. ക്യാമ്പിൽ നിന്നും നിയമപരമായി അനുവദിക്കേണ്ട തസ്തികകൾ കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കൊല്ലം സിറ്റി, റൂറൽ പോലീസ് ജില്ലകളിൽ എ.ആർ.-ലോക്കൽ ഇന്റഗ്രേഷൻ നടപടികൾ നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇന്റഗ്രേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

## തലസ്ഥാന നഗരിയിലെ അനധികൃത പാർക്കിംഗ്

151 (2026) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ അട്ടക്കുളങ്ങര മുതൽ യു.എ.ഇ. എംബസിക്ക് മുന്നിലൂടെ പോകുന്ന ഇടുങ്ങിയ റോഡിന്റെ ഇരുവശങ്ങളിലും പകൽ സമയത്തും

രാത്രിയിലും അനധികൃത പാർക്കിംഗ് നടത്തുന്നതിന് പിഴ ഈടാക്കാൻ നിയോഗിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ നിയമലംഘകരായ സാധാരണക്കാരിൽ നിന്ന് മാത്രം പിഴ ചുമത്തി നാമമാത്രമായി നിയമം നടപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുമോ;

(ബി) ഈ റോഡിലൂടെ വിഴിഞ്ഞം, കോവളം, ആറ്റുകാൽ, ബീമാപള്ളി, ചാല തുടങ്ങിയ പ്രധാനപ്പെട്ട ഇടങ്ങളിലേയ്ക്ക് യാത്ര ചെയ്യേണ്ടവർക്ക് ഇവിടങ്ങളിലെ അനധികൃത പാർക്കിംഗ്മൂലം നേരിടേണ്ടി വരുന്ന ദുരിതം അകറ്റാൻ കർശന നിർദ്ദേശം നൽകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടക്കുളങ്ങര മുതൽ യു.എ.ഇ. കോൺസുലേറ്റ് വരെയുള്ള റോഡിൽ അട്ടക്കുളങ്ങര ജംഗ്ഷനിലും മണക്കാട് ജംഗ്ഷനിലും ട്രാഫിക് പോയിന്റ് ഡ്യൂട്ടിക്കായി മൂന്ന് പോലീസുദ്യോഗസ്ഥരെ സ്ഥിരമായി നിയമിച്ചിട്ടുള്ളതും കൂടാതെ തിരക്കുള്ള സമയങ്ങളിൽ Traffic Enforcement-ന്റെ വാഹനങ്ങളിൽ പട്രോളിംഗും ബൈക്ക് പട്രോളിംഗും നടത്തിവരാറുമുണ്ട്. ഈ പ്രദേശങ്ങളിൽ അനധികൃത പാർക്കിംഗുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 2295 വാഹനങ്ങൾക്ക് പിഴ ചുമത്തിയിട്ടുള്ളതും 34 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത റോഡിൽ അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി യു.എ.ഇ. കോൺസുലേറ്റിന് മുൻവശം റോഡിൽ No Parking ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതും ഗതാഗതം സുഗമമാക്കാൻവേണ്ടി ട്രാഫിക് ക്രമീകരണങ്ങൾ നടത്തിവരുന്നതുമാണ്. ടി ഭാഗത്ത് ട്രാഫിക് സെക്ടർ ചാർജ്ജ് വഹിക്കുന്ന സബ് ഇൻസ്പെക്ടർ പട്രോളിംഗ് നടത്തി നിയമലംഘനം നടത്തുന്നവർക്കെതിരെ No Parking Sticker പതിച്ച് ഫൈൻ ഈടാക്കി കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**കാസർകോട് ജില്ലയിൽ പോലീസ് കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ**

152 (2027) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ പോലീസ് കസ്റ്റഡിയിലെടുത്ത് ഇതുവരെ വിട്ടുകൊടുക്കാത്ത എത്ര വാഹനങ്ങളുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇരുചക്ര വാഹനങ്ങൾ അടക്കം ഈ വാഹനങ്ങൾ ഏത് ഗണത്തിൽപ്പെടുന്നതാണെന്നും ഉടമകൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) എന്ത് കുറ്റം ചുമത്തിയാണ് ഈ വാഹനങ്ങൾ കസ്റ്റഡിയിലെടുത്തതെന്നും ഇതുമായി ബന്ധപ്പെട്ട കേസ്സുകളുടെ ഇപ്പോഴത്തെ നില എന്താണെന്നും വ്യക്തമാക്കാമോ;

(ഡി) എത്രകാലമായിട്ടാണ് ഈ വാഹനങ്ങൾ പോലീസ് കസ്റ്റഡിയിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) വാഹന ഉടമകൾക്ക് വാഹനം കസ്റ്റഡിയിൽ എടുത്തതിന് ശേഷം രസീത് നൽകിയിട്ടുണ്ടോ; എങ്കിൽ രസീത് നമ്പരുകൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ പോലീസ് കസ്റ്റഡിയിലെടുത്ത് ഇതുവരെ വിട്ടുകൊടുക്കാത്ത 1536 വാഹനങ്ങളുണ്ട്. ടി വാഹനങ്ങൾ വിവിധ കേസ്സുകളിലുൾപ്പെട്ട് കോടതിയിൽ ഹാജരാക്കിയവയാണ്. കോടതി നിർദ്ദേശപ്രകാരമാണ് ടി വാഹനങ്ങൾ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചുവരുന്നത്. ആയത് കോടതി ഉത്തരവുപ്രകാരമേ വിട്ടുനൽകാൻ സാധിക്കുകയുള്ളൂ. പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി-ഡി) ഇരുചക്ര വാഹനങ്ങളടക്കം ടി വാഹനങ്ങൾ ഏത് ഗണത്തിൽപ്പെടുന്നു വെന്നും എന്ത് കുറ്റംചുമത്തിയാണ് ഈ വാഹനങ്ങൾ കസ്റ്റഡിയിലെടുത്തതെന്നും ഇതുമായി ബന്ധപ്പെട്ട കേസ്സുകളുടെ നിലവിലെ സ്ഥിതിയും എത്രകാലമായിട്ടാണ് ഈ വാഹനങ്ങൾ പോലീസ് കസ്റ്റഡിയിലുള്ളതെന്നുമുള്ള വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ഇ) കേസ്സിലുൾപ്പെടുന്ന വാഹനങ്ങൾ മഹസ്സർ പ്രകാരമാണ് ബന്തവസ്സിലെടുക്കുന്നത്. അത്തരം വാഹനങ്ങൾക്ക് രസീത് നൽകാറില്ല.

## കാസർകോട് ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

153 (2028) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർകോട് ജില്ലയിൽ കൊലപാതകം, കൊലപാതകശ്രമം, കവർച്ച എന്നിവ ചുമത്തി എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കേസുകളിൽ എല്ലാ പ്രതികളും പിടിക്കപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ പ്രതികളെ പിടികൂടാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കവർച്ച കേസുകളിൽ അപഹരിക്കപ്പെട്ട വസ്തുക്കൾ എന്തൊക്കെയാണെന്നും ഓരോ കേസിലും കണക്കാക്കിയ നഷ്ടം എത്ര തുകയാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രതികളെ തിരിച്ചറിയാത്ത കേസുകളും തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാത്ത കേസുകളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി)

| ക്രൈം ഹെഡ് | ആകെ കേസുകളുടെ എണ്ണം | എല്ലാ പ്രതികളെയും പിടിച്ച കേസുകളുടെ എണ്ണം |
|---|---|---|
| കൊലപാതകം | 28 | 27 |
| കൊലപാതക ശ്രമം | 48 | 47 |
| കവർച്ച (Dacoity & Robbery) | 91 | 59 |

(സി) പ്രതികളെ പിടികൂടാൻ കഴിയാത്ത കേസുകളിലധികവും പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ലാത്ത കവർച്ച കേസുകളാണ്. ചില കേസുകളിൽ പ്രതികൾ ഒളിവിലുമാണ്.

(ഡി) കവർച്ച കേസുകളിൽ അപഹരിക്കപ്പെട്ട മുതലുകൾ സ്വർണ്ണം, വാഹനങ്ങൾ, പണം, കുരുമുളക്, മൊബൈൽ, വീഡിയോ ക്യാമറ മുതലായവയാണ്.

(ഇ) പ്രതികളെ തിരിച്ചറിഞ്ഞിട്ടും അറസ്റ്റ് ചെയ്യാത്ത കേസുകൾ നിലവിലില്ല.

**മലേഷ്യയിൽ നടന്ന ദുരൂഹ മരണത്തെക്കുറിച്ചുള്ള അന്വേഷണം**

154 (2029) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൾ ആലംകോട് കാട്ടുവിള വീട്ടിൽ ലാം അബ്ദുൾ വാഹീദ് മലേഷ്യയിൽ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ട സംഭവത്തിൽ അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് പരേതന്റെ ഭാര്യ ദീന ഷാഹുൽ 16-1-2019-ൽ നൽകിയ പരാതിയിൽ പോലീസ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ശ്രീമതി ദീന ഷാഹുൽ 16-1-2019-ൽ നൽകിയ പരാതിയിൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി അന്നേദിവസംതന്നെ എസ്.റ്റി.3/6403/2019 നമ്പരായി എ.ഡി.ജി.പി. ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈംബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റിലെ ഡിറ്റക്ടീവ് ഇൻസ്പെക്ടർ ശ്രീ. എൻ. വിജയകുമാറിന്റെ നേതൃത്വത്തിൽ അന്വേഷണത്തിലുമാണ്. മലേഷ്യൻ പോലീസ് ഇതുമായി ബന്ധപ്പെട്ട് No.R1-88207 (84/19) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

## ചാലക്കുടിയിലെ പോലീസ് ഓഫീസുകൾക്ക് ഒറ്റ കെട്ടിട സമുച്ചയം

155 (2030) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടിയിലെ വിവിധ പോലീസ് ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലാ പോലീസ് മേധാവി ഒരു കെട്ടിട സമുച്ചയത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു.

## ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നിയമനം സംബന്ധിച്ച പരാതി

156 (2031) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കെ.ടി. അദീബിനെ ജനറൽ മാനേജരായി നിയമിച്ചതിനെതിരെ 2018 നവംബർ മൂന്നിന് വിജിലൻസ് ഡയറക്ടർക്ക് ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരിൽ നിന്നാണ് പരാതി ലഭിച്ചത്; പ്രസ്തുത പരാതി 2018 നവംബർ 28-ന് വിജിലൻസ് ഡയറക്ടർ സർക്കാരിന് കൈമാറുകയുണ്ടായോ;

(സി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പരാതിയിന്മേലുള്ള നടപടികൾ അനന്തമായി നീണ്ടുപോകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അഡ്വക്കേറ്റ് പി. കെ. ഫിറോസ്, ജനറൽ സെക്രട്ടറി, മുസ്ലീം യൂത്ത് ലീഗിന്റേതായി ലഭിച്ച ഇ-മെയിൽ പരാതി വിജിലൻസ് ഡയറക്ടറുടെ 28-11-2018-ലെ കത്ത് പ്രകാരം സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

(സി & ഡി) പ്രസ്തുത പരാതി പരിശോധിച്ചുവരുന്നു.

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ കത്ത്**

157 (2032) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ ഓഫീസിൽ നിന്നും 28-11-2018 ന് അയച്ച 35106/18-ാം നമ്പർ കത്ത് സെക്രട്ടേറിയറ്റിലെ വിജിലൻസ് വകുപ്പിൽ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുള്ള പരാതി എന്താണെന്ന് വിജിലൻസ് വകുപ്പിലെ ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; പ്രസ്തുത കത്തിൽ പരാമർശിച്ചിട്ടുള്ള പരാതി സംബന്ധിച്ച് എന്തെങ്കിലും തീരുമാനം/ഉത്തരവ് ആയിട്ടുണ്ടോ; വിശദമായ വിവരം നൽകുമോ;

(സി) വിജിലൻസ് ഡയറക്ടറുടെ പ്രസ്തുത നമ്പർ കത്ത് മറ്റേതെങ്കിലും വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ടോ; എങ്കിൽ അയയ്ക്കുവാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇത് സംബന്ധിച്ച് പ്രസ്തുത വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ കെ. ടി. അദീബിനെ നിയമിച്ചതിനെതിരെ അഡ്വക്കേറ്റ് പി. കെ. ഫിറോസ്, ജനറൽ സെക്രട്ടറി, മുസ്ലീം യൂത്ത് ലീഗിന്റേതായി ലഭിച്ച ഇ-മെയിൽ പരാതി വിജിലൻസ് ഡയറക്ടറുടെ 28-11-2018-ലെ 35106/18 നമ്പർ കത്ത് പ്രകാരം സർക്കാരിൽ 29-11-2018-ൽ ലഭിച്ചിട്ടുണ്ട്. ആയത് വിജിലൻസ് വകുപ്പ് ഫയലിൽ പരിശോധിച്ചുവരുന്നു.

## കോടതി ജീവനക്കാരുടെ ഇന്റഗ്രേഷൻ

158 (2033) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സിവിൽ കോടതികളിലേയും ക്രിമിനൽ കോടതികളിലേയും ജീവനക്കാരുടെ ഇന്റഗ്രേഷൻ സംബന്ധിച്ച് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(ബി) ഇന്റഗ്രേഷൻ നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പ്രസ്തുത നിർദ്ദേശം പൂർണ്ണമല്ലാത്തതിനാൽ പൂർണ്ണമായ നിർദ്ദേശം സമർപ്പിക്കാൻ രജിസ്ട്രാറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ഇല്ല.

(സി) ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സർവ്വീസ് സ്പെഷ്യൽ റൂൾസ്, കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവ ഭേദഗതി ചെയ്യുന്നതിനുള്ള മുഴുവൻ പുതുക്കിയ പ്രൊപ്പോസലുകളും ഹൈക്കോടതി രജിസ്ട്രാർ ലഭ്യമാക്കിയതിനുശേഷം മാത്രമേ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## അതിവേഗ കോടതികൾ

159 (2034) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അതിവേഗ കോടതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ പേരിൽ എടുത്തിട്ടുള്ള കേസുകൾ കാലതാമസം ഒഴിവാക്കുന്നതിനായി അതിവേഗ കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അതിവേഗ കോടതികൾ നിലവിലില്ല.

(ബി) കുട്ടികൾക്കെതിരായ അതിക്രമങ്ങളുടെ പേരിലെടുത്തിട്ടുള്ള കേസുകൾ വിചാരണ ചെയ്യുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രത്യേക കോടതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ മറ്റ് 11 ജില്ലകളിലെ 1-ാം അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതിയെ Commission for Protection of Child Rights Act, 2005 പ്രകാരം കുട്ടികൾക്കായുള്ള കോടതിയായി വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതിവേഗ കോടതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## തൃശ്ശൂർ ജില്ലയിൽ വിവിധ കോടതികൾ ആരംഭിക്കുന്നതിനുള്ള നടപടി

160(2035) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ എസ്.സി/എസ്.ടി. സ്പെഷ്യൽ കോടതിയും പോക്സോ കോടതിയും ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) ജില്ലയിൽ എവിടെയാണ് പ്രസ്തുത കോടതികൾ അനുവദിക്കുക എന്ന് അറിയിക്കാമോ;

(ഡി) ഈ കോടതികളുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) പട്ടികജാതി പട്ടികവർഗ്ഗ അതിക്രമങ്ങൾ തടയൽ ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്ത് കോടതികളിൽ വിചാരണയിലിരിക്കുന്ന കേസുകളുടെ ജില്ല തിരിച്ചുള്ള എണ്ണത്തിന്റെ ബാഹുല്യം കണക്കിലെടുത്ത് തയ്യാറാക്കിയ പുതുക്കിയ മുൻഗണനാ പട്ടിക പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം ജില്ലകളിൽ മൂന്ന് സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ

1. 'തിരുവനന്തപുരം' ജില്ലാ അധികാര പരിധിയായി തിരുവനന്തപുരത്തും
2. ആലപ്പുഴ, കോട്ടയം ജില്ലകളുടെ അധികാരപരിധിയിൽ 'പത്തനംതിട്ട'യിലും

3. 'ഇടുക്കി'യിൽ ഇടുക്കി, എറണാകുളം ജില്ലകളുടെ അധികാരപരിധി ഉൾപ്പെടുത്തി കോടതികൾ രൂപീകരിക്കുന്ന വിഷയവും പാലക്കാട്, മലപ്പുറം, വയനാട് എന്നീ സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്പെഷ്യൽ കോടതികളുടെ അധികാരപരിധി പുനഃക്രമീകരിച്ച് എല്ലാ ജില്ലകളിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തണമെന്ന വിഷയവും സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. തൃശ്ശൂർ ജില്ലയിലുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പോക്സോ കോടതികൾ ആരംഭിക്കുന്നതിന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ ചെയ്തിട്ടുണ്ട്. ഈ വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

**പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണം**

161 (T* 2036) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് സി4/276/2018 ആഭ്യന്തരം നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിൽ ലഭിച്ച എസ്റ്റിമേറ്റ് സി4/276/2018/ആഭ്യന്തരം നമ്പർ ഫയലിൽ പരിശോധിക്കുകയും പ്രസ്തുത പ്രൊപ്പോസൽ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ സമർപ്പിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് (സബോർഡിനേറ്റ് ജൂഡീഷ്യറി) ആവശ്യപ്പെട്ടിട്ടുമുണ്ട്.

(ബി) പ്രൊഫോർമാ വിവരങ്ങൾ ഹൈക്കോടതി രജിസ്ട്രാറിൽനിന്ന് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും തുടർന്ന് പ്രവർത്തനം ആരംഭിക്കാവുന്നതുമാണ്.

**നെയ്യാറ്റിൻകരയിൽ കുടുംബകോടതി**

162 (T* 2037) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകരയിൽ അനുവദിച്ച കുടുംബകോടതി തുടങ്ങുന്നതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കുടുംബകോടതി ആരംഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കുടുംബകോടതിയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എത്ര ജീവനക്കാരുടെ സേവനമാണ് കുടുംബകോടതിയ്ക്ക് ആവശ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) കോടതിയ്ക്ക് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ എന്നും എവിടെയാണ് സ്ഥലം ലഭിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) നെയ്യാറ്റിൻകരയിൽ കുടുംബ കോടതി ആരംഭിക്കണമെന്ന നെയ്യാറ്റിൻകര ബാർ അസോസിയേഷന്റെ 28-6-2013-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ 29-9-2015-ൽ ഹൈക്കോടതി രജിസ്ട്രാർ (Subordinate Judiciary) ഒരു പ്രൊപ്പോസൽ സർക്കാരിന് നൽകുകയുണ്ടായി. ആയതുപ്രകാരം 30 തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ പ്രൊപ്പോസലിൽ കോടതി സ്ഥാപിക്കാനുള്ള സ്ഥലം എവിടെയാണെന്ന് പരാമർശിച്ചിരുന്നില്ല. തുടർന്ന് സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കോടതി സ്ഥാപിക്കാനുള്ള സ്ഥലം ലഭ്യമാകാതെ സ്റ്റാഫ് പാറ്റേൺ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അനുമതി നൽകാൻ കഴിയില്ലെന്ന് സർക്കാർ വിലയിരുത്തി. ഈ വിഷയം ഹൈക്കോടതി രജിസ്ട്രാറുമായി ബന്ധപ്പെട്ടത് അനുസരിച്ച് ഹൈക്കോടതി രജിസ്ട്രാർ 28-3-2016-ൽ ഒരു റിപ്പോർട്ടുകൂടി നൽകി. പ്രസ്തുത റിപ്പോർട്ടിൽ നെയ്യാറ്റിൻകരയിൽ Women's Cell പ്രവർത്തിച്ചിരുന്ന സ്ഥലത്ത് കോടതി സ്ഥാപിക്കാനുള്ള സ്ഥലവും കെട്ടിടവും ലഭ്യമാണെന്നും അവിടെ കോടതി സ്ഥാപിക്കാനാകുമെന്നും റിപ്പോർട്ട് ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ Women's Cell പ്രവർത്തിക്കുന്ന കെട്ടിടം കോടതി സ്ഥാപിക്കാൻ ലഭ്യമാകുന്നതിനെ സംബന്ധിച്ച് പോലീസ് മേധാവിയുടെ റിപ്പോർട്ട് ആരാഞ്ഞു. പോലീസ് മേധാവി നൽകിയ റിപ്പോർട്ടിൽ റവന്യൂ വകുപ്പിന്റെ അധീനതയിൽപ്പെട്ട കെട്ടിടത്തിലാണ് ഇപ്പോൾ G.O.(Rt) No.464/16/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം തിരുവനന്തപുരം റൂറൽ എ.ആർ. ക്യാമ്പ് പ്രവർത്തിച്ചു വരുന്നതെന്നും നെയ്യാറ്റിൻകരയിൽ പ്രവർത്തിച്ചുവരുന്ന വനിത സഹായസെൽ ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്ത് നിന്ന് മാറ്റിസ്ഥാപിച്ചാൽ ആയതിന് പകരമായി മറ്റ് സ്ഥലങ്ങൾ ലഭ്യമല്ലെന്നും അറിയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ നെയ്യാൻകരയിൽ ഫാമിലി കോടതി സ്ഥാപിക്കാനാവശ്യമായ സ്ഥലം ലഭ്യമല്ലെന്ന അവസ്ഥയാണുള്ളത്. നെയ്യാറ്റിൻകരയിൽ കുടുംബകോടതി ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി നിർദ്ദേശിക്കാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും റിപ്പോർട്ട് ഇതുവരെ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് മാത്രമേ കുടുംബകോടതിയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ.

**തടവുകാരെ വിട്ടയച്ച ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിധി**

163 (2038) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ മുൻ എൽ.ഡി.എഫ്.സർക്കാരിന്റെ കാലത്ത് 209 തടവുകാരെ വിട്ടയച്ച ഉത്തരവ് കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ബി) എന്ത് കാരണത്താലാണ് ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കിയത്; വിശദമാക്കുമോ;

(സി) ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; ഇതിനുള്ള നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) ഹൈക്കോടതി വിധി സർക്കാരിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി സർക്കാർ പരിഗണിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 161 പ്രകാരമുള്ള അധികാരം ബഹുമാനപ്പെട്ട ഗവർണർ വിനിയോഗിച്ചതിന് ഉപോൽബലകമായ വസ്തുതകളോ കാരണമോ വെളിപ്പെടുത്തിയിട്ടില്ലെന്നും ഓരോ തടവുകാരന്റെയും വിടുതൽ സംബന്ധിച്ചും ക്രിമിനൽ നടപടി സംഹിതയുടെ 433 എ വകുപ്പിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള പ്രത്യേക കാരണങ്ങൾ, വിടുതൽ സംബന്ധിച്ച തീരുമാനങ്ങളെടുക്കുന്നതിന് ആവശ്യമായ രേഖകളും മന്ത്രിസഭയ്ക്കും ബഹുമാനപ്പെട്ട ഗവർണർക്കും ലഭ്യമാക്കിയില്ലായെന്നുമുള്ള കാരണങ്ങളാലാണ് പ്രസ്തുത ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയത്.

(സി&ഡി) പരിശോധിച്ചുവരുന്നു.

**കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുവേണ്ടി വാഹനങ്ങൾ**

164 (2039) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനുവേണ്ടി ജി.ഒ. (എം എസ്.) നമ്പർ 209/2018/ആഭ്യന്തരം ജി.ഒ. (എം എസ്.) നമ്പർ 208/2018/ആഭ്യന്തരം എന്നിവ പ്രകാരം എത്ര വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത വാഹനങ്ങൾ ഏതെല്ലാം സ്റ്റേഷനുകളിലേക്കാണ് നൽകാൻ തീരുമാനിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) മഞ്ചേരി ഫയർ സ്റ്റേഷന് വാഹനം നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 29-12-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 209/2018/ആഭ്യന്തരം പ്രകാരം First Response Vehicles ഫാബ്രിക്കേറ്റ് ചെയ്യുന്നതിനായി 25 എണ്ണം Mahindra Imperio DC VX BSIV എന്ന ചേസിസുകൾ ആകെ 1,78,59,575 (ഒരു കോടി എഴുപത്തിയെട്ട് ലക്ഷത്തി അമ്പത്തൊമ്പതിനായിരത്തി അഞ്ഞൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് വാങ്ങാനായി അനുമതി നൽകിയിട്ടുണ്ട്.

28-12-18-ലെ സ.ഉ.(എം എസ്.) നമ്പർ 208/2018/ആഭ്യന്തരം പ്രകാരം Multi Utility Vehicle for Emergency Response ആയി ഉപയോഗിക്കാൻ 15 എണ്ണം Tata Xenon Crew Cab 4x4 BSIV വാഹനങ്ങൾ ആകെ 1,47,47,355 (ഒരു കോടി നാല്പത്തിയേഴ് ലക്ഷത്തി നാല്പത്തിയേഴായിരത്തി മുന്നൂറ്റി അമ്പത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് വാങ്ങാനായി അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത വാഹനങ്ങൾ വകുപ്പിൽ ലഭ്യമായിട്ടില്ല. ഫാബ്രിക്കേഷൻ പൂർത്തിയാക്കി അവ ലഭ്യമാകുന്നമുറയ്ക്ക് ഉപയോഗ ആവശ്യകതയുടെ അടിസ്ഥാനത്തിലാണ് വിവിധ നിലയങ്ങളിലേയ്ക്ക് അനുവദിക്കുന്ന കാര്യം തീരുമാനിക്കുന്നത്.

(സി) വകുപ്പിൽ പുതിയ വാഹനങ്ങൾ ലഭ്യമാകുമ്പോൾ ലഭ്യതയുടെയും ഉപയോഗ ആവശ്യകതയുടെയും അടിസ്ഥാനത്തിലാണ് വാഹനങ്ങൾ വിവിധ നിലയങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നത്.

**ബഹുനില കെട്ടിടങ്ങളിലെ അഗ്നിസുരക്ഷാ സംവിധാനം**

165 (2040) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുനില കെട്ടിടങ്ങളിൽ ഫലപ്രദമായ അഗ്നിസുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധന നടത്താറുണ്ടോ;

(ബി) പരിശോധനയിൽ വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; അറിയിക്കാമോ;

(സി) ബഹുനില കെട്ടിടങ്ങളിൽ അഗ്നിബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിന് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില ബഹുനില കെട്ടിടങ്ങളിൽ പരിശോധന നടത്തിയതിൽ വീഴ്ചയുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. അപാകത പരിഹരിക്കാത്ത കെട്ടിട ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകുന്നതിന് വകുപ്പുതലത്തിൽ നടപടി പുരോഗമിക്കുന്നു.

(സി) ബഹുനില കെട്ടിടങ്ങളിൽ KMBR/KPBR, NBC പ്രകാരവും വകുപ്പ് തലത്തിൽ തയ്യാറാക്കിയ ചെക്ക് ലിസ്റ്റ് പ്രകാരവും പരിശോധന നടത്തി അഗ്നിസുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയെന്ന് ഉറപ്പ് വരുത്തിയതിനു ശേഷമാണ് ഫയർ & റെസ്ക്യൂ വകുപ്പിൽ നിന്ന് എൻ.ഒ.സി. നൽകാറുള്ളത്. കൂടാതെ വർഷംതോറും പരിശോധനനടത്തി അഗ്നിസുരക്ഷാ സംവിധാനങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് എൻ.ഒ.സി. പുതുക്കി നൽകാറുള്ളത്.

**പുതുതായി ആരംഭിച്ച ഫയർ സ്റ്റേഷനുകൾ**

166 (2041) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന മുൻ സർക്കാരിൽ ലഭിച്ച ശിപാർശകളിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയർ സ്റ്റേഷനുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പുതുതായി മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മാവൂരിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ബി&സി) ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മാവൂരും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാൻ വകുപ്പ് തലവന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**അഗ്നിശമന-രക്ഷാസേവന വകുപ്പിലെ ജീവനക്കാർക്ക് നിയന്ത്രിത അവധി**

167 (2042) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന-രക്ഷാസേവന വകുപ്പിൽ ജീവനക്കാർക്ക് സർക്കാർ ഉത്തരവായിട്ടുള്ള നിയന്ത്രിത അവധി നൽകാറുണ്ടോ;

(ബി) ഇക്കഴിഞ്ഞ വർഷം ഏതെല്ലാം നിയന്ത്രിത അവധികളാണ് ഈ വകുപ്പിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പല യൂണിറ്റ് ഓഫീസർമാരും ഈ വകുപ്പിൽ നിയന്ത്രിത അവധി അനുവദിച്ചിട്ടില്ല എന്ന് പറഞ്ഞ് ജീവനക്കാർക്ക് അർഹമായ അവധി നൽകുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിനെ സംബന്ധിച്ച് സർക്കാർ തലത്തിൽ ഒരു അന്വേഷണം നടത്തി, കുറ്റക്കാരുടെ പേരിൽ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകി ഉത്തരവാകുമോ;

(ഇ) നിയന്ത്രിത അവധിക്ക് അർഹതയുള്ള മുഴുവൻ ജീവനക്കാർക്കും ആയത് നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാർച്ച് 12 - അയ്യാവൈകുണ്ഠ ദിനം

ആഗസ്റ്റ് 26 - ആവണി അവിട്ടം

സെപ്തംബർ 17 - വിശ്വകർമ്മദിനം

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) നിലവിൽ ഡ്യൂട്ടിയെ ബാധിക്കാത്ത വിധത്തിൽ നിയന്ത്രിതാവധി നൽകിവരുന്നു.

**അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ**

168 (2043) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് ലീഡിംഗ് ഫയർമാൻ, ഡ്രൈവർ, മെക്കാനിക്ക് വിഭാഗം ജീവനക്കാർ എന്നിവർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള അനുപാതം എന്താണ്;

(ബി) കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസിൽ 9:1 എന്ന അനുപാതത്തിൽ ജീവനക്കാർക്ക് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നത് ജീവനക്കാരുടെ എണ്ണം മാനദണ്ഡമാക്കിയാണോ; വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് നമ്പർ ജി.ഒ(ആർ.ടി)1574 തീയതി 16-6-2017 നിലനിൽക്കെ അഗ്നിരക്ഷാനിലയങ്ങളിൽ ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്ററെ മറി കടന്ന് ഫയർമാന് ജനറൽ ഡയറി ഉൾപ്പെടെയുള്ള അധികാരങ്ങൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 9:1

(ബി) അല്ല. ഉണ്ടാകുന്ന ഒഴിവുകളെ അടിസ്ഥാനമാക്കിയാണ് അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.

(സി) ഇല്ല. 10-01-2018-ലെ സ്റ്റാന്റിംഗ് ഉത്തരവ് നമ്പർ 1/18 പ്രകാരം സ്റ്റേഷൻ ചാർജ്ജ്, ജി.ഡി.ചാർജ്ജ് എന്നിവ സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനി ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിലൊഴികെ മറ്റെല്ലാ സ്റ്റേഷനുകളിലും സ്റ്റേഷന്റെ ചുമതല സ്റ്റേഷൻ ഓഫീസറിൽ നിക്ഷിപ്തമായിരിക്കും. സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കായിരിക്കണം സ്റ്റേഷൻ ചാർജ്ജ്. മറ്റാർക്കും സ്റ്റേഷൻ ചാർജ്ജ് കൊടുക്കാൻ പാടുള്ളതല്ല. എന്നാൽ മിനി ഫയർസ്റ്റേഷനുകളിൽ സ്റ്റേഷൻ ഓഫീസർ തസ്തികയില്ലാത്തതിനാൽ അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർക്കാണ് സ്റ്റേഷൻ ചുമതല. അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസറുടെ അഭാവത്തിൽ ലീഡിംഗ് ഫയർമാനായിരിക്കണം സ്റ്റേഷൻ ചാർജ്ജ് നൽകേണ്ടത്. മറ്റാർക്കും സ്റ്റേഷൻ ചാർജ്ജ് നൽകാൻ പാടുള്ളതല്ല.

**വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

169 (2044) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്തെന്ന് വ്യക്തമാക്കാമോ;

(ബി) തസ്തിക നിർണ്ണയവും തസ്തിക അനുവദിക്കുന്ന നടപടികളും അറിയിക്കുമോ; ഇത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) വാഹനങ്ങളും അനുബന്ധ ഉപകരണങ്ങളും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വളാഞ്ചേരി അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി വകുപ്പ് അംഗീകരിച്ച പ്ലാൻ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി & സി) വകുപ്പ് മേധാവി ശിപാർശ ലഭ്യമാക്കിയിരുന്നു. പ്രസ്തുത ശിപാർശ വിശദമായി പരിശോധിക്കുകയും ഫയർ സ്റ്റേഷൻ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയതിനുശേഷം തസ്തികകളും വാഹനങ്ങളും ഉപകരണങ്ങളും അനുവദിക്കുന്നതിനും ഫയർ സ്റ്റേഷൻ തുറന്നുപ്രവർത്തിക്കുന്നതിനുമുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണം**

170 (2045) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് വേണ്ടി വനം വകുപ്പിന്റെ സ്ഥലം വിട്ടുകിട്ടുന്നതിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ മുതലായവ പൊതുമരാമത്ത് അധികൃതരിൽ നിന്നും ലഭിച്ചിട്ടുണ്ടോ;

(ബി) ഇവ ലഭ്യമാക്കുവാൻ യൂസർ ഏജൻസി എന്ന നിലയിൽ എന്നാണ് പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) ആയത് ലഭിക്കാൻ താമസം നേരിടുന്ന സാഹചര്യത്തിൽ അവ വേഗത്തിൽ ലഭ്യമാക്കാൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ-സി) സ്ഥലം വിട്ടുനൽകുന്നതിന് വനം വകുപ്പിന് യൂസർ ഏജൻസി എന്ന നിലയിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ ലഭ്യമാക്കുന്നതിന് പത്തനംതിട്ട പൊതുമരാമത്ത് കെട്ടിട

വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 5-1-2018-ലെ കത്തുപ്രകാരം അപേക്ഷ നൽകിയിരുന്നു. 7-3-2018, 5-4-2018 തീയതികളിൽ ഓർമ്മക്കുറിപ്പുകൾ നൽകിയതുപ്രകാരം പ്ലാൻ ലഭിച്ചിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ് തുടങ്ങിയവ വേഗത്തിൽ ലഭിക്കുന്നതിനായി വകുപ്പ് മേധാവി അംഗീകരിച്ച പ്ലാൻ 20-12-2018-ൽ പത്തനംതിട്ട പൊതുമരാമത്ത് കെട്ടിടം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

## ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലും ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ഫയർ സ്റ്റേഷൻ

171 (2046) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലും ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ഫയർ സ്റ്റേഷൻ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ നിയമനം നടത്തുന്നതിനുള്ള തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രപരിസരത്ത് ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനായി കണ്ടെത്തിയ വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 560/372-ൽ ഉൾപ്പെട്ട കെട്ടിടങ്ങളില്ലാത്ത 10 സെന്റ് ഭൂമി ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. സെക്രട്ടേറിയറ്റിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ബി) ഫയർ സ്റ്റേഷനുകൾ ആരംഭിക്കാത്തതിനാൽ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## തേഞ്ഞിപ്പലം കേന്ദ്രമായി ഫയർ സ്റ്റേഷൻ

172 (2047) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പലം കേന്ദ്രമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതിക്കായി, സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി, സ്ഥലം വിട്ട് നൽകുന്നത് സംബന്ധിച്ച് കാലിക്കറ്റ് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) കരിപ്പൂർ എയർപോർട്ട് പാക്കേജിന് ഭരണാനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തേഞ്ഞിപ്പാലം ഫയർ സ്റ്റേഷൻ സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാ പട്ടികയിലോ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നിയോഗിച്ച ആർ.എം.എസ്.ഐ. നടത്തിയ പഠന റിപ്പോർട്ടിലോ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ലഭിച്ചിട്ടില്ല.

(സി) കരിപ്പൂർ എയർപോർട്ട് പാക്കേജിന് ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് കത്ത് ലഭിച്ചിട്ടില്ല.

**കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി**

173 (2048) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിൽ ഉരുൾപൊട്ടി 10 പേരുടെ ജീവൻ നഷ്ടപ്പെടുകയും, നെല്ലിയാമ്പതി പൂർണ്ണമായും ഒറ്റപ്പെടുകയും മറ്റ് നിരവധി പ്രദേശങ്ങളിൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും സംഭവിച്ചതും സംബന്ധിച്ച വിഷയം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട ജനങ്ങളെ രക്ഷിക്കുന്നതിനായി ഫയർ ആൻഡ് റസ്ക്യൂ സർവ്വീസിന്റെ മികച്ച സേവനം ലഭ്യമായിട്ടുണ്ടെന്നും എന്നാൽ നെന്മാറ നിയോജകമണ്ഡലത്തിൽ ഫയർ സ്റ്റേഷൻ ഇല്ല എന്നുമുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം വിഷയങ്ങൾ വിലയിരുത്തി സ്വന്തമായി സ്ഥലവും കെട്ടിട നിർമ്മാണത്തിന് ഫണ്ടും അനുവദിച്ചിട്ടുള്ള കൊല്ലങ്കോട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ നെന്മാറ നിയോജകമണ്ഡലത്തിന്റെ അടുത്തടുത്ത പ്രദേശങ്ങളായ ആലത്തൂരും വടക്കൻഞ്ചേരിയിലും ഫയർ സ്റ്റേഷനുണ്ട്.

(സി) കൊല്ലംങ്കോട് ഫയർ സ്റ്റേഷനുവേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ട്. ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകര ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

174(2049) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഫയർ സ്റ്റേഷനുവേണ്ടി പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഫയർസ്റ്റേഷന് പുതിയ മന്ദിരത്തിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## തടവുകാരുടെ ശിക്ഷായിളവ്

175 (2050) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളപ്പിറവിയുടെ വജ്രജൂബിലി പ്രമാണിച്ചും മഹാത്മാ ഗാന്ധിയുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായും ശിക്ഷാ ഇളവ് നൽകി തടവുകാരെ മോചിപ്പിക്കുവാൻ സർക്കാർ തീരുമാനം എടുത്തിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എത്ര തടവുകാരെ മോചിപ്പിക്കുവാനാണ് സർക്കാർ ശിപാർശ ചെയ്തിരുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ശിപാർശ ഗവർണർ അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കേരളപ്പിറവിയുടെ വജ്രജൂബിലി പ്രമാണിച്ച് 739 തടവുകാർക്കും മഹാത്മാഗാന്ധിയുടെ 150-ാം ജയന്തി ആഘോഷങ്ങളുടെ ഭാഗമായി 36 തടവുകാർക്കും ശിക്ഷായിളവ് നൽകി മോചിപ്പിക്കാൻ ബഹുമാനപ്പെട്ട ഗവർണറോട് ശിപാർശ ചെയ്തിരുന്നു.

(സി) അംഗീകരിച്ചിട്ടില്ല. ഓരോ തടവുകാരനെയും സംബന്ധിച്ചുള്ള പൂർണ്ണ വിവരങ്ങൾ, ശിക്ഷായിളവ് സംബന്ധിച്ച കേസ് ഫയലുകൾ എന്നിവ

ലഭ്യമാക്കണമെന്നും തടവുകാർക്ക് ശിക്ഷായിളവ് നൽകുന്നതിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞുകൊണ്ടുമാണ് ബഹുമാനപ്പെട്ട ഗവർണർ പ്രസ്തുത ശിപാർശ തിരികെ നൽകിയത്.

**അനധികൃത പരോൾ അനുവദിക്കുന്നതായ പരാതി**

176 (2051) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടവർക്ക് അനധികൃതമായി പരോൾ അനുവദിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കേസ്സിൽ ശിക്ഷിക്കപ്പെട്ട ആർക്കെങ്കിലും ഭരണസ്വാധീനം ഉപയോഗിച്ച് 380-ൽ പരം ദിവസം പരോൾ അനുവദിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആർക്കാണ് ഇപ്രകാരം പരോൾ അനുവദിച്ചത്;

(ഡി) ഇപ്രകാരം പരോൾ അനുവദിക്കുന്നതിൽ എന്തെങ്കിലും ചട്ടലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുമോ;

(ഇ) ചട്ടലംഘനം നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി-ഇ) ബാധകമല്ല.

**ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നതിലെ തടസ്സം**

177 (2052) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലുമാസമായി ഇ-ഗസറ്റ് പ്രസിദ്ധീകരണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു; ഇത്തരം അനാസ്ഥ കാട്ടിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ഇ-ഗസറ്റ് 43-ാം വാല്യത്തോടെ അവസാനിച്ചിരിക്കുകയാണോ; ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നത് നിർത്തൽ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സർക്കാരിന്റെ ഏത് ഏജൻസിക്കാണ് ഓൺലൈൻ പബ്ളിക്കേഷന്റെ ചുമതല; ഇവരുടെ കരാർ നിർത്തലാക്കിയിട്ടുണ്ടോ; ഇവർക്ക് ഫണ്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വർഷത്തെ കുടിശ്ശിക വരുത്തിയിട്ടുണ്ട്; എത്ര രൂപയുടെ കുടിശ്ശികയാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ; ആയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) അടുത്ത ഇ-ഗസറ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും എന്നറിയിക്കാമോ; ആയത് നിർത്തൽ ചെയ്തിട്ടുണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് സംബന്ധിച്ചുള്ള അനിശ്ചിതത്വം അവസാനിപ്പിക്കുന്നതിന് വകുപ്പുതലത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇ-ഗസറ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് സി-ഡിറ്റുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 2011 മുതൽ സി-ഡിറ്റിന് കുടിശ്ശികയിനത്തിൽ നൽകേണ്ട 23,69,311 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇ-ഗസറ്റ് തടസമില്ലാതെ പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ അച്ചടി വകുപ്പ് ഡയറക്ടർ സി-ഡിറ്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ പ്രസ്സുകളുടെ നവീകരണം**

178 (2053) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസ്സുകളുടെ നവീകരണം സംബന്ധിച്ച് പഠനം നടത്തിയ ഡോ. രാജേന്ദ്രകുമാർ അനയത്തിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മണ്ണന്തല സർക്കാർ പ്രസ്സിനെ മാത്രം ലക്ഷ്യമിട്ടിട്ടുള്ള വികസനമാണ് പ്രസ്തുത റിപ്പോർട്ടിലുള്ളത് എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) മണ്ണന്തല സർക്കാർ പ്രസ്സിനെ അടിസ്ഥാനമാക്കി ഒരു പ്രിന്റിംഗ് ഹബ് രൂപീകരിക്കുവാൻ നിർദ്ദേശം ഉണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രിന്റിംഗ് ഹബ്ബ് രൂപീകരിക്കാൻ പ്രസ്തുത റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. സർക്കാർ പ്രസ്സുകൾക്ക് ലഭിക്കുന്ന വർക്ക് ഓർഡറുകൾക്ക് 11 ഗവൺമെന്റ് പ്രസ്സുകളെയും സംയോജിപ്പിച്ചുകൊണ്ടുള്ള നെറ്റ്‌വർക്ക് സ്ഥാപിക്കാനുള്ള കേന്ദ്രീകൃത പദ്ധതി നടപ്പിലാക്കാനും പ്രസ്തുത സംവിധാനം മുഖാന്തിരം ഓരോ വർക്ക് ഓർഡറുകൾ വിശകലനം ചെയ്ത് പ്രിന്റിംഗ് ജോലികളുടെ യുക്തമായ വിതരണം സാധിക്കുമെന്നും എക്സ്‌പേർട്ട് കമ്മിറ്റി റിപ്പോർട്ടിൽ നിർദ്ദേശമുണ്ട്. അച്ചടി നിരക്കുകൾ ന്യായയുക്തമാക്കുന്നതിന്റെ ആവശ്യകതയും എക്സ്‌പെർട്ട് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

**ജല മെട്രോ പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമി**

179 (2054) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല മെട്രോ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(സി) സ്വകാര്യ വ്യക്തികളുടെ സ്ഥലം ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) എത്ര സെന്റ് സ്ഥലമാണ് സ്വകാര്യ വ്യക്തികളിൽനിന്നും ഏറ്റെടുക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) ജല മെട്രോ പദ്ധതിയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകളുടെ 5.3659 ഹെക്ടർ (13.25 ഏക്കർ) സ്ഥലവും സ്വകാര്യ വ്യക്തികളുടെ 3.0464 ഹെക്ടർ (7.52 ഏക്കർ) സ്ഥലവും ഉൾപ്പെടെ മൊത്തം 8.4123 ഹെക്ടർ (20.77 ഏക്കർ) ഭൂമിയാണ് ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

(സി) സ്വകാര്യ വ്യക്തികളുടെ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) സ്വകാര്യ വ്യക്തികളിൽനിന്നും 3.0464 ഹെക്ടർ (7.52 ഏക്കർ) ഭൂമിയാണ് ഏറ്റെടുക്കുന്നത്.

(ഇ) ജല മെട്രോ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെയുള്ള ജലപാത**

180 (2055) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റി എടുക്കാൻ കഴിയുന്ന തരത്തിൽ വിഭാവനം ചെയ്ത ജലപാതയുടെ രണ്ടാംഘട്ടമെന്ന നിലയിൽ ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെയുള്ള ജലപാത എപ്പോൾ നിർമ്മിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതി എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്നും അറിയിക്കാമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്തിലെ പ്രധാന ജലപാതയായ വെസ്റ്റ് കോസ്റ്റ് കനാൽ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് മുതൽ ബേക്കൽ വരെ ദീർഘിപ്പിക്കാൻ പദ്ധതിയുണ്ട്. കനാലിന്റെ അലൈൻമെന്റ് (alignment) തീരുമാനിക്കുന്നതിനുള്ള പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനത്തിലെ ജലപാതകൾ വികസിപ്പിക്കുന്നതിനും ചരക്ക് ഗതാഗതം, ടൂറിസം തുടങ്ങിയ പ്രവർത്തനങ്ങൾ ഉപയോഗപ്രദമാക്കാനും മൂന്ന് ഘട്ടങ്ങളിലായുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. രണ്ടാംഘട്ടമായ 2020-2022 കാലയളവിൽ ഹോസ്ദുർഗ്ഗ്-ബേക്കൽ കനാലിന് സ്ഥലമേറ്റെടുക്കലും ജലപാത നിർമ്മാണവും പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

**കോട്ടയം-വൈക്കം കനാലിന്റെ നിലവാരമുയർത്തുന്നതിനുള്ള പദ്ധതി**

181 (2056) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (എൻ.ഡബ്ല്യൂ.59) ജലഗതാഗതത്തിന് അനുയോജ്യമായി വികസിപ്പിക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കനാലിന്റെ നിലവാരമുയർത്തുന്ന പദ്ധതിക്ക് അനുവദിക്കപ്പെട്ടിട്ടുള്ള കേന്ദ്ര-സംസ്ഥാന ഫണ്ടുകളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ദേശീയ ജലപാതയായി 2016-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം (എൻ.ഡബ്ല്യൂ 59) കനാലിന്റെ വികസനം കേന്ദ്രസർക്കാർ സ്ഥാപനമായ ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI) ആണ് നടപ്പിലാക്കുന്നത്. ദേശീയ ജലപാതയുടെ പ്രവർത്തനം പൂർണ്ണമായും കേന്ദ്ര ഫണ്ട് ഉപയോഗിച്ചാണ് നടത്തുന്നത്. ടി കനാൽ വികസനത്തിനായുള്ള പദ്ധതി രൂപരേഖ (DPR) ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യ (IWAI)-യിൽ തയ്യാറാക്കിവരുന്നു.

**മംഗലാപുരം - കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ**

182 (2058) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം-കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും ഈ പദ്ധതിക്കായി എത്ര കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഗെയിൽ ഉപയോഗാനുമതിക്കാർക്കായി എത്ര കോടി രൂപയുടെ നഷ്ടപരിഹാരം നാളിതുവരെയായി നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് തുക നൽകേണ്ടതുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ) മംഗലാപുരം-കൊച്ചി ഗെയിൽ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി ഇക്കൊല്ലം പൂർത്തീകരിക്കാനാണ് വിഭാവനം ചെയ്യുന്നത്. പ്രസ്തുത പദ്ധതിക്കായി മൊത്തം 3,263 കോടി രൂപയാണ് ഗെയിൽ നീക്കി വച്ചിരിക്കുന്നത്.

(ബി) കേരളത്തിൽ ഗെയിൽ പൈപ്പ്ലൈൻ പദ്ധതിക്കായി ഉപയോഗാവകാശം ഏറ്റെടുത്ത ഭൂമിയിലെ വിളകൾക്കും ഭൂമിയുടെ വിലയായും കേടുപാടുകൾ സംഭവിച്ച നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 275 കോടി രൂപ ഇതുവരെ പാസ്സാക്കിയിട്ടുണ്ട്.

ആയതിൽ 231 കോടി രൂപ ഭൂവുടമകൾക്ക് വിതരണം ചെയ്തുകഴിഞ്ഞു. നിലവിൽ ഏകദേശം 7500 ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകാനുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന നടപടികൾ പുരോഗമിക്കുന്നതനുസരിച്ച് കൈവശാവകാശം തെളിയിക്കുന്ന രേഖകൾ പരിശോധിച്ച് ബാക്കി നഷ്ടപരിഹാരത്തുക നൽകുന്നതാണ്.

**കെ.എസ്.ആർ.ടി.സി.യിൽ വീക്കിലി ഓഫ്**

183 (2059) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും വീക്കിലി ഓഫ് അനുവദിച്ച് നൽകാറുണ്ടോ എന്നുള്ള കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇപ്രകാരം 1965-ന് ശേഷം കെ.എസ്.ആർ.ടി.സി. പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാൻ മുഖ്യമന്ത്രി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 26-11-2016-ലെ OAD/AR/006243/2015 നമ്പർ സർക്കുലർ മെമ്മോറാണ്ടം പ്രകാരം കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് വീക്കിലി ഓഫ് അനുവദിച്ചുനൽകുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ വ്യക്തമായി നിഷ്കർഷിച്ചിട്ടുള്ളതാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**റോഡ് സുരക്ഷാ നിയമങ്ങളുടെയും മോട്ടോർവാഹന നിയമങ്ങളുടെയും ലംഘനം**

184 (2060) <u>ഡോ. എം. കെ. മുനീർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ നിയമങ്ങളും മോട്ടോർ വാഹന നിയമങ്ങളും പാലിക്കാത്തവർക്കെതിരെയുള്ള നിയമ നടപടികൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ തരത്തിലുള്ള നിയമ ലംഘനങ്ങൾക്കെതിരെ യാണ് നടപടികൾ ശക്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മദ്യപിച്ചുള്ള ഡ്രൈവിംഗ്, അമിതവേഗത, ഗ്ലാസ്സുകൾ മറയ്ക്കൽ, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ചു കൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമ ലംഘനങ്ങൾക്ക് കർക്കശമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നിയമലംഘകർക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മദ്യപിച്ചുള്ള വാഹനമോടിക്കൽ, അമിതവേഗത, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത് ഉൾപ്പെടെയുള്ള മറ്റ് കുറ്റങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എൽ.ഡി.എഫ്. സർക്കാർ ആയിരം ദിവസം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന പരിപാടികൾ

185 (2061) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാർ ആയിരം ദിവസം പൂർത്തിയാക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഇക്കാര്യത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ സാഹചര്യത്തിൽ ആഘോഷപൂർവ്വമായ ഉദ്ഘാടനങ്ങളും ചടങ്ങുകളും നടത്തി സർക്കാർ ഖജനാവ് കാലിയാക്കുന്നത് പ്രളയാനന്തര കേരളം കെട്ടിപ്പടുക്കുന്നതിന് വിഘാതമാകുമെന്ന ആക്ഷേപം നിലവിലുണ്ടോ; എങ്കിൽ ആഘോഷ പരിപാടികൾ ചെലവ് ചുരുക്കി സംഘടിപ്പിക്കുന്നതിന് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന മന്ത്രിസഭയുടെ ആയിരം ദിനം പൂർത്തിയാക്കിയതിന്റെ ആഘോഷ പരിപാടികൾ 2019 ഫെബ്രുവരി 20 മുതൽ 27 വരെയുള്ള ദിവസങ്ങളിലായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോടും സമാപന സമ്മേളനം തിരുവനന്തപുരത്തുംവച്ച് നടത്തുന്നതാണ്. എല്ലാ ജില്ലകളിലും ഒരാഴ്ച നീണ്ടുനിൽക്കുന്ന എക്സിബിഷൻ, വികസന സെമിനാർ, സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നതാണ്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 1000 പുതിയ വികസന ക്ഷേമപദ്ധതികളുടെ ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെയും പ്രവൃത്തികളുടെയും ഉദ്ഘാടനവും നടത്തുന്നതാണ്. വികസന കുതിപ്പിന് അനുപൂരകമായി നമുക്ക് ലഭിക്കേണ്ട കേന്ദ്ര പദ്ധതികളെയും നിരന്തരം നാം ആവശ്യപ്പെടുന്ന പദ്ധതികളെയും കേരളീയ സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന വിവിധ വിഷയങ്ങളെയുംപറ്റി വിവരപൊതുജന സമ്പർക്ക വകുപ്പിന്റെ ചുമതലയിൽ വിദഗ്ധരെ അണിനിരത്തിക്കൊണ്ടുള്ള ചർച്ചകൾ 14 ജില്ലകളിലും നടത്തുന്നതാണ്.

(ബി) 954 ലക്ഷം രൂപ.

(സി) ആഘോഷ പരിപാടികൾ ചെലവ് കുറഞ്ഞരീതിയിൽ നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഭരണഘടന സാക്ഷരത സന്ദേശയാത്ര

186 (2062) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സാക്ഷരതാ മിഷന്റെ നേതൃത്വത്തിൽ ഭരണഘടന സാക്ഷരത സന്ദേശയാത്ര സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; ഇതിനായി എത്ര തുകയാണ് ചെലവഴിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

കേരള നിയമസഭയുടെയും കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ 2019 ജനുവരി 14 മുതൽ 24 വരെ സംഘടിപ്പിച്ച ഭരണഘടനാ സാക്ഷരതാ സന്ദേശയാത്ര മഞ്ചേശ്വരം മുതൽ വെഞ്ഞാറമൂട് വരെ 52 സന്ദർശന കേന്ദ്രങ്ങളിലൂടെ കടന്നുപോയി. ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെ സമീപകാലത്തുണ്ടായ കോടതിവിധിയുടെ പശ്ചാത്തലത്തിൽ ഒരു വിഭാഗം വെല്ലുവിളിക്കുന്ന സാഹചര്യം രൂപപ്പെട്ടപ്പോൾ ഇതിനെതിരെ ബോധവത്കരണത്തിനാണ് യാത്ര സംഘടിപ്പിച്ചത്. മന്ത്രിമാർ, നിയമസഭാ സാമാജികർ, മറ്റ് ജനപ്രതിനിധികൾ, സാമൂഹ്യ സാംസ്കാരിക പ്രവർത്തകർ, സാക്ഷരതതുല്യത പഠിതാക്കൾ എന്നിങ്ങനെ നാല്പതിനായിരത്തോളം പേർ പങ്കെടുത്ത ഭരണഘടനാ സന്ദേശയോഗങ്ങൾ 52 കേന്ദ്രങ്ങളിലും നടത്തുകയുണ്ടായി. ഭരണഘടനാ സാക്ഷരത സന്ദേശയാത്ര സംഘടിപ്പിച്ചതിന് പത്ത് ലക്ഷം രൂപയോളം ചെലവായി.

## സംസ്ഥാന സെൻസസ്

187 (2063) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും ഒടുവിൽ നടന്ന സെൻസസ് പ്രകാരം ജനസംഖ്യാ സംബന്ധമായ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് മുന്നോക്ക ജാതിയിൽ ഉൾപ്പെട്ടിട്ടുള്ളത് ഏതെല്ലാം വിഭാഗങ്ങളാണെന്നും അവർ ജനസംഖ്യയുടെ എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കുമോ;

(സി) പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങൾ, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരെ സംബന്ധിച്ചുള്ള ഇപ്പോഴത്തെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) മേൽപ്പറഞ്ഞിട്ടുള്ള ഓരോ വിഭാഗത്തിനും നിലവിൽ എത്ര ശതമാനം വീതമാണ് സംവരണം നൽകുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി & സി) കേന്ദ്രസർക്കാർ, രജിസ്ട്രാർ ജനറൽ ഓഫ് സെൻസസ് വഴിയാണ് രാജ്യത്തെ ജനസംഖ്യ കണക്കെടുപ്പുകൾ നടത്തുന്നത്. ഇതിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിവരങ്ങൾ പ്രത്യേകം ശേഖരിക്കുകയും കണക്കുകൾ പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു)* എന്നാൽ മുന്നോക്ക വിഭാഗങ്ങൾ, പിന്നാക്ക വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങൾ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവ സംബന്ധിച്ച കണക്കുകൾ അത്തരത്തിൽ ശേഖരിക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. 2012-ൽ കേന്ദ്രസർക്കാർ വിശദമായ സാമൂഹ്യ സാമ്പത്തിക സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും ഇതുസംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

(ഡി) മേൽപ്പറഞ്ഞിട്ടുള്ള വിഭാഗങ്ങൾക്ക് ഉദ്യോഗതലത്തിൽ അനുവദിച്ചിട്ടുള്ള സംവരണ ശതമാനം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വിവരാവകാശ കമ്മീഷൻ**

188 (2064) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന് മുന്നിൽ കെട്ടിക്കിടക്കുന്നത് പതിനാലായിരത്തോളം അപേക്ഷകളാണെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) വിവരാവകാശ നിയമത്തിന് സംസ്ഥാന സർക്കാർ തന്നെ തടസ്സം സൃഷ്ടിക്കുന്ന സാഹചര്യം നിലവിലുണ്ടോ;

(സി) നിലവിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കാൻ കുറഞ്ഞത് അഞ്ചുവർഷമെങ്കിലും വേണ്ടി വരുമോ;വ്യക്തമാക്കുമോ;

(ഡി) വിവരാവകാശ കമ്മീഷന്റെ നടത്തിപ്പിനായി ഒരു മാസം എത്ര തുകയാണ് സർക്കാർ ചെലവിടുന്നത്; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇന്ത്യൻ ജനാധിപത്യത്തിന്റെ നിശബ്ദ വിപ്ലവമെന്ന് ലോകം വിശേഷിപ്പിച്ച വിവരാവകാശ നിയമത്തിന്റെ അന്തസ്സ് സംസ്ഥാനത്ത് നിലനിർത്തുന്നതിന് വേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കാമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല.

(സി) കഴിഞ്ഞ വർഷങ്ങളിൽ കമ്മീഷൻ പലപ്പോഴും ഒന്നോ രണ്ടോ കമ്മീഷണർമാരായി പ്രവർത്തിച്ചതിനാലാണ് ഇത്രയധികം അപേക്ഷകൾ തീർപ്പാക്കാതെ കെട്ടിക്കിടന്ന സാഹചര്യമുണ്ടായത്. പുതുതായി 4 വിവരാവകാശ കമ്മീഷണർമാർ ചുമതലയേറ്റ സാഹചര്യത്തിൽ കെട്ടിക്കിടക്കുന്ന അപ്പീലുകൾ, പരാതികൾ, അപേക്ഷകൾ എന്നിവ യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വിവരാവകാശ കമ്മീഷന്റെ പ്രവർത്തനത്തിനായി നടപ്പ് സാമ്പത്തികവർഷം 36,688,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു മാസം ശരാശരി 30,57,333.33 രൂപ കമ്മീഷൻ ചെലവിടുന്നുണ്ട്.

(ഇ) വിവരാവകാശ നിയമത്തിൽ പരാമർശിച്ചിരിക്കുന്ന എല്ലാ ചട്ടങ്ങളും കൂടാതെ കാലാകാലങ്ങളിൽ ടി നിയമത്തിൽ വരുന്ന ഭേദഗതികളും കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം എല്ലാ പൊതു അധികാരികൾക്കും സർക്കാർ നൽകുന്നുണ്ട്. വിവരാവകാശ നിയമത്തെക്കുറിച്ച് പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവരാവകാശ നിയമങ്ങളെ സംബന്ധിച്ച കൈപ്പുസ്തകത്തിന്റെ പുതുക്കിയ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. കമ്മീഷനിൽ ഒഴിവുവന്ന കമ്മീഷണർമാരുടെ ഒഴിവുകൾ നികത്തി കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്.

**കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുത്തുന്ന പ്രവണത**

189 (T* 2065) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടുത്ത കാലത്തായി രാഷ്ട്രീയവും അല്ലാത്തതുമായ സംഘർഷങ്ങളിൽ കിണറുകൾ, മറ്റ് കുടിവെള്ള സ്രോതസ്സുകൾ എന്നിവ മലിനപ്പെടുത്തുന്ന പ്രവണത വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനായി പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശനമായ ശിക്ഷാനടപടികളുടെ നിയമനിർമ്മാണത്തെപ്പറ്റി ആലോചിക്കുന്നുണ്ടോ;

(സി) പ്രസ്തുത നിയമ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**മതപരിവർത്തനം**

190 (2066) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു മതവിശ്വാസി മറ്റൊരു മതവിശ്വാസത്തിലേക്ക് മാറുന്നതിനും പേര് മാറ്റുന്നതിനും നിലവിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ കാര്യത്തിൽ സർട്ടിഫിക്കറ്റ് നൽകുന്നതിന് വിവിധ മതവിഭാഗങ്ങൾക്കായി ഏതെല്ലാം സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റാണ് സ്വീകരിക്കുന്നത്; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മതപരിവർത്തനം നടത്തുന്നതിന് അധികാര സ്ഥാപനത്തെ നിശ്ചയിക്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് 1973-ലെ ശരീഅത്ത് ആപ്ലിക്കേഷൻ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് ചട്ടം ഉണ്ടാക്കിയിട്ടുണ്ടോ;

(ഇ) 1949-ൽ മദിരാശി സർക്കാർ പുറപ്പെടുവിച്ച സമാനമായ ചട്ടം നിലവിലുള്ളത് മലബാറിന് ബാധകമാണോ എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) 1937-ലെ മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ ആക്ടിലെ (1937-ലെ 26-ാം കേന്ദ്ര ആക്ട്) 4-ാം വകുപ്പനുസരിച്ച് 3-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ആവശ്യങ്ങൾക്കായി 21-12-2018-ലെ 3224-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 13/2018/നിയമം (എസ്.ആർ.ഒ.920/2014) ആയി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള) റൂൾസ്, 2018 പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) 1949-ലെ ദി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (മദ്രാസ് അമെന്റ്മെന്റ്) ആക്ട് (1949-ലെ 18-ാം നമ്പർ മദ്രാസ് ആക്ട്) പഴയ മലബാർ പ്രദേശത്തുണ്ടായിരുന്ന പ്രാബല്യം 1963-ലെ ദി മുസ്ലീം പേഴ്സണൽ ലാ (ശരിയത്ത്) ആപ്ലിക്കേഷൻ (കേരള അമെന്റ്മെന്റ്) ആക്ട് (1963-ലെ 42-ാം നമ്പർ ആക്ട്) മുഖേന റിപ്പീൽ ചെയ്തിട്ടുണ്ട്.

## കേന്ദ്രസർക്കാർ പദ്ധതി പ്രകാരമുള്ള വീടുകൾ

191 (T* 2067) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകുവാൻ അനുമതി ലഭിച്ചിട്ടുള്ള വീടുകളുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) ഏതെല്ലാം സർക്കാരിതര സംഘടനകൾ വീട് നിർമ്മിച്ച് നൽകുവാൻ തയ്യാറായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്; ഇതിൽ നിർമ്മാണം പൂർത്തിയായ വീടുകൾ എത്ര; നിർമ്മാണത്തിൽ ഇരിയ്ക്കുന്നവ എത്ര; വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമപ്രദേശങ്ങളിൽ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതി പ്രകാരവും നഗരപ്രദേശങ്ങളിൽ പി.എം.എ.വൈ. (നഗരം) പദ്ധതി പ്രകാരവുമാണ് കേന്ദ്ര സർക്കാർ ഭവനനിർമ്മാണ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. 2018 ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ തകർന്ന 12477 വീടുകൾ പി.എം.എ.വൈ. (ഗ്രാമീൺ) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് നൽകിയിട്ടുണ്ടെങ്കിലും ആയതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. പ്രളയവുമായി ബന്ധപ്പെട്ട് പി.എം.എ.വൈ.(നഗരം) പദ്ധതിയിൽ ഉൾപ്പെടുത്തി 1305 വീടുകളുടെ നിർമ്മാണം നടത്തുന്നതിന് Central Sanctioning & Monitoring Committee മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അനുമതി നൽകിക്കൊണ്ടുള്ള അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി) വിവരം വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

## ആരോഗ്യ നയത്തിന്റെ അടിസ്ഥാന വീക്ഷണം

192 (2068) ശ്രീ. ആർ. രാജേഷ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പുതുതായി അംഗീകരിച്ച ആരോഗ്യ നയത്തിന്റെ അടിസ്ഥാന വീക്ഷണം എന്താണ്; ആരോഗ്യ രംഗത്ത് 2020-ഓടെ കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; ഇതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാനത്ത് മൂന്നിലൊരാൾക്ക് രക്താതിസമ്മർദ്ദവും അഞ്ചിലൊരാൾക്ക് പ്രമേഹവും ഉണ്ടെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പകർച്ചവ്യാധിയിതര അസുഖങ്ങൾ നേരത്തെ കണ്ടുപിടിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(സി) കുഷ്ഠം, ക്ഷയം, മന്ത്, മലേറിയ തുടങ്ങിയ പകർച്ചവ്യാധികൾ നിയന്ത്രിക്കാനുള്ള പരിപാടികളുടെ പുരോഗതി അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് അർബുദരോഗികളുടെ എണ്ണത്തിൽ ഗണ്യമായ തോതിലുള്ള വർദ്ധനവുണ്ടാകുന്നുണ്ടോ; അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി കൊച്ചി ക്യാൻസർ സെന്റർ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനും തിരുവനന്തപുരം ആർ.സി.സി. വിപുലീകരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കേരളത്തിന്റെ ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികൾ തരണം ചെയ്യാനായി തുല്യത, സാമൂഹ്യനീതി, ലിംഗനീതി, ഗുണനിലവാരം മെച്ചപ്പെടുത്തൽ, ചെലവ് കുറഞ്ഞ പ്രതിവിധികൾ, ഉചിതമായ മനുഷ്യവിഭവശേഷി വികസനം, ജീവിതശൈലിയിൽ ആവശ്യമായ മാറ്റം വരുത്തൽ, സേവനങ്ങളുടെയും മനുഷ്യവിഭവശേഷിയുടെയും മുൻഗണനാ ക്രമത്തിലുള്ള വ്യത്യാസം, ആവശ്യമായ സാമ്പത്തിക-മനുഷ്യവിഭവശേഷി കണ്ടെത്തൽ എന്നിവയിൽ ഊന്നൽ നൽകിക്കൊണ്ട് ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണനിരക്കും കുറയ്ക്കുകയും ചെയ്യുക എന്നതാണ് ആരോഗ്യ നയത്തിന്റെ അടിസ്ഥാന വീക്ഷണം. ഇതിനായി താഴെപ്പറയുന്ന കാര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതുണ്ട്:

1. പകർച്ചവ്യാധികളുടെ നിയന്ത്രണം

2. പ്രാഥമികതലത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം.

3. കാര്യക്ഷമമായ ആരോഗ്യ പരിപാലന സംവിധാനങ്ങൾ

4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ

5. ദ്വിതീയതലത്തിൽ രോഗ സങ്കീർണ്ണതകളുടെ നിയന്ത്രണം

6. ദ്വിതീയ തൃതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം.

7. ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ

8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ

<u>ആരോഗ്യരംഗത്ത് 2020-ഓടെ കൈവരിക്കേണ്ട സുസ്ഥിര വികസന ലക്ഷ്യങ്ങൾ</u>

1. മാതൃമരണനിരക്ക് സംസ്ഥാനത്ത് 2020-ഓടുകൂടി 30 ആക്കുക, ശിശുമരണ നിരക്ക് 2020-ഓടുകൂടി 8 ആക്കുക.

2. 2020-ഓടെ കേരളത്തിലെ 14 ജില്ലകളിലും മലമ്പനി നിവാരണം സാധ്യമാക്കുക

3. 2020-ഓടെ കേരളത്തിൽ നിന്നും കാലാഅസർ (കരിമ്പനി) എന്ന രോഗം നിവാരണം ചെയ്യുക.

4. 2020-ഓടെ കേരളത്തിൽ നിന്നും ക്ഷയരോഗം, കുഷ്ഠരോഗം, എയ്ഡ്സ് എന്നിവ നിവാരണം ചെയ്യുക

5. 2020-ഓടെ വയറിളക്കം, മഞ്ഞപ്പിത്തം, എ.ഇ. മുതലായ ജലജന്യ രോഗങ്ങളുടെ തോത് 50 ശതമാനമായി കുറയ്ക്കുക.

ഇതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ/ജനറൽ ആശുപത്രികളിലും താലൂക്കാശുപത്രികളിലും 232 സി.എച്ച്.സി.കളിലും 848 പി.എച്ച്.സികളിലും 5400-ൽപ്പരം സബ് സെന്ററുകളിലും ജീവിതശൈലി രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ജില്ലാ ആശുപത്രികളിൽ ഡയബറ്റിക് റെറ്റിനോപ്പതി (നേത്രപടലാന്ധത), ഡയബറ്റിക് ഫൂട്ട് തുടങ്ങിയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുതര ശ്വാസകോശ രോഗമായ COPD (Chronic Obstructive Pulmonary Diseases) നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ഇന്ത്യയിൽ ആദ്യമായി COPD ക്ലിനിക്കുകൾ 'ശ്വാസ്' എന്ന പേരിൽ ജില്ലാ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചു. ഇതിനായുള്ള വിലയേറിയ ഉപകരണങ്ങളും ചികിത്സാവിധികളും പദ്ധതിയിലൂടെ സംഭരിക്കുകയും ജനങ്ങൾക്ക് ഈ സൗജന്യ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണത്തിന്റെ പ്രധാനഘടകം ആരോഗ്യബോധവത്കരണമാണ്. ഇതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ജീവിതശൈലി രോഗനിയന്ത്രണത്തിന് വലിയ പരിഗണനയാണ് നൽകിവരുന്നത്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രത്തിലെ ഒരു സ്റ്റാഫ് നഴ്സിന് ജീവിതശൈലി രോഗനിയന്ത്രണത്തിന്റെ പൂർണ്ണ ചുമതല നൽകുകയും ജീവിതശൈലി രോഗ നിയന്ത്രണത്തിനായി പ്രത്യേക പ്രീ ചെക്കപ്പ് ഏരിയ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലെത്തുന്ന 30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ രോഗികളും ഡോക്ടറെ സന്ദർശിക്കുന്നതിനുമുമ്പ് പ്രീ ചെക്കപ്പ് മുറിയിലെ പ്രാഥമിക പരിശോധനകളായ രക്തസമ്മർദ്ദം, രക്തത്തിലെ പഞ്ചസാരയുടെ അളവ്, ബി.എം.ഐ., പൾമണറി ഫങ്ഷൻസ് ടെസ്റ്റ്, ഡയബറ്റിക് റെറ്റിനോപ്പതി ചെക്കപ്പ് (തെരഞ്ഞെടുത്ത ജില്ലകൾ) എന്നിവ പരിശോധിച്ച് പരിശോധനാ ഫലവുമായിട്ടാണ് ഡോക്ടറെ സമീപിക്കേണ്ടത്. ഡോക്ടറുടെ നിർദ്ദേശം ലഭിച്ചശേഷം ഭക്ഷണത്തെക്കുറിച്ചും വ്യായാമത്തെക്കുറിച്ചും പ്രത്യേക കൗൺസിലിംഗും പുകയില നിന്ത്രണത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ നൽകിവരുന്നു.

(ഡി) വർദ്ധനവുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലെ ചികിത്സാ സൗകര്യം വിപുലീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

അത്യാധുനിക പീഡിയാട്രിക് ഓങ്കോളജി വിഭാഗം തുടങ്ങി.

PET CT scanner, SPECT സ്കാനർ എന്നിവ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

പാലക്കാടും എറണാകുളത്തും ഉൾപ്പെടെയുള്ള ഉപകേന്ദ്രങ്ങളെ സംയോജിപ്പിച്ചു കൊണ്ടുള്ള Tele Medicine സംവിധാനം ആരംഭിച്ചു.

രോഗികൾക്ക് കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തുനില കെട്ടിടം നിർമ്മിച്ച് പ്രവർത്തനസജ്ജമാക്കി. പുതിയ ഔട്ട് പേഷ്യന്റ് ബ്ലോക്ക് ഇവിടെ പ്രവർത്തിക്കുന്നു.

ആർ.സി.സി.-യോടുചേർന്ന് 14 നില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും അതിന്റെ നിർമ്മാണപ്രവൃത്തികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

ആർ.സി.സി.യുടെ രണ്ട് ഓപ്പറേഷൻ തിയേറ്ററുകൾ നവീകരിച്ചു.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിലെ ചികിത്സാ സൗകര്യം വിപുലീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

അർബുദരോഗ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2016 നവംബർ 1-ന് കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തനം തുടങ്ങി. സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മുഴുവൻ സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

മികച്ച ചികിത്സാരീതി സാധാരണക്കാരന് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കിഫ്ബിയിൽ നിന്നും 384 കോടി രൂപ മുടക്കി ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ ഒരു കാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഈ സെന്ററിന്റെ ഒന്നാംഘട്ട പണി കഴിയുമ്പോൾ ഒ.പി. വിഭാഗത്തിൽ 800 രോഗികളെയും ഇൻപേഷ്യന്റ് വിഭാഗത്തിൽ 400 രോഗികളെയും പരിപാലിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടായിരിക്കും. 50-ൽപ്പരം രോഗികൾക്ക് കിടക്കാവുന്ന ഒരു ദിവസം മാത്രം ദൈർഘ്യമുള്ള കീമോതെറാപ്പി ചികിത്സാ വിഭാഗം, 8 ഓപ്പറേഷൻ തിയേറ്റർ, 4 അത്യാധുനിക റേഡിയേഷൻ ചികിത്സാ ഉപകരണങ്ങൾ, 2 എം.ആർ.ഐ. മെഷീൻ, സി.ടി. സ്കാൻ മെഷീൻ, മാമ്മോഗ്രാം, ഫ്ലൂറോസ്കോപ്പി തുടങ്ങിയ അത്യാധുനിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ഇവിടെ ലഭ്യമാകും. ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ ഒ.പി. വിഭാഗം ഡേ കെയർ കീമോതെറാപ്പി, ലബോറട്ടറി, കാൻസർ നിർണ്ണയ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്. സ്ത്രീകളിലെ സ്തനാർബുദ നിർണ്ണയിക്കുന്നതിന് പ്രത്യേകിച്ച് പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുതകുന്ന അത്യാധുനിക ഉപകരണമാണ് ഫുൾ ഫീൽഡ് ഡിജിറ്റൽ മാമ്മോഗ്രാം, ദശകൾ കനം കുറച്ച് മുറിച്ച് രോഗനിർണ്ണയത്തിന് സഹായിക്കുന്ന ഉപകരണമാണ് മൈക്രോടോം. ഡിജിറ്റൽ മാമ്മോഗ്രാം, മൈക്രോടോം എന്നിവ എം.പി-യുടെ പ്രദേശിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി സെന്ററിൽ സ്ഥാപിച്ചു.

അർബുദരോഗികളെ വീടുകളിൽ സന്ദർശിച്ച് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനും അവർക്ക് മാനസികവും സാമൂഹികവുമായ പിന്തുണ നൽകുന്നതിനും ലക്ഷ്യമിട്ട് സംയോജിത ഗൃഹപരിചരണ പരിപാടി സെന്റർ ആവിഷ്കരിച്ചിട്ടുണ്ട്. സെന്ററിൽ ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തനമാരംഭിക്കാനും അതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

193 (2069). ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് അപ്ഗ്രേഡ് ചെയ്ത് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അപ്ഗ്രേഡ് ചെയ്ത ഓരോ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആരോഗ്യകേന്ദ്രത്തിലും പുതുതായി സൃഷ്ടിച്ച തസ്തികകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ നേരത്തെയുള്ളതും നിലവിലെ സർക്കാർ സൃഷ്ടിച്ചതും ഉൾപ്പെടെ എത്ര തസ്തികകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടി അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി രൂപീകരിച്ച താലൂക്കുകളിൽപ്പെട്ട തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ്, കൊല്ലം ജില്ലയിലെ പത്തനാപുരം, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി, കാസർഗോഡ് ജില്ലയിലെ പനത്തടി, മംഗൾപ്പാടി, ബേഡഡുക്ക എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാസ്ഥാന ആശുപത്രികളാക്കി ഉയർത്തി ഉത്തരവായിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിശദവിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| താലൂക്കാസ്ഥാന ആശുപത്രി മലയിൻകീഴ് | - | 53 |
| താലൂക്കാസ്ഥാന ആശുപത്രി പത്തനാപുരം | - | 40 |
| താലൂക്കാസ്ഥാന ആശുപത്രി കൊണ്ടോട്ടി | - | 55 |
| താലൂക്കാസ്ഥാന ആശുപത്രി പനത്തടി | - | 74 |
| താലൂക്കാസ്ഥാന ആശുപത്രി മംഗൾപ്പാടി | - | 48 |
| താലൂക്കാസ്ഥാന ആശുപത്രി ബേഡഡുക്ക | - | 49 |

(ഡി) മലയിൻകീഴ് താലൂക്കാസ്ഥാന ആശുപത്രിയിൽ എക്സ്-റേ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് പദ്ധതികൾ തയ്യാറാക്കുന്നകാര്യം പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായംകുളം താലൂക്കാശുപത്രി**

194(T+2070) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബഡ്ജറ്റിൽ ആശുപത്രികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതിയിൽ കായംകുളം താലൂക്കാശുപത്രിയെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി കേരള ഹൗസിംഗ് ബോർഡിനെ എസ്.പി.വി.യായി നിയമിച്ച് ഉത്തരവായിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കായംകുളം താലൂക്കാശുപത്രിയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രവൃത്തികളുടെ നിലവിലെ പുരോഗതി എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**കുഷ്ഠരോഗ നിർമ്മാർജനം**

195 (2071) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും നിർമ്മാർജനം ചെയ്തെന്ന് കരുതിയ കുഷ്ഠരോഗം തിരിച്ചുവരുന്നതായി ആരോഗ്യവകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതിന്റെ വ്യാപനം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1/10000 നിരക്കിന് താഴെ മാത്രം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴാണ് രോഗം നിവാരണം ചെയ്യപ്പെട്ടതായി WHO പ്രഖ്യാപിക്കുന്നത്. പുതുതായി രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് 1/10000 നിരക്കിന് മുകളിലല്ല.

(ബി) കുഷ്ഠരോഗത്തിന്റെ നിരക്ക് ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരുന്നതിനും 2020-ഓടുകൂടി സുസ്ഥിര വികസന ലക്ഷ്യങ്ങളായ കുട്ടികളിലെ കുഷ്ഠരോഗത്തിന്റെ നിരക്ക് 1.17/10,00,000-ൽ നിന്നും 0.6/10,00,000-ന് താഴെ കൊണ്ടുവരിക, മുതിർന്നവരിൽ കുഷ്ഠരോഗംമൂലമുള്ള അംഗവൈകല്യം 1.2/10,00,000-ൽ നിന്നും 1/10,00,000-ന് താഴെ കൊണ്ടുവരിക മുതലായവ കൈവരിക്കുന്നതിനുള്ള

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രവർത്തനതന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വിപുലമായ ആരോഗ്യ ബോധവൽക്കരണ പ്രവർത്തനവും സ്കൂൾ അങ്കണവാടി സർവ്വേയും ജയിൽ സർവ്വേയും നടത്തിവരുന്നു. കൂടാതെ നഗരചേരികളിലും തീരപ്രദേശത്തും ഗിരിവർഗ്ഗ മേഖലകളിലും താമസിക്കുന്നവരെയും പ്രീമെട്രിക് ഹോസ്റ്റൽ, അനാഥാലയങ്ങൾ, ജയിൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും രോഗ പരിശോധനയ്ക്ക് വിധേയമാക്കുകയും വൈദ്യപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ:

കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുകയെന്ന ലക്ഷ്യത്തോടെ 'അശ്വമേധം' ലെപ്രസി കേസ് ഡിറ്റക്ഷൻ ക്യാമ്പയിൻ 2018 ഡിസംബർ 5 മുതൽ 18 വരെ നടത്തുകയുണ്ടായി. സമൂഹത്തിൽ മറഞ്ഞുകിടക്കുന്ന കുഷ്ഠരോഗ ബാധിതരെ കണ്ടുപിടിക്കുന്നതിനുള്ള ഈ ക്യാമ്പയിൻ കുട്ടികളിലെ കുഷ്ഠരോഗവും വൈകല്യങ്ങളോടുകൂടിയുള്ള കുഷ്ഠരോഗവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് തുടങ്ങിയ 8 ജില്ലകളിലാണ് നടപ്പിലാക്കിയത്.

ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി.):

ഇതൊടൊപ്പംതന്നെ 6 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോട്ടയം, വയനാട്) ഫോക്കസ്ഡ് ലെപ്രസി ക്യാമ്പയിൻ (എഫ്.എൽ.സി.) നടത്തുകയുണ്ടായി. വൈകല്യത്തോടുകൂടിയ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ബ്ലോക്കുകളിൽ മാത്രം നടത്തുന്ന ക്യാമ്പയിനാണ് എഫ്.എൽ.സി. ഈ ക്യാമ്പയിനിൽ രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ താമസ സ്ഥലത്തിനുചുറ്റുമുള്ള 300 വീടുകൾ ആരോഗ്യപ്രവർത്തകർ/ആശമാർ നേരിട്ട് സന്ദർശനം നടത്തി മറ്റാർക്കും രോഗമില്ലെന്ന് ഉറപ്പുവരുത്തുന്നു.

രോഗം ഗുരുതരമാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക തലങ്ങളിലെ പ്രശസ്തരായ വ്യക്തികളുടെ കുഷ്ഠരോഗത്തെപ്പറ്റിയുള്ള സന്ദേശങ്ങൾ വിവിധ ദൃശ്യമാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരിപ്പിക്കുന്നുണ്ട്. ഇവ കൂടാതെ 'അശ്വമേധം' പരിപാടിയോടനുബന്ധിച്ച് കേരള ജനതയെ ആകർഷിക്കുന്ന വിവിധ കലാകായിക വിനോദങ്ങൾ, സ്കിറ്റ്, ചിത്രരചന, ഗാനാലാപനം, എന്നിവയിലൂടെയും ചുവർചിത്ര രചനയിലൂടെയും തെരുവ് നാടകം, മാജിക് ഷോ എന്നിവയിലൂടെയും രോഗലക്ഷണങ്ങൾ, ആരംഭത്തിലെ ചികിത്സയുടെ പ്രാധാന്യം എന്നിവ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇതിനൊക്കെ പുറമെ, കുഷ്ഠരോഗ ലക്ഷണങ്ങളെയും ചികിത്സയെയുംപറ്റി വിവരിക്കുന്ന ലഘുലേഖകൾ, കൈപുസ്തകങ്ങൾ, ബിറ്റ് നോട്ടീസുകൾ, പോസ്റ്ററുകൾ എന്നിവ വിതരണം ചെയ്യുന്നുമുണ്ട്.

**കാൻസർ രോഗം**

196 (2072) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാൻസർ രോഗത്തിന്റെ തോത് ദേശീയ ശരാശരിയേക്കാൾ മുകളിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അർബുദ രോഗത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ ദേശീയ ശരാശരിയേക്കാൾ കൂടുതലാണ് കാൻസർ രോഗത്തിന്റെ തോത് എന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 50000-ലേറെ പുതിയ കാൻസർ രോഗികൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്നുവെന്നും തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പുതിയ കാൻസർ നയത്തിന്റെ ഭാഗമായി കാൻസർ രോഗത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാൻസർ ചികിത്സയ്ക്കായി ആശുപത്രികൾ ശാക്തീകരിക്കുന്നതിനും ഊന്നൽ നൽകുന്നുണ്ട്. ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന കാൻസർ കെയർ പദ്ധതിയിലൂടെ എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രികളിൽ കാൻസർ നിർണ്ണയത്തിനും ചികിത്സയ്ക്കും ജില്ലാ കാൻസർ കെയർ പദ്ധതി നടപ്പിലാക്കിവരുന്നു. ആരോഗ്യ ബോധവൽക്കരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി, സ്കൂൾ, കോളേജ് തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എക്സിബിഷനുകളും പുകയിലവിരുദ്ധ പ്രവർത്തനങ്ങളും ബോധവത്കരണ ക്ലാസ്സുകളും ആരോഗ്യ പ്രവർത്തകർ മുഖേന നടത്തപ്പെടാറുണ്ട്.

**ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി**

197 (2073) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗബാധിതരുടെ എണ്ണം സംസ്ഥാനത്ത് ക്രമാതീതമായി വർദ്ധിച്ചുവരുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തെപ്പറ്റി പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജീവിതശൈലി രോഗബാധിതരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

(ബി) സംസ്ഥാന ആരോഗ്യ വകുപ്പ് അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസ് സ്റ്റഡീസുമായി സഹകരിച്ചുകൊണ്ട് ജീവിതശൈലി രോഗങ്ങളെക്കുറിച്ചും അതിലേയ്ക്ക് നയിക്കുന്ന റിസ്ക് ഫാക്ടേഴ്സിനെക്കുറിച്ചും രോഗങ്ങളുടെ സാന്ദ്രതയെക്കുറിച്ചും ഒരു ബൃഹത് പഠനം 'കിരൺ' എന്ന പേരിൽ ആരംഭിക്കുകയുണ്ടായി. ഏകദേശം 10 ലക്ഷം ആളുകളുടെ ഭക്ഷണത്തെയും വ്യായാമത്തെയും രോഗങ്ങളെയും ലഹരി ഉപയോഗത്തെയും ചികിത്സാരീതികളെയും ആരോഗ്യ ബോധത്തെയും കുറിച്ചുള്ള വിശദമായ പഠനമാണ് 14 ജില്ലകളിലെയും എല്ലാ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കുന്നത്. ഇ-ഹെൽത്ത് സാങ്കേതികവിദ്യയുടെ പ്രയോജനം ഉൾക്കൊണ്ടുകൊണ്ട് ടാബ്ലറ്റ് കമ്പ്യൂട്ടറുകളിൽ ഫീൽഡ് വിഭാഗം ജീവനക്കാർ ഭവന സന്ദർശനം നടത്തിയാണ് ഈ വിവരശേഖരണം നടത്തുന്നത്.

(സി) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും 232 സി.എച്ച്.സി.-കളിലും 848 പി.എച്ച്.സി.-കളിലും 6400-ൽപ്പരം സബ്സെന്ററുകളിലും ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു.

30 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലി രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ദ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം.

എൻ.സി.ഡി. ക്ലിനിക്കുകൾ ജില്ലാ/ജനറൽ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ആരംഭിച്ചു. ജില്ലാ ആശുപത്രികളിൽ ഡയബറ്റിക് റെറ്റിനോപ്പതി ക്ലിനിക്, ഡയബറ്റിക് ഫുട്ട് ക്ലിനിക് തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഗുരുതര ശ്വാസകോശ രോഗമായ സി.ഒ.പി.ഡി. നിയന്ത്രിക്കുന്നതിന് ഇന്ത്യയിലാദ്യമായി 'ശ്വാസ്' എന്ന പേരിൽ എല്ലാ ജില്ലാ ആശുപത്രികളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ക്ലിനിക് ആരംഭിക്കുകയും ചെയ്തു. കൂടാതെ പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പക്ഷാഘാതം വന്നവർക്ക് പുനരധിവാസ ചികിത്സ നൽകുന്നതിനും പുതിയ പക്ഷാഘാത ചികിത്സാ പദ്ധതി തെരഞ്ഞെടുത്ത ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയുണ്ടായി. വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കായി സഞ്ചരിക്കുന്ന ജീവിതശൈലി രോഗ നിർണ്ണയ ക്ലിനിക്കുകളായ കെയർ ഓൺ വീൽസ്, കെയർ ഓൺ വേവ്സ് എന്നിവ ആരംഭിക്കുകയുണ്ടായി. ജീവിതശൈലി രോഗങ്ങളുടെ പ്രധാന കാരണമായ പുകവലി നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യ വിപത്തിനെതിരെ 'മധുമുക്തി പദ്ധതി' കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്നു. ഭക്ഷണം, വ്യായാമം, ലഹരി എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ഹ്രസ്വ ചിത്രങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുകയുണ്ടായി.

## കുട്ടികളെ ബാധിക്കുന്ന രോഗങ്ങൾക്കുള്ള ചികിത്സാ സഹായം

198 (2074) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളെ ബാധിക്കുന്ന വിവിധതരം മാരകരോഗങ്ങൾക്ക് എന്തെല്ലാം ചികിത്സാ സൗകര്യങ്ങളും പദ്ധതികളുമാണ് ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികളിൽ ചികിത്സാ സഹായം നൽകിവരുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം ചികിത്സയ്ക്കാണ് സഹായം നൽകുന്നത്; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ)

(i) വെന്റിലേറ്റർ ഉൾപ്പെടെ ആധുനിക സൗകര്യങ്ങളുള്ള ഐ.സി.യു, നിയോനേറ്റൽ സംവിധാനങ്ങൾ മുതലായവ എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും കുട്ടികളുടെ ആശുപത്രികളിലും ലഭ്യമാണ്. ആശുപത്രികളിൽ

അഡ്മിറ്റാകുന്ന എല്ലാ കുട്ടികൾക്കും എല്ലാ മരുന്നുകളും ആർ.ബി.എസ്.കെ., ജെ.എസ്.എസ്.കെ., ആർ.എസ്.ബി.വൈ., ആരോഗ്യ കിരണം, താലോലം, ഹൃദ്യം തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി സൗജന്യമായി നൽകുന്നു.

(ii) കുട്ടികളെ ബാധിക്കുന്ന രോഗങ്ങൾക്ക് സംസ്ഥാനത്തെ വിവിധ സർക്കാർ ആശുപത്രികളിൽ ചികിത്സാസൗകര്യം ലഭ്യമാണ്. രോഗപ്രതിരോധ കുത്തിവയ്പ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കിവരുന്നു. പ്രതിരോധ കുത്തിവയ്പ്പ് എല്ലാ സർക്കാർ ആശുപത്രികളിലും പി.എച്ച്.സി.കളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത ദിവസങ്ങളിൽ ലഭ്യമാണ്. രോഗപ്രതിരോധ കുത്തിവയ്പ്പിലൂടെ കുട്ടികളെ ബാധിക്കുന്ന "വാക്സിൻ കൊണ്ട് തടയാവുന്ന മാരകരോഗങ്ങൾ" നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്.

(iii) കുട്ടികളെ ബാധിക്കുന്ന വിവിധതരം മാരകരോഗങ്ങളുടെ ചികിത്സകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ലിസ്സി, ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല, മിംമ്സ് ആശുപത്രി, കോഴിക്കോട് എന്നീ ആശുപത്രികളെ ജന്മനായുള്ള ഹൃദ്രോഗ ചികിത്സയ്ക്ക് മാത്രമായി ആർ.ബി.എസ്.കെ. മാർഗ്ഗനിർദ്ദേശാനുസരണം എംപാനൽ ചെയ്തിട്ടുണ്ട്. ആരോഗ്യ കിരണം പദ്ധതിപ്രകാരം സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ജീവൻ രക്ഷാ പ്രാധാന്യമുള്ള ചികിത്സകൾക്കുവേണ്ടിയുള്ള ചികിത്സാ സഹായം സർക്കാർ ഉത്തരവ് പ്രകാരം മാത്രം സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്കും നൽകുന്നതാണ്.

ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

**ക്യാൻസർ രോഗം കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം**

199 (2075) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ നടപ്പിലാക്കിവരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനുവേണ്ടി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)

(i) കാൻസർ പ്രതിരോധത്തിനും മുൻകൂർ രോഗനിർണ്ണയത്തിനും ഊന്നൽ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി തിരുവനന്തപുരം ആർ.സി.സി.-യിൽ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ ആർ.സി.സി.-യുടെ നേതൃത്വത്തിൽ എറണാകുളത്ത് കല്ലൂരിലും പാലക്കാട് കഞ്ചിക്കോട്ടും കൊല്ലത്ത് നീണ്ടകരയിലും മുൻകൂർ കാൻസർ രോഗനിർണ്ണയ ക്ലിനിക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. വദനാർബുദം, സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയുടെ രോഗനിർണ്ണയം ഇത്തരം ക്ലിനിക്കുകളിൽ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങളും സന്നദ്ധസംഘടനകളുമായി ചേർന്ന് സമൂഹത്തിന്റെ വിവിധ ഭാഗങ്ങളിൽ കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കാൻസർ പ്രതിരോധത്തിനും നിയന്ത്രണത്തിനുമായി വിവിധ പരിശീലന പരിപാടികൾ ആർ.സി.സി. സംസ്ഥാന ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തിവരുന്നുണ്ട്.

(ii) വദനാർബുദം, സ്തനാർബുദം, ഗരഭാശയഗള കാൻസർ എന്നീ കാൻസറുകൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള സ്ക്രീനിംഗ് പരിപാടി ആരോഗ്യ വകുപ്പ് എല്ലാ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. ക്ലിനിക്കുകളിലൂടെയും ക്യാമ്പുകളിലൂടെയും ജില്ലാ കാൻസർ കെയർ സെന്ററുകളിലൂടെയും ഈ രോഗം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ വദനാർബുദത്തിനുള്ള കാൻസർ സ്ക്രീനിംഗും സ്തനാർബുദത്തിനുള്ള സ്തനപരിശോധനയും മാമോഗ്രാഫി പരിശോധനയും ഗർഭാശയഗളാർബുദം കണ്ടെത്തുന്നതിന് 'വയാ-വിലി (VIA-VILI) ' പരിശോധനയും 'പാപ്സ്മിയർ' പരിശോധനയും നടത്തിവരുന്നു.

(iii) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ കാൻസർ രോഗം മുൻകൂട്ടി കണ്ടുപിടിക്കുന്നതിന് മാമോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ്, സി.ടി. സ്കാൻ, FNAC, പാപ്സ്മിയർ തുടങ്ങിയ പരിശോധനകൾ ലഭ്യമാണ്. കൂടാതെ മെഡിക്കൽ കോളേജുകളിലെ റേഡിയോതെറാപ്പി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികൾ, സന്നദ്ധസംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും ക്യാമ്പുകളും നടത്തുന്നു.

(ബി) സ്വകാര്യമേഖലയുടെ സഹകരണത്തോടെ കൂടുതൽ പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ ആരോഗ്യവകുപ്പ് ചില ജില്ലകളിൽ ആരംഭിക്കുകയുണ്ടായി. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വച്ച് സ്ക്രീനിംഗ് നടത്തുന്നതും

ആലോചനയിലാണ്. തിരുവനന്തപുരം, കൊച്ചി, മലബാർ കാൻസർ സെന്ററുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആർ.സി.സി.-യുടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനാവശ്യമായ പദ്ധതികളെപ്പറ്റി ആലോചിക്കുന്നുണ്ട്.

**കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി**

200 (2076) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ 2014 ആഗസ്റ്റ് വരെ നിലവിലുണ്ടായിരുന്ന കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിക്ക് പകരമായി ആവിഷ്കരിക്കുന്ന നാലാംഘട്ട പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ മൂന്ന് ഘട്ടങ്ങളിലുമായി നാളിതുവരെ എത്ര രോഗികൾക്ക് എത്ര തുക വീതം ആനുകൂല്യം ലഭിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ടം 2014 ആഗസ്റ്റ് മാസത്തിൽ അവസാനിക്കുകയുണ്ടായി. നാലാംഘട്ട പദ്ധതി ആരംഭിക്കണമെന്ന് തീരുമാനിക്കുകയും അതിന്റെ ഭാഗമായി പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാൻസർ രോഗികൾക്കായി വിവിധ ക്ഷേമപദ്ധതികളും ഇൻഷ്വറൻസ് പരിരക്ഷയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആർ.സി.സി.-യുടെ കാൻസർ കെയർ ഫോർ ലൈഫ് പദ്ധതിയുമായി മുന്നോട്ടുപോകേണ്ടതുണ്ടോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.

(ബി) കാൻസർ കെയർ ഫോർ ലൈഫ് പദ്ധതി പ്രകാരം മൂന്ന് ഘട്ടങ്ങളിലുമായി നാളിതുവരെ 4343 രോഗികൾക്ക് സൗജന്യ ചികിത്സ നൽകിയിട്ടുണ്ട്. ഈയിനത്തിൽ 18,35,51,667 (പതിനെട്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിയൊന്നായിരത്തി അറുനൂറ്റി അറുപത്തിയേഴ്) രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്.

**സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനം**

201 (2077) <u>ശ്രീ. ജെയിംസ് മാത്യു :</u>
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. കാരാട്ട് റസാഖ്</u> :
<u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സമ്പൂർണ്ണ കാൻസർ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാൻസർ രജിസ്ട്രി തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) എല്ലാ ജില്ലാ ആശുപത്രികളിലും കീമോ തെറാപ്പി സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കാൻസർ സെന്ററുകളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) സമ്പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ സാധ്യമല്ലെങ്കിലും കാൻസർ രോഗത്തെ പ്രതിരോധിക്കുന്നതിനും ഈ രോഗത്തിന്റെ തീവ്രത കുറയ്ക്കുന്നതിനും ആയുർദൈർഘ്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ചികിത്സാ സാങ്കേതങ്ങളെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി റീജിയണൽ കാൻസർ സെന്ററുകളെയും മെഡിക്കൽ കോളേജുകളെയും കാൻസർ ചികിത്സയുടെ ആധുനികതലങ്ങളിലേയ്ക്ക് ഉയർത്തുന്നതിനും ആരോഗ്യ വകുപ്പിന്റെ സ്ഥാപനങ്ങളിലൂടെ കാൻസർ നിർണ്ണയത്തിനും തുടർചികിത്സയ്ക്കും ബോധവൽക്കരണ ത്തിനുമുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു.

സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ തിരുവനന്തപുരം ആർ.സി.സി., ആർ.സി.സി.-യുടെ ഭാഗമായ ഏർളി കാൻസർ ഡിറ്റക്ഷൻ സെന്ററുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ കാൻസർ പരിശോധന ക്ലിനിക്കുകളും ബോധവൽക്കരണ പരിപാടികളും കഴിഞ്ഞ കുറേ വർഷങ്ങളായി നടത്തിവരുന്നുണ്ട്.

2014-ൽ സംസ്ഥാന ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ ദൗത്യവും ചേർന്ന് ഒരു സമഗ്ര കാൻസർ നിയന്ത്രണ പദ്ധതി (Campaign against Cancer in Kerala)-ക്ക് തുടക്കമിട്ടു. അതിന്റെ പ്രാരംഭ നടപടിയായി 63 ഡോക്ടർമാർക്കും 118 നഴ്സുമാർക്കും കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതി നാവശ്യമായ പ്രായോഗിക പരിശീലനങ്ങളും ആർ.സി.സി. നൽകുകയുണ്ടായി.

പുകയിലജന്യമായ കാൻസറുകൾ പരമാവധി കുറയ്ക്കുക, നേരത്തെ കണ്ടുപിടിക്കാൻ സാധിക്കുന്ന കാൻസറുകളായ വായിലെ കാൻസർ, ഗർഭാശയഗള

കാൻസർ, സ്തനാർബുദം എന്നിവ പരമാവധി നേരത്തെ കണ്ടുപിടിക്കുക, കാൻസറിന് മുന്നോടിയായ മാറ്റങ്ങളുള്ളവർക്കും കാൻസർ രോഗികൾക്കും ഫലപ്രദമായ ചികിത്സ നേരത്തെ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടി പൊതുജനങ്ങൾക്ക് വ്യാപകമായ തോതിലുള്ള കാൻസർ ബോധവൽക്കരണ ക്ലാസ്സുകൾ നൽകുന്നു.

സ്തനാർബുദം നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റിയുള്ള അറിവ് മാധ്യമങ്ങളിലൂടെയും പരസ്യങ്ങളിലൂടെയും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുകയും സ്തനാർബുദ ബോധവൽക്കരണ മാസമായ ഒക്ടോബർ മാസത്തിൽ പരമാവധി ബോധവൽക്കരണ ക്ലാസ്സുകളും പരിശോധനാ പദ്ധതികളും ആർ.സി.സി. സംഘടിപ്പിക്കാറുമുണ്ട്.

വിവിധ സേവന സംഘടനകൾ, ക്ലബ്ബുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ അർബുദ ബോധവൽക്കരണ ക്ലാസ്സുകൾ, അർബുദ രോഗം നേരത്തെ നിർണ്ണയിക്കാനുള്ള ക്യാമ്പുകൾ, ആരോഗ്യ പ്രദർശനങ്ങൾ എന്നിവ പൊതുജനങ്ങൾക്കായി മലബാർ കാൻസർ സെന്റർ നടത്തിവരുന്നുണ്ട്.

കണ്ണൂർ ജില്ലാ പഞ്ചായത്തും മലബാർ കാൻസർ സെന്ററും ആരോഗ്യവകുപ്പും സാക്ഷരതാ മിഷനും സംയുക്തമായി കണ്ണൂർ ജില്ലയിലെ 81 പഞ്ചായത്തുകളിലായി സമഗ്ര അർബുദ നിയന്ത്രണ പദ്ധതിയായ 'ആശ്വാസ്' നടത്തുകയുണ്ടായി.

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെയും സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും നേതൃത്വത്തിൽ 'ആയുർ ദീപ്തം' പദ്ധതിപ്രകാരം കണ്ണൂർ ജില്ലയിലെ കുറ്റ്യാട്ടൂർ, കണ്ണപുരം, ആറളം എന്നിവിടങ്ങളിലെ പി.എച്ച്.സി.കളിൽ പ്രാരംഭഘട്ടത്തിലെ കാൻസറുകൾ കണ്ടുപിടിക്കുന്നതിനുള്ള ഏർളി കാൻസർ ഡിറ്റക്ഷൻ ക്ലിനിക്കുകൾ തുടങ്ങിയിട്ടുണ്ട്. മറ്റുചില സർക്കാർ ആശുപത്രികളിലും ഇത്തരത്തിലുള്ള ക്ലിനിക്കുകൾ തുടങ്ങാനുള്ള പരിശീലനം എം.സി.സി.-യിൽ നടന്നുവരുന്നു. ഈ പദ്ധതി ഒരു പൈലറ്റ് പ്രോഗ്രാമായാണ് നടത്തിവരുന്നത്. കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർക്കും വയനാട് ജില്ലാ ആശുപത്രിയിലെ ഡോക്ടർമാർക്കും പാലിയേറ്റീവ് കീമോതെറാപ്പി നൽകാനുള്ള പരിശീലനം നൽകുകയുണ്ടായി. 'അതിജീവനം' എന്ന പദ്ധതിയുടെ കീഴിൽ കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ സി.എച്ച്.സി. ചെറുവത്തൂർ, തൃക്കരിപ്പൂർ താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

എം.സി.സി.-യുടെ നേതൃത്വത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചുകൊണ്ട് "Aware and Awake" എന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടി വി-ഗാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് മലപ്പുറം ജില്ലയിലെ എടവണ്ണ സി.എച്ച്.സി., പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം സി.എച്ച്.സി. എന്നിവിടങ്ങളിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനുള്ള ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ (സി.സി.ആർ.സി.) ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ പ്രൈമറി ഹെൽത്ത് സെന്ററിലുള്ള എല്ലാ ഡോക്ടർമാർക്കും സ്റ്റാഫ് നഴ്സിനും ആശാവർക്കേഴ്സിനുമുള്ള സമഗ്ര പരിശീലന പരിപാടി കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ ആരംഭിച്ചിട്ടുണ്ട്. കാൻസർ ആരംഭദിശയിൽത്തന്നെ കണ്ടുപിടിക്കുകയും അങ്ങനെ കാൻസർ രോഗത്തെ പ്രാരംഭഘട്ടത്തിൽത്തന്നെ കണ്ടുപിടിച്ച് ചികിത്സിക്കുകയും ഭേദപ്പെടുത്തുകയുമാണ് ലക്ഷ്യം. ഇതോടനുബന്ധിച്ച് പഞ്ചായത്തുകളിൽ കാൻസർ ബോധവൽക്കരണ പരിപാടികളും കാൻസർ കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും നടത്തിവരുന്നു.

(ബി) തിരുവനന്തപുരം ആർ.സി.സി.-യുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ 2006 മുതൽ കാൻസർ രജിസ്ട്രി പ്രവർത്തിക്കുന്നു. ഈ രജിസ്ട്രികളിലെ കണക്കുകൾ ആർ.സി.സി. തുടർച്ചയായി പ്രസിദ്ധീകരിക്കുന്നുണ്ട്. മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ സെന്റർ എന്നിവിടങ്ങളിലും പുതുതായി കാൻസർ രജിസ്ട്രികൾ തുടങ്ങിയിട്ടുണ്ട്. രോഗികളുടെ വയസ്സ്, ലിംഗം, സ്ഥലം, അസുഖത്തിന്റെ വിവരങ്ങൾ എന്നിവ ഈ രജിസ്ട്രികളിൽ രേഖപ്പെടുത്തുന്നു. കാൻസർ വ്യാപന രീതിയിലെ മാറ്റങ്ങളും ഓരോ പ്രദേശത്തെ പ്രത്യേകതകളും പഠനവിധേയമാക്കാൻ ഇതിലൂടെ സാധിക്കും.

മലബാർ കാൻസർ സെന്റർ 2010 മുതൽ അവിടെവരുന്ന രോഗികളെ കേന്ദ്രീകരിച്ച് Hospital Based Cancer Registry (HBCR) ആരംഭിക്കുകയും 6 റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കണ്ണൂർ, കാസർഗോഡ്, മാഹി എന്നീ ജില്ലകളെ കേന്ദ്രീകരിച്ച് 2014 ജനുവരി മുതൽ മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി എന്ന പേരിൽ ഒരു ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി ആരംഭിച്ചിട്ടുണ്ട്. ഇത് ആരംഭിച്ച് 4 വർഷമായ അവസരത്തിൽ മലബാർ ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രി കോഴിക്കോട്, വയനാട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലേയ്ക്ക് വ്യാപിപ്പിച്ചു. കാൻസർ രജിസ്ട്രി എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ കാൻസർ നയത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യമേഖലയിലും സർക്കാർ മേഖലയിലും ആശുപത്രികളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു കാൻസർ ഗ്രിഡ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് യാഥാർത്ഥ്യ മാകുന്നതോടെ സംസ്ഥാനതലത്തിൽത്തന്നെ ഒരു സമ്പൂർണ്ണ കാൻസർ രജിസ്ട്രി തയ്യാറാക്കാൻ കഴിയുന്നതാണ്.

എറണാകുളം ജില്ലയിലുള്ള കാൻസർ രോഗികളുടെ വിവരശേഖരണം സി.സി.ആർ.സി.-യുടെ ഒരു പദ്ധതിയാണ്. ഇതിന് മുന്നോടിയായി കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ സമ്പൂർണ്ണ കാൻസർ സർവ്വേ സി.സി.ആർ.സി. നടത്തിവരുന്നു.

(സി) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതിയിലുള്ള എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സൗകര്യം സജ്ജീകരിക്കുന്ന ജില്ലാ കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ ആരോഗ്യവകുപ്പിന് കീഴിലുള്ള 18 ആശുപത്രികളിൽ ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം റിജിയണൽ കാൻസർ സെന്റർ, തലശ്ശേരി മലബാർ കാൻസർ സെന്റർ, കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ എന്നിവിടങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ പറയും പ്രകാരമാണ്.

I. റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം

(i) രോഗികളുടെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും ആധുനിക ഉപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനുമായി 187.22 കോടി രൂപ എസ്റ്റിമേറ്റ് വരുന്ന 14 നില കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചു.

(ii) "കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ" എന്ന പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുള്ള 1.15 കോടി രൂപ ഉപയോഗിച്ച് ക്യാമ്പസ് ഏരിയ നെറ്റ്‌വർക്ക് നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്.

(iii) 2018-19 സാമ്പത്തികവർഷം ഉൾപ്പെടുത്തിയിട്ടുള്ള ഹൈപ്പർ കൺവെർജ്ഡ് ഇൻഫ്രാസ്ട്രക്ചർ (വിർച്ച്വലൈസേഷൻ ഉൾപ്പെടെ) ഡാറ്റാബേസ് അപ്ലൈയൻസ്, ഹാർഡ്‌വെയർ എന്നിവ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(iv) "സ്ത്രീകളിലെ കാൻസർ ചികിത്സയ്ക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ" എന്ന പദ്ധതിയിൽ 2018-19 സാമ്പത്തികവർഷം ഉൾപ്പെടുത്തിയിട്ടുള്ള ലീനിയർ ആക്സിലറേറ്റർ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

(v) ലൈബ്രറിക്കുവേണ്ടി പുസ്തകങ്ങൾ, ജേണലുകൾ, ആനുകാലികങ്ങൾ എന്നിവ വാങ്ങുന്നതിന് 100 ലക്ഷം രൂപ 2017-18 സാമ്പത്തികവർഷം അനുവദിച്ചിരുന്നു. ഈ തുക അനുവദിച്ച ആവശ്യങ്ങൾക്കായി ചെലവഴിച്ചുകഴിഞ്ഞു.

(vi) 2018-19 സാമ്പത്തികവർഷം ഗവേഷണ പരിശീലന പരിപാടികൾക്കുള്ള സൗകര്യം മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിലെ ലൈബ്രറി വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. റിസർച്ച് വിഭാഗവുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്.

II. മലബാർ കാൻസർ സെന്റർ, തലശ്ശേരി

(i) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് നഴ്സിംഗ് സയൻസ് ആന്റ് റിസർച്ച് (ബി.എസ്.സി. നഴ്സിംഗ് കോളേജ്) 2018-19 അദ്ധ്യയനവർഷത്തിൽ പ്രവർത്തനം ആരംഭിച്ചു.

(ii) മലബാർ കാൻസർ സെന്ററിൽ പോസ്റ്റ് ഗ്രാജ്വേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആന്റ് റിസർച്ച് സെന്ററിന്റെ ഭാഗമായി National Board of Examination (NBE)-യുടെ കീഴിൽ DNB in Surgical Oncology കോഴ്സ് ആരംഭിക്കുകയുണ്ടായി.

(iii) എം.സി.സി.-യുടെ വികസന പ്രവർത്തനങ്ങൾക്കായി KIIFB-യിൽ 180 കോടി രൂപയുടെ പ്രോജക്ട് നൽകുകയുണ്ടായി. തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(iv) 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് വിനിയോഗിച്ച് പ്രോട്ടിയോമിക് ലാബ് പ്രവർത്തനസജ്ജമായിക്കൊണ്ടിരിക്കുന്നു.

(v) കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളെ ഉൾപ്പെടുത്തിക്കൊണ്ട് മലബാർ പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി വിപുലീകരിച്ചു.

(vi) പുതുതായി ആരംഭിച്ച ആധുനിക സംവിധാനങ്ങളോടുകൂടിയ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

(vii) എം.സി.സി. ബ്ലഡ് ബാങ്ക് ആധുനികവൽക്കരണത്തിന്റെ ഭാഗമായി NAT (Nueclic Acid Testing) സംവിധാനം ആരംഭിച്ചു.

(viii) സി.ടി. സ്കാനർ, SPECT CT, pet scanner, PACS, Nuclear Medicine Facility, Cath Lab എന്നിവ സ്ഥാപിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ix) പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

III. കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ, കളമശ്ശേരി

കാൻസർ ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2016 നവംബർ 1-ന് കൊച്ചിൻ കാൻസർ റിസർച്ച് സെന്ററിന്റെ ഔട്ട് പേഷ്യന്റ് വിഭാഗം പ്രവർത്തനം തുടങ്ങി. സെന്ററിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ മുഴുവൻ

സ്റ്റാഫുകളെയും നിയമിക്കുകയുണ്ടായി. 384 കോടി രൂപ മുടക്കി ആധുനിക ചികിത്സാ സൗകര്യങ്ങളോടുകൂടിയ ഒരു കാൻസർ സെന്ററാണ് നിർമ്മാണം ആരംഭിച്ചത്. കിഫ്ബിയിൽ നിന്നുള്ള ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത്. കാൻസർ ചികിത്സാരംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിക്കുന്ന ചികിത്സാരീതികൾ ഈ സെന്ററിൽ ആരംഭിക്കുന്നതാണ്. ഏറ്റവും മികച്ച ചികിത്സാരീതി സാധാരണക്കാരന് ലഭ്യമാക്കുക എന്നുള്ളതാണ് ഈ സെന്ററിന്റെ ലക്ഷ്യം.

ഒന്നാംഘട്ട പണി കഴിയുമ്പോൾ ഒ.പി. വിഭാഗത്തിൽ 800 രോഗികളെയും ഇൻപേഷ്യന്റ് വിഭാഗത്തിൽ 400 രോഗികളെയും പരിപാലിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ടായിരിക്കും. 50-ൽപ്പരം രോഗികൾക്ക് കിടക്കാവുന്ന ഒരു ദിവസം മാത്രം ദൈർഘ്യമുള്ള കീമോതെറാപ്പി ചികിത്സാ വിഭാഗം, 8 ഓപ്പറേഷൻ തിയേറ്റർ, 4 അത്യാധുനിക റേഡിയേഷൻ ചികിത്സാ ഉപകരണങ്ങൾ, 2 എം.ആർ.ഐ. മെഷീൻ, സി.ടി. സ്കാൻ മെഷീൻ, മാമ്മോഗ്രാം, ഫ്ലൂറോസ്കോപ്പി തുടങ്ങിയ അത്യാധുനിക കാൻസർ ചികിത്സാ സൗകര്യങ്ങൾ ഇവിടെ ലഭ്യമാകും. ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ ഒ.പി. വിഭാഗം ഡേ കെയർ കീമോതെറാപ്പി, ലബോറട്ടറി, കാൻസർ നിർണ്ണയ ക്യാമ്പുകൾ തുടങ്ങിയ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടുണ്ട്.

കാൻസർ രോഗികളെ വീടുകളിൽ സന്ദർശിച്ച് ചികിത്സയും മരുന്നും ലഭ്യമാക്കുന്നതിനും അവർക്ക് മാനസികവും സാമൂഹികവുമായി പിന്തുണ നൽകുന്നതിനും ലക്ഷ്യമിട്ട് സംയോജിത ഗൃഹപരിചരണ പരിപാടി സെന്റർ ആവിഷ്കരിച്ചിട്ടുണ്ട്. സെന്ററിൽ ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തനമാരംഭിക്കാനും അതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## വർദ്ധിച്ചു വരുന്ന ചികിത്സാ ചെലവ്

202 (2078) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. എ.പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാച്ചെലവ് വർദ്ധിച്ചുവരുന്നതുമൂലം ദരിദ്രരായി മാറുന്നവരുടെ ശതമാനത്തിൽ സംസ്ഥാനം മുൻപന്തിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആരോഗ്യ സംബന്ധമായ കാര്യങ്ങളിൽ പൊതുമേഖലയിലെ സൗകര്യങ്ങൾ പര്യാപ്തമല്ലാത്തതിനാൽ ജനങ്ങൾ സ്വകാര്യമേഖലയെ കൂടുതലായി ആശ്രയിക്കേണ്ട സ്ഥിതിവിശേഷം ഉണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സകൾക്കും രോഗികൾ വിധേയരാകേണ്ടിവരുന്ന എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ഡി) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം പ്രാവർത്തികമാകുന്നതോടുകൂടി ഇത്തരത്തിലുള്ള അനഭിലഷണീയമായ പ്രവണതകൾ നിയന്ത്രിക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) പ്രസ്തുത നിയമ പ്രകാരം സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന നിർദ്ദേശത്തോട് സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെയും ക്ലിനിക്കുകളുടെയും പ്രതികരണം എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരളത്തിൽ പ്രതിശീർഷ ചികിത്സാച്ചെലവ് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. കേരളീയരുടെ ആരോഗ്യബോധവും അമിതമായ സ്പെഷ്യലൈസേഷൻ സംസ്കാരവും ഈ ചികിത്സാ ചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്. അതിനോടൊപ്പം ജീവിതശൈലിയിൽ വന്ന കാതലായ വ്യതിയാനത്തിന് അനുസൃതമായി ജീവിതശൈലി രോഗങ്ങളും അതിന്റെ മൂർദ്ധന്യാവസ്ഥകളും സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ചികിത്സാചെലവ് വൻതാതിൽ കൂട്ടുന്നതിന് കാരണമാകുന്നു. സംസ്ഥാനത്ത് ആയുർദൈർഘ്യം വർദ്ധിച്ചതിനാൽ വയോജനങ്ങളുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ ഏറെ ഉയർന്നതും ചികിത്സാച്ചെലവ് വർദ്ധിക്കുന്നതിന് കാരണമായി കണക്കാക്കപ്പെടുന്നു.

(ബി) സംസ്ഥാനത്തെ ആരോഗ്യ മേഖല വികസിത രാജ്യങ്ങളോട് കിടപിടിക്കത്തക്കവണ്ണം സുശക്തമാണ്. ലഭിക്കാവുന്നതിൽ വച്ച് ഏറ്റവും നല്ല ആരോഗ്യ പരിരക്ഷയും ചികിത്സാ സംവിധാനങ്ങളുമാണ് പൊതുജനാരോഗ്യരംഗത്ത് പ്രധാന കണ്ണികളാകുന്ന, ആരോഗ്യ കേന്ദ്രങ്ങൾവഴി നൽകിവരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റുന്ന പ്രക്രിയ ആരംഭിച്ചതിനാൽ പ്രാഥമികാരോഗ്യരംഗം ഏറെ ശക്തിപ്പെട്ടുവരുന്നുണ്ട്. ജില്ലാ-താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തിയും കൂടുതൽ സ്പെഷ്യാലിറ്റി ആരംഭിക്കുകയും ചെയ്യുകവഴി ഇവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും കഴിഞ്ഞിട്ടുണ്ട്. എന്നാൽ സ്വകാര്യ മേഖലയിലുള്ള ആശുപത്രികളെ ജനങ്ങൾ ആശ്രയിക്കുന്നത് പൊതുമേഖലയിലെ സൗകര്യങ്ങളുടെ അപര്യാപ്തതകൊണ്ട് മാത്രമല്ല മറിച്ച് സൂപ്പർസ്പെഷ്യലൈസേഷനോടും നക്ഷത്രസൗകര്യങ്ങളുമുള്ള ആശുപത്രികളോട് അഭികാമ്യത വർദ്ധിച്ചുവരുന്നതുകൊണ്ടുകൂടിയാണ്.

(സി&ഡി) സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സയ്ക്കും ജനങ്ങൾ വിധേയമാകുന്നുവെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ചികിത്സാ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റ്, 2018 1-1-2019 മുതൽ മോഡേൺ മെഡിസിൻ (ദന്തചികിത്സ ഉൾപ്പെടെ) വിഭാഗത്തിൽ ആദ്യഘട്ടമായി മൂന്ന് ജില്ലകളിൽ നിലവിൽ വന്നിട്ടുണ്ട്. ഈ നിയമം, പൂർണ്ണതോതിൽ നടപ്പിൽ വരുന്നതോടെ ഇത്തരത്തിലുള്ള അനഭിലഷണീയമായ പ്രവണതകൾ ഒരുപരിധിവരെ നിയന്ത്രിക്കുന്നതിന് കഴിയുന്നതാണ്.

(ഇ) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 2018 പ്രാബല്യത്തിൽ വന്ന മൂന്ന് ജില്ലകളിൽ (തൃശ്ശൂർ, പാലക്കാട്, മലപ്പുറം) 1-1-2019-ന് മോഡേൺ മെഡിസിൻ (ദന്തചികിത്സ ഉൾപ്പെടെ) വിഭാഗത്തിനുള്ള രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളൂ. സ്വകാര്യ ക്ലിനിക്കൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷനായി അപേക്ഷകൾ ലഭിക്കുന്നുണ്ട്.

**ഫോർമാലിൻ കലർന്ന മത്സ്യം**

203 (2079) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകളിൽ വില്പനയ്ക്കായി എത്തിച്ച ഫോർമാലിൻ കലർന്ന എത്ര കിലോഗ്രാം മത്സ്യം പിടികൂടിയിട്ടുണ്ട്; എവിടെ നിന്നെല്ലാം; സർക്കാരിന്റെ ഏത് വകുപ്പാണ് പിടിച്ചെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇത്തരം മാരകവിഷാംശമുള്ള രാസവസ്തുക്കൾ ഐസ്ക്രീം പൗഡറുകളിലും കുപ്പി സർബത്തുകളിലും വരെ ചേർക്കുന്നതും പൗഡറുകളാക്കി പായ്ക്കറ്റിൽ കടകളിൽ വിതരണം ചെയ്യുന്നതും തടയുന്നതിനായി ഇവ നിർമ്മാതാക്കളിൽ നിന്നുതന്നെ പിടിച്ചെടുത്ത് ഭീമമായ പിഴ ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിലെ അമരവിള ചെക്ക്പോസ്റ്റിൽ നിന്നും ആറ് ടൺ മത്സ്യവും കൊല്ലം ജില്ലയിലെ ആര്യങ്കാവ് ചെക്ക് പോസ്റ്റിൽ നിന്നും 7.5 ടൺ മത്സ്യവും പാലക്കാട് ജില്ലയിലെ വാളയാർ ചെക്ക്പോസ്റ്റിൽ നിന്നും 4 ടൺ മത്സ്യവും കൊല്ലത്തുനിന്നും 9 ടൺ മത്സ്യവും വടകരയിൽ നിന്നും 6 ടൺ മത്സ്യവും ഫോർമാലിൻ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത്തരം ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കുകയും വിൽക്കുകയും ചെയ്യുന്ന സ്ഥലങ്ങളിൽ പരിശോധനകൾ നടത്തി ഗുണനിലവാരം ലംഘിക്കുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്.

## ശസ്ത്രക്രിയാ ഉപകരണങ്ങൾ മറിച്ചുവിൽക്കുന്നത് തടയാൻ നടപടി

204 (2080) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രോഗികളും ബന്ധുക്കളും വാങ്ങി നൽകുന്ന ശസ്ത്രക്രിയാ ഉപകരണങ്ങൾ ഉൾപ്പടെയുള്ള വിലകൂടിയ ഉപകരണങ്ങൾ പലപ്പോഴും രോഗികൾക്ക് ഉപയോഗിക്കാതെ അധികൃതർ മറിച്ചുവിൽക്കുന്നതുൾപ്പെടെയുള്ള തട്ടിപ്പുകൾ നടത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലേയ്ക്ക് രോഗികളും ബന്ധുക്കളും ചികിത്സാവശ്യങ്ങൾക്ക് വാങ്ങി നൽകുന്ന ഉപകരണങ്ങളെ സംബന്ധിച്ച വിശദാംശം രജിസ്റ്റർ ചെയ്ത് സൂക്ഷിയ്ക്കുന്നുണ്ടോ; എങ്കിൽ ഇത്തരം ഉപകരണങ്ങൾ കൃത്യമായി സൂക്ഷിയ്ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രോഗികളും ബന്ധുക്കളും വാങ്ങിനൽകുന്ന ഉപകരണങ്ങളെ സംബന്ധിച്ച് വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിവയ്ക്കാറുണ്ട്.

## ആരോഗ്യവകുപ്പിൽ ഫാം ഡി ബിരുദധാരികളുടെ സേവനം

205 (2081) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഫാം ഡി ബിരുദധാരികളുടെ സേവനം നിലവിൽ ഏതൊക്കെ മേഖലകളിലാണ് ഉപയോഗിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പി.എസ്.സി.വഴി ആരോഗ്യവകുപ്പിൽ നടത്തുന്ന ഏതൊക്കെ തസ്തികകളിൽ ഫാം ഡി ബിരുദധാരികൾക്ക് അപേക്ഷിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ബിരുദധാരികൾക്ക് അപേക്ഷിക്കുവാൻ കഴിയുന്ന വിധത്തിൽ ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ ഭേദഗതി വരുത്തണമെന്ന ആവശ്യത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫാം. ഡി കോഴ്സ് ആരോഗ്യ വകുപ്പിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയല്ലാത്തതിനാൽ നിലവിൽ ആരോഗ്യ വകുപ്പ് ഫാം.ഡി ബിരുദധാരികളുടെ സേവനം ഉപയോഗിക്കുന്നില്ല.

(ബി) നിലവിൽ പി.എസ്.സി. വഴി ആരോഗ്യ വകുപ്പിൽ നടത്തുന്ന ഒരു തസ്തികകളിലും ഫാം.ഡി കോഴ്സ് ബിരുദധാരികൾക്ക് അപേക്ഷിക്കാൻ സാധിക്കുകയില്ല.

(സി) ഫാം.ഡി കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികളെ സർക്കാർ ഫാർമസി കോളേജുകളിലെ അദ്ധ്യാപക നിയമനത്തിനായി പരിഗണിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചിരുന്നുവെങ്കിലും വകുപ്പിലെ ഡിപ്പാർട്ടുമെന്റലൈസേഷൻ നടപടികൾ പൂർത്തീകരിക്കേണ്ടുന്നതിനാൽ സർക്കാർ ഫാർമസി കോളേജുകളിലെ അദ്ധ്യാപകരുടെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന വിഷയം താൽക്കാലികമായി നീട്ടിവച്ചിരിക്കുകയാണ്.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

206 (2082) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നിലവിൽ വരുമെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

കേരളത്തിൽ ആർ.എസ്.ബി.വൈ.-യും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും സംയോജിപ്പിച്ച് ആർ.എസ്.ബി.വൈ/ചിസ് പദ്ധതി 2008 ഒക്ടോബർ മാസം 2-ാം തീയതി മുതൽ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ പദ്ധതിയുടെ കേരള പതിപ്പായ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 2019 ഏപ്രിൽ മാസം 1-ാം തീയതി മുതൽ കേരളത്തിൽ നടപ്പിലാക്കും. പ്രസ്തുത പദ്ധതിപ്രകാരം 21.57 ലക്ഷം കുടുംബങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 60:40 അനുപാതത്തിൽ പ്രീമിയം നൽകുകയും കൂടാതെ 19.98 ലക്ഷം കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ മുഴുവൻ പ്രീമിയം നൽകുക വഴി ആകെ 40.96 ലക്ഷം കുടുംബങ്ങളെ ഈ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താനും സാധിക്കും. ഓരോ കുടുംബത്തിനും പ്രതിവർഷം 5 ലക്ഷം രൂപയുടെ സൗജന്യ ആരോഗ്യ പരിരക്ഷ ലഭ്യമാക്കും.

## ആരോഗ്യ വകുപ്പിൽ ഇ- ഫയൽ സംവിധാനം

207 (2083) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയൽ നീക്കം സുഗമവും വേഗത്തിലും സുതാര്യവുമാക്കുന്നതിന് സെക്രട്ടേറിയറ്റിലേതു പോലെ ഇ- ഫയൽ രീതി ഡി.എച്ച്.എസ്.-ൽ നടപ്പിൽ വരുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായുള്ള ഇത്തരം പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടോ;

(സി) ജീവനക്കാർക്ക് ആവശ്യമായ പരിശീലനങ്ങൾ ആരംഭിച്ചു തുടങ്ങിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഇ-ഫയൽ രീതി നടപ്പിലാക്കുന്നതിന് മുന്നോടിയായി ഇ-ഓഫീസ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങി ഇതുസംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

ഇ-ഫയലിംഗ് സംബന്ധിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി വകുപ്പിലെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. കൂടാതെ ഫയൽ പ്രോസസിംഗ് സുഗമമാക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിലും ഡയറക്ടറേറ്റ് തലത്തിലും ഫയൽ അദാലത്ത് നടത്തിവരുന്നു.

## ആരോഗ്യ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ

208 (2084) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആരോഗ്യ മേഖലയെ സമഗ്രമായി ഉൾക്കൊള്ളുന്ന ആരോഗ്യ നയത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) അനുദിനം വർദ്ധിച്ച് വരുന്ന ചികിത്സാ ചെലവ് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെയും ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റത്തക്കരീതിയിൽ ആരോഗ്യരംഗത്ത് സമഗ്ര ഇടപെടൽ നടത്തുകയും അതോടൊപ്പം രോഗാതുരതയും മരണനിരക്കും കുറയ്ക്കാനായി താഴെപ്പറയുന്ന കാര്യങ്ങൾ നേടിയെടുക്കേണ്ടതുമാണ്:

1. പകർച്ചവ്യാധികളുടെ നിയന്ത്രണം

2. പ്രാഥമികതലത്തിൽത്തന്നെ ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണം

3. കാര്യക്ഷമമായ ആരോഗ്യപരിപാലന സംവിധാനങ്ങൾ

4. പ്രാഥമിക ചികിത്സാ സ്ഥാപനങ്ങളുടെ എണ്ണവും നിലവാരവും വർദ്ധിപ്പിക്കൽ

5. ദ്വിതീയതലത്തിൽ രോഗ സങ്കീർണ്ണതകളുടെ നിയന്ത്രണം

6. ദ്വിതീയ തൃതീയതല ചികിത്സാ സൗകര്യങ്ങളുടെ ആധുനികവത്കരണം

7. ത്രിതല റഫറൽ സമ്പ്രദായം നടപ്പാക്കൽ

8. ചികിത്സാരംഗത്ത് ആവശ്യമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തൽ.

ഇത്തരത്തിൽ കേരളത്തിന്റെ ആരോഗ്യമേഖല മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന ദീർഘകാല ലക്ഷ്യങ്ങളും ഹ്രസ്വകാല ലക്ഷ്യങ്ങളും ആവിഷ്കരിച്ചിട്ടുണ്ട്:

ദീർഘകാല ലക്ഷ്യങ്ങൾ:

1. സാർവ്വത്രികവും സൗജന്യവും സമഗ്രവുമായ ആരോഗ്യരക്ഷാ സംവിധാനം ഏർപ്പെടുത്തുക

2. ശിശു, ബാല, മാതൃ മരണനിരക്കുകൾ വികസിത രാജ്യങ്ങളിലേതിന് തുല്യമായ തലത്തിൽ എത്തിക്കുക

3. ജനങ്ങളുടെ ആരോഗ്യത്തോടെയുള്ള ആയുർദൈർഘ്യം കൂട്ടുക

ഹ്രസ്വകാല ലക്ഷ്യങ്ങൾ:

1. മാതൃമരണ നിരക്ക് ഒരു ലക്ഷം ജനങ്ങളിൽ 66 എന്നതിൽ നിന്ന് 30 ആക്കുക.

2. ശിശുമരണനിരക്ക് 12-ൽ നിന്ന് 8 ആക്കുക

3. നവജാത ശിശുക്കളുടെ മരണനിരക്ക് 7-ൽ നിന്നും 5 ആക്കുക.

4. 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണനിരക്ക് 14-ൽ നിന്നും 9 ആയി കുറയ്ക്കുക.

5. പകർച്ചവ്യാധികളുടെ വാർഷിക രോഗബാധ 50 ശതമാനമായി കുറയ്ക്കുക.

ഇത്തരത്തിൽ ആരോഗ്യ മേഖലയിലെ നമ്മുടെ ലക്ഷ്യം എസ്.ഡി.ജി. (Sustainable Development Goals)-യുടേതായി മാറ്റുക എന്നതാണ് ആരോഗ്യ നയത്തിലൂടെ ഉദ്ദേശിക്കുന്നത്.

(ബി) സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷനിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിലൂടെ പ്രാഥമികാരോഗ്യ രംഗം ശക്തിപ്പെടുത്തുകയും ജില്ലാ താലൂക്ക് ആശുപത്രികളിൽ ഹൃദ്രോഗ ചികിത്സ ഉൾപ്പെടെ പ്രത്യേക Special Section സേവനങ്ങൾ നൽകുകയും ആശുപത്രികളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി മികവിന്റെ കേന്ദ്രങ്ങളായി മാറ്റാനും അതുവഴി ചികിത്സാ ചെലവ് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിൽ അനാവശ്യ പരിശോധനകൾക്കും ചികിത്സകൾക്കും രോഗി വിധേയരാകേണ്ടിവരുന്നത് വഴിയാണ് ചികിത്സാച്ചെലവ് വർദ്ധിക്കുന്നത്. എന്നാൽ ഇത് തടയുന്നതിനായി Clinical Establishment Act നടപ്പിലാക്കുന്നതിലൂടെ സ്വകാര്യ ആശുപത്രികളെ ഒരു പരിധിവരെ നിയന്ത്രിക്കാനും ചികിത്സാച്ചെലവ് കുറയ്ക്കാനും സാധിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ

209 (2085) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ ലിസ്റ്റ് ജില്ല തിരിച്ച് ലഭ്യമാക്കാമോ; ഏതൊക്കെ ചികിത്സകളാണ് പദ്ധതി പ്രകാരം ഈ ആശുപത്രികൾ വഴി നല്കുന്നതെന്ന് അറിയിക്കുമോ;

(ബി) ചികിത്സ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പണം നൽകാൻ അവശേഷിക്കുന്നുവോ; ഉണ്ടെങ്കിൽ ആശുപത്രികളുടെ പേരും തുകയും ലഭ്യമാക്കാമോ; തുക നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ലിസ്റ്റിൽ ഉൾപ്പെട്ട പല ആശുപത്രികളും പദ്ധതിയുടെ പ്രയോജനം മറച്ചുവച്ച് പാവപ്പെട്ട രോഗികളോട് ചികിത്സാചെലവ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ആശുപത്രികളുടെ പേരും ഒഴിവാക്കാനുണ്ടായ കാരണവും വ്യക്തമാക്കാമോ;

(ഇ) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ചികിത്സാ സൗജന്യം നിഷേധിക്കുന്ന സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ടി ആശുപത്രികളിൽ അംഗീകരിച്ചിട്ടുള്ള ചികിത്സയുടെയും ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ചികിത്സ നടത്തിയതിന് സ്വകാര്യ ആശുപത്രികൾക്ക് 1-2-2019-ലെ സ്ഥിതിയനുസരിച്ച് 9,32,83,463 രൂപ നൽകാനുണ്ട്. ഇതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു*.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട ചില കാര്യങ്ങളിലെ അവ്യക്തത തീർക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ആശുപത്രികൾക്ക് കത്ത് നൽകുകയും ഈ കത്തുകൾക്ക് മറുപടി ലഭിക്കുന്നതിലുണ്ടായ കുറഞ്ഞ കാലതാമസം കാരണം ക്ലെയിമുകൾക്ക് തുക അനുവദിക്കുന്നതിലും കാലതാമസമുണ്ടായിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ലിസ്റ്റിൽ നിന്നും ആശുപത്രികളെ ഒഴിവാക്കിയിട്ടില്ല. എന്നാൽ എഗ്രിമെന്റ് പുതുക്കാത്ത 15 ആശുപത്രികൾക്ക് നിലവിൽ ചികിത്സാ സഹായം നൽകുന്നില്ല.

(ഇ) ചികിത്സാ സൗജന്യം നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

210 (2086) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ആയതിന് അനുവദിച്ചിട്ടുള്ള തുക എത്രയാണ്;

(ബി) ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ;

(സി) അടിമാലി താലൂക്ക് ആശുപത്രിയിൽ പണി കഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുന്നതിനുള്ള കാലതാമസത്തിന് കാരണം എന്താണ്; വ്യക്തമാക്കാമോ; ആയത് എന്നേയ്ക്ക് ഉദ്ഘാടനം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അടിമാലി താലൂക്ക് ആശുപത്രിയിൽ ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | അനുവദിച്ച തുക |
|---|---|---|
| 1 | ദൈനംദിന ചെലവുകൾ | 33,00,000 |
| 2 | ആശുപത്രിയിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നത് | 4,42,760 |
| 3 | ഡയാലിസിസ് | 23,12,000 |
| 4 | പാലിയേറ്റീവ് കെയർ | 1,50,000 |

(ബി) ദൈനംദിന ചെലവുകളിൽ 14,06,112 രൂപ ചെലവഴിക്കുകയും ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സപ്ലൈ ഓർഡർ സിഡ്കോയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഡയാലിസിസിനായി 8,31,052 രൂപയും പാലിയേറ്റീവിനായി അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

(സി) അടിമാലി താലൂക്ക് ആശുപത്രിയിൽ പണികഴിപ്പിച്ചിട്ടുള്ള പുതിയ കെട്ടിടത്തിന് ഇലക്ട്രിക്കൽ കണക്ഷൻ ലഭിച്ചതിനുശേഷം ഉദ്ഘാടനത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആയുഷ്മാൻ ഭാരത് പദ്ധതി**

211 (2087) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ നടപ്പാക്കിയിട്ടുള്ള ആയുഷ്മാൻ ഭാരത് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നോഡൽ ഏജൻസി ആരാണെന്ന് അറിയിക്കുമോ;

(ബി) ഇതുവരെ എത്രപേർക്ക് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്രസർക്കാർ നടപ്പിലാക്കിയിട്ടുള്ള ആയുഷ്മാൻ ഭാരത് പദ്ധതി 2019 ഏപ്രിൽ മാസം 1-ാം തീയതി മുതൽ കേരളത്തിൽ നടപ്പിലാകും. ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയുടെ സ്റ്റേറ്റ് നോഡൽ ഏജൻസിയായ ചിയാക് (Comprehensive Health Insurance Agency of Kerala) ആണ് ഈ പദ്ധതിയുടെ നോഡൽ ഏജൻസി.

(ബി) ഉത്തരം 'എ'- യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ആശ്വാസനിധി പദ്ധതി**

212 (2088) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ആശ്വാസനിധി പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി സ.ഉ.(സാധാ) നമ്പർ 701/2018/സാ.നീ.വ തീയതി 10-12-2018 പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസനിധി.

Schedule applicable to children and women victims of violence

| Sl. No | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | Sexual assault of minors registered under the pocso act<br>Aggravated penetrative sexual assault<br>Penetrative sexual assault<br>Sexual assault<br>Aggravated sexual assault | Rs.50,000 | Rs.1,00,000 |
| 2 | Rape/Gang<br>Rape/unnatural sexual offences | Rs.50,000 | Rs.1,00,000 |
| 3 | Loss of life | Rs.50,000 | Rs.1,00,000 |
| 4 | Grievous physical injury or any mental injury due to domestic violence | Rs.25,000 | Rs.50,000 |
| 5 | Women & Children rescued from the trafficking | Rs.25,000 | Rs.50,000 |
| 6 | Victim of acid attack | Rs.1,00,000 | Rs.2,00,000 |
| 7 | In case of pregnancy on account of rape (In addition to 1&2 above) | Rs.50,000 | Rs.1,00,000 |
| 8 | Loss of any limb or part of body | Rs.50,000 | Rs.1,00,000 |
| 9 | Loss of Foetus ie. Miscarriage as a result of assault or loss of fertility | Rs.50,000 | Rs.1,00,000 |
| 10 | Victims of burning | Rs.50,000 | Rs.1,00,000 |

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ആഫീസറും ജില്ലാ വനിതാ സംരക്ഷണ ആഫീസറും തയ്യാറാക്കി സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വനിത-ശിശുവികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**കുടുംബശ്രീ മിഷന്റെ സാന്ത്വനം പദ്ധതി**

213 (2089) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സാന്ത്വനം പദ്ധതി പ്രകാരം വൈദ്യശാസ്ത്ര പരിശോധനകൾക്കായി സർക്കാർ ഓഫീസുകൾ ഉപയോഗിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നതായി ജില്ലാ മിഷനുകളിൽ നിന്ന് ആരോഗ്യ വകുപ്പിന് പരാതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതുസംബന്ധിച്ചുള്ള പരാതികളൊന്നും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

**മൃതസഞ്ജീവനി പദ്ധതി**

214 (2090) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർശനമാക്കിയതിന് ശേഷം അവയവദാനം ഗണ്യമായി കുറഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) മസ്തിഷ്ക മരണം സംഭവിച്ചവരുടെ അവയവദാനം പ്രോത്സാഹിപ്പിക്കാൻ രൂപീകരിച്ച കേരള നെറ്റ് വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് ഈ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) മസ്തിഷ്ക മരണാനന്തര അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ജനങ്ങൾക്കിടയിൽ ഇത് സംബന്ധിച്ച് ഉണ്ടായിട്ടുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനും വ്യാജ പ്രചരണങ്ങൾ തടയുന്നതിനും മൃതസഞ്ജീവനി പദ്ധതി പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ;

(ഡി) മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുമായി ഡോക്ടർമാർക്ക് ഈ വിഷയത്തിൽ വിദഗ്ദ്ധ പരിശീലനം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജീവിച്ചിരിക്കുന്നവരുടെ അവയവദാനത്തിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയെ ചോദ്യം ചെയ്തുകൊണ്ട് ഡോ. എസ്. ഗണപതി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പൊതുതാല്പര്യ ഹർജി ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വന്ന വാർത്തകൾ പൊതുസമൂഹത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണത്തെക്കുറിച്ച് കൂടുതൽ ആശങ്കയുണ്ടാക്കിയിരുന്നു. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ മസ്തിഷ്ക മരണ സ്ഥിരീകരണം കൂടുതൽ കുറ്റമറ്റതാക്കുന്നതിനായി 1-2-2017-ലെ സ.ഉ. (കൈ) നമ്പർ 16/2017/ആകുവ പ്രകാരം കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017, 2018 വർഷങ്ങളിൽ മസ്തിഷ്ക മരണാനന്തര അവയവദാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി&സി) മസ്തിഷ്ക മരണാനന്തര അവയവദാനത്തെക്കുറിച്ചും അവയവദാനത്തിന്റെ ആവശ്യകത, പ്രാധാന്യം എന്നിവയെക്കുറിച്ചും പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് വഴി സംസ്ഥാനത്തുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും മെഡിക്കൽ/ പാരാമെഡിക്കൽ സ്റ്റാഫുകൾക്ക് പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു. അവയവദാനത്തിന് താൽപ്പര്യമുള്ളവർക്കായി ഡോണർ കാർഡ് വിതരണം ചെയ്യുകയും ദൃശ്യ-ശ്രാവ്യ- അച്ചടി മാധ്യമങ്ങൾ വഴി വിവിധ സാംസ്കാരിക മേളകളിൽ വച്ച് അവയവദാന സമ്മതപത്ര വിതരണം നടത്തിവരികയും ചെയ്യുന്നുണ്ട്.

ജീവിച്ചിരിക്കുന്നവരുടെ അവയവദാനം (Live Donation), സ്വാപ്പ് ഡൊണേഷൻ, ലാഭേച്ഛ കൂടാതെ പരോപകാരതല്പരതയോടെയുള്ള അവയവദാനം (Altruistic Donation) എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 15-2-2018-ലെ സ.ഉ.(കൈ) നമ്പർ 26/2018/ആകുവ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ കൂടുതൽ വേഗത്തിലാക്കുന്നതിന് എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒരു റീജിയണൽ സെന്റർ സ്ഥാപിക്കുന്നതിനും രണ്ട് ട്രാൻസ്പ്ലാന്റ് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും 30-6-2018-ലെ സ.ഉ. (സാധാ) നമ്പർ 2080/2018/ആകുവ പ്രകാരം ഉത്തരവായിട്ടുണ്ട്.

മസ്തിഷ്ക മരണം നേരത്തെ തിരിച്ചറിയുന്നതിനും ദാതാവിന്റെ അവയവങ്ങൾക്ക് കൂടുതൽ പരിചരണങ്ങൾ നൽകിക്കൊണ്ട് അവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നത് ഉറപ്പുവരുത്തുന്നതിലേയ്ക്കുമായി ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരെ നിയമിക്കുന്നതിന് 3-11-2018-ലെ സ.ഉ.(സാധാ) നമ്പർ 3306/2018/ആകുവ. പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിലെ ന്യൂറോളജി ഡോക്ടർക്ക് പുറമെ അനസ്തേഷ്യ ഇന്റൻസിവിസ്റ്റ് വിഭാഗം ഡോക്ടർമാരെ വിവിധ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ട്രാൻസ്പ്ലാന്റ് പ്രൊക്യൂർമെന്റ് മാനേജർമാരായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മസ്തിഷ്ക മരണാനന്തര അവയവദാന പ്രക്രിയ ഏകോപിപ്പിക്കുന്നതിനും സുഗമമാക്കുന്നതിനുംവേണ്ടി ജില്ലാതലത്തിൽ ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. കൂടാതെ 300-ഓളം സർക്കാർ ഡോക്ടർമാരെ എംപാനൽ ചെയ്ത് മസ്തിഷ്ക മരണ സ്ഥിരീകരണ പ്രക്രിയയിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

## ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകൾ

215 (2091) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുങ്ങളിലെ വൈകല്യങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ (DEIC) സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രത്യേക പരിശീലനം സിദ്ധിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ ഈ പദ്ധതിക്ക് കീഴിൽ നിയമിക്കുന്നുണ്ടോ;

(സി) ഈ പദ്ധതിയിലേക്കായി പ്രത്യേകമായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്ററുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) ഈ പദ്ധതിയിലേയ്ക്കായി RBSK-DEIC മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.എം. വഴി അംഗീകരിച്ച ജീവനക്കാരെയാണ് കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ളത്.

(ഡി) പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി DEIC-യിൽ ചികിത്സയ്ക്കും മറ്റ് തെറാപ്പികൾക്കുമായി വരുന്ന എല്ലാ കുട്ടികളുടെയും ചികിത്സാപരമായ വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കൂടുതൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും ശിശു സൗഹൃദാന്തരീക്ഷം ഒരുക്കാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സാമൂഹ്യ സുരക്ഷ മിഷന്റെ ഭാഗമായ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്എബിലിറ്റിയുമായി ചേർന്നുകൊണ്ട് DEIC-ലേയ്ക്ക് എത്തിച്ചേരാൻ പ്രയാസമുള്ള സ്ഥലങ്ങളിലെ കുട്ടികൾക്ക് ആവശ്യാനുസരണം ഇതിന്റെ സേവനം ലഭ്യമാക്കുന്നതിനായി 24 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ (MIU) KSSM-ന്റെ സാമ്പത്തിക സഹായത്തോടെ ആരംഭിച്ചിട്ടുണ്ട്.

**കേന്ദ്രാവിഷ്കൃത ആരോഗ്യ പദ്ധതികൾ**

216 (2092) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. മുരളി പെരുനെല്ലി</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18 വയസ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രമം പദ്ധതി പ്രകാരം സംസ്ഥാനത്ത് ഈ വർഷം ഉണ്ടാക്കാനായ നേട്ടം അറിയിക്കാമോ;

(ബി) ജനന വൈകല്യങ്ങളും വളർച്ചയിലെ വൈകല്യങ്ങളും നേരത്തേതന്നെ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) തിരുവനന്തപുരത്തുള്ള ചൈൽഡ് ഡെവലപ്മെന്റ് സെന്റർ ഈ സർക്കാരിന്റെകാലത്ത് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ഡി) ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ നടപ്പാക്കിവരുന്ന കൗമാര ആരോഗ്യ പദ്ധതി പ്രകാരം ഉണ്ടാക്കിയ നേട്ടങ്ങൾ എന്തെല്ലാമാണ് എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) പദ്ധതി വഴി 2018-19 കാലഘട്ടത്തിൽ 2484282 ലക്ഷം കുട്ടികൾക്ക് ചികിത്സാ സേവനങ്ങൾ ലഭ്യമാക്കി.

സർക്കാർ പ്രസവാശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും ആർ.ബി.എസ്.കെ. പദ്ധതിയിൽ ഉൾപ്പെട്ട 'ശലഭം കോമ്പ്രിഹെൻസീവ് ന്യൂബോൺ സ്ക്രീനിംഗ് പദ്ധതി വഴി സ്ക്രീനിംഗ് നടത്തുന്നുണ്ട്. 119529 കുട്ടികളെ സ്ക്രീനിംഗ് നടത്തിയതിൽ 1634 കുട്ടികൾക്ക് വൈകല്യം കണ്ടെത്തി ചികിത്സ ഉറപ്പുവരുത്തിയിട്ടുണ്ട്. ആർ.ബി.എസ്.കെ. പ്രോഗ്രാമിന്റെ ഭാഗമായ 'ഹൃദ്യം' പദ്ധതി വഴി 2432 കുട്ടികൾ ഹൃദ്രോഗചികിത്സയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 654 കുട്ടികൾക്ക് ഇതിനോടകം ശസ്ത്രക്രിയ നടന്നുകഴിഞ്ഞു. മറ്റ് കുട്ടികളെ ഹൃദ്യം പദ്ധതി മുഖാന്തരം ചികിത്സയുടെ വിവിധ ഘട്ടങ്ങളിൽ കൃത്യമായി ഫോളോ അപ് ചെയ്തുവരുന്നു. ആർ.ബി.എസ്.കെ. പദ്ധതി വഴി ശ്രീചിത്രാ ആശുപത്രി മുഖാന്തരം 13593 കുട്ടികൾക്ക് ഒ.പി. വഴിയും 1999 കുട്ടികൾക്ക് ഐ.പി. വഴിയും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ നാലര ലക്ഷത്തോളം കുട്ടികൾക്ക് ആർ.ബി.എസ്.കെ. പദ്ധതി മുഖേന വിവിധ സർക്കാർ ആശുപത്രികളിൽ നിന്നും സൗജന്യ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശലഭം പദ്ധതി മുഖേന സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും സമഗ്രമായ പരിശോധനകൾക്ക് വിധേയരാക്കുന്നു. ജനിച്ച് 24 മണിക്കൂറിനുള്ളിൽ വിസിബിൾ ബർത്ത് ഡിഫക്ട് (Visible Birth Defect) സ്ക്രീനിംഗ്, 24-48 മണിക്കൂറിനുള്ളിൽ ജന്മനായുള്ള ഹൃദ്രോഗബാധ തിരിച്ചറിയുന്നതിന് പൾസ് ഓക്സിമെട്രിക് ( Pulse Oximetric) സ്ക്രീനിംഗ്, കേൾവി പരിശോധനയ്ക്കായി ഓട്ടോ അക്വാസ്റ്റിക് എമിഷൻ (OAE) സ്ക്രീനിംഗും നടത്തപ്പെടുന്നു. കൂടാതെ ജന്മനായുള്ള മെറ്റബോളിക് അസുഖങ്ങൾ കണ്ടെത്തുന്നതിന് 48 മണിക്കൂറിനുള്ളിൽ ഐ.ഇ.എം. (IEM) രക്തപരിശോധനയും ആവശ്യമായ മറ്റ് പരിശോധനകളും നടത്തുന്നുണ്ട്.

(സി) കുട്ടികളിലെ ബുദ്ധിവികാസ വ്യതിയാനങ്ങളും തകരാറുകളും വളർച്ചയിലെ കുറവും കാലതാമസവും കുട്ടികൾ തൂക്കം കുറഞ്ഞ് ജനിക്കുന്നതിന്റെ കാരണങ്ങളും പ്രശ്നങ്ങളും കൗമാര പ്രായത്തിലെ പോഷകാഹാരക്കുറവ് ഉണ്ടാക്കുന്ന പ്രശ്നങ്ങളും പഠിക്കുകയും ആധുനികാ ചികിത്സാ രീതികൾ രൂപപ്പെടുത്തുകയുമാണ് സി.ഡി.സി.യുടെ പ്രധാന ദൗത്യം. സി.ഡി.സി.യുടെ 15 ക്ലിനിക്കുകൾ ഇപ്പോൾ സജ്ജമായിട്ടുണ്ട്. 29474 പേരാണ് ഇതുവരെ ചികിത്സ തേടിയത്.

IAP Fellowship in Development and Behavioural Pediatric Course എന്ന കോഴ്സ് നടത്തുന്നുണ്ട്. ഓരോ വർഷവും രണ്ട് ഡോക്ടർമാരാണ് ഈ കോഴ്സിൽ ചേർന്ന് പഠിക്കുന്നത്. പത്തോളം ഗവേഷണ പഠനങ്ങൾ പൂർത്തിയാക്കി ജേണലുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനേഴോളം ഗവേഷണ പഠനങ്ങൾ നടന്നുവരികയാണ്. തിരുവനന്തപുരം ചൈൽഡ് ഡെവലപ്മെന്റ് സെന്റർ കുട്ടികളുടെയും കൗമാരക്കാരുടെയും വികസനത്തിനുവേണ്ടി വിവിധതരം ഗവേഷണങ്ങളും പരിശീലനങ്ങളും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനമാണ്. ചൈൽഡ് ഡെവലപ്മെന്റ് സെന്ററിനെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചിട്ടുണ്ട്. സി.ഡി.സി.യെ

ഓട്ടിസം ബാധിച്ച കുട്ടികൾക്കുവേണ്ടിയുള്ള സെന്ററായി പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമെ സാമൂഹ്യ സുരക്ഷാ മിഷൻ, വനിതാ ശിശു വികസന വകുപ്പ് തുടങ്ങിയ സർക്കാർ വകുപ്പുകളിലെ ഗവേഷണ പരിപാടികളും നടത്തുന്നുണ്ട്.

(ഡി) കേരളത്തിലെ ഏകദേശം 70 ലക്ഷത്തോളം വരുന്ന കൗമാരക്കാരായ ഗുണഭോക്താക്കൾക്ക് അവരുടെ വളർച്ചയുടെയും മാനസിക പ്രജനന വികാസത്തിന്റെയും പ്രത്യേക ആവശ്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള സമഗ്രമായ സേവനങ്ങൾ നൽകുകയെന്നതാണ് കൗമാര ആരോഗ്യ പദ്ധതിയുടെ (ആർ.കെ.എസ്.കെ.) ലക്ഷ്യം. ഇത്തരത്തിലുള്ള 58 കൗമാര ആരോഗ്യ കേന്ദ്രങ്ങൾ നിലവിലുണ്ട്. ഇതിൽ 24 കേന്ദ്രങ്ങൾ ആർ.കെ.എസ്.കെ. പദ്ധതിയുടെ ഭാഗമായിട്ടുള്ളവയാണ്. 5 പുതിയ കേന്ദ്രങ്ങൾ ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, മലപ്പുറം ജില്ലകളിൽ ആരംഭിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് 28 കൗമാര ആരോഗ്യ കേന്ദ്രങ്ങൾ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ഈ സാമ്പത്തികവർഷം ആരംഭിക്കും. എൻ.എച്ച്.എം.-ന്റെ നേതൃത്വത്തിൽ കൗമാര ആരോഗ്യ കൗൺസിലർമാർ, ഔട്ട്റീച്ച് സേവനങ്ങൾ നൽകുന്നുണ്ട്.

<u>രാഷ്ട്രീയ കിഷോർ സ്വാസ്ഥ്യ കാര്യക്രം</u>:

കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ സഹായത്തോടെ നടത്തുന്ന പദ്ധതിയാണ് ആർ.കെ.എസ്.കെ. കൗമാരക്കാരായ കുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ജീവിതശൈലി രോഗങ്ങൾ, ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തുടങ്ങിയവയിൽ ഇടപെടൽ നടത്തി പരിഹാരം കണ്ടെത്തുകയാണ് ചെയ്യുന്നത്. സമപ്രായക്കാർ വഴിയുള്ള ഇടപെടലാണ് ഇതിന് ചെയ്യുന്നത്. ഇതുവരെ 7088 കൗമാരപ്രായക്കാരായ കുട്ടികളെ പിയർ എഡ്യൂക്കേറ്റർമാരായി തെരഞ്ഞെടുത്തിട്ടുണ്ട്.

<u>ആർത്തവ ശുചിത്വ പദ്ധതി</u>:

ആർത്തവ ശുചിത്വ പദ്ധതിയുടെ ഭാഗമായി കോട്ടയം, ഇടുക്കി, മലപ്പുറം, പാലക്കാട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ കൗമാരക്കാരായ പെൺകുട്ടികൾക്ക് ആശാ വർക്കർമാർ വഴി കുറഞ്ഞ ചെലവിൽ സാനിറ്ററി നാപ്കിനുകൾ വിതരണം ചെയ്യുന്നുണ്ട്. കൗമാര ആരോഗ്യ വിദ്യാഭ്യാസ കൗൺസിലിംഗ് എന്നിവയും ലഭ്യമാക്കുന്നുണ്ട്.

## കൊല്ലം ജില്ലയിൽ ആർദ്രം മിഷന്റെ പ്രവർത്തനം

217 (2093) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തിൽ കൊല്ലം ജില്ലയിൽ ഏതെല്ലാം പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കുടുംബാരോഗ്യകേന്ദ്രങ്ങളിൽ പുതുതായി അനുവദിക്കാൻ ഉദ്ദേശിക്കുന്ന തസ്തികകൾ ഏതൊക്കെയാണ്; അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2018-19 വർഷത്തിൽ 16-6-2018-ലെ സ.ഉ. (കൈ.) നമ്പർ 113/2018/ ആ.കു.വ പ്രകാരം കൊല്ലം ജില്ലയിലെ 38 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ഇവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## സ്റ്റാഫ് നഴ്സ് തസ്തിക

218 (2094) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ എത്ര സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ എത്ര സ്റ്റാഫ് നഴ്സ് തസ്തിക സൃഷ്ടിച്ചുവെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ 565 സ്റ്റാഫ് നഴ്സ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിൽ 16 ഫാമിലി ഹെൽത്ത് സെന്ററുകളിലും 2 താലൂക്ക് ആശുപത്രികളിലുമായി 38 സ്റ്റാഫ് നഴ്സ് തസ്തികകൾ ചുവടെ പറയും പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1 | ഫാമിലി ഹെൽത്ത് സെന്റർ, വാമനപുരം | 2 |
| 2 | ഫാമിലി ഹെൽത്ത് സെന്റർ, വട്ടിയൂർക്കാവ് | 2 |
| 3 | ഫാമിലി ഹെൽത്ത് സെന്റർ, ബാലരാമപുരം | 2 |
| 4 | ഫാമിലി ഹെൽത്ത് സെന്റർ, ചെമ്മരുതി | 2 |

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 5 | ഫാമിലി ഹെൽത്ത് സെന്റർ, കടകംപള്ളി | 2 |
| 6 | ഫാമിലി ഹെൽത്ത് സെന്റർ, കരകുളം | 2 |
| 7 | ഫാമിലി ഹെൽത്ത് സെന്റർ, അരുവിക്കര | 2 |
| 8 | ഫാമിലി ഹെൽത്ത് സെന്റർ, കോട്ടുകാൽ | 2 |
| 9 | ഫാമിലി ഹെൽത്ത് സെന്റർ, കിളിമാനൂർ | 2 |
| 10 | ഫാമിലി ഹെൽത്ത് സെന്റർ, തോന്നയ്ക്കൽ | 2 |
| 11 | ഫാമിലി ഹെൽത്ത് സെന്റർ, പള്ളിച്ചൽ | 2 |
| 12 | ഫാമിലി ഹെൽത്ത് സെന്റർ, പരണിയം | 2 |
| 13 | ഫാമിലി ഹെൽത്ത് സെന്റർ, പൂഴനാട് | 2 |
| 14 | ഫാമിലി ഹെൽത്ത് സെന്റർ, കാട്ടാക്കട (ആമച്ചൽ) | 2 |
| 15 | ഫാമിലി ഹെൽത്ത് സെന്റർ, കീഴാറ്റിങ്ങൽ | 2 |
| 16 | ഫാമിലി ഹെൽത്ത് സെന്റർ, ജഗതി | 2 |
| 17 | താലൂക്ക് ആശുപത്രി, വർക്കല | 3 |
| 18 | താലൂക്ക് ആശുപത്രി, മലയിൻകീഴ് | 3 |

**ആർദ്രം പദ്ധതി**

219 (2095) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ആർദ്രം മിഷന്റെ ഭാഗമായി ഏതെങ്കിലും സി.എച്ച്.സി. കളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെങ്കിലും സി.എച്ച്.സി.കളിൽ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) പെരുവള്ളൂർ സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ നിരവധി തസ്തികകളിൽ ജീവനക്കാരുടെ ദൗർലഭ്യം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ആർദ്രം മിഷന്റെ ഭാഗമായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് ശിപാർശ സമർപ്പിക്കുവാൻ ആരോഗ്യകുടുംബക്ഷേമ വകുപ്പിന് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരുന്നുവോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) പെരുവള്ളൂർ സി.എച്ച്.സി. ആർദ്രം മിഷനിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനും ആവശ്യമായ തസ്തികകൾ പ്രസ്തുത പദ്ധതി വഴി സൃഷ്ടിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ബ്ലോക്കുതല സി.എച്ച്.സി.കൾ ഒഴികെയുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ആർദ്രം മിഷന്റെ ഭാഗമായി രണ്ടാംഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പെരുവള്ളൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ രണ്ടാം ഗ്രേഡ് ആശുപത്രി അറ്റൻഡറുടെ ഒരൊഴിവ് മാത്രമേ നിലവിലുള്ളൂ. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. പെരുവള്ളൂർ സി.എച്ച്.സി.യെ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ആർദ്രം പദ്ധതി**

220 (2096) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതിൽ 157 എണ്ണം ഇതിനോടകംതന്നെ പണി പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ

പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെയുള്ള മറ്റു സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ഉൾപ്പെടുത്തി 504 ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 674 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് ഉത്തരവായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ആർദ്രം പദ്ധതി**

221 (2097) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതി പ്രകാരം എത്ര ആശുപത്രികളിൽ എക്സ്-റേ മെഷീൻ, സി.റ്റി.സ്കാൻ മെഷീൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ;

(ബി) ഇതിനായി പാരാമെഡിക്കൽ സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതി പ്രകാരം ആശുപത്രികളിൽ എക്സ്-റേ മെഷീൻ, സി.റ്റി. സ്കാൻ മെഷീൻ എന്നിവ സ്ഥാപിച്ചിട്ടില്ല.

(ബി & സി) ആർദ്രം പദ്ധതി പ്രകാരം പാരാമെഡിക്കൽ സ്റ്റാഫുകളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ആർദ്രം പദ്ധതി**

222 (2098) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി താനൂർ നിയോജക മണ്ഡലത്തിലെ ഏതൊക്കെ പി.എച്ച്.സി കളെയാണ് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്ഏതൊക്കെ പി.എച്ച്.സികളെ ഇനിയും പരിഗണിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി താനൂർ സി.എച്ച്.സി. ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇനി എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി മലപ്പുറം ജില്ലയിൽ ആകെ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളാണ് ആരംഭിച്ചിട്ടുള്ളത്; നിയോജക മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ താനൂർ മണ്ഡലത്തിലെ ഒഴൂർ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിരുന്നു. ടി പ്രാഥമികാരോഗ്യ കേന്ദ്രം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ താനൂർ മണ്ഡലത്തിലെ പൊൻമുണ്ടം, താനാളൂർ, തേവർക്കടപ്പുറം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ആരോഗ്യ സ്ഥാപനങ്ങളെയും ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീസൗഹൃദമാക്കുക എന്നതാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. ആർദ്രം പദ്ധതിയിൽ താനൂർ സി.എച്ച്.സി. ഉൾപ്പെട്ടിട്ടില്ല. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, വിഷാദരോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, ശ്വാസകോശ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കപ്പും കൗൺസലിംഗും, വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യങ്ങൾ എന്നിവയാണ് ലഭ്യമാക്കിവരുന്നത്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

223 (2099) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ജില്ലാ ആശുപത്രികൾ, പി.എച്ച്.സി., സി.എച്ച്.സി. എന്നിവയിൽ വന്നിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി ഒന്നാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ 170 ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തികകളും ഇവയിൽ രോഗികൾ കൂടുതലുള്ള 150 കേന്ദ്രങ്ങളിൽ ഒരു ഫാർമസിസ്റ്റിന്റെ തസ്തികയും ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി മെച്ചപ്പെട്ട ഒ.പി. രജിസ്ട്രേഷൻ സൗകര്യങ്ങൾ, രോഗികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ മുറികൾ, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, ശ്വാസകോശ ചികിത്സയ്ക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, വിഷാദ രോഗത്തിനുള്ള ആശ്വാസ് ക്ലിനിക്, മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും എന്നിവ ഒരുക്കിയിട്ടുണ്ട്. ഇതുകൂടാതെ ഈ സ്ഥാപനങ്ങളിൽ ഒ.പി. സേവനങ്ങളും ലബോറട്ടറി സൗകര്യങ്ങളും വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ ഭാഗമായി ഒ.പി. വിഭാഗം നവീകരണം, ഓൺലൈൻ ബുക്കിംഗ് സംവിധാനം, അടിസ്ഥാന സൗകര്യ വികസനം, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ഉൾപ്പെടെയുള്ള തസ്തികകൾ സൃഷ്ടിക്കുക എന്നിവയൊക്കെയാണ് ജില്ലാ ആശുപത്രികളിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന മാറ്റങ്ങൾ.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കല്ലടിക്കോട്, മങ്കര എന്നീ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി ഇവിടെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ടി

കേന്ദ്രങ്ങളിൽ വിഷാദ രോഗത്തിനായി ആശ്വാസ് ക്ലിനിക്, ശ്വാസകോശ രോഗങ്ങൾക്ക് ശ്വാസ് ക്ലിനിക്കുകൾ, നഴ്സസ് പ്രീ ചെക്കിംഗ്, ലാബ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ആരോഗ്യസേനയും രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ സ്ഥാപനങ്ങളിലെ ഒ.പി. സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, കാരാകുറിശ്ശി, കേരളശ്ശേരി, മണ്ണൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തെയും കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി കാഞ്ഞിരപ്പുഴ, മണ്ണൂർ എന്നീ പി.എച്ച്.സി.കൾക്ക് പ്ലാൻ ഫണ്ടിൽനിന്നും പതിനാല് ലക്ഷം രൂപ വീതവും കാരാകുറിശ്ശി, കേരളശ്ശേരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കും പറളി സാമൂഹികാരോഗ്യ കേന്ദ്രത്തിനും എൻ.എച്ച്.എം. ഫണ്ടിൽനിന്നും 15.50 ലക്ഷം രൂപ വീതം അനുവദിച്ച് ഇതിന്റെ തുടർപ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന നടത്തിവരുന്നു. 2018-19-ൽ തെരഞ്ഞെടുക്കപ്പെട്ട മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ലാബ് സൗകര്യം ഒരുക്കുന്നതിനായി പ്ലാൻ ഫണ്ടിൽനിന്നും 7 കോടി രൂപ അനുവദിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി നടപ്പിലാക്കിവരുന്നു.

## പാറശ്ശാല മണ്ഡലത്തിലെ ആർദ്രം പദ്ധതി

224 (2100) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽപ്പെടുത്തി പാറശ്ശാല നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത് എന്നുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആയതിലേക്കായുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(സി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവ്വേദ ആശുപത്രികളെ നവീകരിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിലേക്കായി പാറശ്ശാല നിയോജക മണ്ഡലത്തിൽ നിന്നും ഏതൊക്കെ കേന്ദ്രങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ പൂഴനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഉൾപ്പെടുത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക ഉപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും 'ശ്വാസ്, ആശ്വാസ്' ക്ലിനിക്കുകൾ, ഇ-ഹെൽത്ത് സംവിധാനങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി കേന്ദ്രത്തിന്റെ ഒ.പി. സമയം വൈകുന്നേരം 6 മണിവരെയായി ദീർഘിപ്പിച്ചിട്ടുണ്ട്. കൂടാതെ ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് (ന്യൂ), കുന്നത്തുകാൽ, കൊല്ലയിൽ, ചെമ്പൂര് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻ ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ മുഖേന തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനനുസരിച്ചുള്ള പ്രവൃത്തികൾ അംഗീകൃത ഏജൻസികൾ മുഖാന്തിരം പുരോഗമിച്ചുവരുന്നു. ഓരോ കേന്ദ്രത്തിലേയ്ക്കും അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

<u>പ്രാഥമികാരോഗ്യ കേന്ദ്രം</u>

കുന്നത്തുകാൽ-15.50 ലക്ഷം
കള്ളിക്കാട് 15.50 ലക്ഷം
അമ്പൂരി 15.50 ലക്ഷം
കൊല്ലയിൽ 15.50 ലക്ഷം
} എൻ.എച്ച്.എം. ഫണ്ട്

ചെമ്പൂര് 14,00,000 പ്ലാൻ ഫണ്ട്

(സി) 2019-20 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ആയുർവ്വേദ ആശുപത്രികളെ നവീകരിക്കുന്നതിനായി തുക വകയിരുത്തിയിട്ടുണ്ട്.

**നെടുങ്ങോലം സർക്കാർ രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി**

225 (2101) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം സർക്കാർ രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിൽ

ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് മണ്ഡലം എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തര പരിഗണന നൽകുമോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ വിഷയം എം.1/413/2017/ആ.കു.വ. നമ്പർ ഫയലിൽ പരിശോധിക്കുകയും ഇതിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഒരു താലൂക്കിൽ ഒരു താലൂക്കാശുപത്രി എന്ന കണക്കിലാണ് സ്ഥാപനങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കൊല്ലം താലൂക്കിൽ നിന്നും കൊല്ലം ജില്ലാ ആശുപത്രിയെയാണ് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**ഷൊർണ്ണൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

226 (2102) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഴക്കാല പൂർവ്വ

ശുചീകരണം, സാംക്രമികരോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ട്. വിഷാദരോഗത്തിന് 'ആശ്വാസ് ക്ലിനിക്', ശ്വാസകോശ സംബന്ധമായ 'ശ്വാസ് ക്ലിനിക്കുകൾ' എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാക്കി ക്രമീകരിച്ചിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് പാലക്കാട് ജില്ലയിലെ 45 സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. ജില്ലാ ആശുപത്രി, പാലക്കാട്:

പാലക്കാട് ജില്ലാ ആശുപത്രിയിൽ 90 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആർദ്രം പദ്ധതി മുഖേന നടപ്പിലാക്കിവരുന്നത്. ഒ.പി. നവീകരണം, ഓൺലൈൻ ബുക്കിംഗ് സംവിധാനം എന്നിവ നടപ്പിലാക്കുന്നു. ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടെ 11 ഡോക്ടർമാർ, റേഡിയോഗ്രാഫർ, മോർച്ചറി ടെക്നീഷ്യൻ, കാത്ത്ലാബ് ടെക്നീഷ്യൻ, മോർച്ചറി അറ്റൻഡന്റ്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2. താലൂക്കാശുപത്രി, ചിറ്റൂർ:

ചിറ്റൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ഇ.സി.ജി. ടെക്നീഷ്യൻ, ദന്തൽ മെക്കാനിക്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

3. താലൂക്കാശുപത്രി, ആലത്തൂർ:

ടി ആശുപത്രിയിൽ കിഫ്ബി മുഖേന ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി ആശുപത്രിയിൽ 6 ഡോക്ടർമാർ, ഇ.സി.ജി. ടെക്നീഷ്യൻ, ദന്തൽ മെക്കാനിക്, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

4. താലൂക്കാശുപത്രി, മണ്ണാർക്കാട്:

കിഫ്ബി പദ്ധതി മുഖേന ഡയാലിസിസ് യൂണിറ്റ് ആർദ്രം പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്, ദന്തൽ മെക്കാനിക് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

5. താലൂക്കാശുപത്രി, ഒറ്റപ്പാലം:

ടി ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ദന്തൽ മെക്കാനിക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

6. താലൂക്കാശുപത്രി, പട്ടാമ്പി:

ടി ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ, സ്റ്റാഫ് നഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ നെല്ലായ, അടയ്ക്കാപുത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ സാമൂഹികാരോഗ്യകേന്ദ്രം, വെള്ളിനേഴി, വാണിയാംകുളം, തൃക്കടീരി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ 203 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ ഭാഗമായി വാണിയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുമുണ്ട്. ഇതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും തുടർ നടപടികളും എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം വഴി നടന്നുവരുന്നു. കൂടാതെ ചളവറ സാമൂഹികാരോഗ്യ കേന്ദ്രത്തിന് 15.50 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് അനുവദിച്ച് ഇതുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. തെരഞ്ഞെടുക്കപ്പെട്ട എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും ലാബ് സൗകര്യത്തിനായി മൊത്തം 7 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ. വഴി ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇതുകൂടാതെ ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ ഒ.പി. വിഭാഗം ആരംഭിച്ചിട്ടുണ്ട്.

## കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ

227 (2103) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ കരൾമാറ്റ ശസ്ത്രക്രിയ ആരംഭിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽനിന്നും സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രൊപ്പോസൽ ലഭ്യമായിട്ടില്ലെങ്കിൽ ആയത് സമർപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) സമർപ്പിച്ചിട്ടില്ല.

(ബി) ടി കാര്യം പരിശോധിച്ചുവരുന്നു.

## പരിയാരം മെഡിക്കൽ കേളേജ്

228 (2104) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇവിടെ എത്ര ജീവനക്കാർ ഉണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ; കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ എത്ര പേർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്നും ആരെല്ലാമെന്നും വിശദമാക്കുമോ;

(സി) പെൻഷൻപ്രായം കഴിഞ്ഞ എത്ര പേർ ജോലി നോക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓപ്പറേഷനെത്തുടർന്ന് ഇവിടെ രോഗികൾ മരണപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേർ; വിശദാംശം നൽകുമോ; ഇതിനെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ ഏത് വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കും വിശദമാക്കുമോ?

ഉത്തരം

(എ) പരിയാരം, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസും അക്കാദമി ഓഫ് മെഡിക്കൽ

സയൻസസും നടത്തിവന്ന സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം ഒരു പരിമിത കാലത്തേയ്ക്ക് സർക്കാർ ഏറ്റെടുത്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിക്കുകയും നടത്തിപ്പിനായി ഒരു മൂന്നംഗ ബോർഡ് ഓഫ് കൺട്രോളിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പരിയാരം മെഡിക്കൽ കോളേജിനെ സർക്കാർ മെഡിക്കൽ കോളേജാക്കി മാറ്റുന്ന കാര്യവും പരിഗണനയിലാണ്.

(ബി&സി) ബോർഡ് ഓഫ് കൺട്രോൾ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഡി) കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ഓപ്പറേഷനെത്തുടർന്ന് (ഓപ്പറേഷൻ നെഗ്ലിജൻസ്) പരിയാരം മെഡിക്കൽ കോളേജിൽ ആരും മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) കെ.സി.എച്ച്.സി.-യുടെയും അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെയും 2017-18 വർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ (2017-18) വരവുചെലവ് കണക്കുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആർട്ടിഫിഷ്യൽ ലിംബ് സെന്റർ

229 (2105) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ ആർട്ടിഫിഷ്യൽ ലിംബ് സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്റർ നിലവിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ ആർട്ടിഫിഷ്യൽ ലിംബ് നൽകുന്നതിനുള്ള രജിസ്ട്രേഷനും ഇതിനായുള്ള പ്രത്യേക ഒ.പി.യും ആരംഭിച്ചിട്ടുണ്ട്. ആർട്ടിഫിഷ്യൽ ലിംബ് പുതിയതായി ഉണ്ടാക്കാനുള്ള എക്വിപ്മെന്റ്സ്, മെഷീൻസ്, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിതരണത്തിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.എം.എസ്.സി.എൽ.) ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. കെ.എം.എസ്.സി.എൽ.-ൽ നിന്ന് എക്വിപ്മെന്റ് ലഭിക്കുന്നതനുസരിച്ച് പുതിയ ലിംബ് ആവശ്യക്കാർക്ക് നൽകാൻ സാധിക്കുന്നതാണ്. ആർട്ടിഫിഷ്യൽ ലിംബ് ഉണ്ടാക്കുന്നതിന് താൽക്കാലിക സ്റ്റാഫിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുവാൻ നടപടി

230 (2106) ശ്രീ. ബി. സത്യൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) മെഡിക്കൽ കോളേജുകളുടെ വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ക്യാൻസർ ചികിത്സാ രംഗത്ത് നൂതനമായ ചികിത്സ ലഭ്യമാക്കുന്നതിനായി മെഡിക്കൽ കോളേജുകളിൽ എന്തെല്ലാം ആധുനിക ചികിത്സാ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉയരുന്ന അപകട നിരക്ക് കണക്കിലെടുത്ത് മെഡിക്കൽ കോളേജുകളിൽ എയിംസുമായി സഹകരിച്ച് സമഗ്ര ട്രോമാ കെയർ സംവിധാനം നടപ്പാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ആരോഗ്യമേഖലയിൽ നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കുന്നത് പ്രധാനമായും സംസ്ഥാന പദ്ധതി വിഹിതം മുഖേനയാണ്. ഇതിനുപുറമെ കേന്ദ്ര ധനസഹായം, മറ്റ് ധനസഹായങ്ങൾ എന്നിവ വഴിയും ആശുപത്രികളുടെ വികസനങ്ങൾ നടത്തിവരുന്നു. 2018-19-ൽ സംസ്ഥാന പദ്ധതി വിഹിതവും അധിക തുകയും ഉൾപ്പെടെ 536.7019 കോടി രൂപ വിവിധ മെഡിക്കൽ കോളേജുകളുടെ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്.

ഇതിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ 4 കോടി രൂപ വീതം ചെലവഴിച്ച് സി.ടി. സിമുലേറ്ററും (ആകെ 12 കോടി രൂപ), കോട്ടയം മെഡിക്കൽ കോളേജിലേയ്ക്ക് 2 കോടി രൂപയുടെ എം.ആർ.ഐ. സ്കാനറും 3.30 കോടി രൂപയുടെ ഡി.എസ്.എ. മെഷീനും മഞ്ചേരി മെഡിക്കൽ കോളേജിന് 1.60 കോടി രൂപയ്ക്ക് സി.ടി. സ്കാനറും കോഴിക്കോട് മെഡിക്കൽ കോളേജിൽ മോളിക്യുലാർ ഡയഗ്നോസ്റ്റിക് ഫെസിലിറ്റിയും ക്രമീകരിക്കുന്നതിന് 1.20 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി M/s. HITES-നെയും M/s. INKEL-നെയും Special Purpose Vehicle (SPV) ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി Kerala State Industrial Development Corporation Ltd. (KSIDC) സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 3,68,74,61,142 രൂപയ്ക്ക് M/s. INKEL മുഖേന നടപ്പിലാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 717.29 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും വയനാട് മെഡിക്കൽ കോളേജിന്റെ വികസനത്തിനായി 6,25,38,52,931 രൂപയുടെ പ്രോജക്ട് പ്രൊപ്പോസലും M/s. INKEL മുഖേന നടപ്പാക്കുന്നതിനും തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിനുമായി M/s. INKEL-നെ എസ്.പി.വി. ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

കോട്ടയം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി M/s. HITES സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 564 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. തുക കിഫ്ബി ധനസഹായം മുഖാന്തിരം കണ്ടെത്തുന്നതാണ്.

കോന്നി മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ഹോസ്പിറ്റലും അനുബന്ധ കെട്ടിടങ്ങളും (രണ്ടാം ഘട്ടം) കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്നതിന് M/s. HITES-നെ എസ്.പി.വി. ആയി നിയമിച്ച് ഉത്തരവായിട്ടുണ്ട്.

(സി) മെഡിക്കൽ കോളേജുകളിലെ കാൻസർ വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മെഡിക്കൽ ഓങ്കോളജി, സർജിക്കൽ ഓങ്കോളജി, ഓങ്കോപാത്തോളജി എന്നീ വിഭാഗങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകുകയും ആയതിലേയ്ക്ക് 105 തസ്തിക സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിലെ കാൻസർരോഗ ചികിത്സാ വിഭാഗമായ ഡിപ്പാർട്ടുമെന്റ് ഓഫ് റേഡിയോ തെറാപ്പിയിൽ നൂതനമായ കീമോതെറാപ്പി, ഹോർമോൺ തെറാപ്പി, ടാർജറ്റഡ് തെറാപ്പി എന്നിവ കാൻസർരോഗ വിദഗ്ധരായ ഡോക്ടർമാർ നൽകിവരുന്നു. ഇതിനുപുറമെ റേഡിയേഷൻ ചികിത്സയും മറ്റ് അനുബന്ധ ചികിത്സകളും നിലവിലുള്ള ലോകോത്തര ചികിത്സാ മാനദണ്ഡങ്ങൾ പ്രകാരം സൗജന്യമായി നൽകിവരുന്നു. ഓങ്കോളജി & ടെർഷ്യറി

കെയർ എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേയ്ക്ക് 4 കോടി രൂപ വീതം ചെലവഴിച്ച് സി.ടി. സിമുലേറ്റർ (ആകെ 12 കോടി) വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാൻസർരോഗ ചികിത്സയ്ക്കായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിക്കാനുള്ള നടപടി പുരോഗമിച്ചുവരുന്നു. തൃശ്ശൂർ, കോഴിക്കോട്, കോട്ടയം, ആലപ്പുഴ മെഡിക്കൽ കോളേജുകളിൽ ലീനിയർ ആക്സിലറേറ്റർ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ട്രോമാകെയർ സംവിധാനം നടപ്പാക്കുന്നതിനാവശ്യമായ പരിശീലനം എയിംസ് നൽകിവരുന്നു.

**കോഴിക്കോട് മെഡിക്കൽ കോളേജിലെ സർജിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും സ്റ്റോക്ക്**

231 (2107) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2018 സെപ്റ്റംബർ മാസത്തോടുകൂടി സർജിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും സ്റ്റോക്ക്തീരുവാൻ ഇടയായത് സംബന്ധിച്ച് മെഡിക്കൽ കോളേജിലെ അഡീഷണൽ സൂപ്രണ്ട്, ആർ.എം.ഒ. എന്നിവരടങ്ങിയ കമ്മിറ്റിയുടെ അന്വേഷണ റിപ്പോർട്ടിൽ ഈ വിഷയം സംബന്ധിച്ച് മറ്റുസ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾപ്പെടുത്തി അന്വേഷണം നടത്താവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) എങ്കിൽ ഈ ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

ഉത്തരം

(എ) ശിപാർശ ചെയ്തിട്ടുണ്ട്.

(ബി & സി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് നം. സി3-30508/17/ആ.വി.വ.കാ./തിരു. പ്രകാരം ഏഴ് അംഗങ്ങളെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതിയെ മേൽവിഷയം സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ചു. നിയുക്ത സമിതിയിൽ വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ (എം.), ധനകാര്യ വകുപ്പിന്റെ ജോയിന്റ്

സെക്രട്ടറി റാങ്കിലുള്ള സീനിയർ ഫിനാൻസ് ഓഫീസർ, വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലെ അക്കൗണ്ട്സ് ഓഫീസർ (ഒന്ന്), കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പർച്ചേസ് മാനേജർ, കൊല്ലം, തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഫാർമസി കൈകാര്യം ചെയ്യുന്ന 15 വർഷം സർവ്വീസിൽ കുറയാത്ത 2 വിദഗ്ദ്ധർ, വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലെ സീനിയർ ക്ലാർക്ക് എന്നിവരെ ഉൾപ്പെടുത്തിയിരുന്നു. നിയുക്തരായ ഉന്നതതല സമിതി അംഗങ്ങൾ അവരുടെ അന്വേഷണ റിപ്പോർട്ട് ക്രോഡീകരിച്ച് 29-1-2019-ൽ സർക്കാരിൽ സമർപ്പിച്ചിട്ടേയുള്ളൂ.

**ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം**

232 (2108) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ പ്രതിദിനം ശരാശരി എത്ര രോഗികൾ ഒ.പി.യിൽ ചികിത്സക്കായി എത്തുന്നുവെന്ന് അറിയിക്കാമോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രതിദിനം ശരാശരി എത്ര രോഗികൾ ഒ.പി.യിൽ എത്തുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്ര ഡോക്ടർമാരുടെ സേവനമാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 79.

(ബി) പ്രതിദിനം ശരാശരി 2155 രോഗികൾ.

(സി) പ്രതിദിനം ശരാശരി 2077 രോഗികൾ.

(ഡി) 38.

**വൈക്കം നിയോജക മണ്ഡലത്തിലെ ആരോഗ്യമേഖലാ പ്രവർത്തനങ്ങൾ**

233 (2109) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) വൈക്കം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി അനുവദിക്കപ്പെട്ട ഫണ്ടുകളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മിക്കുന്നതിനായി അനുവദിക്കപ്പെട്ട ഫണ്ടുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) വൈക്കം നിയോജക മണ്ഡലത്തിലെ ബ്രഹ്മമംഗലം പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഡോക്ടർ, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികയും സ്റ്റാഫ് നഴ്സ് ഗ്രേഡ് II-ന്റെ രണ്ട് തസ്തികയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇവിടത്തെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കായി പ്ലാൻ ഫണ്ട്, പഞ്ചായത്ത് ഫണ്ട്, എൻ.എച്ച്.എം. ഫണ്ട് എന്നിവ മുഖേന മൊത്തം 25.98 ലക്ഷം രൂപ അനുവദിച്ച് നൽകുകയും തുടർ പ്രവർത്തനങ്ങൾ നടത്തി പ്രവർത്തനസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഡിജിറ്റൽ എക്സ്-റേ മെഷീനും 1,32,00,000 രൂപ മുതൽ മുടക്കി 5 യൂണിറ്റോടുകൂടിയ ഡയാലിസിസ് കേന്ദ്രവും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വൈക്കം താലൂക്ക് ആശുപത്രിയിൽ സർജറി വിഭാഗത്തിൽ ജൂനിയർ കൺസൾട്ടന്റ്, ലാബ് ടെക്നീഷ്യൻ എന്നീ വിഭാഗങ്ങളിൽ ഓരോ തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതുകൂടാതെ 17-1-2019-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 99/2019/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം വൈക്കം താലൂക്കാശുപത്രിയുടെ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 9537 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) വൈക്കം താലൂക്കാശുപത്രിയുടെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി 2012-13 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽനിന്നും 280 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിയാതെ വന്നതിനാൽ പ്ലാൻ ഫണ്ടിൽനിന്നും 85 ലക്ഷം രൂപ കൂടി അനുവദിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരുന്നു. ടി ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 9537 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) വൈക്കം താലൂക്കാശുപത്രിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്ക് നിർമ്മിക്കുന്നതിലേയ്ക്കായി 2013-14 സാമ്പത്തിക വർഷത്തിൽ താഴത്തെ നിലയും ഒന്നാമത്തെ നിലയുമായി 880 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽനിന്നും രണ്ട്, മൂന്ന്, നാല് നിലകൾക്കായി നബാർഡുവഴി 24 കോടി രൂപയും അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**പുതുതായി ആരംഭിച്ച പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ**

234 (2111) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി ആരംഭിച്ച പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പുതുതായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) ഒരു ഗ്രാമപഞ്ചായത്തിൽ ഒരു പി.എച്ച്.സി. എങ്കിലും ഉണ്ടായിരിക്കണം എന്നതാണ് നിലവിൽ സ്വീകരിച്ചിട്ടുള്ള നയം. ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗ്രമപഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രമോ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററോ താലൂക്കാശുപത്രിയോ നിലവിലുണ്ട്. പുതുതായി ആരോഗ്യ സ്ഥാപനങ്ങൾ ആരംഭിക്കുക എന്നതിലുപരി നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനാണ് സർക്കാർ മുൻതൂക്കം നൽകിവരുന്നത്. ആയതിന്റെ ഭാഗമായി ആരംഭിച്ച ആർദ്രം പദ്ധതി മികച്ച രീതിയിൽ പുരോഗമിച്ചുവരുന്നു.

**കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

235 (2112) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ ചിതറിക്കിടക്കുന്നതും പഴക്കംചെന്ന കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ മുഴുവൻ വിഭാഗങ്ങളും ഒരു കുടക്കീഴിലാക്കുന്നതിന് ഒരു പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ;

(ബി) 110 ഏക്കറിലായി കിടക്കുന്ന ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി വക സ്ഥലത്ത് ആശുപത്രിയുടെ ആവശ്യം കഴിഞ്ഞുള്ള സ്ഥലത്ത് ആരോഗ്യമേഖലയിലെ ഏതെങ്കിലും ഒരു പ്രോജക്ട് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി കോമ്പൗണ്ടിലെ പഴയ കെട്ടിടങ്ങൾ മാറ്റി പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം**

236 (2113) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ ചെലവ് പരസ്യപ്പെടുത്തുന്നതിനുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ചികിത്സാ പരിശോധന സ്ഥാപനങ്ങളെയും നിയന്ത്രിക്കുന്നതിനുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിന്റെ ഭാഗമായി ആശുപത്രികളുടെ ഗ്രേഡ് നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018, 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ വന്നു. ആദ്യഘട്ടമായി പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിലെ അംഗീകൃത ചികിത്സാ സമ്പ്രദായമായ മോഡേൺ മെഡിസിന് (ദന്തചികിത്സ ഉൾപ്പെടെ) കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്കായി താൽക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഇത് മറ്റ് ജില്ലകളിലേയ്ക്കും ഉടനെ വ്യാപിപ്പിക്കുന്നതാണ്.

(ബി) കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 പ്രകാരം നടത്തുന്ന താൽക്കാലിക രജിസ്ട്രേഷൻ രണ്ട് വർഷത്തേയ്ക്ക് സാധുവായിരിക്കവേ, ഈ കാലയളവിൽ സ്ഥിരരജിസ്ട്രേഷനുവേണ്ടി ക്ലിനിക്കൽ സ്ഥാപനങ്ങളെ ഇനം തിരിക്കുകയും തരംതിരിക്കുകയും ഓരോ ഇനത്തിനും തരത്തിനും വേണ്ട നിലവാരങ്ങളും ജീവനക്കാരുടെ യോഗ്യതകളും നിശ്ചയിക്കുന്നതും ഇവ വിജ്ഞാപനം ചെയ്യുന്നതുമാണ്.

## കരുനാഗപ്പള്ളി പുതിയകാവ് നെഞ്ചുരോഗാശുപത്രിയിലെ സൗകര്യങ്ങൾ

237 (2114) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചുരോഗാശുപത്രിയിൽ എത്ര കിടപ്പ് രോഗികൾക്കുള്ള സൗകര്യമാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കാമോ; ഇവിടെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ലഭ്യമാക്കുമോ;

(ബി) ഇവിടെ വൈകുന്നേരങ്ങളിൽ ഒ.പി. പ്രവർത്തിക്കുന്നുണ്ടോ; ലാബ്, ഇ.സി.ജി. തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണോ; വിശദീകരിക്കാമോ;

(സി) കൂടുതൽ ഡോക്ടർമാരെയും ജീവനക്കാരെയും നിയമിച്ച് ആശുപത്രി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചുരോഗാശുപത്രിയിൽ 50 കിടപ്പുരോഗികൾക്കുള്ള സൗകര്യമാണ് നിലവിലുള്ളത്. പ്രസ്തുത ആശുപത്രിയിൽ അനുവദിച്ച തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. അസിസ്റ്റന്റ് സർജൻ - 2
2. സീനിയർ ക്ലാർക്ക്/ക്ലാർക്ക് - 1
3. ഓഫീസ് അറ്റൻഡന്റ് - 1
4. ഫാർമസിസ്റ്റ് - 2
5. റേഡിയോഗ്രാഫർ - 1
6. ട്രീറ്റ്മെന്റ് ഓർഗനൈസർ - 1
7. ലാബ് ടെക്നീഷ്യൻ - 1
8. എക്സ്-റേ അറ്റൻഡന്റ് - 1
9. നഴ്സിംഗ് അസിസ്റ്റന്റ് - 6 (1 vacant)
10. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - II - 6
11. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - I - 1
12. പി.റ്റി.എസ്. - 1 (vacant)
13. നഴ്സിംഗ് സൂപ്രണ്ട് - 1
14. ഹെഡ് നഴ്സ് - 1
15. സ്റ്റാഫ് നഴ്സ് - 6

(ബി) മിനിമം 4 ഡോക്ടർമാരുടെ സേവനമുള്ള സ്ഥാപനങ്ങളിലാണ് ഒ.പി. സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ചിട്ടുള്ളത്. ലാബ്, ഇ.സി.ജി. തുടങ്ങിയ സൗകര്യങ്ങൾ ഒ.പി. സമയങ്ങളിൽ ലഭ്യമാണ്.

(സി) നിലവിൽ സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ ഘട്ടംഘട്ടമായി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തിക സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കാനാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ പുതിയകാവിൽ പ്രവർത്തിക്കുന്ന നെഞ്ചുരോഗാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുന്ന ഘട്ടത്തിൽ ഇവിടത്തെ കുറവുകൾ പരിഹരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുവാൻ നടപടി**

238 (2115) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലിൽ കൂടുതൽ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കേന്ദ്രങ്ങളിലാണ് ഈ പരിഷ്കരണം നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ നിയമിച്ച ഡോക്ടർമാരിൽ പലരെയും വർക്ക് അറേഞ്ച്മെന്റിന്റെ ഭാഗമായി പുനർവിന്യസിച്ചിട്ടുണ്ടോ; എങ്കിൽ പ്രവർത്തന സമയം ദീർഘിപ്പിക്കുന്ന തീരുമാനം എപ്രകാരമാണ് ഫലപ്രദമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നാലിൽ കൂടുതൽ ഡോക്ടർമാരുള്ള സാമൂഹികാരോഗ്യ കേന്ദ്രങ്ങളുടെ ഒ.പി. സമയം വൈകുന്നേരം 6 മണി വരെ ദീർഘിപ്പിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽനിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിലുള്ള ഡോക്ടർമാർക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ മറ്റ് ആശുപത്രികളിലേയ്ക്ക് നിയമനം നൽകിയിട്ടില്ല.

**ചവറ നിയോജകമണ്ഡലത്തിലെ കുടുംബ ആരോഗ്യകേന്ദ്രങ്ങൾ**

239(2116) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ചവറ നിയോജകമണ്ഡലത്തിലെ ശക്തികുളങ്ങര, തേവലക്കര, തെക്കുംഭാഗം എന്നീ ആരോഗ്യകേന്ദ്രങ്ങൾ കുടുംബ ആരോഗ്യകേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആരോഗ്യകേന്ദ്രങ്ങൾ കുടുംബ ആരോഗ്യകേന്ദ്രങ്ങൾ എന്ന നിലയിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

ഉത്തരം

(എ & ബി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ചവറ നിയോജക മണ്ഡലത്തിലെ ശക്തികുളങ്ങര, തേവലക്കര, തെക്കുംഭാഗം എന്നീ ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ടി കേന്ദ്രങ്ങളിൽ സിവിൽ വർക്കിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. സിവിൽ വർക്കുകൾ പൂർത്തിയാക്കി ടി കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കാൻ കഴിയുന്നതാണ്.

**ശബരിമല പാതയിൽ പി.എച്ച്.സി.**

240 (2117) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട ഫാമിലി ഹെൽത്ത് സെന്റർ, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) എരുമേലി കഴിഞ്ഞാൽ നിലക്കൽ വരെയുള്ള 45 കി.മീ. ദൂരം വരെ അയ്യപ്പഭക്തർക്ക് ചികിത്സാ സഹായത്തിന് ആശുപത്രികളില്ലാത്തതിനാൽ ശബരിമല പാതയിൽ, കണമലയിൽ കാഷ്വാലിറ്റി സംവിധാനത്തോട് കൂടിയ പി.എച്ച്.സി. സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) എരുമേലി സി.എച്ച്.സി.-യിൽ സീസൺ കാലത്തുമാത്രം ആധുനിക ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുപകരം പ്രസ്തുത സംവിധാനങ്ങൾ സ്ഥിരമായി നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പദവി ഉയർത്തുക എന്നതല്ല മറിച്ച് നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യ വികസനം നടത്തിയും അധിക തസ്തികകൾ സൃഷ്ടിച്ചും സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളെ രോഗീ സൗഹൃദമാക്കുക എന്നതാണ്

ആർദ്രം പദ്ധതിയിലൂടെ സർക്കാർ വിഭാവനം ചെയ്യുന്നത്. ഇതിന്റെ ഭാഗമായി ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കോട്ടയം ജില്ലയിൽനിന്നും ഈരാറ്റുപേട്ട പി.എച്ച്.സി.-യെ തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ 15 കിലോമീറ്റർ ചുറ്റളവിൽ പാലാ ജനറൽ ആശുപത്രിയും 28 കിലോമീറ്റർ ചുറ്റളവിൽ പാമ്പാടി താലൂക്ക് ആശുപത്രിയും സ്ഥിതിചെയ്യുന്നുണ്ട്.

(ബി) എരുമേലി മുതൽ കണമല വരെയുള്ള പ്രദേശത്ത് എരുമേലി സി.എച്ച്.സി. കൂടാതെ മുട്ടപ്പള്ളിയിലും എരത്വാപ്പുഴയിലും രണ്ട് കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എരുമേലി സി.എച്ച്.സി.-യിലെ ശരാശരി ഒ.പി. 400 ആണ്. ഇവിടെ ഒരു സിവിൽ സർജൻ ഉൾപ്പെടെ 7 ഡോക്ടർമാരും ഒരു എൻ.എച്ച്.എം. ഡോക്ടറും സേവനം നടത്തിവരുന്നു. ശബരിമല സീസൺ കാലത്ത് ടി സി.എച്ച്.സി. 24 മണിക്കൂറും പ്രവർത്തിക്കുന്നു. നാലോ അതിലധികമോ ഡോക്ടർമാരുള്ള സി.എച്ച്.സി.-കളിൽ ഒ.പി. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ പട്ടികയിൽ എരുമേലി സി.എച്ച്.സി.-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**നെന്മാറ മണ്ഡലത്തിലെ ആശുപത്രികളുടെ പ്രവർത്തനം**

241 (2118) <u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഓരോ ആശുപത്രിയിലേയും ഏതൊക്കെ തസ്തികകളിലാണ് ഒഴിവുള്ളത് എന്ന് വിശദമാക്കാമോ;

(സി) ഈ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ജില്ലാ മെഡിക്കൽ ഓഫീസിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ജില്ലാ മെഡിക്കൽ ഓഫീസർമാർ നേരിട്ട് സന്ദർശിച്ചും

കീഴുദ്യോഗസ്ഥർ മുഖേനയും വിലയിരുത്തി പോരായ്മകൾ പരിഹരിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. ഉദ്യോഗസ്ഥരുടെ പ്രതിമാസ യോഗങ്ങളിലും തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം സി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി**

242 (2119) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-3-2017-ലെ ജി.ഒ.(ആർടി.)നമ്പർ 643/2017 എച്ച്&എഫ്.ഡബ്ല്യു.ഡി. ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച വാമനപുരം സി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വാമനപുരം സി.എച്ച്.സി.യുടെ കെട്ടിട നിർമ്മാണത്തിന് സാങ്കേതികാനുമതി ലഭ്യമാക്കാനുള്ള എസ്റ്റിമേറ്റ് പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി. (കെട്ടിടം) ചീഫ് എഞ്ചിനീയറുടെ പരിശോധനയിലാണ്.

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ വികസനം**

243 (2120) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി ജനറൽ ഹോസ്പിറ്റലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ യൂറോളജി ഒ.പി.യും സർജറിയും ആരംഭിച്ചു കൂടാതെ മോർച്ചറിയുടെ നവീകരണം, കാഷ്വാലിറ്റി നവീകരണം എന്നീ പ്രവർത്തനങ്ങളും നടന്നുവരുന്നു. ഈ സ്ഥാപനത്തിലെ വനിതാ വാർഡ് നവീകരിക്കുകയും വാർഡിലേയ്ക്കാവശ്യമായ പുതിയ ഉപകരണങ്ങൾ വാങ്ങി സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസവാനന്തര സർജിക്കൽ വാർഡ് ശീതീകരണവും അത്യാധുനിക സൗകര്യങ്ങളോടെ രണ്ട് ഐ.സി.യു.-കളും നവീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ പുതിയ ലിഫ്റ്റ് ഇൻസ്റ്റാൾ ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു. ഇവിടെ ജനറേറ്റർ, ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുകയും ഇലക്ട്രിക് സബ് സ്റ്റേഷൻ, ലോൺട്രി യൂണിറ്റ് എന്നിവ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇവിടത്തെ മാലിന്യ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. ഇവയ്ക്കുപുറമെ ടി സ്ഥാപനത്തെ ആർദ്രം പദ്ധതിയിലുൾപ്പെടുത്തി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടെ 8 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ആയുർവേദ ആശുപത്രി**

244 (2122) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിടനാട് പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സമർപ്പിച്ച എസ്റ്റിമേറ്റ് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കും; വ്യക്തമാക്കാമോ;

(ബി) തീക്കോയി ആയുർവേദ ആശുപത്രിയിൽ ഐ.പി. വിഭാഗം ഉണ്ടെങ്കിലും തിരുമ്മ് ഉൾപ്പെടെയുള്ള ചികിത്സയ്ക്ക് ആവശ്യമായ ജീവനക്കാർ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മുണ്ടക്കയം ഗവൺമെന്റ് ആശുപത്രി താലൂക്ക് ആശുപത്രിയായി ഉയർത്തിയെങ്കിലും സ്റ്റാഫ് പാറ്റേൺ പുതുക്കിയിട്ടില്ലാത്തിനാൽ ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) തിടനാട് പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പ്ലാൻ പദ്ധതികൾക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കേണ്ട സമയപരിധിക്കുള്ളിൽ സർക്കാരിൽ ലഭ്യമായിരുന്നില്ല. നിലവിലെ ആരോഗ്യ വകുപ്പിന്റെ പ്ലാൻ പദ്ധതികളിൽ പി.എച്ച്.സി., സി.എച്ച്.സി., എഫ്.എച്ച്.സി.കളിലെ പുതിയ കെട്ടിട നിർമ്മാണപ്രവൃത്തികൾക്ക് പ്രത്യേക പദ്ധതികളൊന്നുമില്ല. 5 കോടി രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രൊപ്പോസലുകളാണ് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. ആയതിനാൽ നിലവിലെ സാഹചര്യത്തിൽ മേൽ പ്രവൃത്തി LSGD/MLA/MP/NRHM ഫണ്ട് ഉപയോഗപ്പെടുത്തി നിർവ്വഹിക്കാനുള്ള സാധ്യത ആരായാൻ കോട്ടയം ജില്ല മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. തീക്കോയി ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിൽ ഐ.പി. വിഭാഗത്തിൽ രണ്ട് നഴ്സുമാരും ഒരു നഴ്സിംഗ് അസിസ്റ്റന്റും സേവനമനുഷ്ഠിക്കുന്നു. ടി സ്ഥാപനത്തിൽ തെറാപ്പിസ്റ്റ് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. നിലവിൽ നാഷണൽ ആയുഷ് മിഷൻ മുഖാന്തരം രണ്ട് തെറാപ്പിസ്റ്റ് തസ്തിക കരാർ വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു തെറാപ്പിസ്റ്റിനെ കരാർ വ്യവസ്ഥയിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. ടിയാൾ 24-1-2019 മുതൽ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചുവരുന്നു. രണ്ടാമതായി കരാർ വ്യവസ്ഥയിൽ ഒരു തെറാപ്പിസ്റ്റിനെക്കൂടി നിയമിക്കുന്നതിന് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് മിഷൻ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) മുണ്ടക്കയം സി.എച്ച്.സി.-യെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടില്ല. എന്നാൽ ആർദ്രം പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലുള്ള അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**പട്ടാമ്പി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ സ്ഥലമെടുപ്പ്**

245 (2123) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി ആശുപത്രിയോടുചേർന്ന് കിടക്കുന്ന സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എവിടെവരെയായെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പട്ടാമ്പി താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ആശുപത്രിയോട് ചേർന്നുകിടക്കുന്ന സർവ്വെ നമ്പർ 55A/4/2/-1-ൽ 0.1660 ഹെക്ടർ സ്ഥലം റവന്യൂ വകുപ്പ് ഏറ്റെടുത്ത് ആശുപത്രിക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അർത്ഥനാപത്രം പട്ടാമ്പി താലൂക്ക് തഹസിൽദാർക്ക് സമർപ്പിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്.

**മാവേലിക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ**

246 (2124) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ മാതൃകാ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യകേന്ദ്രങ്ങളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽനിന്നും 5 ആരോഗ്യ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലുൾപ്പെട്ട മാവേലിക്കര ജില്ലാ ആശുപത്രിയിൽ ലാബ് ടെക്നീഷ്യന്റെ അധിക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഇതുകൂടാതെ ടി സ്ഥാപനത്തിൽ നടപ്പിലാക്കിയതും ഭരണാനുമതി നൽകിയതുമായ നവീകരണ പ്രവർത്തനങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിലുൾപ്പെട്ട പാലമേൽ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുകയും അവിടെ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുകയും ചെയ്തു. ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്ലാൻ ഫണ്ടിൽനിന്നും 11.36 ലക്ഷം രൂപ അനുവദിച്ച് ഇതിന്റെ തുടർ പ്രവർത്തനങ്ങൾ എൻ.എച്ച്.എം. മുഖേന നടന്നുവരുന്നു.

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ മാവേലിക്കര മണ്ഡലത്തിലെ താഴെപ്പറയുന്ന നാല് സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്:

1. പി.എച്ച്.സി., വള്ളിക്കുന്നം

2. പി.എച്ച്.സി., നൂറനാട്

3. പി.എച്ച്.സി., തഴക്കര

4. പി.എച്ച്.സി., താമരക്കുളം

ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം. മുഖേന ഫണ്ട് അനുവദിച്ച് അംഗീകൃത ഏജൻസി മുഖാന്തരം തുടർനടപടി സ്വീകരിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പാലമേൽ ആരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ അധിക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി. മേൽചൂണ്ടിക്കാട്ടിയിട്ടുള്ള സ്ഥാപനങ്ങളിൽ ഇപ്പോൾ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമില്ല.

**ഒറ്റപ്പാലം താലൂക്ക് ആശുപത്രി**

247 (2125) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയെ 250 കിടക്കകളോടുകൂടിയ ജില്ലാ ആശുപത്രി പദവിയിലേക്കുയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏന്നാണ് ലഭിച്ചത് വ്യക്തമാക്കാമോ;

(ബി) അതിനായി എന്തെല്ലാം ഭൗതിക സാഹചര്യങ്ങൾ ഒരുക്കേണ്ടി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അതിന് ആവശ്യമായി വരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ;

(ഡി) ഒറ്റപ്പാലം താലൂക്കാശുപത്രിയുടെ സമ്പൂർണ്ണവികസനം നടപ്പിലാക്കുന്നതിനായുള്ള മാസ്റ്റർപ്ലാൻ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. ഒറ്റപ്പാലം താലൂക്കാശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 2-2-2016-ൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രികളുടെ പദവി ഉയർത്തുന്നതിനുപകരം നിശ്ചിത മാനദണ്ഡം അനുസരിച്ച് അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ആശുപത്രികളെ അംഗീകൃത നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് ആർദ്രം പദ്ധതിയുടെ ലക്ഷ്യം. അതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്കാശുപത്രികളുടെ പട്ടികയിൽ ഒറ്റപ്പാലം താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും ജൂനിയർ കൺസൾട്ടന്റ്, സ്റ്റാഫ് നഴ്സ്, ദന്തൽ മെക്കാനിക് എന്നിവയുടെ ഓരോ തസ്തികയും ഡയാലിസിസ് ടെക്നീഷ്യൻ, ലാബ് ടെക്നീഷ്യൻ എന്നിവയുടെ രണ്ട് വീതം തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ഭൗതികസാഹചര്യം ലഭ്യമായ ഈ ആശുപത്രിയെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിമം അംഗീകാര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന താലൂക്കാശുപത്രികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മാസ്റ്റർ പ്ലാൻ സർക്കാരിൽ ലഭ്യമായിട്ടില്ല.

**കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനം**

248 (2126) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക എന്തെല്ലാം വികസന ആവശ്യങ്ങൾക്കാണ് അനുവദിച്ചത് എന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ വികസനത്തിനായി വിവിധ പദ്ധതികൾ മുഖേന ലഭിച്ച തുക താഴെ ചേർക്കുന്നു:

| വർഷം | ഇനം | തുക | റിമാർക്സ് |
|---|---|---|---|
| 2015-16 | ഹൈമാസ്റ്റ് ലൈറ്റ് | 5,62,229 | പൂർത്തീകരിച്ചു |
| 2015-16 | ലിഫ്റ്റ് | 30,00,000 | പൂർത്തീകരിച്ചു |
| 2016-17 | ഫസ്റ്റ് സ്റ്റേജ് ലേബർ റൂം | 2,80,000 | പൂർത്തീകരിച്ചു |
| 2016-17 | വേസ്റ്റ് ഇടുന്നതിനുള്ള ഷെഡ്ഡ് | 59,000 | പൂർത്തീകരിച്ചു |
| 2016-17 | ഫാർമസിയുടെ പുനഃസ്ഥാപനം | 8,00,000 | പൂർത്തീകരിച്ചു |
| 2016-17 | ഫാർമസി വൈദ്യുതീകരിക്കൽ, പ്ലാസ്റ്റിക് കർട്ടൻ, ലേബർ റൂം | 4,09,000 | പൂർത്തീകരിച്ചു |
| 2017-18 | കിടക്കകൾ വൃത്തിയാക്കിയത്, സെയിനേജ് ബോർഡ് | 2,50,000 | പൂർത്തീകരിച്ചു |
| 2017-18 | ട്രോമാകെയർ ഉപകരണങ്ങൾ വാങ്ങുന്നത് | 90,00,000 | പൂർത്തീകരിച്ചു |
| 2017-18 | ഡിജിറ്റൽ എക്സ്-റേ | 4,90,000 | പൂർത്തീകരിച്ചു |
| 2017-18 | ലാബ് മെയിന്റനൻസ് | 6,00,000 | പൂർത്തീകരിച്ചു |
| 2017-18 | ഡിജിറ്റലൈസേഷൻസ് എം.ആർ.എൽ. | 1,00,000 | പൂർത്തീകരിച്ചു |
| 2017-18 | ഡെന്റൽ യൂണിറ്റ് ശക്തിപ്പെടുത്തൽ | 1,30,000 | |

കൂടാതെ താഴെപ്പറയുന്ന പ്രവൃത്തികൾക്കും ഫണ്ട് അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവർത്തനം തുടങ്ങിയിട്ടില്ല:

| | | | |
|---|---|---|---|
| 2017-18 | സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് | 2 കോടി | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2017-18 | ആശുപത്രി മെയിന്റനൻസ് | 1.3 കോടി | നിർമ്മാണം ആരംഭിച്ചിട്ടില്ല |
| 2017-18 | കിഫ്ബി പദ്ധതി പ്രകാരം | 90 കോടി | നിർമ്മാണം ആരംഭിച്ചിട്ടില്ല |

## മേലാറ്റൂർ പി.എച്ച്.സി.യിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കാൻ നടപടി

249 (2127) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ മേലാറ്റൂർ പി.എച്ച്.സി.യിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭിയ്ക്കാത്തതുമൂലം രോഗികൾക്കുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രോഗികൾക്ക് യഥാസമയം ചികിത്സ ലഭിയ്ക്കാത്തതിനാൽ പ്രദേശത്തെ പട്ടികജാതി കോളനി നിവാസികളുൾപ്പെടെയുള്ളവർക്ക് മറ്റ് സ്വകാര്യ ആശുപത്രികളെയാണ് പലപ്പോഴും ആശ്രയിക്കേണ്ടിവരുന്നതെന്ന കാര്യം ഗൗരവമായി കണക്കിലെടുക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത ആശുപത്രിയിൽ ഡോക്ടറുടെ സേവനം മുഴുവൻ സമയവും ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ) മേലാറ്റൂർ സാമൂഹികാരോഗ്യകേന്ദ്രത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർമാരുടെ തസ്തിക മൂന്നെണ്ണമാണ്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന 2 ഡോക്ടർമാർമാരെ കരാർ നിയമന പ്രകാരവും നിയമിച്ചിട്ടുണ്ട്. ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. നിലവിൽ ഇവിടത്തെ ഒ.പി. സമയം രാവിലെ 9 മുതൽ ഉച്ചയ്ക്കുശേഷം 2 വരെയാണ്.

(ബി) സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ ഇവിടത്തെ ഒ.പി. സമയം രാവിലെ 9 മുതൽ ഉച്ചയ്ക്കുശേഷം 2 വരെയാണ്. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

## പത്തനംതിട്ട ജനറൽ ആശുപത്രിയിലെ സ്റ്റാഫ് പാറ്റേൺ

250(2128) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ നിശ്ചയിക്കപ്പെട്ടത് എന്നാണെന്ന് അറിയിക്കുമോ;

(ബി) രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനയും ജില്ലാ ആസ്ഥാനത്തെ ആശുപത്രിയെന്ന പ്രാധാന്യവും കണക്കിലെടുത്ത് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(സി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ എത്ര തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1961-ലെ സ്റ്റാഫ് പാറ്റേൺ ആണ് ആരോഗ്യ സ്ഥാപനങ്ങളിൽ നിലനിൽക്കുന്നത്. ആർദ്രം പദ്ധതി പ്രകാരം നിശ്ചിത മാനദണ്ഡങ്ങളോടെ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അധിക തസ്തിക സൃഷ്ടിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളുടെ പട്ടികയിൽ പത്തനംതിട്ട ജനറൽ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഇവിടെ അധിക തസ്തികകൾ സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജനറൽ ആശുപത്രിയിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ഇരിമ്പിളിയം ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിടം**

251 (2129) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആശുപത്രിയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നത് നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 54,30,590 രൂപയുടെ (അമ്പത്തിനാല് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) എസ്റ്റിമേറ്റും പ്ലാനും ലഭ്യമായിട്ടുണ്ട്.

(ബി) ഉണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർ അംഗീകരിച്ച എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്.

(സി) ഇരിമ്പിളിയം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

252 (2130) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ അനുവദിക്കപ്പെട്ട തസ്തികകളും നിലവിലുള്ള ഒഴിവുകളും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ വികസനം

253 (2131) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കായകല്പം' അവാർഡ് ലഭിച്ച തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് എന്തെല്ലാം സൗകര്യങ്ങളും സഹായങ്ങളും പുതിയതായി നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ നിലവിൽ അംഗീകൃത തസ്തികകൾ ഏതെല്ലാമാണ്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ സംബന്ധിച്ച വിവരം അറിയിക്കാമോ; ഒഴിവുകളുണ്ടെങ്കിൽ അവ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവ അടിയന്തരമായി നികത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'കായകല്പം' സംസ്ഥാനതല ഒന്നാം സമ്മാനം ലഭിച്ച വാടാനപ്പള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിന് 6 ലക്ഷം രൂപ പാരിതോഷികം നൽകുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഈ തുക ആശുപത്രിയുടെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്നതാണ്. ഇതുകൂടാതെ എൻ.ക്യൂ.എ.എസ്., കെ.എ.എസ്.എച്ച്. എന്നിവയുടെ അക്രെഡിറ്റേഷൻ ടി ആശുപത്രിക്ക് ലഭിക്കുന്നതിന് ദേശീയ ആരോഗ്യ മിഷൻ മുഖേന ശ്രമം നടത്തിവരുന്നുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - I - 2

പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ - 1

എന്നിങ്ങനെ ആകെ 3 ഒഴിവുകളുണ്ട്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I-ന്റെ ഒഴിവുകൾ സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽനിന്നുള്ള പ്രൊമോഷൻ തസ്തികയാണ് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ. പ്രസ്തുത തസ്തികയിൽ ഒരു വിരമിക്കൽ ഒഴിവ് നിലവിലുണ്ട്. പ്രസ്തുത ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ട്രോമാകെയർ സംവിധാനം**

254 (2132) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഇവയുടെ വിശദാംശം ജില്ലതിരിച്ച് അറിയിക്കുമോ;

(സി) തൃപ്പൂണിത്തുറ, പള്ളുരുത്തി എന്നീ താലൂക്ക് ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) എങ്കിൽ എന്നത്തേക്ക് ഇത് നടപ്പിലാകുമെന്ന് അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ "ട്രോമാകെയർ - നാഷണൽ ഹൈവേയ്സ്" എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ജോലികൾ പുരോഗമിച്ചുവരുന്നു. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ കീഴിലുള്ള 12 ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(രൂപ)

| | | |
|---|---|---|
| 1 | താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ | 1,42,00,000 |
| 2 | ജില്ലാ ആശുപത്രി, കൊല്ലം | 4,03,576 |
| 3 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര (ഉപകരണങ്ങൾ വാങ്ങുന്നതിന്) | 88,15,092 |
| 4 | തിരുവനന്തപുരം ഒഴികെയുള്ള ജില്ലാ ആശുപത്രികൾ | 1,95,00,000 |
| 5 | താലൂക്ക് ആശുപത്രി, കൊട്ടാരക്കര - സി.ടി.സ്കാനർ | 1,93,86,746 |
| 6 | താലൂക്ക് ആശുപത്രി, കൊയിലാണ്ടി | 4,35,35,480 |
| | പൊതുമരാമത്ത് വർക്ക് | 65,00,000 |
| 7 | താലൂക്ക് ആശുപത്രി, നീണ്ടകര | 1,55,37,758 |
| 8 | ജില്ലാ ആശുപത്രി, അടൂർ | 70,00,000 |
| 9 | ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര | 1,25,86,820 |
| 10 | ജില്ലാ ആശുപത്രി, നെടുമങ്ങാട് | 37,46,400 |
| 11 | ജില്ലാ ആശുപത്രി, ആലപ്പുഴ | 1,53,87,980 |
| 12 | ജില്ലാ ആശുപത്രി, പാലക്കാട് | 60,00,000 |
| 13 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 51,31,000 |

(സി&ഡി) ശിപാർശകൾ ലഭ്യമാകുന്ന മുറയ്ക്കുമാത്രമേ ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കാൻ കഴിയൂ.

## ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

255(2133) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ പുതിയതായി എത്ര തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി)സി.എച്ച്.സി. കളിലെ സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 2143 തസ്തികകൾ ഉൾപ്പെടെ ആരോഗ്യ വകുപ്പിൽ മൊത്തം 4139 തസ്തികകൾ ഇതിനോടകം സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ ആരോഗ്യ വകുപ്പ് സ്ഥാപനങ്ങളിലെ ഐ.പി. വിഭാഗം കിടക്കകളുടെ എണ്ണം ആസ്പദമാക്കിയിട്ടുള്ളതാണ്. 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നതിനുശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. അതിനുശേഷം 2008-ൽ ഈ ഉത്തരവ് ഭേദഗതി വരുത്തിയിട്ടുള്ളതാണ്. വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ നിശ്ചിത മാനദണ്ഡങ്ങളോടെ സ്റ്റാഫ് പാറ്റേണിലുള്ള മാറ്റങ്ങളടക്കം അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആർദ്രം മിഷൻ വഴി നടപ്പാക്കിവരുന്നു. നിലവിൽ ഓരോ സി.എച്ച്.സി.-കളിലുമുള്ള കിടക്കകളുടെ എണ്ണവും അവിടെ ലഭ്യമായിട്ടുള്ള ചികിത്സാരീതികളും ഒരുപോലെയല്ലാത്തതിനാൽ എല്ലാ സി.എച്ച്.സി.കളിലും ഒരേ രീതിയിൽ ജീവനക്കാരെ നിയമിക്കാൻ കഴിയുകയില്ല.

**ട്രോമകെയർ സംവിധാനം**

256 (2134) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമാകെയർ സംവിധാനം നടപ്പിലാക്കുന്ന ആശുപത്രികളിൽ റേഡിയോളജിസ്റ്റുകളുടെയും റേഡിയോഗ്രാഫർമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ട്രോമാകെയർ സംവിധാനത്തിലെ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് സഹായകരമാകുന്ന തരത്തിൽ റേഡിയോഗ്രാഫർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് തയ്യാറാകുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിപ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ റേഡിയോ ഡയഗ്നോസിസ്/റേഡിയോതെറാപ്പി വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

| | | | |
|---|---|---|---|
| 1 | ജനറൽ ആശുപത്രി, ആലപ്പുഴ | കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 2 | ജനറൽ ആശുപത്രി, തൃശ്ശൂർ | കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 3 | ജില്ലാ ആശുപത്രി, പാലക്കാട് | കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 4 | ജില്ലാ ആശുപത്രി, തിരൂർ | കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 5 | ജില്ലാ ആശുപത്രി, കണ്ണൂർ | കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 6 | ജനറൽ ആശുപത്രി, കോഴിക്കോട് | ജൂനിയർ കൺസൾട്ടന്റ് | റേഡിയോ ഡയഗ്നോസിസ് -1 |
| 7 | ജില്ലാ ആശുപത്രി, കൊല്ലം | ജൂനിയർ കൺസൾട്ടന്റ് | റേഡിയോ തെറാപ്പി - 1 |

കൂടാതെ താഴെപ്പറയുന്ന സ്ഥാപനങ്ങളിലായി 17 റേഡിയോഗ്രാഫർമാരുടെ തസ്തികയും സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 1 | ജനറൽ ആശുപത്രി, തിരുവനന്തപുരം | 1 |
| 2 | ജനറൽ ആശുപത്രി, പത്തനംതിട്ട | 1 |
| 3 | ജില്ലാ ആശുപത്രി, ഇടുക്കി | 1 |
| 4 | ജനറൽ ആശുപത്രി, തൃശ്ശൂർ | 2 |
| 5 | ജില്ലാ ആശുപത്രി, പാലക്കാട് | 1 |
| 6 | ജില്ലാ ആശുപത്രി, തിരൂർ | 2 |
| 7 | ജില്ലാ ആശുപത്രി, കണ്ണൂർ | 1 |
| 8 | ജില്ലാ ആശുപത്രി, മാനന്തവാടി | 2 |
| 9 | ജനറൽ ആശുപത്രി, കൽപ്പറ്റ | 1 |
| 10 | ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട് | 1 |
| 11 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുളിങ്കുന്ന് | 1 |
| 12 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, കുറവിലങ്ങാട് | 1 |
| 13 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, സുൽത്താൻ ബത്തേരി | 1 |
| 14 | താലൂക്ക് ആശുപത്രി, പേരാവൂർ | 1 |

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അനുപാതം

257 (2135) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്II, ഗ്രേഡ് I തസ്തികകളിൽ 1:1 എന്ന അനുപാതത്തിൽ നിയമനം നൽകുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഒരോ ജില്ലയിലും നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II, ഗ്രേഡ്I നിയമനത്തിന്റെ വിശദവിവരം നൽകാമോ;

(സി) പ്രസ്തുത അനുപാതം പാലിക്കാത്ത ജില്ലകളിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)14-6-2017-ലെ സ.ഉ.(സാധാ) നമ്പർ 1662/2017/ആ.കു.വ. പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II തസ്തികകളുടെ അനുപാതം ജില്ലാതലത്തിൽ 1:1 ആയി നിലനിർത്തുന്നതിനും നിലവിൽ അനുപാതത്തിൽ വ്യത്യാസമുള്ള ജില്ലകളിൽ കാലക്രമേണ അനുപാത വ്യത്യാസം പരിഹരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II അധികമായി നിൽക്കുന്ന ജില്ലകളിൽ ഗ്രേഡ് I തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന അവസരത്തിൽ ടി ഉത്തരവ് പ്രകാരം ഗ്രേഡ് I, ഗ്രേഡ് II തസ്തികകളിലെ അനുപാതവ്യത്യാസം പരിഹരിച്ചതിനുശേഷമുള്ള ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ടി ജില്ലകളിൽ നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാതെ വരുമെന്നും ആയതിനാൽ റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാകാൻ പോകുന്ന സാഹചര്യത്തിൽ അനുപാത വ്യത്യാസം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശത്തിൽ ഇളവ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിരവധി നിവേദനം സർക്കാരിൽ സമർപ്പിച്ചിരുന്നു. ഈ സാഹചര്യത്തിൽ 2-12-2018-ലെ സ.ഉ.(സാധാ) നമ്പർ 3546/2018/ആ.കു.വ. ഉത്തരവ് പ്രകാരം 1:1 അനുപാതം പാലിക്കുന്നതിനുള്ള നിർദ്ദേശത്തിൽ ഇളവ് അനുവദിക്കുകയും ആയതു പ്രകാരം ജൂനിയർ ഹെൽത്ത്

ഇൻസ്പെക്ടർ ഗ്രേഡ് I പ്രൊമോഷൻ അനുവദിക്കുമ്പോൾ അനുപാതത്തിൽ വ്യത്യാസം നിലനിൽക്കുന്ന ജില്ലകളിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളിൽ പകുതി എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പകുതി എണ്ണം അനുപാതം ക്രമീകരിക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ കാലക്രമത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II നിയമനം 1:1 അനുപാതത്തിൽ നടത്താൻ കഴിയും.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-12-2018-ലെ ഇ.ജി.2-40/2016/ ആ.വ.ഡ. ഉത്തരവ് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽനിന്നും ഗ്രേഡ് I തസ്തികയിലേയ്ക്ക് പ്രൊമോഷൻ അനുവദിച്ചിരുന്നു. പ്രസ്തുത ഉത്തരവിൽ ഗ്രേഡ് I, ഗ്രേഡ് II അനുപാതം ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിന്മേൽ അപ്പീലുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് പരിഗണിച്ച് 25-1-2019-ലെ ഉത്തരവ് നമ്പർ ഇ.ജി.2-40/ 2016/ആ.വ.ഡ. പ്രകാരം 15-12-2018-ലെ ഉത്തരവ് പരിഷ്കരിച്ചിരുന്നു. ആയത് പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I തസ്തികയിലെ സ്ഥാനക്കയറ്റവും ഗ്രേഡ് II തസ്തികയിലുണ്ടായ ഒഴിവുകളും അനുപാത ക്രമീകരണത്തിന് മാറ്റിവയ്ക്കപ്പെട്ട ഒഴിവുകളുടെ വിവരവും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 14-6-2017-ലെ സ.ഉ.(സാധാ) നമ്പർ 1662/2017/ആ.കു.വ., 2-12-2018-ലെ സ.ഉ.(സാധാ) നമ്പർ 3546/2018/ആ.കു.വ. എന്നീ ഉത്തരവുകൾ പ്രകാരം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ഗ്രേഡ് II അനുപാതം പാലിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**മലപ്പുറം നിയോജകമണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിലെ ഒഴിവുകൾ**

258 (2136) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കോട്ടൂർ ബ്ലോക്ക് പി.എച്ച്.സി., താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എന്നിവിടങ്ങളിലെ വിവിധ തസ്തികകളിലെ ഒഴിവുകളുടെ വിശദാംശം നൽകുമോ;

(ബി) ടി ആശുപത്രികളിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ രോഗികൾ പ്രയാസപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവില്ലാത്ത തസ്തികകളിലെ ഒഴിവുകളിൽ താൽക്കാലിക നിയമനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുമോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽ സൂചിപ്പിച്ച ആരോഗ്യകേന്ദ്രങ്ങളിൽ സൃഷ്ടിച്ച തസ്തികകളുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

(എ-ഡി) പൂക്കോട്ടൂർ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പാർട്ട് ടൈം സ്വീപ്പറുടെ ഒരു ഒഴിവ് നിലവിലുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയെ 10-4-2017-ലെ സ.ഉ.(സാധാ) നമ്പർ 1043/2017/ആ.കു.വ. പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ ആദ്യഘട്ടമെന്ന നിലയിൽ 23-9-2017-ലെ സ.ഉ.(കൈ.) നമ്പർ 136/2017/ആ.കു.വ. പ്രകാരം ഒരു ഡെന്റൽ മെക്കാനിക്കിന്റെ തസ്തിക അനുവദിച്ച് നൽകിയിട്ടുണ്ട്. നിലവിൽ മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഒഴിവുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സൂപ്രണ്ട് | - 1 |
| ലാബ് ടെക്നീഷ്യൻ ഗ്രേഡ് I | - 1 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | - 1 |
| റേഡിയോ ഗ്രാഫർ | - 1 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് | - 9 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - 2 |

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും എൻ.ആർ.എച്ച്.എം. മുഖേനയും ജീവനക്കാരെ നിയമിച്ച് ആശുപത്രി പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനാൽ രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

ഗവൺമെന്റ് ആയുർവേദ ആശുപത്രി മലപ്പുറം, ഗവൺമെന്റ് ആയുർവേദ ആശുപത്രി ആനക്കയം, ഗവൺമെന്റ് ആയുർവേദ ആശുപത്രി വള്ളുവമ്പ്രം, ഗവൺമെന്റ് ആയുർവേദ ആശുപത്രി പുൽപ്പറ്റ എന്നീ സ്ഥാപനങ്ങൾ മലപ്പുറം മണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ ഒരു തസ്തികകളിലും ഒഴിവ് നിലവിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇവിടങ്ങളിൽ അധിക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ സർക്കാർതലത്തിൽ ഹോമിയോ ആശുപത്രി/ഡിസ്പെൻസറികൾ നിലവിലില്ല. എന്നാൽ ഇവിടെ ഒരു എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറി പ്രവർത്തിച്ചുവരുന്നു. ഇവിടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

## ഫോറൻസിക് സർജൻ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച്

259 (2137) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഫോറൻസിക് സർജനില്ലാത്തതിനാൽ പോസ്റ്റ്മോർട്ടം ചെയ്യാൻ സാധിക്കാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മോർച്ചറിയും രണ്ടു ഫ്രീസറുകളുമുള്ള ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടികൾ വിശദീകരിക്കാമോ;

(സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ സങ്കീർണ്ണമായ കേസുകൾ പോസ്റ്റുമോർട്ടം ചെയ്യാൻ സാധിക്കാതെ മെഡിക്കൽ കോളേജ് ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രൊപ്പോസൽ വകുപ്പുതല ശിപാർശയോടുകൂടി സർക്കാരിൽ ലഭ്യമായിട്ടില്ല.

## പള്ളുരുത്തി താലൂക്ക് ആശുപത്രിയിലെ റേഡിയോഗ്രാഫറുടെ തസ്തിക

260 (2138) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലാ ടി.ബി. സെന്ററിലെ റേഡിയോഗ്രാഫറുടെ ഒരു തസ്തിക പള്ളുരുത്തി താലൂക്ക് ആശുപത്രിയിലേക്ക് മാറ്റുന്നതിന് 29-2-2016-ൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 29-2-2016-ലെ സ.ഉ. (സാധാ.) നമ്പർ 695/2016/ആ.കു.വ. പ്രകാരം എറണാകുളം ജില്ലാ ടി.ബി. സെന്ററിൽ നിലവിലുള്ള 2 റേഡിയോഗ്രാഫർ തസ്തികയിൽനിന്നും ഒരു തസ്തിക പള്ളുരുത്തി താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്ക് ഒരാളെ ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

**മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കാൻ നടപടി**

261 (2139) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) ആർദ്രം പദ്ധതി പ്രകാരം നിശ്ചിത മാനദണ്ഡങ്ങളോടെ വികസന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പട്ടികയിൽ മല്ലപ്പള്ളി താലൂക്കാശുപത്രിയെ ഉൾപ്പെടുത്തുകയും ഇവിടെ താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്:

അസിസ്റ്റന്റ് ഡയറക്ടർ - 1

ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - 1

സ്റ്റാഫ് നഴ്സ് - 5

ദന്തൽ ഹൈജീനിസ്റ്റ് - 1

ഫാർമസിസ്റ്റ് - 1

ലാബ് ടെക്നീഷ്യൻ - 1

കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ മിനിമം സൗകര്യങ്ങൾ ഏർപ്പെടുത്തി വികസനം നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടികയിലും ടി സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ട്.

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്**

262 (2140) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുമ്പോൾ എത്ര ഡോക്ടർമാരെ അധികമായി നിയമിക്കേണ്ടിവരുമെന്ന് വ്യക്തമാക്കാമോ;

(ബി) ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ലെവൽ III സ്ഥാപനത്തിനുവേണ്ട അനസ്തേഷ്യ ഡോക്ടർ-2, ഓർത്തോപീഡിക് സർജൻ-2, ജനറൽ സർജൻ-2, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-6 എന്നീ നിലയിൽ നിലവിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്.

(സി) 1,25,86,820 രൂപയുടെ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ.-ൽ നിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സിവിൽ വർക്ക് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഏപ്രിൽ മാസം മുതൽ ട്രോമാകെയർ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരുവനന്തപുരം ജില്ലയിലെ ജെ.എച്ച്.ഐ. ഗ്രേഡ്-2 ഒഴിവുകൾ**

263 (2142) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഇജി2/40/2016 നമ്പർ 15-12-2018 തീയതി പ്രകാരമുള്ള ഉത്തരവിൽ തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള പതിനൊന്ന് ജെ.എച്ച്.ഐ. ഗ്രേഡ്-2 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) നിലവിൽ ജൂനിയൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ബൈട്രാൻസ്ഫർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ എത്രപേർ അധികമായി ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-12-2018-ലെ ഇ.ജി.2-40/2016/ ആ.വ.ഡ. ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽനിന്നും 11 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം പ്രൊമോഷനുമേലുള്ള അപ്പീലുകൾ പരിശോധിച്ചപ്പോൾ തിരുവനന്തപുരം ജില്ലയിൽനിന്നും പ്രൊമോഷൻ പട്ടികയിൽ 11 പേരാണ് ഉൾപ്പെട്ടിരുന്നത്. ആയതിനാൽ 25-1-2019-ലെ ഇ.ജി.2-40/2016/ആ.വ.ഡ. ഉത്തരവ് പ്രകാരം 15-12-2018-ലെ ഉത്തരവ് പരിഷ്കരിക്കുകയും തിരുവനന്തപുരം ജില്ലയിലുണ്ടായിട്ടുള്ള 11 ജെ.എച്ച്.ഐ. ഗ്രേഡ് II ഒഴിവുകളിൽ ഒരെണ്ണം അന്തർജില്ലാ സ്ഥലംമാറ്റത്തിനും 10 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അതിൽ 7 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കി 3 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ബൈ-ട്രാൻസ്ഫർ തസ്തികയിൽ തിരുവനന്തപുരം ജില്ലയിൽ 12 പേർ അധികമായി ജോലി ചെയ്യുന്നു.

**ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിലെ നിയമനം**

264 (2143) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (കാറ്റഗറി നമ്പർ665/2012) റാങ്ക് ലിസ്റ്റിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് ആരോഗ്യവകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത കാറ്റഗറിയിൽ നോട്ടിഫിക്കേഷൻ നടത്തുന്നതിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിരുന്നത്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ:

(സി) എത്ര ഒഴിവുകൾ ഇതിനകം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; പ്രസ്തുത ഒഴിവുകളിൽ ഏത് തീയതിയ്ക്കകം നിയമനം നടത്താനാകുമെന്നാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ നിലവിലുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II (കാറ്റഗറി നം. 665/2012) റാങ്ക് ലിസ്റ്റിൽനിന്നും ഒരു ഉദ്യോഗാർത്ഥിക്ക് ആരോഗ്യ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) 2 ഒഴിവുകളാണ് വിജ്ഞാപനത്തിനായി റിപ്പോർട്ട് ചെയ്തിരുന്നത്. നിലവിൽ റിപ്പോർട്ട് ചെയ്ത 7 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യുടെ നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടി സ്വീകരിക്കുന്നതാണ്.

(സി) 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ്**

265 (2144) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ;

(ബി) കാത്ത്ലാബ് ആരംഭിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്;

(സി) പ്രസ്തുത ലാബ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) മാനന്തവാടി ജില്ലാ ആശുപത്രിയിൽ കാത്ത്ലാബ് നിർമ്മാണ പ്രവൃത്തികൾക്ക് കെ.എച്ച്.ആർ.ഡബ്ല്യു.എസ്.നെയും ഉപകരണങ്ങൾ വാങ്ങി കാത്ത്ലാബ് സജ്ജീകരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് നടപടികൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പൂർത്തീകരിച്ചിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രതിനിധികൾ സ്ഥലം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ തുടങ്ങുന്നതിനോടൊപ്പം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രവൃത്തികൾ ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ താമസം കൂടാതെ പൂർത്തിയാക്കി കാത്ത്ലാബ് ഒരു വർഷത്തിനകം പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## ഭക്ഷ്യോല്പന്നങ്ങളുടെ പരിശോധന

266 (2145) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യ വിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ആരാധനാലയങ്ങളിൽ വിതരണം ചെയ്യുന്ന പ്രസാദം ഉൾപ്പെടെയുള്ള ഭക്ഷ്യോല്പന്നങ്ങളുടെ പരിശോധന നിലവിൽ കാര്യക്ഷമമായി നടത്തുന്നുണ്ടോ;

(സി) ആരാധനാലയങ്ങളിൽ അന്നദാനം നടത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസ് നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യവിഷബാധയുണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യ സുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ "BHOG" (Blissful Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ആരാധനാലയങ്ങളുടെയും പ്രതിനിധികളുമായി പ്രാരംഭ ചർച്ച നടത്തിവരുന്നു.

ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന ആരാധനാലയങ്ങൾ "BHOG" പദ്ധതിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാതലത്തിൽ "BHOG" നടപ്പിലാക്കുന്നതിലേയ്ക്കായി ജില്ലാ കളക്ടർമാരുമായി ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ ചർച്ചകൾ നടത്തിവരുന്നു.

(ബി) കേരളത്തിൽ ശബരിമലയിൽ കഴിഞ്ഞ എട്ട് വർഷമായി പ്രസാദമായി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെയും അവ നിർമ്മിക്കാനായി ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെയും പരിശോധന ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് കാര്യക്ഷമമായി നടത്തിയിട്ടുണ്ട്.

(സി) ആഹാരം വിതരണം ചെയ്യുന്ന എല്ലാ ഇടങ്ങളിലും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ നേടേണ്ടത് നിയമപരമായ ബാധ്യതയാണ്.

**ശീതള പാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ**

267(2146) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശീതളപാനീയങ്ങൾ പകൽ സമയത്ത് ട്രാൻസ്പോർട്ടേഷൻ നടത്തുമ്പോൾ സൂര്യാതപം ഏറ്റ് അവ ഹാനികരമാകുമെന്നതിനാൽ പ്രസ്തുത പാനീയങ്ങൾ മനുഷ്യരിൽ ക്യാൻസർ ഉണ്ടാക്കുവാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സൂര്യാതപമേൽക്കുന്ന വിധം പകൽ സമയത്ത് ശീതള പാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച് ഏതെങ്കിലും സർക്കാർ ഉത്തരവുകളോ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചെങ്കിലും നാളിതുവരെ ആയതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) മായം കലർന്ന ഭക്ഷണപദാർത്ഥങ്ങൾ കണ്ടെത്തുവാൻ മുനിസിപ്പൽ/ പഞ്ചായത്ത് തലത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ശീതളപാനീയങ്ങൾ പകൽസമയത്ത് ട്രാൻസ്പോർട്ടേഷൻ നടത്തുമ്പോൾ സൂര്യാതപംമൂലം ഗുണനിലവാരം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രസ്തുത നടപടി നിയന്ത്രിക്കുന്നതിനായുള്ള മുന്നറിയിപ്പുകൾ പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) സൂര്യാതപമേൽക്കുന്നവിധം പകൽസമയത്ത് ശീതളപാനീയങ്ങൾ കൊണ്ടുപോകുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പത്രമാധ്യമങ്ങൾ പ്രസിദ്ധീകരിച്ചതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന നിലയിൽ ഫുഡ് സേഫ്റ്റി ഓഫീസ് അനുവദിച്ചെങ്കിലും 34 ഭക്ഷ്യസുരക്ഷാ ഓഫീസർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആയത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ലഭ്യമായ ഭക്ഷ്യസുരക്ഷാ ഓഫീസർമാരെ ഉപയോഗിച്ച് പരിശോധനകൾ കാര്യക്ഷമമായി നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഭക്ഷണ സാധനങ്ങളിലെ മായം കണ്ടെത്തുന്നതിന് നടപടി**

268 (2147) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന പഴം, പച്ചക്കറി, അരി മുതലായ ഭക്ഷ്യവസ്തുക്കളിൽ ചേർത്തിരിക്കുന്ന മായം കണ്ടുപിടിച്ച് നടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദീകരിക്കാമോ;

(ബി) ഭക്ഷണ സാധനങ്ങളിലെ മായം മാരകരോഗങ്ങൾക്ക് കാരണമാവുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭക്ഷ്യസുരക്ഷ വകുപ്പിലെ ഉദ്യോഗസ്ഥരും പോലീസ് ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധനകൾ നടത്തി മായംകലർന്ന ഭക്ഷ്യസാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നതിന് അടിയന്തരമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ/ അഡ്ജുഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തേണ്ടതായിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർതന്നെ പരിശോധന നടത്തി മായംകലർന്ന ഭക്ഷ്യസാധനങ്ങൾ കണ്ടെത്തി നശിപ്പിക്കുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥരുമായി ചേർന്ന് പരിശോധന നടത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**ഭക്ഷ്യവിഷബാധ**

269 (2148) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല ഹോട്ടലുകളിലും ബേക്കറികളിലും വൃത്തിഹീനമായ സാഹചര്യത്തിലാണ് പാചകം ചെയ്യുന്നതെന്നും ഇതുമൂലം ഭക്ഷ്യവിഷബാധ ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നിരന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഏതെങ്കിലും സ്ഥലത്ത് ഭക്ഷ്യവിഷബാധയുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് ആരോഗ്യവിഭാഗം റെയിഡ് നടത്തുന്നതെന്ന ആക്ഷേപം ഒഴിവാക്കുവാൻ ശക്തമായ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരമായി പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയാൽ അത് പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും തുടർപരിശോധനയിൽ വൃത്തിഹീനമാണെന്ന് കണ്ടെത്തിയാൽ സ്ഥാപനം അടച്ചുപൂട്ടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്തുവരുന്നു. കൂടാതെ എല്ലാ മാസവും മൂന്ന് ദിവസം തട്ടുകടകൾ, വഴിയോര വിൽപ്പന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് രാത്രികാല പരിശോധനകളും നടത്തിവരുന്നുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ നിരന്തരം പരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

270 (2149) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം എന്ന പേരിലുള്ള ഭക്ഷ്യസുരക്ഷാ പദ്ധതിപ്രകാരം എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ; ഈ പദ്ധതിയുടെ നടത്തിപ്പിന് ഏതെല്ലാം വകുപ്പുകളുടെ സഹകരണമാണുള്ളത് എന്ന് വിശദീകരിക്കാമോ;

(സി) ഇതിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രത്യേക സമിതി രൂപീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്ന വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെപ്പറയുന്നു:

1. സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത്:

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണിത്. പ്രസ്തുത പദ്ധതി 2016-17-ൽ 100 ഗ്രാമപഞ്ചായത്തുകളിലും 2017-18 സാമ്പത്തിക വർഷം 50 ഗ്രാമപഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 120 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം നടപ്പാക്കുന്ന കാര്യങ്ങൾ താഴെപ്പറയുന്നവയാണ്:

ഗ്രാമപഞ്ചായത്തുകളിലെ ഭക്ഷണ ഉൽപ്പാദന, വിതരണവുമായി ബന്ധപ്പെട്ട എല്ലാവർക്കും ഭക്ഷ്യ ഗുണനിലവാര നിയമം അനുശാസിക്കുന്ന തരത്തിലുള്ള ലൈസൻസ് അല്ലെങ്കിൽ രജിസ്ട്രേഷൻ ഉറപ്പാക്കുക.

ഗ്രാമപഞ്ചായത്തുകളിലെ പൊതുടാപ്പുകളിലേയ്ക്കും പൊതുകിണറുകളിലേയ്ക്കുമുള്ള വെള്ളത്തിന്റെ ഗുണനിലവാരം ലാബുകളിൽ പരിശോധിച്ച് ഉറപ്പുവരുത്തുക.

സ്കൂളുകൾ, കോളേജുകൾ, ഹോട്ടലുകൾ, കാന്റീനുകൾ, വീടുകൾ എന്നിവിടങ്ങളിലെ കുടിവെള്ളം പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുക.

ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട, വൻകിട ഭക്ഷ്യ വ്യാപാരികൾ, ഹോട്ടലുകൾ, കാന്റീനുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി ജീവനക്കാർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ എന്നിവർക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികളെക്കുറിച്ച് വിദഗ്ധ ക്ലാസ്സുകൾ എടുക്കുക.

സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണം സുരക്ഷിതവും ആരോഗ്യകരവുമാക്കുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകളിലെ എല്ലാ സ്കൂളുകളും സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലനവും നൽകുക.

സുരക്ഷിതവും ആരോഗ്യപ്രദാനവുമായ മത്സ്യം ലഭിക്കുന്നതിനുവേണ്ടി ഇത്തരം ഗ്രാമപഞ്ചായത്തുകളിൽ ഓപ്പറേഷൻ സാഗർറാണി പൂർണ്ണമായ രീതിയിൽ നടപ്പാക്കുക.

അറവുശാലകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പാക്കുക.

കൃഷി വകുപ്പിന്റെ സഹായത്തോടുകൂടി ഓർഗാനിക് ഫാമിംഗ് ഇത്തരം ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുക.

2. SNF@School പദ്ധതി:

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി കേരള സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

ഈ പദ്ധതി പ്രകാരം ഓരോ നിയമസഭാ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ 8, 9, 11 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണരീതികൾ എന്തൊക്കെയാണെന്നും അതുവഴി ജീവിത ശൈലീരോഗങ്ങളെ എങ്ങനെ ചെറുത്ത് ആരോഗ്യകരമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കാം എന്ന ലക്ഷ്യത്തെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആരോഗ്യമുള്ള കുട്ടികൾ ഈ നാടിന്റെ സമ്പത്താണ്. താഴെപ്പറയുന്ന കാര്യങ്ങളാണ് ഈ പദ്ധതിയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്:

സെമിനാർ ക്ലാസ്സുകൾ

ബോധവൽക്കരണ ക്ലാസ്സുകൾ

ഭക്ഷണത്തിലെ മായം കണ്ടുപിടിക്കുന്നതിനുള്ള ലഘുവായ
മാർഗ്ഗങ്ങളെക്കുറിച്ചുള്ള പരിശീലനം

ഉപന്യാസ മത്സരങ്ങൾ

പോസ്റ്റർ രചനാ മത്സരങ്ങൾ

'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന വിഷയത്തെ സംബന്ധിച്ചുള്ള ഡോക്യുമെന്ററി ഫിലിം പ്രദർശനം

വീടുകളിൽ ആവശ്യമുള്ള പച്ചക്കറികൾ നട്ടുവളർത്തുന്നതിനാവശ്യമായ പരിശീലനം

സ്കൂളുകളിൽ ഫുഡ് സേഫ്റ്റി ക്ലബ്ബുകളുടെ രൂപീകരണം

ഭക്ഷ്യസുരക്ഷാ കർമ്മസേന രൂപീകരിച്ച് അവർക്ക് പരിശീലനം നൽകുക.

3. ഓപ്പറേഷൻ സാഗർറാണി:

മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിലേയ്ക്കായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ മത്സ്യമാർക്കറ്റുകളിലും മത്സ്യ വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിയിട്ടുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

4. ഓപ്പറേഷൻ പനേല:

'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നതാണെന്ന് കണ്ടെത്തിയ ശർക്കരകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

5. BHOG:

ആരാധനാലയങ്ങൾ ഉൾപ്പെടെ രാജ്യത്തിന്റെ പല ഭാഗങ്ങളിലും ഭക്ഷ്യവിഷബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ "BHOG" (Blissful Hygienic Offering to God) എന്ന പദ്ധതി പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യുന്ന ആരാധനാലയങ്ങൾക്ക് രജിസ്ട്രേഷൻ/ലൈസൻസ് എടുക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

6. Clean Street Food Hub:

ഇതിന്റെ ഭാഗമായി കേരളത്തിലെ അഞ്ചോ ആറോ കേന്ദ്രങ്ങൾ Clean Street Food Hub-കളായി പ്രഖ്യാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങളെ ആകർഷിക്കത്തക്കതരത്തിൽ വൃത്തിയുള്ളതും മേന്മയുള്ളതുമായ ഭക്ഷണശാലകൾ സൃഷ്ടിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. FSSAI നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനുള്ള ക്രമീകരണങ്ങൾ നടന്നുവരുന്നു.

(സി) നിലവിൽ നിർദ്ദേശിച്ചിട്ടില്ല.

## ഭക്ഷ്യസുരക്ഷാ ലൈസൻസ് ഇല്ലാത്ത ഹോട്ടലുകൾ

271(2150) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം പ്രദേശത്ത് അടുത്ത കാലത്ത് ജനങ്ങൾക്ക് ഭക്ഷ്യവിഷബാധയേറ്റത് സംബന്ധിച്ച മാധ്യമവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഭക്ഷണശാലകൾ അടച്ചുപൂട്ടാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കഴക്കൂട്ടം-കുളത്തൂർ റോഡിൽ സെൻറ് ജോസഫ് പള്ളിക്ക് സമീപം ടി.സി. നമ്പർ 2/1099 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രാമൂസ് ദേ കോഴിക്കോട് എന്ന ഭക്ഷണശാല ഭക്ഷ്യസുരക്ഷാ ലൈസൻസോ കോർപ്പറേഷൻ ലൈസൻസോ ബിൽഡിംഗ് ഉടമയുടെ അനുമതിയോ ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്ക് 7-1-2019-ന് സിറിൽ ഫെർണാണ്ടസ് നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ;

(ഡി) പരാതി ലഭിച്ചതിനുശേഷം പ്രസ്തുത ഭക്ഷണശാലയ്ക്ക് കെട്ടിട ഉടമയുടെ അംഗീകാരമില്ലാതെ ഭക്ഷ്യസുരക്ഷ വകുപ്പിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടോ;

(ഇ) പ്രസ്തുത ഭക്ഷണശാല ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിന് സഹായകമായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ & ബി) ഉണ്ട്. കഴക്കൂട്ടം കേന്ദ്രീകരിച്ച് പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തുകയും കണ്ടെത്തിയ ന്യൂനതകൾ അടിയന്തരമായി പരിഹരിക്കാൻ നോട്ടീസ് നൽകുകയുമുണ്ടായി. 28 പരിശോധനകൾ നടത്തിയിട്ടുണ്ട്. 13 സ്ഥാപനങ്ങൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകുകയും പിഴയായി 35,000 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(സി) 'രാമൂസ് ദേ കോഴിക്കോടൻ' എന്ന പേരിൽ കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ഹോട്ടൽ ഭക്ഷ്യസുരക്ഷാ സ്പെഷ്യൽ സ്ക്വാഡ് 18-12-2018-ൽ പരിശോധിക്കുകയും കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കുന്നതിനായി നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ 21-12-2018-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ തിരുവനന്തപുരം ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണറെയും കഴക്കൂട്ടം ഭക്ഷ്യ സുരക്ഷാ ഓഫീസറെയും എതിർകക്ഷികളാക്കി WP(C) 42333/2018 എന്ന റിട്ട് പെറ്റീഷൻ ഇപ്പോൾ ഹോട്ടൽ

നടത്തുന്ന ശ്രീ. മധു ഫയൽ ചെയ്തിട്ടുണ്ട്. ടിയാന്റെ ബിസിനസ്സ് തടസ്സപ്പെടുത്തരുതെന്നും ഒഴിപ്പിക്കരുതെന്നും ബഹുമാനപ്പെട്ട തിരുവനന്തപുരം മുൻസിഫ് കോടതിയുടെ (O.S. 1440/2018) ഇൻജക്ഷൻ ഓർഡർ നിലവിലുണ്ട്.

(ഡി) 2018-19-ലെ കോർപ്പറേഷൻ ലൈസൻസ് ഹാജരാക്കാത്തതിനാൽ ഭക്ഷ്യ സുരക്ഷാ ലൈസൻസ് നൽകിയിട്ടില്ല.

(ഇ) സഹായകമായ സാഹചര്യങ്ങൾ നിലവിലില്ല. മുൻസിഫ് കോടതിയുടെ ഉത്തരവും ഹൈക്കോടതിയിൽ റിട്ട് പെറ്റീഷനും ഇപ്പോൾ പ്രാബല്യത്തിലുണ്ട്.

**ശർക്കരയിൽ അർബുദത്തിന് കാരണമായേക്കാവുന്ന നിറങ്ങളും രാസവസ്തുക്കളും**

272 (2151) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശർക്കരയിൽ അർബുദത്തിന് കാരണമായേക്കാവുന്ന നിറങ്ങളും രാസവസ്തുക്കളും ചേർക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം ശർക്കരയുടെ വിപണനം തടയാൻ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിൽക്കുന്ന ശർക്കരയിൽ കൃത്രിമ നിറങ്ങൾ ചേർക്കുന്നതായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

(ബി) 'ഓപ്പറേഷൻ പനേല' എന്ന പേരിൽ സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പരിശോധന നടത്തിവരുന്നു.

(സി) 'ഓപ്പറേഷൻ പനേല'-യുടെ ഭാഗമായി സംസ്ഥാനത്തുടനീളം ശർക്കരയുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധനനടത്തി മായം കലർന്നതാണെന്ന് കണ്ടെത്തിയ ശർക്കരകൾ വിൽക്കുന്നവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന മായംകലർന്ന ശർക്കര തടയുന്നതിനായി തമിഴ്നാട് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ഇതുസംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട്.

**ഭക്ഷ്യവസ്തുക്കളിലെ വിഷാംശം പരിശോധിക്കാനുള്ള സംവിധാനം**

273 (2152) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന മത്സ്യം, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ മായം, വിഷാംശങ്ങൾ എന്നിവ പരിശോധിക്കാനുള്ള സംവിധാനം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരം പരിശോധനകൾ നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കാമോ;

(സി) ഫിഷ് മാർക്കറ്റുകളിൽ ഇത്തരം പരിശോധന കർശനമായി നടത്താനുള്ള സ്ഥിരം സംവിധാനം ഏർപ്പെടുത്തുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ യെന്നറിയിക്കുമോ?

ഉത്തരം

(എ) വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെ വരുന്ന മത്സ്യം, പഴങ്ങൾ, പച്ചക്കറികൾ എന്നിവയിലെ മായം, വിഷാംശങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ എൻ.എ.ബി.എൽ. അക്രെഡിറ്റേഷനുള്ള അനലറ്റിക്കൽ ലാബുകൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്ഷ്യവസ്തുക്കൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുന്നുണ്ട്. കൂടാതെ ഓണം, റംസാൻ, ക്രിസ്തുമസ്, ബക്രീദ് തുടങ്ങിയ ആഘോഷവേളകളിലും ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവം, ആറ്റുകാൽ പൊങ്കാല, തൃശ്ശൂർ പൂരം തുടങ്ങിയ ഉത്സവ സീസണുകളിലും പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

പ്രസ്തുത പരിശോധനകളിൽ സാമ്പിളുകൾ ശേഖരിച്ച് അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി മായം കലർന്നിട്ടുള്ളതായി കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം പ്രോസിക്യൂഷൻ/അഡ്ജൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മത്സ്യത്തിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയുന്നതിനായി ഭക്ഷ്യ സുരക്ഷാ വകുപ്പ് നടപ്പിലാക്കിയ പ്രത്യേക പദ്ധതിയാണ് 'ഓപ്പറേഷൻ സാഗർറാണി'. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മിക്കവാറും എല്ലാ മത്സ്യമാർക്കറ്റുകളിലും മത്സ്യവിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന മത്സ്യം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്.

**വ്യാജ വെളിച്ചെണ്ണയുടെ വില്പന നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും നടപടി**

274 (2153) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാപകമായി വ്യാജവെളിച്ചെണ്ണ വില്ക്കുന്നതായുള്ള വിവരം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ മനുഷ്യശരീരത്തിന് ഹാനികരമായ വ്യാജവെളിച്ചെണ്ണയുടെ വിൽപ്പന ഇത്രയും വ്യാപകമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) വ്യാജവെളിച്ചെണ്ണയുടെ വില്പന നിയന്ത്രിക്കുന്നതിനും നിരോധിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മായം കലർന്നതാണെന്ന് കണ്ടെത്തി നിരോധിച്ച വെളിച്ചെണ്ണ ബ്രാന്റുകൾ പുതിയ പേരുകളിൽ കടകളിൽ എത്തുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വെളിച്ചെണ്ണ ഉല്പന്നങ്ങളുടെ കാര്യത്തിൽ കർക്കശമായ ഗുണമേന്മാ വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യപകമായി വ്യാജ വെളിച്ചെണ്ണ വിൽക്കുന്നതായുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെളിച്ചെണ്ണയോടൊപ്പം വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകൾ കലർത്തി വിൽപ്പനനടത്തി അമിതലാഭം ഉണ്ടാക്കുകയെന്ന ചില കച്ചവടക്കാരുടെ ഗൂഢലക്ഷ്യമാണ് ഇത് വ്യാപകമാകാൻ കാരണം.

(ബി) വ്യാജ വെളിച്ചെണ്ണ പെരുകുന്ന എന്നതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ മായം കലർത്തിയതായി കണ്ടെത്തിയ 166 വെളിച്ചെണ്ണ ബ്രാൻഡുകൾ 2018-ൽ ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിരോധിച്ച് ഉത്തരവിറക്കിയിട്ടുണ്ട്.

(സി) മായം കലർന്നതാണെന്ന് കണ്ടെത്തി നിരോധിച്ച വെളിച്ചെണ്ണകൾ പുതിയ പേരുകളിലെത്തുന്നത് തടയുന്നതിലേയ്ക്കായി വെളിച്ചെണ്ണ ബ്രാൻഡുകൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ൽ വെളിച്ചെണ്ണ ഉൽപ്പന്നങ്ങളുടെ ഗുണമേന്മാ വ്യവസ്ഥകൾ നിലവിലുണ്ട്.

**കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ നിയമനം**

275 (2154) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ലെ മാനേജിംഗ് ഡയറക്ടറുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തികയിലെ നിയമനം ചട്ടം ലംഘിച്ച് നടത്തിയിട്ടുള്ളതാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ൽ നടത്തിയ താൽക്കാലിക/കരാർ നിയമനങ്ങൾ സർക്കാർ അനുമതിയോടുകൂടിയാണോ നടത്തിയിട്ടുള്ളത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) മുമ്പ് ലഭിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികയിലെ നിയമനം ചട്ടം ലംഘിച്ചുള്ളതല്ല. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ഡെപ്യൂട്ടി ജനറൽ മാനേജർ (പ്രോജക്ട്സ്) ശ്രീ. ജി. അശോക് ലാലിനെ കേരള ഹെൽത്ത് റിസർച്ച് ആൻഡ് വെൽഫെയർ സൊസൈറ്റിയിൽ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥകൾ പ്രകാരമാണ് നിയമിച്ചിട്ടുള്ളത്. ആയതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷനിൽനിന്നും നിരാക്ഷേപ സമ്മതപത്രവും വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ക്ലിയറൻസും ലഭിച്ചിട്ടുണ്ട്. കൂടാതെ തനിക്കെതിരെ ക്രിമിനൽ കേസുകളോ അച്ചടക്കനടപടികളോ ഇല്ല എന്ന് ടിയാൻ സത്യവാങ്മൂലം ലഭ്യമാക്കിയിട്ടുമുണ്ട്.

(ബി) ട്രാവൻകൂർ കൊച്ചിൻ ലിറ്ററി സയന്റിഫിക് ചാരിറ്റബിൾ ആക്ട് 1955 പ്രകാരം രൂപീകൃതമായ കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റി ആരോഗ്യ രംഗത്ത് മികച്ച സേവനം ലഭ്യമാക്കിവരുന്നു. സർക്കാരിൽനിന്നും ഗ്രാന്റോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാതെ സ്വന്തം ഫണ്ടുപയോഗിച്ചാണ് ടി സൊസൈറ്റി പ്രവർത്തിക്കുന്നത്. ദിവസവേതന/കരാർ ജീവനക്കാരെ നിയമിച്ചുകൊണ്ടാണ് സൊസൈറ്റിയിലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ആയതിന് ആരോഗ്യ വകുപ്പുമന്ത്രി ചെയർമാനും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും മാനേജിംഗ് ഡയറക്ടർ, ധനകാര്യ, നിയമ വകുപ്പുകളിലെ പ്രതിനിധികൾ എന്നിവർ അംഗങ്ങളുമായ ഗവേണിംഗ് ബോഡിക്കാണ് പരമാധികാരം നിക്ഷിപ്തമാക്കിയിരിക്കുന്നത്. ഈ സ്ഥാപനവുമായി ബന്ധപ്പെട്ട താൽക്കാലിക/കരാർ നിയമനങ്ങൾ ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെയാണ് നടത്തിവരുന്നത്.

## തെറാപ്പി സെന്ററുകളുടെ നിയന്ത്രണം

276 (2156) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തെറാപ്പി സെന്ററുകൾ റെഗുലേറ്റ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായുള്ള കരട് രൂപരേഖ തയ്യാറായിട്ടുണ്ടോ; പ്രൈവറ്റ് മേഖലയിൽ മികച്ച സേവനം നൽകുന്ന ഒട്ടേറെ തെറാപ്പി സെന്ററുകൾ കേരളത്തിൽ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ, ഈ മേഖലയിൽ വർഷങ്ങളായി പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ കരട് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി ചർച്ചക്ക് വിളിച്ചിട്ടുണ്ടോ; അവരെ കൂടി ചർച്ചയിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണെന്നിരിക്കെ, ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ;

(ബി) ഭിന്നശേഷിക്കാരായ കുട്ടികൾക്കും മുതിർന്നവർക്കും നിലവിലെ സാഹചര്യത്തിൽ സർക്കാർ തലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ നൽകാൻ കഴിയുമോയെന്ന കാര്യം പരിശോധിക്കുമോ; അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും സർക്കാർ തലത്തിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ;

(സി) ഒക്കുപേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനങ്ങൾ ആവശ്യാനുസരണം തെറാപ്പി സെന്ററുകളിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) അലൈഡ് ഹെൽത്ത് കോഴ്സുകളായ ഒക്കുപേഷണൽ തെറാപ്പി, സ്പീച് തെറാപ്പി, ഫിസിയോതെറാപ്പി തുടങ്ങിയവ പഠിക്കാനാഗ്രഹിക്കുന്ന കുട്ടികൾ, അമിത ഫീസ് നൽകി അയൽ സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് പഠനം പൂർത്തിയാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കേരളത്തിലെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഈ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ഇ) അയൽ സംസ്ഥാനങ്ങളിൽ നിന്ന് പഠനം പൂർത്തിയാക്കി റീഹാബിലിറ്റേഷൻ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ഒട്ടേറെ ഒക്കുപേഷണൽ തെറാപ്പിസ്റ്റുകൾ സംസ്ഥാനത്തുണ്ടെങ്കിലും ഇവർക്ക് രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് നടത്തുന്നതിന് ഒരു കൗൺസിൽ രൂപീകൃതമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; കൗൺസിൽ രൂപീകരിച്ചിട്ടില്ലാത്തതിനാൽ ഒക്കുപേഷണൽ തെറാപ്പി മേഖലയിൽ വ്യാജ പ്രാക്ടീസ് നടക്കുന്ന സാഹചര്യത്തിൽ, യോഗ്യതാ മാനദണ്ഡങ്ങൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനും വ്യാജ പ്രാക്ടീസ് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) 1992-ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്റ്റിന്റെ കീഴിൽ ലൈസൻസ് കിട്ടിയിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്ക് സ്വതന്ത്രമായി തെറാപ്പി ചികിത്സ നൽകുന്നതിന് അധികാരമുണ്ടെന്നിരിക്കെ, മറ്റ് മെഡിക്കൽ പ്രൊഫഷണലുകളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കേണ്ടി വരുന്നത് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്റ്റിന്റെ ലംഘനമായതിനാൽ, നിലവിലെ സാഹചര്യത്തിൽ ഇവരുടെ പ്രവർത്തനത്തിന് എന്ത് മാറ്റമാണ് കൊണ്ടുവരാൻ സാധിക്കുകയെന്ന് വ്യക്തമാക്കാമോ;

(ജി) ഓട്ടിസം പോലുള്ള അവസ്ഥകൾക്ക് രോഗനിർണ്ണയം നടന്നുകഴിഞ്ഞാൽ നേരിട്ട് തെറാപ്പി സ്വീകരിക്കാനുള്ള സാഹചര്യമാണ് സംജാതമാകേണ്ടതെങ്കിലും ഒരിക്കൽ രോഗനിർണയം ചെയ്തതിന് ശേഷവും നിരന്തരമായി ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (പി.എം.ആർ.) വിഭാഗത്തിലെ പ്രൊഫഷണലുകളെ സന്ദർശിക്കേണ്ടി വരുന്നത് രോഗികൾക്ക് ഏറെ ബുദ്ധിമുട്ടുളവാക്കുന്നതിനാൽ, ഈ അവസ്ഥക്ക് മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനാവുകയെന്ന് അറിയിക്കുമോ; പി.എം.ആർ. വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്നതിനാൽ, ശരിയായ രീതിയിൽ ലക്ഷണം

നോക്കി രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ നൽകുന്നതിനും ഹെൽത്ത് കെയർ പ്രൊഫഷണലുകൾക്ക് സാധിക്കാതെവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാർക്ക് പ്രാക്ടീസ് ചെയ്യുന്നതിനുള്ള ലൈസൻസ് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാനാവുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി കരട് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട പ്രൊഫഷണലുകളെ ഉൾപ്പെടുത്തി ചർച്ച നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ കൂടുതൽ വിശദമായ ചർച്ചകളും പരിശോധനകളും നടത്തിയശേഷം മാത്രമേ അന്തിമ തീരുമാനം സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

(ബി) സർക്കാർതലത്തിൽ സൗജന്യമായി തെറാപ്പി ചികിത്സ ഇപ്പോൾ ലഭ്യമാണ്. നിലവിൽ അതിനുള്ള സൗകര്യങ്ങളും യോഗ്യതയുള്ള ജീവനക്കാരും ഉണ്ട്.

(സി) സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന തെറാപ്പി സെന്ററുകളിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ആവശ്യാനുസരണം ലഭ്യമാണ്. എന്നാൽ ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ ലഭ്യതക്കുറവുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുമായി ചേർന്ന് NIPMR-ലും NISH-ലും ഒക്യുപേഷണൽ തെറാപ്പി കോഴ്സ് ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) അലൈഡ് ഹെൽത്ത് കോഴ്സുകളായ സ്പീച്ച് തെറാപ്പിയും ഫിസിയോതെറാപ്പിയും കേരളത്തിലുണ്ട്. എന്നാൽ ഒക്യുപേഷണൽ തെറാപ്പി കോഴ്സ് കേരളത്തിലില്ല. ഓഡിയോ & സ്പീച്ച് ലാംഗ്വേജ് പത്തോളജി, ഫിസിയോതെറാപ്പി എന്നീ ബിരുദ കോഴ്സുകൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ തുടങ്ങുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) എല്ലാ റീഹാബിലിറ്റേഷൻ മേഖലയിലും പ്രവർത്തിക്കുന്ന പാരാമെഡിക്കൽ (ഒക്യുപേഷണൽ തെറാപ്പി ഉൾപ്പെടെ) പ്രൊഫഷണൽസും RCI-യുടെ കീഴിൽ രജിസ്റ്റർ ചെയ്യണമെന്ന് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾ ഉൾപ്പെടെയുള്ള ക്ലിനിക്കൽ പ്രാക്ടീഷ്യനേഴ്സിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ സൂക്ഷ്മപരിശോധന നടത്തുന്നതിനും വ്യാജ പ്രാക്ടീസ് തടയുന്നതിനും 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) 1992-ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ടിന്റെ കീഴിൽ ലൈസൻസ് കിട്ടിയിട്ടുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് എന്നിവർക്ക് വൈദ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായിട്ടുള്ള അറിവില്ലാത്തതുകൊണ്ടും ഇവരുടെ സേവനം അർഹിക്കുന്ന രോഗികൾക്കെല്ലാംതന്നെ വൈദ്യശാസ്ത്രത്തിൽ പ്രാവീണ്യം നേടിയ ഡോക്ടർമാരുടെ മേൽനോട്ടം അനിവാര്യമാണ്. ഒക്യുപേഷണൽ തെറാപ്പി ഒരു supportive therapy ആയതുകൊണ്ട് അത് ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ നിർദ്ദേശപ്രകാരം മാത്രമേ ചെയ്യാൻ പറ്റുകയുള്ളൂ.

(ജി) രോഗികളെ പരിശോധിച്ച് ചികിത്സിക്കുന്നതിന് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടം ആവശ്യമാണ്. ഒക്യുപേഷണൽ തെറാപ്പി ഒരു supportive ചികിത്സാരീതിയാണ്. അതിനാൽത്തന്നെ ഒക്യുപേഷണൽ തെറാപ്പിസ്റ്റുകൾക്ക് പൂർണ്ണമായും സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യാനുള്ള അനുമതി നൽകാൻ സാധിക്കുകയില്ല.

**ആരോഗ്യനയം**

277 (2157) <u>ശ്രീ. വി. ടി. ബൽറാം</u> :

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :

<u>ശ്രീ. ഐ.സി.ബാലകൃഷ്ണൻ</u> :

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ആരോഗ്യനയം അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) ആരോഗ്യവകുപ്പിലെ മോഡേൺ മെഡിസിന് കീഴിൽ മൂന്ന് ഡയറക്ടറേറ്റുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതി പരിഹരിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള ഫാക്ടറി സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 21-8-2019-ലെ സ.ഉ.(കൈ.) നമ്പർ 20/2019/ആ.കു.വ. പ്രകാരം സംസ്ഥാന ആരോഗ്യനയം അംഗീകരിച്ചു.

(ബി) ഉണ്ട്.

1. ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഹെൽത്ത്

2. ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസ്

3. ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ

ആരോഗ്യ വകുപ്പിലെ ഡോക്ടർമാരെ മൂന്ന് കേഡറുകളിലായി വിഭജിക്കപ്പെടും. പ്രാഥമിക, സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരും ഭരണപരമായ തസ്തികകളായ ജില്ലാ മെഡിക്കൽ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർമാർ, വിവിധ പൊതുജനാരോഗ്യ പരിപാടികളുടെ ഡയറക്ടർമാർ എന്നിവരുൾപ്പെടുന്ന ഡോക്ടർമാരും പബ്ലിക് ഹെൽത്ത് കേഡറിൽപ്പെടും.

സ്പെഷ്യലിസ്റ്റുകളും സൂപ്രണ്ട് പോലുള്ള ഭരണനിർവ്വഹണ തസ്തികകളും ഡയറക്ടറേറ്റ് ഓഫ് ക്ലിനിക്കൽ സർവ്വീസസിൽ ഉൾപ്പെടും.

മെഡിക്കൽ കോളേജുകളിലുള്ളവർ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ കേഡറിലുണ്ടാകും.

(സി) സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്കും ജീവനക്കാർക്കും നേരെയുണ്ടാകുന്ന കയ്യേറ്റങ്ങൾ സംബന്ധിച്ച പരാതി പരിഹരിക്കാൻ ഒരു പരാതി പരിഹാര സംവിധാനമുണ്ടാക്കാൻ ആരോഗ്യനയത്തിൽ നിർദ്ദേശമുണ്ട്.

(ഡി) മെഡിക്കൽ ഉപകരണങ്ങളുടെയും സാമഗ്രികളുടെയും (Medical Devices and Equipments) നിർമ്മാണത്തിനായി മെഡിക്കൽ ഡിവൈസസ് ഉണ്ടാക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്ന് സംസ്ഥാന ആരോഗ്യ നയത്തിൽ നിർദ്ദേശമുണ്ട്.

## സിസേറിയന്റെ കണക്ക്

278 (2158) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷം നടന്ന പ്രസവങ്ങളിൽ പകുതിയും സിസേറിയൻ ആയിരുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നടക്കുന്ന പ്രസവങ്ങളിൽ കൂടുതലും സിസേറിയനാകാനുള്ള കാരണം ഇത് കുറയ്ക്കുന്നതിനായി ഗവൺമെന്റ് നടത്തിയ സംയോജിത ശ്രമങ്ങൾ പരാജയപ്പെട്ടതാണ് എന്ന (സി.എ.ജി.) റിപ്പോർട്ട് ഗൗരവമായി കണ്ടിട്ടുണ്ടോ;

(സി) സിസേറിയന്റെ ദേശീയ ശരാശരി 17.20 ശതമാനം ആണെന്നിരിക്കെ സംസ്ഥാനത്ത് ഇത് 45 ശതമാനം ആകാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാനത്ത് മാത്രമുണ്ടായ ഈ ഭീമമായ വർദ്ധനവിന് കാരണം ഗവൺമെന്റ് ആശുപത്രികളാണോ; അതോ സ്വകാര്യ ആശുപത്രികളാണോ; വ്യക്തമാക്കുമോ;

(ഇ) സ്വകാര്യ ആശുപത്രികളാണ് ഇക്കാര്യത്തിൽ മുൻപന്തിയിലെങ്കിൽ പ്രസ്തുത ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ; അവർക്കെതിരെ എന്തെങ്കിലും നിയമ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ ആശുപത്രികളിൽ നടന്ന പ്രസവങ്ങളിൽ സിസേറിയൻ ഏകദേശം 41 ശതമാനമാണ്.

(ബി) സംസ്ഥാനത്തെ സിസേറിയൻ നിരക്ക് കുറയ്ക്കുന്നതിനായി പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യ മിഷനും നടപ്പാക്കിവരുന്നു. നഴ്സ്, ഗൈനക്കോളജിസ്റ്റ് എന്നിവർക്ക് KFOG (Kerala Federation of Obsterics and Gynaecology)-യുടെ സഹകരണത്തോടെ പരിശീലനം നൽകിവരുന്നു. പ്രസ്തുത പരിശീലനം പരിപാടിയിൽ സിസേറിയൻ നിരക്ക് കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഉൾപ്പെടുന്നു.

(സി) ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. കേരളത്തിൽ കഴിഞ്ഞ 5 വർഷത്തെ സിസേറിയൻ നിരക്ക് താഴെപ്പറയും പ്രകാരമാണ്:

| വർഷം | ശതമാനം |
|---|---|
| 2014-15 | 40.7 |
| 2015-16 | 41.5 |
| 2016-17 | 41.2 |
| 2017-18 | 40.4 |
| 2018 ഡിസംബർ വരെ | 40.9 |

(ഡി & ഇ) സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും നടക്കുന്ന സിസേറിയൻ നിരക്കിൽ കാര്യമായ വ്യത്യാസം കാണുന്നില്ല.

സിസേറിയൻ നിരക്ക് ശതമാനകണക്കിൽ

| വർഷം | സ്വകാര്യ ആശുപത്രി | സർക്കാർ ആശുപത്രി |
|---|---|---|
| 2014-15 | 41.2 | 39.8 |
| 2015-16 | 41.9 | 40.8 |
| 2016-17 | 41.5 | 40.8 |
| 2017-18 | 40.8 | 39.7 |
| 2018-19 (ഡിസംബർ) | 41.3 | 40.2 |

സ്വകാര്യ ആശുപത്രികളുടെ പ്രത്യേകം പട്ടിക ലഭ്യമല്ല. ആയത് സംബന്ധിച്ച് നിയമനടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## കീടനാശിനിയും കളനാശിനിയും വിൽക്കുന്നതിന് ആരോഗ്യവകുപ്പിന്റെ ലൈസൻസ്

279 (2159) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവിളകൾക്ക് ഉപയോഗിക്കുന്ന കീടനാശിനിയും കളനാശിനിയും കടകളിൽ വിൽക്കുന്നതിന് ആരോഗ്യവകുപ്പിന്റെ ലൈസൻസ് ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കീടനാശിനി വിൽക്കുന്ന കടകളിൽ കൃഷിവകുപ്പുമായി യോജിച്ച് ഏതെങ്കിലും പരിശോധന നടത്തുകയോ കുറ്റകൃത്യം കണ്ടെത്തിയാൽ ശിക്ഷ നൽകുകയോ ചെയ്യാറുണ്ടോ; ഇല്ലെങ്കിൽ ഇതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃഷി വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി പരിശോധന നടത്താറില്ല. എന്നാൽ കൃഷി വകുപ്പിലെ നോട്ടിഫൈഡ് ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർമാർ കീടനാശിനി വിൽക്കുന്ന കടകൾ നേരിട്ട് പരിശോധിക്കുകയും ഇൻസെക്ടിസൈഡ് ആക്ട് 1968, ഇൻസെക്ടിസൈഡ് റൂൾ 1971 പ്രകാരവും കുറ്റകൃത്യങ്ങൾ കണ്ടെത്തിയാൽ ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

## എം.ബി.ബി.എസ്. പഠനത്തിനുള്ള ഫീസ് ഘടന

280 (2160) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കഴിഞ്ഞ വർഷം എം.ബി.ബി.എസ്. പഠനത്തിനായി ഏർപ്പെടുത്തിയ ഫീസ് ഘടന സർക്കാർ കോളേജ്, സ്വാശ്രയ കോളേജ് എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സർക്കാർ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. ഫീസ് ഘടന ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ട്യൂഷൻ ഫീസ് | - | 20,000/- |
| മിസ്സലേനിയസ് ഫീസ് - | 1,500/- | |
| വാൻ ഫീസ് | - | 1,500/- |
| കോഷൻ ഡിപ്പോസിറ്റ് | - | 2,000/- |
| ആകെ | | 25,000/- |

സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന അനുബന്ധമായി നൽകിയിരിക്കുന്നു.*

## എം.ബി.ബി.എസ്. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

281 (2161) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയ എം.ബി.ബി.എസ്. വിദ്യാർത്ഥികളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് അറിയിക്കുമോ;

(സി) സർക്കാർ നിശ്ചയിച്ച മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുമ്പോൾ സ്കോളർഷിപ്പ് ഫണ്ടിലേക്ക് സ്വരൂപിച്ച തുകയിൽ നിന്നും നാമമാത്രമായ വിഹിതം മാത്രമേ ചെലവഴിക്കപ്പെടുന്നുള്ളൂവെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) 2017-18-ൽ പ്രസ്തുത ഫണ്ടിലേക്ക് എത്ര തുക സ്വരൂപിച്ചുവെന്നും അതിൽ എത്ര തുക സ്കോളർഷിപ്പായി അനുവദിച്ചുവെന്നും വ്യക്തമാക്കുമോ;

(ഇ) മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി ഇക്കാര്യത്തിനായി സ്വരൂപിച്ച നിധിയിലെ മുഴുവൻ തുകയും ബി.പി.എൽ. വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ നിശ്ചയിച്ചിട്ടുള്ള സൂചകങ്ങൾ പ്രകാരം മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (BPL) വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പിന് അർഹതയുള്ളത്.

(സി & ഡി) 2017-18 വർഷ കോർപ്പസ് ഫണ്ടിൽ 10,90,00,000 (പത്തുകോടി തൊണ്ണൂറു ലക്ഷം രൂപ മാത്രം) സ്വരൂപിച്ചിട്ടുണ്ട്. സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നതേയുള്ളൂ.

(ഇ) ഒരു വർഷം സ്വരൂപിക്കുന്ന മുഴുവൻ തുകയും അതേ വർഷംതന്നെ സ്കോളർഷിപ്പായി അനുവദിക്കുക എന്നല്ല, മറിച്ച് സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം സ്കോളർഷിപ്പ് അനുവദിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായ ചിത്രം വ്യക്തമാകുകയുള്ളൂ. അതിനാൽ മാനദണ്ഡങ്ങളിൽ ഉടൻ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലില്ല.

## ബി.പി.എൽ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

282 (2162) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. പ്രവേശനം ലഭിച്ച ബി.പി.എൽ. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതിന് നിശ്ചിത സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 30 മാർക്ക് ലഭിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് ഇറക്കിയിട്ടുണ്ടോ;

(ബി) സർക്കാർ നിശ്ചയിച്ച സൂചകങ്ങളുടെ അടിസ്ഥാനത്തിൽ 30 മാർക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംഭരിച്ച സഞ്ചിതനിധിയുടെ നാമമാത്ര വിഹിതം മാത്രമേ ഇതുമൂലം സ്കോളർഷിപ്പിനായി ചെലവഴിക്കപ്പെടുന്നുള്ളൂ എന്നത് പരിഗണിച്ച് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ ആവശ്യമായ ഇളവുവരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. അതിനുശേഷം മാത്രമേ അർഹരായ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കാൻ കഴിയൂ.

(സി) ഒരു വർഷം സ്വരൂപിക്കുന്ന മുഴുവൻ തുകയും അതാത് വർഷംതന്നെ സ്കോളർഷിപ്പായി അനുവദിക്കുക എന്നല്ല, മറിച്ച് സാമ്പത്തിക സഹായം അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രം സ്കോളർഷിപ്പ് അനുവദിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായ ചിത്രം വ്യക്തമാകുകയുള്ളൂ. അതിനാൽ മാനദണ്ഡങ്ങളിൽ ഉടൻ ഇളവ് വരുത്തുന്ന കാര്യം പരിഗണനയിലില്ല.

**ഫാം ഡി കോഴ്സ് ആരംഭിക്കുന്നതിന് നടപടി**

283(2163) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഡി കോഴ്സ് ഏതൊക്കെ കോളേജുകളിലാണ് നടത്തുന്നതെന്നും ഒരു വർഷം എത്ര വിദ്യാർത്ഥികൾക്ക് അവിടെ പ്രവേശനം നൽകുന്നുവെന്നും അറിയിക്കുമോ;

(ബി) ഇതിൽ സർക്കാർ മേഖലയിലുള്ള എത്ര സ്ഥാപനങ്ങൾ ഉണ്ട്;

(സി) ഫാം ഡി കോഴ്സുകൾ സർക്കാർ മേഖലയിൽ അനുവദിക്കാത്തതിനുള്ള കാരണം സർക്കാരിന്റെ അധീനതയിലുള്ള ഫാർമസി കോളേജുകളിൽ യോഗ്യരായ അദ്ധ്യാപകരും സൗകര്യങ്ങളും ഇല്ലാത്തതാണോയെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ സൗകര്യങ്ങളുമുള്ള തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഫാം ഡി കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കേരള ആരോഗ്യ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത 17 സ്വാശ്രയ ഫാർമസി കോളേജുകളിലും അമൃത ഡീംഡ് യൂണിവേഴ്സിറ്റിയുടെ കീഴിൽ ഒരു കോളേജിലും ഫാം.ഡി. (Pharm.D.) കോഴ്സ് നടത്തുന്നുണ്ട്. (കോളേജുകളുടെ വിശദാംശങ്ങളും സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിൽ പരിയാരം മെഡിക്കൽ കോളേജ് മാത്രം സർക്കാർ ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

(സി) പ്രസ്തുത കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യത അല്ല എന്നതിനാൽ പ്രസ്തുത കോഴ്സ് സർക്കാർ മേഖലയിൽ തുടങ്ങുന്ന കാര്യം ആലോചിച്ചില്ല.

(ഡി) തിരുവനന്തപുരം കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഫാം.ഡി. കോഴ്സ് ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## ഡോക്ടർ ഓഫ് ഫാർമസി കോഴ്സ്

284 (2164) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ എവിടെയൊക്കെയാണ് ഡോക്ടർ ഓഫ് ഫാർമസി കോഴ്സ് നടത്തിവരുന്നത്;

(ബി) ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിൽ പ്രസ്തുത കോഴ്സ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഫാം ഡി കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് സർക്കാർ വകുപ്പിൽ ജോലിക്ക് അപേക്ഷിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഇത് പരിഹരിക്കുന്നതിന് പി.എസ്.സി. യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ ഡോക്ടർ ഓഫ് ഫാർമസി കോഴ്സ് നടത്തുന്നില്ല.

(ബി & സി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ

285 (2165) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത എത്ര സർക്കാർ മെഡിക്കൽ കോളേജുകളുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത സർക്കാർ മെഡിക്കൽ കോളേജുകളിൽ ടി കോഴ്സുകൾ പുതുതായി ആരംഭിക്കുന്നത് സംബന്ധിച്ച നിലപാട് എന്താണെന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികളുടെ മക്കൾക്കുകൂടി പ്രയോജനപ്പെടുന്ന, കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിക്കുന്നതിന് മുന്തിയ പരിഗണന നൽകുമോ; ഇല്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ മെഡിക്കൽ കോളേജ്-കൊല്ലം, സർക്കാർ മെഡിക്കൽ കോളേജ്-മഞ്ചേരി എന്നീ രണ്ട് സർക്കാർ മെഡിക്കൽ കോളേജുകളിൽ പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടില്ല.

(ബി) പാരാമെഡിക്കൽ കോഴ്സുകൾ ആരംഭിച്ചിട്ടില്ലാത്ത സർക്കാർ മെഡിക്കൽ കോളേജുകളിൽ ടി കോഴ്സുകൾ പുതുതായി ആരംഭിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

(സി) കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ ആവശ്യമായ തസ്തിക, ലാബ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിലായതിനാലും ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കേണ്ടതുള്ളതിനാലും കൊല്ലം പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളേജിൽ പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പാലക്കാട് ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ കോളേജ്**

286 (2166) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മാങ്ങോട് ചെർപ്പുളശ്ശേരിയിൽ പ്രവർത്തിക്കുന്ന കേരള മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളും ആവശ്യമായ അധ്യാപകരും ഇല്ലാത്തതിനാൽ 2016-ൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) വിദ്യാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത്, ഇടുക്കി മെഡിക്കൽ കോളേജിന്റെ അഫിലിയേഷൻ നഷ്ടമായതിനെത്തുടർന്ന് മറ്റു

കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയതുപോലെ കേരള മെഡിക്കൽ കോളേജിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലും സ്വാശ്രയ ക്വാട്ടയിൽ പ്രവേശനം കിട്ടിയ വിദ്യാർത്ഥികൾക്ക് സ്വാശ്രയ കോളേജിലും സീറ്റ് വർദ്ധിപ്പിച്ച് ബാച്ച് തിരിച്ച് പ്രവേശനം നൽകുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. എന്നാൽ കേരള മെഡിക്കൽ കോളേജ് പ്രവർത്തനക്ഷമ മായിരുന്നതിനാലും കോളേജ് മാനേജ്മെന്റ് സർക്കാർ ഇടപെടൽ ആവശ്യപ്പെടാതിരുന്നതിനാലും മറ്റ് നടപടികളൊന്നുംതന്നെ സർക്കാർതലത്തിൽ സ്വീകരിക്കാൻ കഴിയുമായിരുന്നില്ല.

(സി&ഡി) കോളേജിനെ നേരിൽ കേട്ടതിനുശേഷം സംസ്ഥാന സർക്കാർ, എം.സി.ഐ., കേരള ആരോഗ്യ വർവ്വകലാശാല എന്നിവയുമായി ബന്ധപ്പെട്ട് തീരുമാനമെടുക്കുന്നതിന് ഹൈക്കോടതി കേന്ദ്ര സർക്കാരിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. 12-12-2018-ൽ നടന്ന യോഗത്തിൽ, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് കോളേജിന് ഒരവസരംകൂടി നൽകണമെന്നും അതിൽ പരാജയപ്പെടുന്നപക്ഷം കേന്ദ്ര സർക്കാരിന്റെയും എം.സി.ഐ.-യുടെയും അംഗീകാരത്തോടെ മറ്റ് സ്വാശ്രയ മെഡിക്കൽ കോളേജിലേയ്ക്ക് അവയുടെ സമ്മതത്തിന് വിധേയമായി വിദ്യാർത്ഥികളെ മാറ്റാവുന്നതാണെന്നുമുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. തുടർന്ന് കുറവുകൾ പരിഹരിക്കുന്നതിന് ഒരു അവസരംകൂടി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

**ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ**

287 (2167) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ കീഴിൽ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) ഇവയുടെ വിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; ഇവയുടെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഗുണനിലവാരമുള്ള ജനറിക് മരുന്നുകൾ വിപണനം നടത്തുന്നതിനായി ആദ്യഘട്ടമെന്ന നിലയിൽ 5 സർക്കാർ മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളോടനുബന്ധിച്ച് "കേരള ജനറിക്സ്" എന്ന പേരിൽ കൗണ്ടറുകൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ ജനറിക് മരുന്നുകളുടെ വിൽപ്പനയ്ക്കായി പേഷ്യന്റ് കൗൺസിലിംഗിൽ പ്രത്യേക പരിശീലനം സിദ്ധിച്ചതും ജനറിക് മരുന്നുകളെക്കുറിച്ച് വിവരണങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് നൈപുണ്യവുമുള്ള ഫാർമസിസ്റ്റുമാരുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച വിവിധയിനം പദ്ധതികളിലൂടെയും ഡോക്ടർമാരുടെ കുറിപ്പടികളിലൂടെയും ആവർത്തിച്ചുവരുന്ന മരുന്നുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് "കേരള ജനറിക്സ്"-ന് ആവശ്യമായ മരുന്നുകളുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗങ്ങൾ തുടങ്ങിയവയ്ക്കുള്ള മരുന്നുകളും പൊതുവായ ആന്റിബയോട്ടിക്കുകളും ഉൾപ്പെടെ 94 ഇനം ജനറിക് മരുന്നുകളാണ് ആദ്യഘട്ടത്തിൽ "കേരള ജനറിക്സ്" ഫാർമസികളിലൂടെ വിതരണം ചെയ്തുവരുന്നത്. രണ്ടാംഘട്ടമായി 60 മരുന്നുകൾകൂടി "കേരള ജനറിക്സ്" ഫാർമസികളിലൂടെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ടി പട്ടികയിൽ നിന്ന് നാൽപ്പതോളം മരുന്നുകൾ ഫാർമസികളിൽ വിതരണം ചെയ്തുവരികയും ചെയ്യുന്നു.

വിതരണം ചെയ്യുന്ന ഓരോ ബാച്ചിനും NABL Certificate നിർബന്ധമാക്കിയിരിക്കുന്നതിനാൽ മരുന്ന് ലഭ്യതയിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി രണ്ട് വിതരണാനുമതികൾ തമ്മിലുള്ള സമയക്രമം നിജപ്പെടുത്തുകയും ഒരേ ജനറിക് നാമത്തിലുള്ള ഒന്നിൽക്കൂടുതൽ കമ്പനികളുടെ മരുന്നുകൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള ജനറിക്സ് ഫാർമസികളിൽ ഏറ്റവുമധികം വിറ്റുവരവുള്ളതും ഉപഭോക്താക്കൾ കൂടുതലുള്ളതുമായി തെരഞ്ഞെടുക്കപ്പെട്ട മരുന്നുകൾക്ക് കൂടുതൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന തരത്തിൽ പുതുക്കിയ നിബന്ധനകളുമായി പുതിയ ക്വട്ടേഷൻ ക്ഷണിക്കുകയും അതിലൂടെ കേരള ജനറിക്സ് എന്ന ബ്രാൻഡിംഗോടുകൂടി പ്രമുഖ കമ്പനികളുടെ ജനറിക് മരുന്നുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി കൂടുതൽ കേരള ജനറിക്സ് ഫാർമസികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോന്നി മണ്ഡലത്തിലെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ്**

288 (2168) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പണിയുന്നതിന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് പൊതുമരാമത്ത് വകുപ്പിനോട് എന്നാണ് ആവശ്യപ്പെട്ടതെന്ന് വെളിപ്പെടുത്തുമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ആയതിനുശേഷം നാളിതുവരെ എന്തെങ്കിലും തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പണി തുടങ്ങുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കുന്നതിന് പകരം നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 4-9-2015-ൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും പൊതുമരാമത്ത് വകുപ്പിനോട് കത്ത് മുഖാന്തിരം ആവശ്യപ്പെടുകയുണ്ടായി. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി & സി) കെട്ടിടനിർമ്മാണം എത്രയും പെട്ടെന്ന് ആരംഭിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. പിന്നീട് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടപ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള കാലാവധി 17-8-2018 വരെ സർക്കാർ ദീർഘിപ്പിച്ചു നൽകി. കെട്ടിട നിർമ്മാണം നടത്തുന്നതിന് ഈ കാലവാധി വീണ്ടും ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പിനോട് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആവശ്യപ്പെട്ടിരിക്കുകയാണ്.

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

289(2169) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഇതര സംസ്ഥാനത്തുള്ള മരുന്ന് കമ്പനി ഫാക്ടറികളിൽ പരിശോധന നടത്താറുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഹിമാചൽപ്രദേശിലെ സെലിബ്രിറ്റി ബയോ ഫാർമയിൽ നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പരിശോധന നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഫാക്ടറികളിൽപ്പോയി ഇത്തരത്തിൽ പരിശോധന നടത്തിയിട്ടും ഗുണനിലവാരമുള്ള മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന ഡ്രഗ്സ് കൺട്രോളർ നിയോഗിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ നിയോഗിക്കുന്ന ഗവൺമെന്റ് ഫാർമസി കോളേജ് അദ്ധ്യാപകരും ഉൾപ്പെട്ട ടീമാണ് പരിശോധന നടത്തുന്നത്. ബ്ലിസ്റ്റർ ഓഫർ ചെയ്യുന്ന മരുന്നുകൾ നിർമ്മിച്ചുനൽകുന്നതിനുള്ള ശേഷിയും അടിസ്ഥാന സൗകര്യങ്ങളും ഫാക്ടറിയിൽ ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട്, റൂൾസ് എന്നിവ പ്രകാരം പരാമർശിച്ചിട്ടുള്ള ജി.എം.പി. ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണോ ടി കമ്പനി മരുന്ന് നിർമ്മാണം നടത്തുന്നത് എന്ന കാര്യം വിലയിരുത്തുന്നതിനുമാണ് പരിശോധന നടത്തുന്നത്.

പരിശോധനാ റിപ്പോർട്ടിൽ യോഗ്യത നേടുന്ന കമ്പനികളെയാണ് പ്രൈസ് ബിഡ് ഇവാല്യുവേഷനായി പരിഗണിക്കുന്നത്. പുതിയതായി ദർഘാസിൽ പങ്കെടുക്കുന്ന കമ്പനികളെയും നിലവിൽ വിതരണം നടത്തുന്ന കമ്പനികളെയും മൂന്ന് വർഷത്തിലൊരിക്കൽ എന്ന തരത്തിലും ഫാക്ടറി പരിശോധന നടത്താറുണ്ട്. കൂടാതെ ഏതെങ്കിലും മരുന്ന് നിർമ്മാണ കമ്പനിയെ സംബന്ധിച്ച പരാതി ലഭിക്കുന്ന സാഹചര്യത്തിലും ആവശ്യമെന്ന് ബോധ്യപ്പെടുന്നപക്ഷം ഫാക്ടറി പരിശോധന നടത്താറുണ്ട്.

(ബി) ഒരു തവണ. 2018-19 സാമ്പത്തിക വർഷം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അയൺ ഗുളിക നൽകുന്ന പദ്ധതി പ്രകാരം ക്ഷണിച്ച ഇ-ദർഘാസിലാണ് സെലിബ്രിറ്റി ബയോ ഫാർമ എന്ന മരുന്ന് നിർമ്മാണ കമ്പനി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഇ-ദർഘാസിൽ ആദ്യമായി പങ്കെടുത്തത്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് മേധാവി നിയോഗിച്ച ഗവൺമെന്റ് ഫാർമസി കോളേജ് അദ്ധ്യാപകനും സംസ്ഥാന ഡ്രഗ്സ് കൺട്രോളർ നിയോഗിച്ച എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥനും ഉൾപ്പെട്ട ടീമാണ് 27-11-2018-ന് സെലിബ്രിറ്റി ബയോ ഫാർമയിൽ പരിശോധന നടത്തിയത്. പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്പനിയെ അയൺ ഫോളിക് ആസിഡ് ഗുളികകൾക്കുള്ള ദർഘാസിൽ വിതരണക്കാരായി തെരഞ്ഞെടുക്കുകയുണ്ടായി.

(സി) ഗുണനിലവാരമുള്ള മരുന്നുകളാണ് സംസ്ഥാനത്ത് വിതരണം ചെയ്യുന്നത്.

## പുതിയ ഹോമിയോ ഡിസ്പെൻസറികൾ

290 (2170) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിന്റെ 2018-19 വാർഷിക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) എവിടെയൊക്കെയാണ് ഇപ്രകാരം പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും ഫയൽ നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കുമോ; ഇല്ലെങ്കിൽ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ;

(സി) പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) 2018-19 സംസ്ഥാന വാർഷിക പദ്ധതി പ്രകാരം 10 പുതിയ സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിക്കുകയും ടി ശിപാർശയിൽ ഉൾപ്പെട്ടിരിക്കുന്ന പഞ്ചായത്തുകളിൽ നിലവിലുള്ള മറ്റ് സർക്കാർ ചികിത്സാ കേന്ദ്രങ്ങളുടെ വിവരങ്ങൾ, ഇവയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് പുതിയ ഡിസ്പെൻസറികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിലേയ്ക്കായി ഉപകരണ സംഭരണത്തിനായി വേണ്ടിവരുന്ന ചെലവ്, ഹോമിയോ ആശുപത്രിക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ നൽകാൻ സന്നദ്ധമാണെന്ന് കാണിക്കുന്ന ബന്ധപ്പെട്ട പഞ്ചായത്തിന്റെ സമ്മതപത്രത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കാൻ ഹോമിയോപ്പതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടില്ല.

## ആയുർവേദ ഫാർമസിസ്റ്റിന്റെ റാങ്ക് ലിസ്റ്റ്

291(2171) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആയുർവേദ ഫാർമസിസ്റ്റിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ലിസ്റ്റിൽ നിന്ന് എത്ര പേർക്ക് നിയമനം ലഭിച്ചു; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) 3 വർഷം കാലാവധി ആയിട്ടും ഒരാളെ പോലും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ-സി) നിലവിലുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിലും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലും ഈ ലിസ്റ്റിൽ നിന്നും ആർക്കും നിയമനം നൽകിയിട്ടില്ല.

2019 നവംബർ 30-ന് ഫാർമസിസ്റ്റിന്റെ വിരമിക്കൽ മുഖേന ഉണ്ടാകാനിടയുള്ള ഒരു ഒഴിവ് ഭാരതീയ ചികിത്സാ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നിലവിൽ ആയുർവേദ ഫാർമസിസ്റ്റിന്റെ ഒഴിവുകളൊന്നുമില്ല.

**സാമൂഹ്യക്ഷേമ പെൻഷൻ**

292 (2172) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ നിലമ്പൂർ മണ്ഡലത്തിൽ അനുവദിച്ച സാമൂഹികക്ഷേമ പെൻഷൻ എത്രയെന്ന് സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

നിലവിലെ സർക്കാർ നിലമ്പൂർ മണ്ഡലത്തിൽ അനുവദിച്ച സാമൂഹ്യക്ഷേമ പെൻഷനുകളുടെ എണ്ണം സാമ്പത്തിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2016-17 | 4864 |
| 2017-18 | 1063 |
| 2018-19 | 2944 |

ആകെ 8871 പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്.

**വയോ മധുരം പദ്ധതി**

293 (2173) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹ രോഗികളായ വയോജനങ്ങൾക്കുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന വയോമധുരം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് പ്രമേഹ രോഗത്തോടനുബന്ധിച്ച് രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോ മീറ്റർ സൗജന്യമായി ഓരോ ജില്ലയിലും 1000 പേർക്ക് വീതം വിതരണം ചെയ്യുന്ന പദ്ധതിയാണ് 'വയോ മധുരം പദ്ധതി.' ഗ്ലൂക്കോമീറ്റർ ഒന്നിന് 385 രൂപ ക്രമത്തിൽ സർക്കാർ അംഗീകൃത മെഡിക്കൽ ഉപകരണങ്ങളുടെ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത ഗ്ലൂക്കോമീറ്റർ ജില്ലാ സാമൂഹ്യനീതി കാര്യാലയം മുഖേന വിതരണം ചെയ്യുന്നു.

(ബി) 2018-19 സാമ്പത്തിക വർഷം വയോ മധുരം പദ്ധതിയുടെ ആദ്യഘട്ടമായി ഒരു ജില്ലയിൽ 400 ഗുണഭോക്താക്കൾക്ക് വീതം മൊത്തം 5600 പേർക്ക് (14 ജില്ലകൾക്കുമായി ആകെ 5600 (400 x 14=5600) ഗ്ലൂക്കോ മീറ്ററുകൾ) ടി പദ്ധതിയുടെ പ്രയോജനം ഇതിനകം ലഭിച്ചിട്ടുണ്ട്.

**എന്റെ കൂട് പദ്ധതി**

294 (2174) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എന്റെ കൂട് ' പദ്ധതി എവിടെയെല്ലാമാണ് നടപ്പാക്കിവരുന്നത്;

(ബി) ഈ പദ്ധതി ആദ്യമായി നടപ്പിലാക്കിയത് ഏത് വർഷമാണെന്നും എവിടെയാണെന്നും വ്യക്തമാക്കുമോ;

(സി) 'എന്റെ കൂട് ' പദ്ധതി ആദ്യമായി ആരംഭിച്ചത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് 'എന്റെ കൂട് ' പദ്ധതി ആരംഭിച്ചിട്ടുള്ളത്. എറണാകുളം ജില്ലയിൽ പദ്ധതി ആരംഭിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 2015-ൽ കോഴിക്കോട് ജില്ലയിൽ.

(സി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സാമൂഹികനീതി വകുപ്പ് നിലമ്പൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

295 (2175) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂർ മണ്ഡലത്തിൽ സാമൂഹിക നീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയ്ക്ക് ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കാമോ;

(ബി) സാമൂഹിക നീതി വകുപ്പിന് കീഴിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നൽകിയ വ്യക്തിഗത ആനുകൂല്യങ്ങളും അവയ്ക്ക് ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) 9 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനം

296 (2176) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാരിന്റെ 15-9-2015-ലെ 1-2/2014-സിഡി1 നമ്പർ പരിപത്രം പ്രകാരം അമ്പതു് ശതമാനം ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികകൾ 10 വർഷത്തെ പ്രവൃത്തി പരിചയവും വിദ്യാഭ്യാസ യോഗ്യതയുമുള്ള അംഗൻവാടി വർക്കർമാർക്ക് നൽകണമെന്ന നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പിലാക്കാത്തത് എന്ന് വിശദമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഐ.സി.ഡി.എസ്. പദ്ധതിയിൽ സേവനമനുഷ്ഠിക്കുന്ന ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ നിയമനം നിലവിൽ 10-8-2010-ലെ സ.ഉ.(പി) നമ്പർ 54/2010/SWD, 27-12-2012-ലെ സ.ഉ.(പി) നമ്പർ 78/2012/SWD എന്നിവ പ്രകാരമുള്ള വിശേഷാൽ ചട്ടങ്ങൾ പ്രകാരം നേരിട്ടുള്ള നിയമനം - 58%, എസ്.എസ്.എൽ.സി.-യും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ-29%, ഡിഗ്രിയും 10 വർഷത്തെ സേവന പരിചയവുമുള്ള അങ്കണവാടി വർക്കർ - 11%, വകുപ്പിലെ വിവിധ കാറ്റഗറികളിൽ നിന്നുള്ള പ്രൊമോഷൻ-2% എന്നിങ്ങനെയുള്ള ക്രമപ്രകാരമാണ് നടത്തുന്നത്. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സൂപ്പർവൈസർ തസ്തികയിലെ നിയമന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വനിത ശിശുവികസന വകുപ്പ്

297 (2177) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതികൾമൂലം സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവും സാധ്യമായതായി വിലയിരുത്തുന്നുണ്ടോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ പേരുമാറ്റി പുതിയ പദ്ധതിയായി നിലവിലെ സർക്കാരിന്റെ കാലത്ത് അവതരിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 30-6-2017-ലെ സ.ഉ.(എം.എസ്.) നമ്പർ24/17/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമായി വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്.

(ബി) വനിത-ശിശു വികസന വകുപ്പിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി സർവ്വീസസ് (ജനറൽ)
2. സംയോജിത ശിശുസംരക്ഷണ പദ്ധതി
3. നിർഭയ
4. പ്രധാനമന്ത്രി മാതൃ വന്ദന യോജന
5. അനുപൂരക പോഷകാഹാര പദ്ധതി
6. സ്വാധാർ ഗ്രഹ്
7. ഉജ്ജ്വല
8. മഹിള ശാക്തീ കേന്ദ്ര
9. അക്രമങ്ങളിൽ നിന്നും രക്ഷപ്പെടുന്നവർക്കുള്ള ആശ്വാസ നിധി

10. സഹായ ഹസ്തം

11. നാഷണൽ ക്രഷ് സ്കീം

12. ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ ഉൾപ്പെടെ കുട്ടികൾക്കായുള്ള സംസ്ഥാന പദ്ധതി

13. നാഷണൽ ന്യൂട്രീഷൻ മിഷൻ

14. ശിശു സൗഹൃദ ടോയ്‌ലറ്റുകളുടെ നിർമ്മാണം

15. അങ്കണവാടികൾക്ക് കുടിവെള്ള സംവിധാനം

16. അങ്കണവാടികളുടെ നവീകരണം

17. SOS മോഡൽ ഹോം

18. ആധാർ എൻറോൾമെന്റ് കിറ്റ് പ്രൊക്യൂർമെന്റ്

19. തേജോമയ ഹോം

20. ഇന്റഗ്രേറ്റഡ് കെയർ സെന്റർ

21. ഹോം ഫോർ മെന്റൽ ഹെൽത്ത്

22. ബാലനിധി

23. കൈത്താങ്ങ് പദ്ധതി

24. മംഗല്യ പദ്ധതി

25. അഭയ കിരണം

26. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം

27. കാവൽ പദ്ധതി

28. വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി

29. സ്പോൺസർഷിപ്പ് പ്രോഗ്രാം

30. വിജ്ഞാന ദീപ്തി

31. ഉജ്ജ്വല ബാല്യം

32. പടവുകൾ - വിധവകളുടെ മക്കൾക്കുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായം

(സി) ഉണ്ട്.

(ഡി) ഇല്ല.

## വനിതാ ശിശുവികസനവകുപ്പ്

298 (2178) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിത ശിശുവികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്ന് മുതലാണ് വനിതാ ശിശുവികസനവകുപ്പ് നിലവിൽ വന്നത്;

(ബി) വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പിൽ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു; അതിൽ എത്ര തസ്തികകളിൽ നിയമനം നടത്തി എന്ന് വ്യക്തമാക്കാമോ;

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ എത്ര സ്വയം ഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ഡി) സാമൂഹ്യനീതി വകുപ്പിൽ എത്ര സ്ഥിരം ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; സാമൂഹ്യനീതി വകുപ്പിലും വനിതാ ശിശുവികസന വകുപ്പിലും നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂൾസ് എന്ന് നിലവിൽ വരുമെന്ന് അറിയിക്കാമോ;

(ഇ) വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ എത്ര കാര്യാലയങ്ങൾ എതൊക്കെ അധികാരപരിധികളിൽ പ്രവർത്തിക്കുന്നുണ്ട്;

(എഫ്) സാമൂഹ്യനീതി വകുപ്പിന്റെ സാമൂഹ്യ ഇടപെടലുകൾ വേണ്ടുന്ന പദ്ധതികൾ താഴെത്തട്ടിലുള്ള ജനങ്ങളിൽ എത്തിക്കുവാനും അന്വേഷണങ്ങൾ നടത്തുവാനും താഴെത്തട്ടിൽ എത്ര ഓഫീസുകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 30-6-2017-ലെ സ.ഉ. (കൈ) നമ്പർ 24/2017/സാ.നീ.വ. നമ്പർ ഉത്തരവുപ്രകാരം വനിത-ശിശു വികസന വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. 22-11-2017-ലെ G.O.(Rt) No. 7426/2017/GAD ഉത്തരവുപ്രകാരം നിയമിതയായ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ 24-11-2017-ൽ ചുമതല ഏറ്റെടുക്കുകയും അന്നുമുതൽ വനിത-ശിശു വികസന വകുപ്പ് പ്രത്യേകമായി പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സാമൂഹ്യനീതി വകുപ്പ് വിഭജനത്തെത്തുടർന്ന് വനിത-ശിശു വികസന വകുപ്പിലേയ്ക്ക് 24 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ സ്വയംഭരണ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല.

(ഡി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ 535 സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിലും വനിത-ശിശു വികസന വകുപ്പിലും വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ&എഫ്) വകുപ്പ് വിഭജനത്തിനുശേഷം സാമൂഹ്യനീതി ഡയറക്ടറേറ്റിനുകീഴിൽ വരുന്ന കാര്യാലയത്തെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | എണ്ണം | അധികാരപരിധി |
|---|---|---|---|
| 1 | ജില്ലാ സാമൂഹ്യനീതി ഓഫീസ് | 14 | ജില്ല |
| 2 | പ്രൊബേഷൻ ഓഫീസ് | 16 | ജില്ല. തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ രണ്ട് വീതം ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു. |
| 3 | വൃദ്ധമന്ദിരം | 9 | |
| 4 | കെയർ ഹോം | 1 | |
| 5 | ആശാഭവൻ (വിമൺ) | 1 | |
| 6 | കെയർ ഹോം ഫോർ ഫിസിക്കലി ഹാൻഡിക്യാപ്ഡ് | 4 | |
| 7 | ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ | 1 | |
| 8 | ആശാ ഭവൻ (മെൻ) | 3 | |
| 9 | പ്രതീക്ഷ ഭവൻ | 1 | |
| 10 | ഹോം ഫോർ പേഴ്സൺസ് വിത്ത് ലോക്കോമോട്ടീവ് ഡിസെബിലിറ്റീസ് | 3 | |
| 11 | ഹോം ഫോർ ചിൽഡ്രൻ വിത്ത് ഡിസെബിലിറ്റീസ് | 2 | |
| 12 | ഡേ കെയർ സെന്റർ ഫോർ ഓൾഡ് ഏജ് (വിമൺ) | 2 | |
| 13 | പ്രത്യാശാ ഭവൻ | 1 | |

**ആശ്വാസ നിധി പദ്ധതി വഴിയുള്ള ധനസഹായം**

299 (2179) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കും, കുട്ടികൾക്കും ആശ്വാസം നൽകുന്നതിന് ആശ്വാസ നിധി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത് ;

(സി) മനുഷ്യക്കടത്തിൽ നിന്നും രക്ഷപ്പെടുന്ന വനിതകൾക്കും, കുട്ടികൾക്കും എന്തെങ്കിലും ധനസഹായം ഈ നിധിയിൽ നിന്നും നൽകുന്നുണ്ടോ ;

(ഡി) ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് ആർക്കാണ് അപേക്ഷ നൽകേണ്ടത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

ബി) ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി 10-12-2018-ലെ സ.ഉ. (സാധാ)നമ്പർ 701/2018/സാ.നീ.വ. പ്രകാരം

ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസനിധി.

Schedule applicable to children and women victims of violence

| Sl. No. | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | Sexual assault of minors registered under the POCSO Act<br>Aggravated penetrative sexual assault<br>Penetrative sexual assault<br>Sexual assault<br>Aggravated sexual assault | Rs. 50,000 | Rs. 1,00,000 |
| 2 | Rape/Gang Rape/unnatural sexual offences | Rs. 50,000 | Rs. 1,00,000 |
| 3 | Loss of life | Rs. 50,000 | Rs. 1,00,000 |

| 1 | 2 | 3 | 4 |
|---|---|---|---|
| 4 | Grievous physical injury or any mental injury due to domestic violence | Rs.25,000 | Rs. 50,000/- |
| 5 | Women & Children rescued from trafficking | Rs.25,000 | Rs. 50,000/- |
| 6 | Victims of acid attack | Rs. 1,00,000 | 2,00,000 |
| 7 | In case of pregnancy on account of rape (in addition to 1&2 above) | Rs. 50,000 | Rs. 1,00,000 |
| 8 | Loss of any limb or part of body | Rs. 50,000 | Rs. 1,00,000 |
| 9 | Loss of Foetus i.e., Miscarriage as a result of assault or loss of fertility | Rs. 50,000 | Rs. 1,00,000 |
| 10 | Victims of burning | Rs. 50,000 | Rs. 1,00,000 |

(സി) ഉണ്ട്.

(ഡി) അപേക്ഷ ജില്ലാ വനിതാ സംരക്ഷണ ഓഫീസർ/ജില്ലാ ശിശു സംരക്ഷണ ഓഫീസർക്ക് നൽകാം. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ഓഫീസറും ജില്ലാ വനിതാ സംരക്ഷണ ഓഫീസറും തയ്യാറാക്കിയ അന്വേഷണ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

**സൈക്കോ സോഷ്യൽ കൗൺസലർമാർ**

300 (2180) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നിലവിൽ എത്ര സൈക്കോ സോഷ്യൽ കൗൺസലർമാർ ജോലി ചെയ്തുവരുന്നു എന്ന് അറിയിക്കാമോ;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എപ്രകാരമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 687.

(ബി) എം.എസ്.ഡബ്ല്യൂ. അല്ലെങ്കിൽ എം.എ. സൈക്കോളജി യോഗ്യതയുള്ള വനിതകളെയാണ് സ്കൂൾ കൗൺസലർമാരായി നിയമിക്കുന്നത്. കരാറടിസ്ഥാനത്തിലാണ്

സ്കൂൾ കൗൺസലർമാരെ നിയമിക്കുന്നത്. വർഷാടിസ്ഥാനത്തിൽ കരാർ പുതുക്കി നൽകുന്നു. സ്കൂൾ കൗൺസലർമാർക്ക് പ്രതിമാസം 18,750 (പതിനെണ്ണായിരത്തി എഴുന്നൂറ്റി അമ്പത് രൂപ മാത്രം) നിരക്കിൽ ഓണറേറിയം നൽകിവരുന്നു. തുടർച്ചയായി 5 വർഷ സേവനം പൂർത്തിയാക്കിയ സ്കൂൾ കൗൺസലർമാർക്ക് അധിക വേതനമായി 1000 (ആയിരം രൂപ മാത്രം) രൂപയും നൽകിവരുന്നുണ്ട്. സൈക്കോ സോഷ്യൽ കൗൺസിലർമാർക്ക് ശമ്പളത്തോടെയുള്ള 179 ദിവസത്തെ പ്രസവാവധി അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിലെ അനാഥാലയങ്ങൾ

301 (2181) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അനാഥാലയങ്ങളിൽ എത്ര അന്തേവാസികളുണ്ട്;

(സി) വയനാട് ജില്ലയിലെ സർക്കാർ ഉടമസ്ഥതയിലുള്ളതും അല്ലാത്തതുമായ അനാഥാലയങ്ങളുടെ തരംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 31 എണ്ണം. (കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾ)

(ബി) 1207 പേർ

(സി) സർക്കാർ ഉടമസ്ഥതയിലുള്ളത് - 1

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടുകൂടി സന്നദ്ധ സംഘടനകൾ നടത്തുന്നവ - 30 എണ്ണം.

## വനിതാശിശുക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

302 (2182) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാശിശുക്ഷേമവകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷത്തിൽ നീക്കിവച്ച തുക, ചെലവഴിച്ച തുക, ബാക്കിയുള്ള തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുവാനും സ്ത്രീ സമത്വം ഉറപ്പിക്കുവാനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) നടപ്പുവർഷം അട്ടപ്പാടിയിലെ ശിശുമരണം തടയുന്നതിനും ആദിവാസിമേഖലയിലെ വനിതാശിശുക്ഷേമത്തിനുമായി വകുപ്പ് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വനിത-ശിശു വികസന വകുപ്പിന്റെ ആകെ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തിക വർഷം നീക്കിവച്ച തുക 93288.21 ലക്ഷം രൂപയാണ്. എന്നാൽ പ്രളയാനന്തരം പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയതിന്റെ ഭാഗമായി നിലവിലെ ബഡ്ജറ്റ് വിഹിതം 91868.21 ലക്ഷം രൂപയാണ്.

നാളിതുവരെ ചെലവഴിച്ച തുക : 51773.77 ലക്ഷം രൂപ

ബാക്കിയുള്ള തുക : 40094.44 ലക്ഷം രൂപ

(ബി) നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കുന്നതിനും സ്ത്രീ സമത്വം ഉറപ്പാക്കുന്നതിനുമായി വകുപ്പിന്റെ സ്ത്രീ ശാക്തീകരണ പദ്ധതിയായ 'സധൈര്യം മുന്നോട്ട്' എന്ന ക്യാമ്പയിന്റെ ഭാഗമായി വിവിധ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് സംസ്ഥാനതല പരിപാടി 10-12-2018-ന് തിരുവനന്തപുരത്ത് നടത്തുകയും ജില്ലാതലത്തിൽ അന്നേ ദിവസം "സ്ത്രീ ആർത്തവം, പൗരാവകാശം" എന്ന വിഷയം സംബന്ധിച്ച് ക്യാമ്പസുകൾ, പൊതുയിടങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണ പരിപാടികൾ നടത്തുകയും ഭരണഘടന ഉറപ്പുനൽകുന്ന അവകാശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് ഭരണഘടനയുടെ ആമുഖം, മൗലികാവകാശം എന്നിവ പ്രിന്റ് ചെയ്ത് നൽകുകയും ചെയ്തിരുന്നു. ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 6,50,000 രൂപയും സംസ്ഥാനതല പരിപാടികൾക്കായി 5,25,700 രൂപയും ഉൾപ്പെടെ ആകെ 11,75,700 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടിയിലെ ശിശുമരണം തടയുന്നതിനും ആദിവാസി മേഖലയിലെ വനിത-ശിശു ക്ഷേമത്തിനുമായി പ്രഥമ സഹസ്ര ദിനങ്ങൾ, കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി), ജാതക്-ജനനി എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതികളുടെയും അവയ്ക്കായി നടപ്പുസാമ്പത്തിക വർഷം ചെലവഴിച്ച തുകയുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

1. ആദ്യ 1000 ദിന പരിപാടി:

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടിക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള 1000 ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതിനാൽ ഈ

ദിനങ്ങളിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നതിനായി ആദ്യ 1000 ദിന പരിപാടി നടപ്പിലാക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി യുവജനങ്ങൾക്ക് വിവാഹപൂർവ്വ കൗൺസലിംഗ്, ആരോഗ്യമുള്ള കുഞ്ഞിനായി സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചുള്ള ബോധവത്കരണം എന്നിവ നടത്തുന്നു. പഞ്ചായത്ത് തലത്തിൽ മൂന്ന് മാസത്തിലൊരിക്കൽ ഗർഭിണികൾക്കായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും ഗർഭിണികളുടെ തൂക്കം, BP എന്നിവ പരിശോധിക്കുന്നതിനോടൊപ്പം പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് പാക്കറ്റുകൾ, IFA ഗുളികകൾ, പ്രസവം സംബന്ധിച്ച ബ്രോഷറുകൾ, മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച ബുക്ക്‌ലെറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി നടപ്പുസാമ്പത്തിക വർഷം 1,08,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

2. കമ്മ്യൂണിറ്റി കിച്ചൺ (അന്നപ്രദായിനി):

അട്ടപ്പാടിയിലെ ഊരുകളിൽ നിർമ്മിച്ച പാചകപ്പുരയിൽ ഭക്ഷണം പാകംചെയ്ത് ICDS ഗുണഭോക്താക്കൾക്കും ഭിന്നശേഷിയുള്ളവർക്കും കിടപ്പിലായവർക്കും വൃദ്ധർക്കും നൽകിവരുന്നു. നടപ്പുസാമ്പത്തിക വർഷം ടി പദ്ധതിക്കായി 6 കോടി രൂപ ചെലവഴിച്ചു.

3. ജാതക് ജനനി:

'ജാതക് ' എന്ന സോഫ്റ്റ്‌വെയർ വഴി കുഞ്ഞുങ്ങളുടെയും 'ജനനി' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഗർഭിണികളായ സ്ത്രീകളുടെയും പോഷണം, ആരോഗ്യം എന്നിവ തത്സമയ നിരീക്ഷണത്തിന് വിധേയമാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. നടപ്പുസാമ്പത്തിക വർഷം ടി പദ്ധതിക്കായി 37.83 ലക്ഷം രൂപ ചെലവഴിച്ചു.

**അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം**

303 (2183) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര സഹായം എത്തിക്കാൻ പ്രത്യേക സഹായനിധി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം അറിയിക്കാമോ?

ഉത്തരം

ഉണ്ട്. ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, നിഷ്ഠൂരമായ കുറ്റകൃത്യങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ എന്നിവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ധനസഹായം നൽകുന്നതിനായി 10-12-2018-ലെ സ.ഉ.

(സാധാ) നമ്പർ 701/2018/സാ.നീ.വ. പ്രകാരം ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ആശ്വാസനിധി.

Schedule applicable to children and women victims of violence

| Sl. No. | Particulars of loss or injury | Minimum Limit | Upper Limit |
|---|---|---|---|
| 1 | Sexual assault of minors registered under the POCSO Act<br>Aggravated penetrative sexual assault<br>Penetrative sexual assault<br>Sexual assault<br>Aggravated sexual assault | Rs. 50,000 | Rs. 1,00,000 |
| 2 | Rape/Gang Rape/unnatural sexual offences | Rs. 50,000 | Rs. 1,00,000 |
| 3 | Loss of life | Rs. 50,000 | Rs. 1,00,000 |
| 4 | Grievous physical injury or any mental injury due to domestic violence | Rs.25,000 | Rs. 50,000 |
| 5 | Women & Children rescued from trafficking | Rs.25,000 | Rs. 50,000 |
| 6 | Victims of acid attack | Rs. 1,00,000 | 2,00,000 |
| 7 | In case of pregnancy on account of rape (in addition to 1&2 above) | Rs. 50,000 | Rs. 1,00,000 |
| 8 | Loss of any limb or part of body | Rs. 50,000 | Rs. 1,00,000 |
| 9 | Loss of Foetus i.e., Miscarriage as a result of assault or loss of fertility | Rs. 50,000 | Rs. 1,00,000 |
| 10 | Victims of burning | Rs. 50,000 | Rs. 1,00,000 |

ലൈംഗികാതിക്രമങ്ങൾ, ആസിഡ് ആക്രമണങ്ങൾ, ജെന്റർ ബേസ്ഡ് അതിക്രമങ്ങൾ തുടങ്ങിയവ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും അടിയന്തര ആശ്വാസം നൽകുന്നതിനായി ജില്ലാ ശിശുസംരക്ഷണ ഓഫീസറും ജില്ലാ വനിതാ സംരക്ഷണ ഓഫീസറും തയ്യാറാക്കി സമർപ്പിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വനിത-ശിശു വികസന വകുപ്പ് ഡയറക്ടർ ധനസഹായം അർഹതപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതാണ്.

## മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ

304 (2184) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ;

(സി) പ്രസ്തുത അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുംമുഖം എന്നിവിടങ്ങളിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിന് വലിയതുറ സെന്റ് സേവ്യേഴ്സ് നഗർ ഡയറി ഡെവലപ്മെന്റ് വക ഭൂമി, ശംഖുംമുഖം പോലീസ് സ്റ്റേഷനു സമീപമുള്ള റവന്യൂ ഭൂമി എന്നിവ അനുയോജ്യമാണെന്ന് ബഹുമാനപ്പെട്ട തിരുവനന്തപുരം MLA കത്ത് നൽകിയതിൻപ്രകാരം തിരുവനന്തപുരം അർബൻ-I ICDS പ്രോജക്ടിലെ 19-ാം നമ്പർ അങ്കണവാടിക്കായി വലിയതുറ ഭാഗത്ത് ലഭ്യമായ ഭൂമി താലൂക്ക് ഓഫീസിൽ നിന്നും പരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അർബൻ-IV ICDS പ്രോജക്ടിലെ 152-ാം നമ്പർ അങ്കണവാടിക്കായി ശംഖുംമുഖം ഭാഗത്ത് ലഭ്യമായ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്.

(ബി & സി) വലിയതുറ, ശംഖുംമുഖം ഭാഗങ്ങളിൽ ലഭ്യമായ ഭൂമി സംബന്ധിച്ച വിവരങ്ങൾ വില്ലേജ് ഓഫീസിൽനിന്നും തിരുവനന്തപുരം കളക്ടറേറ്റിൽ നൽകിയിട്ടുണ്ട്. ടി ഭൂമി ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്ന് റിപ്പോർട്ട് ചെയ്യുന്നു.

**അങ്കണവാടി സൂപ്പർവൈസർമാരുടെ നിയമനം**

305 (2185) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. യോഗ്യതയുള്ള അങ്കണവാടി വർക്കർമാർക്ക് സൂപ്പർവൈസർമാരായി സ്ഥാനക്കയറ്റം നൽകുന്നതിന് പരീക്ഷ നടത്തുന്നതിനായി 2008-നുശേഷം പി.എസ്.സി. യോട് സാമൂഹ്യ നീതി വകുപ്പ് ആവശ്യപ്പെട്ടിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2008-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) വനിത-ശിശു വികസന വകുപ്പിൽ അങ്കണവാടി സൂപ്പർവൈസർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ഡി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്.എസ്.എൽ.സി.-യും 10 വർഷം അങ്കണവാടി വർക്കറായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി 24-6-2010-ൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിരുന്നു. 22-10-2010, 26-5-2011 എന്നീ തീയതികളിൽ ടി തസ്തികയിലെ വേക്കൻസികൾ വകുപ്പിൽ നിന്നും പി.എസ്.സി.-ലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 23-12-2014-ൽ കാലാവധി കഴിഞ്ഞ പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എസ്.എസ്.എൽ.സി.-യും 10 വർഷ സേവനവുമുള്ള 55 അങ്കണവാടി വർക്കർമാരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ OA 2431/14 നമ്പർ കേസിന്റെ 3-2-2016-ലെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ ഡിഗ്രിയും 10 വർഷ സേവനവുമുള്ള അങ്കണവാടി വർക്കർമാർക്കായി നീക്കിവച്ചിരുന്ന വേക്കൻസികളിലേയ്ക്കുകൂടി നിയമനം നൽകാൻ 10-1-2017-ൽ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ 23-2-2017-ലെ ഉത്തരവ് പ്രകാരം 55 പേർക്കും സൂപ്പർവൈസറായി നിയമനം നൽകിയിരുന്നു. ഇത്തരത്തിൽ ആകെ 326 പേർക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നൽകിയിരുന്നു. അങ്കണവാടി ഡിഗ്രി ക്വാട്ടയിൽ നിന്നും എടുത്ത 55 വേക്കൻസികൾ ഭാവിയിൽ എസ്.എസ്.എൽ.സി. ക്വാട്ടയിലുണ്ടാകുന്ന വേക്കൻസികളിലേയ്ക്ക് ലയിപ്പിച്ച് സ്പെഷ്യൽ റൂൾ പ്രകാരമുള്ള കേഡർ സ്ട്രെങ്ത് നിലനിർത്തണമെന്ന നിർദ്ദേശം വകുപ്പ് പാലിച്ചതിനാൽ പിന്നീട് വിവിധ ഘട്ടങ്ങളിലായി വന്ന 55 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞില്ല. മേൽവിവരിച്ച 55 വേക്കൻസികൾ കിഴിച്ച് ഇപ്പോൾ നിലവിലുള്ള 19 വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2008-ൽ എസ്.എസ്.എൽ.സി.-യും 10 വർഷം സേവനവുമുള്ള അങ്കണവാടി വർക്കർമാരിൽ നിന്നും ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്ക് ക്വാട്ട നികത്തുന്നതിനായി പി.എസ്.സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. 24-6-2010-ലാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിൽ നിന്നും 326 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ജനറൽ വിഭാഗം, എസ്.എസ്.എൽ.സി.-യും 10 വർഷ സേവനവുമുള്ള അങ്കണവാടി വർക്കർ, ബിരുദവും 10 വർഷത്തെ സേവനവുമുള്ള അങ്കണവാടി വർക്കർ എന്നീ മൂന്ന് വിഭാഗങ്ങളിലായി നിലവിൽ 71 ഒഴിവുകളുണ്ട്. ആയതിൽ എസ്.എസ്.എൽ.സി.-യും 10 വർഷ അങ്കണവാടി സേവനവുമുള്ള വിഭാഗത്തിൽ 19 ഒഴിവുകൾ നിലവിലുണ്ട്.

(ഡി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. വഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിലെ അങ്കണവാടികൾ**

306 (2186) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അങ്കണവാടികൾ ഉണ്ടെന്ന് ഗ്രാമപഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എത്ര അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ഗ്രാമ പഞ്ചായത്ത് | സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | കടമ്പഴിപ്പുറം | 1 |
| 2 | പൂക്കോട്ടുകാവ് | 2 |
| 3 | കരിമ്പുഴ | 1 |

| 1 | 2 | 3 |
|---|---|---|
| 4 | ഒറ്റപ്പാലം മുനിസിപ്പാലിറ്റി | 5 |
| 5 | അമ്പലപ്പാറ | 3 |
| 6 | ലക്കിടി പേരൂർ | 7 |
| 7 | തച്ചനാട്ടുകര | 1 |
| | ആകെ | 20 |

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ഒരു അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ശ്രീകൃഷ്ണപുരം ICDS പ്രോജക്ടിലെ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിലെ 2-ാം നമ്പർ അങ്കണവാടിയെ 2016-17 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14,50,000 രൂപ നിരക്കിൽ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ മണ്ണാർക്കാട് (അഡീഷണൽ) ICDS പ്രോജക്ടിലെ തച്ചനാട്ടുകര പഞ്ചായത്തിലെ AWC No. 152-ന്റെ കെട്ടിട നിർമ്മാണം നടത്തുകയും ടി അങ്കണവാടി കെട്ടിടത്തിന്റെ പൂർത്തീകരണോദ്ഘാടനം 22-9-2015-ൽ നടത്തുകയും ചെയ്തു.

**ഭിന്നശേഷിക്കാർക്കുള്ള സ്വയം തൊഴിൽ**

307 (2187) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായകരമായ എന്തെല്ലാം പുതിയ പദ്ധതികളാണ് പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭിന്നശേഷിക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്താൻ പുതിയതായി "ആശ്വാസം" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) ഈടുവച്ച് ലോണെടുക്കാൻ കഴിയാത്ത നിർദ്ധനരായ ഭിന്നശേഷിക്കാർക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 25,000 രൂപ വരെ സംസ്ഥാന

വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ധനസഹായം നൽകുന്ന പദ്ധതിയാണിത്. അപേക്ഷകർ 40 ശതമാനത്തിൽ കൂടുതൽ ഭിന്നശേഷിത്വമുള്ളവരും 18 വയസ്സ് പൂർത്തിയാക്കിയവരും ഈടുവയ്ക്കാൻ വസ്തുവകകളില്ലാത്തവരും കോർപ്പറേഷനിൽ നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായമോ സബ്സിഡിയോടുകൂടിയ വായ്പയോ ലഭിച്ചിട്ടില്ലാത്തവരുമായിരിക്കണം. തീവ്ര ഭിന്നശേഷിത്വം ബാധിച്ചവർ, ഭിന്നശേഷിക്കാരായ വിധവകൾ, ഗുരുതര രോഗബാധിതരായ ഭിന്നശേഷിക്കാർ, 14 വയസ്സ് തികഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാപിതാക്കൾ എന്നിവർക്ക് മുൻഗണന ലഭിക്കുന്നതാണ്.

**ഭിന്നശേഷിയുള്ളവർക്കുള്ള ആനുകൂല്യം**

308 (2188) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ളവർക്ക് മൂന്ന് വീൽ സ്കൂട്ടർ, ഇലക്ട്രോണിക് വീൽചെയർ എന്നിവയ്ക്കുവേണ്ടി കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കോട്ടയ്ക്കൽ നഗരസഭ, വളാഞ്ചേരി നഗരസഭ, പൊൻമുള പഞ്ചായത്ത്, ഇരിമ്പിളിയം പഞ്ചായത്ത്, എടയൂർ പഞ്ചായത്ത്, കുറ്റിപ്പുറം പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്ര; അപേക്ഷകരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര പേർക്ക് മൂന്ന് വീൽ സ്കൂട്ടർ അനുവദിച്ചു; എത്ര പേർക്ക് ഇലക്ട്രോണിക് വീൽചെയർ അനുവദിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**ഭിന്നശേഷിക്കാർക്കുള്ള സംവരണ നിയമനം**

309 (2189) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷി സംവരണ നിയമം പ്രകാരം നിയമനം നൽകുന്നതിനായി സർക്കാർ സർവ്വീസിൽ പുതിയ തസ്തികകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

ഉണ്ട്. പുതുതായി കണ്ടെത്തിയ തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. Lecturer/Assistant Professor in Physical Science-Collegiate Education-Locomotor disability

2. Assistant Professor-Physiology Department in Government Medical College-Low vision

3. Tradesman (Electronics)-Technical Education Department-Low vision

4. Office Attendant/Chairman-നഗര ഗ്രാമാസൂത്രണ വകുപ്പ്-Low vision, Hearing impairment, Locomotor disability

5. Scientific Assistant(Documents)- ആഭ്യന്തര വകുപ്പ്- Hearing impairment, Locomotor disability

6. Draftsman Grade II- തുറമുഖ വകുപ്പ്- Hearing impairment, Locomotor disability

7. Workshop Instructor/Instructor Grade II/Demonstrator/Draftsman Grade II-സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്- Low vision

8. Legal Assistant-നിയമ വകുപ്പ്-Hearing impairment

9. പമ്പ് ഓപ്പറേറ്റർ-വാട്ടർ അതോറിറ്റി-Hearing impairment, Locomotor disability

10. ആയുർവ്വേദ മെഡിക്കൽ ഓഫീസർ-ഭാരതീയ ചികിത്സാ വകുപ്പ്- Low vision

11. ബോട്ട് മാസ്റ്റർ-ജല ഗതാഗത വകുപ്പ്- Hearing impairment, Locomotor disability

12. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - KSEB ഉൾപ്പെടെ തസ്തിക നിലവിലുള്ള എല്ലാ വകുപ്പുകളിലും - Low vision, Hearing impairment, Locomotor disability

13. എല്ലാ അദ്ധ്യാപക തസ്തികകളിലും (LPSA, UPSA, HSA, HSST)- വിദ്യാഭ്യാസ വകുപ്പ് - Low vision, Hearing impairment

**ബാലവേല**

310 (2190) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിശിഷ്യ കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിൽ ഉൾപ്പെടെ കേരളത്തിലെയും അന്യസംസ്ഥാനങ്ങളിലെയും പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ ജോലിക്ക് നിർത്തി ചൂഷണം ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ബാലവേല ചെയ്യിക്കുന്ന നടപടി ഇല്ലാതാക്കാനും ഈ ജോലിയിൽ ഏർപ്പെടുന്ന കുട്ടികളെ കണ്ടെത്തുന്നതിനും വീടുകൾ കേന്ദ്രീകരിച്ച് പോലീസിനെയും വോളണ്ടിയർമാരെയും ഉപയോഗിച്ച് പരിശോധന നടത്താനും ഇത്തരക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷ ലഭിക്കാവുന്ന തരത്തിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബാലവേല നിയന്ത്രണവും നിരോധനവും അമെന്റ്മെന്റ് ആക്ട് 2016 പ്രകാരം ജില്ലകളിൽ ആന്റി ചൈൽഡ് ലേബർ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ടാസ്ക് ഫോഴ്സിൽ സബ് ഡിവിഷൻ മജിസ്ട്രേറ്റ്, വുമൺ പോലീസ് ഓഫീസർ, Special Juvenile Police Unit DYSP (DCB), ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, സി.ഡബ്ല്യു.സി. ചെയർപേഴ്സൺ, ജില്ലാ ലേബർ ഓഫീസർ, DCPO, Factory Inspector, DLSA സെക്രട്ടറി, സന്നദ്ധ സംഘടനയുടെ പ്രതിനിധി എന്ന നിലയിൽ ചൈൽഡ് ലൈൻ നോഡൽ കോ-ഓർഡിനേറ്റർ തുടങ്ങിയവർ അംഗങ്ങളാണ്.

ആന്റി ചൈൽഡ് ലേബർ ടാസ്ക് ഫോഴ്സ് ജില്ലകളിൽ സംയുക്ത പരിശോധനകൾ നടത്തുകയും ഗാർഹിക ബാലവേല ഉൾപ്പെടെയുള്ള അവകാശ ലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

2013 ആഗസ്റ്റ് മാസം മുതൽ നാളിതുവരെയായി 14 പെൺകുട്ടികളെ വീട്ടുജോലിക്ക് നിർത്തിയതായി കണ്ടെത്തിയിട്ടുണ്ട്. പതിനാല് കുട്ടികളെയും സി.ഡബ്ല്യു.സി. ഏറ്റെടുത്ത് ഫിറ്റ് പേഴ്സണെ ഏൽപ്പിക്കുകയോ സ്വദേശത്തേയ്ക്ക് തിരിച്ചയയ്ക്കുകയോ ചെയ്തിട്ടുണ്ട്. ആറ് കേസുകളിൽ FIR രജിസ്റ്റർ ചെയ്ത് നിയമനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങൾ**

311 (2191) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർത്താനാകാത്ത സാഹചര്യം മൂലം സംസ്ഥാനത്ത് 2015 മുതൽ 2018 വരെ അമ്മമാർ ഉപേക്ഷിച്ച കുഞ്ഞുങ്ങളുടെ എണ്ണം എത്ര; ഇതിൽ ആൺ/പെൺ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ശിശുക്ഷേമ സമിതികളിൽ സ്ഥാപിച്ചിട്ടുള്ള അമ്മത്തൊട്ടിലിൽ നിന്നും എത്ര കുഞ്ഞുങ്ങളെ ലഭിച്ചു;

(സി) പേരും വിലാസവും വെളിപ്പെടുത്താത്ത അമ്മമാർ, വിവാഹിതരല്ലാത്ത അമ്മമാർ, വളർത്താനാകാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ദമ്പതിമാർ ഒരുമിച്ചും ഒറ്റയ്ക്കും എന്നിങ്ങനെ, എത്ര കുഞ്ഞുങ്ങളെ വീതം കൈമാറി എന്നത് ഓരോ വിഭാഗം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇതിൽ എത്ര കുട്ടികളെ ദമ്പതികൾ ദത്തെടുത്തു; എത്ര കുഞ്ഞുങ്ങളെ ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീകൾ ദത്തെടുത്തു;

(ഇ) നിലവിൽ സംസ്ഥാനത്ത് എത്ര ദമ്പതികളാണ് ദത്തെടുക്കാൻ അപേക്ഷ നൽകി കാത്തിരിക്കുന്നത്; അറിയിക്കാമോ?

ഉത്തരം

(എ) 187. ആൺകുട്ടികൾ -95, പെൺകുട്ടികൾ -92

(ബി) 77.

(സി) ആകെ 419 കുഞ്ഞുങ്ങളെ ഈ കാലയളവിൽ കൈമാറി ലഭിച്ചിട്ടുണ്ട്. ഓരോ വിഭാഗം തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 367 കുട്ടികളെയാണ് ദമ്പതികൾ ദത്തെടുത്തത്. 13 കുഞ്ഞുങ്ങളെയാണ് ഒറ്റയ്ക്ക് കഴിയുന്ന സ്ത്രീകൾ ദത്തെടുത്തത്.

(ഇ) 1197.

**റെസ്ക്യൂ ഹോം സംവിധാനം**

312 (2192) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റെസ്ക്യൂ ഹോം സംവിധാനം നിലവിൽ സംസ്ഥാനത്ത് എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത റെസ്ക്യൂ ഹോമുകളിൽ എത്ര വനിതകൾ അന്തേവാസികളായുണ്ട്;

(സി) റെസ്ക്യൂ ഹോമിന്റെ പ്രവർത്തനം എപ്രകാരമുള്ളതാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) മലപ്പുറം തവനൂരിലെ സർക്കാർ റെസ്ക്യൂ ഹോമിൽ പുറംലോകവുമായിട്ടുള്ള സകല ബന്ധവും നിഷേധിക്കപ്പെട്ടുള്ള ഏകാന്ത വാസത്തിൽ ജീവിതതാളം നഷ്ടപ്പെട്ട എത്ര വനിതകൾ അധിവസിക്കുന്നു എന്നറിയിക്കാമോ;

(ഇ) ആരും ഏറ്റെടുക്കാനില്ലാത്ത ഇത്തരം അന്തേവാസികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യമൊരുക്കാനും അവരുടെ പുനരധിവാസത്തിനായി കൂടുതൽ സൗകര്യങ്ങളൊരുക്കാനും സാമൂഹ്യനീതി വകുപ്പ് മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വകുപ്പിന് കീഴിൽ മലപ്പുറം തവനൂരിൽ ഒരു റെസ്ക്യൂ ഹോം പ്രവർത്തിക്കുന്നു.

(ബി) 24 (ഇരുപത്തി നാല്) പേർ താമസിക്കുന്നുണ്ട്.

(സി) 1956-ലെ ഇമ്മോറൽ ട്രാഫിക് പ്രിവൻഷൻ ആക്ട് പ്രകാരം ശിക്ഷിക്കപ്പെട്ടവരും ഇത്തരം ജീവിതത്തിലേർപ്പെടാൻ സാധ്യതയുള്ളവരുമായ 18 വയസ്സിനുമുകളിലുള്ള സ്ത്രീകൾക്ക് സംരക്ഷണം നൽകി അനുയോജ്യമായ പുനരധിവാസ നടപടികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് റെസ്ക്യൂ ഹോം. കോടതി മുഖേനയോ പോലീസ് അധികാരികൾ, സാമൂഹ്യക്ഷേമ സംഘടനകൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർ മുതലായവരുടെ കത്തിന്റെ അടിസ്ഥാനത്തിലോ ഇത്തരത്തിലുള്ള സ്ത്രീകളുടെ അപേക്ഷയിന്മേലോ പ്രവേശനം നൽകുന്നു.

(ഡി) തവനൂർ റെസ്ക്യൂ ഹോമിൽ ഇപ്പോൾ 24 താമസക്കാരാണുള്ളത്. ഇതിൽ 23 പേരും ഇതര സംസ്ഥാനക്കാരാണ്. പോലീസ് മുഖേനയും കോടതി മുഖേനയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നവരുമായ 26-നും 65-നും ഇടയ്ക്ക് പ്രായമുള്ളവരുണ്ട്. 18 പേർ മാനസിക രോഗത്തിന് മരുന്നു കഴിക്കുന്നവരാണ്. മാനസികനില സാധാരണ നിലയിൽ അല്ലാത്തതിനാലും മറ്റ് ഭാഷക്കാരായതിനാലും ഇവരുമായി ശരിയായ ആശയവിനിമയം നടത്താനോ കൃത്യമായ മേൽവിലാസം കണ്ടുപിടിക്കാനോ സാധിക്കുന്നില്ല. താമസക്കാരിൽ 2 പേർ ബധിരരും മൂകരുമാണ്. 3 പേർ ജീവനക്കാരുടെ സഹായത്തോടെ അടുക്കള ജോലികൾ ചെയ്തുവരുന്നു. എല്ലാ ദിവസവും രാവിലെ താമസക്കാരെ യോഗ ചെയ്യിപ്പിക്കാറുണ്ട്. സ്ഥാപനത്തിലെ ജീവനക്കാരുടെ സഹായത്തോടെ താമസക്കാർക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുവരുന്നു.

(ഇ) സ്ഥാപനത്തിലെ താമസക്കാർക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ള നീഡിൽ വർക്ക് ടീച്ചർ താമസക്കാർക്ക് തയ്യൽ പരിശീലനവും എംബ്രോയിഡറി, മറ്റ് കരകൗശല വസ്തുക്കൾ നിർമ്മിക്കൽ, ചിത്രരചന മുതലായവ ഓരോരുത്തരുടെ അഭിരുചിക്കനുസരിച്ച് പരിശീലിപ്പിക്കുന്നു. യോഗ പരിശീലനവും ഇവർക്ക് നൽകുന്നുണ്ട്. ഇവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലാവകാശ കമ്മീഷനിലെ അംഗങ്ങളുടെ നിയമനം**

313(2193) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. കേരള ഹൈക്കോടതിയുടെ 17-8-2017-ലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ രണ്ട് അംഗങ്ങളെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും നിയമനം നടത്തുവാനുണ്ടായ കാലതാമസത്തിനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-8-2017-ലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ രണ്ട് അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 17-8-2017-ലെ ഉത്തരവുപ്രകാരം കേരള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ അംഗങ്ങളായി നിയമിക്കുന്നതിനായി തെരഞ്ഞെടുത്ത 2 പേർ ഉൾപ്പെടെ 9 പേർക്കെതിരെ ബഹുമാനപ്പെട്ട തിരുവനന്തപുരം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതി മുമ്പാകെ ശ്രീ. സതീഷ് ബാബു, മേലേടത്ത്, വക്കം ഫയൽ ചെയ്ത 1215/2016 നമ്പർ സി.എം.പി.-യിന്മേൽ ബഹുമാനപ്പെട്ട കോടതി അന്തിമവിധി പുറപ്പെടുവിക്കുന്ന മുറയ്ക്ക് ആയതിന്റെ അടിസ്ഥാനത്തിൽ 2 അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനം**

314 (2194) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സംഘടനകളും ചാരിറ്റബിൾ സൊസൈറ്റികളും നടത്തി വരുന്ന സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങളിൽ നിലവിൽ സർക്കാർ നല്കിവരുന്ന സഹായങ്ങൾ വിശദീകരിക്കാമോ;

(ബി) 18 വയസ് കഴിഞ്ഞാലും മാനസിക വളർച്ച ഉണ്ടാകാത്ത കുട്ടികൾക്ക് കുട്ടികളെന്ന നിലയിൽ തന്നെ നിരന്തര പോഷണം ആവശ്യമായിരിക്കേ, 18 വയസ് ആയതിന്റെ പേരിൽ സ്പെഷ്യൽ സ്കൂളുകളിൽ തുടരാൻ പാടില്ല എന്ന വ്യവസ്ഥ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഇത്തരം കുട്ടികളുടെ ഭാവി ഇരുളടഞ്ഞതാക്കുമെന്ന അവസ്ഥ സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ 18 വയസ് കഴിഞ്ഞ ഇത്തരം കുട്ടികളെയും സ്പെഷ്യൽ സ്കൂളുകളിൽ നിലനിർത്തുന്ന കാര്യം പുനഃപരിശോധിക്കുമോ;

(ഡി) കോതമംഗലം മണ്ഡലത്തിൽ സർക്കാർ ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളുടെ വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സ്പെഷ്യൽ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പ് മുഖേന വർഷംതോറും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 14 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 18 വയസ്സ് കഴിഞ്ഞ കുട്ടികളെ സ്പെഷ്യൽ സ്കൂളുകളിൽ നിന്നും ഒഴിവാക്കിയിട്ടില്ല.

(സി) 18 വയസ്സ് കഴിഞ്ഞാലും മാനസിക വളർച്ചയുണ്ടാകാത്ത കുട്ടികൾക്ക് സ്പെഷ്യൽ സ്കൂളുകളിൽ നൈപുണ്യവികസനത്തിനായി പ്രത്യേക പരിശീലന കേന്ദ്രമൊരുക്കി അവരെ നിലനിർത്തണമെന്ന ശിപാർശ സാമൂഹ്യനീതി വകുപ്പിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ തയ്യാറാക്കിയ സ്പെഷ്യൽ സ്കൂൾ പാക്കേജ് പ്രൊപ്പോസലിൽ ഉൾപ്പെടുത്തുകയും ഇത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്ത സ്കൂൾ അധ്യയനവർഷം മുതൽ ഈ പ്രത്യേക പാക്കേജ് നടപ്പിലാക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കോതമംഗലം മണ്ഡലത്തിൽ സർക്കാർ ധനസഹായം ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1. സാന്ത്വനം സ്പെഷ്യൽ സ്കൂൾ, കോതമംഗലം

2. ദയാ ബഡ്സ് സ്പെഷ്യൽ സ്കൂൾ, നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്

3. ബഡ്സ് സ്പെഷ്യൽ സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്, പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്.

## ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾ

315 (2195) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് മുഖേന ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്ന എത്ര അൺഎയിഡഡ് സ്പെഷ്യൽ സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര അദ്ധ്യാപകരും അനദ്ധ്യാപകരും ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് സമഗ്ര പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഈ പാക്കേജ് എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിനായി ഏതെങ്കിലും കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച സ്പെഷ്യൽ സ്കൂളുകൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന സംസ്ഥാന സർക്കാർ സാമ്പത്തിക സഹായം നൽകുന്നില്ല.

(സി) ഉണ്ട്. പ്രസ്തുത പാക്കേജ് പ്രകാരം 1-1-2019 മുതൽ ധനസഹായം അനുവദിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകളുടെ ഗ്രേഡിംഗ് നടത്തുന്നതിലേയ്ക്ക് ഓരോ ജില്ലയിലും ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഡി.എം.ഒ.-യുടെ പ്രതിനിധി (ഒരു ഡോക്ടർ), വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശിക്കുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങുന്ന ഒരു ജില്ലാതല സമിതി രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## പ്രളയത്തിൽ നശിച്ച സപ്ലൈകോയുടെ നെല്ലും അരിയും

316 (2196) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നശിച്ച സപ്ലൈകോയുടെ നെല്ലും അരിയും നീക്കാൻ കരാർ നല്കിയിട്ടുണ്ടോ എന്നും ടെൻഡർ നടപടികളിൽ ഏതൊക്കെ കമ്പനികൾ പങ്കെടുത്തു എന്നും ഓരോ കമ്പനിയും ക്വോട്ട് ചെയ്ത തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) പ്രളയത്തിൽ നശിച്ച അരിയുടെയും നെല്ലിന്റെയും ഗുണനിലവാരം സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്താണെന്നും വ്യക്തമാക്കുമോ;

(സി) കേടായ അരിയും നെല്ലും നീക്കംചെയ്യാൻ കരാർ എടുത്ത കമ്പനി ടെൻഡർ വ്യവസ്ഥകൾ ലംഘിച്ചതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) കേടായ അരിയും നെല്ലും കടത്തിയത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകളുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ടെണ്ടർ നടപടികളിൽ പങ്കെടുത്ത കമ്പനികളുടെ പേരും അവർ തെരഞ്ഞെടുത്ത മില്ലും ക്വാട്ട് ചെയ്ത തുകയും അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) ഇല്ല.

## റേഷൻ വിതരണം കാര്യക്ഷമമാക്കാൻ നടപടി

317 (2197) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സംവിധാനത്തിന് എന്തെങ്കിലും അപാകതകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപാകതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ)

- സർക്കാർ ഏജൻസിയായ സപ്ലൈകോ വഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.
- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.
- ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചു.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.
- നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2,500 രൂപ വീതം അനുവദിച്ചു.
- 428 കോടി വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കി.
- ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.
- എഫ്.സി.ഐ.-യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

(ബി) ഈ സംവിധാനത്തിന് എന്തെങ്കിലും അപാകതയുള്ളതായി കണ്ടിട്ടില്ല. എന്നാൽ കണക്റ്റിവിറ്റി ലഭ്യമാകാത്ത 12 കടകളിൽ ഓഫ് ലൈനായാണ് ബില്ലിംഗ് നടത്തുന്നത്. ഇത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഭക്ഷ്യ ധാന്യങ്ങൾക്കുള്ള സബ്സിഡി

318 (2198) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ ധാന്യങ്ങൾക്കും മറ്റുമുള്ള സബ്സിഡി അർഹതപ്പെട്ടവർക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

- ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കി.
- റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.

- ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.
- സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
- ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.

## സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം

319 (2199) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നഷ്ടം ഇപ്പോൾ എത്രയാണ് ; നഷ്ടം കുറച്ചുകൊണ്ടുവരാൻ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും എത്ര പേരെ ഡെപ്യൂട്ടേഷനിൽ സപ്ലൈകോയിൽ നിയമിച്ചിട്ടുണ്ട്;

(സി) പ്രസ്തുത ജീവനക്കാരുടെ ശമ്പളം, പെൻഷൻ വിഹിതം, ശമ്പള കുടിശ്ശിക എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ബാദ്ധ്യത വരുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പ്രൊവിഷണൽ ലാഭനഷ്ട കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ നഷ്ടം 135.0615 കോടി രൂപയാണ്.

(1) സപ്ലൈകോയുടെ നഷ്ടം കുറയ്ക്കുന്നതിന് ഓൺലൈൻ ബില്ലിംഗിലൂടെ സബ്സിഡിയുടെ ദുരുപയോഗം തടയാൻ നടപടി സ്വീകരിച്ചു.

(2) മെഡിക്കൽ മാവേലി സ്റ്റോർ ലാഭത്തിലാക്കാനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തി.

(3) തനത് വരുമാനം വർദ്ധിപ്പിക്കാൻ ഗൃഹോപകരണങ്ങൾ ഉൾപ്പെടെ വിപണനം നടത്തിക്കൊണ്ട് വ്യാപാര മേഖല വിപുലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു.

(4) FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളുടെ കമ്പനികളുമായി നേരിട്ട് വ്യാപാര ഉടമ്പടികളുണ്ടാക്കി സപ്ലൈകോയുടെ ലാഭം വർദ്ധിപ്പിച്ചു.

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും അന്യത്ര സേവനവ്യവസ്ഥയിൽ സപ്ലൈകോയിൽ വിവിധ തസ്തികകളിലായി 1138 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(സി) 01/2018 മുതൽ 12/2018 വരെയുള്ള കാലയളവിൽ ഡെപ്യൂട്ടേഷൻ ജീവനക്കാർക്ക് ശമ്പളം ഇനത്തിൽ ചെലവായ തുക 58,70,64,482 രൂപയും അവരുടെ പെൻഷൻ വിഹിതമായി അടവായ തുക 10,40,19,794 രൂപയും എൻ.പി.എസ്.-ൽ ഉൾപ്പെട്ട ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ഈ കാലയളവിലെ തൊഴിൽ ദാതാവിന്റെ വിഹിതമായി അടവായ തുക 51,21,945 രൂപയുമാണ്. ശമ്പളം ഇനത്തിൽ കുടിശ്ശികയില്ല.

### പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് നടപടി

320 (2200) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) റേഷൻ വിതരണം സുഗമമാക്കുന്നതിനായി ചുവടെ പറയുന്ന കാര്യങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ട്:

സർക്കാർ ഏജൻസിയായ സപ്ലൈകോവഴി വാതിൽപ്പടി വിതരണം ആരംഭിച്ചു.

റേഷൻ വിതരണം ഇ-പോസ് മുഖേനയാക്കി. ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം നടപ്പിലാക്കി.

ജില്ലാ പരാതി പരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയമിച്ചു.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ ചെയർപേഴ്സനെ നിയമിച്ചു.

സംസ്ഥാന ഭക്ഷ്യ കമ്മീഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാന, ജില്ല, താലൂക്ക്, റേഷൻകട തലങ്ങളിൽ വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

നവീകരണത്തിനായി ഒരു റേഷൻകടയ്ക്ക് 2500 രൂപ വീതം അനുവദിച്ചു.

428 കോടി വാർഷിക സാമ്പത്തിക ബാധ്യത വരുന്ന പുതിയ കമ്മീഷൻ പാക്കേജ് 1-12-2018 മുതൽ നടപ്പിലാക്കി.

ഇ-പോസ് മെഷീൻ ത്രാസുമായി ബന്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിതരണം സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതിനുള്ള പൈലറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു.

എഫ്.സി.ഐ.-യിൽ നിന്ന് വിട്ടെടുത്ത് ജനങ്ങൾക്ക് വിതരണം ചെയ്യുന്നതുവരെയുള്ള ഭക്ഷ്യ ധാന്യങ്ങളുടെ നീക്കം സുതാര്യമാക്കി.

**റാന്നിയിലെ കൺസ്യൂമർഫെഡ് സൂപ്പർ മാർക്കറ്റ്**

321 (2201) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയംമൂലം കൺസ്യൂമർ ഫെഡിന്റെ എത്ര സൂപ്പർ മാർക്കറ്റുകൾക്കും മെഡിക്കൽ സ്റ്റോറുകൾക്കും നാശനഷ്ടം നേരിട്ടു; അവ ഏതൊക്കെ; എത്ര രൂപയുടെ നഷ്ടമാണ് ഇതുമൂലം ഉണ്ടായിട്ടുള്ളത്;

(ബി) പ്രളയാനന്തരം ഇവയിൽ എത്രയെണ്ണം പുനരാരംഭിക്കാൻ സാധിച്ചു; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) സാധാരണ ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ പലചരക്ക് സാധനങ്ങളും മരുന്നും ലഭിക്കുമായിരുന്ന റാന്നിയിലെ കൺസ്യൂമർ ഫെഡിന്റെ സൂപ്പർ മാർക്കറ്റ് പ്രളയാനന്തരം തുറന്ന് പ്രവർത്തിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ; ഇല്ലെങ്കിൽ ആയത് അടിയന്തരമായി തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പ്രളയംമൂലം കൺസ്യൂമർഫെഡിന്റെ 14 സൂപ്പർ മാർക്കറ്റുകൾക്കും 5 മെഡിക്കൽ സ്റ്റോറുകൾക്കും നാശനഷ്ടം നേരിട്ടു. പേരുവിവരങ്ങളും നഷ്ടം സംബന്ധിച്ച കണക്കുകളും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഏരിയ | മൊത്തം നാശനഷ്ടം (രൂപയിൽ) |
|---|---|---|
| 1 | ത്രിവേണി സൂപ്പർമാർക്കറ്റ്, റാന്നി<br>മൊബൈൽ ത്രിവേണി,റാന്നി | 1,136,804.45<br>246,182.80 |
| 2 | ത്രിവേണി സൂപ്പർമാർക്കറ്റ്, കോഴഞ്ചേരി | 684,304.00 |
| 3 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ, പൊഡിയാടി | 903,687.97 |
| 4 | ത്രിവേണി സൂപ്പർമാർക്കറ്റ്, ചെങ്ങന്നൂർ | 92,262.56 |
| 5 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ പള്ളിപ്പാട് | 317,624.52 |
| 6 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ ചമ്പക്കുളം | 373,303.22 |
| 7 | ത്രിവേണി സൂപ്പർമാർക്കറ്റ്, നെടുംകണ്ടം | 2,800.00 |
| 8 | ത്രിവേണി സൂപ്പർമാർക്കറ്റ്, ചേരാനല്ലൂർ | 144,211.39 |
| 9 | ത്രിവേണി സൂപ്പർമാർക്കറ്റ്, അന്നമനട | 1,104,583.28 |
| 10 | ത്രിവേണി സൂപ്പർമാർക്കറ്റ്, മേലാഡൂർ | 226,178.20 |
| 11 | ഇ-ത്രിവേണി സൂപ്പർമാർക്കറ്റ്, പാലക്കാട് | 1,025.00 |
| 12 | ത്രിവേണി സൂപ്പർമാർക്കറ്റ്, മാരഞ്ചേരി | 25,395.80 |
| 13 | ത്രിവേണി സൂപ്പർമാർക്കറ്റ്, വണ്ടൂർ | 12,837.20 |
| 14 | ലിറ്റിൽ ത്രിവേണി സ്റ്റോർ, കൂടരഞ്ഞി | 10,398.51 |
| | ആകെ | 5,281,598.90 |

നീതി മെഡിക്കൽ സ്റ്റോർ

| ക്രമ നമ്പർ | ഏരിയ | മൊത്തം നാശനഷ്ടം |
|---|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ, റാന്നി | 550,266.60 |
| 2 | നീതി മെഡിക്കൽ സ്റ്റോർ, ചമ്പക്കുളം | 208,850.96 |
| 3 | നീതി മെഡിക്കൽ സ്റ്റോർ, ചെങ്ങന്നൂർ | 161,058.74 |
| 4 | നീതി മെഡിക്കൽ സ്റ്റോർ, ചിറ്റൂർ, ഫെറി | 1,355,614.18 |
| 5 | നീതി മെഡിക്കൽ സ്റ്റോർ, അന്നമനട | 882,123.80 |
| | ആകെ | 3,157,914.28 |

(ബി) പ്രളയാനന്തരം പുനരാരംഭിക്കാൻ സാധിച്ചവയുടെ പട്ടിക ചുവടെ ചേർക്കുന്നു:

ത്രിവേണി സൂപ്പർമാർക്കറ്റ്

| ക്രമ നമ്പർ | ഏരിയ |
|---|---|
| 1 | ത്രിവേണി സൂപ്പർമാർക്കറ്റ്, കോഴഞ്ചേരി |
| 2 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ, പൊഡിയാടി |
| 3 | ത്രിവേണി സൂപ്പർമാർക്കറ്റ്, ചെങ്ങന്നൂർ |
| 4 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ, പള്ളിപ്പാട് |
| 5 | ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ, ചമ്പക്കുളം |
| 6 | ത്രിവേണി സൂപ്പർമാർക്കറ്റ്, നെടുംകണ്ടം |
| 7 | ത്രിവേണി സൂപ്പർമാർക്കറ്റ്, ചേരാനല്ലൂർ |
| 8 | ത്രിവേണി സൂപ്പർമാർക്കറ്റ്, അന്നമനട |
| 9 | ഇ-ത്രിവേണി സൂപ്പർമാർക്കറ്റ്, പാലക്കാട് |
| 10 | ത്രിവേണി സൂപ്പർമാർക്കറ്റ്, മാരഞ്ചേരി |
| 11 | ത്രിവേണി സൂപ്പർമാർക്കറ്റ്, വണ്ടൂർ |
| 12 | ലിറ്റിൽ ത്രിവേണി സ്റ്റോർ, കൂടരഞ്ഞി |

നീതി മെഡിക്കൽ സ്റ്റോർ

| ക്രമ നമ്പർ | ഏരിയ |
|---|---|
| 1 | നീതി മെഡിക്കൽ സ്റ്റോർ, റാന്നി |
| 2 | നീതി മെഡിക്കൽ സ്റ്റോർ, ചമ്പക്കുളം |
| 3 | നീതി മെഡിക്കൽ സ്റ്റോർ, ചെങ്ങന്നൂർ |
| 4 | നീതി മെഡിക്കൽ സ്റ്റോർ, ചിറ്റൂർ ഫെറി |
| 5 | നീതി മെഡിക്കൽ സ്റ്റോർ, ആനമണ്ട |

(സി&ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റാന്നി പ്രദേശത്ത് ത്രിവേണി സ്റ്റോറിന് വിൽപ്പന സാധ്യതയുള്ള കെട്ടിടം കൺസ്യൂമർ ഫെഡ് അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ത്രിവേണി സൂപ്പർമാർക്കറ്റ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ടി സ്ഥലത്ത് വ്യാപാര സാധ്യതയുള്ള കെട്ടിടം ലഭിക്കാത്തതിനാൽ നീതി മെഡിക്കൽ സ്റ്റോർ കോഴഞ്ചേരിയിൽ മാറ്റിസ്ഥാപിച്ചു.

## പ്രളയത്തിൽ കേടായ അരി നീക്കംചെയ്യുന്നതിനുള്ള ടെൻഡർ

322 (2202) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ കേടായ അരിയും നെല്ലും സംസ്കരിച്ച് കേരളത്തിൽ വില്പന നടത്താതിരിക്കുവാൻ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പ്രളയത്തിൽ കേടായ അരി നീക്കംചെയ്യുവാൻ നൽകിയ ടെൻഡറിൽ ക്രമക്കേടുകൾ ഉണ്ടായിരുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരിൽ നിന്ന്; പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ടെൻഡർ രേഖകൾ തുറന്നശേഷം ടെൻഡർ നിരക്ക് ഉയർത്തുവാനായി ഏതെങ്കിലും കമ്പനികളുമായി ചർച്ച നടത്തിയിരുന്നോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് അതിന്റെ അടിസ്ഥാനത്തിൽ നിരക്ക് ഉയർത്തുവാൻ സമ്മതിച്ചത്; അവർ ക്വോട്ട് ചെയ്ത തുക എത്രയായിരുന്നു;വെളിപ്പെടുത്തുമോ;

(ഡി) ടെൻഡർ നടപടി പൂർത്തിയായതിനു ശേഷം സൈറസ് എന്ന കമ്പനിക്ക് ക്വോട്ട് ചെയ്ത നിരക്ക് ഉയർത്തുവാൻ അനുമതി നൽകിയിരുന്നോ; എങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്തായിരുന്നു; വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കേടായ അരിയും നെല്ലും നീക്കം ചെയ്യുന്നതിന് കരാർ എടുത്തവരുടെയും മില്ലുകാരുടെയും വിശദവിവരങ്ങൾ സംസ്ഥാന പോലീസ് ചീഫ്, ഫുഡ് സേഫ്റ്റി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി കമ്മീഷണർ എന്നിവർക്ക് കൈമാറുകയും വേണ്ടത്ര മുൻകരുതലുകൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) അഞ്ജന ട്രേഡേഴ്സ് ആന്റ് ഏജൻസീസ്, ജെ.എസ്. ലോജിസ്റ്റിക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ട്. പരാതി അടിസ്ഥാനരഹിതമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ അനന്തര നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) ടെണ്ടർ രേഖകൾ തുറന്നശേഷം ടെണ്ടറിൽ വിജയികളായ 14 കമ്പനികളുമായി ഇ-ടെണ്ടർ പ്ലാറ്റ്ഫോമിൽ ഓൺലൈനായി നെഗോഷിയേഷൻ നടത്തിയിരുന്നു. കമ്പനികൾ ക്വാട്ട് ചെയ്ത തുക അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അനുമതി നൽകിയിരുന്നു. ടെണ്ടറിൽ H1 ആയി വന്നത് സൈറസ് ട്രേഡേഴ്സ് ആയതിനാലാണ് അനുമതി നൽകിയത്. ഇതിനുശേഷം സപ്ലൈകോയുടെ ആവശ്യപ്രകാരം ക്വിന്റലിന് 7 രൂപ വർദ്ധിപ്പിച്ച് 530 രൂപ എന്ന നിരക്കിൽ കേടായ അരിയും നെല്ലും എടുത്തുകൊള്ളാമെന്ന് പ്രസ്തുത സ്ഥാപനം അറിയിക്കുകയായിരുന്നു. ഇങ്ങനെ ചെയ്തതുമൂലം സപ്ലൈകോയ്ക്ക് 15.50 ലക്ഷം രൂപയോളം അധികവരുമാനം ഉണ്ടായിട്ടുണ്ട്.

## വിലക്കുറവിൽ ഭക്ഷണം ലഭ്യമാക്കുന്ന ഹോട്ടലുകൾ

323 (2203) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണം വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി സർക്കാർ മുൻകൈ എടുത്ത് സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത് ആരംഭിക്കാതിരുന്നതെന്ന് അറിയിക്കുമോ;

(ബി) കൂടുതലാളുകൾക്ക് പ്രയോജനം കിട്ടത്തക്ക വിധത്തിൽ താലൂക്കാസ്ഥാനങ്ങളിൽ ഈ ഹോട്ടലുകൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഭക്ഷണം വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി സർക്കാർ മുൻകയ്യെടുത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഹോട്ടലുകളിൽ ആദ്യത്തേത് ആലപ്പുഴ ജില്ലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം സൗജന്യമായി ആലപ്പുഴ നഗരസഭ ലഭ്യമാക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ പ്രവർത്തനോദ്ഘാടനം ആലപ്പുഴ നഗരസഭയുമായി ആലോചിച്ച് നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

## കുപ്പിവെള്ളത്തിന്റെ വില

324 (2204) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളത്തിന്റെ വില കുറയ്ക്കുന്നതിൽ സർക്കാർ തികഞ്ഞ പരാജയമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വില കുറച്ചതിനുശേഷവും അതിന്റെ പ്രയോജനം നാളിതുവരെ പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) കുപ്പി വെള്ളത്തിന്റെ വില കുറയ്ക്കുന്നതിനായി നിയോഗിച്ച സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ്; പ്രസ്തുത സമിതി കുപ്പിവെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ജലലഭ്യത തീരെ കുറവായ തമിഴ്നാടിനെ മാതൃകയാക്കി വില കുറച്ച് കുപ്പിവെള്ളം വിപണനം നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) സിവിൽ സപ്ലൈസ് ഡയറക്ടർ, നികുതി, നിയമം, വ്യവസായം, ധനകാര്യം, ജലവിതരണം, ആരോഗ്യം, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ പ്രതിനിധികളും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിലെ പ്രതിനിധി, സിവിൽ സപ്ലൈസ് വകുപ്പിലെ ലാ ഓഫീസർ എന്നിവർ സമിതിയിലെ അംഗങ്ങളാണ്. പ്രസ്തുത സമിതി കുപ്പിവെള്ള കമ്പനി ഉടമകളുമായി ചർച്ച നടത്തുകയും റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.ഐ.ഐ.ഡി.സി. ഒരു ലിറ്റർ കുപ്പിവെള്ളത്തിന് (ഹില്ലി അക്വ) 15 രൂപ എം.ആർ.പി. നിരക്കിൽ വില്പന നടത്തിവരുന്നുണ്ട്.

**നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്**

325 (2206) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ലെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സോഷ്യൽ ഓഡിറ്റ് അഡ്വൈസറി കമ്മിറ്റിയും സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയും രൂപീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെയും സൊസൈറ്റിയുടെയും രൂപരേഖ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ആയതിലേക്ക് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ വകുപ്പ് 28(1),(2), സംസ്ഥാന ഭക്ഷ്യ ഭദ്രതാ ചട്ടം, 2018-ന്റെ ചട്ടം 49 എന്നിവയുടെ അടിസ്ഥാനത്തിൽ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, തിരുവനന്തപുരം ജില്ലയിൽ സോഷ്യൽ ഓഡിറ്റ് നടത്തിവരുന്നു. പൈലറ്റ് പ്രോജക്ട് സംബന്ധിച്ച അന്തിമ റിപ്പോർട്ട് മാർച്ച് 2019-ഓടുകൂടി സമർപ്പിക്കുന്നതിന് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആയതിന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കി 30-12-2015-ലെ സ.ഉ.(സാധാ) നമ്പർ 3906/15/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ച സോഷ്യൽ ഓഡിറ്റിംഗ് സൊസൈറ്റിയുമായി കൂടിയാലോചിച്ച് സംസ്ഥാനമൊട്ടാകെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ആലോചിച്ചുവരുന്നു. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസിന്റെ റിപ്പോർട്ടിന് ആനുപാതികമായി, കാര്യങ്ങൾ പരിശോധിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**അന്ത്യോദയ അന്നയോജന പദ്ധതി**

326(2207) <u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. വി. അബ്ദുറഹിമാൻ</u> :
<u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും പദ്ധതി പ്രകാരം കേന്ദ്രസർക്കാർ നടപ്പു സാമ്പത്തിക വർഷം എത്ര ടൺ അരിയാണ് അനുവദിച്ചിരിക്കുന്നതെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി മുൻ സർക്കാരിന്റെ കാലത്ത് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ കുടിശ്ശിക ആയി എത്ര തുകയാണ് കൊടുത്തുതീർക്കുവാൻ ഉണ്ടായിരുന്നതെന്നും ഇത് കൊടുത്ത് തീർക്കുവാൻ നിലവിലെ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 25-12-2000-ൽ ആരംഭിച്ച അന്ത്യോദയ അന്നയോജന (എ.എ.വൈ) പദ്ധതി ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ലും നിലനിർത്തി നടപ്പിലാക്കിവരുന്നുണ്ട്. ഗുണഭോക്താക്കൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യം പ്രതിമാസം സൗജന്യനിരക്കിൽ നൽകിവരുന്നു.

(ബി) മുൻഗണനാ വിഭാഗത്തെ തെരഞ്ഞെടുക്കുന്നതിനുള്ള ഒഴിവാക്കൽ മാനദണ്ഡങ്ങളിലുൾപ്പെടാത്ത, ആശ്രയ പദ്ധതിയിൽ അംഗങ്ങളായവർ, പട്ടികവർഗ്ഗ വിഭാഗം, കുടുംബത്തിൽ ആർക്കെങ്കിലും മാരകമായ രോഗങ്ങളായ എയ്ഡ്സ്, കാൻസർ, ഓട്ടിസം, ഗുരുതരമായ ശാരീരിക മാനസിക വെല്ലുവിളികൾ, സ്ഥിരമായ കുഷ്ഠം, എൻഡോസൾഫാൻ ബാധിതർ, ഡയാലിസിസിന് വിധേയരാകുന്നവർ, പക്ഷാഘാതംപോലുള്ള രോഗബാധയാൽ പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും തളർന്ന് ശയ്യാവലംബരായവരും നിർദ്ധനയും നിരാലംബയുമായ സ്ത്രീ ഗൃഹനാഥയായ കുടുംബം, വിധവ ഗൃഹനാഥയായ (21 വയസ്സിന് മുകളിൽ പ്രായമായ പുരുഷൻമാർ ഇല്ലാത്ത) കുടുംബങ്ങൾ, അവിവാഹിതയായ അമ്മ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീ എന്നിവരാൽ നയിക്കപ്പെടുന്ന കുടുംബങ്ങൾ എന്നിവരാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. പ്രസ്തുത പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷം 213089.88 മെ.ടൺ അരിയും 37145.7 മെ.ടൺ ഗോതമ്പുമുൾപ്പെടെ ആകെ 250235.58 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മാത്രമേ ഈ പദ്ധതി വിപുലീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) 2015-16 സാമ്പത്തിക വർഷത്തിൽ, എ.എ.വൈ. കമ്മീഷൻ ഇനത്തിൽ കുടിശ്ശികയുണ്ടായിരുന്ന 16 കോടി രൂപ നിലവിലെ സർക്കാർ അധികാരമേറ്റതിനു ശേഷം നൽകിയിട്ടുണ്ട്.

**വാതിൽപ്പടി റേഷൻ വിതരണ സമ്പ്രദായം**

327 (2208) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ വാതിൽപ്പടി റേഷൻ വിതരണ സമ്പ്രദായത്തിൽ റേഷൻ വിതരണത്തിനുള്ള ധാന്യവിഹിതം വ്യാപാരികൾക്ക് എപ്രകാരം എത്തിക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത് ഇപ്പോൾ ഏത് വിധത്തിലാണ് എത്തിക്കുന്നത്; വിശദമാക്കാമോ;

(ബി) വ്യാപാരികളെ ഗോഡൗണിലേക്ക് വിളിച്ചുവരുത്തി ധാന്യങ്ങൾ നൽകുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആവശ്യത്തിന് അളവുതൂക്ക യന്ത്രങ്ങളില്ലാത്തതാണ് വാതിൽപ്പടി റേഷൻ വിതരണം തടസ്സപ്പെടുന്നതിന് കാരണം എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ ഭദ്രതാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ വാതിൽപ്പടി റേഷൻ വിതരണ സമ്പ്രദായത്തിൽ ഭക്ഷ്യ ധാന്യങ്ങൾ റേഷൻ കടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം സപ്ലൈകോ ഏർപ്പെടുത്തിയ കടത്തുകരാറുകാരൻ മുഖേന കേരളത്തിലെ എല്ലാ റേഷൻ കടകളുടെയും വാതിൽപ്പടിയിൽ ഭക്ഷ്യധാന്യങ്ങൾ എത്തിച്ച് നൽകിവരുന്നു.

(ബി&സി) ഇല്ല.

**അതിവേഗം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി**

328 (2209) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട നിരവധി പേർ റേഷൻ കാർഡ് ഇല്ലാത്തതുമൂലം പദ്ധതി ഗുണഭോക്താക്കളാകാൻ കഴിയാതെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ റേഷൻ കാർഡിനുള്ള അപേക്ഷകൾ പരിശോധിച്ച് അതിവേഗം കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ലൈഫ് ഭവന പദ്ധതിയിൽ അംഗമാകുന്നതിനുവേണ്ടി ലഭിക്കുന്ന റേഷൻ കാർഡ് അപേക്ഷകൾക്ക് മുന്തിയ പരിഗണന നൽകി കാർഡ് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നിലമ്പൂർ മണ്ഡലത്തിൽ പുതുതായി അനുവദിച്ച റേഷൻകാർഡ്**

329 (2210) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ റേഷൻകാർഡ് ഇല്ലാതിരുന്ന എത്ര പേർക്ക് നിലവിലെ സർക്കാർ റേഷൻകാർഡ് അനുവദിച്ചെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നിലമ്പൂർ നിയോജകമണ്ഡലത്തിന് കീഴിൽ ഇതുവരെ വിതരണം ചെയ്ത റേഷൻ കാർഡുകളുടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത്/മുനിസിപ്പാലിറ്റി | റേഷൻ കാർഡുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവാലി | 499 |
| 2 | തുവ്വൂർ | 615 |
| 3 | പോരൂർ | 520 |
| 4 | വണ്ടൂർ | 700 |
| 5 | എടക്കര | 710 |
| 6 | ചുങ്കത്തറ | 682 |
| 7 | പോത്തുകൽ | 635 |
| 8 | വഴിക്കടവ് | 778 |
| 9 | കാളികാവ് | 853 |
| 10 | ചോക്കാട് | 513 |
| 11 | അമരമ്പലം | 531 |
| 12 | കരുവാരക്കുണ്ട് | 512 |
| 13 | മമ്പാട് | 543 |
| 14 | കരുളായി | 524 |
| 15 | ചാലിയാർ | 460 |
| 16 | നിലമ്പൂർ മുനിസിപ്പാലിറ്റി | 863 |
| | ആകെ | 9938 |

**കൽപ്പറ്റ മണ്ഡലത്തിലെ ബി.പി.എൽ. റേഷൻകാർഡുകൾക്കുള്ള അപേക്ഷകൾ**

330 (2211) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ വന്നതിനുശേഷം കൽപ്പറ്റ മണ്ഡലത്തിൽ എ.പി.എൽ. റേഷൻകാർഡുകൾ ബി.പി.എൽ. ആക്കി മാറ്റാൻ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വർഷം തിരിച്ച് കണക്കുകൾ നൽകാമോ;

(ബി) ഇത്തരത്തിൽ ലഭിച്ച എത്ര അപേക്ഷകളിൽ തീരുമാനമെടുത്തിട്ടുണ്ട്; ഇനി എത്ര എണ്ണത്തിൽ തീരുമാനമെടുക്കാനുണ്ട്;

(സി) എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ) മുൻഗണനാ കാർഡാക്കി മാറ്റുന്നതിനായി ആകെ ലഭിച്ച അപേക്ഷകൾ വർഷം തിരിച്ച് താഴെപ്പറയും പ്രകാരമാണ്:

| | |
|---|---|
| 2016 | 3227 |
| 2017 | 759 |
| 2018 | 196 |
| ആകെ | 4182 |

(ബി & സി)

| | |
|---|---|
| തീരുമാനമെടുത്ത അപേക്ഷകളുടെ ആകെ എണ്ണം | 3227 |
| മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയ അപേക്ഷകളുടെ എണ്ണം | 1199 |
| മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റാനുള്ളവയുടെ എണ്ണം | 691 |
| തീരുമാനമെടുക്കാൻ ബാക്കിയുള്ള അപേക്ഷകൾ | 955 |
| നിരസിച്ച അപേക്ഷകൾ | 1337 |

**റേഷൻ കടകളും ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യവും**

331 (2212) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ അനുവദിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുറമെ ഭിന്നശേഷിക്കാർക്കും പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിവരിക്കുമോ;

(സി) ലൈസൻസി മരിച്ചാൽ കടയുടെ ചുമതല ലൈസൻസിയുടെ ഭാര്യക്കോ മക്കൾക്കോ നൽകുന്ന റേഷനിംഗ് ഉത്തരവ് ഇക്കാര്യത്തിനായി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ & ബി) 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2(a) പ്രകാരം റേഷൻകടകളുടെ ലൈസൻസി നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് 5 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന് അർഹതപ്പെട്ട സംവരണം എ.ആർ.ഡി. നിയമനങ്ങളിൽ നൽകണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി മേൽവിഷയം സംബന്ധിച്ച് വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**തിരുവനന്തപുരം ജില്ലയിലെ താൽക്കാലിക റേഷൻ ഡിപ്പോകൾ**

332 (2213) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര താൽക്കാലിക റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്; അവയുടെ വിശദവിവരവും അവ ഓരോന്നും എന്ന് മുതൽ പ്രവർത്തനം ആരംഭിച്ചുവെന്നും അറിയിക്കുമോ;

(ബി) താല്ക്കാലിക റേഷൻ ഡിപ്പോകൾ അനുവദിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഹൈക്കോടതി ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് എത്ര റേഷൻ ഡിപ്പോകൾ അനുവദിച്ച് നൽകുവാനുണ്ടെന്ന് വിശദമാക്കുമോ;

(ഡി) ഒഴിവുള്ള റേഷൻ ഡിപ്പോകൾക്ക് താല്ക്കാലിക ലൈസൻസികളെ നിയമിച്ചത് എത്ര കാലത്തേക്കാണ്;

(ഇ) സ്ഥിരം ഡിപ്പോ നിയമനങ്ങൾക്കായി വിജ്ഞാപനം പുറപ്പെടുവിക്കാതെ താല്ക്കാലിക ലൈസൻസികളെ തുടരാനനുവദിക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(എഫ്) അടിയന്തരമായി താല്ക്കാലിക റേഷൻ ഡിപ്പോകളുടെ ലൈസൻസുകൾ റദ്ദ്ചെയ്ത് സ്ഥിര നിയമനത്തിനുള്ള വിജ്ഞാപനത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ 9 താൽക്കാലിക റേഷൻ ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്.

| താലൂക്ക് | എ.ആർ.ഡി. നമ്പർ | താൽക്കാലിക ലൈസൻസിയായി നിയമിക്കപ്പെട്ട തീയതി |
|---|---|---|
| സി.ആർ.ഒ. (എസ്.) | 174 | 22-1-2013 |
| സി.ആർ.ഒ.(എസ്.) | 232 | 31-7-2015 |
| സി.ആർ.ഒ.(എസ്.) | 191 | 22-1-2018 |
| തിരുവനന്തപുരം | 280 | 26-5-2015 |
| | 302 | 28-5-2015 |
| | 30 | 26-9-2016 |
| നെടുമങ്ങാട് | 341 | 10-8-2008 |
| വർക്കല | 127(78) | 9-6-2014 |
| | 314(75) | 27-3-2017 |

(ബി) 1966-ലെ കേരള റേഷനിംഗ് ഓർഡർ ക്ലോസ് 45(b) പ്രകാരം സ്ഥിര നിയമനം സാധിക്കാതെ വരികയാണെങ്കിൽ റേഷൻ വിതരണത്തിന് തടസ്സമുണ്ടാകാതിരിക്കാൻ താൽക്കാലിക ലൈസൻസിയെ നിയമിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(സി) ഹൈക്കോടതി ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് റേഷൻ ഡിപ്പോകൾ അനുവദിക്കാനില്ല.

(ഡി) ആറ് മാസത്തേയ്ക്കാണ് താൽക്കാലിക ലൈസൻസികളെ നിയമിക്കുന്നത്.

(ഇ) സ്ഥിരം ലൈസൻസിയെ നിയമിക്കുന്നതിന് ഏതെങ്കിലും കാരണവശാൽ കാലതാമസം നേരിടുകയോ സസ്പെന്റ് ചെയ്യപ്പെട്ട ലൈസൻസികൾക്കെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പുകൽപ്പിക്കാത്ത സാഹചര്യത്തിലോ താൽക്കാലിക ലൈസൻസികളെ തുടരാൻ അനുവദിക്കാറുണ്ട്.

(എഫ്) 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2 (a) പ്രകാരം പട്ടികജാതിക്കാർക്ക് 8 ശതമാനവും പട്ടിക വർഗ്ഗക്കാർക്ക് 2 ശതമാനവും റേഷൻ കടകളുടെ ലൈസൻസി നിയമനത്തിൽ സംവരണം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം എ.ആർ.ഡി. നിയമനങ്ങളിൽ നൽകണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുണ്ട്.

**പുതിയ റേഷൻ വിതരണ സമ്പ്രദായം**

333 (2214) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ഏർപ്പെടുത്തിയിട്ടുള്ള റേഷൻ വിതരണ സമ്പ്രദായം കുറ്റമറ്റരീതിയിൽ നടക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുള്ള പരിശോധനാ സംവിധാനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

ഫർക്കതലത്തിൽ റേഷനിംഗ് ഇൻസ്പെക്ടറും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറും രണ്ട് മേഖലകളിലായി 2 ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരും ഇതിനുപരിയായി വിജിലൻസ് വിഭാഗവും അതിഗൗരവമായ പരാതി ലഭിക്കുകയാണെങ്കിൽ റേഷനിംഗ് കൺട്രോളറും പരിശോധന നടത്തുന്നുണ്ട്. ചില പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ തലത്തിലും പരിശോധന നടത്താറുണ്ട്.

**റേഷൻ സാധനങ്ങളുടെ ഓൺലൈൻ വിൽപ്പന**

334 (2215) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വിൽപ്പന ഓൺലൈനാക്കിയതുമൂലം സബ്സിഡി ബാദ്ധ്യത കുറക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഓൺലൈൻ സിസ്റ്റത്തിലെ സാങ്കേതിക തകരാറുകളോ വേഗതക്കുറവോ നിമിത്തം ഗ്രാമപ്രദേശങ്ങളിൽ വളരെയധികം സമയം സാധാരണക്കാർ ക്യൂ നിൽക്കേണ്ട സാഹചര്യം നിലവിലുണ്ടോ;

(സി) ഇത്തരം പോരായ്മകൾ പരിഹരിച്ച് ഓൺലൈൻ വിൽപ്പന കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഇ-പോസ് മുഖേന റേഷൻ വിതരണം ചെയ്യുന്നതിനാൽ സബ്സിഡി കുറഞ്ഞിട്ടില്ല.

(ബി & സി) ചില ഒറ്റപ്പെട്ട സന്ദർഭങ്ങളിൽ സാങ്കേതിക പ്രശ്നംമൂലം വിതരണത്തിന് ലഘുവായ താമസം നേരിടാറുണ്ട്. ആയത് ഉടൻതന്നെ പരിഹരിക്കപ്പെടാറുണ്ട്. ആയതിനാൽ റേഷൻ വാങ്ങുന്നതിനായി ക്യൂ നിൽക്കേണ്ട സാഹചര്യം നിലവിലില്ല.

**റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം**

335 (2216) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനം കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സംവിധാനത്തിന്റെ മേന്മകളും പോരായ്മകളും വിശദമാക്കാമോ;

(സി) വാതിൽപ്പടി വിതരണ സംവിധാനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസ്സുകൾ/പരാതികൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 75 താലൂക്കുകളിലെ 225 ഗോഡൗൺ വഴി റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നു.

(ബി) വാതിൽപ്പടി വിതരണ സംവിധാനം നടപ്പാക്കിയതോടെ പൊതുവിതരണരംഗം കൂടുതൽ കാര്യക്ഷമവും അഴിമതിരഹിതവും സുതാര്യവുമാകുകയും റേഷൻ വ്യാപാരികൾക്ക് കൃത്യമായ തൂക്കത്തിൽ ലഭിക്കുന്ന സാധനങ്ങൾ ശരിയായ അളവിൽ കാർഡ് ഉടമകൾക്ക് വിതരണം ചെയ്യാനും സാധിക്കുന്നു.

(സി) കേസുകളോ പരാതികളോ നിലവിലില്ല.

**റേഷൻ ഉൽപ്പന്നങ്ങളുടെ വിതരണം**

336 (2217) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര താലൂക്ക് സപ്ലൈ ആഫീസ് പരിധിയിലെ ഉപഭോക്താക്കൾക്ക് റേഷൻ ഉൽപ്പന്നങ്ങൾ കൃത്യസമയത്ത് എത്തിച്ചു നൽകുന്നതിൽ വിതരണത്തിന്റെ കരാർ എടുത്തിരിക്കുന്ന വ്യക്തി വീഴ്ചവരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

ഉണ്ട്. വീഴ്ചവരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പകരം താൽക്കാലിക സംവിധാനം ഏർപ്പെടുത്തി വാതിൽപ്പടി വിതരണം സുഗമമായി നടത്തിയിട്ടുണ്ട്.

**റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി**

337 (2218) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ റേഷൻ ക്ഷാമം വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതൊഴിവാക്കുന്നതിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ;

(ബി) ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളുടെ വാതിൽപ്പടിയിൽ എത്തിച്ച് ഇറക്കി നൽകുന്നതിൽ വ്യാപാരികളും കരാറുകാരും തമ്മിൽ തർക്കങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരമുള്ള തർക്കങ്ങൾ റേഷൻ മുടങ്ങാൻ സാഹചര്യമൊരുക്കുന്നുവെന്നത് വിലയിരുത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കാൻ അടിയന്തര നടപടി കൈക്കൊള്ളുമോ;

(ഡി) ഓരോ മാസത്തെയും റേഷൻ വിഹിതം ഏതുദിവസത്തിന് മുമ്പായി കടകളിൽ എത്തിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്; ഇപ്പോൾ എന്നാണ് കടകളിൽ റേഷൻ ലഭ്യമാകുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) പല കടകളിലും സമയത്ത് റേഷൻ ധാന്യങ്ങൾ എത്താത്തതിനാൽ ഉപഭോക്താക്കൾക്ക് റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ ഈ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത സാഹചര്യം നിലവിലില്ല.

(ബി) ചില ഒറ്റപ്പെട്ട പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിച്ചിട്ടുമുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എല്ലാ മാസവും 15-ാം തീയതിക്ക് മുമ്പായി വാതിൽപ്പടി വിതരണം പൂർത്തിയാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിൽ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിച്ചിരുന്നു. ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) വാതിൽപ്പടി വിതരണത്തിന് കാലതാമസം നേരിടുന്ന താലൂക്കുകളിൽ ഉപഭോക്താക്കൾക്കുള്ള റേഷൻ വിതരണത്തിന്റെ തീയതി നീട്ടിനൽകാറുണ്ട്. ആയതിനാൽ റേഷൻ നിഷേധിക്കപ്പെടുന്ന സാഹചര്യം നിലവിലില്ല.

## ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ

338 (2219) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസിന്റെ ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമായി പോകുന്നുവെന്ന മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം റേഷൻ വിതരണത്തിനുള്ള ധാന്യങ്ങൾ ഉപയോഗശൂന്യമായി പോകുന്നതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) റേഷൻ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. തൃശ്ശൂർ താലൂക്കിലെ റേഷൻ കടകളിൽ ഡിസംബർ മാസത്തിൽ വിതരണത്തിന് നൽകിയ ഭക്ഷ്യധാന്യങ്ങൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കി വിതരണയോഗ്യമല്ലാത്ത സ്റ്റോക്ക് കടകളിൽ നിന്നും തിരിച്ചെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. ഗോഡൗണുകളുടെ അപര്യാപ്തതയും ശാസ്ത്രീയമായി സ്റ്റോക്ക് ചെയ്യുന്നതിനുള്ള പരിമിതിയുംമൂലം സ്റ്റോക്ക് വിതരണത്തിലെ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാതെ വരുന്നുണ്ട്.

(സി) ശാസ്ത്രീയ സൗകര്യങ്ങളുള്ള ഗോഡൗണുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യധാന്യങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് ക്വാളിറ്റി അഷ്വറൻസ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിശ്ചിത സമയക്രമത്തിൽ പരിശോധന നടത്തിവരുന്നു. ആവശ്യമെങ്കിൽ ഫ്യൂമിഗേഷൻ ഉൾപ്പെടെയുള്ള ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിച്ച് സ്റ്റോക്കിന്റെ ഗുണമേന്മ നിലനിർത്തുന്നു.

## സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റുകൾ

339 (2220) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ സംസ്ഥാനത്ത് എത്ര പുതിയ സിവിൽ സപ്ലൈസ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാം എന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ വന്നതിനുശേഷം പുതിയ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടില്ല.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനം

340 (2221) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കുന്ന ജീവനക്കാരെ അവരുടെ ലീൻ അനുസരിച്ച് അതത് ജില്ലകളിൽ നിയമിക്കുന്നുണ്ടോ;

(ബി) ഡെപ്യൂട്ടേഷൻ നിയമനത്തിൽ മാനദണ്ഡം പാലിക്കാത്തത് അഴിമതി ആരോപണങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സപ്ലൈകോയുടെ ഹെഡ് ഓഫീസിലും മേഖലാ ഓഫീസുകളിലും ഡിപ്പോകളിലും വരുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കപ്പെടുന്ന ജീവനക്കാരെ നിയമിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനം

341 (2222) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ വിവിധ തസ്തികകളിലായി 1295 ഒഴിവുകളിലേക്ക് സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നത് ഏത് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ നിയമനം അവസാനിപ്പിക്കണമെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

### ഉത്തരം

(എ) 30-12-2001-ലെ സ.ഉ.(കൈ) നമ്പർ 57/2000/ഭ.പൊ.വി.വ. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സപ്ലൈകോയുടെ പ്രവർത്തനങ്ങൾ

342(2223) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ 2017-18 വർഷത്തെ മൊത്തം വിറ്റുവരവ് എത്രയാണ്; മാവേലി, നോൺ മാവേലി ഇനങ്ങളുടെ വിൽപ്പനയുടെ കണക്ക് വിശദമാക്കാമോ;

(ബി) നിലവിൽ എന്തെല്ലാം സർക്കാർ പദ്ധതികളാണ് സപ്ലൈകോ വഴി നടപ്പാക്കുന്നത്; ഇതിന് എത്ര രൂപ ചെലവ് വരുന്നുണ്ട്;

(സി) സപ്ലൈകോയ്ക്ക് 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ട്; സബ്സിഡി ഇനത്തിൽ സർക്കാർ എത്ര രൂപ നല്കിയിട്ടുണ്ട്; ലാഭമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും നഷ്ടമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും, അത് എത്രയെന്നും വിശദമാക്കാമോ;

(ഡി) സപ്ലൈകോ ഏതെല്ലാം പുതിയ മേഖലകളിലേയ്ക്കാണ് പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സപ്ലൈകോയുടെ കീഴിൽ ന്യായവിലയ്ക്ക് ഭക്ഷണം നൽകുന്നതിന് ഹോട്ടലുകൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) സപ്ലൈകോയുടെ 2017-18 വർഷത്തെ മൊത്തം (ഓഡിറ്റിനു മുമ്പ്) വിറ്റുവരവ് 4,263.58 കോടി രൂപയാണ്. മാവേലി ഇനങ്ങളുടെ ആകെ വിറ്റുവരവ് 1,136.63 കോടി രൂപയും നോൺ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1,160.31 കോടി രൂപയുമാണ്.

(ബി) അവശ്യ ഭക്ഷ്യവസ്തുക്കളുടെ പൊതുവിപണിയിലെ വില നിയന്ത്രണ വിധേയമാക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന വിപണി ഇടപെടൽ പദ്ധതിയും തീരദേശത്തെ സ്ത്രീകളുടെ ഉന്നമനത്തിനുവേണ്ടിയുള്ള തീരമൈത്രി സൂപ്പർ മാർക്കറ്റ് പദ്ധതിയും സപ്ലൈകോവഴി നടപ്പിലാക്കുന്ന സർക്കാർ പദ്ധതികളാണ്. കൂടാതെ കേന്ദ്ര ഭക്ഷ്യ ഭദ്രതാ നിയമം, 2013 പ്രകാരം വാതിൽപ്പടി വിതരണത്തിനായുള്ള നോഡൽ ഏജൻസിയായും സപ്ലൈകോ പ്രവർത്തിക്കുന്നു.

വിപണിയിടപെടലിനുവേണ്ടി 2017-18 സാമ്പത്തിക വർഷം 431.60 കോടി രൂപയും 2018-19 സാമ്പത്തിക വർഷം (നവംബർ മാസം വരെ) 210.49 കോടി രൂപയും സബ്സിഡി ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. തീരമൈത്രി സൂപ്പർ

മാർക്കറ്റ് പദ്ധതിയുടെ ഭാഗമായി തീരമാവേലി യൂണിറ്റുകൾക്ക് ഡിസ്കൗണ്ട് നിരക്കിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്ത വകയിൽ 2017-18 സാമ്പത്തിക വർഷം 40.87 ലക്ഷം രൂപയും 2018-19 സാമ്പത്തിക വർഷം (സെപ്റ്റംബർ മാസം വരെ) 31.67 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. വാതിൽപ്പടി വിതരണത്തിന്റെ ഭാഗമായി റേഷൻ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ. ഡിപ്പോകളിൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ശേഖരിച്ച് റേഷൻ കടകളിലേയ്ക്ക് വിതരണം ചെയ്ത ഇനത്തിൽ പ്രതിമാസം ഏകദേശം 20 കോടി രൂപയോളം സപ്ലൈകോ ചെലവഴിക്കുന്നുണ്ട്.

(സി) പ്രൊവിഷണൽ ലാഭനഷ്ട കണക്ക് പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ നഷ്ടം 135.0615 കോടി രൂപയാണ്. വിപണി ഇടപെടലിനുവേണ്ടി 2017-18 സാമ്പത്തിക വർഷം 200 കോടി രൂപ സർക്കാർ നൽകിയിട്ടുണ്ട്. വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിയ വകയിൽ 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 431.60 കോടി രൂപയുടെ നഷ്ടവും തീരമൈത്രി സൂപ്പർ മാർക്കറ്റ് പദ്ധതിയുടെ ഭാഗമായി തീരമാവേലി യൂണിറ്റുകൾക്ക് ഡിസ്കൗണ്ട് നിരക്കിൽ സാധനങ്ങൾ നൽകിയ വകയിൽ 2017-18 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് 40.87 ലക്ഷം രൂപയുടെ നഷ്ടവുമാണ് ഉണ്ടായിട്ടുള്ളത്.

(ഡി) ഗൃഹോപകരണ മേഖലയിലേയ്ക്ക് പ്രവർത്തനം വിപുലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കരുനാഗപ്പള്ളി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകൾ വഴിയും കൊട്ടാരക്കര, പുത്തനമ്പലം, ചാലക്കുടി, മാള എന്നിവിടങ്ങളിലെ സൂപ്പർമാർക്കറ്റുകൾ വഴിയും തൃശ്ശൂരിലെ പീപ്പിൾ ബസാർ വഴിയും ഗൃഹോപകരണ സാമഗ്രികൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സപ്ലൈകോ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ന്യായവില ഹോട്ടലുകൾ ആരംഭിക്കുന്നതിന് പദ്ധതി ഉണ്ടായിരുന്നെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. ഭക്ഷണത്തിന് വകയില്ലാത്ത വിശക്കുന്നവർക്കെല്ലാം ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുന്നതിന് 'വിശപ്പ് രഹിത കേരളം' പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

## സപ്ലൈകോയിലെ ഡെപ്യൂട്ടേഷൻ നിയമനം

343 (2224) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് തസ്തികകളുടെ വിദ്യാഭ്യാസ യോഗ്യത വ്യക്തമാക്കാമോ;

(ബി) നിശ്ചിത വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർക്ക് ഡെപ്യൂട്ടേഷൻ വഴി നിയമനം നൽകുന്നത് സപ്ലൈകോയുടെ കാര്യക്ഷമത ഇല്ലാതാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് നേരിട്ടുള്ള നിയമനം നടത്തുന്നില്ല. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയിൽ നിന്നുള്ള ബൈട്രാൻസ്ഫർ നിയമനവും സീനിയർ അസിസ്റ്റന്റ്-II തസ്തികയിലേയ്ക്ക് ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ നിയമനവും സീനിയർ അസിസ്റ്റന്റ്-I തസ്തികയിലേയ്ക്ക് സീനിയർ അസിസ്റ്റന്റ്-II തസ്തികയിൽ നിന്നുള്ള പ്രൊമോഷൻ നിയമനവുമാണ് നടത്തുന്നത്. ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന് S.S.L.C പാസ് അല്ലെങ്കിൽ തത്തുല്യയോഗ്യതയാണ് വിദ്യാഭ്യാസ യോഗ്യത. സീനിയർ അസിസ്റ്റന്റ്-II, സീനിയർ അസിസ്റ്റന്റ്-I തസ്തികകളിലെ പ്രൊമോഷൻ നിയമനത്തിന് പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിച്ചിട്ടില്ല.

(ബി) സിവിൽ സപ്ലൈസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖാന്തരം നിയമനം ലഭിച്ച് സപ്ലൈകോയിൽ ജോലിയിൽ പ്രവേശിക്കുന്നവർ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവരാണ്.

**പാവറട്ടി സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ നവീകരണം**

344 (2225) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി സപ്ലൈകോ സൂപ്പർമാർക്കറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സൂപ്പർമാർക്കറ്റിന്റെ നവീകരണത്തിന് എത്ര തുക അനുവദിച്ചുവെന്നും ഏത് ഏജൻസിയാണ് പ്രവൃത്തികൾ ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(സി) നവീകരണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) മണലൂർ മണ്ഡലത്തിലെ പാവറട്ടി സൂപ്പർ മാർക്കറ്റ് നവീകരണത്തിനായി 4,54,314 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾക്ക്

അനുമതി നൽകിയിട്ടുണ്ട്. സപ്ലൈകോയുടെ നിലവിലെ അംഗീകൃത ഫർണിഷിംഗ് കരാറുകാരായ M/s സാറാ ഇംപോർട്ട് & എക്സ്പോർട്ട് കമ്പനിയാണ് ടി പ്രവൃത്തികൾ നടത്തിവരുന്നത്. നവീകരണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്, ആയത് പൂർത്തിയാക്കി ഔട്ട്ലെറ്റിന്റെ പ്രവർത്തനം ഉടൻതന്നെ പുനരാരംഭിക്കാൻ കഴിയുമെന്ന് കരുതുന്നു.

**സപ്ലൈകോ ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്ക് ഈടാക്കുന്ന മാർജിൻ**

345 (2226) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട ഉല്പാദകർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾ സപ്ലൈകോ വഴി വിൽക്കുന്നുണ്ടോ;

(ബി) അവരുടെ ഉല്പന്നങ്ങൾക്ക് ആവശ്യമായ പരിഗണന ലഭിക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്ക് 18 മുതൽ 42 ശതമാനം വരെ മാർജിൻ ഈടാക്കുമ്പോൾ മൾട്ടി നാഷണൽ കമ്പനികളുടെ ഉല്പന്നങ്ങൾക്ക് നാമമാത്രമായ മാർജിൻ മാത്രം ഏർപ്പെടുത്തിയതിലൂടെ രണ്ട് തരം നീതി നടപ്പിലാക്കുന്നുവെന്നതിനാൽ ചെറുകിട ഉല്പാദകരുടെ ഉല്പന്നങ്ങൾക്ക് മാർജിൻ കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഓരോ വിൽപ്പനശാലയിലെയും വിൽപ്പനയും ഉപഭോക്താക്കളുടെ ആവശ്യകതയും കണക്കിലെടുത്ത് മൾട്ടിനാഷണൽ കമ്പനികളെന്നോ ചെറുകിട സംരംഭകരെന്നോ വ്യത്യാസമില്ലാതെ ഉൽപ്പന്നങ്ങൾ വാങ്ങുന്നുണ്ട്.

(സി) ഉപഭോക്താക്കൾക്ക് പൊതുവിപണി വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നതിനായി മൾട്ടിനാഷണൽ കമ്പനികളെന്നോ ചെറുകിട സംരംഭകരെന്നോ വ്യത്യാസമില്ലാതെ എല്ലാ കമ്പനികളോടും പൊതുവിപണിയിലേക്കാൾ കൂടുതൽ മാർജിൻ ആവശ്യപ്പെടുന്നു.

## പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം

346 (2227) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ സിവിൽ സപ്ലൈസിന്റെ നെല്ല് സംഭരണത്തിന് മില്ലുടമകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാർ പ്രകാരം കൊയ്ത്ത് കഴിഞ്ഞ നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള കൂലി മില്ലുടമകൾ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള കൂലി കർഷകർ തന്നെ വഹിക്കേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നതിനായി സപ്ലൈകോ സംസ്ഥാനം മുഴുവൻ ബാധകമാകുന്ന തരത്തിലാണ് മില്ലുകളുമായി കരാർ ഒപ്പുവയ്ക്കുന്നത്. പാലക്കാട് ജില്ലയ്ക്ക് മാത്രമായി കരാർ ഉണ്ടാക്കിയിട്ടില്ല.

(ബി & സി) സപ്ലൈകോ മില്ലുടമകളുമായുണ്ടാക്കിയ കരാർ പ്രകാരം നെല്ല് വാഹനത്തിൽ കയറ്റുന്നതിനുള്ള ന്യായമായ ചെലവ് മില്ലുകാർ വഹിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കരാർ പ്രകാരം മില്ലുകാർ ചെയ്യേണ്ട ജോലി മില്ലുകാരും കർഷകർ ചെയ്യേണ്ട ജോലി കർഷകരുമാണ് ചെയ്യേണ്ടത്. നെല്ല് കയറ്റുന്ന ജോലി കർഷകരെക്കൊണ്ട് ചെയ്യിക്കുകയാണെങ്കിൽ ആയതിനുള്ള കൂലിയായി സപ്ലൈകോ നൽകുന്ന ക്വിന്റലിന് 12 രൂപ കർഷകർക്ക് നൽകണമെന്ന് മില്ലുകാരോട് നിർദ്ദേശിച്ചിട്ടുള്ളതും അധികമായി കർഷകരെകൊണ്ട് ജോലി ചെയ്യിപ്പിക്കുക യാണെങ്കിൽ ആയതിനുള്ള ന്യായമായ കൂലിയും കർഷകർക്ക് നൽകണമെന്ന് മില്ലുകാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

## കരുനാഗപ്പള്ളി ഹൈപ്പർ മാവേലിസ്റ്റോറിൽ ഗൃഹോപകരണ വിപണന കേന്ദ്രം

347 (2228) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഹൈപ്പർ മാവേലി സ്റ്റോറിൽ ഗൃഹോപകരണങ്ങൾ വിപണനം ചെയ്യുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം വിഭാഗത്തിലുള്ള ഉല്പന്നങ്ങളാണ് ഇവിടെ വിപണനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇവയുടെ വില്പനാനന്തര സേവനങ്ങൾക്കുള്ള സംവിധാനം ഏർപ്പെടുത്തുമോ; വിശദീകരിക്കുമോ;

(സി) സാധാരണക്കാർക്ക് ആവശ്യമായ ഗൃഹോപകരണങ്ങളുടെ വിപുലമായ ശേഖരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ മാവേലി ഗൃഹോപകരണ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഫാൻ, മിക്സി, അടുക്കള പാത്രങ്ങൾ, ഇലക്ട്രിക് ഉപകരണങ്ങൾ മുതലായ ഗൃഹോപകരണങ്ങൾ വിപണനം നടത്തുന്നതിന് പ്രമുഖ കമ്പനികളുമായി ധാരണയായിട്ടുണ്ട്.

(ബി) കമ്പനികൾ നൽകുന്ന വാറണ്ടി, ഗ്യാരണ്ടി മുതലായവയും മറ്റ് വിൽപ്പനാനന്തര സേവനങ്ങളും ലഭ്യമാക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബജാജ് ഇലക്ട്രിക്കൽസ് ലിമിറ്റഡ്, ഹാവൽസ് ഇന്ത്യ ലിമിറ്റഡ്, റ്റി.റ്റി.കെ. പ്രസ്റ്റീജ് ലിമിറ്റഡ്, കൊട്ടാരം ട്രേഡിംഗ് കമ്പനി, പ്രൈമക്സ് ഹോം അപ്ലൈയൻസസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഇന്നോവേറ്റീവ് ടെക്നോളജീസ് (IBEL) എന്നീ പ്രമുഖ കമ്പനികളുമായി ധാരണയാവുകയും അവരുടെ ഉല്പന്നങ്ങൾ ഏറ്റവും കുറഞ്ഞ വിലയിൽ വിപണനത്തിനായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ഡി) തിരുവനന്തപുരം, കരുനാഗപ്പള്ളി, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ ഹൈപ്പർ മാർക്കറ്റുകളിലും കൊട്ടാരക്കര, പുത്തനമ്പലം, ചാലക്കുടി, മാള എന്നിവിടങ്ങളിലെ സൂപ്പർ മാർക്കറ്റുകളിലും തൃശ്ശൂരിലെ പീപ്പിൾ ബസാറിലും ഗൃഹോപകരണ സാമഗ്രികൾ വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ് നിയമനം**

348 (2229) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ സി.എഫ്.ആർ.ഡി.യിൽ എത്ര ജീവനക്കാരുണ്ട്; ഇതിൽ സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡയറക്ടർ നിയമനം സംബന്ധിച്ച് വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഡയറക്ടറുടെ നിയമന രീതി വ്യക്തമാക്കുമോ; നിലവിലെ ഡയറക്ടറെ നിയമിച്ച രീതി വ്യക്തമാക്കുമോ; പ്രസ്തുത നിയമന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ജീവനക്കാരില്ലാത്തതിനാൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ യഥാവിധി നടക്കുന്നില്ലെന്ന ആക്ഷേപം പരിശോധിക്കുമോ;

(ഇ) ഡയറക്ടറുടെ തസ്തികയിൽ താൽക്കാലിക നിയമനം നല്കിയിട്ടുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സി.എഫ്.ആർ.ഡി.-യിൽ ആകെ 37 ജീവനക്കാരുണ്ട്. ഇതിൽ ഒരാൾ സ്ഥിരവും മറ്റ് 36 പേർ താൽക്കാലിക ജീവനക്കാരുമാണ്.

(ബി) ഡയറക്ടറുടെ തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിലേയ്ക്ക് ടി തസ്തികയുടെ യോഗ്യത പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഡയറക്ടറെ നേരിട്ടോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷനിലോ നിയമിക്കുകയാണ് നിലവിലെ രീതി. നിലവിൽ ഡയറക്ടർ തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ഡി) ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡയറക്ടറുടെ തസ്തികയിൽ താൽക്കാലിക നിയമനം നടത്തിയിട്ടില്ല. നിലവിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് ഡയറക്ടറുടെ അധിക ചുമതല നൽകിയിരിക്കുകയാണ്.

**കനകദുർഗ്ഗയുടെ അവധി അപേക്ഷാ വിവരങ്ങൾ**

349 (2230) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കഴിഞ്ഞ മകരവിളക്ക് സമയത്ത് സന്നിധാനത്ത് എത്തിയതായി പറയപ്പെടുന്ന ശ്രീമതി കനകദുർഗ്ഗ സിവിൽ സപ്ലൈസ് കോർപ്പറേഷൻ/വകുപ്പിലെ ജീവനക്കാരിയാണോ;

(ബി) എങ്കിൽ അവർ ഏതു തരം ലീവ്, എത്ര ദിവസത്തേക്ക് എടുത്താണ് സന്നിധാനത്തേക്ക് പോയത്;

(സി) അവർ കർണ്ണാടക സംസ്ഥാനത്ത് ഒളിച്ചുതാമസിച്ചിരുന്നതായ മാധ്യമ വാർത്ത ശരിയെങ്കിൽ സർക്കാർ ജീവനക്കാരി എന്ന നിലയ്ക്ക് സംസ്ഥാനം വിട്ടുപോകുന്നതിന് മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരുന്നോ; അനുമതി ചോദിച്ചുകൊണ്ടുള്ള അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷ ശിപാർശ ചെയ്ത മേലുദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും ലഭ്യമാക്കുമോ;

(ഇ) ശ്രീമതി കനകദുർഗ്ഗ തിരികെ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; എങ്കിൽ തിരികെ ജോലിയിൽ പ്രവേശിപ്പിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) മെഡിക്കൽ ലീവിനാണ് അപേക്ഷ നൽകിയിരുന്നതെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകിയ ഡോക്ടറുടെ പേരും മേൽവിലാസവും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ ജീവനക്കാരിയാണ്.

(ബി) ലീവിന് അപേക്ഷിച്ചിട്ടുണ്ട്. വ്യക്തിപരമായ കാരണങ്ങളാൽ 22-12-2018 മുതൽ 15-1-2019 വരെയും ചികിത്സാർത്ഥം 16-1-2019 മുതൽ 28-1-2019 വരെയും അർദ്ധവേതന അവധിക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അവധി അപേക്ഷ 4-2-2019-നാണ് സമർപ്പിച്ചിട്ടുള്ളത്.

(സി&ഡി) സംസ്ഥാനം വിട്ടുപോകുന്നതിന് മുൻകൂർ അനുമതിക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതും അനുമതി നൽകിയിട്ടില്ലാത്തതുമാകുന്നു.

(ഇ) 29-1-2019-ന് ജോലിക്ക് ഹാജരായിട്ടുണ്ടെങ്കിലും ലീവ് അനുവദിക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ ഫോറവും അനുബന്ധ രേഖകളും 4-2-2019-ൽ മാത്രമാണ് സമർപ്പിച്ചിട്ടുള്ളത്. അവധി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിലെ ഡോക്ടറുടെ പേര് Dr. K. C. സോമൻ, മെഡിക്കൽ ഓഫീസർ, മെഡിക്കൽ കോളേജ്, കോഴിക്കോട്. മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**നെല്ല് സംഭരണം**

350 (2231) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണം നിലവിൽ ഏത് വകുപ്പാണ് കൈകാര്യം ചെയ്യുന്നത് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത വിഷയം സഹകരണ വകുപ്പിന് കൈമാറ്റം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടിയുടെ കാരണം അറിയിക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വികേന്ദ്രീകരണ ധാന്യസംഭരണ സംസ്കരണ പദ്ധതിപ്രകാരം ഭക്ഷ്യ പൊതുവിതരണ വകുപ്പാണ് നെല്ല് സംഭരണം കൈകാര്യം ചെയ്യുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷനാണ് നിർവ്വഹണ ഏജൻസി.

(ബി) ഇല്ല.

**നെല്ല് സംഭരണം**

351 (2232) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ എത്ര മെട്രിക് ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തിയാൽ എത്ര ശതമാനം വർദ്ധനവാണ് നെല്ല് സംഭരണത്തിൽ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നെല്ല് സംഭരിക്കുമ്പോൾ ക്വിന്റലിന് എത്ര രൂപയാണ് കർഷകന് നൽകുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 സാമ്പത്തിക വർഷത്തിൽ 31-1-2019 വരെ 297240 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ബി) 6.9% വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) ക്വിന്റലിന് 2530 രൂപ നിരക്കിലാണ് നെല്ല് സംഭരണം നടത്തുന്നത്.

**റേഷൻ വിതരണവും കരാറുകാരും**

352 (2233) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവർ തകരാറും വാതിൽപ്പടി വിതരണം സംബന്ധിച്ച തർക്കങ്ങളുംമൂലം സംസ്ഥാനത്ത് റേഷൻ വിതരണം നിരന്തരം താറുമാറാകുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ബി) ഗോഡൗണിൽ നിന്ന് റേഷൻ കടകളിലേക്ക് സാധനങ്ങൾ എത്തിക്കുമ്പോൾ അവ തൂക്കി നൽകണമെന്ന് ചട്ടമുണ്ടോ; ഇതിനായി ഒരു നിശ്ചിത തുക കരാറുകാർക്ക് സർക്കാർ നൽകുന്നുണ്ടോ;

(സി) എങ്കിൽ ഈ തുക കൈപ്പറ്റിയിട്ടും റേഷൻ കടക്കാരെ ഇക്കാം ബോദ്ധ്യപ്പെടുത്താൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) കരാറുകാരും ഉദ്യോഗസ്ഥരും ചേർന്ന് ഗോഡൗണുകളിൽ നിന്ന് അരി മോഷ്ടിക്കുന്നതായി വിജിലൻസ് കണ്ടെത്തുകയുണ്ടായോ;

(ഇ) പ്രതിമാസം 50 കോടിയോളം രൂപയുടെ ഭക്ഷ്യധാന്യം ഗോഡൗണുകളിൽ നിന്ന് കരിഞ്ചന്തയിലെത്തുന്നതായ റിപ്പോർട്ടുകൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയം ഗതാഗത സംവിധാനത്തെയും ധാന്യ സംഭരണശാലകളെയും ബാധിച്ച അവസരത്തിലും ചില സ്ഥലങ്ങളിൽ തൊഴിലാളി പ്രശ്നങ്ങളും ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ട് പുതുക്കുന്ന നടപടികളിലുണ്ടായ താമസവും വാതിൽപ്പടി വിതരണത്തെ ബാധിച്ചിരുന്നു. ഇപ്രകാരമുണ്ടായ കാലതാമസം തുടർന്നുള്ള മാസങ്ങളിൽ പരിഹരിച്ച് നിശ്ചിത സമയത്തിനുള്ളിൽത്തന്നെ ഭക്ഷ്യധാന്യ വിട്ടെടുപ്പും വിതരണവും പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഇത് പരിഗണിച്ചാണ് കോൺട്രാക്ട് നിശ്ചയിക്കുന്നത്.

(സി&ഡി) ഇല്ല.

(ഇ) ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെ ഒഴിവുകൾ**

353 (2234) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലും മെമ്പർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; എന്നു മുതലാണ് പ്രസ്തുത ഒഴിവുകൾ നിലവിൽ വന്നത്; ജില്ല തിരിച്ചുള്ള വിവരം വെളിപ്പെടുത്തുമോ;

(ബി) ഓരോ ജില്ലയിലേയ്ക്കുമുള്ള ഒഴിവുകളിൽ എത്ര അപേക്ഷകൾ വീതം ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലുമായി മെമ്പർമാരുടെ 22 ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, വയനാട് എന്നീ ഉപഭോക്തൃ ഫോറങ്ങളിലെ വനിത അംഗങ്ങളുടെ ഒഴിവുകളിലേയ്ക്ക് മാത്രമേ 14 ജില്ലാ കളക്ടർമാരിൽനിന്നും അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടുള്ളൂ. പ്രസ്തുത ഒഴിവുകളിൽ യഥാക്രമം 10, 34, 11, 10, 12 വീതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിനായി അഭിമുഖം നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ശേഷിക്കുന്ന ഒഴിവുകളിൽ എല്ലാ ജില്ലാ കളക്ടർമാരിൽനിന്നും അപേക്ഷകരുടെ പാനൽ ലഭ്യമായിട്ടില്ല.

**ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗങ്ങളുടെ വിരമിക്കൽ**

354 (2235) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലെയും ജില്ലാ ഫോറങ്ങളിലെയും സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അനുവദിച്ച് ഉത്തരവായ വിരമിക്കൽ ആനുകൂല്യം നിലവിൽ എത്ര പേർ കൈപ്പറ്റുന്നുണ്ട്;

(ബി) 31-12-2018 വരെ വിരമിക്കൽ ആനുകൂല്യത്തിന് എത്രപേർ അപേക്ഷിച്ചിട്ടുണ്ട്; അവരുടെ പേരും വിരമിച്ച തസ്തികയും വിശദമാക്കുമോ;

(സി) ഇതിൽ എത്ര പേരുടെ അപേക്ഷകൾ പരിഗണനയിലാണ്; ആനുകൂല്യങ്ങൾ നൽകുവാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആരും കൈപ്പറ്റുന്നില്ല.

(ബി) 26 പേർ അപേക്ഷിച്ചിട്ടുണ്ട്. അവരുടെ പേരും വിരമിച്ച തസ്തികയും അനുബന്ധമായി ചേർക്കുന്നു.*

(സി) എല്ലാവരുടെയും അപേക്ഷകൾ പരിഗണനയിലാണ്. വിരമിക്കൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഗ്രാന്റ്-ഇൻ-എയ്ഡ് അനുവദിക്കുന്നതിനുള്ള പുതുക്കിയ പ്രൊപ്പോസൽ പൊതു വിതരണ ഡയറക്ടറിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്കേ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ വിരമിക്കൽ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കുപ്പിവെള്ളം അമിത വിലയ്ക്ക് വില്ക്കുന്നത് തടയുവാൻ നടപടി**

355 (T*2236) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുപ്പിവെള്ളത്തിന് റെയിൽവേ 15 രൂപയും സ്വകാര്യ കച്ചവടക്കാർ സ്വന്തം ഇഷ്ടമനുസരിച്ചും (20 രൂപയും കൂടുതലും) വില ഈടാക്കി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാന കുപ്പിവെള്ള നിർമ്മാതാക്കളുടെ സംഘടന 12 രൂപക്ക് കുപ്പിവെള്ളം നൽകാമെന്ന് സർക്കാരിനെ അറിയിച്ചിട്ടും കുപ്പിവെള്ളം അമിതവിലയ്ക്ക് വില്ക്കുന്നത് തടയുവാൻ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ; എങ്കിൽ വിശദമാക്കാമോ;

(സി) കുപ്പിവെള്ളത്തിന്റെ നിർമ്മാണ ചെലവും പ്രസ്തുത കുപ്പിവെള്ളം കടകളിലെത്തിച്ച് 20 രൂപയ്ക്ക് വില്ക്കുമ്പോഴുള്ള കൊള്ളവിലയും സംബന്ധിച്ച അന്തരം പരിശോധിച്ചിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇത്തരം പ്രവൃത്തികൾ തടയുവാനും ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള കുപ്പിവെള്ളം ഉറപ്പുവരുത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെ.ഐ.ഐ.ഡി.സി. വിപണിയിലിറക്കുന്ന ഒരു ലിറ്റർ കുപ്പിവെള്ളത്തിന് (ഹില്ലി അക്വ) 15 രൂപ എം.ആർ.പി. നിരക്കിലാണ് വില്പന നടത്തിവരുന്നത്. കുപ്പിവെള്ളത്തിന് എം.ആർ.പി.-യെക്കാൾ അധിക വില ഈടാക്കിയതിന് ലീഗൽ മെട്രോളജി വകുപ്പ് 2018-19-ൽ സംസ്ഥാനത്ത് 6 കേസ്സുകൾ കണ്ടെത്തുകയും 30,000 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് സർക്കാർ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(സി & ഡി) ഇല്ല. സ്വകാര്യ സംരംഭകരുടെ ചൂഷണം തടയുകയെന്ന ഉദ്ദേശത്തോടുകൂടിയാണ് സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള പൊതുമേഖല സ്ഥാപനമായ കെ.ഐ.ഐ.ഡി.സി. കുപ്പിവെള്ള നിർമ്മാണ യൂണിറ്റ് ആരംഭിച്ചത്. കെ.ഐ.ഐ.ഡി.സി.-യുടെ ഒരു ലിറ്ററിന്റെ കുപ്പിവെള്ളത്തിന് എം.ആർ.പി. 15 രൂപ

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

മാത്രമാണ്. കുറഞ്ഞ നിരക്കിലുള്ള സർക്കാർ ഉടമസ്ഥതയിലുള്ള 'ഹില്ലി അക്വ' കുപ്പിവെള്ളം വിപണിയിൽ എത്തിയതിനുശേഷം സ്വകാര്യ കമ്പനികൾ കുപ്പിവെള്ളത്തിന്റെ വില അനിയന്ത്രിതമായി വർദ്ധിപ്പിക്കുന്നത് തടഞ്ഞുനിർത്താൻ സാധിച്ചിട്ടുണ്ട്.

**പ്രളയത്തിൽ കേടുവന്ന അരി**

356 (2237) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ പ്രളയത്തിൽ കേടുവന്ന അരി, മറ്റു ഭക്ഷ്യ ധാന്യങ്ങൾ എന്നിവ ആർക്കാണ് കൈമാറിയത് എന്നറിയിക്കാമോ;

(ബി) എത്ര ക്വിന്റൽ അരി/ഭക്ഷ്യധാന്യമാണ് പ്രളയംമൂലം ഉപയോഗ ശൂന്യമായത് എന്നറിയിക്കാമോ;

(സി) കേരളത്തിൽ നിന്ന് ഉപയോഗശൂന്യമായ അരി തമിഴ്നാട്ടിൽ കൊണ്ടുപോയി പുതിയ പാക്കറ്റുകളിൽ കേരളത്തിലേക്ക് തന്നെ കൊണ്ടുവരുന്നതായി വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ/ മുൻകരുതലുകൾ അറിയിക്കാമോ?

ഉത്തരം

(എ) പ്രളയത്തിൽ കേടുവന്ന അരിയും നെല്ലും ടെണ്ടർ മുഖേന ലഭിച്ചവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 217808.11 ക്വിന്റൽ നെല്ലും 261482.39 ക്വിന്റൽ അരിയുമാണ് പ്രളയംമൂലം ഉപയോഗശൂന്യമായത്.

(സി) ഇതുസംബന്ധിച്ച ചില പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രളയത്തിൽ കേടായ അരിയും നെല്ലും സംസ്കരിച്ച് വിൽപ്പന നടത്താതിരിക്കാൻ നടപടി സ്വീകരിക്കുന്നതിനായി കേടായ അരിയും നെല്ലും വിട്ടെടുക്കാൻ കരാറെടുത്തവരുടെയും ബന്ധപ്പെട്ട മില്ലുകളുടെയും വിശദവിവരങ്ങൾ സംസ്ഥാന ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്കും സംസ്ഥാന പോലീസ് മേധാവിക്കും സംസ്ഥാന ജി.എസ്.ടി. കമ്മീഷണർക്കും നൽകിയിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തിക

357 (2238) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃകാര്യ വകുപ്പ് പുറപ്പെടുവിച്ച 682/2018 -നമ്പർ എസ്.ആർ.ഒ. യുടെ റൂൾ 3 കാറ്റഗറി 3 സംബന്ധിച്ച നോട്ട്( 2)-ന്റെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നോട്ട് (2) പ്രകാരം 29-1-2013 മുതൽ 25-9-18 വരെയുള്ള കാലയളവിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകൾ നികത്തേണ്ടത് ഏത് സ്പെഷ്യൽ റൂൾ പ്രകാരമാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത കാലയളവിൽ ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകൾ എത്രയാണ്; ഇതിൽ നേരിട്ടുള്ള നിയമനത്തിന് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) 29-1-2013 മുതൽ 25-9-18 വരെയുള്ള കാലയളവിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ പ്രൊമോഷൻ മുഖേന എത്ര പേർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഇ) പ്രസ്തുത തസ്തികയിലേയ്ക്ക് പ്രൊമോഷൻ മുഖേന സ്ഥിര നിയമനം നൽകിയത് ഏത് സ്പെഷ്യൽ റൂൾ പ്രകാരമാണ്; ഏത് അനുപാതത്തിലാണ് നൽകിയത് എന്നറിയിക്കുമോ?

### ഉത്തരം

(എ) എസ്.ആർ.ഒ. 682/2018 കാറ്റഗറി 3 നോട്ട് 2 പ്രകാരം നേരിട്ടുള്ള നിയമനത്തിനും ബൈട്രാൻസ്ഫർ വഴിയുള്ള നിയമനത്തിനുമുള്ള 1:1 എന്ന അനുപാതം ടി റൂളിന്റെ വിജ്ഞാപന തീയതി മുതൽക്കായിരിക്കും പ്രാബല്യത്തിൽ വരിക.

(ബി) 29-1-2013 മുതൽ 25-9-2018 വരെയുള്ള ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ എസ്.ആർ.ഒ. 682/2018 പ്രകാരമാണ് നികത്തേണ്ടത്.

(സി) ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ 51 ഒഴിവുകളുണ്ടായിട്ടുണ്ട്. എസ്.ആർ.ഒ. 682/2018-ന്റെ കാറ്റഗറി 3 നോട്ട് 2 പ്രകാരം ടി റൂളിന്റെ വിജ്ഞാപന തീയതി വരെയുള്ള ഒഴിവുകളിൽ ബൈട്രാൻസ്ഫർ വഴിയാണ് നിയമനം നടത്തേണ്ടത്. ആയതിനാൽ ഈ കാലയളവിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) 29-1-2013 മുതൽ 25-9-2018 വരെയുള്ള ഒഴിവുകളിൽ ലീഗൽ മെട്രോളജി കൺട്രോളറുടെ 2-11-18-ലെ ബി3-8358/18, 24-1-19-ലെ ബി3/213/19 എന്നീ നടപടിക്രമങ്ങൾ പ്രകാരമാണ് 51 പേർക്ക് പ്രൊമോഷൻ മുഖേന സ്ഥിര നിയമനം നൽകിയത്.

(ഇ) ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ബൈട്രാൻസ്ഫർ വഴിയാണ് സ്ഥിര നിയമനം നൽകിയത്. എസ്.ആർ.ഒ. 682/2018, 27-12-2018-ലെ സ.ഉ.(ആർ.റ്റി.) നമ്പർ 652/2018/സി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ് എന്നിവ പ്രകാരമാണ് വകുപ്പിൽ പി.എസ്.സി. നടത്തിയ യോഗ്യത പരീക്ഷ പാസ്സായ ക്ലാസ് IV ജീവനക്കാർക്ക് സീനിയോറിറ്റി പ്രകാരം നിയമനം നൽകിയത്.

### ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് നിയമനം

358 (2239) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഒ. നമ്പർ 682/2018 പ്രകാരം ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനുള്ള വ്യവസ്ഥ വ്യക്തമാക്കുമോ;

(ബി) ഈ വ്യവസ്ഥ അനുസരിച്ച് 29-1-2018 വരെയുള്ള കാലഘട്ടത്തിൽ ഉണ്ടായ ഒഴിവുകൾ നികത്തേണ്ടത് എപ്രകാരമെന്നും ഏത് അനുപാതത്തിലാണെന്നും അറിയിക്കുമോ;

(സി) 29/01/2013 മുതൽ 25/01/2018 വരെയുള്ള കാലഘട്ടത്തിൽ ലീഗൽ മെട്രോളജി വകുപ്പിൽ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകൾ എത്ര; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്തിട്ടുണ്ട്;

(ഡി) നിയമപ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യേണ്ട ഒഴിവുകൾ എത്ര; പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) 29-1-2013 മുതൽ 25-9-2018 വരെ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ ബൈട്രാൻസ്ഫർ മുഖേന സ്ഥിരനിയമനം നൽകിയത് എത്ര പേർക്കെന്ന് വ്യക്തമാക്കുമോ;

(എഫ്) ബൈട്രാൻസ്ഫർ മുഖേന സ്ഥിര നിയമനം നൽകിയത് ഏത് സ്പെഷ്യൽ റൂൾ പ്രകാരമെന്നും ഏത് അനുപാതത്തിലാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എസ്.ആർ.ഒ. നമ്പർ 682/2018 പ്രകാരം ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് 1:1 അനുപാതത്തിൽ നേരിട്ടുള്ള നിയമനവും ബൈട്രാൻസ്ഫർ നിയമനവുമാണ് നടത്തേണ്ടത്. ടി റൂളിന്റെ വിജ്ഞാപന തീയതിയായ 28-9-2018 മുതൽക്കാണ് നേരിട്ടുള്ള നിയമനം സംബന്ധിച്ച വ്യവസ്ഥ പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(ബി) പ്രസ്തുത കാലയളവിലെ ഒഴിവുകൾ പൂർണ്ണമായും ബൈട്രാൻസ്ഫർ വഴിയാണ് നികത്തേണ്ടത്.

(സി) ടി കാലയളവിൽ 29 ഒഴിവുകളുണ്ടായിട്ടുണ്ട്. ഇവയൊന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) എസ്.ആർ.ഒ. നമ്പർ 682/2018-ലെ വ്യവസ്ഥ പ്രകാരം ടി റൂൾ നിലവിൽ വന്ന 28-9-2018 വരെയുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതില്ല.

(ഇ) 51 പേർക്ക്.

(എഫ്) എസ്.ആർ.ഒ. നമ്പർ 682/2018 സ്പെഷ്യൽ റൂൾസും 27-12-2018-ലെ G.O.(Rt) 652/2018/CAD നമ്പർ സർക്കാർ ഉത്തരവും പ്രകാരമാണ് വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സീനിയോറിറ്റി ക്രമത്തിൽ 28-9-2018-ന് മുൻപുള്ള ഒഴിവുകളിൽ പൂർണ്ണമായും ബൈട്രാൻസ്ഫർ വഴി സ്ഥിര നിയമനം നൽകിയത്.

### മ്യൂസിയങ്ങൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി

359 (2240) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മ്യൂസിയങ്ങൾ ആകർഷകമാക്കുന്നതിനും നവീകരിക്കുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയതായി ഏതെങ്കിലും മ്യൂസിയങ്ങൾ ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്ന തരത്തിലും ഗവേഷകർക്ക് പഠനത്തിന് ഉതകുന്ന വിധത്തിലും മതിയായ സൗകര്യങ്ങൾ മ്യൂസിയങ്ങളോടനുബന്ധിച്ച് ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പുകൾക്ക് കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുന്നതിനും ആധുനിക മ്യൂസിയം സങ്കൽപ്പങ്ങൾക്കനുസരിച്ച് പുതിയ മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഈ മ്യൂസിയങ്ങൾ എല്ലാംതന്നെ തീമാറ്റിക്, ഇന്ററാക്ടീവ് ആക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മ്യൂസിയങ്ങളിലെ ഡിസ്പ്ലേ സംവിധാനവും

ലൈറ്റിംഗ് ക്രമീകരണവും കൂടുതൽ ആകർഷകമാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള മ്യൂസിയങ്ങളെ കൂടുതൽ ഇന്ററാക്ടീവും തീമാറ്റിക്കും ആക്കുന്നതിന്റെ ഭാഗമായി നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയം, തൃശ്ശൂർ കൊല്ലങ്കോട് കൊട്ടാരത്തിലെ മ്യൂസിയം എന്നിവ ആധുനിക രീതിയിൽ സജ്ജീകരിച്ചു കഴിഞ്ഞു. നവീകരണത്തോടൊപ്പം മ്യൂസിയങ്ങൾ എല്ലാം ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ആദ്യമായി അന്തർദ്ദേശീയ നിലവാരത്തിലുള്ള മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനും നടപടി തുടങ്ങിയിട്ടുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന നേപ്പിയർ മ്യൂസിയത്തിന്റെ സമ്പൂർണ്ണമായ പുനരുദ്ധാരണം നടത്തുന്നതിന്റെ ഭാഗമായി വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷിത പ്രവർത്തനങ്ങൾ നടത്തുന്നതിനായി ഡി.പി.ആർ. തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയം സമ്പൂർണ്ണ നവീകരണം നടത്തുന്നതുമായി ബന്ധപ്പെട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള നവീകരണ ജോലികൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം കെട്ടിടത്തിന്റെ സംരക്ഷണം മുൻനിർത്തി പുരാവസ്തു വകുപ്പ് മുഖേന സംരക്ഷിത പ്രവൃത്തികളും നടത്തിയിട്ടുണ്ട്.

(ബി) തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജ മ്യൂസിയം, വയനാട് പഴശ്ശികുടീരം മ്യൂസിയം, തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയം എന്നിവിടങ്ങളിലെ തുടർ നവീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(സി) വിദേശികളും സ്വദേശികളുമായ സഞ്ചാരികളെ ആകർഷിക്കുന്നതിന് വിനോദസഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത് മ്യൂസിയം നവീകരണ ലക്ഷ്യങ്ങളിലൊന്നാണ്. പുരാവസ്തു വകുപ്പിന്റെ കീഴിൽ "മ്യൂസിയങ്ങൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾ" എന്ന സങ്കൽപ്പത്തിന് ഊന്നൽ നൽകികൊണ്ടാണ് തീമാറ്റിക്, ഇന്ററാക്ടീവ്, കമ്മ്യൂണിക്കേറ്റീവ് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത്, ഗവേഷകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ ലൈബ്രറി അടക്കമുള്ള സൗകര്യങ്ങൾ മ്യൂസിയങ്ങളിൽ സ്ഥാപിക്കുന്നുണ്ട്.

മ്യൂസിയം മൃഗശാലാ വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം നേപ്പിയർ മ്യൂസിയത്തിൽ സന്ദർശനത്തിന് വരുന്ന സഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിന്റെ ഭാഗമായും ഗവേഷകർക്ക് പഠനത്തിനുതകുന്ന വിധത്തിലും സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ടി മ്യൂസിയത്തിലെ പ്രദർശന വസ്തുക്കളെ സംബന്ധിച്ചുള്ള

മൊബൈൽ ആപ്പ് സംവിധാനം നടപ്പിലാക്കി. കൂടാതെ തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയം സന്ദർശിക്കാൻ വരുന്ന വിനോദസഞ്ചാരികൾക്കും പഠനഗവേഷകർക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ ടി മ്യൂസിയത്തിലെ എല്ലാ പ്രദർശന വസ്തുക്കളുടെയും വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡോക്യുമെന്റേഷൻ പ്രവൃത്തികൾ പുനരുദ്ധാരണത്തിന്റെ ഭാഗമായി നടന്നുവരുന്നു.

## എ.കെ.ജി. സ്മൃതി മ്യൂസിയം

360 (2241) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ 10 കോടി രൂപ ചെലവിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രളയ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ എ.കെ.ജി.യുടെ പേരിലുള്ള സ്മൃതി മ്യൂസിയത്തിനായി പത്ത് കോടി രൂപ മുടക്കുന്നത് അദ്ദേഹത്തോടുള്ള അവഹേളനമാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ തൽക്കാലം ഈ പദ്ധതി നിർത്തിവച്ച് പ്രസ്തുത തുക ലൈഫ് പദ്ധതിയ്ക്കായി വിനിയോഗിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് 3.21 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് 5-1-2019-ലെ സ.ഉ. (കൈ)നമ്പർ 1/2019/സാം.കാ.വ. പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത 3.21 ഏക്കർ സ്ഥലത്തിൽ ഉൾപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പരുകളിൽ മാറ്റംവന്നിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വണ്ടൂർ കച്ചേരി പൈതൃക മ്യൂസിയം

361 (2242) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ വണ്ടൂർ കച്ചേരി പൈതൃക മ്യൂസിയം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ;

(ബി) വർഷങ്ങളായിട്ടും താലൂക്ക് ഓഫീസ് വണ്ടൂർ കച്ചേരിയിൽ നിന്നും പുതുതായി നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റി നൽകാത്തതുമൂലം പൈതൃക മ്യൂസിയം നിർമാണത്തിന് നേരിടുന്ന തടസ്സവും അതിന് അനുവദിച്ച തുക നഷ്ടപ്പെടുന്ന സാഹചര്യവും ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നു എന്ന് അറിയിക്കുമോ?

### ഉത്തരം

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ ഹജ്ജൂർ കച്ചേരി പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിലേയ്ക്കായി 5-8-2015-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 392/2015/സി.എ.ഡി. ഉത്തരവിൻപ്രകാരം 4,00,00,000 (നാല് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. മ്യൂസിയം സജ്ജീകരിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്നതിനാൽ മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. തിരൂരങ്ങാടി താലൂക്ക് ഓഫീസ്, സംരക്ഷിത സ്മാരകത്തിൽ നിന്നും ഒഴിപ്പിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ, തിരൂരങ്ങാടി തഹസീൽദാർ എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്ക് ഓഫീസ് മിനി സിവിൽസ്റ്റേഷനിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും മിനി സിവിൽസ്റ്റേഷനിൽ താലൂക്ക് ഓഫീസിനാവശ്യമായ യാതൊരു സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടാണ് പെട്ടെന്ന് ഓഫീസ് മാറാൻ സാധിക്കാത്തതെന്നും തിരൂരങ്ങാടി തഹസിൽദാർ അറിയിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസ് കെട്ടിടം ഒഴിയുന്ന മുറയ്ക്ക്, പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കി പരിശോധിച്ച് ജില്ലാ പൈതൃക മ്യൂസിയം സജ്ജീകരിക്കുന്നതിനാവശ്യമായ തുക വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കണ്ണൂർ ചന്തപ്പുരയിലെ തെയ്യം മ്യൂസിയം

362 (2243) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് കേരള ചരിത്ര പൈതൃക മ്യൂസിയത്തെ നോഡൽ ഏജൻസിയാക്കി ഡി.പി.ആർ. സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് നോഡൽ ഏജൻസിയായ കേരള ചരിത്ര പൈതൃക മ്യൂസിയത്തിന് 14-11-2018-ലെ സ.ഉ.(സാധാ)നമ്പർ 635/2018/സാം.കാ.വ. പ്രകാരം 8,85,885 രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യഗഡുവായ 4,42,942 രൂപ കേരള ചരിത്ര പൈതൃക മ്യൂസിയത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

## സാംസ്കാരിക പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ പദ്ധതി

363 (2244) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. പി. ഉബൈദുള്ള :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സാംസ്കാരിക പൈതൃകം പേറുന്ന മ്യൂസിയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ തുടക്കത്തിൽ ഏതെല്ലാം ജില്ലകളിലാണ് മ്യൂസിയം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) മ്യൂസിയങ്ങളിലേയ്ക്ക് ആവശ്യമായ പുരാവസ്തുക്കൾ എപ്രകാരം ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. എല്ലാ ജില്ലകളിലും അതാത് ജില്ലയുടെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും പുതുതലമുറയ്ക്ക് കൈമാറുന്നതിനുമായി ജില്ലാപൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരാവസ്തുവകുപ്പ് മുഖേന സ്വീകരിച്ചു വരുന്നുണ്ട്. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, തൃശ്ശൂർ, എറണാകുളം,

പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി എന്നീ ജില്ലകളിൽ മ്യൂസിയം സജ്ജീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള പ്രവൃത്തി സർക്കാർ നോഡൽ ഏജൻസിയായ കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന നടത്തിവരുന്നു. സജ്ജീകരണം പൂർത്തിയാക്കി തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്ന് കൊടുത്തിട്ടുമുണ്ട്.

പുരാരേഖ വകുപ്പിനുകീഴിൽ വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി കോട്ടയം ജില്ലയിലെ വൈക്കത്ത് വൈക്കം സത്യാഗ്രഹ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അതാത് ജില്ലകളിൽനിന്നും ലഭ്യമാകുന്ന പുരാവസ്തുക്കളും രേഖകളുമാണ് മ്യൂസിയത്തിൽ സജ്ജീകരിക്കുന്നത്. ജനകീയ പങ്കാളിത്തത്തോടെ പുരാതത്വ സർവ്വേ നടത്തി ജനങ്ങളിൽ നിന്നും പുരാവസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട മ്യൂസിയങ്ങളിലേയ്ക്ക് വേണ്ട പുരാവസ്തുക്കൾ ഇടുക്കി പവനാത്മാ കോളേജ്, പന്തളം എൻ.എസ്.എസ്. കോളേജ് എന്നീ കാര്യാലയങ്ങളിലെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ സഹകരണത്തോടെ ശേഖരിച്ചുകഴിഞ്ഞു. കൂടാതെ പാലക്കാട് മ്യൂസിയത്തിലേയ്ക്ക് ആവശ്യമായ സംഗീത ഉപകരണങ്ങൾ വില നൽകി ഏറ്റെടുത്തിട്ടുമുണ്ട്.

## കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയം

364 (2245) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിൽ ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിന് വേണ്ട പ്രദർശന വസ്തുക്കൾ ശേഖരിക്കുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) മ്യൂസിയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എന്താണെന്ന് അറിയിക്കാമോ;

(ഡി) മ്യൂസിയം എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തനംതിട്ടയിൽ ജില്ലാ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനായി 19-10-2013-ലെ ജി.ഒ.(ആർ.റ്റി.) 476/13/സാം.കാ.വ. പ്രകാരം 2,05,39,860 രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ രാസപരവും ഘടനാപരവുമായ സംരക്ഷണ ജോലികൾ വകുപ്പ് ഏകദേശം പൂർത്തിയാക്കിയിട്ടുമുണ്ട്. കൂടാതെ മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) മ്യൂസിയത്തിലേയ്ക്ക് വേണ്ട പ്രദർശന വസ്തുക്കളുടെ ശേഖരണാർത്ഥം 2018 ഡിസംബർ 7, 8, 9, 10 എന്നീ തീയതികളിലായി പന്തളം എൻ.എസ്.എസ്. കോളേജിലെ ചരിത്ര വിഭാഗവുമായി സഹകരിച്ചുകൊണ്ട് ബൃഹത്തായ ഒരു വില്ലേജ് ടു വില്ലേജ് സർവ്വേ വകുപ്പ് നടത്തിയിട്ടുണ്ട്.

(സി & ഡി) മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ പൂർത്തിയാക്കി എത്രയുംവേഗം പൊതുജനങ്ങൾക്ക് തുറന്ന് നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**മാളയിലെ യഹൂദ സ്മാരകങ്ങൾ**

365 (2246) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിലെ യഹൂദ സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) 26-12-2017-ലെ G.O.(P) 5/2017/CAD നമ്പരായ അന്തിമ വിജ്ഞാപന പ്രകാരം മാളയിലെ യഹൂദ സിനഗോഗും യഹൂദ സെമിത്തേരിയും പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**കായംകുളം കൃഷ്ണപുരം കൊട്ടാരം പുനരുദ്ധാരണ പദ്ധതികൾ**

366 (2247) ശ്രീമതി യു. പ്രതിഭ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിൽ നിലവിൽ നടത്തുന്ന പുനരുദ്ധാരണ പദ്ധതികൾ ഏതൊക്കെയെന്നും ഇതിനുവേണ്ടി എത്ര രൂപ ചെലവഴിച്ചുവരുന്നു എന്നും വിശദമാക്കാമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

കായംകുളം കൃഷ്ണപുരം കൊട്ടാരത്തിന്റെ മേൽക്കൂരയുടെ അടിയന്തര അറ്റകുറ്റപ്പണികൾ, കൊട്ടാരത്തിന്റെ മുൻവശത്തെ പൊളിഞ്ഞുവീഴാറായ മതിൽ പൊളിച്ചുമാറ്റി പുതിയ മതിൽ നിർമ്മിക്കുക, കൊട്ടാരത്തിന്റെ എല്ലാ ഭാഗത്തും പെയിന്റ് ചെയ്യുക, വാതിലുകൾ, ജനാലകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ തുടങ്ങിയ പുനരുദ്ധാരണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. ഇതിലേയ്ക്കായി 38,85,377 രൂപ ചെലവായിട്ടുണ്ട്. കൂടാതെ കൊട്ടാരത്തിന്റെ പൂന്തോട്ടം സജ്ജീകരിക്കുന്നതും അനുബന്ധ പ്രവൃത്തികളും നടത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതിനായി 61,67,116 രൂപയുടെ ഭരണാനുമതി നൽകുകയും മൊബിലൈസേഷൻ അഡ്വാൻസായി അഗ്രോയ്ക്ക് 12,33,423 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## പുരാവസ്തു വകുപ്പ് ഏറ്റെടുത്തിട്ടുള്ള കെട്ടിടം

367(2248) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പ് ഏതെങ്കിലും കെട്ടിടം ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ചവറ നിയോജകമണ്ഡലത്തിലെ ശങ്കരമംഗലത്ത് സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിന് പുരാവസ്തു വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ പന്മന വില്ലേജിലുള്ള ശ്രീ വിദ്യാധിരാജാ ചട്ടമ്പിസ്വാമി മെമ്മോറിയൽ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാണ്.

(ബി) ചവറ നിയോജകമണ്ഡലത്തിലെ ശങ്കരമംഗലത്ത് സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. ഇറിഗേഷൻ ഓഫീസ് പ്രവർത്തിച്ചുകൊണ്ടിരുന്ന കെട്ടിടം പൊളിച്ച് പുതിയത് നിർമ്മിക്കുന്നതിന് പുരാവസ്തു വകുപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

## കണ്ണൂരിലെ എ.കെ.ജി.സ്മൃതി മ്യൂസിയം

368 (2249) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിന് എത്ര ഏക്കർ സ്ഥലമാണ് സ്വകാര്യ വ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങുന്നത്;

(ബി) ഇതിനായി സെന്റിന് എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത്; ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വില്ലേജും സർവ്വേ നമ്പരും വ്യക്തമാക്കുമോ;

(സി) ഏറ്റെടുക്കുന്ന ഭൂമിയിൽ നിലമോ നിലം നികത്തിയ ഭൂമിയോ ഉൾപ്പെടുന്നുണ്ടോ എന്നറിയിക്കാമോ?

### ഉത്തരം

(എ-സി) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി ഗ്രാമപഞ്ചായത്തിലെ മക്രേരി വില്ലേജിൽ എ.കെ.ജി. സ്മൃതി മ്യൂസിയം സ്ഥാപിക്കുന്നതിനായി കണ്ണൂർ താലൂക്കിൽപ്പെട്ട മക്രേരി വില്ലേജിലെ സർവ്വേ നമ്പർ 7/3, 7/4, 7/15, 7/17, 7/19 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട 3.21 ഏക്കർ സ്വകാര്യഭൂമി 2013-ലെ LARR Act പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ ടി സർവ്വേ നമ്പരുകളിൽ മാറ്റം വന്നിട്ടുള്ളതിനാൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതിനായുള്ള മ്യൂസിയം മൃഗശാലാ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിക്കാൻ പദ്ധതി

369 (2250) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര സ്മാരകമായ ആറ്റിങ്ങൽ കൊല്ലമ്പുഴയിലെ ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്ര പാരമ്പര്യം സംരക്ഷിക്കുന്ന മ്യൂസിയവും സ്മാരകവും നിർമ്മിക്കുന്നത് വകുപ്പിന്റെ പരിഗണനയിലാണോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം ആറ്റിങ്ങൽ കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്ര പാരമ്പര്യം സംരക്ഷിക്കുന്ന മ്യൂസിയവും സ്മാരകവും നിർമ്മിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ വകുപ്പിന്റെ പരിഗണനയിലില്ല.

**പ്രളയത്തിൽ നാശനഷ്ടമുണ്ടായ സ്മാരകങ്ങൾ**

370 (2251) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തെത്തുടർന്ന് പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) സ്മാരകങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ & ബി) പ്രളയത്തെത്തുടർന്ന് പുരാവസ്തു വകുപ്പിന് കീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ വിശദാംശങ്ങൾ പുരാവസ്തു വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(സി) പ്രളയത്തെത്തുടർന്ന് നാശനഷ്ടങ്ങൾ സംഭവിച്ച ആലപ്പുഴ ജില്ലയിലെ കരുമാടിക്കുട്ടൻ സ്മാരകം, ആറന്മുളയിലെ വാഴ്വേലിൽ തറവാട് എന്നിവിടങ്ങളിൽ പുരാവസ്തു വകുപ്പ് സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ, ചേന്ദമംഗലത്ത് സിനഗോഗ്, പാലിയം കൊട്ടാരം എന്നീ സ്മാരകങ്ങൾ മുസിരിസ് ഹെറിറ്റേജ് പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി ടൂറിസം വകുപ്പുമായി ചേർന്ന് സ്വീകരിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 1881, 1892, 1893, 1938, 1939, 1945, 1950, 1973, 1979, 2001, 2057, 2110, 2121, 2141, 2155, 2205 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭിച്ചിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

# II തിരുത്തിയ ഉത്തരം

## നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പതിനാലാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽ 2019 ജനുവരി 29-ലെ നക്ഷത്രചിഹ്നമിടാത്ത 691-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.*

# III അടിയന്തരപ്രമേയം

## കയർമേഖലയിലെ പ്രതിസന്ധി

മി. സ്പീക്കർ: തൊണ്ടിന്റെ ദൗർലഭ്യവും അത് പരിഹരിക്കുന്നതിൽ സർക്കാർ കാട്ടുന്ന അനാസ്ഥയുംമൂലം സംസ്ഥാനത്ത് കയർമേഖല നേരിടുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അടൂർ പ്രകാശ്, എം. ഉമ്മർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇന്നത്തെ അടിയന്തരപ്രമേയ വിഷയം വായിച്ചപ്പോൾ എനിക്ക് അത്ഭുതമാണുണ്ടായത്. ഇതിൽ ചർച്ച ചെയ്യേണ്ട അടിയന്തര സ്വഭാവമൊന്നുമില്ല. ഏതായാലും സർക്കാർ ചെയ്യുന്ന കാര്യങ്ങൾ പറയാൻ ഒരു സന്ദർഭം നൽകിയതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. ഇന്ന് കേരളത്തിൽ 500 കോടി നാളികേരമാണ് ഉല്പാദിപ്പിക്കുന്നത്. അതിന്റെ പകുതിയായ 250 കോടി നാളികേരത്തിന്റെ തൊണ്ടുണ്ടെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ഒരു ലക്ഷത്തിൽപ്പരം വരുന്ന കയർപിരി തൊഴിലാളികൾക്ക് 200 ദിവസത്തെ പണി കൊടുക്കാനുള്ള അസംസ്കൃതവസ്തുക്കളായി. എന്നാൽ കഴിഞ്ഞ കാൽനൂറ്റാണ്ടായി 20 കോടി തൊണ്ടുപോലും സംസ്കരിക്കപ്പെടുന്നില്ല. ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുന്നതിനുള്ള വലിയൊരു ഭഗീരഥപ്രയത്നത്തിലാണ് സംസ്ഥാന സർക്കാർ. ഈ വർഷത്തോടുകൂടി അത് ഫലപ്രാപ്തിയിലെത്തുമെന്നാണ് കരുതുന്നത്. എന്താണ് പ്രശ്നം? കയർ ഉല്പാദനം പ്രധാനമായും തെക്കൻ ജില്ലകളെ കേന്ദ്രീകരിച്ചാണുള്ളത്. 80 ശതമാനം കയറും ആലപ്പുഴ മുതൽ തെക്കോട്ടുള്ള ജില്ലകളിലാണ്. എന്നാൽ ഈ പ്രദേശങ്ങളിൽ മൊത്തം നാളികേരോല്പാദനത്തിന്റെ 28 ശതമാനമേയുള്ളൂ. ഈയൊരു പശ്ചാത്തലത്തിൽ സർക്കാർ എടുത്തിരിക്കുന്ന പ്രധാന തീരുമാനം, കയർ ഉല്പാദന മേഖലകൾക്ക് പുറത്ത് ചകിരി ഉല്പാദനത്തിനുള്ള മില്ലുകൾ സ്ഥാപിക്കുന്നതിന് എല്ലാ പ്രോത്സാഹനവും നൽകുക എന്നുള്ളതാണ്.

*അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

അതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങൾക്ക് മാത്രമല്ല, മറ്റ് സഹകരണ ബാങ്കുകൾ അടക്കമുള്ളവർക്ക് 90 ശതമാനം സബ്സിഡിയിൽ കയർ മെഷീനറി നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സ്വകാര്യ വ്യക്തികൾക്ക് ചരിത്രത്തിൽ ഏറ്റവും വലിയ പിന്തുണ, അതായത് പ്ലാന്റ് ആൻഡ് മെഷീനറി സ്ഥാപിക്കുന്നതിന് 50% സർക്കാർ സബ്സിഡി നൽകുന്നുണ്ട്. സർക്കാരിന്റെ 1000 ദിവസം ആഘോഷിക്കുന്നതിന്റെ ഭാഗമായി നൂറാമത്തെ മിൽ ആലപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയാണ്. ഈ വർഷം 400 മില്ലുകൾ സ്ഥാപിക്കുമെന്നാണ് കരുതപ്പെടുന്നത്. ഇങ്ങനെ സ്ഥാപിക്കുന്ന മില്ലുകൾക്ക് തൊണ്ട് കിട്ടണം. പണ്ട് മുപ്പതോ നാൽപ്പത്തിയഞ്ചോ ദിവസത്തിൽ കൃത്യമായി തേങ്ങയിടുമായിരുന്നു. എന്നാൽ ഇന്ന് ഭൂരിപക്ഷം സ്ഥലത്തും ഉണങ്ങിവീഴുമ്പോൾ പെറുക്കിയെടുക്കുന്ന അവസ്ഥയാണുള്ളത്. ഇതിന് മാറ്റം വരുത്തിയേ തീരൂ. ഇതിനുവേണ്ടിയുള്ള ഒരു പരിപാടിയെപ്പറ്റി ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അതിലൂടെ സഹകരണ ബാങ്കുകളും മറ്റും സർവ്വീസ് ടീമിനെയുണ്ടാക്കി കൃത്യമായി തേങ്ങയിടുക, തേങ്ങയിടുമ്പോൾത്തന്നെ ഓൺലൈനായി കൃഷിക്കാർക്ക് ന്യായമായ വില ട്രാൻസ്ഫർ ചെയ്തുകൊടുക്കുക ഇങ്ങനെയുള്ള കളക്ഷൻ സമ്പ്രദായവും ആധുനിക യന്ത്രങ്ങളുടെ ഉപയോഗവുമാണ് ലക്ഷ്യമിടുന്നത്. ഞാൻ സന്തോഷപൂർവ്വം പറയട്ടെ, റോളർ വീൽ വഴി തെങ്ങിൽ കയറുന്നതിനുള്ള യന്ത്രത്തിന്റെ പരീക്ഷണം മറ്റന്നാൾ നടക്കുകയാണ്. അതിന് കോൺട്രാക്ട് കൊടുത്തിരുന്നു. അത് ഫലപ്രദമാകുമെന്നാണ് കരുതുന്നത്. അങ്ങനെയാണെങ്കിൽ ആ മോട്ടോർ ഡ്രിവൺ യന്ത്രത്തിന്റെ സഹായത്താൽ തെങ്ങ് കയറുന്നതിനുള്ള ടീമുകളെ ഉണ്ടാക്കും. ഇതുകൊണ്ടും പ്രശ്നം തീരുകയില്ല. വീടുകളിലെ നാളികേരത്തിന്റെ മൂന്നിലൊന്നും കറിക്ക് അരയ്ക്കാൻ ഉപയോഗിക്കുന്നതുകൊണ്ട് അത്രയും തൊണ്ടുകൾ വീട്ടുമുറ്റത്താണ് കിടക്കുന്നത്. അത് സംഭരിക്കുന്നതിന് ഈ വർഷത്തെ പ്ലാൻ ഗൈഡ്‌ലൈൻസിൽ തൊണ്ടൊന്നിന് 50 പൈസ വരെ കുടുംബശ്രീക്ക് സബ്സിഡി നൽകുന്നതിനും വാഹനങ്ങൾക്ക് സഹായം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ പച്ചത്തൊണ്ട് മാത്രമല്ല, ഉണക്കത്തൊണ്ടും ശേഖരിക്കുന്നതിന് ഏർപ്പാടുണ്ടാക്കാൻ പോകുകയാണ്. പച്ചത്തൊണ്ട് ശേഖരിച്ച് കൃത്യമായി ലിഫ്റ്റ് ചെയ്തില്ലെങ്കിൽ അത് ഉണങ്ങിക്കഴിഞ്ഞാൽ വില കിട്ടാതെ പോകും. അതുകൊണ്ട് ഉണക്കത്തൊണ്ടിനും വില നൽകുന്നതിനുള്ള തീരുമാനത്തിലേയ്ക്ക് പോകുകയാണ്. പച്ചത്തൊണ്ട് ചകിരിയും ഉണക്കത്തൊണ്ട് ചകിരിയും നമ്മുടെ മില്ലുകളിൽ ഉല്പാദിപ്പിക്കാൻ സാധിക്കും. അപ്പോൾ ഉണക്കത്തൊണ്ട് ചകിരി എന്തുചെയ്യും, ചകിരിച്ചോർ എന്തുചെയ്യും തുടങ്ങിയ പ്രശ്നങ്ങളുണ്ട്. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് നിങ്ങൾ ഓർക്കുമെന്ന് കരുതുന്നു. കയർ വകുപ്പിൽ നിന്ന് ഒരു സംഘം നെതർലാൻഡ്സിൽ ചർച്ചയ്ക്ക് പോയിരുന്നു. അവരുമായി എം.ഒ.യു. സൈൻ ചെയ്തിരിക്കുകയാണ്. ചകിരിച്ചോറും ചകിരി നാരുംകൂടി $190^0$C-ൽ ഉന്നതമർദ്ദത്തിന്

വിധേയമാക്കിയാൽ ചകിരിച്ചോറിലെ ലിഗ്നൈൻ പരന്ന് adhesive ആകും. ഇതിനെ ബോണ്ട് ചെയ്ത് പലകകളാക്കാം. മരത്തിൽ നിന്നുള്ള പ്ലൈവുഡിന്റെ പകുതി ചെലവേ വരികയുള്ളൂ. ഇത് ഫയർ റിറ്റാർഡന്റാണ്, വെള്ളത്തിലിട്ടാൽ കുഴപ്പവുമില്ല. അതുകൊണ്ട് അടിയന്തരമായി പൈലറ്റ് പ്ലാന്റിലേയ്ക്ക് പോകാൻ പോകുകയാണ്. ഈ സാങ്കേതികവിദ്യ ഫലപ്രദമായാൽ ഇന്ന് 3 രൂപ കിട്ടിക്കൊണ്ടിരിക്കുന്ന ചകിരിച്ചോറിന് ചുരുങ്ങിയത് 10-12 രൂപ കിട്ടും. ഇന്ന് 4 രൂപ കിട്ടിക്കൊണ്ടിരിക്കുന്ന ബേബിഫൈബറിന് 10-12 രൂപയായി വർദ്ധിപ്പിച്ചു നൽകാൻ സാധിക്കും. ഇത് വരുന്നതോടുകൂടി ചകിരി ഉല്പാദനത്തിന്റെ സാമ്പത്തിക ഘടനതന്നെ മാറും. ഇത് വളരെ ആദായകരമായ ഏർപ്പാടായി മാറുമെന്ന കാര്യത്തിൽ സംശയം വേണ്ട. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തൊണ്ടിന്റെ പകുതി ഇവിടെ ചകിരിയായി മാറും. അതോടുകൂടി ഇവിടെ അടിയന്തരപ്രമേയത്തിന് പരാമർശ വിഷയമായിട്ടുള്ള തൊണ്ടിന്റെ ദൗർലഭ്യം പരിഹരിക്കപ്പെടും. എത്രയോ നാളുകളായി കുരുക്കഴിയാതെ കിടന്ന ഈ പ്രശ്നത്തിന് കുരുക്കഴിക്കാൻ പോകുന്ന വർഷമായിരിക്കും ഇത്. വളരെ വിജ്ഞാനപ്രദമായ കാര്യമാണിത്. ഈ സാങ്കേതിക വിദ്യയെക്കുറിച്ച് മാർച്ച് മാസത്തിൽത്തന്നെ വിശദമായ ഒരു സെമിനാർ നടത്താൻ കയർ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാന്യനായ ധനകാര്യവും കയറും വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ പാവപ്പെട്ട തൊഴിലാളികളെക്കുറിച്ച് എന്തെങ്കിലും ഒരക്ഷരം ഉരിയാടുമെന്ന് കരുതിയിരുന്നതാണ്. ആലപ്പുഴ പട്ടണത്തിൽ കയർ കേരള എന്ന പരിപാടി നടത്തിയപ്പോൾ അതിനെതിരെ തൊഴിലാളികളെ സംഘടിപ്പിച്ച് സമരം നടത്തുന്നതിന് അഞ്ച് വർഷക്കാലം നേതൃത്വം നൽകിയ വ്യക്തിയാണ് അങ്ങ് എന്ന് ഈ അവസരത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങ് അത് മറന്നുപോയോ എന്നെനിക്കറിയില്ല. ഇന്ന് ലോകത്ത് ഉത്പാദിപ്പിച്ചിരിക്കുന്ന കയറെല്ലാം ലഭിച്ചിരുന്നത് കേരളത്തിൽ നിന്നായിരുന്നു എന്നുപറഞ്ഞാൽ അതൊരു അതിശയോക്തിയല്ല എന്ന് 'കയർ വ്യവസായത്തിന്റെ സാമ്പത്തിക ചരിത്രം' എന്ന പുസ്തകത്തിൽ കയർ ഉത്പാദന മേഖലകളിൽ പഠന പര്യടനങ്ങൾ നടത്തിയിട്ടുള്ള ഡോ. പി. കെ. ബാലകൃഷ്ണൻ രേഖപ്പെടുത്തിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കമുണ്ട് കയർ വ്യവസായത്തിന്. തൊണ്ട് തല്ലി ചകിരിയാക്കി, പിരിച്ച് കയറാക്കി, പായും തടുക്കും ഉൾപ്പെടെയുള്ളവ നെയ്തു കിട്ടുന്ന വരുമാനമായിരുന്നു കേരളത്തിലെ തീരപ്രദേശങ്ങളിലെ 250-ലധികം വരുന്ന ഗ്രാമങ്ങളിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗം. അതായിരുന്നു ആ ജനതയുടെ ജീവിതത്തിന് ആധാരം. പച്ചത്തൊണ്ട് കായലിൽ മാസങ്ങളോളം പൂഴ്ത്തിവച്ച് അഴുക്കിയശേഷം കൊട്ടുവടികൊണ്ട് തല്ലി ചകിരിയാക്കുന്ന പ്രക്രിയ കേരളത്തിന് മാത്രം കുത്തകയായിരുന്നു. തൊണ്ട് തല്ലുന്നതും, കയർ

പിരിക്കുന്ന തൊഴിലാളികളുടെ കൂക്കുവിളികളുംകൊണ്ട് മുഖരിതമായിരുന്ന കായലോരങ്ങളിൽ, ആ പ്രതാപകാലത്തിന്റെ തിരുശേഷിപ്പുകളായി തകർന്ന കയർ ഷെഡ്ഡുകളും തുരുമ്പെടുത്ത കയർ നൂൽപ്പ് തറികളും മാത്രമാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. പച്ചത്തൊണ്ട് കിട്ടാത്തതും കൂലി പ്രശ്നങ്ങളും ഇപ്പോഴത്തെ സർക്കാരിന്റെ പിടിപ്പുകേടും കാരണം കയർ വ്യവസായം ഒരിക്കലും കരകയറാനാകാത്തവിധം തകർച്ചയിലേയ്ക്കെത്തി നിൽക്കുകയാണ്. പണം മൊത്തമായി കിട്ടുമെന്നതിനാൽ കച്ചവടക്കാരും ഇടനിലക്കാരും ഇവിടെയുള്ള പച്ചത്തൊണ്ട് മുഴുവനും തമിഴ്നാട്ടിലേയ്ക്ക് കടത്തുകയാണ്. ഇത് തടയുന്നതിനോ ന്യായമായ വില നൽകി അവ സംഭരിക്കാനോ ആവശ്യമായ നടപടികൾ കേരള സർക്കാർ സ്വീകരിക്കുന്നതുമില്ല. ഈ അവസ്ഥ തുടർന്നാൽ കേരളത്തിലെ കയർത്തൊഴിലാളികൾ മുഴുവൻ പട്ടിണിയിലാകും. തൊണ്ട് ലഭിക്കാത്തതിനാൽ മാസങ്ങൾക്കകം കയർ മേഖല നിശ്ചലമാകാൻ പോകുകയാണ്.

കേരളത്തിൽ 500 കോടിയിലധികം തേങ്ങ ഉത്പാദിക്കുന്നുവെന്ന് അങ്ങ് ഇവിടെ പറയുകയുണ്ടായി. അങ്ങ് പറഞ്ഞ കണക്കുതന്നെ ഞാൻ ഏറ്റുപറയുകയാണ്. 250 കോടിയിലധികം തൊണ്ട് സംഭരിക്കാൻ കഴിഞ്ഞാൽ ചകിരിനാര് ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയും. കേരളത്തിൽ പ്രതിവർഷം ആവശ്യമായി വരുന്ന ചകിരിനാരിന്റെ കണക്ക് 125,000 മെട്രിക് ടൺ ആണ്. അത്രയും ചകിരിനാര് കേരളത്തിൽ ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ നമുക്ക് ആവശ്യമുള്ള ചകിരിനാര് ഇവിടെയുണ്ടാകുക മാത്രമല്ല, ചകിരിനാര് പുറത്തേയ്ക്ക് കയറ്റി അയയ്ക്കാനുള്ള സാഹചര്യമുണ്ടാക്കിയെടുക്കാനും കഴിയുന്നതാണ്. കയർ സഹകരണ സംഘങ്ങളിലും ചെറുകിട ഉത്പാദകരുടെ കീഴിലുമാണ് തൊഴിലാളികൾ പണിയെടുക്കുന്നത്. അതിനാൽ കയർ വ്യവസായം തകരാതെ തൊഴിലാളികളെ രക്ഷിക്കാൻ സംസ്ഥാന സർക്കാർ ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടുകയും ഉണർന്ന് പ്രവർത്തിക്കുകയും വേണം. സർക്കാർ അർഹമായ സബ്സിഡി നൽകിയാൽ ഇവിടെയുള്ള പച്ചത്തൊണ്ട് കൂടിയ വിലയ്ക്ക് സംഭരിക്കാൻ കയർ സംഘങ്ങൾക്കും ഉത്പാദകർക്കും കഴിയുന്നതാണ്. അല്ലെങ്കിൽ സർക്കാർ നേരിട്ട് തൊണ്ട് സംഭരിച്ച് സംഘങ്ങൾക്കും ഉത്പാദകർക്കും നൽകാൻ തയ്യാറാകണം. ഒരു വലിയ വിഭാഗം ജനങ്ങൾ ഉപജീവനത്തിനായി ആശ്രയിച്ചിരുന്ന കയർ മേഖലയാണ് പൂർണ്ണമായും ഇല്ലാതാകുന്നത്. അവശ്യസാധനങ്ങളുടെ വിലവർദ്ധനവിന് ആനുപാതികമായി വേതന വർദ്ധനവില്ലാത്തതും കിട്ടുന്ന തുക അഷ്ടിക്കുപോലും തികയാത്തതും പലരും ഈ മേഖലയിൽ നിന്ന് അകലാൻ കാരണമായിട്ടുണ്ട്. മറ്റ് ജോലികളൊന്നും വശമില്ലാത്തവരും ആരോഗ്യമില്ലാത്തവരുമായ സാധാരണക്കാരായ ആളുകളാണ് കയർ മേഖലയിൽ ഇപ്പോഴും ജോലി ചെയ്യുന്നതെന്ന കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. കേരളത്തിൽനിന്ന് ഇടനിലക്കാർവഴി ശേഖരിക്കുന്ന

പച്ചത്തൊണ്ട് ഒന്നിന് 80 പൈസ മുതൽ ഒരു രൂപവരെ ലഭിക്കുന്നതാണ്. ഇത് തമിഴ്നാട്ടിലേയ്ക്ക് കടത്തിയാൽ മൂന്നര രൂപവരെ കിട്ടും. അവർ അത് ചകിരിയാക്കി പറയുന്ന വിലയ്ക്ക് ഇവിടെത്തന്നെ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. തൊണ്ടിൽനിന്ന് ചകിരിനാരും ചകിരിച്ചോറും വേർപെടുത്തി കയറ്റുമതിയിലൂടെ ഏതാണ്ട് 1700 കോടി രൂപയോളമാണ് പ്രതിവർഷം അവർക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നത്. ഇതിൽ 80 ശതമാനം തമിഴ്നാടും ബാക്കിയുള്ളത് കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കയറ്റുമതി ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യാൻ കഴിഞ്ഞിട്ടുമില്ല. കയർ വ്യവസായത്തെക്കുറിച്ച് ഗവേഷണം നടത്തുന്ന പ്രബന്ധം എഴുതാനല്ലാതെ ഈ പ്രശ്നത്തിന് പ്രായോഗിക നടപടികൾ സ്വീകരിക്കാൻ കഴിയാത്ത ആളാണ് താൻ എന്ന് വകുപ്പുമന്ത്രിതന്നെ തെളിയിച്ചിരിക്കുകയാണ്. അങ്ങ് ധാരാളം ലേഖനങ്ങൾ എഴുതിയിട്ടുണ്ട്; അതൊക്കെ വായിച്ചിട്ടുണ്ട് എന്നുള്ളതുകൊണ്ടാണ് ഇത് പറയുന്നത്. കയർപിരി മേഖലയിലെ ചെറുകിട ഫാക്ടറികൾക്ക് കയറ്റുമതിക്കാർ ഓർഡർ കൊടുക്കാത്തതിനാൽ ഉത്പാദനംതന്നെ നിലച്ചിരിക്കുകയാണ്. ചെറുകിടക്കാരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനാൽ തൊഴിലാളികൾ ഈ മേഖലതന്നെ ഉപേക്ഷിച്ചുപോകുകയാണ്. മന്ത്രിയുടെ പ്രസ്താവനകളും പ്രഖ്യാപനങ്ങളും കേവലം കടലാസ് പുലികളായി മാത്രം മാറുകയാണ്. തൊഴിലാളികളുടെ കൂലി പരിഷ്കരണ കാലാവധി കഴിഞ്ഞ് മാസങ്ങളായിട്ടും വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനുപോലും ഇതുവരെയും കഴിഞ്ഞിട്ടില്ല. ഞങ്ങളുടെ കാലഘട്ടത്തിൽ വ്യവസായികളും തൊഴിലാളി പ്രതിനിധികളുമായി നിരന്തരം ചർച്ചകൾ നടത്തിയിരുന്നു. നിങ്ങൾ ഇതുവരെ ഫലപ്രദമായ ഒരു ചർച്ചയെങ്കിലും നടത്തിയിട്ടുണ്ടോ? സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കഴിഞ്ഞ ഒരു വർഷമായി സർക്കാർ വിഹിതമായി ലഭിക്കേണ്ട കൂലി കിട്ടുന്നില്ല. സംഘം വിഹിതവും സമയത്ത് ലഭിക്കുന്നില്ല. ചകിരിക്ഷാമം പരിഹരിക്കുന്നതിന് കയർഫെഡ് വഴി സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരി ഗുണനിലവാരമില്ലാത്തതാണ്. ഉത്പാദനച്ചെലവും കയർ വിലയും തമ്മിൽ പൊരുത്തമില്ലാത്തതിനാൽ സംഘങ്ങൾക്ക് വ്യവസായ നഷ്ടം സംഭവിക്കുകയാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന പ്രവർത്തന മൂലധന ഫണ്ട്, മാനേജീരിയൽ സബ്സിഡി, അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള സഹായങ്ങൾ മുതലായവ ലഭിക്കുന്നുമില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സംഘം ജീവനക്കാർക്ക് വേതനം നിശ്ചയിച്ചുകൊണ്ട് പ്രഖ്യാപിച്ച ശമ്പള പരിഷ്കരണ പദ്ധതി കാലാവധി കഴിഞ്ഞിട്ടും ഈ സർക്കാർ നടപ്പിലാക്കിയിട്ടില്ല. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ തൊണ്ട് സംഭരണം, ചകിരി ഉത്പാദനം എന്ന പദ്ധതി നടപ്പിലാക്കി.

അതിൻപ്രകാരം ഒരു തൊണ്ടിന് 25 പൈസയും ചകിരിക്ക് ഒരു കിലോഗ്രാമിന് 3 രൂപ നിരക്കിലും സബ്സിഡി നൽകി. പ്രസ്തുത പദ്ധതിപ്രകാരം തൊണ്ട് സംഭരിച്ച് ചകിരിയാക്കിയാൽ ഒരു കിലോഗ്രാമിന് 15 രൂപയാണ് ഉത്പാദനച്ചെലവ് വന്നിരുന്നത്. എന്നാൽ ഇന്ന് തമിഴ്നാട്ടിൽ നിന്ന് വാങ്ങുന്ന ചകിരിക്ക് ഒരു കിലോഗ്രാമിന് 30 മുതൽ 35 രൂപ വരെയാണ് പണം നൽകേണ്ടിവരുന്നത്. തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും പദ്ധതി കാര്യക്ഷമമായി നടത്തിയിരുന്നെങ്കിൽ നഷ്ടത്തിലായ മുഴുവൻ സംഘങ്ങളെയും ലാഭത്തിലാക്കാൻ കഴിയുമായിരുന്നു.

അങ്ങ് 'കയർ കേരള' നടത്തുന്നില്ലെന്ന പ്രഖ്യാപനം നടത്തിയിരുന്നെങ്കിലും 2017-ൽ വീണ്ടും 'കയർ കേരള' നടത്താനുള്ള തീരുമാനമെടുത്തു. 2017-ൽ 'കയർ കേരള' നടത്തുമ്പോൾ പഞ്ചായത്ത് പ്രസിഡന്റുമാർ ഉൾപ്പെടെയുള്ളവരെ വിളിച്ചുവരുത്തി 120 കോടി രൂപയുടെ ജിയോടെക്സ്റ്റൈൽസ് അവിടെ വിതരണം ചെയ്യാമെന്ന് പറഞ്ഞ് അവരുമായി ഒരു എം.ഒ.യു. അങ്ങ് സൈൻ ചെയ്തു. അതിൻപ്രകാരം എത്രയാണ് കൊടുത്തിട്ടുള്ളത്? എനിക്ക് കിട്ടിയിരിക്കുന്ന മറുപടി അനുസരിച്ച് ഏതാണ്ട് 120 കോടി രൂപ എന്ന് പറയുന്നിടത്ത് ഏതാണ്ട് 19 കോടി ചില്വാനം രൂപയ്ക്കുള്ള ജിയോടെക്സ്റ്റൈൽസ് മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ. ചെറുകിട ഉത്പാദകർ ഉത്പാദിപ്പിക്കുന്ന വലപായ് യു.ഡി.എഫ്. ഭരണകാലത്ത് ഒരു സ്ക്വയർ മീറ്ററിന് 60 രൂപ നൽകിയിരുന്നത് ഇപ്പോൾ 48 രൂപയായി കുറച്ചിരിക്കുകയാണ്. കയർ കോർപ്പറേഷനിൽ 18 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുകയാണ്. അത് വിറ്റഴിക്കാൻ യാതൊരു നടപടിയുമെടുക്കാതെ കോർപ്പറേഷനിൽ പാർട്ടിക്കാരെ തിരുകിക്കയറ്റിക്കൊണ്ടിരിക്കുകയാണ്. തൊണ്ട് സബ്സിഡിയും ചകിരി സബ്സിഡിയും നൽകുന്നില്ല. ചകിരി മില്ലുകൾ പ്രവർത്തിക്കാത്തതുമൂലം 10 ശതമാനംപോലും ചകിരി ഉത്പാദനം നടക്കുന്നില്ല. ഇൻകം സപ്പോർട്ട് സ്കീം കഴിഞ്ഞ ആറ് മാസത്തിലധികമായി കുടിശ്ശികയായിരിക്കുകയാണ്. അത് വർദ്ധിപ്പിക്കണം. കണ്ണൂർ, കാസർഗോഡ് സഹകരണ മേഖലയിൽ മുപ്പതോളം യന്ത്രവത്കൃത ചകിരി നിർമ്മാണ യൂണിറ്റുകളുണ്ടായിരുന്നതിൽ പത്തിൽ താഴെ സംഘങ്ങൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. പുതിയതായി നൽകിയ ഡീഫൈബറിംഗ് മെഷീനുകൾ, ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ എന്നിവ പത്ത് ശതമാനംപോലും പ്രവർത്തിക്കുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കയർപിരി തൊഴിലാളികളുടെ കൂലി 300 രൂപയായിരുന്നു. അതിൽ ഒരു വർദ്ധനവും ഇതുവരെ ഉണ്ടായിട്ടില്ല. മൂന്ന് വർഷക്കാലം പിന്നിടുകയാണ്. തൊണ്ട് സംഭരണത്തിൽ പ്രായോഗിക നടപടികൾ സ്വീകരിക്കണം. ജി.എസ്.ടി.-യിൽനിന്ന് കയർ മേഖലയെ പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടിയുണ്ടാകണം. ബഹുമാന്യനായ ആനത്തലവട്ടം ആനന്ദൻ കയർ കമ്മീഷൻ ചെയർമാനായിരുന്നപ്പോൾ കയർ വ്യവസായത്തിന്റെ വളർച്ചയ്ക്കും

പുനരുദ്ധാരണത്തിനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിയും ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി ഒരു റിപ്പോർട്ട് സമർപ്പിച്ചു. അത് അങ്ങയുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് വിലയിരുത്തിയിട്ടുണ്ട്. കയർ ഉല്പാദനം പ്രധാനമായും കേന്ദ്രീകരിക്കുന്ന തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലേയ്ക്കുള്ള തൊണ്ടും ചകിരിയും ലഭ്യമാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കാനും മലബാറിൽ ചകിരി ഉല്പാദനം വർദ്ധിപ്പിച്ച് പ്രശ്നത്തിന് പരിഹാരം കാണാനുമാണ് റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നത്. മലബാറിൽ നാളികേര ഉല്പാദനം കൂടുതലാണെന്നുകണ്ട സാഹചര്യത്തിലാണ് നിങ്ങൾ ഈ തീരുമാനമെടുത്തിട്ടുള്ളത്. ആ കാലഘട്ടത്തിൽ പോലും ചകിരിക്കുവേണ്ടി തമിഴ്നാടിനെയും കർണ്ണാടകയെയുമാണ് ആശ്രയിച്ചിരുന്നതെന്നുള്ള വസ്തുത അങ്ങ് മനസ്സിലാക്കണം. ബഹുമാന്യനായ ആനത്തലവട്ടം ആനന്ദൻ നൽകിയ 'കയർ മേഖലയിൽ സമഗ്ര പുനഃസംഘടന' എന്ന റിപ്പോർട്ടനുസരിച്ച് കുടുംബശ്രീയുമായി ബന്ധപ്പെട്ട് തൊണ്ട് സംഭരിക്കാനായി 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ ബ്ലോക്ക് പഞ്ചായത്തുകളെ ഏല്പിച്ചു. നാളിതുവരെയും ആ തൊണ്ട് സംഭരണ പരിപാടികൾ നടന്നില്ലെന്നുമാത്രമല്ല, കൊടുത്ത പണം ഇപ്പോഴും അവിടെ കിടക്കുന്നു എന്നുള്ളത് അങ്ങ് ഓർക്കുമെന്നാണ് ഞാൻ കരുതുന്നത്.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇവിടെയുണ്ട്. അദ്ദേഹം കയർ മേഖലയിൽ വലിയ പരിജ്ഞാനമുള്ള വ്യക്തിയാണ്. അദ്ദേഹം കയർ ഡയറക്ടറായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചിറയിൻകീഴ് കേന്ദ്രീകരിച്ച് പുതിയൊരു പ്രോജക്ടുതന്നെ സമർപ്പിച്ചു. ആ പ്രോജക്ട് പരിശോധിച്ചതിനുശേഷം അദ്ദേഹം ആവശ്യപ്പെട്ടതനുസരിച്ച് അവിടത്തെ കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏതാണ്ട് ഒന്നരക്കോടി രൂപയിലധികം നൽകി. നാളിതുവരെ ആ തുക ചെലവഴിക്കാനുള്ള അനുമതി കൊടുത്തില്ല. ആ തുക ചെലവഴിക്കാൻ അങ്ങ് അനുമതി കൊടുക്കണ്ടേ; ഡെപ്യൂട്ടി സ്പീക്കർ അല്ലേ? നമ്മോടൊപ്പം ഇവിടെയിരിക്കുന്ന ഒരു വ്യക്തിയെന്ന നിലയിൽപ്പോലും അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നയാപൈസപോലും കൊടുത്തിട്ടില്ല. ഞങ്ങൾക്ക് അത് പറയാതിരിക്കാൻ കഴിയുമോ? അദ്ദേഹത്തിന് പറയാൻ കഴിയാത്തതുകൊണ്ട് പറയേണ്ട കാര്യങ്ങൾ ഞങ്ങളെങ്കിലും പറയണമല്ലോ എന്നുള്ളതുകൊണ്ടാണ് പറയുന്നത്.

മി. സ്പീക്കർ: അങ്ങയുടെ ശ്രദ്ധയിലേയ്ക്ക് മിനിസ്റ്റർ കുറച്ച് പുതിയ കാര്യങ്ങൾ പറഞ്ഞിരുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, അദ്ദേഹം എന്നെ ഏല്പിക്കേണ്ട. ഞാൻ അന്വേഷണം നടത്തിയപ്പോൾ നയാപൈസപോലും അതിന് കൊടുത്തിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

മി. സ്പീക്കർ: പ്ലീസ്.... അങ്ങ് കൺക്ലൂഡ് ചെയ്യൂ. പതിനാല് മിനിട്ടായി.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട കയർ വകുപ്പുമന്ത്രി ധനകാര്യ വകുപ്പുകൂടി കൈകാര്യം ചെയ്യുന്നുണ്ട്. അങ്ങ് ഇപ്പോൾ ചെയ്യുന്നത് എന്താണ്? ആവശ്യംപോലെ പണം കൊടുക്കുന്നുണ്ട്. പാവപ്പെട്ട കയർപിരി തൊഴിലാളികളുടെ കൂലി 500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കാൻ അങ്ങ് തയ്യാറാകണം. അതിനുള്ള മറുപടി അങ്ങ് സഭയിൽ പറയുമെന്ന് ഞാൻ കരുതുകയാണ്. ആലപ്പുഴയിലെ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അങ്ങ് സമരം നടത്തിയതും നേതൃത്വം കൊടുത്തതുമൊക്കെ അവരുടെ ക്ഷേമത്തിനുവേണ്ടിയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കുന്നു. തീർച്ചയായും അതിനുള്ള അവസരം ഒരുക്കിക്കൊടുക്കുമെന്നാണ് ഞാൻ കരുതുന്നത്. വളരെ ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിനുവേണ്ടിയാണ് ഈ വിഷയം ഞാൻ സഭയിൽ അവതരിപ്പിച്ചത്. അതുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): സർ, ഈ വിഷയം ഇന്ന് ചർച്ചയ്ക്ക് വന്നത് എന്തുകൊണ്ടാണെന്ന് ഞാൻ നേരത്തെ പറയുകയുണ്ടായി. ഇപ്പോൾ എനിക്ക് അതിന്റെ കിടപ്പ് ഏതാണ്ട് പിടികിട്ടി. ബഹുമാനപ്പെട്ട അടൂർ പ്രകാശ് മന്ത്രിയായിരുന്നപ്പോഴുണ്ടായിരുന്ന അവസ്ഥയുടെ നല്ലൊരു ചിത്രീകരണം അദ്ദേഹം നൽകുകയുണ്ടായി. ഇപ്പോഴും കാര്യങ്ങൾ അങ്ങനെ കിടക്കുകയാണെന്ന് അദ്ദേഹം ധരിച്ചുവശായിരിക്കുകയാണ്. അതുകൊണ്ടാണ് ഇത് അവതരിപ്പിക്കേണ്ടിവന്നത്. തൊഴിലാളികളുടെ ക്ഷേമത്തിനും അവകാശങ്ങൾക്കുമായി ചില്ലറ സമരങ്ങളൊന്നുമല്ല നടത്തിയിട്ടുള്ളത്. ഇൻകം സപ്പോർട്ട് സ്കീമിന് പണം കൊടുക്കാത്തത് എന്താണെന്നാണ് ആദ്യം ചോദിച്ചത്. കഴിഞ്ഞ സർക്കാരിന്റെ അവസാന വർഷം (2015-16-ൽ) അങ്ങ് 467 സംഘങ്ങളിലെ 27000 തൊഴിലാളികൾക്ക് 12.45 കോടി രൂപ കൊടുത്തു. ഈ സർക്കാരിന്റെ കാലത്ത് 2018-19-ൽ ജനുവരി മാസം അവസാനംവരെ 555 സൊസൈറ്റികളിലെ 32000 തൊഴിലാളികൾക്ക് 15 കോടി രൂപ കൊടുത്തുകഴിഞ്ഞു. 23 കോടി രൂപയാണ് ഈ വർഷം കൊടുക്കാൻ പോകുന്നത്. കണക്ക് കണക്കായി കാണണം. രണ്ട്, തൊഴിലാളികളുടെ ആനുകൂല്യങ്ങൾ - അവരുടെ പെൻഷൻ 600 രൂപയിൽനിന്ന് 1,100 രൂപയാക്കി. ഫാമിലി പെൻഷൻ 100 രൂപയിൽനിന്ന് 1,000 രൂപയാക്കി. പ്രസവാനുകൂല്യം 1,000 രൂപയിൽനിന്ന് 15,000 രൂപയാക്കി. ഈ സർക്കാർ വന്നിട്ട് മൂന്ന് വർഷമല്ലേ ആയിട്ടുള്ളൂ. നിങ്ങളുടെ അവസാനത്തെ മൂന്ന് വർഷമെടുത്താൽ 113 കോടി രൂപയാണ് നൽകിയത്. മൂന്നാം വർഷം തികയാൻ പോകുന്ന ഈ സർക്കാർ 285 കോടി രൂപ കൊടുത്തു. ആരാണ് കൂടുതൽ തുക കൊടുത്തത് ? 300 രൂപയായിരുന്നു കൂലി. അത് വർദ്ധിപ്പിച്ചിട്ടില്ലെന്ന് പറയുന്നത് തെറ്റാണ്. കൂലി 350 രൂപയാക്കി വർദ്ധിപ്പിച്ചു. അത് 500 രൂപയാക്കണമെന്ന് അങ്ങ് പറഞ്ഞു. അത് വർദ്ധിപ്പിക്കാം.

ശ്രീ. അടൂർ പ്രകാശ്: സർ, 50 രൂപ വർദ്ധിപ്പിച്ച് കൊടുത്തതിനെക്കുറിച്ച് അങ്ങ് ഇവിടെ പറയുന്നു. കയർപിരി രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആർക്കുംതന്നെ ഇത് കിട്ടിയിട്ടില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ജനുവരി ഒന്ന് മുതലാണ് തുക വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഞങ്ങളൊക്കെ കയർ മേഖലയിലെ എം.എൽ.എ.മാരാണ്. 50 രൂപ വർദ്ധിപ്പിക്കാനായി കമ്മിറ്റിയെ വച്ചിരിക്കുകയാണ്. ആ കമ്മിറ്റിയുടെ ശിപാർശ ആയിട്ടേയുള്ളൂ. അത് നടപ്പായിട്ടില്ല. അങ്ങ് വെറുതെ പറയരുത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിയമസഭയിലാണ് പറയുന്നതെന്നുള്ള ബോദ്ധ്യത്തോടെയാണ് ഞാൻ പറയുന്നത്. 50 രൂപ വർദ്ധിപ്പിച്ച് ഉത്തരവിറക്കി. ഓരോ മേഖലയിലുമുള്ള വർക്ക് ലോഡ് വ്യത്യസ്തമാണ്. നേരത്തെയുള്ള നോംസ് അനുസരിച്ച് അതിന് കഴിയില്ല. അതിനുവേണ്ടിയുള്ള കമ്മിറ്റി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. അതാണ് യാഥാർത്ഥ്യം. അത് വേണ്ടിവരും. കയർ ഉല്പാദനത്തിനനുസരിച്ചാണല്ലോ കൂലി കൊടുക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ അവസാനത്തെ മൂന്ന് വർഷമെടുത്താൽ കയർ ഉല്പാദനം 2 ലക്ഷം ക്വിന്റലാണ്. ഈ സർക്കാരിന്റെ കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഉല്പാദനം 3 ലക്ഷം ക്വിന്റലാണ്. ഈ വർഷം യഥാർത്ഥത്തിൽ 4 ലക്ഷം ക്വിന്റൽ വരുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഏറ്റവും കൂടുതൽ കയർ ഉല്പാദിപ്പിക്കുന്ന രണ്ട് മാസക്കാലം പ്രളയംമൂലം പരിപൂർണ്ണ സ്തംഭനത്തിലായതുകൊണ്ടാണ് 3 ലക്ഷത്തിൽ നിൽക്കുന്നത്. യഥാർത്ഥത്തിൽ 4 ലക്ഷം ക്വിന്റൽ കയർ ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. അടുത്ത വർഷം ഇതിന്റെ ഇരട്ടി ഉല്പാദനമാണ് കയർ മേഖലയിൽ നടക്കാൻ പോകുന്നത്. തൊഴിലാളികളുടെ ക്ഷേമത്തെക്കുറിച്ച് പറഞ്ഞതിന്റെ കാര്യം ഇതായിരുന്നു.

കയർ മേളയ്ക്കെതിരായി സമരം നടന്നതാണ് അങ്ങ് പറഞ്ഞ മറ്റൊരു പ്രശ്നം. എന്തിനാണ് സമരം നടന്നത്? ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ കാലംമുതൽ കയർ ഡിപ്പാർട്ടുമെന്റിന് 20 കോടി രൂപയാണ് ഇൻകം സപ്പോർട്ട് കൊടുക്കുന്നത്. അതിൽ പകുതി മാത്രം (10 കോടി രൂപ) കൊടുക്കുന്നതിനെതിരായി, അത് പോരാ, പൂർണ്ണമായും ഇൻകം സപ്പോർട്ട് നൽകണം എന്നുപറഞ്ഞ് സമരം നടത്തിയിട്ട് ആ സമരത്തെ തിരിഞ്ഞുനോക്കാതെ, കൊടുക്കാനുള്ള പെൻഷനടക്കം കുടിശ്ശികയാക്കിയപ്പോൾ അങ്ങനെയാണെങ്കിൽ തൊഴിലാളികളുടെ അവകാശങ്ങൾ തന്നിട്ടുമതി നിങ്ങളുടെ മേള എന്നുപറഞ്ഞിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ,.....

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ വഴങ്ങാം. ഞാനൊരു വാചകം പറയുമ്പോഴേയ്ക്കും നിങ്ങൾ ഇടയ്ക്കുകയറി പറയാൻ തുടങ്ങിയാൽ എങ്ങനെയാണ്? ഞാൻ വഴങ്ങിയിട്ടില്ലേ? ഇനിയും വഴങ്ങാം. ഇന്ന് ആനുകൂല്യങ്ങളൊക്കെ നൽകി. ഇല്ലാത്ത ആനുകൂല്യങ്ങൾ കൊടുത്തുവെന്ന് പറയണ്ട. മാനേജീരിയൽ സബ്സിഡിവരെ നൽകിയതിനുശേഷം ഞങ്ങൾ കയർ മേള നടത്തുന്നുണ്ട്. അങ്ങേയ്ക്ക് എന്താണ് ചോദിക്കാനുള്ളത്?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട മന്ത്രി കൊടുത്തതിനെപ്പറ്റിയൊക്കെ ഇവിടെ വളരെ വിശദമായി പറഞ്ഞു. 2006 മുതൽ 2011 വരെ അങ്ങയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് ഇവിടെ ഭരിച്ചത്. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനും അന്നത്തെ കയർ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഇവിടെയുണ്ട്. ആ കാലഘട്ടത്തിൽ തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരുന്ന വേതനം 150 രൂപയായിരുന്നു. ആ 150 രൂപയിൽ നിന്ന് ഇൻകം സപ്പോർട്ട് സ്കീം കൂടി ഞങ്ങൾ കൊടുത്തു. മാത്രമല്ല, അത് 260 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. അതിനുശേഷം വീണ്ടും ചർച്ചയിലൂടെ അടുത്തവർഷം 300 രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ കാലാനുസൃതമായ മാറ്റങ്ങളാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. ജീവിതച്ചെലവിനനുസരിച്ച് ഒരു തൊഴിലാളിക്ക് കിട്ടേണ്ടതായ അവകാശങ്ങൾ ലഭിക്കണമെന്നുള്ളതാണ് ഇവിടെ പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇൻകം സപ്പോർട്ട് സ്കീം നിങ്ങൾ തുടങ്ങിയതല്ല, ശ്രീ. വി. എസ്. അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ തുടങ്ങിയിട്ടുള്ള സ്കീമാണ്. ശ്രീ. ജി. സുധാകരൻ മന്ത്രിയായിരിക്കുമ്പോഴാണ് കൂലി വർദ്ധിപ്പിച്ചത്. ഇപ്പോൾ 50 രൂപ വർദ്ധിപ്പിക്കുന്നു. അതുമാത്രമല്ല, കയർപിരി മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ പതിനായിരം എണ്ണമെങ്കിലും വിന്യസിപ്പിക്കാനുള്ള തീരുമാനമെടുത്ത് ഉല്പാദനം ആരംഭിച്ചിരിക്കുകയാണ്. ഉല്പാദനക്ഷമത ഉയർന്ന ആ യന്ത്രങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് അങ്ങ് 500 രൂപയല്ലേ പറഞ്ഞത്; 500 രൂപ മുതൽ 600 രൂപവരെ കൂലികിട്ടുന്ന രീതിയിൽ വേതനം നിശ്ചയിക്കണമെന്നാണ് ഞങ്ങൾ ചിന്തിക്കുന്നത്. തൊണ്ടുതല്ല് മെഷീനിൽ പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികൾക്ക് ഒരു ദിവസം 500 രൂപ മുതൽ 600 രൂപ വരെ കൂലികിട്ടുന്ന രീതിയിലുള്ള വേതനം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. അങ്ങനെ ഈ സർക്കാരിന്റെ കാലത്ത് ഭൂരിപക്ഷം തൊഴിലാളികളും ഇത്തരത്തിലുള്ള യന്ത്രവൽക്കരണ മേഖലയിലേയ്ക്ക് മാറുന്ന ഒരു അവസ്ഥാവിശേഷം വരാൻ പോകുകയാണ്. തൊണ്ട് സംഭരിക്കണമെന്നും അതിനുവേണ്ട സഹായം നൽകണമെന്നുമെല്ലാം അങ്ങ് പറഞ്ഞു. അങ്ങയുടെ കാലത്ത് വിവിധ സ്കീമുകളിൽ നിന്ന്

തൊണ്ടിനുവേണ്ടി ഒരു രൂപ അറുപത് പൈസ വരെ സബ്സിഡി നൽകുമെന്നെല്ലാം പ്രഖ്യാപിച്ചിരുന്നു. ഞാൻ എത്ര രൂപയാണ് ചെലവാക്കിയതെന്നുള്ള കണക്ക് നോക്കി. 2014-15-ൽ തൊണ്ടു സംഭരണത്തിന് 4.8 ലക്ഷം രൂപയും 2015-16-ൽ 19.98 ലക്ഷം രൂപയുമാണ് ചെലവാക്കിയത്. ഒരു രൂപ 60 പൈസ വച്ച് തൊണ്ടിന് നൽകുന്നുവെന്ന നിങ്ങളുടെ പ്രഖ്യാപനവും നൽകിയതും തമ്മിലുള്ള വ്യത്യാസം നോക്കുക; ഇതല്ലേ യാഥാർത്ഥ്യം?

ഇവിടെ മുഴുവനും യന്ത്രവൽക്കരണമാണ്. 400 മെഷീനുകൾ വന്നപ്പോൾ തൊണ്ട് വാങ്ങാൻ സബ്സിഡി, ലോറിയിൽ കയറ്റാൻ സബ്സിഡി, ചുമന്നിടാൻ സബ്സിഡി, തൊണ്ട് ചകിരിയാക്കാൻ സബ്സിഡി. അങ്ങനെയല്ല വേണ്ടത്. മറിച്ച്, ലാഭകരമാകുന്ന ഒരു വിലയ്ക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും സഹകരണസംഘങ്ങളിൽ നിന്നും ചകിരി സംഭരിക്കും. ഞങ്ങൾ ചെയ്യുന്നത് അങ്ങനെയാണ്. അല്ലാതെ, ഓരോന്നിനും സബ്സിഡി കൊടുക്കുന്ന ഏർപ്പാടല്ല. ഇപ്പോൾ 21 രൂപയ്ക്ക് ചകിരി സംഭരിക്കുന്നു. എന്തുകൊണ്ടാണ് 21 രൂപ വരുന്നത്? തമിഴ്നാട്ടിലെ ചകിരിച്ചോറ് കയറ്റുമതി ചെയ്യുന്നു, നമ്മുടെ നാട്ടിലെ ചകിരിച്ചോറ് കയറ്റുമതി ചെയ്യാൻ പറ്റുന്നില്ല. അതിന്റെ കാരണമെന്താണ്? കാരണം, നമ്മുടെ നാട്ടിലെ തൊണ്ടിൽ ലവണാംശം കൂടുതലാണ്. അതുകൊണ്ട് ചകിരിച്ചോറിന് ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി കൂടുതലാണ്. അത് കമ്പോസ്റ്റ് ചെയ്യാതെ വളമായിട്ടോ മീഡിയമായിട്ടോ ഉപയോഗിക്കാൻ കഴിയില്ല. അതുകൊണ്ടാണ് നമുക്ക് കയറ്റുമതി ചെയ്യാൻ സാധിക്കാത്തത്. ആ പ്രശ്നത്തെ മറികടക്കുന്നതിന് നമ്മളിപ്പോൾ സാങ്കേതികമായ പരിഹാരം കണ്ടെത്തിയിരിക്കുന്നു. ഈ രീതിയിൽ നോക്കുമ്പോൾ, അങ്ങയുടെ കാലത്തുണ്ടായിരുന്ന സ്ഥിതിയെക്കുറിച്ച് ചിത്രീകരിച്ചല്ലോ; അത് അടുത്ത വർഷത്തോടുകൂടി സമൂലമായി മാറിയിരിക്കും. ചകിരി ഉല്പാദനം പത്ത് മടങ്ങ് വർദ്ധിപ്പിക്കുന്നതിനാണ് 400 ഡീഫൈബറിംഗ് മില്ലുകൾ. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വരുമ്പോൾ പ്രൊഡക്റ്റിവിറ്റി പത്ത് മടങ്ങ് വർദ്ധിപ്പിക്കാനും കയർ ഉല്പാദനം മൂന്ന് മടങ്ങാക്കാനും കയർ ഉല്പന്നങ്ങൾ ഇരട്ടിയാക്കാനും സാധിക്കുമെന്നുള്ളതാണ്. ഒന്നേകാൽ ലക്ഷം സ്ക്വയർ ഫീറ്റ് ജിയോ ടെക്സ്റ്റൈൽസിന് ഓർഡർ വാങ്ങിയിട്ട് അമ്പത്തിരണ്ടായിരം (0.52), പകുതി ആണ് കൊടുത്തത് എന്നുപറഞ്ഞു. ഓർഡർ വാങ്ങുന്നത് ആ വർഷംതന്നെ കൊടുക്കാനല്ല; ഇപ്പോഴും അത് സപ്ലൈ ചെയ്തുകൊണ്ടിരിക്കുകയാണ്. കയർ കോർപ്പറേഷന്റെ കയർ സംഭരണം നേരത്തെ ഉണ്ടായിരുന്നതിന്റെ ഇരട്ടിയായി. നിങ്ങളുടെ ഭരണകാലത്തിന്റെ അവസാനവർഷം 9,240 മെട്രിക് ടൺ ആണ് കയർ സംഭരണമെങ്കിൽ ഈ വർഷം ഇതുവരെ ഒന്നേകാൽ ലക്ഷം ടൺ ആണ്. അതാണ് വ്യത്യാസം. ഇങ്ങനെയുള്ള മാറ്റങ്ങളൊക്കെ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. എന്തായാലും ഇതൊക്കെ പറയാനുള്ള സന്ദർഭം ഉണ്ടാക്കിത്തന്നതിന് വളരെ നന്ദിയുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കയർപിരി മേഖലയിലെ ഐ.എൻ.ടി.യു.സി., കയർ തൊഴിലാളി ഫെഡറേഷൻ ഉൾപ്പെടെയുള്ള കയർ

തൊഴിലാളി സംഘടനകൾ സമരത്തിലാണ്. എന്തുകൊണ്ടാണ് അങ്ങ് ഈ തൊഴിലാളി സംഘടനകളെയെല്ലാം വിളിച്ച് അവരുമായി ഫലപ്രദമായ ഒരു ചർച്ചയ്ക്ക് തയ്യാറാകാത്തത്? ഇതുവരെ അങ്ങ് ഒരു യോഗം വിളിച്ചില്ല എന്നാണ് അവരുടെ പരാതി. എന്തുകൊണ്ട് അങ്ങ് അത് ചെയ്യുന്നില്ല?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ പങ്കെടുത്തുകൊണ്ട് യോഗം നടത്തിയിട്ടുണ്ട്. എല്ലാ മാസവും കയർ അപ്പെക്സ് ബോഡി മീറ്റ് ചെയ്യുന്നുണ്ട്. അതിൽ എല്ലാ ട്രേഡ് യൂണിയനുകളും അംഗങ്ങളാണ്. ഐ.എൻ.ടി.യു.സി. സമരത്തിലാണെങ്കിൽ അവരുമായി ചർച്ച ചെയ്യുന്നതിന് സർക്കാരിന് ഒരു തടസ്സവുമില്ല. അതിനുവേണ്ടി അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. കത്ത് തന്നിരുന്നെങ്കിൽ നാളെത്തന്നെ യോഗം വിളിക്കാമായിരുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ചർച്ച ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കയർ വ്യവസായം ഇന്ന് തൂക്കുകയറിലായിരിക്കുന്ന ഒരു കാലഘട്ടമാണ്. അതിജീവനത്തിനുവേണ്ടി കയർമേഖല വലിയതോതിൽ പണിപ്പെടുന്ന ഒരു ഘട്ടമാണ് ഇന്ന് കേരളത്തിലുള്ളത്. കയർമേഖല ഏതാണ്ട് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ഒരുകാലത്ത് കേരളത്തിലെ കയറായിരുന്നു ലോകപ്രശസ്തിയാർജ്ജിച്ചിരുന്നത്. എന്റെ നിയോജകമണ്ഡലമായ ആറാട്ടുപുഴ കയർ, ഡെപ്യൂട്ടി സ്പീക്കറുടെ മണ്ഡലത്തിലെ അഞ്ചുതെങ്ങ് കയർ, വൈക്കം കയർ ഇതെല്ലാം ലോകപ്രശസ്തമായ ബ്രാൻഡുകളായി അംഗീകരിച്ചിട്ടുള്ളതായിരുന്നു. ഇന്ന് പിരിമേഖല പൂർണ്ണമായി തകർന്നിരിക്കുന്നു. ഒരുകാലത്ത് റാട്ടിന്റെ ശബ്ദവും കയർ കളങ്ങളുമായിരുന്നു കേരളത്തിന് പ്രത്യേകിച്ച്, ആലപ്പുഴ, കൊല്ലം, എറണാകുളത്തിന്റെ ചില ഭാഗങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളുടെ പ്രത്യേകത. ഇന്ന്, വാസ്തവത്തിൽ കയർമേഖല വൻതകർച്ചയെ നേരിടുകയാണ്. ഇതിനെ പുനരുദ്ധരിക്കാനുള്ള പ്രഖ്യാപനങ്ങളല്ലാതെ ഒന്നും നടപ്പാകുന്നില്ലായെന്നുള്ളതാണ് സത്യം. നടക്കാത്ത പദ്ധതികളുടെ പ്രവാചകനായി നമുക്ക് ഡോ. ടി. എം. തോമസ് ഐസക്കിനെ വിശേഷിപ്പിക്കാൻ കഴിയും. അദ്ദേഹം പ്രഖ്യാപനങ്ങൾ നടത്തുന്നുണ്ടെങ്കിലും കയർമേഖലയ്ക്ക് ഇതുകൊണ്ട് ഒരു പുനരുദ്ധാരണവും കഴിഞ്ഞ മൂന്നുവർഷമായി

ഉണ്ടായില്ല എന്നുള്ളത് വളരെ വ്യക്തമാണ്. കയറിനെക്കുറിച്ച് ഗവേഷണ പ്രബന്ധം രചിച്ച് ഡോക്ടറേറ്റ് നേടിയ ആളാണ് ഡോ. ടി. എം. തോമസ് ഐസക്. കയർമേഖലയെ സംരക്ഷിക്കുന്നതിനുള്ള പ്രായോഗിക നടപടികൾ കൈക്കൊള്ളാൻ അദ്ദേഹത്തിന് കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തികഞ്ഞ ആത്മാർത്ഥതയോടെയുള്ള തൊഴിലാളിവർഗ്ഗ സമീപനം ഇക്കാര്യത്തിൽ അദ്ദേഹം സ്വീകരിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ മൂന്ന് വർഷത്തിനിടയിൽ തൊഴിലാളി യൂണിയനുകളുടെ ഒരു യോഗംപോലും വിളിച്ചുകൂട്ടാൻ അദ്ദേഹത്തിന് കഴിഞ്ഞില്ലായെങ്കിൽ എങ്ങനെയാണ് തൊഴിലാളികളുടെ പ്രയാസങ്ങൾ അദ്ദേഹത്തിന് മനസ്സിലാക്കാൻ കഴിയുന്നത്? ഒരുകാലത്ത് കേരളത്തിന് അഭിമാനമായിരുന്ന ഈ മേഖലയിൽ അഞ്ച് ലക്ഷത്തോളം ആളുകളായിരുന്നു തൊഴിലെടുത്തിരുന്നത്. ഇന്നത് ഒരു ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. ഈ മേഖലയിൽ വലിയതോതിലുള്ള പരിദേവനങ്ങളാണ് ഉയരുന്നത്; പലഭാഗത്തും പട്ടിണിയാണ്. കയർത്തൊഴിലാളികൾക്കായി പ്രത്യേകിച്ച് ക്ഷേമപദ്ധതികളൊന്നും ഇല്ലാത്തതുകൊണ്ട് അവർ ബുദ്ധിമുട്ട് നേരിടുകയാണ്. കയർത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും ഇടകലർന്ന് ജീവിക്കുന്ന തീരദേശമേഖലയ്ക്ക് ധാരാളം പ്രഖ്യാപനങ്ങളും പദ്ധതികളുമുണ്ട്. കയർമേഖലയ്ക്ക് തൊഴിലാളികളുടെ ക്ഷേമത്തിനു വേണ്ടിയുള്ള പദ്ധതികളില്ലാത്തതുകൊണ്ട് അവരുടെ പരിതാപങ്ങൾ നമ്മൾ കേൾക്കേണ്ടിയിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

കയർമേഖലയുടെ ചരമക്കുറിപ്പ് എഴുതുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. കയർപിരി മേഖലയിലും ചെറുകിട ഉല്പാദന മേഖലയിലും ഉല്പാദനം പൂർണ്ണമായും നിലച്ചിരിക്കുകയാണ്. ഒരുകാലത്ത് വളരെയേറെ പുഷ്ടിപ്പെട്ട ഒരു വ്യവസായമായിരുന്നുവെങ്കിൽ ഇന്നത് ദുർബ്ബലപ്പെട്ട് വരുന്നുവെന്നതാണ് യാഥാർത്ഥ്യം. ഇപ്പോൾ കയർ ഉല്പന്നങ്ങൾക്കുപകരമായി മറ്റ് ഉല്പന്നങ്ങൾ കടന്നുവരികയാണ്. ഉദാഹരണമായി, ബംഗാളിൽ നിന്നുള്ള ചണം റബ്ബറുമായി കൂട്ടിക്കലർത്തിയുണ്ടാക്കിയ ഉല്പന്നങ്ങൾ കയർമേഖലയെ വലിയ ഭീഷണിയിലേയ്ക്ക് എത്തിക്കുകയാണ്. എല്ലാ മേഖലകളിലും വലിയ സ്തംഭനാവസ്ഥയാണ് സൃഷ്ടിച്ചിരിക്കുന്നത്. കയർപിരി മേഖലയിലും ചെറുകിട ഫാക്ടറികളിലും ഓർഡറുകൾ ലഭ്യമാക്കാത്തതുകാരണം ഉല്പാദനം നിലച്ചുകൊണ്ടിരിക്കുകയാണ്. തൊഴിലില്ലായ്മ അതിരൂക്ഷമായി മാറുകയാണ്. കൂലി കൂട്ടുതലിനെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. 50 രൂപ കൂട്ടി കൊടുത്താൽ എന്താണ് സംഭവിക്കാൻ പോകുന്നത്? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ് 300 രൂപയാക്കി വർദ്ധിപ്പിച്ചത്. ഈ മേഖലയിൽ അധികം തൊഴിലാളികളില്ലാത്തതിനാൽ അവരുടെ കൂലി 500 രൂപയായെങ്കിലും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കൂലി

വർദ്ധനവ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അടിയന്തരമായി യോഗം വിളിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. കയർഫെഡ് വഴി സബ്സിഡി നിരക്കിൽ കയർ ഉല്പാദക സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ചകിരിക്ക് ഗുണനിലവാരമില്ല എന്നുള്ളതാണ് ഏറ്റവും വലിയ പരാതിയായി സംഘങ്ങളുടെ ആളുകൾ നമ്മളോട് സൂചിപ്പിക്കുന്നത്. ആ ചകിരിയെടുത്ത് ഉല്പന്നങ്ങളുണ്ടാക്കാൻ സംഘങ്ങൾ തയ്യാറാകുന്നില്ല. ചുരുക്കത്തിൽ, ഉല്പാദനച്ചെലവും കയർ വിലയും തമ്മിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്നതുകൊണ്ട് കയർ സംഘങ്ങൾ ഭീമമായ വ്യവസായ നഷ്ടം നേരിടുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ടാണ് പല കയർ സംഘങ്ങളും പ്രവർത്തിക്കാത്തത്. കായംകുളം കയർ പ്രോജക്ടിലാണ് ഞങ്ങളുടെ മേഖല വരുന്നത്. അവിടെ ധാരാളം കയർ സംഘങ്ങളുണ്ട്. മൂലധനത്തിന്റെ അപര്യാപ്തതകൊണ്ടാണ് ആ സംഘങ്ങൾക്ക് പ്രവർത്തിക്കാൻ കഴിയാതെ വന്നിരിക്കുന്നത്. ശ്രീ. അടൂർ പ്രകാശ് മന്ത്രിയായിരുന്നപ്പോഴാണ് മൂലധനം നൽകാനുള്ള തീരുമാനമെടുത്തത്. 5 ലക്ഷം മുതൽ 10 ലക്ഷം വരെ പ്രവർത്തന മൂലധന ഫണ്ട് നൽകിയിരുന്നു. സംഘങ്ങൾക്ക് പ്രവർത്തിക്കണമെങ്കിൽ പ്രവർത്തന മൂലധനം അത്യാവശ്യമാണ്. ഇത് നൽകാനുള്ള വൈമുഖ്യം അവസാനിപ്പിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഇത്തരത്തിലുള്ള സ്ഥിതിവിശേഷമാണെങ്കിൽ എങ്ങനെയാണ് നിങ്ങളുടെ ഭരണകാലത്തെ അപേക്ഷിച്ച് ഇപ്പോൾ സംഘങ്ങളിൽ കയർ ഉല്പാദനം 50 ശതമാനം ഉയർന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങ് വസ്തുതകൾ അറിയാതെ സംസാരിക്കരുത്. എനിക്ക് അവിടെ നേരിട്ട് ബന്ധമുള്ളതാണ്. ഞങ്ങൾ ആലപ്പുഴക്കാരാണല്ലോ; നമുക്ക് വേണമെങ്കിൽ ഒരുമിച്ച് ചർച്ച ചെയ്യാം. എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ നൂറോളം കയർ സംഘങ്ങളുണ്ട്. പകുതിയിലധികവും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കയർ ഡയറക്ടർ ഉൾപ്പെടെയുള്ളവരുമായി സംസാരിച്ച് അവർക്ക് പ്രവർത്തന മൂലധനം കൂടുതൽ നൽകണമെന്ന് ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. അക്കാര്യം നമുക്ക് സംസാരിക്കാം. ഇതൊക്കെ ചെറുകിട സംഘങ്ങളാണ്. പ്രവർത്തന മൂലധനമില്ലാത്തതുകൊണ്ടാണ് അവർക്ക് പ്രവർത്തിക്കാൻ സാധിക്കാത്തത്. തൊഴിലാളികൾക്ക് ശമ്പളം ഉൾപ്പെടെയുള്ള മാനേജീരിയൽ സബ്സിഡിയും അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലൂടെ നൽകുന്ന സഹായങ്ങളും നൽകാത്തതുകൊണ്ടാണ് അവയ്ക്ക് പ്രവർത്തിക്കാൻ സാധിക്കാത്തത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നിങ്ങൾ അഞ്ച് വർഷം ഭരിച്ചിട്ട് ഒരു പ്രാവശ്യമെങ്കിലും മാനേജീരിയൽ സബ്സിഡി നൽകിയിട്ടുണ്ടോ? ഏഴ് വർഷമായി ഇല്ലാതിരുന്ന മാനേജീരിയിൽ സബ്സിഡി കഴിഞ്ഞ വർഷമാണ് പുനഃസ്ഥാപിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സംഘങ്ങളുടെ ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയാണ് സംഘങ്ങളുടെ മീറ്റിംഗ് വിളിക്കണമെന്ന് ഞാൻ പറയുന്നത്. എന്നാൽ അങ്ങേയ്ക്ക് സമയമില്ല. ധനകാര്യ വകുപ്പിന്റെ വലിയ ചുമതലയുള്ളതുകൊണ്ട് കയറിന്റെ കാര്യത്തിൽ അങ്ങ് ശ്രദ്ധിക്കുന്നില്ല എന്നുള്ള വലിയ പരാതിയുണ്ട്. അതുകൊണ്ട് ഗൗരവമായിത്തന്നെ പറയുകയാണ്. വൈക്കത്തുനിന്നും തിരുവനന്തപുരം വരെ പട്ടിണി ജാഥ നടത്തിയ ആളല്ലേ അങ്ങ്? അങ്ങ് എന്തുകൊണ്ടാണ് സംഘങ്ങളുടെ ആളുകളെ വിളിച്ചുകൂട്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാത്തത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, സംഘങ്ങളുടെയും ജീവനക്കാരുടെയും കൺവെൻഷൻ നടന്നു. എല്ലാ സംഘങ്ങളുടെയുംകൂടി ആയിരത്തിൽപ്പരം പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു ഏകദിന സമ്മേളനം ആലപ്പുഴ വച്ച് നടന്നു. ഏതാണ്ട് മൂന്ന് പ്രാവശ്യമെങ്കിലും സംഘങ്ങളുടെ പ്രതിനിധികളുടെ സമ്മേളനം നടത്തിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സെമിനാർ നടത്തിയതിനെക്കുറിച്ചാണ് അങ്ങ് പറയുന്നത്. അതിന്റെ പ്രതിനിധികളെയും കയർ മേഖലയിലെ എം.എൽ.എ.മാരെയും വിളിച്ച് അങ്ങ് ചർച്ച ചെയ്യൂ. ഭരണപക്ഷത്ത് ശ്രീ. വി. ജോയിയും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറും ഉണ്ടല്ലോ? ഞങ്ങളെയൊക്കെ വിളിച്ച് ചർച്ച ചെയ്യൂ. അങ്ങ് വിചാരിക്കുന്നതു പോലെയല്ല, ഈ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. ഞങ്ങളിത് പറയുമ്പോൾ അതിനെ അപ്രീഷ്യേറ്റ് ചെയ്യണം. ഗ്രാസ് റൂട്ട് ലെവലിൽ നടക്കുന്ന പ്രശ്നങ്ങളെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. ചേർത്തല മേഖലയിലെ സ്ഥിതിയെന്താണെന്ന് ശ്രീ. പി. തിലോത്തമൻ പറയട്ടെ. ഞങ്ങളെ വിളിച്ച് അങ്ങ് ചർച്ച ചെയ്യൂ. ധനകാര്യ വകുപ്പ് കയ്യിലുള്ളതുകൊണ്ട് അങ്ങേയ്ക്ക് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. അങ്ങ് ഇതിനെ പോസിറ്റീവായി കാണണം. ഈ മേഖലയുമായി ബന്ധപ്പെട്ട നമ്മുടെ ജില്ലയിലാണല്ലോ ഏറ്റവും കൂടുതൽ പ്രശ്നങ്ങളുള്ളത്. അവരുടെ കണ്ണുനീർ ദിവസവും കാണുന്ന ഒരാളെന്ന നിലയിലാണ് ഞാൻ ഇക്കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗൗരവപൂർവ്വമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇൻകം സപ്പോർട്ട് സ്കീം യു.ഡി.എഫ്. സർക്കാർ വർദ്ധിപ്പിച്ചതിൽ നിന്നും കുറച്ചുകൂടി വർദ്ധിപ്പിക്കണം. മൂന്ന് വർഷമായല്ലോ, അത് കൂട്ടി കൊടുക്കണ്ടേ? ആ നിലയിൽ കൂടുതൽ കൂടുതൽ കാര്യങ്ങൾ ചെയ്യണമെന്നാണ് ഞങ്ങൾ

പറയുന്നത്. ഈ മേഖല അനുദിനം തകർന്നുകൊണ്ടിരിക്കുന്നു. ശ്രീലങ്കയിൽ നിന്നുപോലും ചകിരിനാര് ഇവിടെ വരുന്നുണ്ട്. ഏറ്റവും നീളം കൂടിയ ചകിരിനാര് അവിടെ നിന്നാണ് കിട്ടുന്നത്. അതുപോലെ വളരെ ബോധപൂർവ്വമായി തമിഴ്നാട്ടിലെ ചില മില്ലുകൾ ഇവിടെ നിന്നും തൊണ്ട് കടത്തിക്കൊണ്ടുപോയി ചകിരിയാക്കി വലിയ വിലയ്ക്കാണ് കേരളത്തിന് തരുന്നത്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് ഗൗരവപൂർവ്വമായൊരു സമീപനം സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ മേഖല പൂർണ്ണമായും തകർന്നുകൊണ്ടിരിക്കുകയാണ്. വെറുതെ പ്രഖ്യാപനങ്ങൾകൊണ്ട് ഒരു കാര്യവുമില്ല. 300 മിൽ, 500 മിൽ എന്നൊക്കെ അങ്ങ് പറയുന്നുണ്ട്. എത്ര മില്ലുകൾ യാഥാർത്ഥ്യമാകുന്നു?

എന്റെ നിയോജകമണ്ഡലത്തിൽ കയർ ബോർഡുമായി ബന്ധപ്പെട്ട് ഒരു കയർ ക്ലസ്റ്റർ തുടങ്ങി. ആലപ്പുഴയിലെ കയർ ക്ലസ്റ്ററിനെപ്പറ്റി അങ്ങേയ്ക്ക് അറിയാമല്ലോ? സി.ഐ.ടി.യു.-വിന്റെ നേതാവാണല്ലോ അതിന് നേതൃത്വം കൊടുക്കുന്നത്. ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കയർ ബോർഡുമായി ചേർന്ന് ഒരു കയർ ക്ലസ്റ്റർ തുടങ്ങി. അത് ഫലപ്രദമായി മുന്നോട്ടുപോകുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ കയർ വകുപ്പും കയർ ബോർഡുമായി ഒരു കോ-ഓർഡിഷേനുമില്ല. ഇത്തരം പ്രശ്നങ്ങൾ വളരെ ഗൗരവപൂർവ്വമായതാണ്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെയും കയർ ബോർഡിന്റെയും സഹായത്തോടുകൂടി കേരളത്തിലെ കയർമേഖലയെ പുനരുദ്ധരിക്കാനുള്ള നടപടികളാണ് ഉണ്ടാകേണ്ടത്. ദൗർഭാഗ്യവശാൽ ഇന്ന് ഈ മേഖല പൂർണ്ണമായും ഗുരുതരാവസ്ഥയിലാണ്. ചിറയിൻകീഴിലെ കാര്യം, ഡെപ്യൂട്ടി സ്പീക്കർക്ക് പറയാൻ കഴിയാത്തതുകൊണ്ട് അദ്ദേഹം അത് പറയുന്നില്ല. തൊഴിലാളികൾ വലിയ ബുദ്ധിമുട്ടിലാണ്. വൈക്കം മണ്ഡലത്തിലും ബുദ്ധിമുട്ടുണ്ട്. ഈ മേഖല മുഴുവൻ വലിയ പ്രതിസന്ധി നേരിടുമ്പോഴും ഇതെല്ലാം കണ്ണടച്ച് ഇരുട്ടാക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിലപാടിലും ഇത് ചർച്ച ചെയ്യാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, അങ്ങ് 1985-ൽ Economic and Political Weekly-യിൽ എഴുതിയ ഒരു ലേഖനമുണ്ട്. 'From cast consciousness to class consciousness - Alleppey coir workers during interwar period.' അന്ന് അങ്ങ് cast consciousness-ൽ നിന്നും class consciousness-ലേയ്ക്ക് ആലപ്പുഴയിലെ കയർത്തൊഴിലാളികൾ മാറുന്ന സാഹചര്യത്തെ വളരെ മനോഹരമായി വരച്ചുകാണിച്ചിട്ടുണ്ട്. അങ്ങ് ഏറ്റവുമധികം പഠനം നടത്തിയിട്ടുള്ളതും കയർ

വ്യവസായത്തെക്കുറിച്ച് തന്നെയാണ്. പക്ഷേ ഇപ്പോൾ ക്ലാസ് കോൺഷ്യസ്നെസ്സിൽ നിന്നും തൊഴിലാളികളെ വിസ്മരിച്ചുകൊണ്ട് കോർപ്പറേറ്റ് കോൺഷ്യസ്നെസ്സിലേക്ക് അങ്ങ് കടക്കുന്നുവെന്ന് ബഡ്ജറ്റ് അടക്കം ബോദ്ധ്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന സമയത്താണ് നമ്മൾ ഈ വിഷയം ചർച്ച ചെയ്യുന്നത്. നമ്മൾ അതിജീവനത്തിന്റെ വിഷയങ്ങൾ അവതരിപ്പിക്കുമ്പോഴൊക്കെ എന്തിനാണ് ഇങ്ങനെയൊരു അടിയന്തര പ്രമേയം കൊണ്ടുവരുന്നതെന്ന് ചോദിക്കുന്നതുപോലും അതുകൊണ്ടായിരിക്കും. കശുവണ്ടി തൊഴിലാളികളുടെയും കയർ തൊഴിലാളികളുടെയും വിഷയങ്ങളൊക്കെ ചർച്ച ചെയ്യേണ്ട കാര്യമാണോ എന്ന് ചോദിക്കുന്നിടത്തേയ്ക്ക് ഈ ഗവൺമെന്റ് എത്തിയിട്ടുണ്ടെങ്കിൽ അതിജീവനത്തിനുവേണ്ടി നിൽക്കുന്നവരെ വിസ്മരിക്കുന്നൊരു സാഹചര്യം ഉണ്ടായിരിക്കുന്നു എന്നുള്ളതാണ്. ഇക്കഴിഞ്ഞ ജനുവരിയിൽ തിരുവനന്തപുരം ജില്ലയിലെ കയർ മേഖലയുടെ പ്രതിസന്ധി പരിഹരിക്കാൻ അടിയന്തര സഹായം വേണമെന്ന് പറഞ്ഞ് ജില്ലയിലെ സംഘം പ്രസിഡന്റുമാരും സെക്രട്ടറിമാരും ഒരു യോഗം വിളിച്ചു കൂട്ടുകയുണ്ടായി. അത് ഉദ്ഘാടനം ചെയ്തത് നിങ്ങളുടെതന്നെ അപ്പെക്സ് ബോഡി വൈസ് ചെയർമാനായ ശ്രീ. ആനത്തലവട്ടം ആനന്ദൻ ആണ്. അന്നത്തെ യോഗത്തിൽ കയർമേഖല പ്രതിസന്ധിയിലാണെന്നാണ് സംഘം പ്രസിഡന്റുമാരും സെക്രട്ടറിമാരും പറഞ്ഞത്. കയർ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായി വിവിധ കാര്യങ്ങൾ പറയുന്നുണ്ട്. ഞങ്ങൾ ഒരു പ്രത്യേക പാക്കേജ് ഗവൺമെന്റിനോട് ആവശ്യപ്പെടുമെന്നും ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിന് പരിശ്രമിക്കുമെന്നുമാണ് അന്ന് വൈസ് ചെയർമാൻ അവർക്ക് നൽകിയ വാഗ്ദാനം. അപ്പോൾ പ്രതിസന്ധിയുണ്ട് എന്ന കാര്യം ശരിയാണ്. തിരുവനന്തപുരത്തിന്റെ മാത്രം വിഷയങ്ങളാണ് അന്ന് ചർച്ച ചെയ്തതെങ്കിലും മറ്റ് കാര്യങ്ങളും അന്നവിടെ ചർച്ച ചെയ്തിട്ടുണ്ട്. തമിഴ്നാട്ടിലേക്ക് തൊണ്ട് കടത്തുന്നതിനെക്കുറിച്ചും 100 ക്വിന്റൽ കയർ ഉല്പാദിപ്പിക്കുമ്പോൾ രണ്ട് ലക്ഷം രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ടെന്നും അങ്ങനെ നഷ്ടമുണ്ടായാൽ കയർ ഉല്പാദനം പൂർണ്ണമായും തകരാറിലേയ്ക്ക് പോകുമെന്നും മറ്റ് ജില്ലകളെപ്പോലെ മോട്ടോറൈസ്ഡ് റാട്ടുകളും ഇലക്ട്രോണിക് റാട്ടുകളും ഉപയോഗിച്ച് കയർപിരിക്കുന്ന സമ്പ്രദായം ഇപ്പോഴും തിരുവനന്തപുരം മേഖലയിൽ വരാത്തതുകൊണ്ട് പ്രതിസന്ധിയുണ്ടെന്നും തുടങ്ങി ധാരാളം കാര്യങ്ങളെക്കുറിച്ച് അവർ ചർച്ച ചെയ്തിട്ടുണ്ട്. മാത്രമല്ല, 7124 മില്യൺ ടൺ തേങ്ങ ഉല്പാദിപ്പിക്കുമ്പോൾ 1000 മില്യൺ ടൺ തേങ്ങയുടെ തൊണ്ടുപോലും നമുക്ക് സംഭരിക്കാൻ സാധിക്കുന്നില്ല. നമ്മൾ എന്ത് മോഡണൈസേഷനെക്കുറിച്ച് പറഞ്ഞാലും ഇവിടെ തൊണ്ട് ലഭിക്കാത്ത അവസ്ഥയുണ്ട്, ഇവിടെനിന്നും തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് പോകുന്നു, അവിടെനിന്നും നാരാക്കി വലിയ വിലയ്ക്ക് വീണ്ടും ഇവിടെത്തന്നെ വിൽക്കുന്ന സാഹചര്യമുണ്ടാകുന്നു. തൊണ്ട് തമിഴ്നാട്ടിലേയ്ക്ക്

കടത്തുന്നത് തടയുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിക്കുമെന്നാണ് സി.ഐ.ടി.യു. ഒരിക്കൽ പറഞ്ഞിട്ടുള്ളത്. തൊണ്ട് സംഭരിക്കുന്നതിനുള്ള മാർഗ്ഗങ്ങളിൽ കുടുംബശ്രീയുടെ കാര്യം പറഞ്ഞു. വീടുകളിൽ കറിക്കും മറ്റും തേങ്ങ ഉപയോഗിക്കുന്നതുകൊണ്ട് തൊണ്ട് വീട്ടുമുറ്റത്തുണ്ടാകുമെന്നും അത് കുടുംബശ്രീയെക്കൊണ്ട് സംഭരിക്കുമെന്നും പറഞ്ഞിരുന്നു. പക്ഷേ അത് എത്രത്തോളം പ്രായോഗികമായി എന്ന് പരിശോധിക്കണ്ടേ? തൊണ്ട് സംഭരണം ഇപ്പോഴും വേണ്ടരീതിയിൽ ചെയ്യാൻ സാധിച്ചിട്ടില്ല. 1980-ൽ മുപ്പതിനായിരത്തോളം തൊഴിലാളികളുണ്ടായിരുന്ന തിരുവനന്തപുരം ജില്ലയിൽ അതിപ്പോൾ അയ്യായിരമായി കുറഞ്ഞിരിക്കുന്നുവെന്ന് സംഘത്തിന്റെ ആളുകൾതന്നെ സമ്മതിക്കുന്ന കാര്യമാണ്. ഈ മേഖലയിൽ തൊഴിലാളികൾപോലും ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കയർമേഖല അഭിവൃദ്ധിപ്പെടുമെന്ന ഒരു സ്വപ്നം ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്. അങ്ങയുടെ എല്ലാ ബഡ്ജറ്റിലും കയർ എന്ന വിഷയത്തിന് കൂടുതൽ പേജുകൾ ചെലവഴിക്കുന്നുണ്ട്. പക്ഷേ പേജുകളിൽ നിൽക്കുന്നുവെന്നുള്ളതല്ലാതെ അവ പ്രായോഗിക തലത്തിലേയ്ക്ക് വരുന്നില്ല. ഇത് ദീർഘമായ ചർച്ച ആവശ്യമായ വിഷയമാണ്. ചർച്ചയ്ക്ക് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കയർ മേഖല പുനരുദ്ധരിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കാര്യമായി ഇടപെടൽ നടത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം നിരവധി നല്ല കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ടെന്ന ബോദ്ധ്യം ഞങ്ങൾക്കുണ്ട്. വൈക്കം താലൂക്കിലാണ് ഞാൻ താമസിക്കുന്നത്. അവിടെ തകർന്നുകിടക്കുന്ന സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ട ഇടപെടലുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. പക്ഷേ കഴിഞ്ഞ മൂന്ന് വർഷം അവതരിപ്പിച്ച ബഡ്ജറ്റുകളിലൂടെ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ ഒരു പരിധിവരെ ആശ്വാസമുണ്ടാകുമായിരുന്നു. ഞങ്ങൾ ചൂണ്ടിക്കാണിക്കുന്ന വിഷയം, അങ്ങ് ആത്മാർത്ഥതയോടെ ഇടപെട്ട് ചെയ്യുന്ന ഇക്കാര്യങ്ങൾ പ്രവൃത്തിപഥത്തിൽ വരുന്നതിന് എന്തൊക്കെയോ തടസ്സങ്ങൾ നേരിടുന്നുണ്ട്. അത് അങ്ങ് പരിശോധിക്കണം. തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്താൻ കഴിഞ്ഞിട്ടുണ്ടോ? കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണ്. ചെറുകിട നാമമാത്ര കയർ സംഘങ്ങൾക്ക് മുന്നോട്ട് പ്രവർത്തിച്ചുപോകാൻപോലും സാധിക്കാത്ത സ്ഥിതി നിലനിൽക്കുകയാണ്. അത് പരിഹരിക്കാൻ സാധിക്കുന്നില്ല. ഇത്തരം വിഷയങ്ങൾ തീർച്ചയായും പരിഹരിക്കപ്പെടേണ്ടതാണ്. അങ്ങ് വളരെ പോസിറ്റീവായി

ഇവിടെ ചർച്ച ചെയ്യുന്നതിന് തയ്യാറല്ലെങ്കിലും യോഗം വിളിക്കാൻ തയ്യാറാണെന്ന് പറഞ്ഞത് സ്വാഗതാർഹമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ എത്രയും പെട്ടെന്ന് തൊഴിലാളി സംഘടനകളുടെ യോഗം വിളിച്ചുകൂട്ടാനും കയർ മേഖലയുമായി ബന്ധപ്പെട്ട എം.എൽ.എ.മാരെക്കൂടി അതിൽ പങ്കെടുപ്പിക്കാനും പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ പ്രത്യേകമായി പരിശോധിക്കാനും അതിൽ തുടർനടപടികളുണ്ടാകുന്നതിനുമുള്ള സാഹചര്യം ഗവൺമെന്റ് ഉറപ്പുവരുത്തേണ്ടതുണ്ട്. അതിന് ഗവൺമെന്റ് തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടി അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് കയർമേഖലയിൽ നിന്നുള്ള എം.എൽ.എ. ആണ്. കയർ വകുപ്പ് കൈകാര്യം ചെയ്യുന്ന അങ്ങ് തന്നെയാണ് ധനകാര്യ വകുപ്പുമന്ത്രിയും. അതുകൊണ്ട് അങ്ങയിൽ നിന്നും കൂടുതൽ പ്രതീക്ഷിക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. പക്ഷേ അത് ഇവിടെ നടക്കുന്നില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 150 രൂപയിൽ നിന്നും 300 രൂപയായി കൂലി വർദ്ധിപ്പിച്ചു. അത് ഇരട്ടിയാക്കാൻ ഈ ഗവൺമെന്റിന് സാധിക്കും. 50 രൂപ മാത്രം വർദ്ധിപ്പിച്ചിട്ട് അതൊരു വർദ്ധനവായി ഇവിടെ പറയുന്നതിൽ അർത്ഥമുണ്ടെന്ന് ഞാൻ കരുതുന്നില്ല. ഈ മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്ന യാഥാർത്ഥ്യം ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മേഖലയിൽ നിന്നും തൊഴിലാളികൾ മറ്റ് തൊഴിൽ സാഹചര്യങ്ങൾ തേടിപ്പോകുന്നുവെന്ന യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. പച്ചത്തൊണ്ടിന്റെ സംഭരണം ക്രിയാത്മകമായ നിലയിൽ നടക്കണം. തൊണ്ട് തമിഴ്നാട്ടിലേയ്ക്ക് കൊണ്ടുപോകുന്നത് കൂടുതൽ വില ലഭിക്കുന്നുവെന്ന സാഹചര്യത്തിലാണ്. തൊണ്ട് സംഭരണം കൃത്യമായ രീതിയിൽ നടത്താനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം മൂല്യവർദ്ധനയ്ക്കുള്ള നടപടികളും ആഭ്യന്തര വിദേശ വിപണിയിൽ മത്സരിക്കാനുള്ള പ്രാപ്തിയും ഈ മേഖലയിൽ കൊണ്ടുവരാൻ ഗവൺമെന്റ് നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇവിടെ കയർമേഖല അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ആ വിഷയം ഏറ്റവും ഗൗരവമേറിയതാണ്. അത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

# IV ശ്രദ്ധ ക്ഷണിക്കൽ

## (1) മലയോര കർഷകർക്ക് പട്ടയം

ശ്രീ. കെ. രാജൻ: സർ, മലയോര പട്ടയം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് അലിവാർന്ന പരിഹാരം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കാൻവേണ്ടിയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. 1960-ലെ മാത്യു മണിയങ്കാടൻ കമ്മിറ്റി റിപ്പോർട്ട് മുതൽ ദീർഘമായ കാത്തിരിപ്പാണ് ഇക്കാര്യത്തിൽ മലയോര മേഖലയിലെ ആളുകൾക്കുള്ളത്. 1977-നുശേഷമുള്ള കുടിയേറ്റങ്ങൾ നിർബന്ധമായി ഒഴിവാക്കണമെന്ന് കേരള ഹൈക്കോടതി വിധി പ്രഖ്യാപിച്ചപ്പോൾ 1977-നുമുമ്പുള്ള കുടിയേറ്റക്കാർക്ക് സ്ഥലം അനുവദിക്കണമെന്നുകൂടി അതിന് അർത്ഥമുണ്ട്. എന്റെ നിയോജകമണ്ഡലമായ ഒല്ലൂരിൽ മഹാഭൂരിപക്ഷവും non revertible forest എന്നറിയപ്പെടുന്ന സ്ഥലങ്ങളാണ്. കേരളത്തിലെ ഗവൺമെന്റ് non revertible forest-നെ അംഗീകരിച്ചത് ഇക്കാലത്താണ് എന്നുള്ളത് വളരെ സന്തോഷപൂർവ്വം പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. Non revertible forest-ൽ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽകുമാർ വിള ഇൻഷ്വറൻസ് പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ എൻ.ആർ.എഫ്. ഭൂമിയിൽ വിള നടത്തുന്നവർക്കും വാർഷിക വിള ഇൻഷ്വറൻസ് പ്രഖ്യാപിക്കാമെന്ന് ഇവിടെ അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിന്റെ ഭാഗമായി യോഗം നടത്തി അദ്ദേഹം പ്രഖ്യാപിച്ചു. അതിന്റെ ഉത്തരവിറങ്ങുകയും ചെയ്തു. കൃഷിക്കുവേണ്ടിയുള്ള ജലസേചനത്തിന് ഉപയോഗിക്കുന്ന മോട്ടോറിന് സബ്സിഡി അനുവദിക്കണമെന്ന പ്രശ്നം ഇതേ സഭയിൽ അവതരിപ്പിച്ചപ്പോൾ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അക്കാര്യത്തിലും തീരുമാനമുണ്ടാക്കി. കേരളത്തിൽ മലയോര പട്ടയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലനിൽക്കുന്ന ഘട്ടത്തിൽ, 1977-നുമുമ്പ് കുടിയേറിയ ആളുകൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കേണ്ടതുണ്ട്. ഞങ്ങളുടെ ജില്ലയിലെ ജെ.വി.ആർ. ഇല്ലാത്ത കേസുകൾ പരിശോധിച്ചതിൽ മഹാഭൂരിപക്ഷവും കേരളത്തിലെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നഷ്ടപ്പെട്ടതാണെന്ന് ഡി.ഡി.സി. ഉൾപ്പെടെയുള്ള യോഗങ്ങളിൽ തീരുമാനമായി. ഫോറം നമ്പർ 2 ഉള്ള സ്ഥലങ്ങളുണ്ട്. ജെ.വി.ആർ. ഉണ്ടെങ്കിൽ മാത്രമേ ഫോറം നമ്പർ 2 കിട്ടുകയുള്ളൂ. ആ സാഹചര്യത്തിൽ പിന്നെ എന്താണ് അവർക്ക് പട്ടയം അനുവദിക്കാത്തത്? മരവില പ്രധാനപ്പെട്ട ഒരു വിഷയമായി നിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള ക്യാബിനറ്റ് മരവില സംബന്ധിച്ച് ഒരു തീരുമാനമെടുക്കണം. 1977-നുമുമ്പുള്ള മരത്തിന്റെ വില ഇപ്പോൾ നിശ്ചയിച്ചുകൊടുക്കണം എന്നുപറഞ്ഞാൽ എത്ര രൂപ കൊടുക്കേണ്ടിവരും? ചെറിയ തുകയല്ല കൊടുക്കേണ്ടിവരുന്നത്. പട്ടയം അനുവദിക്കുന്ന സമയത്ത് നിലനിൽക്കുന്ന മരം എത്രയാണോ അതിന്റെ പണം

നൽകണമെന്നല്ലേ തീരുമാനിക്കേണ്ടത്? അത്തരത്തിലുള്ള ഒരു തീരുമാനത്തിലേയ്ക്ക് ഗവൺമെന്റ് എത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൃശ്ശൂർ ജില്ലയിൽ മാത്രം വനഭൂമി സംയുക്ത പരിശോധനയ്ക്കുള്ള മൊത്തം വിസ്തീർണ്ണം 5335 ഹെക്ടറാണ്. അതിൽ സംയുക്ത പരിശോധന പൂർത്തിയായത് 3982 ഹെക്ടറാണ്. സംയുക്ത പരിശോധന പൂർത്തിയായതിൽ കയ്യേറിയ ഭൂമിയുടെ വിസ്തീർണ്ണം 3634 ഹെക്ടറാണ്. ഇതിൽ കേന്ദ്രാനുമതി ലഭിച്ച വിസ്തീർണ്ണം 2726 ആണ്. സംയുക്ത പരിശോധന പൂർത്തിയാക്കാൻ ബാക്കിയുള്ളത് 1352 ഹെക്ടറാണ്. ഇക്കാര്യത്തിൽ ഒരു ഇടപെടൽ നടത്താൻ ഗവൺമെന്റിന് സാധിച്ചാൽ മരവിലയുടെയും ജെ.വി.ആർ-ന്റെയും പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. കേരളത്തിലെ ഗവൺമെന്റ് ഇക്കാര്യത്തിലെടുക്കുന്ന വളരെ പോസിറ്റീവായ സമീപനം തുടർന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ സഭാസമ്മേളനത്തിൽത്തന്നെ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ജില്ലയിലെ എം.എൽ.എ.-മാരുടെകൂടി സംയുക്ത യോഗം വിളിച്ചുചേർത്ത് ഇക്കാര്യത്തിൽ പൊതുവായ നിലപാടെടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇക്കാര്യത്തിൽ എം.എൽ.എ.മാരുടെ യോഗം പുതിയതായി വിളിച്ചു ചേർക്കേണ്ടതില്ല. അതുകൊണ്ട് അതിനെപ്പറ്റി ആലോചിക്കുന്നില്ല. സംസ്ഥാനത്താകെ കൈവശഭൂമിക്ക് വിവിധ ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് കാര്യക്ഷമമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. നടപടിക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കിയും ചട്ടങ്ങളിൽ ഭേദഗതി വരുത്തിയും വിവിധതലങ്ങളിൽ മീറ്റിംഗ് നടത്തിയും സമയാസമയങ്ങളിൽ പുരോഗതി വിലയിരുത്തിയും വളരെ ശക്തമായ നടപടികൾ സ്വീകരിച്ചുവഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 103,300 പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. തൃശ്ശൂർ ജില്ലയിൽ 30,123 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. 1-1-1977-നുമുമ്പ് വനഭൂമിയിൽ കുടിയേറിയവർക്ക് 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിനായി സംസ്ഥാനത്ത് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ള 28588.159 ഹെക്ടർ ഭൂമിയും തൃശ്ശൂർ ജില്ല ഉൾപ്പെടെയുള്ള ജില്ലകളിലെ 61998 പേർക്ക് 17131.57 ഹെക്ടർ ഭൂമിയും പതിച്ച് നൽകിയിട്ടുള്ളതാണ്. തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് അവർ 1-1-1977-നുമുമ്പ് കൈവശം വച്ചിട്ടുള്ള ഭൂമി പതിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ. രാജൻ പല നിവേദനങ്ങളും തന്നിരുന്നതാണ്. അതിന്റെയുംകൂടി അടിസ്ഥാനത്തിൽ 20-12-2016, 9-3-2017, 11-10-2017, 26-7-2018 എന്നീ തീയതികളിൽ എം.എൽ.എ.മാരെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി യോഗംകൂടി വിശദമായ ചർച്ചകൾ നടത്തി പട്ടയനടപടികൾ

ത്വരിതപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. കേന്ദ്രാനുമതി ലഭിച്ചതും പതിച്ചുനൽകാൻ ശേഷിക്കുന്നതുമായ ഭൂമി സമയബന്ധിതമായി പതിച്ചുനൽകുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ നൽകി നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നിട്ടും മലയോര കർഷകർക്ക് പട്ടയം നൽകുന്നതിന് ഉദ്ദേശിച്ചത്ര പുരോഗതി ഉണ്ടാകാതിരുന്നതുകൊണ്ട് 16-1-2019-ൽ റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിലും അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ), അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ജില്ലാ കളക്ടർ എന്നിവരെ ഉൾപ്പെടുത്തി യോഗംകൂടി സ്ഥിതിഗതികൾ വിലയിരുത്തിയതിൽ കേന്ദ്രസർക്കാരിന്റെയും സുപ്രീം കോടതിയുടെയും അനുമതി ലഭിച്ച വനഭൂമിയിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് നഷ്ടപ്പെട്ടുപോയ സംഗതിയിൽ എപ്രകാരമാണ് പട്ടയം നൽകേണ്ടതെന്ന സംശയവും മരവില ഈടാക്കുന്നത് സംബന്ധിച്ച അവ്യക്തതയും കാരണമാണ് പട്ടയം നൽകാൻ കഴിയാതിരിക്കുന്നത് എന്ന വാദം ഉന്നയിക്കുകയുണ്ടായി. ആയത് വിശദമായി ചർച്ച ചെയ്തതിനുശേഷം ജോയിന്റ് വെരിഫിക്കേഷൻ നടത്തി കേന്ദ്രസർക്കാരിന്റെയും സുപ്രീംകോടതിയുടെയും അനുമതി ലഭിച്ചിരിക്കുന്നത് 1-1-1977-നുമുമ്പ് കൈവശം വച്ചിരിക്കുന്ന വനഭൂമിക്ക് പട്ടയം നൽകാനാണെന്നും അത് കൈവശം വച്ചിരിക്കുന്നത് ജോയിന്റ് വെരിഫിക്കേഷൻ നടന്ന സമയത്ത് ഭൂമി കൈവശം വച്ചിരിക്കുന്ന ആൾ തന്നെയാകണമെന്നില്ലെന്നും അയാളുടെ അനന്തരാവകാശിയോ ഭൂമി കൈമാറ്റം ചെയ്തുകിട്ടിയ ആളോ ആയിരുന്നാലും ഭൂമി പതിച്ചുനൽകാവുന്നതാണെന്ന് വിലയിരുത്തുകയും ആയതിനാൽ പ്രസ്തുത ഭൂമിക്ക് 1993-ലെ വനഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലെ 6, 7 ചട്ടങ്ങളുടെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കൈവശക്കാർക്ക് പട്ടയം നൽകുന്നതിനും മരവില സംബന്ധിച്ച് പതിച്ചുനൽകുന്ന ഭൂമിയിൽ ഇപ്പോൾ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിലുള്ള നിരക്കിൽ മരവില അടയ്ക്കുന്നതിനും നിർദ്ദേശം നൽകി ഉത്തരവാകുന്നതാണെന്ന് തീരുമാനിക്കുകയുണ്ടായി. അപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത ഉത്തരവുകൾ പുറപ്പെടുവിച്ചുകഴിഞ്ഞാൽ തൃശ്ശൂർ ജില്ലയിൽ ഇന്ന് നിലനിൽക്കുന്ന പട്ടയ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്ന് ഉറപ്പാണ്. അതിനുള്ള നടപടികൾ ഏതാണ്ട് പൂർത്തീകരിക്കാൻ പോകുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, തൃശ്ശൂർ ജില്ലയിൽ മാത്രമല്ല പത്തനംതിട്ടയിലും പട്ടയം ലഭിക്കാനുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ മണ്ഡലത്തെ കേന്ദ്രീകരിച്ച് ഒരു സ്പെഷ്യൽ ഓഫീസ് സ്ഥാപിക്കാമെന്ന ധാരണ സബ്ജക്ട് കമ്മിറ്റിയിൽ എടുത്തിരുന്നതാണ്. അത് നടപ്പിലാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇപ്പോൾ പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഏതാണ്ട് അന്തിമഘട്ടത്തിൽ എത്തിനിൽക്കുകയാണ്. തീർച്ചയായും അത് ആലോചിക്കാവുന്നതാണ്. ഇവിടെ ഈ ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകിയപ്പോൾ ആ ജില്ലയിൽ നിന്നുള്ള ആളുകളുടെ കാര്യമാണ് പറഞ്ഞത്. ബഹുമാന്യനായ അടൂർ പ്രകാശ് ഇവിടെ പറഞ്ഞതുസംബന്ധിച്ച് മറ്റ് കാര്യങ്ങൾ വരുന്ന മുറയ്ക്ക് പരിശോധിക്കാം.

## (2) റബ്ബറിന് കാർഷിക പാക്കേജ്

ശ്രീ. മോൻസ് ജോസഫ്: സർ, വിലത്തകർച്ചമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന റബ്ബർ കർഷകരെ രക്ഷിക്കാനും ആ മേഖലയിലെ പ്രതിസന്ധി തരണം ചെയ്യുന്നതിനും സംസ്ഥാന ഗവൺമെന്റ് ഒരു സ്പെഷ്യൽ കാർഷിക പാക്കേജ് ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഉന്നയിക്കുന്നത്. കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലാണ് റബ്ബർ കൃഷി. കേരളത്തിൽ ഏകദേശം 10 ലക്ഷത്തോളം കർഷകരെങ്കിലും റബ്ബറിനെ ആശ്രയിച്ച് കഴിയുന്നവരാണ്. റബ്ബർ കൃഷിക്കാർ, ടാപ്പിംഗ് തൊഴിലാളികൾ, റബ്ബർ വ്യാപാരികൾ എന്നിവരെക്കൂടി ഉൾപ്പെടുത്തിയാൽ 15 ലക്ഷം കുടുംബങ്ങൾ റബ്ബറിനെ ആശ്രയിച്ച് കഴിയുന്നവരാണ്. അതായത്, 75 ലക്ഷത്തോളം വരുന്ന ജനങ്ങൾ. കേരളത്തിന്റെ ജനസംഖ്യയുടെ നാലിലൊന്ന് റബ്ബർ കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. ഇവരുടെ ജീവിത പ്രശ്നങ്ങൾ ഗവൺമെന്റ് ഗൗരവമായി കണക്കിലെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ റബ്ബർ കർഷകർക്കുവേണ്ടി പുതിയതായി യാതൊരു പദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല. കൃഷിക്കാർ നിരാശയിലാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ വിലസ്ഥിരതാ ഫണ്ട് തുടരാനുള്ള നടപടിയും മുൻവർഷങ്ങളിൽ പ്രഖ്യാപിച്ച റബ്ബർ പാർക്കിന്റെ ആവർത്തനവും മാത്രമാണ് സംസ്ഥാന ബഡ്ജറ്റിലൂടെ വന്നിട്ടുള്ളത്. കേന്ദ്ര ബഡ്ജറ്റിൽ അനുകൂലമായ ഒരു നടപടിയും ഉണ്ടായിട്ടുമില്ല. ഈ ദുരവസ്ഥയിൽ, വിലത്തകർച്ച നേരിടുന്ന കർഷകൻ ഇരുട്ടടിപോലെ ഇരട്ടി ദുരിതത്തിലേയ്ക്ക് വരികയാണ്. സംസ്ഥാന ഗവൺമെന്റ് പ്രത്യേകമായി ഇടപെട്ട് റബ്ബർ കർഷകരെ സഹായിക്കുന്നതിനുള്ള ഒരു സ്പെഷ്യൽ പാക്കേജ് ആവിഷ്കരിക്കണമെന്നതാണ് ഞാൻ ഉന്നയിക്കുന്ന ആവശ്യം. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് ഇപ്പോൾ 150 രൂപയാണ്. കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച 150 രൂപയിൽത്തന്നെ അത് നിൽക്കുകയാണ്. അത് കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് തയ്യാറാകണം. 50 രൂപ കൂടി വർദ്ധിപ്പിച്ച് സംസ്ഥാന ഗവൺമെന്റിന് അത് 200 രൂപയാക്കാൻ കഴിയും. കേന്ദ്രഗവൺമെന്റിന്റെ

സഹായംകൂടി ലഭിക്കണമെന്ന ആവശ്യം നമ്മൾ ഉന്നയിച്ചിട്ടുണ്ട്. അത് നേടിയെടുക്കാൻ കഴിഞ്ഞാൽ 250 രൂപ റബ്ബർ വില സ്ഥിരതാഫണ്ടിലേയ്ക്ക് മാറ്റാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റ് ഏർപ്പെടുത്തിയിരുന്ന 150 രൂപയിൽനിന്ന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഇടപെടലിന്റെ ഭാഗമായി 100 രൂപയുടെ വർദ്ധനവുകൂടി വരുത്തി 250 രൂപയിലേയ്ക്ക് എത്തിക്കുക എന്ന ആവശ്യം ഏറ്റവും പ്രധാനപ്പെട്ടതായി കണക്കിലെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റബ്ബർ കൃഷിക്കാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളിൽ ഈ ആനുകൂല്യമൊഴികെ ബാക്കിയെല്ലാം ഇപ്പോൾ നിശ്ചലാവസ്ഥയിലാണ്. അതുതന്നെ കൃത്യമായി കൊടുക്കാൻ കഴിയുന്ന സാഹചര്യം ഉണ്ടാകുന്നില്ല എന്നുള്ളത് സങ്കടകരമാണ്. മുഴുവൻ റബ്ബർ കർഷകർക്കും വിലസ്ഥിരതാ ഫണ്ടിന്റെ പ്രയോജനം കിട്ടുന്ന വിധത്തിലേയ്ക്ക് പദ്ധതി വിപുലീകരിക്കുക എന്നുള്ള ആവശ്യവും ഞാൻ ഉന്നയിക്കുകയാണ്. ഉദാഹരണത്തിന്, 500 കോടി രൂപയിൽ പകുതിപോലും ഇപ്പോൾ വിനിയോഗിക്കേണ്ടി വരുന്നില്ല. 2017-18 വർഷം 112 കോടി രൂപയും 2018-19 വർഷം 298 കോടി രൂപയും നൽകിയതായിട്ടാണ് കണക്കുകളിൽ കാണുന്നത്. 500 കോടി രൂപയിൽത്തന്നെ 300 കോടി രൂപ, 200 കോടി രൂപ എന്നിങ്ങനെ മിച്ചം നിൽക്കുകയാണ്. ഈ തുക ബാക്കിയുള്ള കർഷകർക്കുകൂടി കൊടുക്കാൻ കഴിയുമോ എന്ന വിഷയം ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. ഞാൻ ഈ വിഷയം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 10 ലക്ഷം റബ്ബർ കർഷകർ കേരളത്തിൽ ഉള്ളതായി കണക്കാക്കുന്നു. ഇതിൽ നാലര ലക്ഷം കൃഷിക്കാരാണ് വിലസ്ഥിരതാ ഫണ്ടിന്റെ പരിധിയിൽ വന്നിട്ടുള്ളത്. വിവിധ കാരണങ്ങൾകൊണ്ട് ബാക്കിയുള്ളവർക്ക് വരാൻ കഴിഞ്ഞിട്ടില്ല. 10 ലക്ഷം പേരുള്ളതിൽ അഞ്ചരലക്ഷം പേർ പുറത്തുനിൽക്കുകയാണ്. എല്ലാ റബ്ബർ കർഷകർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്ന വിധത്തിൽ പദ്ധതി വിപുലികരിക്കാൻ കഴിയുമോ എന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി പരിശോധിക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾ റബ്ബർ ബോർഡും ആർ.പി.എസ്.-ഉം മുഖാന്തരം എന്ന നിലയിൽ വച്ചിട്ടുള്ള മാനദണ്ഡത്തിലെ സാങ്കേതിക പ്രശ്നങ്ങൾമൂലം അഞ്ചരലക്ഷത്തോളം വരുന്ന റബ്ബർ കർഷകർക്ക് വിലസ്ഥിരതാ ഫണ്ടിന്റെ പ്രയോജനം ലഭിക്കാത്തത് സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കേണ്ടതായിട്ടുണ്ട്. കൃഷി ഭവൻ മുഖാന്തരമോ റബ്ബർ ബോർഡിന്റെതന്നെ മറ്റേതെങ്കിലും പുനഃപരിശോധനയിലൂടെയോ ഇതിൽ ഉൾപ്പെടാത്തവർക്ക് വീണ്ടും അപേക്ഷ സമർപ്പിക്കാനുള്ള അവസരം നൽകിയോ റബ്ബർ കർഷകരെ പൂർണ്ണമായും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാക്കി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നുള്ള ആവശ്യമാണ് മുഖ്യമായും ഉന്നയിക്കുന്നത്. അതുപോലെ റബ്ബർ വിറ്റ് രസീത് സമർപ്പിച്ചാൽ മാസങ്ങൾ കഴിഞ്ഞാലും തുക കിട്ടാത്ത പ്രശ്നം ഇപ്പോൾ നിലനിൽക്കുകയാണ്. അതുകൊണ്ട് സമയബന്ധിതമായി ആളുകൾക്ക് കുടിശ്ശികയടക്കം റബ്ബർ വിലസ്ഥിരതാ ഫണ്ടിന്റെ തുക കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകണം

എന്ന ആവശ്യംകൂടി ഉന്നയിക്കുകയാണ്. റബ്ബർ ഇറക്കുമതി ചെയ്യുന്നത് ഏറ്റവും വലിയ പ്രതിസന്ധിയുണ്ടാക്കി എന്നുള്ളത് വസ്തുതയാണ്. റബ്ബർ വിലയിടിവിന്റെ ഗുരുതരമായ സ്ഥിതിയുണ്ടായത് റബ്ബർ ഇറക്കുമതിമൂലം തന്നെയാണ്. ഇറക്കുമതി നിയന്ത്രിക്കാൻ കഴിയാത്ത വിധത്തിലുള്ള സാഹചര്യങ്ങൾ നിൽക്കുന്നുവെന്നുള്ള വസ്തുത റബ്ബർ കർഷകർക്കെല്ലാം ബോദ്ധ്യമുണ്ട്. ഈയൊരു സ്ഥിതി മാറ്റാൻവേണ്ടി സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ കാര്യക്ഷമമായി ഉണ്ടാകണമെന്ന ആവശ്യംകൂടി ഉന്നയിക്കുകയാണ്. "റബ്ബർ ഇറക്കുമതിമൂലം സർക്കാരിന് ലാഭം 2000 കോടി, കർഷകർക്ക് നഷ്ടം 11,000 കോടി." -മാധ്യമങ്ങൾ മുഴുവൻ റിപ്പോർട്ട് ചെയ്ത വാർത്തയാണിത്. കർഷകർക്ക് വലിയ നഷ്ടമുണ്ടാകുന്ന, ഗവൺമെന്റിന് ലാഭമുണ്ടാകുന്നുവെന്ന നിലയിൽ ഇറക്കുമതിയെ കണ്ടാൽ കർഷകരോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമാണ്. റബ്ബർ ഇറക്കുമതി അവസാനിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടലുകൾ സംസ്ഥാന ഗവൺമെന്റ് നടത്തേണ്ടതായിട്ടുണ്ട്. ഇറക്കുമതിമൂലം ഇടിഞ്ഞ ഉത്പാദനം വീണ്ടെടുക്കാൻ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കാനും ലോക വാണിജ്യ കരാറിൽ വ്യവസ്ഥ ചെയ്യുന്ന സംരക്ഷണച്ചുങ്കം റബ്ബർ ഇറക്കുമതിക്ക് ഏർപ്പെടുത്താനും കഴിഞ്ഞാൽ മാത്രമേ ഇറക്കുമതി നിയന്ത്രിക്കാൻ കഴിയുകയുള്ളൂവെന്ന വസ്തുത നിലനിൽക്കുകയാണ്. അനിയന്ത്രിതമായ റബ്ബർ ഇറക്കുമതി അവസാനിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ ഇനിയും ശക്തമായ സമ്മർദ്ദം ചെലുത്താൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണമെന്ന് ആവശ്യപ്പെടുകയാണ്. റബ്ബർ നികുതിയിനത്തിൽ കേന്ദ്ര സർക്കാരിൽ നിക്ഷേപിച്ച 2800 കോടി രൂപ കേരളത്തിലെ റബ്ബർ കർഷകർക്കുകൂടി അവകാശപ്പെട്ടതാണ്. ഇതിൽ ഒരു പൈസപോലും സംസ്ഥാനത്തിന് തരുന്നില്ലെന്ന സത്യം ഗൗരവമായി ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. മോൻസ് ജോസഫ്, പ്ലീസ്..... കൺക്ലൂഡ്.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം. റബ്ബർ കർഷകർക്ക് വേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനം റബ്ബർ ബോർഡാണ്. റബ്ബർ ബോർഡ് അടച്ചുപൂട്ടേണ്ട സ്ഥിതിയാണുള്ളത്. ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽപോലും റബ്ബർ ബോർഡിന് ഒരു പരിഗണനയുമില്ല. റബ്ബർ ബോർഡ് അടച്ചുപൂട്ടുകയെന്ന രൂപത്തിൽ കേന്ദ്ര ഗവൺമെന്റ് നിലപാടെടുത്തതായാണ് നമുക്ക് കാണാൻ കഴിയുന്നത്. കേരള ഗവൺമെന്റ് ഈ പ്രശ്നത്തിൽ ഗൗരവമായി ഇടപെടേണ്ടതുണ്ട്. റബ്ബർ ബോർഡിനെ സംരക്ഷിക്കാനും അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും റീജിയണൽ ഓഫീസുകളെ സജീവമാക്കി മാറ്റാനും കഴിഞ്ഞാൽ മാത്രമേ റബ്ബർ കർഷകർക്ക് എന്തെങ്കിലും പ്രയോജനം ഉണ്ടാകുകയുള്ളൂ. അതിന് കഴിയുന്ന വിധത്തിലുള്ള സാഹചര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ഗുരുതരമായ പ്രതിസന്ധി ഘട്ടത്തിൽ

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സഹകരണത്തോടെ റബ്ബർ കർഷകരെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു സ്പെഷ്യൽ പാക്കേജ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആവിഷ്കരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ശ്രീ. മോൻസ് ജോസഫ് ഇവിടെ പറഞ്ഞ ആശങ്കകളെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. ഇത് സംസ്ഥാന ഗവൺമെന്റിന്റെ മാത്രം നിയന്ത്രണത്തിൽ നിൽക്കുന്ന കാര്യമല്ല എന്നുള്ളതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതിനായി പല ഘട്ടങ്ങളിലായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തെ സമീപിക്കുകയും പലതവണ ചർച്ച നടത്തുകയും ചെയ്തതിനെത്തുടർന്നാണ് സ്പെഷ്യൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചത്. ആ ഘട്ടത്തിൽ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യം, ഈ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ട് ലഭിച്ചാലുടൻതന്നെ ഇക്കാര്യത്തിൽ അനുകൂലമായ തീരുമാനമെടുക്കുമെന്നാണ്. പക്ഷേ, ഇവിടെ ശ്രീ. മോൻസ് ജോസഫ് സൂചിപ്പിച്ചതുപോലെ, കേന്ദ്ര ബഡ്ജറ്റിൽ നമ്മൾ പ്രതീക്ഷിച്ചതുപോലെ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള യാതൊരു ആനുകൂല്യങ്ങളും ഉണ്ടായില്ല എന്നുമാത്രമല്ല, റബ്ബർ കൃഷിക്കാരോട് കടുത്ത അവഗണനയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. നമ്മുടെ പ്രതീക്ഷകളെല്ലാം അസ്ഥാനത്താകുന്ന സംഗതിയാണ് നടന്നിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുന്ന വിലസ്ഥിരതാ ഫണ്ടിന്റെ ഭാഗമായ 150 രൂപയ്ക്കുപുറമെ അത് 200 രൂപയായി വർദ്ധിപ്പിക്കുന്നതിന്റെ ഒരു വിഹിതം കേന്ദ്ര ഗവൺമെന്റ് നൽകണമെന്നുള്ളതാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച ടാസ്ക് ഫോഴ്സിലുണ്ടായിരുന്ന പ്രധാനപ്പെട്ട നിർദ്ദേശം. ആ നിർദ്ദേശം കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുക യാണെങ്കിൽ അദ്ദേഹം സൂചിപ്പിച്ചതുപോലെ ഇപ്പോൾ കൊടുക്കുന്നതിനെക്കാൾ കൂടുതൽ പണം കൊടുക്കാൻ കഴിയും. ഇപ്പോൾത്തന്നെ സംസ്ഥാന ഗവൺമെന്റ് ഒരു പ്രത്യേക പാക്കേജെന്ന നിലയിൽത്തന്നെയാണ് 500 കോടി രൂപ മാറ്റിവച്ചിരിക്കുന്നത്. റബ്ബർ കൃഷി എന്നുപറയുന്നത് കൃഷി ഭവനുമായല്ല, റബ്ബർ ബോർഡുമായി ബന്ധപ്പെട്ടതാണ്. റബ്ബർ ബോർഡുമായി ചർച്ച നടത്തി ആർ.പി.എസ്.കളെയെല്ലാം ബന്ധപ്പെടുത്തി കൃഷി ഡിപ്പാർട്ടുമെന്റിനെ സ്റ്റാഗേർഡ് ക്ലസ്റ്ററുകളായി ക്ലബ്ബ് ചെയ്ത് ഒരു ഹെക്ടറിന് 15,000 രൂപ വച്ച് കൊടുക്കുന്ന ഒരു പദ്ധതി നടപ്പാക്കിയത് ഇതിന്റെ ഭാഗമായാണ്. മാത്രമല്ല, റബ്ബറിന്റെ വിലയിലുണ്ടാകുന്ന അനിശ്ചിതാവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന റബ്ബറിന്റെ ഒരു നിശ്ചിത ശതമാനമെങ്കിലും മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റാൻ കഴിയുന്നതരത്തിൽ കർഷകരെയുംകൂടി ഉൾപ്പെടുത്തി സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കണമെന്ന ആശയം കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. അത്

ഉൾപ്പെടുത്തുക മാത്രമല്ല, ക്യാബിനറ്റ് തീരുമാനപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായും ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി വൈസ് ചെയർമാനായും കൃഷി വകുപ്പുമന്ത്രി ഡയറക്ടറുമായിരിക്കുന്ന ഒരു കമ്പനി രൂപീകരിച്ചുകൊണ്ട് 2-2-2019-ന് ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇത് പ്രഖ്യാപനം മാത്രമല്ല, കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുള്ള സംസ്ഥാന ഗവൺമെന്റിന്റെ ക്രിയാത്മകമായ ഇടപെടലിന്റെ ഭാഗമായാണ് ഇങ്ങനെയൊരു സ്വപ്നപദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ അദ്ദേഹം സൂചിപ്പിച്ചതുപോലെ, അനിയന്ത്രിതമായ റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തുന്നതാണ്. ശക്തമായ നിലയിൽ പലതരത്തിലുള്ള കത്തുകൾ കേന്ദ്ര ഗവൺമെന്റിന് അയയ്ക്കുക, അവരെ കാണുക, ചർച്ച ചെയ്യുക, എം.പി.മാരെക്കൊണ്ട് ഇക്കാര്യം സഭയിൽ ഉന്നയിപ്പിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാംതന്നെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട എം.പി. അടക്കം എല്ലാ എം.പി.മാരും ചേർന്നാണ് കേന്ദ്ര മന്ത്രിയെ കാണാൻ പോയത്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്താത്ത കുറവുകൊണ്ടല്ല കേന്ദ്ര ഗവൺമെന്റ് ഇതൊക്കെ ചെയ്തുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ റബ്ബറിന്റെ 95 ശതമാനം ഉത്പാദനവും നടക്കുന്ന കേരളത്തോട് പ്രതികാര മനോഭാവത്തോടെയുള്ള ഒരു സമീപനമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒറ്റക്കെട്ടായി നിന്നുകൊണ്ട് അതിനെ ചെറുത്ത് തോൽപ്പിക്കാൻ ശ്രമിക്കുകയെന്നല്ലാതെ സംസ്ഥാന ഗവൺമെന്റിന് വേറൊന്നും പറയാനില്ല. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്തുകൊണ്ടിരിക്കുകയാണ്. സബ്സിഡിയുമായി ബന്ധപ്പെട്ട കാര്യത്തിൽ 1225 കോടി രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. അതിൽ 835 കോടി രൂപ വിതരണം ചെയ്തിരിക്കുന്നതും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ്. ഒരു പ്രൊസീഡ്യുവർ അനുസരിച്ചാണ് പണം കൊടുക്കുന്നത്. ആർ.പി.എസ്.ന്റെ ബില്ലുകളെല്ലാം റബ്ബർ ബോർഡ് പരിശോധിച്ചാണ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വരുന്നത്. ആ നിലയിൽ വരുന്ന കാലതാമസമല്ലാതെ പണം കൊടുക്കാൻ അധികം താമസമുണ്ടാകുന്നില്ല. എല്ലാ കർഷകരെയും ഉൾപ്പെടുത്തണമെന്നുള്ളതാണ് അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം. ആ നിർദ്ദേശമടക്കം ഈ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിലുണ്ട്. അത് അംഗീകരിക്കപ്പെടുകയാണെങ്കിൽ എല്ലാ കർഷകരെയും ഉൾപ്പെടുത്തി ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, നാല് വർഷംമുമ്പ് പ്രധാനമന്ത്രിതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു റബ്ബർനയം പ്രഖ്യാപിച്ചിരുന്നു. നാല് വർഷം കഴിഞ്ഞിട്ടും അതിന്മേൽ യാതൊരു നടപടിയും നടന്നതായി കാണുന്നില്ല. സംസ്ഥാന ഗവൺമെന്റിന് അതിനെക്കുറിച്ച് എന്തെങ്കിലും അറിയിപ്പുണ്ടോ; കേന്ദ്ര റബ്ബർനയം രാജ്യത്ത് നടപ്പാക്കാനുള്ള സാഹചര്യമുണ്ടോ; കേരള ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, റബ്ബർനയം നടപ്പാക്കണമെന്ന് ടാസ്ക് ഫോഴ്സ് മുമ്പാകെ സംസ്ഥാന ഗവൺമെന്റ് വ്യക്തമാക്കിയിട്ടുണ്ട്. റബ്ബറിനെ കൃഷിയായി അംഗീകരിക്കണമെന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു കാര്യം. കേന്ദ്ര ഗവൺമെന്റ് ഇപ്പോഴും റബ്ബറിനെ കാർഷിക മേഖലയുമായി ബന്ധപ്പെടുത്തിയിട്ടില്ല. അതൊരു വാണിജ്യോല്പന്നമായാണ് കാണുന്നത്. അത് വാണിജ്യ മന്ത്രാലയത്തിന് കീഴിലാണുള്ളത്. കേരളത്തിൽ ഇത് കൈകാര്യം ചെയ്യുന്നത് പലപ്പോഴും കൃഷി വകുപ്പാണ്. ഈ നിർദ്ദേശങ്ങൾ അടക്കമുള്ള 24 വിഷയങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ടാസ്ക് ഫോഴ്സ് അംഗീകരിച്ചിട്ടുണ്ട്. റബ്ബർനയം നടപ്പാക്കണം, റബ്ബറിനെ കാർഷിക മേഖലയിലേയ്ക്ക് മാറ്റണം തുടങ്ങിയ നിർദ്ദേശങ്ങൾ ടാസ്ക് ഫോഴ്സിന്റെ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ത്രിപുര ചീഫ് സെക്രട്ടറി ഉപാദ്ധ്യക്ഷനുമായുള്ള കമ്മിറ്റിയെ നിയോഗിച്ചത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റ് പറഞ്ഞതുപ്രകാരം മൂന്ന് മാസത്തിനകംതന്നെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് ജാഗ്രത പുലർത്തുകയും അത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## V സബ്മിഷൻ

### (1) വൈഷ്ണവിന്റെ ആത്മഹത്യ

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പാലിയാണയിൽ ചെമ്പൂക്കണ്ടി വിനോദ്-സവിത ദമ്പതിമാരുടെ മകനും ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥിയുമായിരുന്ന വൈഷ്ണവ് 10-12-2018-ൽ വീട്ടിലെ കിടപ്പുമുറിയിൽ മണ്ണെണ്ണയൊഴിച്ച് തീകൊളുത്തി ആത്മഹത്യ ചെയ്യുകയുണ്ടായി. പഠനത്തിൽ സമർത്ഥനും എല്ലാവർക്കും പ്രിയങ്കരനുമായിരുന്നു വൈഷ്ണവ്. ഈ ആത്മഹത്യയുടെ ആഘാതത്തിൽനിന്നും ആ നാട് മോചിതമായിട്ടില്ല. ഞാൻ രണ്ട് ദിവസങ്ങൾക്കുമുമ്പ് വയനാട്ടിലെത്തിയപ്പോൾ മാനന്തവാടിയിലെ ആ വീട്ടിൽ പോയിരുന്നു. ആ പ്രദേശമാകെ ഈ കുട്ടിയുടെ മരണത്തിന്റെ ദുഃഖത്തിലും പ്രയാസത്തിലുമാണ്. ദ്വാരക ഹയർ സെക്കണ്ടറി സ്കൂളിലെ കെമിസ്ട്രി അദ്ധ്യാപകനായ ശ്രീ. നോബിളിന്റെ

മാനസികവും ശാരീരികവുമായ പീഡനം കാരണമാണ് താൻ ആത്മഹത്യ ചെയ്യുന്നതെന്ന് വൈഷ്ണവ് തന്റെ ഒരു നോട്ടുബുക്കിൽ കുറിച്ചിരുന്നു. മാനന്തവാടി ഡിവൈ.എസ്.പി. മരണം നടന്ന വീട്ടിലെത്തി ആത്മഹത്യാ കുറിപ്പ് കണ്ടെടുക്കുകയും ചെയ്തു. എന്നാൽ ഈ കേസിൽ ഊർജ്ജിതമായ അന്വേഷണം നടക്കുന്നില്ലെന്നാണ് കുട്ടിയുടെ പിതാവ് എന്നോട് പരാതിപ്പെട്ടത്. അതുമാത്രമല്ല, സർവ്വകക്ഷി ആക്ഷൻ കൗൺസിൽ രൂപീകരിച്ച് അവരും എനിക്ക് പരാതി നൽകുകയുണ്ടായി. പോലീസിന്റെ അലംഭാവംമൂലം കുറ്റാരോപിതനായ അദ്ധ്യാപകന് മുൻകൂർ ജാമ്യം ലഭിച്ചു. സാധാരണഗതിയിൽ ഇതുപോലുള്ള കേസുകൾക്ക് മുൻകൂർ ജാമ്യം ലഭിക്കുന്നത് അപൂർവ്വമാണ്. ഇപ്പോൾ കേസ് തേയ്ച്ചുമാച്ചുകളയാനുള്ള സംഘടിതശ്രമം നടക്കുകയാണ്. എന്ത് കാരണത്താലാണ് വൈഷ്ണവ് എന്ന പിഞ്ചുകുട്ടി ആത്മഹത്യ ചെയ്തതെന്ന് രക്ഷകർത്താക്കൾക്ക് ബോദ്ധ്യപ്പെടേണ്ടതുണ്ട്. അതിനായി കുറ്റമറ്റ ഒരു അന്വേഷണം നടക്കണം. ഇനി ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ കുറ്റവാളിയെ നിയമത്തിനുമുമ്പിൽ എത്തിച്ച് മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമാണ്. ഇത് വളരെയേറെ ഗൗരവമുള്ളതും ആ നാടിനെ നടുക്കിയതുമായ സംഭവമാണ്. ലോക്കൽ പോലീസിന്റെ ഭാഗത്ത് അനാസ്ഥയുണ്ടെന്നാണ് എല്ലാവരും ചൂണ്ടിക്കാണിച്ചത്. അതുകൊണ്ട് ഇക്കാര്യത്തിൽ സമഗ്രമായ, ശക്തമായ അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വയനാട് മാനന്തവാടി ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കണ്ടറി സ്കൂളിലെ പ്ലസ് വൺ വിദ്യാർത്ഥി 10-12-2018-ൽ സ്വവസതിയിൽ വച്ച് ആത്മഹത്യ ചെയ്യുകയുണ്ടായി. കുട്ടിയുടെ ബന്ധുവിന്റെ മൊഴിപ്രകാരം ക്രിമിനൽ നടപടി നിയമം 174-ാം വകുപ്പുപ്രകാരം വെള്ളമുണ്ട പോലീസ് ക്രൈം നമ്പർ 346/18 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് 11-12-2018-ൽ പോസ്റ്റുമോർട്ടം നടത്തി മൃതദേഹം വിട്ടുകൊടുത്തിട്ടുള്ളതാണ്. കൂടുതൽ അന്വേഷണത്തിൽ പ്രസ്തുത സ്കൂളിലെ അദ്ധ്യാപകന്റെ മാനസിക പീഡനമാണ് മരണകാരണമെന്ന് ആരോപണം ഉയർന്നതിനെത്തുടർന്ന് ഐ.പി.സി. 305-ാം വകുപ്പും ജുവനൈൽ ജസ്റ്റിസ് ആക്ടിലെ 75-ാം വകുപ്പും കൂട്ടിച്ചേർത്ത് നിയമനടപടി സ്വീകരിച്ചിട്ടുള്ളതാണ്. ആരോപണ വിധേയനായ അദ്ധ്യാപകൻ കൽപ്പറ്റ സെഷൻസ് കോടതിയിൽ മുൻകൂർ ജാമ്യം തേടുകയും കോടതി ഉത്തരവുപ്രകാരം അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതുമാണ്. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്. കേസിൽ ഊർജ്ജിതമായ അന്വേഷണം നടത്തുന്നതിനായി വയനാട് ജില്ലാ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്.

## (2) മുൻസിഫ് മജിസ്ട്രേറ്റ് കോടതി

ശ്രീ. ജെയിംസ് മാത്യു: സർ, തളിപ്പറമ്പ് ആസ്ഥാനമായി ഒരു മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കായി ഒരു സബ്മിഷൻ അവതരിപ്പിക്കുകയാണ്. നിലവിൽ താലൂക്കിന്റെ ആസ്ഥാനവും പുതിയതായി രൂപീകരിക്കപ്പെടുന്ന റവന്യൂ ഡിവിഷന്റെ ആസ്ഥാനവുമാണ് തളിപ്പറമ്പ്. അഞ്ച് പോലീസ് സ്റ്റേഷനുകളുടെ പരിധിയിൽപ്പെടുന്ന ഈ പ്രദേശത്ത് നിലവിൽ ഒരു മുൻസിഫ് കോടതിയും ഒരു മജിസ്ട്രേറ്റ് കോടതിയുമാണുള്ളത്. കേസുകൾ പൊതുവിൽ കേരളത്തിലെ കോടതികളിൽ പെൻഡിംഗാകുന്ന സാഹചര്യമുണ്ട്. എന്നാൽ അതിന്റെ പതിന്മടങ്ങ് കേസുകളാണ് നിലവിൽ തളിപ്പറമ്പ് മുൻസിഫ് കോടതിയിലും മജിസ്ട്രേറ്റ് കോടതിയിലും പെൻഡിംഗാകുന്നത്. നാലായിരത്തിലധികം കേസുകളാണ് ഈ രണ്ട് കോടതികളിലുമായി നിലവിൽ പെൻഡിംഗിലുള്ളത്. ഈ സാഹചര്യത്തിൽ ഒരു പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതികൂടി അനുവദിക്കണമെന്ന് ആവശ്യപ്പെടുകയാണ്. തളിപ്പറമ്പിൽ ഇതിനായി വർഷങ്ങൾക്കുമുമ്പുതന്നെ പണി തീർന്ന കെട്ടിടവും നിലവിലുണ്ട്. ഇതുകൂടി കണക്കിലെടുത്തുകൊണ്ട് ഒരു പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 2-3-2016-ലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് സർക്കാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിലുള്ള 53 മുൻസിഫ് മജിസ്ട്രേറ്റ് കോടതികളുടെ പട്ടികയിൽ തളിപ്പറമ്പ് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടില്ല. മേൽ മുൻഗണനാ ലിസ്റ്റിൽ കൂടുതൽ കോടതികളെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഹൈക്കോടതി രജിസ്ട്രാർ സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസലിൽ തളിപ്പറമ്പ് മുൻസിഫ് മജിസ്ട്രേറ്റ് കോടതി ഉൾപ്പെട്ടിട്ടുണ്ട്. തളിപ്പറമ്പിലടക്കം പുതിയ മുൻസിഫ് മജിസ്ട്രേറ്റ് കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## (3) വ്യക്തിഹത്യ തടയാൻ നിയമനിർമ്മാണം

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, നമ്മുടെ നവ മാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്ട്സ്ആപ് മുതലായവ സമൂഹത്തിന്റെ വളർച്ചയുടെ അനിവാര്യ ഘടകങ്ങളാണ്. പക്ഷേ, ഇതിന്റെ ഉപയോഗ സംവിധാനം ഇന്ത്യൻ ഭരണ ഘടന ഉറപ്പാക്കുന്ന പൗരന്റെ അന്തസ്സും സാമൂഹ്യ ജീവിതത്തിലെ ജനാധിപത്യപരമായ പരസ്പര ബഹുമാനവും നിലനിർത്തുന്ന തരത്തിലല്ലാത്ത ധാരാളം സംഭവങ്ങൾ നമ്മുടെ ജീവിതത്തെ അലോസരപ്പെടുത്തുംവിധം സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇവിടെ വ്യാജ ഐ.ഡി.കളും പ്രൊഫൈലുകളുമായി എതിർപക്ഷ ശബ്ദങ്ങളെ തെരുവു

ഗുണ്ടകളെപ്പോലെ കടന്നാക്രമിച്ച് വ്യക്തിഹത്യ നടത്തുന്ന സൈബർ ഗുണ്ടകളെ ഫലപ്രദമായി നേരിടാൻ നമ്മുടെ നിയമസംവിധാനത്തിന് കഴിയാതെ വന്നിട്ടുണ്ട്. ആരെയും എങ്ങനെയും വ്യക്തിഹത്യ നടത്താം, അങ്ങും അതിന്റെ ഇരയാണ്. ധാരാളംപേർ ഇതിന് ഇരയാകുന്നുണ്ട്. ചിലർ ഇതിനൊക്കെ അഡിക്ഷനായി പെട്ടുപോകുകയാണ്, അവരുടെ ജീവിതംതന്നെ ഇതിലേയ്ക്കായി വിനിയോഗിക്കുക യാണ്. അത് നമ്മുടെ ജനാധിപത്യ സംവിധാനത്തിന്, പ്രത്യേകിച്ച് കേരളംപോലെ വളരെ വലിയ ജനാധിപത്യ മതേതരത്വ സ്വഭാവമുള്ള, ഓരോ വ്യക്തിക്കും അന്തസ്സുണ്ടെന്ന് തിരിച്ചറിയുന്ന, പരസ്പര ബഹുമാനത്തോടെ ഇന്ത്യൻ പൗരന് നൽകുന്ന എല്ലാ അവകാശങ്ങളും ഈ സംവിധാനത്തിലും നിലനിർത്തണമെന്ന് ആഗ്രഹിക്കുന്ന നമ്മുടെ പൊതുബോധത്തിനും സംവിധാനത്തിനും എതിരായ ഇത്തരം പ്രവണതയെ ഗവൺമെന്റ് തടഞ്ഞേ പറ്റൂ. ഇത്തരം കാര്യങ്ങളിൽ നിയമംവഴിയും പൊതുബോധം വഴിയും, നിലവിലെ നിയമത്തിൽ എന്തെങ്കിലും ദുർബലതയുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നിയമനിർമ്മാണത്തിലൂടെയും ഇത് തടയണം. നമ്മുടെ സമൂഹത്തിന് ഇതൊരു ആവശ്യമാണ്, ഇതിൽ വ്യക്തികൾക്ക് പ്രതികരിക്കാനും അഭിപ്രായം പറയുന്നതിനുമുള്ള സാദ്ധ്യതകളുണ്ട്. പക്ഷേ അത് വ്യക്തിഹത്യയാകാതെ പരസ്പര ബഹുമാനത്തോടെ ഒരു ജനാധിപത്യ സംവിധാനത്തിൽ ഓരോ പൗരന്റെയും അന്തസ്സ് നിലനിർത്താവുന്ന തരത്തിൽ ഉപയോഗിക്കാവുന്ന ഒരു സിസ്റ്റം നിയമപരമായി എങ്ങനെ രൂപപ്പെടുത്താമെന്നതിനെപ്പറ്റി ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നവമാധ്യമങ്ങൾ വർത്തമാനകാല സമൂഹത്തിൽ അവിഭാജ്യമായ ആവശ്യമായി മാറിക്കഴിഞ്ഞു. ഒട്ടേറെ ഗുണപരമായ വശങ്ങൾ ഉള്ളപ്പോഴും അവയുടെ ദുരുപയോഗം ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്. എതിർ ശബ്ദങ്ങളെ സംസ്കാരശൂന്യമായി കടന്നാക്രമിക്കുകയും വ്യാജ ഐ.ഡി.കൾ വഴി അപകീർത്തികരമായ പ്രചരണം നടത്തുകയും ചെയ്യുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽ കുറവല്ല. സ്ത്രീകളെയും കുട്ടികളെയും സാംസ്കാരിക പ്രവർത്തകരെയും സിനിമാരംഗത്തുള്ളവരെയും രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികളെയും പലപ്പോഴും സമൂഹമാധ്യമങ്ങളിൽ വ്യക്തിഹത്യ നടത്തുന്ന പ്രവണതയും ശക്തിപ്പെട്ടുവരികയാണ്. നിലവിലുള്ള നിയമങ്ങളിൽ പോരായ്മകളുണ്ടെന്ന അഭിപ്രായം പൊതുവെ ശക്തമാണ്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തണമെന്ന പൊതുവായ അഭിപ്രായം സർവ്വകക്ഷി യോഗത്തിൽത്തന്നെ മുമ്പ് ഉണ്ടായിട്ടുള്ളതുമാണ്. ഇക്കാര്യം പരിശോധിച്ചുവരികയാണ്. ഇത്തരം കേസ്സുകളിൽ കുറ്റക്കാർക്കെതിരെ കർശനമായ നിയമ വ്യവസ്ഥകൾ

ഉൾപ്പെടുന്ന സൈബർ കേസ്സുകളെടുക്കുന്നതിനും തെളിയിക്കുന്നതിനും കുറ്റക്കാരെ തിരിച്ചറിയുന്നതിനും സേവന ദാതാക്കളുടെ സഹകരണം ആവശ്യമാണ്. വ്യാജ അക്കൗണ്ടുകൾ കണ്ടെത്തിയാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് രാജ്യാന്തര നിയമാധികാര പരിധി നിമിത്തം പല തരത്തിലുള്ള പ്രയാസങ്ങളും അന്വേഷണ ഉദ്യോഗസ്ഥർക്ക് നേരിടേണ്ടിവരുന്നുണ്ട്. പലപ്പോഴും പ്രചാരത്തിലുള്ള ഇത്തരം വ്യാജ അക്കൗണ്ടുകളുടെ ഉറവിടം വിദേശ രാജ്യങ്ങളും ആകാറുണ്ട്. ചില കൂട്ടായ്മകളുടെ വിവരങ്ങൾ കൈമാറാൻ ചില സേവനദാതാക്കളും തയ്യാറാകുകയില്ല. അതോടൊപ്പം സേവനദാതാക്കളുടെ അറിവോ സമ്മതമോ ഇല്ലാതെ വ്യാജ നമ്പരുകളും വിദേശ ഫോൺ നമ്പരുകളും ഉപയോഗിച്ച് അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഇന്ന് ലഭ്യമാണ്. ഇന്ത്യയിൽ സേവനം നൽകുന്ന എല്ലാ സമൂഹമാധ്യമ സേവന ദാതാക്കളും അന്വേഷണോദ്യോഗസ്ഥർ ആവശ്യപ്പെടുമ്പോൾ സാങ്കേതിക തടസ്സം പറയാതെ ആവശ്യമായ വിവരങ്ങൾ പങ്കുവയ്ക്കുന്നതിന് തയ്യാറാകുന്നവിധം നിയമനിർമ്മാണം ആവശ്യമായി വന്നേക്കാം. നിലവിൽ സൈബർ കുറ്റകൃത്യങ്ങൾ, ഇന്റർനെറ്റിന്റെ സുരക്ഷിതമായ ഉപയോഗം, സൈബർ ലോകത്തെ ചതിക്കുഴികൾ എന്നിവ സംബന്ധിച്ച് റെസിഡന്റ്സ് അസോസിയേഷനുകൾ, ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, കോളേജുകൾ, സ്കൂളുകൾ എന്നിവയുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരെ പരാതി ലഭിച്ചാൽ ഇപ്പോൾ ഇന്ത്യൻ ശിക്ഷാനിയമത്തിലെയും ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെയും വകുപ്പുകൾ ചേർത്ത് നടപടി സ്വീകരിച്ചുവരുന്നുണ്ട്. 2016 മുതൽ നാളിതുവരെ ഇതുമായി ബന്ധപ്പെട്ട് 502 കേസ്സുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുംവിധം ബോധപൂർവ്വമുള്ള ഏതൊരുവിധ പ്രവർത്തനങ്ങളെയും വ്യാജ പ്രചരണങ്ങളെയും പോലീസ്, രഹസ്യാന്വേഷണ വിഭാഗം, സൈബർ സെൽ തുടങ്ങിയ സംവിധാനങ്ങൾ മുഖേന നിരീക്ഷണം നടത്തിവരുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ തടയുന്നതിനുള്ള ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## (4) ആനുകൂല്യങ്ങൾ ലഭ്യമാക്കൽ

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, 2001 ജൂലൈ മുതൽ പൂട്ടിക്കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തപ്പോൾ കെ.എസ്.ഐ.ഡി.സി.യിൽ നിന്നും അവർക്ക് ഓണം അഡ്വാൻസ് എന്ന നിലയിൽ 2010 മുതൽ ആറ് വർഷക്കാലം ആളൊന്നിന് നൽകിയ 31,500 രൂപ തിരിച്ചുപിടിക്കുകയുണ്ടായി. എന്നാൽ ഈ തുക മാനുഷിക പരിഗണന കണക്കിലെടുത്ത് തിരികെ തൊഴിലാളികൾക്ക് നൽകണമെന്നാവശ്യപ്പെട്ട് സംയുക്ത

ട്രേഡ് യൂണിയനുകളുടെ സംരക്ഷണ സമിതി വ്യവസായ വകുപ്പിന് നൽകിയ മെമ്മോറാണ്ടത്തിൽ ഉന്നയിച്ച ആവശ്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണെന്നും എത്രയുംവേഗം അക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാമെന്നും 13-2-2018-ൽ നിയമസഭയിൽ ഞാൻ ഉന്നയിച്ച സബ്മിഷന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി മറുപടി നൽകിയിട്ടുണ്ടായിരുന്നു. അതിനുപുറമെ സർക്കാരിൽനിന്നും തൊഴിലാളികളുടെ ആനുകൂല്യം അനുവദിച്ച കൂട്ടത്തിൽ അവിടെ ജോലി ചെയ്തിരുന്ന കാന്റീൻ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി പലിശയും നഷ്ടപരിഹാരവും ഇപ്പോഴും നൽകിയിട്ടില്ല. അതോടൊപ്പം ജോലി ചെയ്തിരുന്ന കാഷ്വൽ തൊഴിലാളികൾ, കോൺട്രാക്ടർമാരുടെ കീഴിൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾ എന്നിവർക്ക് യാതൊരു ആനുകൂല്യങ്ങളും നൽകിയിട്ടില്ല. ഈ ആവശ്യം ഉന്നയിച്ച് വ്യവസായ വകുപ്പുമന്ത്രിക്ക് ട്രേഡ് യൂണിയനുകൾ സംയുക്തമായി സമർപ്പിച്ചിട്ടുള്ള മെമ്മോറാണ്ടവും തീർപ്പുകൽപ്പിക്കാതെ വ്യവസായ വകുപ്പിന്റെ പരിഗണനയിലാണ്. കെ.എസ്.ഐ.ഡി.സി. നൽകിയ ഓണം അഡ്വാൻസ് തിരികെ നൽകി കാന്റീൻ, കാഷ്വൽ, കോൺട്രാക്ട് എന്നീ തൊഴിലാളികൾക്ക് സർക്കാർ നൽകിയ ഫണ്ടിൽനിന്നും ബാക്കിനിൽക്കുന്ന സംഖ്യയിൽനിന്നും കൊടുത്തുതീർക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളണമെന്നും അതിനുശേഷം ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ച് 70 ഏക്കർ വരുന്ന സർക്കാർ സ്ഥലം ഏറ്റെടുക്കണമെന്നും അതിൽ ഉൾപ്പെടുന്നകെട്ടിടങ്ങളും മറ്റ് വിലപിടിപ്പുള്ള വസ്തുക്കളും ലിക്വിഡേറ്ററെ ഏൽപ്പിക്കണമെന്നും ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് 2001 വരെ പ്രവർത്തിച്ചിരുന്നു. ഈ കമ്പനിയുടെ പ്രവർത്തനം അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ ഉത്തരവായി. എന്നാൽ കമ്പനി നിയമപ്രകാരം ഫയൽ ചെയ്ത അപ്പീൽ പരിഗണിച്ച് കമ്പനിയെ പുനരുജ്ജീവിപ്പിക്കാൻ സാധിക്കുമോ എന്ന് ഹൈക്കോടതി ആരായുകയുണ്ടായി. അതിനൊരു പദ്ധതി സമർപ്പിക്കാൻ ഹൈക്കോടതി സർക്കാരിന് നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ എങ്ങനെയെങ്കിലും പുനരുജ്ജീവനത്തിന് സാദ്ധ്യതയുണ്ടോയെന്ന് വളരെയധികം വിശദമായിത്തന്നെ പരിശോധിക്കുകയുണ്ടായി. എന്നാൽ പുനരുജ്ജീവനത്തിനുവേണ്ടി നടത്തിയ ശ്രമങ്ങളൊന്നും ഫലം കണ്ടില്ല. കമ്പനിയുടെ സ്ഥലം സർക്കാർ ഉടമസ്ഥതയിലുള്ളതും കമ്പനിക്ക് പാട്ടത്തിന് കൊടുത്തിട്ടുള്ളതുമാണ്. പാട്ടത്തിന് കൊടുത്ത സ്ഥലം ഗ്യാരന്റി നൽകിക്കൊണ്ടാണ് കമ്പനി ബാങ്കുകളിൽനിന്നും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പണം വായ്പ വാങ്ങിയിട്ടുള്ളത്. അപ്രകാരം വായ്പ വാങ്ങിയ സ്ഥാപനങ്ങൾക്കല്ലാതെ മറ്റാർക്കും കമ്പനി സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്മേൽ

അവകാശമില്ല. ഈ സാഹചര്യത്തിൽ ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും ബാദ്ധ്യത തീർക്കാനും സ്ഥലം തിരിച്ചെടുക്കാനും ഗവൺമെന്റ് ആലോചിക്കുകയും ഒപ്പം തൊഴിലാളികൾക്ക് നൽകേണ്ട അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളും, ഇ.പി.എഫ്., ഇ.എസ്.ഐ. അടക്കം നൽകിക്കൊണ്ട് സ്ഥലം തിരിച്ചെടുക്കാനുള്ള നടപടി സ്വീകരിച്ചു. അതനുസരിച്ച് ട്രാവൻകൂർ റയോൺസിലെ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ സർക്കാർ ഉത്തരവുപ്രകാരം വിതരണം ചെയ്തു. ആ ഘട്ടത്തിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, 2010 മുതൽ 2015 വരെ ഓണക്കാലത്ത് തൊഴിലാളികൾക്ക് 31,500 രൂപ വീതം കെ.എസ്.ഐ.ഡി.സി. അഡ്വാൻസ് തുക നൽകുകയുണ്ടായി. തൊഴിലാളികൾ ഓണത്തിന് വാങ്ങിയ അഡ്വാൻസ് തുക അർഹമായ ആനുകൂല്യം നൽകി സെറ്റിൽമെന്റുണ്ടാക്കുമ്പോൾ തിരിച്ചടയ്ക്കാമെന്ന വ്യവസ്ഥയോടുകൂടിയാണ് കെ.എസ്.ഐ.ഡി.സി. നൽകിയിട്ടുള്ളത്. ഇപ്പോൾ തൊഴിലാളികളുടെ പ്രശ്നങ്ങളെല്ലാം ഏതാണ്ട് പൂർണ്ണമായും പരിഹരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ അവർക്ക് നൽകിയ 31,500 രൂപ തിരിച്ചു പിടിച്ചിരിക്കുകയാണ്. ആ പ്രശ്നം സംബന്ധിച്ച്, അവിടത്തെ സംയുക്ത ട്രേഡ് യൂണിയനുകൾ തൊഴിലാളികൾക്ക് തുക തിരിച്ചുകൊടുക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു. അത് ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ലെന്നാണ് അറിയിച്ചിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത തുക തിരിച്ചുപിടിച്ച നിലയിലാണ് ഇപ്പോഴുള്ളത്.

കാന്റീൻ തൊഴിലാളികളുടെ പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. അവർ കമ്പനിയുടെ ജീവനക്കാരല്ല. അതുകൊണ്ട് ഇന്നത്തെ നിയമവ്യവസ്ഥ അനുസരിച്ച് ഗ്രാറ്റുവിറ്റി മാത്രമേ അവർക്ക് നൽകാൻ സാധിക്കുകയുള്ളൂ. കോമ്പൻസേഷനും പലിശയും മറ്റും വേണമെന്നുള്ളതാണ് ഉന്നയിക്കപ്പെടുന്ന ആവശ്യം. സംയുക്ത ട്രേഡ് യൂണിയൻ ആവശ്യപ്പെട്ട കാര്യം ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. കോൺട്രാക്ട് തൊഴിലാളികൾ കമ്പനിയുടെ തൊഴിലാളി കളായിരുന്നില്ല. കോൺട്രാക്ട് വ്യവസ്ഥ അനുസരിച്ച് സപ്ലൈ ചെയ്ത തൊഴിലാളികളാണ്. സപ്ലൈ ചെയ്ത ഏജൻസിക്കാണ് അവരുടെ ബാദ്ധ്യത, അല്ലാതെ കമ്പനിക്ക് അല്ല. ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (5) ഫാർമേഴ്സ് അസോസിയേഷൻ രൂപീകരണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, പാലക്കാട് ജില്ലയിലെ നെൽകൃഷിയുടെ ഏറ്റവും വലിയ പ്രതിസന്ധികളിലൊന്ന് ജലവിതരണത്തിലെ അപാകതകൾമൂലം സംഭവിക്കുന്ന വിളനഷ്ടമാണ്. കൃഷിക്കാർക്കുവേണ്ടിയുള്ളതാണ് ജലസേചന വകുപ്പെന്നും അല്ലാതെ

വകുപ്പ് ഉദ്യോഗസ്ഥൻമാർക്കല്ലെന്നും നിരന്തരമായി ഓർമ്മപ്പെടുത്തുന്ന മന്ത്രിയാണ് നമ്മുടെ പുതിയ ജലസേചന വകുപ്പുമന്ത്രി. മലമ്പുഴ ഡാം ഉൾപ്പെടെയുള്ള ഡാമുകൾ രൂപകല്പന ചെയ്യുമ്പോൾ അന്നുണ്ടായിരുന്ന നെൽക്കൃഷിയുടെ ഭൂവിസ്തൃതിയിൽ വലിയതോതിൽ കുറവ് വന്നിട്ടുണ്ട്. ജലവിതരണത്തിലെ അപാകതകൾകൊണ്ട് ഒരു വിളവുപോലും കർഷകർക്ക് സമ്പൂർണ്ണമായെടുക്കാൻ കഴിയുന്നില്ല എന്നതാണ് വസ്തുത. ഈ പ്രശ്നം പരിഹരിക്കാൻ വളരെ മുമ്പേ കേരളത്തിൽ ഒരു നിയമം രൂപംകൊണ്ടിട്ടുണ്ട്. 2003-ൽ നിലവിൽവന്ന Kerala Irrigation and Water Conservation Act അനുസരിച്ച് ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കേണ്ടതായിരുന്നു. എന്നാൽ അത് ഇന്നുവരെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല. എന്റെ മണ്ഡലത്തിലെ സമഗ്ര കാർഷിക വികസന പദ്ധതിയായ 'നിറ'യുടെ ഭാഗമായി വിളജല കലണ്ടർ ഉൾപ്പെടെ തയ്യാറാക്കി സമ്പൂർണ്ണമായ സർവ്വേ നടത്തി സമർപ്പിച്ചിട്ടും ജലവിതരണം ഇപ്പോഴും തോന്നിയതുപോലെ നടക്കുകയാണ്. കൃഷിക്കാരുടെ അഭിപ്രായങ്ങൾക്ക് മുഖവില കൊടുക്കാതെ നിലവിലെ വിതരണ രീതിയുമായി മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നവരാണ് ഈ നിയമം നടപ്പാക്കാതെ ഒളിച്ചുകളിക്കുന്നത്. ഇത് അവസാനിപ്പിച്ച് കേരളത്തിലെ എല്ലാ ജലസേചന കനാലുകളുടെയും സ്ലൂയിസ് അടിസ്ഥാനമാക്കി ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കേണ്ടതാണ്. പൈലറ്റ് പ്രോഗ്രാം എന്ന നിലയ്ക്ക് ഇത് ആലത്തൂർ അസംബ്ലി മണ്ഡലത്തിൽ ആറ് മാസത്തിനകം നടപ്പാക്കാനാവശ്യമായ സഹായം ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ഈ വിഷയം ഉന്നയിച്ചതിന് താങ്കളെ അഭിനന്ദിക്കുകയാണ്. താങ്കളുടെ നേതൃത്വത്തിൽ രൂപീകരിച്ച 'നിറ'യുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നതിന് കർഷക പങ്കാളിത്തം ഉറപ്പാക്കുകയും ഒപ്പം ജലസേചന സൗകര്യങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയും വേണം. ഇത് നിർവ്വഹിക്കുന്നതിന് കർഷകരുടെ പങ്കാളിത്തം അനിവാര്യമാണ്. കർഷകരുടെ പങ്കാളിത്തം ലക്ഷ്യമിട്ടാണ് കേരള ജലസേചനവും ജലസംരക്ഷണവും ആക്ട്, 2003 സെക്ഷൻ 49 പ്രകാരം ഓരോ 40 ഹെക്ടർ കൃഷിയിടത്തിനും ഓരോ ഫാർമേഴ്സ് അസോസിയേഷൻ വിഭാവനം ചെയ്തിട്ടുള്ളത്. കൃഷി അഭിവൃദ്ധിപ്പെടുത്തുക, അനുവദനീയമായ ജലത്തിന്റെ അളവ്, കൃഷിയിടത്തിന്റെ വിസ്തൃതി, മണ്ണിന്റെ സ്വഭാവം, കൃഷിയുടെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ ജലസേചന സീസണിലും അനുയോജ്യമായ ജലകലണ്ടർ തയ്യാറാക്കി നടപ്പിലാക്കുക, ക്രമമായ ജല ബഡ്ജറ്റിംഗ് നടപ്പിലാക്കുക, ഓരോ ഘട്ടത്തിലും സാമൂഹ്യ ആഡിറ്റിംഗ് നടത്തുക, ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കർഷകർക്ക് ആവശ്യമായ വിവരം നൽകുക, ഓരോ വിളയുടെയും കാലഗണന അനുസരിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുക, ജല ഉപയോഗം കാര്യക്ഷമമാക്കുക, ഉല്പാദന

വർദ്ധനവ് നേടുക, പാരിസ്ഥിതിക സന്തുലനത്തിനായുള്ള പ്രവർത്തനം നടത്തുക, കർഷകർക്കിടയിൽ ഉത്തരവാദിത്വബോധം വളർത്തുക തുടങ്ങിയ വിപുലമായ ലക്ഷ്യങ്ങളാണ് ഫാർമേഴ്സ് അസോസിയേഷനുള്ളത്. 11 അംഗങ്ങൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ദൈനംദിന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കേരള ജലസേചനവും ജലസംരക്ഷണവും ചട്ടം സെക്ഷൻ 21 പ്രകാരം ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ആണ് രജിസ്റ്ററിംഗ് അധികാരി. ഫാർമേഴ്സ് അസോസിയേഷൻ രൂപീകരിക്കാനുള്ള അപേക്ഷ ലഭ്യമായാൽ ഉടൻതന്നെ രജിസ്ട്രേഷൻ നൽകുന്നതിനുള്ള തുടർ നടപടി കൃഷി വകുപ്പുമായി ചേർന്ന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) കൈക്കൊള്ളുന്നതാണ്. സംസ്ഥാനാടിസ്ഥാനത്തിൽ എത്രയുംവേഗം ഇത് നടപ്പിലാക്കാൻ ശ്രമിക്കുന്നതാണ്.

## (6) ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ റിപ്പോർട്ട്

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സംസ്ഥാന ജനസംഖ്യ, സാമുദായിക അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ ഗണ്യമായ അംഗസംഖ്യയുള്ളൊരു സമുദായമാണ് വിശ്വകർമ്മ. ഏകദേശം 48 ലക്ഷമാണ് അംഗസംഖ്യ. ഒരു പരമ്പരാഗത തൊഴിൽ സമൂഹമെന്ന നിലയിൽ ശ്രദ്ധേയമായ ഈ വിഭാഗത്തിന് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസവുമടക്കമുള്ള വിവിധ മേഖലകളിൽ അതിനനുസൃതമായി മുന്നേറാൻ കഴിഞ്ഞിട്ടില്ലാത്ത സാഹചര്യമാണുള്ളത്. അതുകൊണ്ടുതന്നെ ഈ വിഭാഗത്തെ നിരന്തരമായ അവകാശ പ്രക്ഷോഭങ്ങളിലേയ്ക്ക് നിർബന്ധമാക്കുകയാണ്. ഈ വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിച്ച ഡോ. പി. എൻ. ശങ്കരൻ കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിലുണ്ടായ കാലവിളംബത്തിൽ പ്രതിഷേധിച്ച് ഇന്നുമുതൽ 48 മണിക്കൂർ അവർ സമരത്തിലാണ്. ആയതിനാൽ ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ പ്രായോഗികത ബോദ്ധ്യപ്പെട്ട്, ഈ വിഭാഗങ്ങളെക്കൂടി വിശ്വാസത്തിലെടുത്ത്, സമവായത്തോടെ ഡോ. പി. എൻ. ശങ്കരൻ കമ്മീഷൻ ശിപാർശകൾ നടപ്പിലാക്കുന്നതിനും ഈ സമുദായത്തിന്റെ വിവിധ മേഖലയിലുള്ള പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുന്നതിനുമുള്ള നടപടി ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, വിശ്വകർമ്മ സമുദായത്തിന്റെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസമടക്കമുള്ള വിവിധ മേഖലകളുടെ പിന്നോക്കാവസ്ഥ സംബന്ധിച്ച് പഠനം നടത്താൻ ഡോ. പി.എൻ. ശങ്കരൻ കമ്മീഷനെ നിയമിച്ചിരുന്നു. ആ റിപ്പോർട്ടിലെ ശിപാർശകൾ ഗവൺമെന്റ്

ഗൗരവമായി പരിശോധിക്കുകയാണ്. കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂളിലെ പാർട്ട് -1 ലിസ്റ്റ് 3-ലെ ക്രമനമ്പർ 30 ആയിട്ടാണ് വിശ്വകർമ്മ സമുദായത്തെ സംസ്ഥാനത്തെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഉദ്യോഗ നിയമനങ്ങളിൽ വിശ്വകർമ്മ സമുദായത്തിന് ക്ലാസ്സ്-4 ഇതര തസ്തികകളിൽ 3 ശതമാനവും ക്ലാസ്സ്-4 തസ്തികകളിൽ 2 ശതമാനവും സംവരണം നിലവിലുണ്ട്. നിലവിൽ ഈ സമുദായത്തിന് സംസ്ഥാനത്ത് പ്രൊഫഷണൽ/ഡിഗ്രി കോഴ്സുകളിൽ 2 ശതമാനം സംവരണവും അനുവദിച്ചിട്ടുണ്ട്. വിശ്വകർമ്മ വിഭാഗത്തിന്റെ പെൻഷൻ വർദ്ധിപ്പിക്കണമെന്ന ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശ ഇതിനകംതന്നെ ഗവൺമെന്റ് അംഗീകരിച്ചുകഴിഞ്ഞു. 23-1-2018-ലെ 5/2018 Backward Community Development ഉത്തരവുപ്രകാരം നിലവിലുള്ള പെൻഷൻ 500 രൂപയിൽനിന്നും 1100 രൂപയായി വർദ്ധിപ്പിച്ചു.അവരുടെ നിലവിലുള്ള വരുമാനപരിധി അമ്പതിനായിരത്തിൽ നിന്ന് ഒരുലക്ഷം രൂപയായും ഉയർത്തി. പ്രസ്തുത റിപ്പോർട്ടിൽ ആകെ 21 ശിപാർശകളാണ് സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചത്. ഇത് വിവിധ വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കേണ്ട ശിപാർശകളാണ്. അതുകൊണ്ട് ഓരോ വകുപ്പിനും ഈ ശിപാർശയുമായി ബന്ധപ്പെട്ട് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വകുപ്പ് ഇതിനകംതന്നെ കത്ത് നൽകിയിട്ടുണ്ട്. ഓരോ വകുപ്പും അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്, ആ വകുപ്പുകളുടെ അഭിപ്രായംകൂടി പരിഗണിച്ച ശേഷം ശങ്കരൻ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ അംഗീകരിക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനം ഗവൺമെന്റ് കൈക്കൊള്ളും. ആ സമൂഹത്തിന് അർഹതപ്പെട്ട ആനുകൂല്യങ്ങൾ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ ഈ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി സ്വീകരിക്കുന്നതായിരിക്കും. അതുകൊണ്ട് രണ്ട് ദിവസം നീണ്ടുനിൽക്കുന്ന സത്യാഗ്രഹം ബഹുമാനപ്പെട്ട എം.എൽ.എ. ഇടപെട്ട് നിർത്തുന്നതായിരിക്കും ഏറ്റവും ഉചിതമെന്ന് ഞാൻ വിശ്വസിക്കുന്നു.

## (7) ട്യൂമർ ബോർഡ് രൂപീകരണം

ശ്രീ. എ. എൻ. ഷംസീർ: സർ, കേരളത്തിന്റെ ആരോഗ്യമേഖലയിൽ വലിയൊരു കുതിച്ചുചാട്ടം തന്നെയാണ് ശ്രീ. പിണറായി വിജയന്റെ ടീമിലെ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഐ.എം.ആർ-ലും, എം.എം.ആർ-ലും, ലൈഫ് എക്സ്പെക്ടൻസിയിലും സംസ്ഥാന സർക്കാരിന് നല്ലരീതിയിൽ മുന്നോട്ടുപോകാൻ കഴിഞ്ഞു. കേരളത്തിൽ നമ്മൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട വിഷയം കാൻസർ ചികിത്സയുമായി ബന്ധപ്പെട്ടതാണ്. കാൻസർ പോളിസി സർക്കാർ പ്രഖ്യാപിച്ചു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാൻസർ ചികിത്സ കണ്ടെത്താൻ അല്ലെങ്കിൽ അത് ചികിത്സിക്കാൻ

ട്യൂമർ ബോർഡിന്റെ അനിവാര്യതയാണ്. ട്യൂമർ ബോർഡ് എന്നുപറയുമ്പോൾ ഏറ്റവും ചുരുങ്ങിയത് ഓങ്കോളജിസ്റ്റ്, കാൻസർ സർജൻ, റേഡിയോ തെറാപ്പിസ്റ്റ്, റേഡിയോളജിസ്റ്റ്, പത്തോളജിസ്റ്റ് എന്നീ അഞ്ച് ഡോക്ടർമാർ അടങ്ങിയ സംഘമാണ്. കാൻസർ കണ്ടെത്തേണ്ടതും ചികിത്സിക്കേണ്ടതും ഈ സംഘമാണ്. മലബാർ കാൻസർ സെന്ററിലും റീജിയണൽ കാൻസർ സെന്ററിലും ഇപ്പോൾ ട്യൂമർ ബോർഡുണ്ട്. പക്ഷേ പല സ്വകാര്യ ആശുപത്രികളിലും ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ട്യൂമർ ബോർഡില്ല. ട്യൂമർ ബോർഡിന്റെ അനിവാര്യതയെക്കുറിച്ച് 1946-ൽ ബോറെ കമ്മിറ്റിയും 1962-ൽ മുതലിയാർ കമ്മിറ്റിയും കൃത്യമായി പറയുന്നുണ്ട്. കേരളത്തിലെ എല്ലാ കാൻസർ സെന്ററുകളിലും കാൻസർ ട്രീറ്റ്മെന്റ് സെന്ററുകളിലും സ്വകാര്യ ആശുപത്രികളിലുൾപ്പെടെ ട്യൂമർ ബോർഡുകൾ സ്ഥാപിക്കാനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ട്യൂമർ ബോർഡ് ഇല്ലാത്ത സ്ഥാപനങ്ങൾ കാൻസർ ചികിത്സ നടത്തുന്നുണ്ട്. അവർക്ക് ആവശ്യമായ സഹായങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നുമുണ്ട്. കാരുണ്യ, സുകൃതം തുടങ്ങിയ പദ്ധതികളിൽ നിന്നെല്ലാം സ്വകാര്യ ആശുപത്രികൾക്ക് സഹായം ലഭിക്കുന്നുണ്ട്. ട്യൂമർ ബോർഡില്ലാത്ത സ്ഥലത്ത് ഇത്തരം സഹായങ്ങൾ സർക്കാർ കൊടുക്കേണ്ടതുണ്ടോയെന്ന ചർച്ച തുടങ്ങാൻ നമുക്ക് കഴിയണം. കാരണം ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലാണ് മലബാർ കാൻസർ സെന്റർ. സർക്കാരിന്റെ ആനുകൂല്യങ്ങൾ പൂർണ്ണമായും തീർന്നുകഴിയുമ്പോൾ സ്വകാര്യ ആശുപത്രിക്കാർ രോഗിയെ സർക്കാർ ആശുപത്രിയിലേക്ക് മാറ്റുന്ന പ്രവണതയാണ് ഇപ്പോൾ കണ്ടുവരുന്നത്. നിങ്ങൾ എം.സി.സി.യിലേക്ക് പോകൂ, ആർ.സി.സി.യിലേക്ക് പോകൂ എന്നുപറയും. അപ്പോൾ നിങ്ങൾ ട്രീറ്റ്മെന്റ് നടത്തണമെന്ന് സ്വകാര്യ ആശുപത്രിക്കാരോട് ജനപ്രതിനിധികൾ എന്ന നിലയിൽ ഞങ്ങൾക്ക് ശിപാർശ ചെയ്യേണ്ടിവരും. ഇത് പലപ്പോഴും രോഗികളെ ചൂഷണം ചെയ്യാനിടയാക്കുന്നുണ്ട്. അതുകൊണ്ട് ട്യൂമർ ബോർഡില്ലാത്ത സ്വകാര്യ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ ധനസഹായം നൽകേണ്ടതുണ്ടോയെന്ന കാര്യം ഗൗരവമായ ചർച്ചയ്ക്ക് വിധേയമാക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു. രണ്ടാമത്തെ ആവശ്യം, കാൻസർ രജിസ്ട്രിയാണ്. കാൻസർ പോളിസി ഒരുഭാഗത്ത് പ്രഖ്യാപിച്ചുവെങ്കിൽ കാൻസർ രജിസ്ട്രിയും അനിവാര്യമാണ്. കാൻസർ രജിസ്ട്രി ഉണ്ടാകുമ്പോൾ സംസ്ഥാനത്താകെയുള്ള കാൻസർ രോഗികളുടെ എണ്ണം കണ്ടെത്താൻ സാധിക്കും. ഏതെങ്കിലും മേഖലയിൽ പ്രത്യേകതരം കാൻസർ ഉണ്ടെങ്കിൽ അതിന്റെ കാരണമെന്താണെന്നതിനെക്കുറിച്ച് വിശദമായ ഗവേഷണം നടത്താനും സാധിക്കും. അതുകൊണ്ട് കാൻസർ രജിസ്ട്രി ഏറ്റവും അനിവാര്യമാണ്. ഗവേഷണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്താൻ കാൻസർ രജിസ്ട്രി അനിവാര്യമായി വരുന്ന പശ്ചാത്തലത്തിൽ കാൻസർ രജിസ്ട്രിയുൾപ്പെടെ കൊണ്ടുവരാൻ സർക്കാർ തലത്തിൽ ശക്തമായ ഇടപെടലുണ്ടാകണം. അങ്ങനെ വരുമ്പോൾ ഏതെങ്കിലും

മേഖലയിൽ പ്രത്യേകമായി കാൻസർ കണ്ടെത്തിയാൽ അതുസംബന്ധിച്ച് പഠനം നടത്താൻ കഴിയും. കാൻസർ രജിസ്ട്രിയും ഡാറ്റാ ബേസും ഗവേഷണത്തിന് ഏറ്റവും അനിവാര്യമാണ്. ഇക്കാര്യങ്ങളിലെല്ലാം സർക്കാരിന്റെ അടിയന്തര ഇടപെടൽ ഉണ്ടാകണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങളും ഈ ഗവൺമെന്റ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിൽ വളരെ പ്രധാനപ്പെട്ടതാണ് കാൻസറിന്റെ ഡിറ്റക്ഷനും ചികിത്സയും. ഇതൊക്കെ ഒരു ഡോക്ടർ ഒറ്റയ്ക്കല്ല, വിദഗ്ദ്ധരായ ഒരു സംഘം ഡോക്ടർമാരുടെ വിലയിരുത്തലിലൂടെയാണ് നടത്തേണ്ടത്. ആർ.സി.സി.യിൽ നേരത്തെതന്നെ ട്യൂമർ ബോർഡ് ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നപ്പോൾ അവിടെ മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡ് രൂപീകരിച്ചിരിക്കുകയാണ്. മെഡിക്കൽ ഓങ്കോളജിസ്റ്റ്, സർജിക്കൽ ഓങ്കോളജിസ്റ്റ്, റേഡിയേഷൻ ഓങ്കോളജിസ്റ്റ്, പത്തോളജിസ്റ്റ്, റേഡിയോളജിസ്റ്റ് തുടങ്ങിയ സ്പെഷ്യലിസ്റ്റുകൾ ഉൾപ്പെടുന്ന മൾട്ടി ഡിസിപ്ലിനറി ട്യൂമർ ബോർഡാണ് രൂപീകരിച്ചിട്ടുള്ളത്. മലബാർ കാൻസർ സെന്ററിൽ നേരത്തെതന്നെ മൾട്ടി സ്പെഷ്യാലിറ്റി ബോർഡുണ്ടായിരുന്നു. അതിൽ ഹെമറ്റോളജി അടക്കമുള്ള വിദഗ്ദ്ധർ ഉൾപ്പെടുന്ന ബോർഡാണ് നിലനിന്നിരുന്നത്. കൊച്ചിൻ കാൻസർ സെന്ററിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടേയുള്ളൂ, അതിന്റെ പ്രവർത്തനം ആരംഭിക്കുമ്പോൾ ഇത്തരത്തിലുള്ള ഒരു ബോർഡ് തന്നെയായിരിക്കും ഇക്കാര്യങ്ങൾ നിർവ്വഹിക്കുക. കാൻസർ ചികിത്സാരംഗത്ത് വലിയ മാറ്റമുണ്ടാക്കാനാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത്. അതുകൊണ്ടുതന്നെ W.H.O.യുടെ നിർദ്ദേശമനുസരിച്ചുള്ള എല്ലാ കാര്യങ്ങളും കേരളത്തിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു. ആദ്യമായിട്ടാണ് W.H.O.യുടെ നേതൃത്വത്തിലുള്ള ഒരു കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപം കൊണ്ടിട്ടുള്ളത്. W.H.O.യുടെ ഇന്ത്യൻ റെപ്രസെന്റേറ്റീവായ ഡോ. ഹെൻക് ബെക്കേഡാം അടക്കം പങ്കെടുത്തുകൊണ്ട് ഒരു വിദഗ്ദ്ധ ചർച്ച ഇവിടെ നടത്തുകയും അതനുസരിച്ച് വിശദമായൊരു കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസിദ്ധീകരിച്ച രേഖ എന്റെ കയ്യിലുണ്ട്, സഭാംഗങ്ങൾക്ക് ആവശ്യമാണെങ്കിൽ അത് സഭയിൽ വയ്ക്കാവുന്നതാണ്. അതിൽ വളരെ പ്രധാനമായും പറയുന്നത് എവിഡൻസ് ബേസ്ഡായ പ്രിവെൻഷൻ, ഏർളി ഡയഗ്നോസിസ്, സ്ക്രീനിംഗ്, ട്രീറ്റ്മെന്റും പാലിയേറ്റീവും, പ്രൊമോട്ട് മോണിറ്ററിംഗ് ആൻഡ് ഇവാല്യുവേഷൻ എന്നിവയാണ്. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലുമെല്ലാം കമ്മിറ്റികൾ രൂപീകരിക്കുക, ബോർഡുകൾ രൂപീകരിക്കുക, ഡിസ്ട്രിക്ട് കമ്മിറ്റികൾ രൂപീകരിക്കുക എന്നുള്ളതാണ് ഇതിൽ മർമ്മപ്രധാനമായ കാര്യം.

അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ ഒരു കാൻസർ കെയർ ഗ്രിഡ് രൂപീകരിക്കാനുള്ള നടപടിയും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളെയടക്കം ചേർത്തുകൊണ്ട് കാൻസർ കെയർ ഗ്രിഡ് രൂപീകരിക്കുന്നതിലൂടെ ഒരു ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ എല്ലായിടത്തും ഒരുപോലെ ബാധകമാക്കാനും ആശയവിനിമയം നടത്താനും സാധിക്കും. സ്വകാര്യ ആശുപത്രികളിൽ ഇന്ന് നടക്കുന്ന ശ്രദ്ധയില്ലായ്മയുണ്ടെങ്കിൽ അത് പരിഹരിക്കാനും സാധിക്കും. കാൻസർ ട്രീറ്റ്മെന്റിന്റെ രംഗത്ത് മാത്രമല്ല, ഏർളി ഡിറ്റക്ഷനിലും രജിസ്ട്രിയുണ്ടാക്കുന്ന കാര്യത്തിലും തീരുമാനമെടുത്തിരിക്കുന്നു. മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളെ കേന്ദ്രീകരിച്ചുള്ള പോപ്പുലേഷൻ ബേസ്ഡ് രജിസ്ട്രി ഇപ്പോൾത്തന്നെ തയ്യാറായിട്ടുണ്ട്. ആർ.സി.സി.യുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളെ കേന്ദ്രീകരിച്ചുള്ള രജിസ്ട്രി വന്നിട്ടുണ്ട്. മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ പാലക്കാട് അടക്കം ഉൾപ്പെടുത്തിക്കൊണ്ട് പോപ്പുലേഷൻ ബേസ്ഡ് രജിസ്ട്രിയും കൊച്ചിൻ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ മധ്യഭാഗത്തുള്ള ജില്ലകളുടെ രജിസ്ട്രിയും ആർ.സി.സി.യുടെ നേതൃത്വത്തിൽ തെക്കുഭാഗത്തുള്ള ജില്ലകളുടെ രജിസ്ട്രിയും ഉണ്ടാക്കാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. മെഡിക്കൽ കോളേജുകളിലെ ട്രീറ്റ്മെന്റ് ശക്തമാക്കുന്നതിനുവേണ്ടി 105 പുതിയ തസ്തികകളാണ് ഓങ്കോളജി മേഖലയിൽ സൃഷ്ടിച്ചത്. ആദ്യമായാണ് കേരളത്തിൽ മെഡിക്കൽ കോളേജുകളിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിൽ തസ്തിക സൃഷ്ടിക്കുന്നത്. നിലവിലുള്ള പ്രധാനപ്പെട്ട 5 മെഡിക്കൽ കോളേജുകളിലും കാൻസർ ചികിത്സാ സമ്പ്രദായം മെച്ചപ്പെടുത്തുകയും ട്യൂമർ ബോർഡ് രൂപീകരിക്കാൻ കഴിയുന്ന രീതിയിൽ വിദഗ്ദ്ധ വിഭാഗങ്ങളിൽ എല്ലാ തസ്തികകളും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ടെർഷ്യറി കാൻസർ സെന്റർ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു, മെഡിക്കൽ കോളേജിലെ കാൻസർ സെന്ററുകൾ ഉടൻതന്നെ ഉദ്ഘാടനം ചെയ്യുന്നതാണ്. അതിന്റെ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഈ ഗവൺമെന്റ് തുടക്കം കുറിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് കാൻസറിനെതിരെ ഒരു യുദ്ധം പ്രഖ്യാപിച്ചിരിക്കുകയാണ് എന്ന കാര്യംകൂടി അറിയിക്കുകയാണ്.

## (8) കാൻസർ രോഗനിർണ്ണയം

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ആരോഗ്യ രംഗത്ത് പതിറ്റാണ്ടുകളായി നാം രാജ്യത്തിന് മാതൃകയാണ്. ഈ രംഗത്ത് പ്രശസ്തമായ കേരള മോഡൽ രാജ്യം വളരെ നേരത്തേതന്നെ അംഗീകരിച്ചതുമാണ്. എന്നിരുന്നാലും കാൻസർ പോലുള്ള മാരക രോഗങ്ങൾ ബാധിക്കുന്നവരുടെ എണ്ണം സംസ്ഥാനത്ത് കൂടിവരികയാണ്. ഓരോ വർഷവും 55000 പേർക്ക് പുതുതായി കാൻസർ കണ്ടെത്തുന്നതായാണ് കണക്കുകൾ

വ്യക്തമാക്കുന്നത്. അതുപോലെതന്നെയാണ് വൃക്കരോഗവും. ആരോഗ്യ വകുപ്പിന്റെയും സ്വകാര്യ ട്രസ്റ്റുകളുടെയുമെല്ലാം കീഴിൽ ഡയാലിസിസ് സെന്ററുകളുടെ എണ്ണം കണക്കാക്കാൻ കഴിയാത്തവിധം വർദ്ധിച്ചുവരുന്നു. ജീവിതശൈലി രോഗങ്ങൾക്ക് അടിമപ്പെടുന്നവരുടെ എണ്ണത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. എങ്കിലും ഇത്തരം മാരക രോഗങ്ങൾ കൃത്യമായി ഡയഗ്നോസിസ് ചെയ്യുന്നതിൽ പലപ്പോഴും നമുക്ക് വീഴ്ചകൾ സംഭവിക്കുകയാണ്. ഉദാഹരണത്തിന്, കാൻസറാണെന്ന് ഡോക്ടർ തീരുമാനിച്ച് ചികിത്സയുമായി മുന്നോട്ടുപോകുകയും ഏറെക്കഴിഞ്ഞ് രോഗം കാൻസറല്ലെന്ന് കണ്ടെത്തുകയും ചെയ്യുന്നു. അപ്പോൾ രോഗി സാമ്പത്തികമായും ശാരീരികമായും മാനസികമായും ഏറെ തളർന്ന അവസ്ഥയിലായിരിക്കും. മറ്റുചില കേസുകളിൽ ബയോപ്സിയിലൂടെയും മറ്റും കാൻസർ കുറ്റമറ്റരീതിയിൽ കണ്ടെത്തിയാൽത്തന്നെ സർജറിയിലൂടെ സുഖപ്പെടുത്താമെന്ന് സർജൻ തീരുമാനമെടുക്കുന്നു. എന്നാൽ മറ്റൊരു ഡോക്ടറെ സമീപിച്ചാൽ കീമോയുടെ ഒരു സൈക്കിൾ പൂർത്തിയാക്കിയശേഷം സർജറി നടത്താമെന്ന് അദ്ദേഹം നിർദ്ദേശിക്കുന്നു. മറ്റൊരു ഡോക്ടർ കീമോതെറാപ്പി, റേഡിയേഷൻ, സർജറി എന്നിവ ഉൾപ്പെടുന്ന ഒരു മൾട്ടി മോഡാലിറ്റി രീതിയായിരിക്കും നിർദ്ദേശിക്കുക. ഇതിൽ ഏതാണ് തനിക്ക് അനുയോജ്യമെന്ന് ഒരു രോഗിക്ക് കണ്ടെത്താൻ പ്രയാസമാണ്. മാത്രമല്ല, പല രോഗികളെയും സംബന്ധിച്ച് ഒന്നിലധികം വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക എന്നത് എളുപ്പവുമല്ല. ഏതെങ്കിലും ഒരു ഡോക്ടറുടെ അഭിപ്രായത്തിനനുസരിച്ച് ചികിത്സ തേടാനേ നിവൃത്തിയുള്ളൂ. ഇതിനൊരു പരിഹാരമെന്നോണം വിദഗ്ദ്ധ ഡോക്ടർമാരുടെ സെക്കന്റ് ഒപ്പിനിയൻ ഇത്തരം മാരക രോഗങ്ങൾ പിടിപെട്ടവർക്ക് അനായാസം ലഭ്യമാക്കുന്നതിന് സർക്കാർതലത്തിൽ സംവിധാനമൊരുക്കണം. കേന്ദ്രസർക്കാരിന്റെ ഹെൽത്ത് മിനിസ്ട്രി തയ്യാറാക്കിയ The Charter of Patient Rights and Responsibilites-ലെ ഇനം ആറ് പ്രകാരം ഇത് ഒരു രോഗിയുടെ അവകാശവുമാണ്. പല വിദേശ രാജ്യങ്ങളും മികച്ചതും കുറ്റമറ്റതുമായ സംവിധാനമാണ് ഇക്കാര്യത്തിൽ അനുവർത്തിച്ചുവരുന്നത്. ആരോഗ്യ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് ഇത്തരമൊരു സംവിധാനം ഒരുക്കുന്നതിലൂടെ നാം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകേണ്ടതുണ്ട്. ഇതിനായി നമ്മുടെ സംസ്ഥാനത്ത് ലഭ്യമായ വിദഗ്ദ്ധ ഡോക്ടർമാരെയും സാങ്കേതിക വിദഗ്ദ്ധരെയും സാങ്കേതിക സംവിധാനങ്ങളെയും ഉൾപ്പെടുത്തി ഒരു നെറ്റ്‍വർക്ക് രൂപീകരിക്കണം. ഒരു രോഗി അയാളുടെ രോഗവിവരം ചികിത്സാ രേഖകൾ ഉൾപ്പെടെ പ്രസ്തുത നെറ്റ്‍വർക്കിലേയ്ക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യുമ്പോൾ ഈ രോഗത്തിന് എന്തെല്ലാം ചികിത്സകളുണ്ട്, കേരളത്തിൽ ഇത് എവിടെയെല്ലാം ലഭ്യമാണ്, കേരളത്തിന് പുറത്ത് എവിടെയാക്കെ ലഭ്യമാണ്, ചികിത്സയ്ക്കായി എന്ത് ചെലവുവരും,

കൂടുതൽ വിദഗ്ദ്ധ ചികിത്സ എവിടെയെല്ലാം ലഭിക്കും തുടങ്ങിയ വിലപ്പെട്ട വിവരങ്ങൾ രോഗിക്ക് ലഭ്യമാക്കുന്നതിന് ഇതിലൂടെ സംവിധാനമൊരുക്കണം. ഇതുവഴി രോഗിക്ക് രോഗത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുന്നതിനും അനുയോജ്യമായ ഡോക്ടറെ കണ്ട് ചികിത്സ ആരംഭിക്കുന്നതിനും കഴിയും. രോഗം അറിയാതെ ചികിത്സിക്കുന്നതിലൂടെയും അനുയോജ്യമല്ലാത്ത ചികിത്സാമുറകൾ സ്വീകരിക്കുന്നതിലൂടെയും ആരോഗ്യവും സമ്പത്തും ഒരുപോലെ നഷ്ടപ്പെടുന്ന അവസ്ഥയിൽനിന്നും മോചനവും ലഭിക്കും. ഇതിനായി സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാര്യങ്ങളിൽ ബഹുഭൂരിപക്ഷത്തിനും ആദ്യത്തെ സബ്മിഷന് മറുപടിയായി പറഞ്ഞുകഴിഞ്ഞു. അതായത്, വികസിത രാഷ്ട്രങ്ങളിലെല്ലാം കാണുന്ന രീതിയിലുള്ള അതിവിദഗ്ദ്ധമായ കാൻസർ പരിശോധനയും ചികിത്സയും ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഇപ്പോൾ ഈ ഗവൺമെന്റ് രൂപീകരിച്ചിട്ടുള്ളത്. 2017 ഫെബ്രുവരിയോടുകൂടി റീജിയണൽ കാൻസർ സെന്ററിൽ മൾട്ടി ഡിസിപ്ലിനറി ബോർഡ് രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. അതുപോലെതന്നെ കാൻസർ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഏർളി ഡിറ്റക്ഷൻ മുതൽ റീഹാബിലിറ്റേഷൻ വരെയുള്ള കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്. കാൻസർ കെയർ ഗ്രിഡ് രൂപീകരിക്കുന്നതിലൂടെ ഇക്കാര്യങ്ങൾ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ പരസ്പരം ബന്ധപ്പെടാൻ സാധിക്കും. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇ-ഹെൽത്ത് സംവിധാനംകൂടി അവിടെ കൂട്ടിച്ചേർക്കുകയാണ്. അതിലൂടെ ഒരു ആശുപത്രിയിൽ നിന്നും മറ്റൊരു ആശുപത്രിയുമായി ബന്ധപ്പെട്ട് കാൻസർ രോഗിയുടെ വിവരങ്ങൾ മനസ്സിലാക്കുന്നതിനും അതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുമൊക്കെ സാധിക്കും. അതിനുള്ള നെറ്റ്‌വർക്ക് ആണ് ഇ-ഹെൽത്ത് സംവിധാനത്തിലൂടെ കൊണ്ടുവരുന്നത്. നെറ്റ്‌വർക്കുമായി ബന്ധപ്പെടുത്തി കാൻസർ കെയർ ഗ്രിഡ് പ്രവർത്തിക്കും. അപ്പോൾ എല്ലാവർക്കും ഇത് മനസ്സിലാക്കാൻ സാധിക്കും. മുൻപ് ഇത്തരം രോഗങ്ങളുണ്ടാകുമ്പോൾ ഒരു സെക്കന്റ് ഒപ്പീനിയൻ എടുക്കുന്ന ഏർപ്പാടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ഇവിടെ വച്ചുതന്നെ സെക്കന്റ് ഒപ്പീനിയൻ ലഭ്യമാകുന്ന രീതിയിൽ പേഷ്യന്റിന് ഇടപെടാൻ സാധിക്കും. പേഷ്യന്റിന് വളരെയധികം കംഫർട്ടബിളായിരിക്കും, ശാസ്ത്രീയമായ ഏർളി ഡിറ്റക്ഷനും സാധിക്കും. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽത്തന്നെ ഒരു ടോട്ടൽ കാൻസർ രജിസ്ട്രി തയ്യാറാക്കണമെന്നാണ് വിചാരിക്കുന്നത്, അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയുർദീപ്തം എന്ന പേരിൽ താഴെത്തട്ടിലുള്ള പി.എച്ച്.സി.കളിലടക്കംചെന്ന് പോപ്പുലേഷൻ ബേസ്ഡ് കാൻസർ രജിസ്ട്രി തയ്യാറാക്കുന്നതിന് ശ്രമിച്ച

കൊണ്ടിരിക്കുകയാണ്. ഇൻസ്റ്റിറ്റ്യൂഷൻ ബേസ്ഡ് രജിസ്ട്രി റീജിയണൽ കാൻസർ സെന്ററിലും മലബാർ കാൻസർ സെന്ററിലും ഉണ്ടായിരുന്നു. അതിനുപരിയായി പോപ്പുലേഷൻ ബേസ്ഡ് രജിസ്ട്രി തയ്യാറാക്കാനും പ്രത്യേക നെറ്റ്‌വർക്ക് ഉപയോഗിച്ച് ചികിത്സാ സമ്പ്രദായങ്ങളൊക്കെ കാൻസർ കെയർ ഗ്രിഡ് വഴി ബന്ധിപ്പിക്കാനുമാണ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. വലിയ മാറ്റം കാൻസർ ചികിത്സാ മേഖലയിലുണ്ടാകും. ഇതുവഴി ആളുകളുടെ ആശങ്ക ഒഴിവാകും എന്നുള്ളതാണ് കാണുന്നത്.

## (9) പരമ്പരാഗത ചികിത്സാ മേഖല

ശ്രീ. സി. കൃഷ്ണൻ: സർ, ആരോഗ്യ മേഖലയിൽ പരമ്പരാഗത ചികിത്സാ രീതി വലിയ സ്വാധീനമാണ് ചെലുത്തിക്കൊണ്ടിരിക്കുന്നത്. ഈ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഞാൻ സബ്മിഷൻ ഉന്നയിക്കുന്നത്. ആയുർവ്വേദം, സിദ്ധ, യുനാനി, നാട്ടുവൈദ്യം, പ്രകൃതി ചികിത്സ തുടങ്ങിയവ ഉൾപ്പെടെയുള്ള പരമ്പരാഗത ചികിത്സാ മേഖലയുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് ആളുകളുണ്ട്. ഈ മേഖലയെ പരിരക്ഷിക്കുന്നതിന് ഏതെങ്കിലും ഒരു പ്രത്യേക നിയമമോ സംവിധാനമോ ഉണ്ടെന്ന് പറയാൻ സാധിക്കില്ല. പരമ്പരാഗത ചികിത്സാമേഖലയെയും അതുമായി ബന്ധപ്പെടുന്നവരെയും സംരക്ഷിക്കാൻ നിയനിർമ്മാണത്തിലൂടെയോ മറ്റെന്തെങ്കിലും ഉചിതമായ നടപടികളിലൂടെയോ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ഇത്തരം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള ആയുർവ്വേദ തൊഴിലാളി യൂണിയൻ ഇന്ന് സെക്രട്ടേറിയറ്റ് മാർച്ചും ധർണയും നടത്തുകയാണ്. ഈ സന്ദർഭത്തിൽ പരമ്പരാഗത ചികിത്സാ മേഖലയെയും അതിൽ ഏർപ്പെട്ടിരിക്കുന്നവരെയും സംരക്ഷിക്കാൻ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത പ്രാക്ടീഷണർ അല്ലെങ്കിൽ 30-ാം വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച പട്ടികയിൽ പേര് ഉൾപ്പെട്ട പ്രാക്ടീഷണർ, അതുമല്ലെങ്കിൽ 25-ാം വകുപ്പിൽ പരാമർശിക്കപ്പെട്ട പട്ടികയിൽ പേര് ഉൾപ്പെട്ട പ്രാക്ടീഷണർ എന്നീ വിഭാഗങ്ങളിലുള്ളവർക്ക് മാത്രമേ ബന്ധപ്പെട്ട ശ്രേണിയിലുള്ള വൈദ്യശാസ്ത്ര മേഖലയിൽ പ്രാക്ടീസ് നടത്തുന്നതിന് അനുവാദമുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വ്യവസ്ഥയിൽ ഇളവ് നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും പ്രസ്തുത ഇളവ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

പരിഗണനയിലുള്ള കേസുകളിൽ സ്റ്റേ ചെയ്തിരുന്നു. ഇതേസമയം പാരമ്പര്യ വൈദ്യത്തിലുള്ള രജിസ്ട്രേഷൻ സംബന്ധിച്ച് പാരമ്പര്യ ചികിത്സകർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി 13-4-2018-ൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ ഡോക്ടർമാർ, വൈദ്യന്മാർ, ഹക്കീംസ് എന്നിവർക്ക് വൈദ്യശാസ്ത്രത്തിൽ മതിയായ പഠനവും പരിശീലനവും നൽകുന്നതിനുള്ള സ്ഥാപനങ്ങൾ മുൻകാലങ്ങളിൽ വളരെ കുറവായിരുന്നുവെന്നും അതിനാൽത്തന്നെ ആവശ്യാനുസരണമുള്ള അംഗീകൃത യോഗ്യതയുള്ള മെഡിക്കൽ പ്രാക്ടീഷണർമാരുടെ അഭാവം വളരെ അധികമായിരുന്നുവെന്നും എന്നാൽ നിലവിൽ ഈ സ്ഥിതി മാറിയെന്നും അംഗീകൃത യോഗ്യത നേടിയിട്ടില്ലാത്ത മെഡിക്കൽ പ്രാക്ടീഷണർമാർക്ക് വൈദ്യശാസ്ത്രത്തിലുള്ള അറിവ് വ്യത്യസ്തമാണെന്നും അത് ആയിരക്കണക്കിനാളുകളുടെ ജീവന് അപകടമാണെന്നും സുപ്രീം കോടതിയുടെ വിധിന്യായത്തിൽ പറയുന്നു. 1953-ലെ തിരുകൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട് 38-ാം ഖണ്ഡിക പ്രകാരം കൗൺസിലിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ പേരില്ലാത്തവർക്കും ഈ രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തുന്നതിനാവശ്യമായ മതിയായ യോഗ്യതയില്ലാത്തവർക്കും യാതൊരു ചികിത്സാ സമ്പ്രദായത്തിലും പ്രാക്ടീസ് ചെയ്യാൻ അർഹതയില്ലെന്ന് കോടതി വിധി പുറപ്പെടുവിച്ചിരിക്കുന്നു. അംഗീകൃത യോഗ്യതയില്ലാത്ത മെഡിക്കൽ പ്രാക്ടീഷണർമാർക്ക് നിയമപരമായി ലൈസൻസ് രജിസ്ട്രേഷൻ നിഷേധിക്കുന്നതിലൂടെ ഇത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്ത് ജീവിക്കുന്നവർക്കും അവരുടെ അനുബന്ധ തൊഴിലാളികളായി പ്രവർത്തിക്കുന്നവർക്കും തൊഴിൽ നഷ്ടപ്പെടുന്നുണ്ട് എന്നുള്ളത് വസ്തുതയാണ്. എന്നാൽ സുപ്രീംകോടതി വിധിന്യായത്തിന്റെ പശ്ചാത്തലത്തിൽ അംഗീകൃത യോഗ്യതയില്ലാത്ത പാരമ്പര്യ വൈദ്യന്മാർക്ക് രജിസ്ട്രേഷൻ നൽകാൻ ഈ ഗവൺമെന്റ് വിചാരിച്ചാലും സാദ്ധ്യമല്ല. അതിനെതിരെ നിയമനിർമ്മാണവും നിലനിൽക്കില്ല എന്നുള്ളതാണ് വസ്തുത. അതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിനായി ഒരു നിയമനിർമ്മാണം നടത്താൻ സാദ്ധ്യതയില്ലാത്ത അവസ്ഥയാണ് ഇപ്പോഴുള്ളത്. അതുപോലെ ഇവരെ അംഗീകരിക്കാനുള്ള ഏതെങ്കിലും നടപടി സ്വീകരിക്കാൻ സുപ്രീംകോടതി വിധി നിലനിൽക്കെ പ്രയാസമാണ്. വളരെ അറിവുള്ള പാരമ്പര്യ വൈദ്യന്മാർ ഉണ്ടെന്നതും ജനങ്ങൾ അവരെ ആശ്രയിക്കുന്നുണ്ടെന്നതും വസ്തുതയാണ്. ഇവിടെ പണിയെടുക്കുന്ന തൊഴിലാളികളുടെ കാര്യത്തിൽ ആരോഗ്യ വകുപ്പിന് എന്തെങ്കിലും തീരുമാനമെടുക്കാൻ കഴിയില്ല. തൊഴിൽ സുരക്ഷിതത്വം സംബന്ധിച്ച പ്രശ്നം പ്രത്യേക കാര്യമായെടുത്ത് ചർച്ച ചെയ്യാൻ മാത്രമേ സാധിക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി അതിനൊരു പരിഹാരം നിർദ്ദേശിക്കാൻ കഴിയില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (10) സമാന്തര പാലവും ബൈപ്പാസും

ശ്രീ. റോജി എം. ജോൺ: സർ, മധ്യകേരളത്തിലൂടെ യാത്ര ചെയ്യുന്ന എല്ലാ ആളുകളെ സംബന്ധിച്ചും വലിയൊരു ശാപമായി മാറിയിരിക്കുകയാണ് അങ്കമാലിയിലെയും കാലടിയിലെയും ഗുരുതരമായ ഗതാഗത പ്രശ്നം. ഇതിന് പരിഹാരമായി അങ്കമാലി ബൈപ്പാസിന് ബഡ്ജറ്റിൽ തുക വകയിരുത്തുകയും കിഫ്ബിവഴി ഭരണാനുമതി നൽകുകയും ഭൂമിയേറ്റെടുക്കൽ നടപടിക്ക് ഒരു സ്പെഷ്യൽ തഹസിൽദാരെ നിയമിക്കുകയുമുണ്ടായി. പക്ഷെ അതിന്റെ തുടർനടപടികൾ വളരെ ഇഴഞ്ഞുനീങ്ങുകയാണ്. ഇത് ഏകോപിപ്പിക്കുന്നതിനുവേണ്ടി അങ്ങുതന്നെ താല്പര്യമെടുത്ത് ഒരു യോഗം വിളിച്ചുചേർത്തിരുന്നുവെങ്കിലും ബഹുമാന്യനായ എം.പി.യുടെ അസൗകര്യംമൂലം അത് മാറ്റിവയ്ക്കുകയാണുണ്ടായത്. 2018 ഓഗസ്റ്റ് മാസമുണ്ടായ അസാധാരണമായ വെള്ളപ്പൊക്കത്തിന്റെ വെളിച്ചത്തിൽ ചതുപ്പുനിലത്ത് ഇംബാങ്ക്മെന്റോടുകൂടി ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന പദ്ധതിരേഖ പുനർവിചിന്തിനം ചെയ്യേണ്ട ആവശ്യകതയുള്ളതായി നിയമസഭാ ചോദ്യത്തിന് മറുപടിയായി അങ്ങ് തന്നെ ഇവിടെ പറഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അങ്കമാലി ബൈപ്പാസിന്റെ തുടർപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വേഗത്തിലാക്കുന്നതിനുംവേണ്ടി അങ്ങയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം വിളിച്ചുചേർത്ത് നടപടികൾ ദ്രുതഗതിയിലാക്കണമെന്നൊരു അഭ്യർത്ഥനയുണ്ട്. അതുപോലെതന്നെയാണ് കാലടി പാലത്തിന്റെ കാര്യം. ഇതുസംബന്ധിച്ച് വളരെനാളുകളായി നാം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കൊച്ചി എയർപോർട്ടിലേയ്ക്ക് ഉൾപ്പെടെവരുന്ന നൂറുകണക്കിന് ആളുകൾ കാലടിയിൽ ഗതാഗതക്കുരുക്കിൽപ്പെടുകയും അവർക്ക് ഫ്ലൈറ്റ് നഷ്ടപ്പെടുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകുന്നുണ്ട്. അങ്കമാലിയിലും കാലടിയിലും മാത്രമല്ല, ആ പ്രദേശത്തുകൂടി യാത്രചെയ്യുന്ന എല്ലാ ആളുകളെയും ബാധിക്കുന്ന ഗുരുതരമായ വിഷയമാണിത്. ആലുവ എം.എൽ.എ., ശ്രീ. അൻവർ സാദത്തിന്റെയും പെരുമ്പാവൂർ എം.എൽ.എ., ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെയും ആവശ്യപ്രകാരം അങ്ങുതന്നെ താല്പര്യമെടുത്ത് തുടർനടപടികൾ വേഗത്തിലാക്കുന്നതിനു വേണ്ടി ഒരു യോഗം വിളിച്ചുചേർത്തിരുന്നു. രണ്ട് മാസത്തിനകം ഇതിന്റെ ഫൈനൽ ഡിസൈനും എസ്റ്റിമേറ്റും സമർപ്പിക്കാമെന്ന് പറഞ്ഞിരുന്നുവെങ്കിലും പ്രളയത്തെത്തുടർന്ന് പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ് പോയിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള കാലടി പാലത്തിന്റെ ബലത്തെ സംബന്ധിച്ചും ചില ചോദ്യങ്ങൾ ഉയർന്നുവരുന്നുണ്ട്. അതുസംബന്ധിച്ച് എഞ്ചിനീയർമാർ അവിടെ വന്ന് പരിശോധിക്കുകയും അറ്റകുറ്റപ്പണികൾ നിർദ്ദേശിച്ചിരിക്കുകയുമാണ്. കാലടിയിലെ സമാന്തരപാലവും ബൈപ്പാസും വളരെ അത്യാവശ്യമായി വന്നിരിക്കുന്നു. അതിന് പുതുക്കിയ ഭരണാനുമതിയും ആവശ്യമാണ്. അങ്ങയുടെ അടിയന്തര ഇടപെടലുണ്ടായി കാലടി പാലവും അങ്കമാലി ബൈപ്പാസും എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികളുണ്ടാകണം.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ശ്രീ. റോജി എം. ജോൺ സൂചിപ്പിച്ച കാര്യം തന്നെയാണ് എനിക്കും പറയാനുള്ളത്. പെരുമ്പാവൂരും അങ്കമാലിയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം വളരെ അടിയന്തര പ്രാധാന്യമുള്ളതുതന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ താല്പര്യമെടുത്ത ഒരു വ്യക്തിയാണ്. പക്ഷെ ഇതുവരെയും ഇതിന്റെ ഡിസൈൻ DRIQ ബോർഡ് തയ്യാറാക്കി നല്കിയിട്ടില്ല. അങ്ങ് അടിയന്തരമായി ഒരു നിർദ്ദേശം കൊടുത്ത് മീറ്റിംഗ് വിളിച്ചുകൂട്ടി ഇക്കാര്യങ്ങൾക്ക് അടിയന്തര പ്രാധാന്യം കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, രണ്ട് വിഷയങ്ങളിലുള്ള സബ്മിഷനാണ് ഒന്നിച്ച് വന്നിട്ടുള്ളത്. കാലടി പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അഭ്യർത്ഥന സമർപ്പിച്ചിട്ടുണ്ട്. ബൗണ്ടറി സ്റ്റോണിട്ട് വരികയാണ്. ഭൂമി ഏറ്റെടുക്കാനുള്ള നടപടി ഒന്നുകൂടി ത്വരിതപ്പെടുത്തണം. അതിന്റെ ഡിസൈൻ ഇപ്പോൾ അന്തിമഘട്ടത്തിലേയ്ക്ക് കടന്നിരിക്കുകയാണ്. ഡിസൈൻ പൂർത്തിയായാലുടൻതന്നെ ഭരണാനുമതി നൽകും. നമുക്കെല്ലാം വളരെ താല്പര്യമുള്ള പാലമാണ്. കഴിയുന്നത്രവേഗം പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അങ്കമാലി ബൈപ്പാസ് രണ്ട് മണ്ഡലങ്ങളിലായാണ് വരുന്നത്. അങ്കമാലി-കൊച്ചി എയർപോർട്ടുമായി ബന്ധമുണ്ട്. 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ കിഫ്ബിയിൽ വച്ചിരുന്നു. റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപ്പറേഷനാണ് അതിന്റെ നിർമ്മാണ ഏജൻസി. അതിന്റെ എ.എസ്. ഇറങ്ങിയിട്ടുള്ളതാണ്. 3 കിലോമീറ്റർ 115 മീറ്ററാണ് ബൈപ്പാസിന്റെ നീളം. വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കുകയും 190.16 കോടിരൂപയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. റോഡിനാവശ്യമായ 97-98 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി 2018-ഫെബ്രുവരി 17-നുതന്നെ കളക്ടർക്ക് അർത്ഥനാപത്രം കൊടുത്തിട്ടുണ്ട്. എന്നാൽ അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ കളക്ടറേറ്റിൽ കാലതാമസം നേരിട്ടു. ജനപ്രതിനിധികൾ യോഗം ചേർന്ന് പരിഹാരം നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ റിക്വസിഷൻ ഇപ്പോൾ കൊടുത്തിട്ടുണ്ട്. ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവിൽ കുറച്ച് കുറവുവന്നിട്ടുണ്ട്. ഇപ്പോൾ 97-98 ആർ എന്നത് 96.5 ആർ ആയി, ഒന്നര ആർ കുറഞ്ഞിട്ടുണ്ട്. നാഷണൽ ഹൈവേയിൽ 544-ൽ കരയാമ്പറമ്പ് ജംഗ്ഷനിൽ നിന്ന് ആരംഭിച്ച് 144 അങ്കമാലി റെയിൽവേസ്റ്റേഷന്റെ അടുത്താണ് അവസാനിക്കുന്നത്. സ്ഥലമെടുപ്പ് നടപടികൾ പുരോഗതിയിലാണ്. യോഗം വിളിച്ചുചേർക്കുന്ന കാര്യം സത്വരമായി ആലോചിക്കുന്നതാണ്.

# VI റിപ്പോർട്ട് സമർപ്പണം

(1) 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2019-ലെ കേരള സഹകരണ സംഘ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എൺപത്തിയൊന്ന് മുതൽ എൺപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

# VII അറിയിപ്പ്

### ഗവൺമെന്റ് പ്രമേയം മാറ്റിവച്ചതു സംബന്ധിച്ച്

മി. സ്പീക്കർ: ഇന്നത്തെ കാര്യപരിപാടിയിലെ അടുത്ത ഇനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോട്ടീസ് നൽകിയിരുന്ന ഗവൺമെന്റ് പ്രമേയത്തിന്റെ പരിഗണനയാണ്. എന്നാൽ പ്രസ്തുത പ്രമേയത്തിന്റെ പരിഗണന സംബന്ധിച്ച് കുറച്ചുകൂടി ചർച്ചകൾ വേണമെന്ന ഒരു പൊതു അഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിൽ പരിഗണന മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവയ്ക്കുകയാണ്.

# VIII ധനകാര്യം

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

ശ്രീ. റ്റി. വി. രാജേഷ്: സർ, ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രതിസന്ധികളുടെയും പ്രശ്നങ്ങളുടെയും ഈ ഘട്ടത്തിൽ ഒരു ജനപക്ഷ സർക്കാരിന് അവതരിപ്പിക്കാൻ കഴിയുന്ന ഏറ്റവും യുക്തിസഹവും മാനവികവുമായ ഒരു ബഡ്ജറ്റാണിത് എന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. പ്രതിസന്ധി ഘട്ടങ്ങളിൽ സംസ്ഥാനങ്ങളെ സഹായിക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ ചുമതലയാണ്. എന്നാൽ രാഷ്ട്രീയവൈര്യംവച്ച് കേരളത്തോട്

മുഖംതിരിഞ്ഞു നിൽക്കുന്ന സമീപനം കേന്ദ്രം സ്വീകരിക്കുകയാണ്. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതിയാണ് കേരളം അനുഭവിച്ചത്. കേരളത്തെ എങ്ങനെയെങ്കിലും കരകയറ്റാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരമൊരു ഘട്ടത്തിൽ കേരളം ഒരുകാരണവശാലും കരകയറാൻ പാടില്ലായെന്ന് ആഗ്രഹിക്കുന്ന ചില ദുഷ്ടമനസ്സുകൾ കേരളത്തിലുണ്ട്. അവരോടൊപ്പം നിൽക്കേണ്ടവരല്ല കേരളത്തിലെ പ്രതിപക്ഷമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കാനുള്ള ബഡ്ജറ്റാണിത്. 1957-ൽ മഹാനായ ഇ.എം.എസ്. നേതൃത്വം നൽകിയ കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരാണ് ആധുനിക കേരളത്തിന് അടിത്തറ പാകിയതെങ്കിൽ അത്യാധുനിക കേരളത്തിന് അടിത്തറയിട്ട സർക്കാരായി ബഹുമാനപ്പെട്ട പിണറായി സർക്കാരിനെ ചരിത്രം രേഖപ്പെടുത്താൻ പോകുകയാണ്. 2011-16, 2016-19 കാലയളവിലെ പ്ലാൻ ഫണ്ട് വിനിയോഗവും അടിസ്ഥാന പശ്ചാത്തല സേവന മേഖലയിലെ നിക്ഷേപവും സംബന്ധിച്ച് ഒരു തുറന്ന സംവാദത്തിന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തയ്യാറാകുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. 25 നവകേരള പദ്ധതികൾ ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുകയാണ്. ആ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകാനോ പോരായ്മകൾ ചൂണ്ടിക്കാണിക്കാനോ ആണ് ഉത്തരവാദപ്പെട്ട പ്രതിപക്ഷം തയ്യാറാകേണ്ടത്. പക്ഷേ ഇവിടെ ഒന്നുമുണ്ടായിട്ടില്ലെന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമല്ലേ നടക്കുന്നത്? ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് കേരളത്തിന്റെ സ്ഥിതിയെന്തായിരുന്നു? അഞ്ച് വർഷം കേരളം ഭരിച്ച ഉമ്മൻ ചാണ്ടി സർക്കാരിന് ഏതെങ്കിലും ഒരു വൻകിട പദ്ധതി ആരംഭിക്കാൻ കഴിഞ്ഞോ? എന്തായിരുന്നു GAIL പദ്ധതിയുടെ കാര്യം? ഇപ്പോൾ GAIL പദ്ധതി പൂർത്തീകരിക്കാൻ പോകുകയാണ്. കേരളത്തിന്റെ വ്യാവസായിക രംഗത്ത് വലിയ കുതിപ്പുണ്ടാക്കുന്നതാണ് GAIL പദ്ധതി.

നാഷണൽ ഹൈവേയുടെ കാര്യമെടുക്കാം. കേരളത്തിൽ ഒരു കോടി പത്ത് ലക്ഷം വാഹനങ്ങളുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ റോഡപകടത്തിൽ മരിക്കുന്നതും ഗുരുതരമായ പരിക്കേൽക്കുന്നതുമായ ഒരു സംസ്ഥാനം കേരളമാണ്. ഇതിന് പരിഹാരമുണ്ടാകണ്ടെ? റോഡും പശ്ചാത്തല സൗകര്യവുമില്ലാത്ത നാട്ടിൽ ആരാണ് നിക്ഷേപങ്ങൾ നടത്താൻ മുന്നോട്ടുവരുന്നത്? നിക്ഷേപം വരണം. നിക്ഷേപം വന്നാലേ വ്യവസായമുണ്ടാകു, വ്യവസായമുണ്ടായാലേ തൊഴിൽ ഉണ്ടാകു. അപ്പോൾ അതിന് ആദ്യം വേണ്ടത് കേരളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കലാണ്. ഉമ്മൻ ചാണ്ടി സർക്കാരിന് അതിന് കഴിഞ്ഞില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ

വേഗത്തിലാക്കി. അക്വിസിഷൻ നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്. പക്ഷേ, എന്താണ് പ്രതിപക്ഷം ചെയ്തത്; നാഷണൽ ഹൈവേയുടെ കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് എന്താണ്? കീഴാറ്റൂരിൽ ഒരു വിഷയം ഉയർത്തിക്കൊണ്ടുവന്ന് നാഷണൽ ഹൈവേയെ തുരങ്കംവയ്ക്കാൻ ശ്രമിച്ചപ്പോൾ അതിനോടൊപ്പം നിൽക്കേണ്ട ആളായിരുന്നോ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്? ഇപ്പോൾ കീഴാറ്റൂരിലെ ജനങ്ങളെല്ലാവരും അവരുടെ ഭൂമി വിട്ടുകൊടുക്കാൻ തയ്യാറായി. ഈ സന്ദർഭത്തിലെങ്കിലും കീഴാറ്റൂരിൽ സ്വീകരിച്ച നിലപാട് തെറ്റായിപ്പോയി എന്ന് ഈ സഭയുടെ മുമ്പിൽ തുറന്നുപറയാനുള്ള മര്യാദയെങ്കിലും പ്രതിപക്ഷം കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇവിടെ കിഫ്ബി പ്രോജക്ടിൽ എന്താണ് നടന്നതെന്ന് ചോദിക്കുന്നവരുണ്ട്. എന്തെല്ലാം പരിഹാസങ്ങളും കുത്തുവാക്കുകളുമാണ്? ഇന്നലെ ഇവിടെ യു.ഡി.എഫ്.-ലെ ബഹുമാനപ്പെട്ട ഒരു യുവ അംഗം പ്രസംഗിച്ചു. അഞ്ച് വർഷം കഴിഞ്ഞാൽ ഡോ. ടി. എം. തോമസ് ഐസക്കിന് നടക്കാത്ത സ്വപ്നങ്ങളെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കാമെന്നാണ് അദ്ദേഹം പറഞ്ഞത്. നടക്കാത്ത പ്രോജക്ടാണോ? ആദ്യം ഞാൻ കുടിവെള്ളത്തിന്റെ കാര്യത്തിലേയ്ക്ക് പോകാം. കേരളത്തിലെ ജനങ്ങളുടെ ഏറ്റവും വലിയ പ്രശ്നമാണല്ലോ കുടിവെള്ളം? ഡോ. ടി. എം. തോമസ് ഐസക്കിന്റെ 2016-17-ലെ ബഡ്ജറ്റിൽ 23 കുടിവെള്ള പ്രോജക്ടുകൾ പ്രഖ്യാപിച്ചു. ഇത് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രദ്ധിക്കുമെന്ന് ഞാൻ കരുതുകയാണ്. 1257 കോടി രൂപയാണ് ഇതിന് വകയിരുത്തിയത്. 23 പ്രോജക്ടുകളിൽ 22 പ്രോജക്ടുകളും ടെണ്ടർ ചെയ്ത് പ്രവൃത്തി തുടങ്ങി. ഇത് നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? കിഫ്ബി പ്രോജക്ടിൽ പ്രഖ്യാപിച്ച കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്ന സ്ഥലമേതാണെന്ന് നിങ്ങൾക്കറിയാം. ഭരണപക്ഷത്തുള്ളവരുടെ സ്ഥലമല്ല. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന്റെ കോട്ടയം മണ്ഡലത്തിൽ മുനിസിപ്പാലിറ്റിയുടെ 50 കോടി രൂപയുടെ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യാൻ പോകുകയാണ്. കിഫ്ബി പദ്ധതി നടക്കാത്ത പദ്ധതിയാണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറയുമോ? കിഫ്ബി പ്രോജക്ടിൽ 2016-17-ൽ പ്രഖ്യാപിച്ച, ഇപ്പോൾ ടെണ്ടർ ചെയ്യാൻ പോകുന്ന, എഫ്.എസ്. കിട്ടിയ ഏറ്റവുംവലിയ പദ്ധതി ആരുടെ മണ്ഡലത്തിലാണെന്ന് അറിയാമോ? ഇന്നലെ ഈ ബഡ്ജറ്റിനെ കണക്കറ്റ് പരിഹസിച്ച ഒരാളുണ്ടല്ലോ അപ്പുറത്ത്. അദ്ദേഹത്തിന്റെ മണ്ഡലത്തിലാണ്. അങ്കമാലി വാട്ടർ സപ്ലൈ സ്കീം, മുനിസിപ്പാലിറ്റിയിലും സമീപ പഞ്ചായത്തിലും; എത്രയാണ് തുക? 116 കോടി രൂപയാണ്. അത് ടെണ്ടർ ചെയ്യാൻ പോകുകയാണ്. ഇത് കുടിവെള്ളത്തിന്റെ കാര്യമാണ്.

ഇനി ഞാൻ കേരളത്തിലെ ആരോഗ്യ മേഖലയുടെയും ഡയാലിസിസ് സെന്ററുകളുടെയും കാര്യം പറയാം. 177 പി.എച്ച്.സി.കൾ എഫ്.എച്ച്.സി.കളായി മാറി. അതിൽ കഴിഞ്ഞ തവണ അവാർഡ് കിട്ടിയ എഫ്.എച്ച്.സി. എവിടെയാണ്? ശ്രീ. ഐ. സി. ബാലകൃഷ്ണന്റെ സുൽത്താൻ ബത്തേരിയിലെ എഫ്.എച്ച്.സി.ക്കാണ് കഴിഞ്ഞ തവണ അവാർഡ് കിട്ടിയത്. ഈ സർക്കാർ റീസണബിൾ ഷെയർ നൽകണം, കിഫ്ബി ഔദാര്യമല്ലെന്നാണ് ഇന്നലെ പറഞ്ഞത്. ഔദാര്യമല്ല, എല്ലാവരുടെയും അവകാശമായിരുന്നു. നിങ്ങളുടെ കാലത്ത് അത്തരമൊരു ധാരണ നിങ്ങൾക്കുണ്ടായിരുന്നോ? കഴിഞ്ഞ തവണയും ഇപ്പോഴും എം.എൽ.എ.മാരായവർ ഇവിടെയുണ്ട്. ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ശ്രീ. സി. കൃഷ്ണൻ എം.എൽ.എ.യോട് നിങ്ങൾ ചോദിക്കു. നാലാമത്തെ വർഷം റോഡിനുവേണ്ടി നിരാഹാരം കിടക്കേണ്ട അവസ്ഥയായിരുന്നു എൽ.ഡി.എഫ്. എം.എൽ.എ.മാർക്ക്. നിങ്ങളുടെ എം.എൽ.എ.മാരോട് മാത്രം പ്രത്യേക പ്രീണനമായിരുന്നു. പക്ഷേ ഞാൻ ഒരു കാര്യം പറയാം, ഞങ്ങൾ കുറച്ചുപേർക്ക് ആനുകൂല്യങ്ങൾ കിട്ടിയിട്ടുണ്ട്. ഞങ്ങൾ ഇടപെട്ടതിന്റെ ഭാഗമായാണ് അത് ലഭിച്ചത്. അന്ന് നിങ്ങൾക്ക് പ്രതിപക്ഷത്തോട് അവഗണന യായിരുന്നു. ഇപ്പോൾ അങ്ങനെയാണോ? 44 ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ പോകുന്നു. അതിൽ പണി പൂർത്തീകരിച്ച 18 ഡയാലിസിസ് കേന്ദ്രങ്ങളുണ്ട്. ഉദ്ഘാടനത്തിന് തയ്യാറായിരിക്കുന്ന രണ്ട് ഡയാലിസിസ് കേന്ദ്രങ്ങൾ എവിടെയാണെന്ന് അറിയാമോ? ബഹുമാനപ്പെട്ട സണ്ണി ജോസഫിന്റെ നിയോജകമണ്ഡലമായ പേരാവൂരിലാണ്. ഒന്ന്, ഇരിട്ടി താലൂക്ക് ഹോസ്പിറ്റലിലും മറ്റൊന്ന് പേരാവൂർ താലൂക്ക് ഹോസ്പിറ്റലിലും. അപ്പോൾ ഇവിടെ ഈ പറയുന്ന റീസണബിൾ ഷെയർ ഇല്ലേ? ഇല്ലെങ്കിൽ ഒന്ന് വായിച്ചുനോക്കിയാൽ മതി. അവരവരുടെ മണ്ഡലത്തിൽ പോയി ഇല്ല എന്നുപറയാനുള്ള ധൈര്യം നിങ്ങൾക്കാർക്കെങ്കിലുമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത്. എട്ട് ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് വരികയാണ്. പത്തനംതിട്ട ജില്ലാ ആശുപത്രിയിലെ കാത്ത് ലാബിന്റെ ചിത്രം നിങ്ങൾ സോഷ്യൽ മീഡിയയിൽ കണ്ടില്ലേ? ലോകോത്തര നിലവാരത്തിലുള്ള ആശുപത്രിയാണത്. നമ്മുടെ ആശുപത്രികൾ മാറാൻ പോകുകയാണ്. ആരോഗ്യ മേഖലയിലെ മാറ്റങ്ങൾ ആർക്കാണ് അവഗണിക്കാൻ കഴിയുന്നത്?

ഇനി വിദ്യാഭ്യാസ മേഖലയിലേയ്ക്ക് പോകാം. വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ മാറ്റങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്? കിഫ്ബിയുടെ കാര്യത്തിൽ കടുത്ത അവഗണനയാണെന്ന് ബഹുമാനപ്പെട്ട ഒരു കോൺഗ്രസ് അംഗം ഇന്നലെ ഇവിടെ പറഞ്ഞു. എന്റെ ജില്ലയിൽ ഏറ്റവും കൂടുതൽ കിഫ്ബി ഫണ്ട് കിട്ടിയത് ആർക്കാണെന്ന് ഞാൻ നോക്കി. ശ്രീ. കെ. സി. ജോസഫ് എം.എൽ.എ.യ്ക്കാണ് കൂടുതൽ കിഫ്ബി ഫണ്ട് കിട്ടിയത്. ആകെ 19 കോടി രൂപ. ഞാനത് വായിക്കാം.

ശ്രീകണ്ഠപുരം സ്കൂളിന് 5 കോടി രൂപ, ജി.എച്ച്.എസ്.എസ്. ഇരിക്കൂറിന് 3 കോടി രൂപ, ചുഴലി സ്കൂളിന് 3 കോടി, ശ്രീപുരം സ്കൂളിന് 3 കോടി രൂപ, കണിയഞ്ചാൽ സ്കൂളിന് 1 കോടി രൂപ, കാർത്തികപുരം സ്കൂളിന് 1 കോടി രൂപ, നെടുങ്ങോത്ത് സ്കൂളിന് 1 കോടി രൂപ, രായരപുരം സ്കൂളിന് 1 കോടി രൂപ, പുളിക്കൽ സ്കൂളിലിന് 1 കോടി രൂപ. കിഫ്ബിയിൽ ഏറ്റവും കൂടുതൽ വിഹിതം കിട്ടിയ എം.എൽ.എ. ആരാണെന്ന് ചോദിച്ചാൽ അത് ഏറനാട് എം.എൽ.എ. ശ്രീ. പി. കെ. ബഷീറിനാണ്. അദ്ദേഹത്തിന് കിട്ടിയത് എത്രയാണെന്നറിയാമോ? 36 കോടി രൂപ. ഏറ്റവും കൂടുതൽ സ്കൂൾ കിഫ്ബിയിൽ പരിഗണിച്ചത് ഏറനാട് മണ്ഡലത്തിലാണ്. ഡോ. ടി. എം. തോമസ് ഐസക്കിനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും ഒരു പ്രദേശത്തോടും അവഗണനയില്ല. ഓരോ പ്രദേശത്തിന്റെയും ആവശ്യങ്ങൾ കണ്ടറിഞ്ഞ് ചെയ്യുന്ന സർക്കാരാണിതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളായി അഞ്ച് കോടി രൂപയുടെ 141 സ്കൂളുകൾ പ്രഖ്യാപിച്ചു. ഇത് വെറും കടലാസിൽ മാത്രമല്ലേ എന്നാണ് ചിലർ ചോദിക്കുന്നത്. കടലാസിലല്ല. 137 സ്കൂളുകൾക്ക് തറക്കല്ലിട്ട് പണി ആരംഭിച്ചു. പ്രതിപക്ഷ നേതാവ് സംസാരിക്കുമ്പോൾ ആ ലിസ്റ്റ് വായിക്കുമെന്ന് വിശ്വസിക്കുന്നു. 215 സ്കൂളുകൾക്ക് ആദ്യഘട്ടമായി 3 കോടി രൂപ കൊടുത്തു. അതിൽ 185 സ്കൂളുകളുടെ നിർമ്മാണവും ആരംഭിച്ചുകഴിഞ്ഞു. എവിടെയാണ് അവഗണനയുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്കിന് നഷ്ടസ്വപ്നങ്ങളെക്കുറിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കാമെന്ന് ഇന്നലെ ഒരു എം.എൽ.എ. പറഞ്ഞല്ലോ. ഞാൻ പി.ഡബ്ല്യു.ഡി.ക്ക് കൊടുത്ത കിഫ്ബി വർക്ക് നോക്കി. അതിൽ ഏറ്റവും കൂടുതൽ തുക കിട്ടിയത് ആർക്കാണെന്ന് അറിയാമോ? ബഹുമാനപ്പെട്ട ആ അംഗത്തിന്റെ മണ്ഡലത്തിലാണ്. അദ്ദേഹം തന്റെ മണ്ഡലമായ അരുവിക്കരയിൽ പോയി അത്തരമൊരു അഭിപ്രായം പറയുമോ എന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഇവിടെയുണ്ട്. വേണമെങ്കിൽ ഞാൻ അദ്ദേഹത്തിന് വഴങ്ങാൻ തയ്യാറാണെന്ന കാര്യംകൂടി പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന് കിട്ടിയ ഫണ്ടിനെക്കുറിച്ച് ഞാൻ ഇവിടെ വിശദീകരിക്കാം. കിട്ടിയിട്ടില്ലെങ്കിൽ അദ്ദേഹം നിഷേധിച്ചാൽ മതി. അരുവിക്കര മണ്ഡലത്തിലെ നെടുമങ്ങാട്-അരുവിക്കര-വെള്ളനാട് റോഡിന് അനുവദിച്ചത് എത്രയാണെന്നറിയാമോ? 41 കോടി രൂപ. കുടിവീട്ടിൽക്കടവ് ബ്രിഡ്ജിന് 12 കോടി രൂപ,, വഴയില-പഴകുറ്റി-പത്താംകല്ല് ഫോർലൈൻ റോഡ് നെടുമങ്ങാട് മണ്ഡലത്തിലെ അരുവിക്കരയിലാണ്. അതിന് 59 കോടി രൂപ. വിതുര-ബോണക്കാട് റോഡിന് 29 കോടി രൂപ. അരുവിക്കര-പാറശ്ശാല മണ്ഡലത്തിലെ തിരുവനന്തപുരം-നെയ്യാർഡാം റോഡിനും തുക അനുവദിച്ചിട്ടുണ്ട്. അതുകൂടാതെ പെരിങ്ങമ്മല-വിതുര-കൊപ്പം റോഡിന് 42 കോടി രൂപ. ഒന്ന് കൂട്ടി നോക്കണം. എന്തിനാണ് ഒന്നും കിട്ടിയിട്ടില്ല, കിട്ടിയിട്ടില്ല എന്നൊക്കെ ഇവിടെ പറയുന്നത്? ഈ

സർക്കാർ ഒരു മേഖലയെയും അവഗണിക്കുന്നില്ല. അഞ്ച് വർഷം കഴിയുമ്പോൾ ഇൻഫ്രാസ്ട്രക്ചർ, വിദ്യാഭ്യാസം, ആരോഗ്യം, കാർഷിക മേഖല എന്നിവയുടെ കാര്യത്തിൽ കേരളം ഇന്ത്യയിൽ ഒന്നാംസ്ഥാനത്ത് എത്താൻ പോകുകയാണെന്ന കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട. ഇപ്പോഴും ഞങ്ങൾ ഒന്നാണ്. ഈ പുതിയ കാലഘട്ടത്തിന്റെ പ്രശ്നങ്ങളുണ്ട്. കേരളം പല കാര്യങ്ങളിലും ഇന്ത്യയ്ക്ക് മാതൃകയാണ്. ലൈഫ് ക്വാളിറ്റി ഇൻഡക്സിൽ കേരളം മുന്നിലാണ്. ആ നേട്ടങ്ങൾ നമുക്ക് നിലനിർത്തണം. പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ പര്യാപ്തമാകുന്ന തരത്തിൽ ആ നേട്ടങ്ങൾ നിലനിർത്താനാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

ചിലർ രാഷ്ട്രീയം പറഞ്ഞു. ഇപ്പോൾ സി.ബി.ഐ.യോട് എന്തൊരു ദേഷ്യമാണ്. സി.ബി.ഐ. മൂർദാബാദ് എന്നാണ് ഇന്നലെ ശ്രീ. കെ. എൻ. എ. ഖാദർ പറഞ്ഞത്. കഴിഞ്ഞ അഞ്ച് വർഷം എന്തായിരുന്നു? നിങ്ങളുടെ പോലീസ് അന്വേഷിച്ച കേസുപോലും സി.ബി.ഐ.ക്കുവിട്ട് നാണംകെട്ട രാഷ്ട്രീയക്കളിയല്ലേ കഴിഞ്ഞ വർഷം നിങ്ങൾ കളിച്ചത്? ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ ഒരു തരിമ്പുപോലും തെളിവില്ലാതെ കള്ളക്കേസ്സെടുത്ത് പീഡിപ്പിച്ചു. അതല്ലേ നിങ്ങളുടെ പാരമ്പര്യം? നിങ്ങൾക്ക് അഴിമതിയോടാണ് മമത എന്ന കാര്യം ഞങ്ങൾക്കറിയാം. 36000 കോടി രൂപയുടെ ശാരദ ചിട്ടി ഫണ്ടാണ് അവർ നടത്തിയത്. ഒരു കാര്യം ഞങ്ങൾ പറയാം, അഴിമതിക്ക് ചൂട്ടുപിടിക്കാൻ ഇടതുപക്ഷത്തെ കിട്ടില്ല. (....ബഹളം....)

<u>മി. സ്പീക്കർ</u>: നിങ്ങളെല്ലാം വലിയ മര്യാദക്കാരായിരുന്നല്ലോ; ഇപ്പോൾ എന്തുപറ്റി?

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, സംസ്ഥാനങ്ങളുടെമേൽ കുതിരകയറുന്ന കേന്ദ്രവും വഴിവിട്ട അധികാരപ്രയോഗം നടത്തുന്ന സംസ്ഥാനവും പ്രതിനിധാനം ചെയ്യുന്നത് നാടിന്റെ താൽപ്പര്യമേ അല്ല. ഇതാണ് ഞങ്ങളുടെ നിലപാട്. ഇനി വിശാല പ്രതിപക്ഷ ഐക്യമാണെങ്കിൽ, ശ്രീ. അരവിന്ദ് കെജ്രിവാൾ ഒരു മാസം ഡൽഹിയിൽ സത്യാഗ്രഹം ഇരുന്നതല്ലേ? അദ്ദേഹത്തെ ഇല്ലാതാക്കാൻ ശ്രമിക്കുകയല്ലേ കേന്ദ്ര സർക്കാർ ചെയ്യുന്നത്? അവിടെ പോകാനോ പ്രസ്താവന വഴിയെങ്കിലും പിന്തുണ അറിയിക്കാനോ കോൺഗ്രസ് തയ്യാറായോ? അപ്പോൾ വിശാല താല്പര്യമല്ല, ഇതിന്റെ പിന്നിൽ മറ്റുപല താല്പര്യവുമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ പൊതുമരാമത്ത് മാറുകയാണ്. അതിന് നേതൃത്വം കൊടുക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ജി. സുധാകരൻ സമയബന്ധിതമായി പണി പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ മേഖലയ്ക്ക് ഈ രാജ്യത്ത് ജനസംഖ്യാനുപാതികമായതിനേക്കാൾ കൂടുതൽ ഫണ്ട് കൊടുത്ത സംസ്ഥാനമാണ് കേരളം.

മഹാനായ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഭരിക്കുന്ന പഞ്ചാബിൽ മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷി ദിനം ആചരിച്ചോ? ഗാന്ധിജിയുടെ പാദസ്പർശമേറ്റ ഈ കേരളത്തിലെ എല്ലാ മേഖലകളിലും ഗാന്ധിജിയെ ഓർക്കാൻ ഒരു വർഷത്തെ സമുചിത രക്തസാക്ഷി ദിനം ആചരിക്കാൻ തയ്യാറായത് പിണറായി സർക്കാരാണ്. അതിന് നേതൃത്വം കൊടുത്ത മന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാൻ ഓരോ മേഖലയെക്കുറിച്ചും പ്രത്യേകം പ്രത്യേകമായി ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. കേരളം നന്നായി കാണണമെന്ന് ആഗ്രഹിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയില്ല. ഇത് അസൂയയാണ്. നിങ്ങൾ അസൂയ ഉപേക്ഷിക്കണം. പ്രതിപക്ഷമെന്നു പറഞ്ഞാൽ ദോഷൈകദൃക്കായി മാറുക എന്നല്ല ക്രിയാത്മകമായ കാര്യങ്ങൾക്ക് പിന്തുണ കൊടുക്കേണ്ടവരാണ് എന്ന സാരോപദേശംകൂടി ഈ സന്ദർഭത്തിൽ നൽകിക്കൊണ്ട് ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് നല്ല ബുദ്ധിയുണ്ടാകുമെന്ന ശുഭപ്രതീക്ഷയോടെ ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ബഡ്ജറ്റിനെ എതിർക്കുന്നു. ഇവിടെ ശ്രീ. റ്റി. വി. രാജേഷ് രണ്ടാമത്തെ ബഡ്ജറ്റ് പ്രസംഗമാണ് നടത്തിയത്. എന്താണെന്ന് മനസ്സിലാകുന്നില്ല; ഫണ്ട് കിട്ടിയ പ്രതിപക്ഷത്തുള്ളവരുടെയൊക്കെ കണക്കുകൾ നിരത്തുന്നു. ഞാൻ ചോദിക്കട്ടെ, എ.കെ.ജി. സെന്ററിന്റെ അക്കൗണ്ടിൽനിന്ന് കൊടുത്തതല്ലല്ലോ ഈ തുക? ഇത് കേരള ഗവൺമെന്റ് കൊടുത്തതാണ്. കഴിഞ്ഞ തവണ ഇതേ രീതിയിൽത്തന്നെ രാഷ്ട്രീയമര്യാദയനുസരിച്ച് ഞങ്ങൾക്ക് തന്നതിനെക്കാൾ കൂടുതൽ ഫണ്ട് പലപ്പോഴും പ്രതിപക്ഷത്തിരുന്നവർക്ക് കൊടുത്തിട്ടുണ്ട്. ഇത് എ.കെ.ജി. സെന്ററിൽ നിന്നും തന്ന തുകയല്ല. അത് മനസ്സിലാക്കാനുള്ള സാമാന്യ ബോധമെങ്കിലും ശ്രീ. റ്റി. വി. രാജേഷിനുണ്ടാകണം. ഇവിടെ ഞങ്ങളാരും ഓടുപൊളിച്ച് വന്നവരല്ല. ആലുവയിൽ തന്ന തുക ആലുവയിലെ ജനങ്ങളുടെയും ശ്രീ. പി. കെ. ബഷീറിന് കൊടുത്തിട്ടുണ്ടെങ്കിൽ അത് അവിടത്തെ ജനങ്ങളുടെയും അവകാശമാണ്. അല്ലാതെ നിങ്ങളുടെ ആരുടെയും ഔദാര്യമല്ല എന്ന് നിങ്ങൾ മനസ്സിലാക്കണം. 1785 കോടി രൂപയുടെ അധിക നികുതി പ്രളയാനന്തര കേരളത്തിന് അടിച്ചേൽപ്പിച്ച ജനദ്രോഹ ബഡ്ജറ്റാണിത്. അതുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു. അതുപോലെതന്നെ എല്ലാ സേവനങ്ങളും 5% വില വർദ്ധിപ്പിച്ചത് അടിസ്ഥാന വർഗ്ഗത്തെ ബാധിക്കും. ചുരുങ്ങിയപക്ഷം നോട്ട് ബുക്കിന്റെയും ആശുപത്രികളിൽനിന്നും ലഭിക്കുന്ന സേവനത്തിന്റെയും ഫീസ് വർദ്ധനവെങ്കിലും പിൻവലിക്കണമെന്നാണ് എനിക്ക് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

ലൈഫ് പദ്ധതിയിൽ ഏകദേശം 2500 കോടി രൂപയാണ് കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയത്. എന്നാൽ ലൈഫ് പദ്ധതിയിൽ ചെലവായത് വെറും 142 കോടി രൂപ മാത്രമാണ്. ഇതിലൂടെ ഈ ലൈഫ് പദ്ധതി പരാജയമെന്ന് പറയാതെവയ്യ. ലൈഫ് പദ്ധതി പ്രകാരം കൊടുക്കുന്ന 4 ലക്ഷം രൂപകൊണ്ട് വീട് നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇന്ന് ലൈഫ് പദ്ധതി മുടങ്ങിക്കിടക്കുകയാണ്. കഴിഞ്ഞ ടേമിൽ പല പദ്ധതികളിൽപ്പെട്ട വീടുകളുടെയും പണി പൂർത്തിയാക്കി ഉദ്ഘാടനം ചെയ്ത് താക്കോൽ കൈമാറാൻ സാധിച്ചിട്ടുണ്ട്. പ്രളയം കഴിഞ്ഞ് 6 മാസം കഴിഞ്ഞിട്ടും പ്രളയത്തിൽ തകർന്ന വീടുകൾപോലും പുതുതായി നിർമ്മിച്ചുകൊടുക്കാൻ സാധിച്ചിട്ടില്ല. പ്രളയത്തിൽ വീടുകൾ തകർന്നവർക്കും 4 ലക്ഷം രൂപയാണ് കൊടുക്കുന്നത്. 800-ഉം 900-ഉം സ്ക്വയർഫീറ്റുള്ള വീടുകൾ തകർന്നടിഞ്ഞ പാവപ്പെട്ടവർക്ക് അവർ ഇത്രയും കാലം താമസിച്ച വീടിന്റെ അതേരീതിയിലുള്ള ഒരു വീട് പണിയാൻ ഈ 4 ലക്ഷം രൂപ മതിയാകില്ല. അതുകൊണ്ട് പ്രളയത്തിൽപ്പെട്ടവർക്ക് മിനിമം 6 ലക്ഷം രൂപയെങ്കിലും നൽകണമെന്ന് പലപ്പോഴും ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദേശത്തുള്ളവരും അതുപോലെ നമ്മുടെ നാട്ടിലെ വ്യവസായികളടക്കമുള്ള സുമനസ്സുകളും 100 രൂപയോ 50 രൂപയോ ചിലപ്പോൾ ലക്ഷങ്ങളോ കോടികളോ ഒക്കെ തന്നിട്ടുണ്ട്. അങ്ങനെ CMDRF-ൽ ലഭിച്ച 3250 കോടി രൂപയിൽ നിന്നും 1776 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവാക്കിയിട്ടുള്ളത്. പ്രളയത്തിൽ വീടുകൾ തകർന്നവർക്ക് പുതിയ വീടുകൾ പണിയാനുള്ള സാഹചര്യം ഇപ്പോഴും ഉണ്ടായിട്ടില്ല. പ്രളയത്തിലകപ്പെട്ട പാവപ്പെട്ട വ്യാപാരികൾക്ക് ഇന്നും ഒരു രൂപപോലും നഷ്ടപരിഹാരം കൊടുത്തിട്ടില്ല എന്നുള്ളത് വലിയൊരു ദുഃഖ സത്യമാണ്. പ്രളയ ദുരന്ത ഭാഗത്ത് വന്ന ഞങ്ങളുടെ എം.എൽ.എ.മാർ ഇന്നും അവരുടെ രോദനം ഓരോ ദിവസവും കേട്ടുകൊണ്ടിരിക്കുകയാണ്. പ്രളയത്തിന്റെ പേരിൽ നികുതി ചുമത്തിക്കൊണ്ട് ഇന്ന് കേരളത്തിലെ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. കേവലം പ്രളയബാധിത പ്രദേശത്തെ ജനങ്ങളുടെയെങ്കിലും നികുതിഭാരം കുറയ്ക്കാൻ പ്രിയങ്കരനായ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്നാണ് ഈ അവസരത്തിൽ എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. ആകെ 10,000 രൂപ കൊടുത്തു എന്നല്ലാതെ നയാപൈസപോലും പ്രളയബാധിത പ്രദേശത്തുള്ളവർക്ക് കൊടുത്തിട്ടില്ല. വീട്ടുപകരണങ്ങളടക്കം എത്രയോ നാശനഷ്ടമുണ്ടായി? അവർക്ക് നഷ്ടപരിഹാരം കൊടുത്തോ? കർഷകരും മറ്റെല്ലാ മേഖലകളിലുള്ളവരും നഷ്ടം സഹിച്ചിരിക്കുകയാണ്. ഞാൻ ദീർഘമായി കടന്നുപോകുന്നില്ല. 'അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ പദ്ധതികൾ' എന്ന നടക്കാത്ത സ്വപ്നവുമായി കിഫ്ബി മുന്നോട്ടുപോകുമ്പോൾ അതിന്റെ അമരക്കാരനായ ഡോ. കെ. എം. എബ്രഹാം ഇന്ന് മുത്തൂറ്റിന്റെ നോൺ എക്സിക്യൂട്ടീവ് ഡയറക്ടർ ചുമതല ഏറ്റെടുക്കുന്ന തിരക്കിലാണ്. സർക്കാരിന്റെ അനുമതി അതിനുണ്ടോ എന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട്

ചോദിക്കാനുള്ളത്. ഡോ. കെ. എം. എബ്രഹാം കിഫ്ബിയിൽ നിന്നും ഏകദേശം 30 ലക്ഷം രൂപയോളം ഇതുവരെ കൈപ്പറ്റി. കിഫ്ബി തകരുമെന്ന് പേടിച്ചിട്ടാണോ അദ്ദേഹം മുത്തൂറ്റിലേയ്ക്ക് കാലുറപ്പിക്കാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കണം. എന്തായാലും രണ്ട് വള്ളത്തിൽ കാലുചവിട്ടിയുള്ള ഈ പരിപാടി ശരിയല്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മൾ ഇങ്ങനെ വ്യക്തികളെ തേജോവധം ചെയ്യാൻ പാടില്ല. ഒരു ഐ.എ.എസ്.കാരൻ റിട്ടയർ ചെയ്ത് ഒരു വർഷം കഴിഞ്ഞാൽ അദ്ദേഹത്തിന് ഏത് ഇൻഡിപെൻഡന്റ് ബോർഡിലും അംഗമാകാം. കിഫ്ബിയുടെയോ അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളുടെയോ ചട്ടങ്ങളിൽ നിങ്ങൾ മറ്റ് സ്ഥാപനങ്ങളിലെ ഡയറക്ടറാകാൻ പാടില്ല എന്ന് പറഞ്ഞിട്ടില്ല. കിഫ്ബിയിലുള്ള ശ്രീ. സലീം ഗംഗാധരനെപ്പോലുള്ള ഡയറക്ടർമാരെല്ലാം മറ്റ് കമ്പനികളിലെ ഇൻഡിപെൻഡന്റ് ഡയറക്ടർമാരാണ്. കിഫ്ബിയും മുത്തൂറ്റും തമ്മിൽ യാതൊരുവിധ കൊടുക്കലോ വാങ്ങലോ ബന്ധമോ ഇല്ല. അതുകൊണ്ട് conflict of interest-ഉം ഇല്ല. വെറുതേ ഇങ്ങനെ ആരോപണങ്ങൾ ഉന്നയിക്കരുത്, അത് ശരിയല്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്ത് ഒരു വർഷം കഴിഞ്ഞാൽ അദ്ദേഹത്തിന് വേറെ സ്വതന്ത്ര സ്ഥാപനങ്ങളിൽ ജോലി ചെയ്യാം. But here, propriety is in question. കിഫ്ബി എന്നുപറയുന്നത് അങ്ങയുടെ ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു പരിപാടിയാണ്. അതിന്റെ സി.ഇ.ഒ.ക്ക് എല്ലാ സൗകര്യങ്ങളും അങ്ങ് കൊടുത്തിട്ടുണ്ട്. So there is a question, whether propriety needs this or not? അതുമാത്രമേയുള്ളൂ. നിയമപരമായി തെറ്റൊന്നുമില്ല. പക്ഷേ കേരളാ ഗവൺമെന്റിന്റെ 41,000 കോടി രൂപയുടെ ഒരു പദ്ധതി നടത്തിക്കൊണ്ടുപോകുന്നതിന്റെ സി.ഇ.ഒ. ആയ ഒരാൾ കേരളത്തിലെ മറ്റൊരു സ്വകാര്യ സംരംഭത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തലപ്പത്തേയ്ക്ക് പോകുന്നത് ശരിയാണോയെന്ന് അദ്ദേഹവും ആലോചിക്കണം. എക്സ്പെർട്ടുകളായി വച്ചിട്ടുള്ളവരൊക്കെ വേറെ ഫിനാൻസ് ഇൻസ്റ്റിറ്റ്യൂഷന്റെയൊക്കെ ചെയർമാൻമാരും മെമ്പർമാരുമൊക്കെയാണ്. പക്ഷേ ഇത് അങ്ങനെയല്ല. ഇത് ശരിയാണോയെന്ന് അദ്ദേഹവും അങ്ങും ആലോചിക്കണം.

ശ്രീ. അൻവർ സാദത്ത്: സർ, ഞാൻ താങ്കളെപ്പോലെ വലിയ എക്സ്പെർട്ടൊന്നുമല്ല. ഞാൻ എന്റെ അറിവിൽ, എന്റെ ബുദ്ധിയിൽ ഇവിടെ നടക്കുന്ന ക്രമവിരുദ്ധമായ നിലപാട് ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. കാരണം കിഫ്ബിയെ ഒരു പ്രധാനപ്പെട്ട കാര്യമായി പർവ്വതീകരിച്ചത് നിങ്ങൾ തന്നെയാണ്. സാമ്പത്തിക

ഇടപാടുള്ള കിഫ്ബിയിൽ ഇത്രയും വലിയ ശമ്പളം നൽകിയിട്ടും അദ്ദേഹം രണ്ട് വഞ്ചിയിൽ കാലുകുത്തുന്ന സമീപനം സ്വീകരിച്ചതിനെയാണ് ഞാൻ എതിർത്തത്. ഞാൻ അവസാനിപ്പിക്കാം. കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞാൽ, വാസ്തവത്തിൽ ഈ ബഡ്ജറ്റ് ചർച്ച മറ്റെല്ലാ വർഷത്തെയുംപോലെ മാറ്റരുതായിരുന്നു. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട പ്രതി അന്തവും കുന്തവുമില്ലാതെ പിച്ചുംപേയും പറയുന്നതുപോലെയാണ് ശ്രീ. പീയൂഷ് ഗോയലിന്റെ കേന്ദ്ര ബഡ്ജറ്റ്. അതിൽ ഞങ്ങൾക്ക് ശക്തമായ പ്രതിഷേധമുണ്ട്. അതൊക്കെ വെറും ദിവാസ്വപ്നങ്ങളാണ്. ഇവിടെ ശ്രീ. കെ. എസ്. ശബരീനാഥൻ പറഞ്ഞ 'ചിറകൊടിഞ്ഞ കിനാക്കൾ' എന്ന പുസ്തകം അവിടെയും മന്ത്രി എഴുതേണ്ട സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുന്നു. പ്രളയം ബാധിച്ച കേരളത്തിന് ഒരു രൂപപോലും പ്രഖ്യാപിക്കാത്ത കേന്ദ്ര ബഡ്ജറ്റ് കേരള ജനതയോടുള്ള അവഹേളനമാണ്. ബി.ജെ.പി.ക്കാരും ആർ.എസ്.എസ്.കാരും എന്തൊക്കെ പറഞ്ഞു? എന്നിട്ടും കേന്ദ്ര ബഡ്ജറ്റിൽ കേരള ഗവൺമെന്റിന് എന്തെങ്കിലും കൊടുത്തോ? ഞാൻ അവസാനിപ്പിക്കുകയാണ്. അടുത്ത തവണ സീറ്റ് കൂടുതൽ വാങ്ങും, ബി.ജെ.പി.യെ ഞങ്ങളാണ് നേരിടുന്നത് എന്നൊക്കെ നിങ്ങൾ ഇവിടെ വീമ്പിളക്കുന്നുണ്ട്. മതേതര കക്ഷികളെ അധികാരത്തിൽ കയറ്റുന്നതിന് വളഞ്ഞ വഴിയേ പോകാതെ കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ നേരിട്ട് കോൺഗ്രസിന് വോട്ട് ചെയ്യുമെന്നതിലും ഇന്ത്യയിൽ കോൺഗ്രസ് അധികാരത്തിൽ വരുമെന്നതിലും യാതൊരു സംശയവുമില്ല. ഇവിടെ യു.ഡി.എഫ്. അധികാരത്തിൽ വരും. അത്രമാത്രം ഇന്ന് കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീമതി മമതാ ബാനർജി രണ്ട് അടി കൊടുത്തപ്പോൾ ബി.ജെ.പി.യുമായി സഖ്യം ചേർന്ന് ബി.ജെ.പി.യുടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും കൊടി കൂട്ടിക്കെട്ടി ബംഗാളിലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനെ നിങ്ങൾ നേരിട്ടില്ലേ? നിങ്ങൾക്ക് എവിടെയാണ് ബി.ജെ.പി. വിരുദ്ധ നിലപാട്? നിങ്ങൾക്ക് അഡ്ജസ്റ്റുമെന്റാണ്. സി.ബി.ഐ. ആരുടെ വീട്ടിലാണ് പോകുന്നത്? ശ്രീമതി മമതാ ബാനർജിയുടെയും ശ്രീ. ഡി. കെ. ശിവകുമാറിന്റെയും വീടുകളിലാണ് സി.ബി.ഐ. പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ അടുത്തുവന്നോ? എന്തുകൊണ്ട് വരുന്നില്ല? ഇതൊക്കെ ഒരു അഡ്ജസ്റ്റുമെന്റ് നാടകമാണെന്ന് ഞങ്ങൾക്കറിയാം. അത് ജനങ്ങൾ തിരിച്ചറിഞ്ഞുതുടങ്ങി. ബി.ജെ.പി.യുടെ പേരുപറഞ്ഞ് പേപ്പടാച്ചി കാണിക്കുന്ന നിങ്ങളുടെ നിലപാട് കേരളത്തിൽ നടക്കില്ല. കേരളത്തിലെ ജനങ്ങൾ പ്രബുദ്ധരാണ്. ഈ രാജ്യത്തിന്റെ മതേതരത്വവും ജനാധിപത്യവും നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന കേരളത്തിലെ പ്രബുദ്ധരായ ജനങ്ങൾ യു.ഡി.എഫ്.ന് വോട്ട് ചെയ്യും. ഞങ്ങൾ 20 സീറ്റും നേടുമെന്നുള്ള കാര്യത്തിലും ശ്രീ. രാഹുൽ ഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയുമാകുമെന്ന കാര്യത്തിലും യാതൊരു സംശയവുമില്ല. ഈ ബഡ്ജറ്റിനെ ഒരിക്കൽകൂടി ഞാൻ എതിർക്കുന്നു.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ബഡ്ജറ്റിനെ എതിർക്കുന്നു. രാഷ്ട്രീയത്തിലേയ്ക്ക് പോകേണ്ടെന്നും ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് വയ്ക്കേണ്ടതെന്നും ശ്രീ. റ്റി. വി. രാജേഷ് പ്രതിപക്ഷത്തെ ഉപദേശിക്കുകയുണ്ടായി. ഞാൻ അത് സ്വീകരിക്കുകയാണ്. ശ്രീ. റ്റി. വി. രാജേഷ് കിഫ്ബിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. മറ്റ് മേഖലകളിലേയ്ക്കൊന്നും കടന്നില്ല. കാർഷിക മേഖലയെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിച്ചു. അടിസ്ഥാന മേഖലയായ കാർഷിക മേഖലയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിൽപ്പെട്ടയാളാണ്. കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകൾ ചേർന്നുവരുന്നതാണ് കുട്ടനാട് പ്രദേശം. പ്രളയക്കെടുതി ഏറ്റവും കൂടുതൽ അനുഭവിച്ച പ്രദേശമാണ് കുട്ടനാട്. ഇന്നത്തെ മലയാള മനോരമയുടെ ആലപ്പുഴ എഡിഷനിൽ അവിടത്തെ കൃഷിക്കാരുടെ അനുഭവം എഴുതിയിട്ടുണ്ട്. വാസ്തവത്തിൽ ഈ ബഡ്ജറ്റ് ചർച്ച മറ്റെല്ലാ വർഷത്തെയുംപോലെ മാറ്റരുതായിരുന്നു. പ്രളയത്തിനുശേഷം ചെയ്യേണ്ട അടിയന്തര കാര്യങ്ങൾ ചെയ്തുതീർത്തോ; അതിന് മുൻഗണന കൊടുത്തുകൊണ്ട് എങ്ങനെ എല്ലാ വകുപ്പുകളെയും കാര്യക്ഷമമാക്കാം എന്നാണ് ചർച്ച ചെയ്യേണ്ടത്. പ്രളയകാലത്ത് നമ്മൾ എല്ലാവരും ഒന്നിച്ചുനിന്നുകൊണ്ട് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. ഞങ്ങൾ പ്രതിപക്ഷം, നൂറുശതമാനവും അതിന്റെ കൂടെ ഉണ്ടായിരുന്നല്ലോ? ഞങ്ങൾ ഇപ്പോഴും അതിന്റെ കൂടെയുണ്ട്. പ്രളയക്കെടുതി അനുഭവിക്കുന്നവർക്ക് നൽകേണ്ട നഷ്ടപരിഹാരം ഗവൺമെന്റിന്റെ കാലതാമസംകൊണ്ട് മുടങ്ങുന്നു. ഒരു ലക്ഷം വീടുകൾ വാസയോഗ്യമല്ലെന്നാണ് ഗവൺമെന്റിന്റെ കണക്ക്. അവിടെ ആളുകൾ എങ്ങനെ താമസിക്കും? ഇപ്പോൾ അവസാനം വെട്ടിച്ചുരുക്കിച്ചുരുക്കി പതിമൂന്നായിരം വീടുകൾ മാത്രമാണ് അത്തരത്തിലുള്ളതെന്ന് പറയുന്നു. ഡോ. ടി. എം. തോമസ് ഐസക്കിന് കുട്ടനാട്ടിലെയും ഇടുക്കിയിലെയും നമ്മുടെ നാട്ടിലെ മുഴുവൻ സ്ഥലങ്ങളുടെയും അവസ്ഥ അറിയാം. ഭിത്തി വിണ്ടുകീറിയാൽ എങ്ങനെ അവിടെ കിടന്നുറങ്ങും? മേൽക്കൂര തകർന്നാൽ എങ്ങനെയാണ് പേടിയില്ലാതെ കിടന്നുറങ്ങുന്നത്? അതിനുവേണ്ടി എന്താണ് പദ്ധതി? സെക്രട്ടേറിയേറ്റിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ഉണ്ടോ? ജില്ലയിൽ സംവിധാനമുണ്ടോ? ഇപ്പോൾ ചിന്തിക്കേണ്ട കാര്യം ചിന്തിക്കുന്നുണ്ടോ? കാലവർഷവും വെള്ളപ്പൊക്കവും ഉണ്ടാകാൻ ഇനി കഷ്ടിച്ച് മൂന്ന് മാസം മാത്രമേയുള്ളൂ. ഈ പാവപ്പെട്ട ഒരു ലക്ഷംപേർ ഇനി എങ്ങനെ കഴിയും? അതല്ലേ ചിന്തിക്കേണ്ടത്? ശ്രീ. റ്റി. വി. രാജേഷ് കിഫ്ബിയെക്കുറിച്ച് പറഞ്ഞിട്ട് എന്തെങ്കിലും കാര്യമുണ്ടോ?

കൃഷിക്കാരുടെ കാര്യം പറയാം. അങ്ങ് കുട്ടനാടിന് ആയിരം കോടി രൂപയുടെ പാക്കേജ് അവതരിപ്പിച്ചു, അത് നല്ല കാര്യമാണ്. പക്ഷെ അതിൽ ഏറ്റവും ആദ്യം പറയേണ്ട ഒരു കാര്യം അങ്ങ് പറഞ്ഞില്ല. പ്രളയകാലത്ത് കുട്ടനാട്ടിലെ

പാടശേഖരങ്ങളുടെയെല്ലാം ബണ്ട് തകർന്നുപോയി. അങ്ങ് കായലിനുചുറ്റും നാല്പത്തിയേഴ് കോടി രൂപയുടെ ബണ്ടിന്റെ കാര്യം പറഞ്ഞു. കുട്ടനാട് പ്രദേശം അങ്ങേയ്ക്ക് മുഴുവനായി അറിയാവുന്നതല്ലേ? ഇപ്പോൾ പഴയ രാജാക്കന്മാരുടെ കാലത്തെ കുട്ടനാട് അല്ലല്ലോ. എല്ലാം ഒരേക്കർ, ഒന്നര ഏക്കർ ഉണ്ട്. ആ പുറം ബണ്ടിന്റെ കാര്യം എന്തെങ്കിലും പറഞ്ഞോ? ഇറിഗേഷൻ വകുപ്പിന് ഫണ്ടുമില്ല. അടുത്ത മഴയ്ക്ക് മുഴുവൻ കൃഷിയും പോകും. ഈ പാടശേഖരങ്ങളുടെ ബണ്ട് നിർമ്മാണത്തിന് തുക വകയിരുത്തുന്ന കാര്യം അങ്ങ് മറുപടിയിൽ പറയണം. മലയാള മനോരമ പത്രത്തിൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ ഞാൻ വായിക്കാം. ഒന്ന്, കൃഷിക്ക് സ്റ്റേറ്റ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരിക്കുന്നു. ഇതുവരെ സ്റ്റേറ്റിന്റെ വിഹിതം കൊടുത്തില്ല; കൃഷിക്കാർക്ക് കിട്ടുന്നില്ല. രണ്ട്, പ്രധാനമന്ത്രിയുടെ വിള ഇൻഷ്വറൻസ് പദ്ധതി. അത് നടപ്പിലാക്കുന്നതിന് ഇന്ന പ്രദേശത്ത് കൃഷി ഇറക്കിയിരിക്കുന്നു, insured ആണ് എന്നുപറഞ്ഞ് കേരള ഗവൺമെന്റിന്റെ ഒരു വിജ്ഞാപനം മാത്രം മതി; പക്ഷേ അത് ചെയ്തിട്ടില്ല. വിത്തിന് സബ്സിഡി നൽകുമെന്ന് ഇന്നലെയും ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് പറഞ്ഞു. ധാരാളം കർഷകർക്ക് സബ്സിഡി കിട്ടാനുണ്ട്. ഇതൊക്കെയല്ലേ പ്രളയത്തിനുശേഷം നാം ചിന്തിക്കേണ്ടത്? മൂന്ന്, പ്രൊഡക്ഷൻ ബോണസ്. കുട്ടിനാട്ടിലെ കർഷകർക്ക് അത് നൽകിയോ? ഭൂരിപക്ഷം പേർക്കും കിട്ടിയിട്ടില്ല. നാല്, നെൽകർഷകർക്ക് കറന്റ് ചാർജ്ജ്. അത് നൽകിയോ? കുട്ടനാട്ടിൽ ധാരാളം കർഷകർക്ക് നൽകിയിട്ടില്ല. മോട്ടോർ നന്നാക്കി എന്നത് ശരിയാണ്. ഞാനത് പരിശോധിച്ചു. ഞങ്ങളുടെ പ്രദേശവും കുട്ടനാടാണ്. കേടായ മോട്ടോർ നന്നാക്കി. പക്ഷെ അതിന്റെ കറന്റ് ചാർജ്ജ് കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള ഏഴ് കാര്യങ്ങൾകൊണ്ട് അടുത്ത് കൃഷിയിറക്കുന്ന കുട്ടനാട്ടിലെ കർഷകർ വിഷമിക്കുകയാണ്. അങ്ങ് ഇതൊക്കെ പരിശോധിക്കണ്ടേ? ഇന്ന് കൃഷി വകുപ്പുമന്ത്രി ഇതിന് മറുപടി പറയണം. ഇക്കാര്യങ്ങൾക്ക് മറുപടി വേണ്ടേ?

പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരനെക്കുറിച്ച് ഇവിടെ പറഞ്ഞു. പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കുന്നത് നല്ല കാര്യമാണ്. പ്രളയത്തെത്തുടർന്ന് സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്ത് റോഡുകളും തകർന്നിരിക്കുകയാണ്. അതുസംബന്ധിച്ച് എന്താണ് പറയാത്തത്? അങ്ങ് മുൻ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അവതരിപ്പിച്ച ഒരു ബഡ്ജറ്റിൽ പഞ്ചായത്തുകൾക്കുവേണ്ടി പ്രത്യേക സ്കീം കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ അങ്ങ് നാലാമത്തെ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുകയാണ്. പഞ്ചായത്ത് റോഡുകൾ നന്നാക്കാൻ ലോക്കൽ ബോഡീസിന് ഫണ്ടില്ല. പ്രളയത്തിൽ നശിച്ച പഞ്ചായത്ത് റോഡുകൾ നന്നാക്കാൻ എന്തെങ്കിലും സംവിധാനം ചെയ്യുന്നുണ്ടോ? പൊതുമരാമത്ത് വകുപ്പ് ധാരാളം റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന്

പറഞ്ഞു. ആ വർക്കുകൾക്ക് എ.എസ്.-ഉം ടി.എസ്.-ഉം നൽകി ടെണ്ടർ വിളിച്ച് പണി നടത്തിയില്ലെങ്കിൽ അത്യന്തം ദുരിതപൂർണ്ണമായിരിക്കും അടുത്ത മഴക്കാലത്ത് കേരളത്തിന്റെ അവസ്ഥ എന്ന് ഞാൻ പറയുകയാണ്. എ.എസ്. കൊടുത്താൽ ഒരു മാസത്തിനകം ടി.എസ്. കൊടുക്കാനുള്ള സംവിധാനം വേണം. ഇത് പി.ഡബ്ല്യു.ഡി. മിനിസ്റ്റർ പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അല്ലെങ്കിൽ ഓർഡർ ആയിരിക്കുന്ന വർക്കുകളൊന്നും നടക്കുകയില്ല. പ്രളയാനന്തര നടപടികളുടെ ഭാഗമായി വീടിന്റെയും റോഡിന്റെയും ധനസഹായത്തിന്റെയുമൊക്കെ കാര്യങ്ങൾക്ക് മുൻഗണന കൊടുക്കുകയും നമ്മുടെ ശാപമായിരിക്കുന്ന കാലതാമസം ഒഴിവാക്കാൻ എന്താണ് പരിഹാരമെന്ന് മന്ത്രിസഭ ഒന്നിച്ചിരുന്ന് ആലോചിക്കുകയും ചെയ്യണം. അതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് പ്രളയക്കെടുതിയിൽ മുങ്ങിയിരിക്കുന്ന ആളുകളെ ഇപ്പോഴെങ്കിലും രക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. സത്യൻ]

ശ്രീ. ജി. എസ്. ജയലാൽ: സർ, ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തിക കെട്ടുറപ്പിനായി ഇടതുപക്ഷ ജനാധിപത്യ മുന്നണി മുന്നോട്ടുവയ്ക്കുന്ന നയരേഖയാണ് ഈ ബഡ്ജറ്റ്. നവകേരള നിർമ്മിതി യാഥാർത്ഥ്യമാക്കാൻ, സ്ത്രീശാക്തീകരണത്തിന് കരുത്ത് പകരാൻ ഈ ബഡ്ജറ്റ് ഉപകാരമാകും. മഹാപ്രളയത്തെയും അനാചാര സംരക്ഷകർ തീർത്ത സംഘർഷത്തെയും നാം അതിജീവിച്ചു. നിപ വൈറസിനെ നമ്മൾ നിയന്ത്രണ വിധേയമാക്കി. ഇപ്പോൾ കേരളത്തിന്റെ പുനർനിർമ്മിതിയാണ് ലക്ഷ്യം. വയലാർ പറഞ്ഞതുപോലെ എവിടെയും ഇപ്പോൾ പരിവർത്തനത്തിന്റെ ഞാണൊലി മാത്രം കേൾക്കാം. പരിവർത്തനത്തിന്റെ കാഹളമാണ് ഈ ബഡ്ജറ്റിലൂടെ നമ്മൾ മുഴങ്ങിക്കേൾക്കുന്നത്. നിലവിലെ സാമൂഹിക സാമ്പത്തിക പശ്ചാത്തലത്തിലായിരിക്കണം ഈ ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത്. പ്രതിപക്ഷം കണ്ണടച്ച് ഇരുട്ടാക്കി ഇവിടെ മുഴുവൻ കൂരിരുട്ടാണെന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരിക്കുകയാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികൾ ലോകം അനുഭവിക്കുന്ന കാലഘട്ടമാണ്. ഗൾഫ് നാടുകളിലെ തൊഴിൽ നഷ്ടം, നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതങ്ങൾ, ജി.എസ്.ടി. സമ്പ്രദായം പ്രതികൂലമായി ബാധിച്ചത്, അപ്രതീക്ഷിതമായെത്തിയ ഓഖി ദുരന്തം, നിപ വൈറസ് ഉയർത്തിയ ആശങ്ക, ഈ സാഹചര്യത്തിൽ കേരള സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ല് തകർത്ത് മഹാപ്രളയം. നാല്പതിനായിരം കോടി രൂപയുടെ അധിക വിഭവസമാഹരണം കണ്ടെത്തേണ്ട ബാദ്ധ്യതയാണ് പ്രളയംമൂലം ഉണ്ടായിട്ടുള്ളത്. ഈ പശ്ചാത്തലത്തിലാണ് ബഡ്ജറ്റിനെ നമ്മൾ നോക്കിക്കാണേണ്ടത്. കേരളം ഒറ്റക്കെട്ടായി നേരിട്ട പ്രളയം അവശേഷിപ്പിച്ച ഗുരുതരമായ സാമ്പത്തിക പ്രയാസത്തെ മറികടക്കാൻ അന്നുതന്നെ

നമ്മൾ ശ്രമിച്ചിരുന്നു. എന്നാൽ അതിനെയൊക്കെ അട്ടിമറിക്കുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാരും പ്രതിപക്ഷവും നടത്തിയത്. കുറ്റകരമായൊരു വഞ്ചനയാണ് നാടിനോട് ഇക്കൂട്ടർ നടത്തിയത്. അനുഭാവപൂർണ്ണമായ കേന്ദ്രസഹായം ലഭിച്ചില്ല. സംഘപരിവാറിന്റെ നേതൃത്വത്തിൽ കേരള സർക്കാരിനെ സഹായിക്കരുതെന്ന് പ്രചരിപ്പിച്ചു. പ്രതിപക്ഷ നേതൃത്വം സാലറി ചലഞ്ചിനെ തകർക്കാൻ ശ്രമിച്ചു. മലയാളികൾ ലോകത്തിലെ പ്രധാന സമ്പദ്‌വ്യവസ്ഥയുടെയെല്ലാം ഉല്പാദന പ്രക്രിയയിൽ പ്രധാന ഭാഗമായതിനാൽ വിദേശ രാജ്യങ്ങളിൽനിന്നും ലഭിക്കാമായിരുന്ന സഹായങ്ങൾ കക്ഷിരാഷ്ട്രീയ കാരണങ്ങളാൽ കേന്ദ്ര ഗവൺമെന്റ് തടഞ്ഞു. ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽനിന്ന് കേരളത്തിന് ജീവാമൃതം പകരാൻ രൂപപ്പെടുത്തിയതാണ് ഈ ബഡ്ജറ്റ്. അതാണ് നോക്കിക്കാണേണ്ടത്. പ്രതിസന്ധികളെ മറികടക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളുള്ള ഈ ബഡ്ജറ്റിനെ വസ്തുതാപരമായി സമീപിക്കാതെ എതിർക്കാൻവേണ്ടി മാത്രം എതിർക്കുക എന്നുപറയുന്ന നയമാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. പ്രകൃതി ദുരന്തങ്ങളുടെ പ്രതികൂല സാഹചര്യങ്ങൾ മനസ്സിലാക്കാത്തവർ, വീണ്ടുമൊരു നവോത്ഥാനത്തിന് നാടുണരുന്നത് കാണാൻ കഴിയാത്തവർ, അനാചാരങ്ങൾക്ക് അറുതി വരുത്താൻ സമരങ്ങൾക്ക് നേതൃത്വം കൊടുത്ത സ്വന്തം ചരിത്രംപോലും വിസ്മരിച്ചുകൊണ്ട് അനാചാര സംരക്ഷകർക്കൊപ്പം കൊടിയെടുത്തും കൊടി എടുക്കാതെയും ഇഴുകിചേർന്നവർ; നിങ്ങളെക്കുറിച്ച് എന്ത് പറയാനാണ്? 'അന്ധകാര പ്രാന്തരത്തിൽ കഷ്ടം! അന്ധരെയന്ധർ നയിപ്പൂ!' എന്ന ആശാന്റെ വരികളാണ് ഓർമ്മവരുന്നത്. കണ്ണടച്ചുപിടിച്ച് ചുറ്റും ഇരുട്ടാണെന്ന് പറയുന്ന പ്രതിപക്ഷം ഇതൊക്കെ മനസ്സിലാക്കണം. തെരഞ്ഞെടുപ്പ് മുന്നിൽ നിൽക്കുമ്പോഴും യാഥാർത്ഥ്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട് അധിക വിഭവസമാഹരണത്തിന് ശ്രമിക്കാനുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ തീരുമാനം കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് നിർണ്ണായകമാണ്. നിലവിലെ സാമ്പത്തിക പ്രതിസന്ധി അതിജീവിക്കണം. ഭാവിയിൽ സാമ്പത്തിക സ്ഥിരതയിൽ മുന്നേറ്റം നടത്താനുള്ള ഒരു അടിത്തറ രൂപപ്പെടുത്തണം. അതാണ് ഈ ബഡ്ജറ്റിന്റെ ലക്ഷ്യം.

ഒരു പ്രവാചക കഥ ഞാൻ ഓർക്കുകയാണ്. ഒരിക്കൽ പ്രവാചകനായ മുഹമ്മദ് നബി ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു പരിചയക്കാരനിൽ നിന്നും ഒരു ഒട്ടകത്തെ കടം വാങ്ങി. കുറച്ചുനാൾ കഴിഞ്ഞ് തിരികെ കൊടുക്കുമെന്നായിരുന്നു വ്യവസ്ഥ. പറഞ്ഞതുപോലെതന്നെ കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ പ്രവാചകൻ നന്ദിയോടുകൂടി അയാൾക്ക് ഒട്ടകത്തെ തിരിച്ചുകൊടുത്തു. പക്ഷേ അദ്ദേഹം കൊടുത്തത് നല്ല ആരോഗ്യവും പ്രസരിപ്പുമുള്ള മറ്റൊരു ഒട്ടകമായിരുന്നു. ഇത് തന്റെ ഒട്ടകമല്ലെന്നും തന്റെ ഒട്ടകത്തിന് ഇത്രയും ആരോഗ്യവും പ്രസരിപ്പുമില്ലെന്നും അദ്ദേഹം

പ്രവാചകനോട് പറഞ്ഞു. അതുകേട്ട് പ്രവാചകൻ മന്ദഹസിച്ചുകൊണ്ട് അദ്ദേഹത്തോട് പറഞ്ഞത്, "നിങ്ങൾ ഞാൻ ബുദ്ധിമുട്ടിലായിരുന്നപ്പോൾ കടമായി കുറച്ചുനാളത്തേയ്ക്ക് ഒരു ഒട്ടകത്തെ തന്നു. അത് തിരിച്ച് നൽകുമ്പോൾ കൂടുതൽ നല്ലത് നൽകാനുള്ള കടമ എനിക്കുണ്ട്. നിങ്ങൾ ബുദ്ധിമുട്ടിയെങ്കിലും എന്റെ ബുദ്ധിമുട്ടിനുവേണ്ടി നിങ്ങൾ ചെയ്തത് ഒരു നന്മയാണ്. അതുകൊണ്ട് ഈ നല്ല ഒട്ടകത്തെ നിങ്ങൾ കൊണ്ടുപൊയ്ക്കോളൂ" എന്നാണ്. ആ പ്രവാചക കഥ പറയുംപോലെയാണ് ജനങ്ങൾ ഇപ്പോൾ അല്പം ബുദ്ധിമുട്ടിയാണെങ്കിലും സർക്കാരിനെ സഹായിക്കുന്നത് ഒരു നന്മയാണ്. അത് കൂടുതൽ നന്മയായി തിരിച്ചുകിട്ടുന്നതിനുവേണ്ടിയാണ്. അത് നവകേരള നിർമ്മിതിയിലൂടെ ഈ ഗവൺമെന്റ് തിരിച്ച് കൊടുക്കും. ആ പ്രവാചകനെയാണ് കേരളം ഈ ധനകാര്യ വകുപ്പുമന്ത്രിയിലൂടെ ദർശിക്കുന്നത്.

നേരത്തെ ഇവിടെ അസഹിഷ്ണുതയോടെ ചോദിച്ചു, ഇതെല്ലാം ശരിയാണ്; പക്ഷേ എ.കെ.ജി. സെന്ററിൽ നിന്ന് തരുന്നതാണോയെന്ന്. അങ്ങനെ ചോദിച്ച് പിന്മാറേണ്ടി വന്നു. യാഥാർത്ഥ്യബോധത്തോടെ തന്നെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഈ ബഡ്ജറ്റിനെ സമീപിക്കുന്നത്. അതുപോലെതന്നെ ഈ നാട് നേടിയ സാമൂഹ്യ നവോത്ഥാനമൂല്യങ്ങളെ ഹൃദയത്തിൽ ഏറ്റുവാങ്ങിയ അഭിമാനമാണ് ഈ ബഡ്ജറ്റിലുള്ളത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ പുറംചട്ട കണ്ട് സ്വപ്ന ബഡ്ജറ്റ് ആണെന്നും അടിസ്ഥാനമില്ലാതെ കെട്ടിയുയർത്തിയ ബഡ്ജറ്റാണെന്നുമൊക്കെ പരിഹസിക്കുന്ന പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ഇതിന്റെ അകംപൊരുൾ കാണാനുള്ള മനോനില കൈവിട്ട് പോയിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്. നിങ്ങൾ ഇടതുപക്ഷത്തെയും ഇടതുപക്ഷ ബഡ്ജറ്റിനെയും പരിഹസിക്കുമ്പോൾ എന്താണ് ഇടതുപക്ഷമെന്ന് ചോദിക്കുന്നവർക്ക് ഈ ബഡ്ജറ്റ് വ്യക്തമാക്കുന്നു. നേരിന്റെ വെളിച്ചമുള്ള, മൂല്യങ്ങളുടെ വജ്ര തിളക്കമുള്ള, മനുഷ്യ സ്നേഹമുള്ള മഹത്തായ സാമൂഹ്യബോധമാണ് ഇടതുപക്ഷമെന്ന് ഈ ബഡ്ജറ്റിലൂടെ തെളിയിക്കുകയാണ്. ഇതിലെ 25 വികസന പദ്ധതികൾ അതിന് ഉദാഹരണങ്ങളാണ്. ഈ ബഡ്ജറ്റ് പകർന്നുനൽകുന്ന ഏറ്റവും മഹത്തായ വെളിച്ചമാണ് മികച്ച സ്ത്രീ ശാക്തീകരണ പ്രവർത്തകയ്ക്ക് ദാക്ഷായണി വേലായുധന്റെ പേരിൽ ഏർപ്പെടുത്തിയിട്ടുള്ള അവാർഡ്. ജാതി വിവേചനത്തിന്റെ ഇരുണ്ട കാലഘട്ടത്തിൽ സകല മാമൂലുകളെയും കാറ്റിൽ പറത്തി, വിദ്യാഭ്യാസത്തിലൂടെ കരുത്തുനേടിയ വനിതയാണ് അവർ. പുലയരെ അരയ്ക്കുമീതെ വസ്ത്രം ധരിക്കാൻ അനുവദിക്കാതിരുന്ന കാലത്ത് മേൽവസ്ത്രം ധരിച്ച ആദ്യ പുലയസ്ത്രീകളിൽ ഒരാളാണ് അവർ. അയിത്തം കാരണം മേൽജാതിക്കാരിയായ അദ്ധ്യാപികയുടെ മുമ്പിൽ അടുത്തെങ്ങും നിൽക്കാൻ പാടില്ലാതെ അകലെനിന്ന് രസതന്ത്രത്തിൽ ബിരുദം നേടിയ വനിതയാണവർ. ശ്രീനാരായണ ഗുരുദേവന്റെയും

ഗാന്ധിജിയുടെയും ആദർശങ്ങളിൽ ആകൃഷ്ടയായി വാർധയിലെ ആശ്രമത്തിലെത്തി, അവിടെ കസ്തൂർബാ ഗാന്ധി നൂൽനെയ്തുണ്ടാക്കിയ ഖദർ സാരിയുടുത്ത് ഒരു കുഷ്ഠരോഗിയെ കർമ്മിയാക്കി 1940-ൽ മുൻരാഷ്ട്രപതി കെ. ആർ. നാരായണന്റെ അടുത്ത ബന്ധുവായ വേലായുധനെ വിവാഹം കഴിച്ച വനിതയാണവർ. ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കറിനോടൊപ്പം ഭരണഘടന തയ്യാറാക്കാനുള്ള ദൗത്യം നിർവ്വഹിച്ച 299 പേരിൽ ഏക ദളിത് സ്ത്രീയാണവർ. ഈ ചരിത്രമൊക്കെ അനാചാര സംരക്ഷകർക്കൊപ്പം കൊടിയെടുത്തും കൊടിയെടുക്കാതെയും കടന്നുപോകുന്ന കോൺഗ്രസിന്റെ സുഹൃത്തുക്കളൊന്ന് പഠിക്കണം. അപ്പോൾ മാത്രമേ പുറംചട്ട മാത്രമല്ല ഉള്ളടക്കത്തിലും ഇടതുപക്ഷത്തിന്റെ ഉൽപ്പതിഷ്ണുത്വവും സാമൂഹിക പ്രതിബദ്ധതയും നിങ്ങൾക്ക് കാണാൻ കഴിയുകയുള്ളൂ. അതാണ് ഈ ബഡ്ജറ്റ്.

വാഗ്ദാന ലംഘനങ്ങളുടെയും വഞ്ചനയുടെയും ചരിത്രം മാത്രമുള്ള ബി.ജെ.പി. ഗവൺമെന്റ് ആവർത്തിച്ച് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റുകളിലൂടെ നാലര വർഷമായി ഉപേക്ഷിക്കപ്പെട്ടുകൊണ്ടിരുന്ന സാധാരണക്കാരന്റെ, കർഷകന്റെ അത്താണിയായി ഈ ബഡ്ജറ്റ് മാറുകയാണ്. ഈ വ്യത്യാസം നിങ്ങൾ കാണണം. വാർധയിലും വിദർഭയിലും അങ്ങനെ രാജ്യത്താകമാനമുള്ള ഗ്രാമങ്ങളിൽ കർഷകർ ദുരിതം അനുഭവിക്കുമ്പോൾ ഇടതുപക്ഷം ഈ ബഡ്ജറ്റിലൂടെ അവരുടെ കഥ തിരുത്തി എഴുതുകയാണ്. മഹാരാഷ്ട്രയിലെ വാർധയിൽ ഗുർജഡിക് ഗ്രാമത്തിലെ പേട്കർ കുടുംബത്തിൽ ഓട് തകർന്ന വീടിന്റെ അടുക്കളയിൽ കുനികൂടിയിരുന്ന് അടുപ്പിൽ തീകൂട്ടാൻ പാടുപെടുന്ന, കണ്ണുകാണാൻ വയ്യാത്തതിനാൽ വിറകുകൊള്ളികൾ തപ്പിതടഞ്ഞെടുക്കുന്ന വജലയെന്ന മുത്തശ്ശിയും തൊട്ടടുത്ത് അസുഖംകൊണ്ടും തണുപ്പുകൊണ്ടും വിറച്ചിരിക്കുന്ന ഭർത്താവ് ആനന്ദറാവുവും ഇന്ന് ബി.ജെ.പി. ഗവൺമെന്റിനാൽ ഉപേക്ഷിക്കപ്പെടുന്ന കർഷകരുടെ അടയാളമാണ്. മൂത്തമകൻ ആത്മഹത്യ ചെയ്തതിന്റെ ദുരന്തമാണ് ആ കുടുംബത്തെ ബാധിച്ചിരിക്കുന്നത്. കൃഷിയിറക്കാൻ സഹകരണ ബാങ്കിൽ നിന്ന് വായ്പയെടുത്തു. മഴ പിണങ്ങി, കൃഷി നശിച്ച്, പരുത്തിക്ക് വിലയില്ലാതായി, വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതായി. ബാങ്കുകാരും കൈവായ്പക്കാരും വീട്ടിലെത്തി ശല്യംചെയ്തതുകൊണ്ട് ഏഴ് വർഷംമുമ്പ് മൂത്തമകൻ ജീവനൊടുക്കി. അഞ്ച് വർഷത്തിനുശേഷം രണ്ടാമത്തെ മകൻ സുരേന്ദ്രൻ കൃഷിയിറക്കി. എന്നാൽ കാലാവസ്ഥ വീണ്ടും പിണങ്ങി, കൃഷി നശിച്ചു, വിളകൾക്ക് വിലയില്ലാതെയായി, ബാങ്കുകാരും കൈവായ്പക്കാരും വീണ്ടുമെത്തി. അങ്ങനെ രണ്ട് വർഷംമുമ്പ് സുരേന്ദ്രനും ആത്മഹത്യ ചെയ്തു. അതാണ് ഇന്ത്യയിലെ കർഷകരുടെ സ്ഥിതി. ആത്മഹത്യ ചെയ്യുമ്പോൾ മൂത്തമകന് അമ്പത് വയസ്സും രണ്ടാമത്തെ മകന് മുപ്പത്തിരണ്ട് വയസ്സുമായിരുന്നു. ഇപ്പോൾ കുടുംബഭാരം മുഴുവൻ ആത്മഹത്യ ചെയ്ത മൂത്തമകന്റെ ഇളയമകനും ഇരുപത്തിരണ്ട് വയസ്സുകാരനുമായ മഠോയിയുടെ

ചുമലിലാണ്. മുത്തച്ഛനും മുത്തശ്ശിക്കും ഉമ്മ ഉസ്സിയമ്മയ്ക്കും അവനാണ് ഏക ആശ്രയം. ഈ വർഷവും സ്ഥിതി മെച്ചമല്ല. ജലക്ഷാമത്തിന് പരിഹാരമില്ല, പരുത്തിക്ക് വിലയില്ല. വീണ്ടും അനിശ്ചിതത്വത്തിന്റെ ഇരുൾ പരക്കുകയാണ്. ഈ പ്രതിസന്ധി തങ്ങളുടെ ഏക ആശ്രയമായ ഇരുപത്തിരണ്ട് വയസ്സുകാരൻ മറോായിയെ കവർന്നെടുക്കുമോയെന്നും അവന്റെ അച്ഛന്റെയും പിതൃസഹോദരന്റെയും ഗതി അവനും വരുമോയെന്നുമുള്ള ആശങ്കയിൽ കഴിയുന്ന ആ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും ഉമ്മയുടെയും ചിത്രമാണ് ഇന്ന് ഇന്ത്യയിലെ കർഷകന്റെ ചിത്രം. അവരെ രക്ഷിക്കാൻ ഒരു സർക്കാരുമില്ല. അമ്പത്തിനാല് രൂപ മുടക്കി മഹാരാഷ്ട്രയിലെ നാസിക്കിലുള്ള സഞ്ജയ് ബാലകൃഷ്ണ സാഠേ എന്ന വ്യക്തി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിക്ക് 1064 രൂപയുടെ മണി ഓർഡർ അയച്ചു. അതിനോടൊപ്പം ഒരു കത്തും അദ്ദേഹം അയച്ചിരുന്നു. 750 കിലോഗ്രാം സവാള വിറ്റുകിട്ടിയ തുകയാണിതെന്നും സവാള കർഷകർ അനുഭവിക്കുന്ന ദുരിതത്തിന്റെ ഓർമ്മയ്ക്ക് ഈ പണം അങ്ങയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അയയ്ക്കുന്നുവെന്നുമാണ് അതിൽ എഴുതിയിരുന്നത്. ആ കത്ത് ഇന്ത്യയുടെ കർഷകന്റെ സ്ഥിതിയാണ് ബോദ്ധ്യപ്പെടുത്തുന്നത്. അവരെ രക്ഷിക്കാൻ ആളില്ല. അവിടെയാണ് ഈ ബഡ്ജറ്റിന്റെ പ്രസക്തി മനസ്സിലാകുന്നത്. അവിടെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ കർഷകർക്കുവേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നത് കാണേണ്ടത്. പ്രതിസന്ധിയിൽ വലയുന്ന വയനാട്ടിലെ കർഷകനെ രക്ഷിക്കാൻ മലബാർ ബ്രാന്റ് കാപ്പി പദ്ധതി, വയനാട് പാക്കേജ്, കേരം തിങ്ങും കേരള നാട്, കേര ഗ്രാമം പദ്ധതി, സംയോജിത റൈസ് പാർക്ക്, റബ്ബർ പാർക്ക്, ആയിരം കോടി രൂപയുടെ കുട്ടനാട് പാക്കേജ് ഇങ്ങനെ നീളുന്നു ആ പട്ടിക. ഇതാണ് ജനപക്ഷ സമീപനം. നാട്ടിലെ സാധാരണക്കാരന്റെ ജീവിതവുമായി അടുത്തുനിൽക്കുന്ന പക്ഷമാണ് ഇടതുപക്ഷം. അതുപോലെ ലോകത്ത് 2014-ൽ ലോക ഹംഗർ സൂചികയിൽ 55-ാം സ്ഥാനത്തായിരുന്ന ഇന്ത്യ ഇന്ന് 103-ാം സ്ഥാനത്തായി താഴ്ന്നപ്പോൾ കേരളം ആ വെല്ലുവിളി ഏറ്റെടുക്കുകയാണ്. അതാണ് വിശപ്പ് രഹിത കേരളം പദ്ധതി. അത് ഇടതുപക്ഷത്തിന്റെ ഒരു കാഴ്ചപ്പാടാണ്. ഇതൊക്കെ കാണാൻ പ്രതിപക്ഷത്തിന് കണ്ണുണ്ടാകണം. ഇത് സാധാരണക്കാരനെ സംരക്ഷിക്കുന്ന ഒരു ഇടതുപക്ഷ സമീപനമാണ്. അത് കാണാനുള്ള കണ്ണാണ് ഉണ്ടാകേണ്ടത്. ബഡ്ജറ്റിനെ അങ്ങനെ നോക്കിക്കാണണം.

മി. ചെയർമാൻ: സമയം കഴിഞ്ഞു, അവസാനിപ്പിക്കൂ.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ അവസാനിപ്പിക്കാം, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വത്തിൽ കേരളത്തിൽ നടക്കുന്ന മാറ്റങ്ങളെ നോക്കിക്കാണണം. ലൈഫ് മിഷൻ പദ്ധതി ഇന്ന് കേരളത്തിൽ ഒരു ഭവന

വിപ്ലവംതന്നെ സൃഷ്ടിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റ് വിതരണം ചെയ്തതിനേക്കാൾ പട്ടയങ്ങൾ ആയിരം ദിവസംകൊണ്ട് വിതരണം ചെയ്തു. ഒരു ലക്ഷത്തിലധികം പട്ടയം വിതരണം ചെയ്യാൻ സാധിച്ച ഗവൺമെന്റാണിത്. പാവപ്പെട്ടവന്റെ ജീവിതത്തെ സ്പർശിക്കുന്ന വിഷയങ്ങളിൽ ഇടതുപക്ഷമെടുക്കുന്ന സമീപനമാണത്. വിദ്യാഭ്യാസ- ആരോഗ്യ മേഖലകളിലുണ്ടാകുന്ന മാറ്റങ്ങളെ സംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ചപ്പോൾ എം.എൽ.എ.മാരുടെ അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ചാണ് ഇതെല്ലാം നടക്കുന്നതെന്ന് ആരോ ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ ടേമിലും ഞാൻ എം.എൽ.എ. ആയിരുന്നു. അതുപോലെ പ്രതിപക്ഷത്തുള്ളവരിലും അന്നുണ്ടായിരുന്നവർ ഉണ്ടല്ലോ. അന്ന് സമഗ്ര വിദ്യാഭ്യാസ പദ്ധതിയെന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾക്ക് ഒരു നയാപൈസയുടെ ബഡ്ജറ്ററി സപ്പോർട്ട് ഉണ്ടായിരുന്നില്ല. ആ സ്ഥാനത്താണ് ഇന്ന് എന്റെയും ശ്രീ. കെ. എസ്. ശബരീനാഥൻ ഉൾപ്പെടെയുള്ള എം.എൽ.എ.മാരുടെയും മണ്ഡലങ്ങളിൽ കോടിക്കണക്കിന് രൂപ നൽകിയത്. ഇവിടെ ചർച്ച ചെയ്യപ്പെട്ടതല്ലേ? ശ്രീ. കെ. എസ്. ശബരീനാഥന്റെ മണ്ഡലത്തിൽ 23 സ്കൂളുകൾക്കാണ് ബഡ്ജറ്ററി സപ്പോർട്ട് ലഭിച്ചത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എന്റെ മണ്ഡലത്തിലെ ഒരു സ്കൂളിനുപോലും ബഡ്ജറ്ററി സപ്പോർട്ട് ലഭിച്ചിരുന്നില്ല. അത്തരത്തിലുള്ള പ്രകടമായ വ്യത്യാസത്തെയും ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങളെയും നോക്കിക്കാണണം. അങ്ങയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെ, ബഡ്ജറ്റിനെ നാട് അഭിനന്ദിക്കുന്നു എന്നുപറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. പ്രതിപക്ഷത്തിന്റെ കണ്ണടച്ച് ഇരുട്ടാക്കുന്ന സമീപനം അവസാനിപ്പിക്കണം. നമ്മൾ ഇപ്പോൾ ഒരു തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുന്ന സമയമാണ്. അവിടെ വർഗ്ഗീയ ഫാസിസ്റ്റ് ശക്തികളാലും കോർപ്പറേറ്റ് ശക്തികളാലും ഉപേക്ഷിക്കപ്പെടുന്ന പാവപ്പെട്ടവരെ സംരക്ഷിക്കുന്ന ഈ ബഡ്ജറ്റ് കേരളത്തിന് പുതിയൊരു ദിശാബോധം നൽകും. ആ ദിശാബോധം ഈ സവർണ്ണ ഫാസിസ്റ്റ്, കോർപ്പറേറ്റ് ഗവൺമെന്റിനെ തൂത്തെറിയാനുള്ള വെളിച്ചമായി മാറുമെന്നത് ഉറപ്പാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ഈ ബഡ്ജറ്റ് കേരളത്തിന്റെ വികസന മുരടിപ്പിന് ആക്കം കൂട്ടുക മാത്രമേ ചെയ്യുകയുള്ളൂ. കേരള നവോത്ഥാന നായകന്മാരായ ശ്രീനാരായണ ഗുരുദേവനെയും കുമാരനാശാനെയും ആവശ്യത്തിനും അനാവശ്യത്തിനും ഉപയോഗിച്ചിട്ടും ഒരു ജനക്ഷേമകരമായ ബഡ്ജറ്റ് അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കായില്ലായെന്ന് ഖേദപൂർവ്വം പറയട്ടെ. നവകേരളത്തിന് 25 പദ്ധതികളെന്ന്

പറഞ്ഞതിൽ എന്താണ് പുതിയതായിട്ടുള്ളത്? എല്ലാ ബഡ്ജറ്റുകളിലും വിവിധ ഡിപ്പാർട്ടുമെന്റുകൾക്ക് കീഴിൽ പദ്ധതികൾ പ്രഖ്യാപിക്കാറുണ്ട്, അത് ആവർത്തിക്കുക യാണ് ഈ ബഡ്ജറ്റിലൂടെ ചെയ്തിട്ടുള്ളത്. എന്നിട്ട് അതിനെ നവകേരളത്തിന് 25 പദ്ധതികളെന്ന് പേരിട്ടാൽ മലയാളികളെ പറ്റിക്കാനാവില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഓർക്കുന്നത് നന്നായിരിക്കും. വ്യവസായ പാർക്കുകൾ, സ്റ്റാർട്ടപ്പുകൾ, മലബാർ ബ്രാന്റ് കാപ്പി, കേരം തിങ്ങും കേരള നാട്, റൈസ് പാർക്ക്, നദികളുടെ സംരക്ഷണം, പൊതുമേഖലാ വ്യവസായങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ പുതിയ കാര്യങ്ങളാണോ; എല്ലാ ബഡ്ജറ്റുകളിലും ഈ മേഖലകൾക്ക് പദ്ധതികൾ വയ്ക്കാറില്ലേ? പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കാനുള്ള ശ്രമം മാത്രമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയിട്ടുള്ളത്.

പ്രളയാനന്തരമുള്ള ഈ ബഡ്ജറ്റിൽ ഒരു നവകേരളത്തെ കെട്ടിപ്പടുക്കാനുള്ള ആസൂത്രിതമായ എന്തെങ്കിലും പദ്ധതികളുണ്ടാകുമെന്ന് കരുതി. പക്ഷേ, പ്രളയംപോലുള്ള വിപത്തുകളെ പ്രതിരോധിക്കാൻ ഒരു പരിധിവരെയെങ്കിലും സഹായകമാകുന്ന പാരിസ്ഥിതിക സൗഹൃദമായ വികസന പദ്ധതികളൊന്നും ഈ ബഡ്ജറ്റിലില്ല. എന്നാൽ, പ്രളയംകൊണ്ട് ദുരിതമനുഭവിക്കുന്ന കേരള ജനതയ്ക്കുമേൽ പ്രളയ സെസ്സ് എന്നപേരിൽ അധികഭാരം ചുമത്തിയും അധിക നികുതി അടിച്ചേൽപ്പിച്ചും മറ്റൊരു ദുരന്തം സൃഷ്ടിക്കാൻ മാത്രമേ ഈ ബഡ്ജറ്റ് ഉതകുകയുള്ളൂവെന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. ജി.എസ്.ടി.യിൽ 12%, 18%, 28% എന്നീ സ്ലാബുകളിൽ വരുന്ന എല്ലാ സാധനങ്ങൾക്കും സേവനങ്ങൾക്കും വിതരണ വിലയിന്മേൽ ഒരു ശതമാനം പ്രളയ സെസ്സ് എന്നപേരിൽ നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. ഇത് നിത്യോപയോഗ സാധനങ്ങളുൾപ്പെടെ ഉള്ളവയുടെ വിലവർദ്ധനവിന് കാരണമാകുമെന്ന കാര്യത്തിൽ സംശയമില്ല. പ്രതിവർഷം 600 കോടി രൂപ പ്രളയ സെസ്സ് വഴി സർക്കാർ അധിക വരുമാനം ലക്ഷ്യമിടുന്നുവെന്ന് പറയുന്നു. പക്ഷേ, ഇതുകൊണ്ട് സർക്കാർ ഉദ്ദേശിച്ച ഫലം കിട്ടുമെന്ന് തോന്നുന്നില്ല. കാരണം, പ്രളയവും സാധനങ്ങളുടെ വിലക്കയറ്റവും നിമിത്തം ജനങ്ങളുടെ പർച്ചേസിംഗ് കപ്പാസിറ്റി കുറഞ്ഞിരിക്കുന്ന ഘട്ടത്തിൽ പ്രളയ സെസ്സ് എന്ന പേരിൽ അധിക നികുതിഭാരം ചുമത്തുന്നത് ഉല്പാദന വിതരണ മേഖലകളെ താളം തെറ്റിക്കാനും ജനജീവിതം ദുസ്സഹമാക്കാനും മാത്രമേ ഉതകുകയുള്ളൂ. പ്രളയ സെസ്സ് ചുമത്താനുള്ള നീക്കത്തിൽനിന്നും സർക്കാർ പിന്തിരിഞ്ഞില്ലെങ്കിൽ വിലക്കയറ്റംകൊണ്ട് ജനം പൊറുതിമുട്ടുന്ന സാഹചര്യമുണ്ടാകും.

ഭൂമിയുടെ ന്യായവില 10 ശതമാനം വർദ്ധിപ്പിക്കുന്നത് ഭൂരഹിതരായ സാധാരണക്കാരുൾപ്പെടെ ഒരു കിടപ്പാടം വാങ്ങുക എന്ന സ്വപ്നം വീണ്ടും സ്വപ്നമായിത്തന്നെ അവശേഷിപ്പിക്കുന്ന സാഹചര്യത്തിലേയ്ക്കാണ് വീണ്ടും കൊണ്ടെത്തിക്കുന്നത്. ഇനി രണ്ടോ മൂന്നോ സെന്റ് ഭൂമി വാങ്ങിയാൽത്തന്നെ വീട്

നിർമ്മാണം മരീചികയായി അവശേഷിക്കും. കാരണം, സിമന്റ്, മാർബിൾ, ഗ്രാനൈറ്റ്, സെറാമിക് ടൈൽസ്, പ്ലൈവുഡ് ഉൾപ്പെടെയുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾക്ക് വൻ വിലവർദ്ധനവുണ്ടാക്കുന്നതാണ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ. നോട്ട് നിരോധനവും സംസ്ഥാന സർക്കാരിന്റെ വികലമായ സാമ്പത്തിക നയങ്ങളും പ്രളയവുമൊക്കെ കാരണം മണ്ണിടിഞ്ഞ റിയൽ എസ്റ്റേറ്റ് മേഖലയ്ക്കും ഇത് കനത്ത തിരിച്ചടിയാകും. ഭൂമിയുടെ ന്യായവില വർദ്ധനവ് ഭൂമിയുടെ ക്രയവിക്രയങ്ങൾ കുറയുമെന്നതിനാൽ സർക്കാർ പ്രതീക്ഷിക്കുന്ന അധികവരുമാനം ഈയിനത്തിൽ ലഭിക്കുകയില്ല. സാധാരണക്കാരുടെ രണ്ടോ, മൂന്നോ സെന്റ് സ്ഥലവും അതിലൊരു വീടുമെന്ന സ്വപ്നവും തല്ലിക്കെടുത്താൻ മാത്രമേ ഈ നിർദ്ദേശം ഉപകരിക്കുകയുള്ളൂ. അടിസ്ഥാന നിർമ്മാണ സാമഗ്രികളുടെ വില ഉയരുന്നതോടെ നിർമ്മാണമേഖല ഏറെക്കുറെ പൂർണ്ണമായും സ്തംഭിക്കാനാണ് സാദ്ധ്യത. കഴിഞ്ഞ ഒരു വർഷത്തിനിടെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലയിൽ 50 ശതമാനത്തിലധികം വിലവർദ്ധനവുണ്ടായിട്ടുണ്ട്. ഗൾഫ് പ്രതിസന്ധിയും നിർമ്മാണ മേഖലയെ ബാധിച്ചിട്ടുണ്ട്. ഇതിനിടയിൽ കുനിന്മേൽ കുരുപോലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ കൂടിയാകുമ്പോൾ എന്താകും അവസ്ഥ? സംസ്ഥാനത്തിന്റെ പുനർനിർമ്മാണ പദ്ധതികളെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളെയും നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് സാരമായി ബാധിക്കുമെന്നതിൽ സംശയമില്ല. പ്രളയബാധിത മേഖലകളിൽ സന്നദ്ധ സംഘടനയുൾപ്പെടെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെയും ഇത് അവതാളത്തിലാക്കും. കാരുണ്യ ബെനവലന്റ് ഫണ്ടിനെ ഇൻഷ്വറൻസ് സ്കീമിൽ ലയിപ്പിക്കുന്നത് ഫലത്തിൽ അത് ഇല്ലാതാക്കാൻ തന്നെയാണ്. ഇൻഷ്വറൻസ് സ്കീമിലാകുമ്പോൾ പ്രീമിയം അടയ്ക്കുന്നവർക്ക് മാത്രമേ അംഗത്വമുണ്ടാകുകയുള്ളൂ. എല്ലാവർക്കും ചേരാൻ സാധിക്കണമെന്നില്ല. മാരക രോഗങ്ങൾ പിടിപെടുന്ന ഇടത്തരക്കാർക്കും പാവങ്ങൾക്കുമൊക്കെ ലഘുവായ നടപടിക്രമംകൊണ്ട് കാരുണ്യ ബെനലവന്റ് ഫണ്ട് വഴി സഹായം ലഭിച്ചിരുന്നു.

മി. ചെയർമാൻ: സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.

ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഒരു മിനിട്ടുകൂടി അനുവദിക്കണം. കിഫ്ബി പദ്ധതിയെ സംബന്ധിച്ച് പറയുമ്പോൾ എന്റെ നിയോജക മണ്ഡലത്തിൽ 2016-2017 വർഷത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രധാനപ്പെട്ട രണ്ട് പദ്ധതികളാണ് ഇരുമ്പോത്തിങ്ങൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയും തോട്ടശ്ശേരിയറ-ഇല്ലത്തുമാട് റോഡ് നവീകരണവും. കാർഷിക മേഖലയിലും കുടിവെള്ള പദ്ധതികൾക്കും ഏറെ പ്രതീക്ഷ നൽകിയ ഇരുമ്പോത്തിങ്ങൽ കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്കായി 36 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി 2017-ൽ ലഭിച്ചെങ്കിലും നാളിതുവരെ പദ്ധതിയുടെ പ്രാഥമിക നടപടിപോലും പൂർത്തീകരിക്കാതെ

ഒരോ കാരണം പറഞ്ഞ് പദ്ധതി ഒഴിവാക്കാനുള്ള ശ്രമം നടക്കുകയാണ്. അതുപോലെതന്നെ തോട്ടശ്ശേരിയറ-ഇല്ലത്തുമാട് റോഡ് നവീകരണത്തിന് 2017-ൽ ഭരണാനുമതി ലഭിച്ചുവെങ്കിലും പുതിയ നിബന്ധനകൾ കൊണ്ടുവന്ന് പദ്ധതി കിഫ്ബിയിൽനിന്നും ഒഴിവാക്കാൻ ശ്രമിക്കുകയാണ്. മൂന്നിയൂർ, ചേലേമ്പ്ര, തേഞ്ഞിപ്പാലം, പെരുവള്ളൂർ പഞ്ചായത്തുകൾക്കുവേണ്ടി 30 വർഷംമുമ്പ് നടപ്പിലാക്കിയ കുടിവെള്ള പദ്ധതി നാശോന്മുഖമായിരിക്കുകയാണെന്ന് വകുപ്പുമന്ത്രിതന്നെ സഭയിൽ പറഞ്ഞതാണ്. പ്രസ്തുത പദ്ധതി പുനരുദ്ധാരണം ചെയ്യാനാവശ്യമായ ഫണ്ടും പള്ളിക്കൽ പഞ്ചായത്തിലേയ്ക്കും തീരദേശ പഞ്ചായത്തായ വള്ളിക്കുന്ന് പഞ്ചായത്തിലേയ്ക്കും കുടിവെള്ളമെത്തിക്കുന്നതിനുള്ള പദ്ധതിക്കാവശ്യമായ ഫണ്ടും ബഡ്ജറ്റിൽ വകയിരുത്തണമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, യു.ഡി.എഫ്. ഭരണത്തിൽ കുഴിയാനയുടെ പരുവത്തിൽ പുറകോട്ട് നടന്ന കേരളത്തെ ഒരു കൊമ്പനാനയുടെ തലയെടുപ്പോടുകൂടി മുന്നോട്ട് നയിക്കാൻവേണ്ട ദിശാബോധവും കരുത്തും പകരുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് നിയമസഭയിൽ ജനവരി 31-ന് അവതരിപ്പിച്ച 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ നിറഞ്ഞ മനസ്സോടെ പിന്തുണയ്ക്കുന്നു. എനിക്ക് ഒരു പഴയ സിനിമാ ഗാനം ഓർമ്മ വരികയാണ്. "താരങ്ങളിൽ വൈജയന്തി, പൂരങ്ങളിൽ തൃശ്ശൂർപൂരം" എന്ന വരിയുള്ളതാണ് ആ സിനിമാ ഗാനം. അതിൽ താരങ്ങൾ പലരും മാറി മാറി വന്നെങ്കിലും പൂരങ്ങളിൽ ഇപ്പോഴും തൃശ്ശൂർപൂരം തന്നെയാണ് ഏറ്റവും പ്രധാനപ്പെട്ടത്. ആ പൂരത്തിന് നിരവധി പ്രത്യേകതകളുണ്ട്. കാതുകൾക്ക് ഇമ്പമേകുന്ന ഇലഞ്ഞിത്തറമേളം അതിന്റെ ഒരു ഭാഗമാണ്. അതുപോലെ വർഷത്തിലൊരിക്കൽ മാത്രം തുറക്കുന്ന തെക്കേഗോപുര നടതുറന്ന് ഇറങ്ങിവരുന്ന തെക്കോട്ടിറക്കം അതിനെക്കാൾ വളരെ മനോഹരമായ കാഴ്ചയാണ്. പിന്നീടാണ് പാറമേക്കാവും തിരുവമ്പാടി വിഭാഗവും തമ്മിൽ ഒരുമിച്ച് ആവേശകരമായി നടത്തുന്ന കുടമാറ്റം. ആകാശത്ത് വർണ്ണങ്ങളാൽ വിസ്മയം തീർക്കുന്ന വെടിക്കെട്ടും അതിന്റെയൊരു ഭാഗമാണ്. അങ്ങനെ നിരവധി നിരവധി പരിപാടികൾ അതിന്റെ ഭാഗമായിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമാണ് തെക്കോട്ടിറക്കം. ഈ തെക്കേഗോപുര വാതിൽ വർഷത്തിലൊരിക്കലാണ് തുറക്കുന്നത്. അങ്ങനെ തെക്കേഗോപുര വാതിൽ തുറന്ന് പുറത്തുവരുന്ന ഈ തിടമ്പേറ്റിയ കോലം, അതുപോലെ വെയിലിൽ വെട്ടിത്തിളങ്ങുന്ന നെറ്റിപ്പട്ടം, കണ്ണഞ്ചിപ്പിക്കുന്ന പട്ടുകുട, വെഞ്ചാമരം വീശി, ആലവട്ടമുയർത്തി, ചെവികളാട്ടി, കൊമ്പുകുലുക്കി തലയെടുപ്പോടു കൂടി വരുന്ന ആ വരവ് കാണമ്പോൾ പൂരപ്പറമ്പിൽ നോക്കെത്താദൂരത്തോളം

പരന്നുകിടക്കുന്ന ജനസഹസ്രം ആർപ്പുവിളികളോടുകൂടി അങ്ങനെ അലയടിച്ച് മുന്നോട്ടു വരുന്നകാഴ്ച മലയാളികളെ സംബന്ധിച്ചിടത്തോളം മറക്കാൻ കഴിയാത്തതാണ്.

മറ്റൊരു കാഴ്ചയും ഇത്തവണ പൂരപ്രേമികൾക്ക് കാണാൻ കഴിഞ്ഞുവെന്നുള്ളത് വളരെ സന്തോഷകരമായ കാര്യമാണ്. ചെണ്ടയിൽ നാദവിസ്മയം തീർക്കുന്ന മേളകുലപതി ശ്രീ. പെരുവനം കുട്ടൻ മാരാർ നേതൃത്വം നൽകുന്ന വാദ്യകലാ മേളത്തിനിടയിലേയ്ക്ക് നാട്യങ്ങളില്ലാതെ പൂരപ്രേമികളിൽ ഒരുവനായി പ്രിയപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വരുന്ന കാഴ്ചകണ്ട് കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ പട്ടണം കോരിത്തരിച്ചുപോയി. ഞങ്ങൾ കുട്ടിക്കാലത്ത് കുഴിയാനയെ പിടിക്കാറുണ്ട്. കുഴിയാനയെ മുന്നോട്ട് നയിക്കാൻവേണ്ടി ഈർക്കിലെടുത്ത് മെല്ലെ മെല്ലെ കുത്തിനോക്കും. പക്ഷേ എത്ര കുത്ത് കൊണ്ടാലും ആ കുഴിയാന മുന്നോട്ടുപോകാറില്ല. അതായിരുന്നു കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഭരണത്തിന്റെ അവസ്ഥ. അഞ്ച് വർഷവും കുഴിയാനയെപ്പോലെ പിന്നോട്ടല്ലാതെ ഒരിഞ്ച് ആ ആന മുന്നോട്ടു പോയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. എത്രയെത്ര സമരങ്ങൾ, പ്രക്ഷോഭങ്ങൾ, ജനകീയ പ്രതിഷേധങ്ങൾ ഇതെല്ലാം കേരളത്തിൽ ഉയർന്നുവന്നിട്ടും ആ കുഴിയാന ഒരിഞ്ചുപോലും മുന്നോട്ടുപോകുന്ന അവസ്ഥ ഉണ്ടായിട്ടില്ല. അവസാനം 2016-ൽ പലഭാഗത്തുനിന്ന് താങ്ങാനാകാത്ത കുത്തുകൊണ്ട് യു.ഡി.എഫ്. എന്ന കുഴിയാന അകാലചരമം പ്രാപിക്കുന്ന കാഴ്ചയാണ് കേരളത്തിൽ കണ്ടത്. എന്നാൽ 2016-ൽ അധികാരത്തിൽവന്ന കേരളത്തിന്റെ വിപ്ലവ സൂര്യൻ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ തലയെടുപ്പോടെ, ഞാൻ നേരത്തെ പറഞ്ഞ തൃശ്ശൂർ പൂരത്തിന്റെ മനോഹരമായ തെക്കോട്ടിറക്കംപോലെ മതനിരപേക്ഷതയും ജനാധിപത്യവും നവോത്ഥാനമൂല്യങ്ങളും നിലനിന്ന് കാണണമെന്ന് ആഗ്രഹിക്കുന്ന കേരള സമൂഹത്തിന്റെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റിക്കൊണ്ട് പടിപടിയായി മുന്നോട്ട് കുതിക്കുകയാണ്. ആ കാഴ്ചകണ്ട് പ്രതിപക്ഷവും ആകെ നിരാശയിലാണ് നിൽക്കുന്നതെന്നുള്ള കാര്യത്തിൽ ഒരു തർക്കവുമില്ല. കേരളത്തിന്റെ ഈ കുതിപ്പിനെ തടുക്കാൻ ജാതിമത വർഗ്ഗീയ പിന്തിരിപ്പൻ ശക്തികൾക്കൊപ്പം ശ്രീ. നരേന്ദ്ര മോദിയും ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. കുഞ്ഞുമാണിയും ശ്രീ. ഒ. രാജഗോപാലുംകൂടി ഒത്തുചേർന്നാലും ഈ മുന്നോട്ടുള്ള കുതിപ്പിനെ തകർക്കാൻ കഴിയില്ലെന്നത് യാഥാർത്ഥ്യമാണ്.

എൽ.ഡി.എഫ്. സർക്കാരിന്റെ ബഡ്ജറ്റ് നിരാശാജനകമെന്ന് പ്രിയപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ അഭിപ്രായം സത്യസന്ധമാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, തനിക്ക് വോട്ട് ചെയ്യുന്ന വോട്ടർമാരുടെ മനസ്സ് അദ്ദേഹത്തിന് നന്നായി

അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. അവരുടെ മനസ്സിലുള്ളത് എൽ.ഡി.എഫ്. അനുകൂല വികാരമാണ്. യു.എ.ഇ. ഭരണാധികാരി കേരളത്തിന് ധനസഹായം പ്രഖ്യാപിച്ച സന്ദർഭത്തിൽ രണ്ടുതരം ഭരണാധികാരികളെ സംബന്ധിച്ച് തന്റെ ട്വിറ്ററിൽ കുറിച്ചിരുന്നു. അതിൽ ഒരു ഭരണാധികാരിയെക്കുറിച്ച് അദ്ദേഹം പറഞ്ഞത്, ജനങ്ങളുടെ ആവശ്യങ്ങളും പരാതികളും പ്രയാസങ്ങളും മനസ്സിലാക്കി അവർക്കുവേണ്ടി സഹായം നൽകുന്ന ഭരണാധികാരി എന്നാണ്. ആ ഭരണാധികാരി ആരാണ്? അത് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനാണ്. അദ്ദേഹം എൽ.ഡി.എഫ്.-ന്റെ ഭരണമാണ് നടത്തുന്നത്. ഈ സർക്കാർ നടപ്പിലാക്കുന്ന ജനക്ഷേമ പദ്ധതികൾക്കെതിരെ അസംബന്ധങ്ങളും അബദ്ധജഡിലവുമായ പ്രസ്താവനകളും ദിനംപ്രതി വാക്കൗട്ടുകളും നടത്തിക്കൊണ്ട് കാലംകഴിക്കുന്ന ഇത്തരം ജനപ്രതിനിധികളെ ഇനി തെരഞ്ഞെടുത്ത് അയച്ചതുകൊണ്ട് എന്ത് പ്രയോജനമെന്നുള്ള കാര്യം 140 അസംബ്ലി മണ്ഡലങ്ങളിലെയും യു.ഡി.എഫ്.-ന് വോട്ട് ചെയ്ത വോട്ടർമാർ ഇപ്പോൾ മനസ്സിലാക്കിക്കൊണ്ടിരിക്കുന്നു. ആ മനസ്സിലാക്കൽ പ്രതിപക്ഷ നേതാവിന് നന്നായി അറിയാം. അതുകൊണ്ടാണ് ഈ ബഡ്ജറ്റ് നിരാശാജനകമെന്ന് അദ്ദേഹം പറഞ്ഞത്. കാരണം, ഒരിഞ്ച് ഇനി മുന്നോട്ടുപോകാൻ കഴിയില്ല. കുഴിയാനയെപ്പോലെയാണ് കേരളത്തിലെ യു.ഡി.എഫ്.-ഉം കിടക്കുന്നത്. നിരാശയിൽനിന്ന് ഉയർന്നുവന്ന ആത്മാർത്ഥമായ പ്രസ്താവനയാണ് അദ്ദേഹത്തിന്റെ പക്ഷത്തുനിന്ന് കാണാൻ കഴിഞ്ഞത്. ഈ ബഡ്ജറ്റിലെ നല്ല വശങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു, കുറവുകൾ പരിഹരിച്ച് സമ്പുഷ്ടമാക്കണം. ഇത് ആരാണ് പറഞ്ഞത്; എപ്പോഴാണ് പറഞ്ഞത്? ഈ സമസ്യ നിങ്ങൾ പൂരിപ്പിക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. ഇങ്ങനെ പറഞ്ഞത് ശ്രീ. പി. ജെ. ജോസഫാണ്. ഫെബ്രുവരി 4-ലെ ബഡ്ജറ്റ് ചർച്ചയിൽ അദ്ദേഹം പറഞ്ഞ കാര്യമാണിത്. ബഡ്ജറ്റ് നന്നാക്കണം, ഞങ്ങൾ പിന്തുണയ്ക്കും എന്ന് ഇന്നലെ ശ്രീ. കെ. എം. മാണി പറയുകയുണ്ടായി. ശ്രീ. പി. സി. ജോർജ്ജും അതുപോലെ പറയുകയുണ്ടായി. ഇതൊക്കെ കൂട്ടിവായിക്കാൻ കഴിവുള്ള പ്രതിപക്ഷ നേതാവിന് നിരാശയാണ്. ആ നിരാശയിൽ നിന്നാണ് ഇത്തരം കാര്യങ്ങൾ വരുന്നത്. നിരാശകൊണ്ടാകാം ഡൽഹിയിലേയ്ക്ക് അയച്ച മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഒരു കൊട്ടുകൊടുക്കാനും പ്രതിപക്ഷ നേതാവ് തയ്യാറായത്. ഫെബ്രുവരി 4-ാം തീയതിയിലെ അടിയന്തരപ്രമേയ ചർച്ചയിൽ കണ്ണൂർ വിമാനത്താവളത്തിന്റെ 80% പണി മാത്രമാണ് തീർന്നത്, അത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ കാലത്താണ് നടന്നത് എന്ന് പരാമർശിക്കുകയുണ്ടായി. അത് എൽ.ഡി.എഫ്.ന്റെ നിലപാടിനെ അംഗീകരിക്കുന്നതല്ലേ? എൽ.ഡി.എഫ്.-ഉം അതാണല്ലോ പറഞ്ഞത്. പൂർണ്ണമാകാത്ത വിമാനത്താവളം ഉദ്ഘാടനം ചെയ്തു എന്നല്ലേ എൽ.ഡി.എഫ്. പറഞ്ഞത്? പണിപൂർത്തീകരിക്കാത്ത വിമാനത്താവളത്തിന്റെ ഉദ്ഘാടനം നടത്തിയ മുൻ മുഖ്യമന്ത്രിയുടെ നടപടി നിലവാരം കുറഞ്ഞതായി എന്നുള്ള

വാദം ശരിവയ്ക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. വിമാനത്താവളത്തിന്റെ ഉദ്ഘാടന ദിവസം വന്ന ഒരു കാർട്ടൂൺ ഉണ്ട്. ഉദ്ഘാടനം കഴിഞ്ഞ് നിൽക്കുന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ അടുത്തേയ്ക്ക് ഒരു കുട്ടി വരികയാണ്. 'എന്താ മോനേ, എന്ന് ചോദിച്ചപ്പോൾ അച്ഛൻ പറഞ്ഞിട്ടാ വരുന്നതെന്ന് കുട്ടി പറഞ്ഞു. അച്ഛൻ എന്താണ് പറഞ്ഞത് എന്നു ചോദിച്ചു. അപ്പോൾ ആ കുട്ടി പറഞ്ഞു, 'അച്ഛൻ ചോദിച്ച ഈ പരിപാടിയൊക്കെ കഴിഞ്ഞോ എന്ന് '. പരിപാടി കഴിഞ്ഞു, എന്താ കാര്യമെന്ന് ചോദിച്ചപ്പോൾ പശുവിനെ കൊണ്ടുവന്ന് ഇവിടെ കെട്ടാനാണെന്നാണ് കുട്ടി പറഞ്ഞത്. പശുവിനെ തീറ്റിക്കുന്ന സ്ഥലമാണ് ഈ വിമാനത്താവളം. കാര്യമായി ഒരു പണിയും അവിടെ നടന്നിട്ടില്ലെന്നുള്ളതാണ് ഇത് വ്യക്തമാക്കുന്നത്.

കേരളത്തിൽ സമഗ്ര വികസനം ലക്ഷ്യംവയ്ക്കുന്ന നാല് കർമ്മ പരിപാടികൾക്ക് കരുത്തുപകരുന്ന ബഡ്ജറ്റാണിത്. പ്രളയം വിഴുങ്ങിയ കേരളത്തിന്റെ പുനർനിർമ്മാണത്തിന് വിഭവങ്ങൾ പ്രദാനം ചെയ്യുന്ന ബഡ്ജറ്റാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. പ്രളയം തകർത്ത ജീവനോപാധികൾ 2019-20-ൽ തിരിച്ചുപിടിച്ചിരിക്കുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകൾ മലയാളികൾക്ക് ആത്മവിശ്വാസം പകരുന്ന വാക്കുകളാണ്. ആ വാക്കുകൾ കേൾക്കുമ്പോൾ പ്രതിപക്ഷത്തിന് നെഞ്ചിടിപ്പ് വർദ്ധിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും പദ്ധതി അടങ്കൽ തുക 2018-19-ലെ പ്രതീക്ഷിത ചെലവായ 32,564 കോടി രൂപയിൽ നിന്നും 39,807 കോടി രൂപയാക്കി ഉയർത്തിയത്, അസാമാന്യമായ ധനകാര്യ മികവിന്റെ പ്രകടനമാണ് കാണാൻ കഴിയുന്നത്. കേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന 25 പദ്ധതികൾ ഈ ബഡ്ജറ്റിന്റെ പ്രത്യേകതയാണ്.

ഏതൊരു സമൂഹത്തിന്റെയും വളർച്ചയിൽ പൊതുവിദ്യാഭ്യാസം വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. യു.ഡി.എഫ്. ഭരണത്തിൽ പുറകോട്ട് സഞ്ചരിച്ചിരുന്ന പൊതുവിദ്യാഭ്യാസം ഇന്ന് വൻകുതിപ്പിലാണ്. രണ്ട് ലക്ഷം കുട്ടികൾ പുതുതായി വന്നു. ദീർഘകാലമായി വിദ്യാഭ്യാസം ഒരു കച്ചവട മേഖലയാക്കി കൈകാര്യം ചെയ്ത മുസ്ലീം ലീഗിലെ ഒരംഗം ഈ കുതിപ്പിന് കണ്ടെത്തിയ കാരണം രക്ഷകർത്താക്കളെ പരിഹസിക്കുന്നതായിപ്പോയി. കയ്യിൽ പണമില്ലാത്തതു കൊണ്ടാണെന്നാണ് പറഞ്ഞത്. കയ്യിൽ പണമില്ലാത്തതുകൊണ്ടല്ല, അമിത പണം കൊടുത്ത് വാങ്ങുന്ന അറിവിനേക്കാൾ മെച്ചപ്പെട്ട അറിവ് പൊതുവിദ്യാലയങ്ങളിൽനിന്ന് സൗജന്യമായി ലഭിക്കുമെന്ന തിരിച്ചറിവാണ് രണ്ട് ലക്ഷം കുട്ടികൾ ഈ മേഖലയിലേയ്ക്ക് തിരിച്ചു വന്നതെന്ന് കാണാനുള്ള വിവേകമെങ്കിലും പ്രതിപക്ഷം പ്രകടിപ്പിക്കേണ്ടതായിരുന്നു. യു.ഡി.എഫ്. സർക്കാർ നടപ്പാക്കിയ ആസ്തി വികസന ഫണ്ട് 5 കോടി രൂപ കാരണം 2013 മുതൽ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണെന്നാണ് പറഞ്ഞിരുന്നത്. കഴിഞ്ഞ

5 വർഷക്കാലം എന്റെ മണ്ഡലത്തിലെ 8 മുതൽ 12 വരെയുള്ള സ്കൂളുകളിലെ ഒരു ക്ലാസ്സ് മുറിയും ഹൈടെക് ആക്കിയിട്ടില്ല. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വിദ്യാഭ്യാസ വകുപ്പുമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് മൂന്നുനാല് സ്കൂളുകളിൽ ഈ പ്രഖ്യാപനം നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. 45,000 ക്ലാസ് മുറികളാണ് ഹൈടെക് ആക്കിയത്. കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് സമഗ്രമായ മാറ്റങ്ങൾക്ക് തുടക്കംകുറിച്ച സഖാവ് ഇ.എം.എസ്. നേതൃത്വം നൽകിയ പ്രഥമ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിലെ എം.എൽ.എ. ആയിരുന്ന പി. കെ. കോരു മാഷ്. അദ്ദേഹം പ്രധാന അദ്ധ്യാപകനായിരുന്ന മുല്ലശ്ശേരി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലും 1957-ലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന മുണ്ടശ്ശേരി മാഷിന്റെ പേരിലുള്ള കണ്ടശ്ശാങ്കടവ് ഹയർ സെക്കന്ററി സ്കൂളിലും 5 കോടി രൂപ വീതമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്.

കേരളത്തിന് നഷ്ടപ്പെട്ട ഹരിതാഭ തിരിച്ചുപിടിക്കാൻ ഹരിതകേരളം വഴിതുറന്നിരിക്കുകയാണ്. മണ്ണും വെള്ളവും വായുവും സംരക്ഷിക്കാൻ സർക്കാർ ശ്രദ്ധാപൂർവ്വം പദ്ധതി നടപ്പിലാക്കുകയാണ്. യു.ഡി.എഫ്. ഭരണത്തിൽ "ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാദ്ധ്യമാണോയെന്ന് " ചോദിക്കുമ്പോൾ അസാദ്ധ്യമാക്കുന്ന വിധത്തിലായിരുന്നു. അന്ന് കേരളം എന്തായിരുന്നു? ഹരിത കേരളമായിരുന്നില്ല, ആ കേരളം സരിത കേരളമായിരുന്നു. ഇന്ന് കേരളം ഹരിത കേരളമായി മാറിയിരിക്കുകയാണ്. അന്നം നൽകുന്ന നെൽകർഷകർക്ക് ആത്മവിശ്വാസം പകരുന്ന ധാരാളം പദ്ധതികൾ ഈ ബഡ്ജറ്റിലുണ്ട്. ഒരു ടൺ നെല്ല് ഉൽപ്പാദിപ്പിക്കുന്ന കർഷകന് 7,800 രൂപ സർക്കാർ ഇൻസെന്റീവായി കൊടുക്കുന്നത് ബഹുമാന്യനായ പിണറായി വിജയൻ ഭരിക്കുന്ന കേരളത്തിലല്ലാതെ ഇന്ത്യാ മഹാരാജ്യത്തിലെ ഏത് സംസ്ഥാനത്തിലുണ്ട്? ഒരു ടൺ നെല്ലിന് 7,800 രൂപ സൗജന്യമായി സർക്കാർ കൊടുക്കുകയാണ്. ഇതിന്റെ ഭാഗമായി ഈ വർഷം എന്റെ മണ്ഡലത്തിൽ 2500 ഏക്കർ നിലങ്ങളിൽ 'ഡബിൾ കോൾ പദ്ധതി' എന്ന പേരിൽ ഇരിപ്പൂ കൃഷി മുന്നോട്ട് കുതിക്കുകയാണ്. തൃശ്ശൂരിൽ റൈസ് പാർക്ക് സ്ഥാപിക്കുമെന്ന ഈ ബഡ്ജറ്റിലെ പ്രഖ്യാപനം തരിശു ഭൂമികളിൽ അല്ലെങ്കിൽ ഇരിപ്പൂ കൃഷിയിലേയ്ക്ക് നെൽകർഷകർ പോകുന്നതിന് വളരെ സഹായകരമായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്.

അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. പരാജയപ്പെട്ടു. മൂന്ന് സംസ്ഥാനങ്ങളിൽ കോൺഗ്രസ് ജയിച്ചു. അതുകൊണ്ട് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പി.യെ പരാജയപ്പെടുത്താൻ കോൺഗ്രസ് മാത്രമേയുള്ളൂവെന്ന് പറഞ്ഞത് മുസ്ലീം ലീഗിന്റെ താത്വികാചാര്യൻ ശ്രീ. കെ. എൻ. എ. ഖാദർ ആണ്. അതുകേട്ടപ്പോൾ കോൺഗ്രസിന്റെ മനസ്സിൽപ്പോലും ലഡു പൊട്ടിയിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. കോൺഗ്രസിന്റെ ശക്തിയാണെങ്കിൽ

എന്തുകൊണ്ട് രണ്ട് സംസ്ഥാനത്ത് കോൺഗ്രസ് പരാജയപ്പെട്ടു? എവിടെയെല്ലാം കോൺഗ്രസിനും ബി.ജെ.പി.ക്കും എതിരായ പ്രാദേശിക പാർട്ടികളുണ്ടോ അവിടെ കോൺഗ്രസിന് പച്ചപിടിക്കാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. എൽ.ഡി.എഫ്. നല്ല എഞ്ചിനാണ്. പക്ഷേ ബോഗിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. മനോഹരമായ എത്ര ബോഗിയുണ്ടായാലും അവ ചലിക്കണമെങ്കിൽ ഏറ്റവും ശക്തമായൊരു എഞ്ചിൻ വേണം. മതനിരപേക്ഷതയിൽ ഉറച്ചുനിന്ന് നവോത്ഥാന മൂല്യങ്ങൾ സംരക്ഷിച്ച് ജനാധിപത്യ പാതയിലൂടെ വികസന കുതിപ്പിലേയ്ക്ക് നീങ്ങുന്നതിന് ഈ എഞ്ചിനില്ലാതെ ഒരൊറ്റ ബോഗിയും ചലിക്കാൻ പോകുന്നില്ലെന്ന് അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ നിങ്ങൾക്ക് ബോദ്ധ്യമാകും. ഇരുപതിൽ ഇരുപത് സീറ്റും നേടിക്കൊണ്ട് ഇടതുപക്ഷ മുന്നണി കേരളത്തിൽ മുന്നോട്ടുവരുന്ന കാഴ്ചകണ്ട് നിങ്ങൾ വിഷമിച്ചിട്ട് കാര്യമില്ല. അമേരിക്കയിലെ മെക്സിക്കൻ ഭീകരവാദം തടയാനെന്ന പേരിൽ മതിൽകെട്ടാൻ പുറപ്പെട്ട ട്രംപ് ഭരണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. സ്ത്രീ പുരുഷ സമത്വം ഉയർത്തി നവോത്ഥാന മൂല്യങ്ങൾ നെഞ്ചിലേറ്റി ജനുവരി 1-ന് ലക്ഷക്കണക്കിന് സ്ത്രീകൾ അണിനിരന്ന വനിതാ മതിലിനെ നിങ്ങൾ വർഗ്ഗീയമതിൽ എന്നാണ് പ്രചരിപ്പിച്ചത്. മുസ്ലീം ലീഗും അവരുടെ ബി ടീമായ ഇ. കെ. സുന്നി വിഭാഗവും ഫത്‌വയും ഭീഷണി ഉയർത്തിയിട്ടും രണ്ടര ലക്ഷം വനിതകളാണ് മലപ്പുറത്ത് അണിചേർന്നത്. മലപ്പുറത്ത് അണിചേർന്ന വനിതകളിൽ നല്ലൊരു പങ്കും മുസ്ലീം സ്ത്രീകളാണ്. ലീഗ് കോട്ടകളെ അമ്പരിപ്പിച്ചുകൊണ്ടാണ് അവിടെ വനിതാ മതിൽ നടന്നത്. ലീഗ് ഭരിക്കുന്ന പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് പറമ്പൻ മിഥുന, ലീഗ് വനിതാ നേതാവും വളാഞ്ചേരി മുൻ നഗരസഭാ അദ്ധ്യക്ഷയുമായ മുണ്ടശ്ശേരി ഷാഹിന തുടങ്ങിയവർ വനിതാ മതിലിൽ അണിചേർന്നപ്പോൾ അവരെല്ലാം വർഗ്ഗീയവാദികൾ ആണെന്നാണോ ഈ മതിലിനെ വർഗ്ഗീയ മതിൽ എന്നുവിളിച്ചുകൊണ്ട് നിങ്ങൾ പറയുന്നത്? എങ്കിൽ അവരെ പുറത്താക്കു. എന്താണ് കോൺഗ്രസ്സിന്റെ അവസ്ഥ? ലോക്സഭാ തെരഞ്ഞെടുപ്പിൽ 16 സീറ്റ് കിട്ടുമെന്ന സർവ്വേയിൽ മുങ്ങി കോൺഗ്രസ്സുകാർ സ്വപ്നം കാണുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ ജനക്ഷേമ നടപടികൾമൂലം നിരാശയിൽ മുങ്ങിപ്പോയ സ്വന്തം അണികൾക്ക് ഒരു മൃതസഞ്ജീവനി എന്ന നിലയിൽ സർവ്വേ നടത്തിക്കൊടുത്തതാണ്. പക്ഷെ ഭസ്മാസുരന് വരംകൊടുത്ത അനുഭവമാണ് കോൺഗ്രസ്സിന് ഉണ്ടായിരിക്കുന്നത്. ഇനി മത്സരിക്കാനില്ലെന്ന് പറഞ്ഞിരിക്കുന്ന ആളുകൾക്കെല്ലാം അൽപ്പം മോഹം വന്നിരിക്കുകയാണ്. 5 സീറ്റ് ചോദിച്ച യുവതുർക്കികളോട് പറഞ്ഞ കാര്യമെന്താണ്? മക്കളേ നേരമായിട്ടില്ല, ഞങ്ങളുടെ കാലമൊക്കെ കഴിയട്ടെ എന്നാണ് ശ്രീ. കെ. വി. തോമസ് അടക്കമുള്ള ആളുകൾ പറഞ്ഞത്. അതുകൊണ്ട് സ്ഥാനാർത്ഥി പ്രളയംമൂലം കോൺഗ്രസ്സിനുണ്ടാകുന്ന ദുരിതം പരിഹരിക്കാൻ ഈ ബഡ്ജറ്റിൽ 10 പൈസ മാറ്റിവച്ചിട്ടില്ലെന്ന കാര്യം നന്നായി മനസ്സിലാക്കുക. യു.ഡി.എഫ്.

സ്വപ്നലോകത്താണ്. ആകാശത്ത് മേഘപാളികൾക്കിടയിലൂടെ ഒരു സ്വപ്നാടകനെപ്പോലെ പറന്നുനടന്ന പി. ആർ. ആകാശ് അവസാനം യാഥാർത്ഥ്യം മനസ്സിലാക്കി മണ്ണിൽ ഇറങ്ങിവന്ന് ഞാൻ പി.ആർ. ആകാശല്ല, 'ഞാൻ പ്രകാശൻ' എന്നുപറഞ്ഞ എന്റെ പ്രിയപ്പെട്ട സുഹൃത്ത് കൂടിയായ ശ്രീ. സത്യൻ അന്തിക്കാടിന്റെ ആ കഥാപാത്രത്തിന്റെ അവസ്ഥയിലാണ് ഇപ്പോൾ യു.ഡി.എഫ്. നിൽക്കുന്നത്. നിങ്ങൾ യാഥാർത്ഥ്യം ഉൾക്കൊള്ളണം. കേരളം മാറുകയാണ്. മാറ്റങ്ങൾ വെറുതെ ഉണ്ടാകുന്നതല്ല. പച്ചവെള്ളത്തെക്കാൾ എത്രയോ മെച്ചപ്പെട്ട അവസ്ഥയാണ് നീരാവിക്കുള്ളത്. ആ നീരാവിയിൽ നിന്നാണല്ലോ ആവി എഞ്ചിൻ കണ്ടുപിടിച്ചത്. അതാണല്ലോ വ്യാവസായിക രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയത്. അപ്പോൾ പച്ചവെള്ളത്തെക്കാൾ മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് നീരാവിയായി വന്നത് വെറുതെ ഉണ്ടായതല്ല. തിളപ്പിക്കലെന്ന ഇടപെടൽ വഴിയാണ്; ചൂടാക്കി ബോയിലിംഗ് പോയിന്റിൽ എത്തുമ്പോഴാണ് പച്ചവെള്ളം നീരാവിയാകുന്നത്. അപ്പോൾ ഇടപെടലുകളാണ് മാറ്റമുണ്ടാക്കുന്നത്. ഇത് സമൂഹത്തിനും ബാധകമായ ഒരു കാര്യമാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് വർദ്ധിപ്പിക്കണം. പ്രൊമോട്ടർമാരുടെ വേതനം വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ എടുക്കേണ്ടതുണ്ട്. വിവിധ മേഖലകളിൽ മികവ് തെളിയിക്കുന്ന ഭിന്നശേഷിക്കാർക്ക് സ്റ്റീഫൻ ഹോക്കിംഗ്സിന്റെ പേരിൽ ഒരു ഫെല്ലോഷിപ്പോ അവാർഡോ ഏർപ്പെടുത്തുന്നത് നന്നായിരിക്കും. സ്വാമി വിവേകാനന്ദൻ കേരളത്തെ വിശേഷിപ്പിച്ചതുപോലെ ഭ്രാന്താലയമാക്കാനും പിറകോട്ട് പിടിച്ചുവലിക്കാനും നടന്ന യു.ഡി.എഫ്. ഭരണത്തിൽ നിന്ന് വ്യത്യസ്തമായി വിവിധ ഇടപെടലുകൾവഴി ഇന്ത്യയുടെ മുന്നിലും ലോകത്തിന്റെ നെറുകയിലേയ്ക്കും കേരളത്തെ എത്തിക്കാൻ നടത്തിയ എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്ന, പ്രളയക്കെടുതിയിലും ജനക്ഷേമത്തിന്റെ പ്രളയജലം ഒഴുക്കുന്ന ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനെ ഒരിക്കൽക്കൂടി സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്മേലുള്ള ചർച്ചയുടെ അവസാന ദിവസമാണിന്ന്. ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾ പറയുന്ന അഭിപ്രായങ്ങൾ കേട്ട് മറുപടി പറയേണ്ട മന്ത്രിമാരിൽ എത്രപേരാണ് ഇവിടെയുള്ളത്? ഡോ. ടി. എം. തോമസ് ഐസക്കും ശ്രീ. എ. കെ. ബാലനും മാത്രമാണുള്ളത്; ബാക്കിയുള്ളവർ എവിടെപ്പോയി? മന്ത്രിമാർ നിയമസഭയോട് മര്യാദ കാണിക്കാൻ തയ്യാറാകണ്ടേ? ഞാൻ നിങ്ങളെക്കുറിച്ച് വിമർശിച്ചാൽ എങ്ങനെ മറുപടി പറയും? ഞാൻ കുറച്ച് വർഷങ്ങളായി സഭാംഗമാണ്. അതുകൊണ്ടാണ് പറയുന്നത്. സാമാന്യനീതി എന്നുപറയുന്ന ഒരു മര്യാദയുണ്ട്.

ഉദ്യോഗസ്ഥ ഗ്യാലറിയിൽ ചീഫ് സെക്രട്ടറിയുണ്ടോ? ധനകാര്യ വകുപ്പ് സെക്രട്ടറിയുണ്ടോ? ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിന്മേലുള്ള ചർച്ചയാണ് ഇവിടെ നടക്കുന്നത്. മെമ്പർമാർ പറയുന്ന കാര്യങ്ങൾക്ക് തീരുമാനമെടുത്ത് നടപ്പാക്കേണ്ട ഐ.എ.എസ് ഉദ്യോഗസ്ഥരിൽ ഒരാളും ഇല്ല. എന്തിനാണ് ഇങ്ങനെയൊരു ബഡ്ജറ്റും ഗവൺമെന്റും? ഞാൻ ഒരു കാര്യം മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. പാർലമെന്റ് തെരഞ്ഞെടുപ്പ് വരികയാണ്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റ് ഒരു തെരഞ്ഞെടുപ്പ് ബഡ്ജറ്റല്ലെന്നുള്ള സത്യം എല്ലാവരും അംഗീകരിക്കണം. പക്ഷേ ഒരു കാര്യമുണ്ട്. രാഹുൽ ഗാന്ധി അധികാരത്തിൽ വരണമെന്നാണ് എന്റെ ആഗ്രഹം, സംശയമില്ല. അതിന് അനുകൂലമായി വോട്ട് ചെയ്യണമെന്നാണ് നിങ്ങളും തീരുമാനിച്ചിട്ടുള്ളത്. ത്രികോണ മത്സരം വരുന്നതുകൊണ്ട് സത്യത്തിൽ അങ്ങനെ സംഭവിക്കാനുള്ള സാദ്ധ്യത കുറവാണെന്ന് പറഞ്ഞാൽ സമ്മതിക്കുമോ? പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമ്മൾ തമ്മിൽ മത്സരം വേണ്ട. നിങ്ങൾ സീറ്റ് അങ്ങോട്ടുമിങ്ങോട്ടും വീതിച്ചിട്ട് നിന്നാൽപ്പിന്നെ വലിയൊരു മത്സരം ഒഴിവാക്കാൻ സാധിക്കില്ലേ?

ഒരുകാര്യംകൂടി എനിക്ക് പറയാനുണ്ട്. കേരളത്തിലെ അഞ്ചാമത്തെ വിമാനത്താവളമായ ശബരി എയർപോർട്ടിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞതാണ്. ആ വിമാനത്താവളത്തിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ച് സ്ഥലമെടുപ്പ് നടപടിയിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നീങ്ങിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ segregate ചെയ്തുകൊണ്ട് മനഃപൂർവ്വം ആ വിമാനത്താവളം ഹിന്ദു സമുദായത്തിന് എതിരാണെന്ന് വരുത്തിത്തീർക്കാൻ ചില ആളുകൾ ബോധപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ശബരിമലയെ ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിക്കുന്നതിന്റെ ഭാഗമാണ് ശബരി എയർപോർട്ടെന്ന് വരുത്തിത്തീർക്കാനുള്ള നീക്കമാണ് അവർ നടത്തുന്നത്. അതല്ല എന്ന് ആ നാട്ടുകാരനായ എം.എൽ.എ. എന്നുള്ള നിലയ്ക്ക് എനിക്ക് പറയാൻ കഴിയും. ശബരി എയർപോർട്ട് എന്നുപറയുന്നത് പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ നാല് ജില്ലകളിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഒരു വിമാനത്താവളമാണ്. ശബരിമലയുടെ വിശ്വാസ സംരക്ഷണത്തിന് ഞാൻ ചെയ്തതുപോലെ യുദ്ധം വേറെയാരും ചെയ്തിട്ടില്ല. അതുകൊണ്ട് ആ വിമാനത്താവളത്തെക്കുറിച്ച് പറയാൻ എനിക്ക് അധികാരമുണ്ട്. ആ വിമാനത്താവളത്തെ വർഗ്ഗീയവൽക്കരിക്കാൻ ശ്രമിക്കുന്ന ശക്തികൾ ഈ നാടിനോട് ചെയ്യുന്ന ശാപമാണെന്നുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ

സാധാരണക്കാർക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. പ്രളയം കഴിഞ്ഞ് അഞ്ചര മാസം കഴിഞ്ഞ് അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റ് എന്ന നിലയിൽ പുനർനിർമ്മാണ പ്രവൃത്തികൾക്ക് ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ അതുണ്ടായില്ല. അത് ഏറെ നിരാശയുണ്ടാക്കുന്ന ഒന്നാണ്. പ്രളയബാധിത പ്രദേശങ്ങളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്ക് ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കേണ്ടിയിരുന്നു. അല്ലെങ്കിൽത്തന്നെ അത്തരം പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണ സാമഗ്രികൾക്കും കരാർ നൽകുന്നതിനുമടക്കം ചുമത്തുന്ന ജി.എസ്.ടി.യിൽ സംസ്ഥാന വിഹിതം ഒഴിവാക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ലെന്നുള്ളത് ചൂണ്ടിക്കാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിൽ സൂചിപ്പിച്ചതുപോലെ, സെസ് ചുമത്താനുള്ള നടപടികൾ സ്വീകരിക്കുന്നു. ഇത് വൻവിലക്കയറ്റത്തിന് കാരണമാകുമെന്നത് യാഥാർത്ഥ്യം തന്നെയാണ്. മരുന്നുകൾ, പായ്ക്കറ്റ് ഭക്ഷണസാധനങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ തുടങ്ങിയവയ്ക്കെല്ലാം വില കൂടുന്ന സാഹചര്യത്തിലെത്തും. അതോടൊപ്പം സർക്കാർ സേവനങ്ങൾക്ക് അഞ്ച് ശതമാനം ഫീസ് വർദ്ധിപ്പിക്കാനുള്ള തീരുമാനവും സർക്കാർ എടുത്തിരിക്കുകയാണ്. സാധാരണക്കാർക്ക് പ്രയാസമുണ്ടാക്കുന്ന ഇത്തരം നടപടികളിൽ ഗവൺമെന്റ് പുനർചിന്തനം നടത്തണം. അതോടൊപ്പം മരുന്നുകൾക്ക് സെസ് ചുമത്തുന്നതിൽ നിന്നും പിന്മാറാൻ ഗവൺമെന്റ് തയ്യാറാകണം. ഒരുവശത്തുകൂടി ഇത്തരത്തിലുള്ള നികുതി നിർദ്ദേശങ്ങൾ വരുമ്പോൾ മറുഭാഗത്ത് ധൂർത്ത് നടക്കുകയാണ്. കോവളത്ത് കൊല്ലപ്പെട്ട ലിത്വാനിയ യുവതിയുടെ കുടുംബത്തിന് 5 ലക്ഷം രൂപ സർക്കാർ സഹായം നൽകി. കൊല്ലപ്പെട്ട യുവതിയുടെ സഹോദരിക്ക് യാത്രയയ്പ്പ് ചടങ്ങ് സംഘടിപ്പിച്ചതിന് ചെലവാക്കിയത് 2.5 ലക്ഷം രൂപയാണ്. അതായത് കൊടുത്ത സഹായത്തിന്റെ നേർപകുതി ഒരു പരിപാടിക്ക് ചെലവാക്കിയിരിക്കുന്നു. ഗവൺമെന്റിന്റെ 1000 ദിനങ്ങൾ പൂർത്തിയാക്കുന്നതിന്റെ ആഘോഷ പരിപാടികൾക്ക് 10 കോടി രൂപയാണ് ചെലവഴിക്കുന്നത്. ഭവനരഹിതരായ അനവധിപേർ ഈ രാജ്യത്തുണ്ടെന്നുള്ളത് ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ടതാണ് കർഷകരുടെ വിഷയം. കാർഷികവിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ വളരെയധികം ചർച്ച ചെയ്ത ഒന്നാണ്. കർഷകർക്കുണ്ടായ നഷ്ടത്തിന് ഒരു പ്രത്യേക പാക്കേജ് ഈ ബഡ്ജറ്റിൽ ഉണ്ടാകേണ്ടിയിരുന്നു; അത് ഉണ്ടായിട്ടില്ല. നാണ്യവിളകൾ നശിച്ച കർഷകർക്ക് കൃഷി പുനരാരംഭിക്കാനുള്ള സഹായമുണ്ടാകും. പക്ഷേ അവർക്ക് വരുമാനം ലഭിക്കാൻ കാലതാമസമെടുക്കും. ആ ഗ്യാപ് നികത്താൻ എന്ത് ചെയ്യും? അവർക്കുണ്ടായ വരുമാന നഷ്ടങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇതിൽ പരാമർശിച്ചിട്ടില്ലെന്നുള്ളത് സൂചിപ്പിക്കട്ടെ. നെൽകർഷകരും ക്ഷീരകർഷകരും അതിലുൾപ്പെടും. പ്രളയദുരന്തത്തിൽപ്പെട്ട പ്രദേശങ്ങളിലെ കർഷകർക്ക് ഒരു പ്രത്യേക പാക്കേജ് ഉണ്ടാകേണ്ടിയിരുന്നു. റബ്ബറിന്റെ താങ്ങുവിലയ്ക്ക് ഈ വർഷത്തെ ബഡ്ജറ്റിൽ 500 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിലും 500 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. അതിൽ നിന്നും ഒരുരൂപ പോലും ഇത്തവണ വർദ്ധിപ്പിക്കാൻ

നിങ്ങൾ തയ്യാറായിട്ടില്ല. ഇവിടെ ഉല്പാദനച്ചെലവ് വർദ്ധിച്ചിട്ടുണ്ട്. റബ്ബറിന്റെ വില താഴേയ്ക്ക് തന്നെയാണ് പോയിക്കൊണ്ടിരിക്കുന്നത്. നല്ല രീതിയിലുള്ള വ്യതിയാനങ്ങളുണ്ടാകുന്നു. അത് വർദ്ധിപ്പിക്കാനുള്ള നടപടിയുണ്ടാകണം.

അനവധി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം-കാസർഗോഡ് സമാന്തര റെയിൽപ്പാതയ്ക്ക് 55000 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾ പ്രഖ്യാപിക്കുമ്പോൾ നേരത്തെ പ്രഖ്യാപിച്ച തിരുവനന്തപുരം-കോഴിക്കോട് മോണോറെയിൽ പദ്ധതി എന്തായി എന്നുള്ളതിനെക്കുറിച്ച് ചിന്തിക്കണം. കിഫ്ബി 2017 നവംബർ മാസത്തിൽ 900 കെ.എസ്.ആർ.ടി.സി. ബസ്സുകൾ വാങ്ങാൻ അനുമതി കൊടുത്തു. അതിൽ ഏതെങ്കിലുമൊരു ബസ് വാങ്ങിയിട്ടുണ്ടോ? വിഭവ രഹിത സ്വപ്ന പദ്ധതികൾ മാത്രമാണ് ഈ ബഡ്ജറ്റിലുള്ളത്. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ സർക്കാരിന്റെ നയവൈകല്യങ്ങൾകൊണ്ട് മനുഷ്യ വിഭവശേഷി ഉപയോഗപ്പെടുത്താൻ കഴിയാത്തതിനാൽ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫേസ് ബുക്ക് പോസ്റ്റിൽ പി.എസ്.സി. നിയമനങ്ങൾ ത്വരിതഗതിയിലാക്കുന്നുവെന്നതിനെ വിമർശിച്ചുകൊണ്ട് പോസ്റ്റിട്ടത് ഞങ്ങളാരുമല്ല, ഈ രാജ്യത്തെ ലക്ഷക്കണക്കിന് തൊഴിലന്വേഷകരായ ചെറുപ്പക്കാരാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം പിൻവാതിൽ നിയമനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലമായ പിറവം അടക്കമുള്ള പ്രദേശങ്ങളെ പ്രളയം ബാധിച്ചതാണ്. അവിടെ അനവധി റോഡുകളും ഒരു തൂക്കുപാലവും ഒലിച്ചുപോയി. പ്രളയം ബാധിച്ച എല്ലാ പ്രദേശങ്ങൾക്കും പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ തുക വകയിരുത്തണം. പ്രളയബാധിത പുനരധിവാസത്തിനായി വ്യക്തികളും സന്നദ്ധ സംഘടനകളും നൽകുന്ന ഭൂമിക്ക് മുദ്രവില ഒഴിവാക്കിയിട്ടുണ്ട്. അതിന്റെ കാലാവധി 2019 മാർച്ച് 31-ന് അവസാനിക്കുകയാണ്. അത് ദീർഘിപ്പിക്കാനുള്ള നടപടിയുണ്ടാകണം. യാഥാർത്ഥ്യ ബോധമില്ലാത്ത, വിലക്കയറ്റം സൃഷ്ടിക്കുന്ന ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പരിപൂർണ്ണമായും ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കഴിഞ്ഞ വർഷം ലോകം കണ്ട ഏറ്റവും വലിയ പ്രകൃതിദുരന്തത്തിന് ഇരയായ സംസ്ഥാനത്തിന് അർഹമായ സഹായവും വായ്പയെടുക്കാനുള്ള അവസരവും നിഷേധിച്ച കേന്ദ്രഭരണത്തിന്റെ ക്രൂരതയുടെ പശ്ചാത്തലത്തിൽ നികുതിഭാരം കൂടാതെ കേരളത്തെ മുന്നോട്ടുനയിക്കാനുള്ള സാമ്പത്തിക കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളെത്തുടർന്നാണ് വമ്പിച്ച ജനകീയ പിന്തുണയോടെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്.

ഇത് യു.ഡി.എഫ്.കാർക്കും നന്നായിട്ടറിയാം. പിണറായി സർക്കാർ അധികാരത്തിലെത്തുമ്പോൾ കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളും ക്ഷേമ പെൻഷൻ ലഭിക്കേണ്ടവരും കൃഷിക്കാരും ഒരു പഴയ സിനിമാ പാട്ടിലുള്ളതുപോലെ "നയാപൈസയില്ല, കയ്യിൽ നയാപൈസയില്ല, നഞ്ചു വാങ്ങിത്തിന്നാൻപോലും നയാപൈസയില്ല" എന്ന അവസ്ഥയിലായിരുന്നു. ബാദ്ധ്യതകൾ തീർക്കുന്നതിനും ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കുന്നതിനും ഫണ്ട് നീക്കിവയ്ക്കാതിരുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെല്ലാം പരിഹരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പിന്നിട്ട വർഷങ്ങളിലും ഇപ്പോഴും ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഈ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ അവസ്ഥയെന്താണ്? തൊഴിൽതേടിയും മറ്റും പുറത്തുപോയി തിരിച്ചുവരുന്നവർക്ക് അവരുടെ ജന്മനാടിനെയും കേരളത്തെയും തിരിച്ചറിയാൻ കഴിയാത്തത്ര വലിയ മാറ്റമല്ലേ ഉണ്ടായിട്ടുള്ളത്? 'മുറ്റത്തെ മുല്ലയ്ക്ക് മണമില്ല' എന്നുപറയുന്നതുപോലെ യു.ഡി.എഫ്.കാർ അവരുടെ സ്വന്തം മണ്ഡലങ്ങളിൽ ഇത് കാണുന്നില്ല. മറ്റൊരു മണ്ഡലത്തിലേയ്ക്ക് പോകുമ്പോൾ അവർക്കത് ബോദ്ധ്യപ്പെടും. കേരളത്തിലുണ്ടായ ഈ മാറ്റം, ഈ യാഥാർത്ഥ്യം അംഗീകരിക്കാൻ ഇന്ന് യഥാർത്ഥത്തിൽ ആർക്കാണ് കഴിയാത്തത്? ഒരു ബഡ്ജറ്റുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കകത്ത് എന്തെങ്കിലും പ്രസംഗിക്കുന്ന രാഷ്ട്രീയ നിലപാട് ശരിയാണോ? കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ ഒരുമിച്ച് പരിശ്രമിക്കുമ്പോൾ ഇത്തരമൊരു മാറ്റമുണ്ടായി, ഇനി ഇന്നത് വേണമെന്നുപറയുന്ന ഒരു സമീപനത്തിലേയ്ക്ക് കേരളം മാറണ്ടേ? രാഷ്ട്രീയമെന്നുപറഞ്ഞാൽ രാഷ്ട്രസംബന്ധികാ വിഷയമാണ്. കക്ഷി രാഷ്ട്രീയത്തിന്റെ അടിസ്ഥാനത്തിൽ ബലാബലം പരിശോധിക്കുന്ന വേദിയല്ല ഈ ബഡ്ജറ്റ് ചർച്ചയുടെ അവസരമെന്നാണ് എന്റെ കാഴ്ചപ്പാട്. തീർച്ചയായും ആ നിലയിലാണ് കാണേണ്ടത്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇവിടെ മറ്റുപലരും സൂചിപ്പിച്ചതുപോലെ ഒരു റോഡ് കിട്ടാൻ പരിശ്രമിച്ച ഒരാളാണ് ഞാൻ. 5 വർഷം കാത്തിരുന്നു. മാത്രമല്ല, അതിനുശേഷം വൺ ടൈം ആയി 5 കോടി രൂപ എല്ലാ യു.ഡി.എഫ്. എം.എൽ.എ.മാർക്കും കൊടുത്തു. കോഴിക്കോട് ജില്ലയിലെ മൂന്ന് എം.എൽ.എ.മാർ ഒഴികെ ബാക്കിയാർക്കും ഒരു പൈസയും കിട്ടിയില്ല. അങ്ങനെ ഞങ്ങളൊരുമിച്ച് അന്ന് പ്രക്ഷോഭണരംഗത്തേയ്ക്കുവന്ന് പ്രശ്നങ്ങളുന്നയിച്ചപ്പോഴാണ് ഒന്നരക്കോടി രൂപ ലഭിച്ചത്. ഇവിടെ ഞങ്ങളുടെ അവകാശമാണ് എന്നുപറഞ്ഞല്ലോ; ഈ അവകാശം ബോദ്ധ്യപ്പെടേണ്ടതാണ്. കോൺഗ്രസിന് ആ അവകാശബോധം പണ്ടേ ഇല്ല എന്നതിന്റെ അടിസ്ഥാനത്തിലാണല്ലോ വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ ഇൻഡ്യയിൽ നിന്ന് വേറിട്ടുപോകുന്ന നിലയിലേയ്ക്ക് ചിന്തിക്കുന്ന സാഹചര്യമുണ്ടായത്. അത് വികസനത്തെ എങ്ങനെ കാണണമെന്ന കാഴ്ചപ്പാടില്ലാത്തതിന്റെ അടിസ്ഥാനത്തിലാണ്.

കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതിന് അടിവരയിടുകയായിരുന്നു. ഇവിടെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ്, ഡോ. ടി. എം. തോമസ് ഐസക് കിഫ്ബിയിലൂടെ എല്ലാവരും ചോദിച്ചതിന്റെ അടിസ്ഥാനത്തിൽ ആനുപാതികമായി എല്ലാവർക്കും ഒരുപോലെ നൽകി. നീതിനിഷേധത്തിന്റെ പ്രശ്നമില്ല. തീർച്ചയായും ആ അവകാശബോധമാണ് നിങ്ങൾക്കുണ്ടാകേണ്ടത്. ഇപ്പോഴല്ല, ഭരിക്കുമ്പോഴും. പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങനെയൊരു ബോധവും ഭരണപക്ഷത്തിരിക്കുമ്പോൾ വേറൊരു ബോധവുമല്ല ഉണ്ടാകേണ്ടത്. ആ സമീപനം ഉണ്ടാകണം. അത് ഉണ്ടായില്ലെന്ന വിമർശനം ഞാനിവിടെ ഉന്നയിക്കുകയാണ്. അത് നിങ്ങൾക്ക് ഇനിയെങ്കിലും ബോദ്ധ്യപ്പെടണം. ശ്രീ. വി. ടി. ബൽറാം ഉൾപ്പെടെ ഉന്നയിച്ച അവകാശം നിങ്ങൾക്ക് ബോദ്ധ്യപ്പെടേണ്ടതാണ്. ഇവിടെയുണ്ടായ മാറ്റങ്ങളെക്കുറിച്ച് മറ്റുപലരും സൂചിപ്പിക്കുകയുണ്ടായി. സമയക്കുറവുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. മുടങ്ങിക്കിടന്നിരുന്ന തീരദേശ റോഡ്, തീരദേശ ഹൈവേ, മലയോര ഹൈവേ, ദേശീയപാത, ജലപാത, ഗെയിൽ എന്നിവയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ തുടങ്ങിയിരിക്കുകയാണ്. സ്ഥലം ഒരുക്കിക്കൊടുക്കുന്നതിൽ ജനപ്രതിനിധികളുടെ സഹായവുംകൂടി ഉണ്ടായിരുന്നെങ്കിൽ ഇതിനേക്കാൾ വേഗതയിൽ ഇവയൊക്കെ മുന്നോട്ടുപോകുമായിരുന്നു. ഇന്ത്യ റിപ്പബ്ലിക് ആയതിനുശേഷം ഒരു വലിയ മാറ്റം കേരളം സൃഷ്ടിക്കുകയാണ്. തീർച്ചയായും അത് അംഗീകരിക്കാൻ പ്രതിപക്ഷ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് കഴിയണ്ടേ? ഇവിടത്തെ യഥാർത്ഥ പ്രശ്നം എന്താണെന്ന് കാണാതെ അവർ മാറിനിൽക്കുകയാണ്. ഈ പ്രശ്നങ്ങളെ മറികടക്കാനുള്ള ഭാഗമായാണ് ബി.ജെ.പി.യുടെ പിന്നാലെ രാമനാമജപവുമായി അവർ മുന്നോട്ടുപോയത്. അതിനോടൊപ്പം അവർ വിളിച്ചത് ശ്രീ. പിണറായി വിജയനെതിരെയുള്ള മുദ്രാവാക്യമായിരുന്നു. അതിൽനിന്ന് മാറണം. എന്താണ് കോൺഗ്രസിന്റെ പഴയകാല ചരിത്രമെന്ന് ഇന്നലെ ബഹുമാനപ്പെട്ട മെമ്പർ മുല്ലക്കര രത്നാകരൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ക്ഷേമരാഷ്ട്രത്തെക്കുറിച്ചും രാമരാജ്യത്തെക്കുറിച്ചും സ്വപ്നം കാണുകയും അത് പ്രസംഗിക്കുകയും ചെയ്ത കോൺഗ്രസ് അതിൽനിന്ന് പുറകോട്ടു പോയതുകൊണ്ടാണ് ഇന്നത്തെ അവസ്ഥയിലെത്തിയത്. നമ്മുടെ രാജ്യത്തെക്കുറിച്ച് പഠിക്കാനും പുതിയ തലമുറയെ പഠിപ്പിക്കാനുമുള്ള പരിശ്രമം നടത്തണം. അതുകൊണ്ടാണ് അറിഞ്ഞോ അറിയാതെയോ പലരും ബി.ജെ.പി.യിലേയ്ക്ക് മാറുന്ന സാഹചര്യമുണ്ടായിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഇ. കെ. വിജയൻ: ഇൻഡ്യയെയും അതിന്റെ ചരിത്രത്തെയും മാറ്റിമറിക്കാൻ ശ്രമിക്കുമ്പോൾ അതിനോടൊപ്പമല്ല ഞങ്ങളെന്ന് പറയേണ്ടതുണ്ട്. 1933-ൽ കറാച്ചിയിൽവച്ച് നമ്മളെടുത്ത തീരുമാനം നിങ്ങൾ മറന്നുപോയോയെന്ന്

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും ശ്രീ. ഉമ്മൻ ചാണ്ടിയോടും ശ്രീ. കെ. പി. ഉണ്ണികൃഷ്ണൻ ചോദിക്കുകയുണ്ടായി. ഇന്നലെ സാന്ദർഭികമായി തിരുവനന്തപുരത്തു വന്നപ്പോൾ അദ്ദേഹം ആവർത്തിച്ചുപറഞ്ഞു, "കുറേപ്പേർ എന്നോട് ഇപ്പോൾ വെറുപ്പിലാണ്" എന്ന്. "പക്ഷെ അത് പറയേണ്ടത് എന്റെ ബാദ്ധ്യതയാണ്. ഈ രാഷ്ട്രത്തിലെ ഒരു പൗരൻ എന്ന നിലയ്ക്ക്, ഒരു ജനാധിപത്യ വിശ്വാസി എന്ന നിലയ്ക്ക് ഒരു കോൺഗ്രസുകാരൻ എന്ന നിലയ്ക്ക് അത് പറയേണ്ടത് എന്റെ ബാദ്ധ്യതയാണ്" എന്ന് ഇന്നലെയും അദ്ദേഹം ആവർത്തിക്കുകയുണ്ടായി. തീർച്ചയായും നിങ്ങൾക്ക് അങ്ങനെയൊരു മനംമാറ്റം ഉണ്ടാകട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് ഈ നാടിന്റെ പുരോഗതിക്കുവേണ്ടി വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടത്തിൽ നിങ്ങൾ ഉറച്ചുനിൽക്കണം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. പക്ഷേ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. അങ്ങയെ എന്തിനാണ് അഭിനന്ദിക്കുന്നതെന്ന് ഞാൻ പറയാം. ആദ്യമായി എനിക്ക് പറയാനുള്ളത് ഇവിടെ പല അംഗങ്ങളും പറഞ്ഞ കാര്യംതന്നെയാണ്. കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് 2 ശതമാനം നികുതിയടച്ച് അടയ്ക്ക കയറ്റി അയയ്ക്കുന്ന വ്യാപാരികൾ ഇപ്പോൾ പുറത്ത് നിൽക്കുന്നുണ്ട്. കാസർഗോഡുനിന്നും മലപ്പുറത്തുനിന്നും മറ്റുപല ജില്ലകളിൽനിന്നും വന്ന ആളുകളാണ്. ഇന്നലെ കുറെ അംഗങ്ങൾ അവരുടെ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ആ ദൗത്യം എന്നെയും അവർ ഏൽപ്പിച്ചിരിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സി.എസ്.ടി. കേന്ദ്ര നിയമമാണ്. ആ നിയമത്തിലെ വ്യവസ്ഥ സി ഫോം കാണിച്ച് നികുതി 2 ശതമാനമാക്കിയില്ലെങ്കിൽ 5 ശതമാനം നൽകേണ്ടിവരും എന്നതാണ്. യഥാർത്ഥ റേറ്റ് എത്രയോ അത് കൊടുക്കേണ്ടിവരും. ഇത് ഭേദഗതി ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരിനില്ല. ആ അധികാരമുണ്ടെന്ന് പറഞ്ഞ് കാഷ്യൂവിന്റെ കാര്യത്തിൽ നമ്മളൊരിക്കൽ ചെയ്തു. എ.ജി. അത് നിശിതമായി വിമർശിക്കുകയും ചെയ്തു. അതിന്റെ പശ്ചാത്തലത്തിൽ ഞാൻ എങ്ങനെയാണ് അത് ചെയ്യുന്നത്?

ശ്രീ. പി. സി. ജോർജ്: സർ, അറുപതോ എഴുപതോ ഗഡുക്കളാക്കി നൽകാൻ പറ്റില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഗഡുക്കളാക്കി നൽകാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഈ വ്യാപാരികൾ മാത്രമല്ല കേരള അഗ്രോ മെഷിനറി കോർപ്പറേഷനും (കാംകോ) ഇങ്ങനെ അടയ്ക്ക കയറ്റി അയച്ചിട്ടുണ്ട്.

എന്നാൽ കാംകോയ്ക്കെതിരെ ജപ്തി നടപടികളൊന്നുമില്ല, വ്യാപാരികൾക്കെതിരെയാണ് നടപടി വന്നിട്ടുള്ളത്. ഒരിക്കലും കൊടുക്കേണ്ടാത്ത നികുതിയാണ് അവരോട് കൊടുക്കാൻ പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ അങ്ങയെ അഭിനന്ദിച്ചത് മറ്റൊന്നിനുമല്ല, ബഡ്ജറ്റിന്റെ കവർ ചിത്രത്തെക്കുറിച്ച് പലരും ഇവിടെ സൂചിപ്പിച്ചു. എനിക്ക് ബാക്ക് പേജിനെക്കുറിച്ചാണ് പറയാനുള്ളത്. അത് 'പച്ച' നിറമാണ്. ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. 'പച്ച'യെക്കുറിച്ച് എന്തെല്ലാം കോലാഹലങ്ങളാണ് ഈ സഭയിൽ ഉണ്ടായിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം. ശ്രീ. പി. കെ. അബ്ദു റബ്ബ് വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ സ്കൂളിന് 'പച്ച' കളർ പെയിന്റടിച്ചു, അതുപോലതന്നെ കുട്ടികളുടെ യൂണിഫോം 'പച്ച' കളറാക്കി, സ്കൂളുകളിലെ ടോയ്ലറ്റുകളിലെ ബക്കറ്റ് 'പച്ച' നിറം, അങ്ങനെ 'പച്ച'യുടെ പേരിൽ എന്തൊക്കെ കോലാഹലങ്ങളാണ് ഇവിടെയുണ്ടാക്കിയത്. അപ്പോൾ 'പച്ച' നിറം മോശമല്ല എന്ന് തെളിയിച്ച അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്.

കാരുണ്യ ബെനവലന്റ് ഫണ്ട് അങ്ങിപ്പോൾ ഇൻഷ്വറൻസ് സ്കീമിൽ കൊണ്ടുവരുന്നുവെന്നു പറഞ്ഞു. അതിന് അങ്ങ് ഇന്നലെ വിശദീകരണവും തന്നു. എനിക്ക് മനസ്സിലാകാത്തതുകൊണ്ട് ഞാൻ ചോദിക്കുകയാണ്, ഉദാഹരണത്തിന് എനിക്ക് പെട്ടെന്ന് ഹൃദ്രോഗബാധയുണ്ടായി, എന്റെ കീശയിലും വീട്ടിലും കാശില്ല. എന്നെ അടുത്തുള്ള പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് കൊണ്ടുപോകുന്നു. ഇപ്പോഴാണെങ്കിൽ എന്റെ കീശയിലും വീട്ടിലും കാശുവേണ്ട, പരിയാരം മെഡിക്കൽ കോളേജിൽ കൊണ്ടുപോയാൽ ബൈപാസ്സോ ആഞ്ചിയോപ്ലാസ്റ്റിയോ എന്തുവേണമെങ്കിലും ചെയ്യാം. രണ്ട് ദിവസംകൊണ്ട് തിരുവനന്തപുരത്തുനിന്ന് പരിയാരം മെഡിക്കൽ കോളേജിലേയ്ക്ക് കാശ് കിട്ടും. ഈ സ്കീം മാറ്റിയാൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോൾ നിർദ്ദേശിക്കുന്ന സ്കീമിൽ ഈയൊരു ഗുണം പാവപ്പെട്ട രോഗികൾക്ക് കിട്ടുമോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, കിട്ടും. ഇൻഷ്വറൻസ് കമ്പനി നേരിട്ട് നൽകുന്നത് ഒരു ലക്ഷം രൂപ മുതൽ രണ്ട് ലക്ഷം രൂപവരെയുള്ള ആനുകൂല്യമാണ്. ബാക്കി മുഴുവൻ ഇന്ന് CHIS PLUS-ഉം കാരുണ്യയും നടക്കുന്നതുപോലെതന്നെ നടക്കും. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, മറ്റൊന്ന് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയെ ഇപ്പോൾ ഭാവി തലമുറ ഓർക്കും. നമ്മുടെ posterity അങ്ങയേയും നന്ദിയോടെ ഓർക്കണം. ഭാവിയിൽ എം.എൽ.എ.മാർക്കും അങ്ങയെ ഓർക്കാനുള്ള എന്തെങ്കിലും ഒന്ന് ചെയ്തുതരണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയെന്തെങ്കിലും വിരോധമുണ്ടായിരുന്നെങ്കിൽ കാരുണ്യ എന്ന പേര് മാറ്റുമായിരുന്നില്ലേ? മൊത്തം പരിപാടിക്കും 'കാരുണ്യ സാർവ്വത്രിക ആരോഗ്യ പരിരക്ഷാ പദ്ധതി'യെന്നല്ലേ പേര് കൊടുത്തിരിക്കുന്നത്. അപ്പോൾ നിങ്ങളെന്തിനാണ് അങ്ങനെ വീക്ഷിക്കുന്നത്?

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എം.എൽ.എ.മാർക്കെല്ലാം അസെറ്റ് ഡെവലപ്മെന്റ് ഫണ്ട് (ADF) തന്നത് ശ്രീ. കെ. എം. മാണിയാണ്. അതുകൊണ്ട് നമ്മളാരും ശ്രീ. കെ. എം. മാണിയെ മറക്കുകയില്ല. അങ്ങ് 'ഐസക് സ്കീം' എന്നൊരു സ്കീം കൊണ്ടുവന്ന് എല്ലാ എം.എൽ.എ.മാർക്കും വർഷത്തിൽ അഞ്ച് കോടി രൂപ നൽകാനുള്ള ഉദാരമനസ്കത കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗ്രാമീണ റോഡുകൾ തകർന്നിരിക്കുകയാണ്. അവ പുനരുദ്ധരിക്കുന്നതിന് പഞ്ചായത്തുകളിൽ ഫണ്ടില്ല. എം.എൽ.എ.മാർക്കാണെങ്കിൽ പഞ്ചായത്തുകൾക്ക് വേണ്ടത്ര ഫണ്ട് കൊടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ആ മഹാമനസ്കത അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ബഡ്ജറ്റിലെ 167-ാമത്തെ ഖണ്ഡികയിൽ 14 മെഡിക്കൽ കോളേജുകൾക്കുംകൂടി 232 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ കാസർഗോഡ് മെഡിക്കൽ കോളേജ് ഉൾപ്പെടുമോ എന്നാണ് എനിക്ക് അറിയാനുള്ളത്.

മറ്റൊന്ന്, ഇവിടെ പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ, കോഴിക്കോട് വിമാനത്താവളത്തിന്റെ കാര്യം പറഞ്ഞപ്പോൾ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞത് മുനീർ സാഹിബിന് parochialism ആണെന്നാണ്. ശ്രീ. എ. എൻ. ഷംസീർ നല്ല oratory-യുള്ള ആളാണ്. അദ്ദേഹത്തിന്റെ oratory-യെയും gift of the gab-നെയുമൊക്കെ ഞങ്ങൾ സല്യൂട്ട് ചെയ്യുന്നു. അദ്ദേഹത്തിന്റെ vocabulary-യിൽ nepotism എന്നൊരു പദംകൂടി കയറ്റിവയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ബഡ്ജറ്റിൽ തെക്കുവടക്ക് സമാന്തര റെയിൽപ്പാത നിർമ്മാണത്തിന് 55,000 കോടി രൂപ വകയിരുത്തിയതായി പറയുന്നുണ്ട്. ഈ പണം വിദേശ വായ്പകളായും നാട്ടിൽനിന്നുള്ള ധനാഗമ മാർഗ്ഗങ്ങളിലൂടെയും കണ്ടെത്തുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിനൊരു പഠനം നടത്തിയിട്ടില്ല, സ്ഥലം ഏറ്റെടുത്തിട്ടില്ല. ധനകാര്യ വകുപ്പുമന്ത്രി ആരായാലും ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ മുഖ്യമന്ത്രിയുമായി ചർച്ചയോ കൂടിയാലോചനയോ നടത്തേണ്ടതുണ്ട്. ഈയൊരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് കൂടിയാലോചിച്ചുവെങ്കിൽ അദ്ദേഹം ഇത് സമ്മതിക്കില്ലെന്ന് എനിക്ക് ഉറപ്പുണ്ട്. കാരണം, ഒരിക്കൽ ഈ സഭയിൽത്തന്നെ 'എയർ കേരള'-യെക്കുറിച്ച് ആരോ ചോദിച്ചപ്പോൾ, "നമ്മൾ എയർ കേരളയെക്കുറിച്ച് ഇപ്പോൾ ചിന്തിക്കണ്ട, നമ്മുടെ കെ.എസ്.ആർ.ടി.സി.യെ ഒന്ന് നന്നാക്കാം" എന്നാണ് മുഖ്യമന്ത്രി അന്ന് മറുപടി പറഞ്ഞത്. അത് ഞങ്ങളെപ്പോലെയുള്ളവർക്ക് വളരെ ഇഷ്ടപ്പെട്ടൊരു മറുപടിയായിരുന്നു. 2020-ൽ തെക്കുവടക്ക് സമാന്തര റെയിൽപ്പാതയുടെ നിർമ്മാണം ആരംഭിക്കുമെന്നാണ് പറയുന്നത്. അത് നടക്കാത്ത കാര്യമാണെന്ന് അങ്ങേയ്ക്കും ഞങ്ങൾക്കുമൊക്കെ അറിയാവുന്നതാണ്.

അങ്ങ് ബഡ്ജറ്റ് പ്രസംഗം തുടങ്ങിയതുതന്നെ മതനിരപേക്ഷതയുടെയും പുരോഗമന ചിന്താഗതിയുടെയും ഊർജ്ജം പ്രസരിക്കുന്ന ഭൂമിയായി കേരളം തുടരുമെന്ന പ്രഖ്യാപനമായിരുന്ന വനിതാ മതിൽ എന്നും ആശാന്റെ സീത പറയുന്നതുപോലെ "എൻ മനവും ചേതനയും വഴങ്ങിടാ" എന്ന പ്രഖ്യാപിച്ച ആ മതിൽ ലോകത്തിനുമുന്നിൽ മലയാളിയുടെ ആത്മാഭിമാനം വാനോളമുയർത്തിയെന്നും പറഞ്ഞാണ്. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രീ, ഈ വനിതാ മതിൽ മാത്രമാണോ മലയാളിയുടെ ആത്മാഭിമാനം വാനോളമുയർത്തിയത് എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ജിഷ്ണുവിന്റെ അമ്മ മഹിജ, നെയ്യാറ്റിൻകരയിൽ മരിച്ച സനലിന്റെ ഭാര്യ, ഏറ്റുമാനൂരിലെ കെവിൻ, വൈപ്പിനിലെ ശ്രീജിത്ത്, ഏറ്റവും അവസാനം ചൈത്ര തെരേസ ജോൺ എന്ന ഐ.പി.എസ്.കാരി എന്നിവരെയെല്ലാം അങ്ങ് മറന്നുപോയത് എന്തുകൊണ്ടാണെന്നാണ് എനിക്ക് മനസ്സിലാകാത്തത്.

"മാറ്റുവിൻ ചട്ടങ്ങളെ സ്വയ-

മല്ലെങ്കിൽ മാറ്റുമതുകളീ നിങ്ങളെത്താൻ" എന്ന കവിതാശകലത്തോടെയാണ് താങ്കൾ ബഡ്ജറ്റ് പ്രസംഗം ഉപസംഹരിച്ചത്. മാറ്റാൻ ഇവിടെ എന്താണ് ബാക്കിയുള്ളത്? 'ജ്ഞാനം പോയ്, ജിജ്ഞാസ പോയ്,

ഊക്കുപോയ്, ഉണർവ് പോയ്

ബാക്കി വല്ലതുമുണ്ടോ' എന്നുപറഞ്ഞ കവിയും പത്രാധിപരും എഡിറ്ററും സ്വാതന്ത്ര്യ സമരഭടനും എല്ലാറ്റിനുമുപരി നല്ലൊരു രാഷ്ട്രീയക്കാരനും കൂടിയായ എൻ. വി. കൃഷ്ണവാര്യരുടെ ഈ കവിത നിങ്ങളുടെ ഭരണത്തെക്കുറിച്ചുള്ള പ്രവചനമാണോയെന്ന് ഞാൻ സംശയിക്കുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കണമെന്നും പ്രാദേശിക പത്രപ്രവർത്തകരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തണമെന്നും ഞാൻ അഭ്യർത്ഥിക്കുക യാണ്. അതുപോലെതന്നെ നാട്ടുകാർ ഓടിയെത്തുമ്പോൾ അത്യാവശ്യം പണം കൊടുക്കുന്ന ചെറുകിട ഫിനാൻസുകാരെ നിയന്ത്രിക്കണം. പക്ഷേ, ചില വ്യവസ്ഥകൾ കാരണം ഇതേ രംഗത്ത് നിൽക്കുന്ന ധനകാര്യ സ്ഥാപനങ്ങളുമായി മത്സരിക്കാൻ കഴിയാതെവരുന്ന സന്ദർഭവുമുണ്ട്. ഫയർഫോഴ്സിനായി 70 കോടി രൂപയാണ് ബഡ്ജറ്റിൽ മാറ്റിവച്ചിരിക്കുന്നത്. പ്രളയത്തിൽ ഏതാണ്ട് പന്ത്രണ്ട് മണിക്കൂറോളം നാട്ടുകാരോടൊപ്പം രക്ഷാപ്രവർത്തനം നടത്തിയവരാണ് ഫയർഫോഴ്സുകാർ. അവർക്ക് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്റ്റൈപ്പന്റും ലംപ്സംഗ്രാന്റും എസ്.സി./എസ്.ടി. പ്രൊമോട്ടർമാർക്കുള്ള വേതനവും വർദ്ധിപ്പിക്കണം. സേവനങ്ങൾക്ക് കൂടുതൽ ഫീസ് ഏർപ്പെടുത്താനുള്ള നടപടികൾ

തുടങ്ങിവയ്ക്കണം. ലോകരാജ്യങ്ങളെല്ലാം സേവനങ്ങളുടെ അടിസ്ഥാനത്തിലാണ് കൂടുതൽ വരുമാനമുണ്ടാക്കുന്നത്. തിരുവനന്തപുരത്ത് തുടങ്ങിവച്ചതുപോലുള്ള പാർക്കിംഗ് ഫീസ് സംസ്ഥാനമൊട്ടാകെ ഏർപ്പെടുത്താൻ കഴിയും. റോഡുകളിലെ ക്യാമറകളുടെ എണ്ണം വർദ്ധിപ്പിക്കണം. അതുവഴി അമിതവേഗം തടയാനും ഫൈൻ ഈടാക്കാനും കഴിയും. നമ്മുടെ രാജ്യത്ത് മാത്രമാണ് വീടുകളുടെ മുറ്റം ടൈൽസിടുന്നത്. ലോകത്തൊരിടത്തും വീടുകളുടെ മുറ്റത്ത് ടൈൽസിടാറില്ല. എല്ലാ സ്ഥലങ്ങളിലും പുല്ല് വച്ചുപിടിപ്പിക്കണമെന്നുള്ളതാണ് നിയമം. അവർക്ക് ടാക്സ് ഏർപ്പെടുത്തണമെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അതിനൊരു വിരാമമുണ്ടാകണം. 2020 മുതലെങ്കിലും അതിനുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകണം.

ഈ വർഷത്തെ മാത്രം കണ്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റല്ല ഇത്. എന്റെ അഭിപ്രായത്തിൽ ഇരുപതോ മുപ്പതോ വർഷം മുന്നിൽ കണ്ടുകൊണ്ടുള്ളൊരു ബഡ്ജറ്റാണ്. ഓരോ വർഷവും നടത്തേണ്ട കാര്യങ്ങൾക്കൊപ്പം ദീർഘവീക്ഷണത്തോടുകൂടി കേരളം എങ്ങനെയായിരിക്കണം എന്ന് നോക്കുമ്പോൾ കേരളംകണ്ട ഏറ്റവും നല്ല ബഡ്ജറ്റാണ് ഈ വർഷത്തേത് എന്നുപറയാൻ എനിക്ക് യാതൊരു മടിയുമില്ല. അത്ര ദീർഘവീക്ഷണത്തോടെയാണ് ഡോ. ടി. എം. തോമസ് ഐസക് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റ് ദിനത്തിലും അതിനുശേഷം ഇപ്പോൾ നിയമസഭയിലും നടന്നിട്ടുള്ള ചർച്ചകളിലും ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾക്ക് ഒന്നുരണ്ട് സംശയങ്ങൾ മാത്രമേയുള്ളൂ. ഒന്ന്, എങ്ങനെ പണം കണ്ടെത്തും എന്നതാണ്. പണം എങ്ങനെ കണ്ടെത്തുമെന്നുള്ളത് കിഫ്ബി പ്രവർത്തനങ്ങളുടെയും ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെയും അനുഭവത്തിലൂടെ നമ്മൾ ഇതിനകം കണ്ടുകഴിഞ്ഞു. രണ്ട്, എങ്ങനെ പേമെന്റ് നടത്തും എന്നതാണ്. അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി മറുപടി പറഞ്ഞുകഴിഞ്ഞു. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്ന എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പലതും പ്രത്യേകിച്ച് റോഡ് വർക്കുകൾ ബഹുഭൂരിപക്ഷവും പൂർത്തിയാകുമെന്നുള്ളത് നമുക്ക് കാണാൻ കഴിയും. ഡൽഹി കേന്ദ്രമായ പി.ആർ.എസ്. ലെജിസ്ലേറ്റീവ് റിസർച്ച് രണ്ട് ദിവസത്തിന് മുമ്പ് പുറത്തിറക്കിയ കമ്മ്യൂണിക്കയിൽ പറഞ്ഞിരിക്കുന്നത്, ഇന്ത്യയിൽ പ്രധാനമായും ആരോഗ്യ രംഗത്ത് ഏറ്റവും കൂടുതൽ ഫണ്ട് നീക്കിവച്ചിരിക്കുന്ന സംസ്ഥാനം കേരളമാണെന്നാണ്. റോഡുകൾ, പാലങ്ങൾ എന്നിവയ്ക്ക് 4.6% നീക്കിവച്ച് ആ രംഗത്തും ഇന്ത്യയിൽ ഒന്നാമത് കേരളം എത്തിയിരിക്കുന്നുവെന്നാണ് സർവ്വേയിൽ പറഞ്ഞിരിക്കുന്നത്. വിദ്യാഭ്യാസം, കൃഷി എന്നിവയുടെ ആവറേജ് നോക്കുമ്പോൾ വളരെ ചെറിയ സംസ്ഥാനമായ കേരളത്തിൽ അത് യഥാക്രമം 15.8 ശതമാനവും 5.6 ശതമാനവും മറ്റ് സംസ്ഥാനങ്ങളിലേത്

15.9 ശതമാനവും 6.5 ശതമാനവുമാണ്. പോലീസിന്റെ കാര്യത്തിലും ഒരു ശതമാനത്തിന്റെ വ്യത്യാസം മാത്രമേയുള്ളൂ. യു.പി. പോലെയുള്ള വലിയ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ചെറിയ വ്യത്യാസം മാത്രമാണ് കേരളത്തിലെ ബഡ്ജറ്റിൽ അതിനായി നീക്കിവച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. വികസന രംഗങ്ങളിൽ, പ്രത്യേകിച്ചും ആശുപത്രികളുടെ കാര്യത്തിൽ ലോകനിലവാരത്തിലേയ്ക്ക് നമ്മൾ എത്തുകയാണ്. ആശുപത്രികൾ ലോക നിലവാരത്തിലേയ്ക്ക് എത്തുകയാണെന്ന് ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. റോഡുകൾ ലോകനിലവാരത്തിലേയ്ക്ക് എത്തുകയാണ്. റോഡുകളെ സംബന്ധിച്ച് ഇന്നലെയും ഇന്നുമെല്ലാം പ്രസംഗിച്ച പ്രതിപക്ഷ എം.എൽ.എ.-മാരുടെ പ്രസംഗങ്ങൾ കേട്ട് വളരെ അത്ഭുതം തോന്നി. ബഡ്ജറ്റ് വിഹിതം ഔദാര്യമാണോ എന്നാണ് ശ്രീ. അൻവർ സാദത്ത് അടക്കം ഇന്നലെ ചോദിച്ചത്. യു.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ ബഡ്ജറ്റുകൾ പരിശോധിച്ചാൽ എന്റെ നിയോജകമണ്ഡലമായ റാന്നിക്കുവേണ്ടി ഒരു നയാപൈസയും അനുവദിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. ഔദാര്യമാണോ കിഫ്ബി ഫണ്ടുകൾ, ഔദാര്യമാണോ ബഡ്ജറ്റ് ഫണ്ടുകൾ എന്ന് ചോദിക്കുമ്പോൾ നിയമസഭയോട് മാപ്പ് പറഞ്ഞിട്ടുവേണം ദയവുചെയ്ത് അത്തരത്തിലുള്ള സ്റ്റേറ്റുമെന്റുകൾ നടത്താനെന്ന് ഞാൻ അപേക്ഷിക്കുകയാണ്. കാരണം അത്ര നികൃഷ്ടമായ ബഡ്ജറ്റ് പ്രഖ്യാപനങ്ങളും ഭരണനടപടികളുമാണ് അപ്പുറത്തിരിക്കുന്ന സ്നേഹിതർ അവരുടെ ഭരണകാലഘട്ടത്തിൽ ചെയ്തത്. അങ്ങനെ നോക്കുമ്പോൾ തികച്ചും ഈ സർക്കാരിന്റെ ഔദാര്യംകൊണ്ട് തന്നെയാണ് ഇത്രയും ഫണ്ടുകൾ കിട്ടുന്നതെന്ന് പറയാൻ എനിക്ക് ലജ്ജയുമില്ല, മടിയുമില്ല. ഒരു ഗവൺമെന്റ് എങ്ങനെയായിരിക്കണമെന്ന് കാണിച്ചുകൊടുക്കുകയാണ് പിണറായി സർക്കാർ ചെയ്യുന്നത്. ശ്രീ. ഇ. കെ. വിജയൻ ചൂണ്ടിക്കാട്ടിയതുപോലെ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളോട് കോൺഗ്രസ് ഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾകൊണ്ടാണ് അവിടെയെല്ലാം കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടത്. പഞ്ചാബിന്റെ പ്രശ്നങ്ങളും ഇതുപോലുള്ളതായിരുന്നു. അതിൽ നിന്നെല്ലാം പാഠങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കഴിഞ്ഞ പത്തുമുപ്പത് വർഷക്കാലമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയമാണ് ജലപാത. 2020-ൽ ജലപാത കമ്മീഷൻ ചെയ്യുമെന്ന് അസന്ദിഗ്ദ്ധമായി ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിരിക്കുകയാണ്. അത് ചെറിയ കാര്യമല്ല. ഞാൻ നിയമസഭയിൽ വരുന്നതിനുമുമ്പ് മുതൽ കേട്ടിട്ടുള്ള കാര്യമാണ് മലയോര ഹൈവേ. എത്രയോ വർഷങ്ങളായി നമ്മൾ ചർച്ച ചെയ്യുന്ന കാര്യമാണത്? മലയോര ഹൈവേ പ്രഖ്യാപനമല്ലാതെ എന്തെങ്കിലും പൈസ മുമ്പ് കൊടുത്തിട്ടുണ്ടോ. ഇവിടെ പൈസ കൊടുത്തുവെന്ന് മാത്രമല്ല, വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ എം.എൽ.എ.-മാരെയും വിളിച്ച് ചർച്ച നടത്തി

യുദ്ധകാലാടിസ്ഥാനത്തിൽ മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. 1500 കോടിയിലേറെ രൂപയാണ് ഇപ്പോൾ അനുവദിച്ചിരിക്കുന്നത്. അത്തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടക്കുന്നുവെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യം തന്നെയാണ്. 55000 കോടി രൂപയുടെ ഹൈസ്പീഡ് റെയിൽ കോറിഡോർ പദ്ധതിയുടെ പ്രീ-ഫീസിബിലിറ്റി സ്റ്റഡി കഴിഞ്ഞിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് അടുത്ത ഘട്ടത്തിലേയ്ക്ക് പോകുകയാണ്. ഇനിയും നമ്മൾ ഇവിടെ നിന്നും മംഗലാപുരത്ത് പോകുന്നതിന് 12 മണിക്കൂർ അല്ലെങ്കിൽ 14 മണിക്കൂർ എടുക്കണമോ? അതിൽ നിന്നും 4 മണിക്കൂറിലേയ്ക്ക് നമുക്ക് മാറണ്ടേ? അതാണ് ഞാൻ ആദ്യംതന്നെ സൂചിപ്പിച്ചത്, 2050-ൽ കേരളം എങ്ങനെയായിരിക്കണം; അല്ലെങ്കിൽ 2030-ലും 2040-ലും കേരളം എങ്ങനെയായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഈ ബഡ്ജറ്റിൽ പ്രധാനമായും ഊന്നിനിൽക്കുന്നത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ ശബരിമലയുടെ പേരിൽ പ്രഖ്യാപനങ്ങൾ മാത്രമേയുള്ളൂവെന്ന് പറഞ്ഞു. പ്രഖ്യാപനങ്ങളാണോ? പമ്പയിൽ 23 കോടി രൂപയുടെ 5 MLD എസ്.ടി.പി.-യുടെയും നിലയ്ക്കലിൽ 22 കോടി രൂപയുടെ 5 MLD എസ്.ടി.പി.-യുടെയും ടെണ്ടർ കഴിഞ്ഞു. 5 കോടി രൂപയുടെ പാർക്കിംഗിനും നിലയ്ക്കലിൽ 35 കോടി രൂപയുടെ വിരിഷെഡ്ഡും അന്നദാന മണ്ഡപവും ചെക്ക്ഡാമും ടോയ്‌ലറ്റ് ഉൾപ്പെടെയുള്ള വേ സൈഡ് അമിനിറ്റീസിനുമുള്ള പ്രവൃത്തികളുടെ ടെണ്ടർ കഴിഞ്ഞിരിക്കുന്നു. ചെങ്ങന്നൂർ, കഴക്കൂട്ടം, എരുമേലി, ചിറങ്ങര, ശിവപുരം അടക്കമുള്ള ഇടത്താവളങ്ങൾക്ക് 60 കോടി രൂപയുടെ നടപടികൾ പൂർത്തിയായിരിക്കുന്നു. സന്നിധാനത്ത് പോലീസ് ബാരക്ക് മുതൽ ഭസ്മക്കുളം വരെ ഫ്ലൈ ഓവറിനായി 23 കോടി രൂപയുടെ നടപടികളും പൂർത്തിയായിരിക്കുന്നു. തന്ത്രിമഠം പുനരുദ്ധാരണം മുതൽ താഴോട്ടുള്ളത് ഞാൻ വായിക്കുന്നില്ല. അതടക്കം ഈ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ വന്നിട്ടുള്ള ഓരോ കാര്യങ്ങളിലും നടപടി എടുത്തിരിക്കുന്നുവെന്ന് അഭിമാനത്തോടുകൂടിത്തന്നെ നമുക്ക് പറയാൻ കഴിയും. ചരിത്രത്തിലാദ്യമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് 100 കോടി രൂപ കൊടുത്തിരിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇത്രയും വലിയ കാര്യങ്ങൾ പറയുമ്പോൾ പഴയ ഒരു വാഗ്ദാനം പാലിക്കാനുണ്ട്, അതുകൂടി ആലോചിക്കണം. ഞങ്ങൾക്കും ചില ബാദ്ധ്യതയുണ്ട്, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ദേവസ്വത്തിന്റെ ഭൂമി മുഴുവനും സർക്കാർ ഏറ്റെടുത്ത കാലത്ത് അതിന് റോയൽറ്റി കൊടുക്കാമെന്ന്

തീരുമാനമുണ്ടായിരുന്നു. പഴയ ഫയൽ പരിശോധിച്ചാൽ അത് കാണാം. ആ റോയൽറ്റി എമൗണ്ടുംകൂടി കൊടുക്കാൻ തീരുമാനിച്ചാൽ പ്രശ്നം തീരും. ദേവസ്വത്തിന്റെ എത്രയോ ഏക്കർ സ്ഥലം ഗവൺമെന്റിലേയ്ക്ക് ഏറ്റെടുത്തതാണ്. അതിന്റെ റോയൽറ്റികൂടി കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ അങ്ങ് നിർബന്ധിക്കുമോ?

ശ്രീ. രാജു എബ്രഹാം: സർ, അവിടത്തെ വനഭൂമി സംബന്ധിച്ച് കേന്ദ്രത്തിന്റെ നിയന്ത്രണങ്ങളുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനം വേറെ, ഇത് വേറെ. ഏറ്റെടുത്ത ഭൂമിക്കുള്ള റോയൽറ്റി കൊടുക്കുമോ എന്നുള്ളതാണ് ചോദ്യം.

ശ്രീ. രാജു എബ്രഹാം: സർ, അത് ദേവസ്വം വകുപ്പുമന്ത്രി പരിശോധിച്ച് പറയട്ടെ. എല്ലാ വീടുകളുടെയും മുകളിൽ സോളാർ പാനൽ വയ്ക്കുന്നതിന് നടപടിയെടുത്തതിന്റെ ഫലമായി രണ്ടര ലക്ഷം ആളുകൾ അപേക്ഷ കൊടുത്തിരിക്കുന്നു. നമ്മൾ ഒരു പുതിയ നൂറ്റാണ്ടിലേയ്ക്ക് പോകുകയാണ്. സോളാർ പാനൽ വരുന്നതോടുകൂടി 500 മെഗാവാട്ട് ലക്ഷ്യംവയ്ക്കുന്ന പദ്ധതികളിലേയ്ക്ക് കേരളം പോകുകയാണ്. അത് ചെറിയ കാര്യമല്ല. തിരുവനന്തപുരത്തെ മുഴുവൻ ബസ്സുകളും ഇലക്ട്രിക്കാക്കുന്നു. 10000 ഓട്ടോറിക്ഷകൾക്ക് സബ്സിഡി. അതുപോലെയുള്ള നിർദ്ദേശങ്ങൾ ഇവിടെ വയ്ക്കാനുള്ള ആർജ്ജവം കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയെ, ബന്ധപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

റബ്ബറിന് 500 കോടി രൂപ വകയിരുത്തിയത് അഭിമാനകരമാണ്. ശ്രീ. കെ. എം. മാണി 500 കോടി രൂപ പ്രഖ്യാപിച്ചെങ്കിലും 230 കോടി രൂപയേ ആ സർക്കാർ കൊടുത്തുള്ളൂ. ബാക്കി മുഴുവനും കൊടുത്തത് പിന്നീടുവന്ന വി. എസ്. സർക്കാരാണ്. അങ്ങനെ പരിശോധിക്കുമ്പോൾ 500 കോടി രൂപ കൃഷിക്കാർക്ക് വളരെ നേട്ടമുണ്ടാക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ നിലയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങുകയാണ്. കർഷകർക്കുവേണ്ടി പ്ലാന്റേഷൻ ടാക്സ് എടുത്തുകളഞ്ഞിരിക്കുന്നത് ആദ്യത്തെ സംഭവമാണ്.

പ്രളയ സെസ്സിനെ സംബന്ധിച്ചിടത്തോളം എനിക്കൊരു അഭ്യർത്ഥനയുള്ളത്, ഇവിടെ 19 ലക്ഷം കുടുംബങ്ങളുണ്ട്. വെള്ളം കയറിയ വീടുകൾ 7 ലക്ഷത്തിൽ താഴെയാണ്. പ്രളയ സെസ്സ് എന്നുപറയുന്നത് ആ വീടുകൾക്കുവേണ്ടി കൂടിയുള്ളതാണ്. നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, മുഖ്യമന്ത്രിയുടെ പ്രളയ സഹായ ദുരിതാശ്വാസ ഫണ്ട് വന്നപ്പോൾ നിങ്ങൾ എതിർത്തു, സാലറി ചലഞ്ച് വന്നപ്പോൾ നിങ്ങൾ എതിർത്തു, ഇപ്പോൾ പ്രളയ സെസ്സ് പിരിച്ച് അല്പം നല്ല കാര്യം ചെയ്യുന്നതിനെയും നിങ്ങൾ എതിർക്കുകയാണ്. എന്നുപറഞ്ഞാൽ, വെള്ളം കയറി ബുദ്ധിമുട്ടിയ ആളുകളെ മുഴുവനും എതിർക്കുന്ന സമീപനമാണ് നിങ്ങൾ സ്വീകരിച്ചിരിക്കുന്നതെന്ന് കാണാൻ

കഴിയും. ആ സമീപനം ശരിയല്ല. കേരള രാഷ്ട്രീയത്തിൽ നിങ്ങൾ ഒറ്റപ്പെട്ടിരിക്കുന്നു. ശബരിമലയുമായി ബന്ധപ്പെട്ട 31 സംഭവങ്ങൾ പരിശോധിച്ചപ്പോൾ അതിലെല്ലാം നിങ്ങൾ ബി.ജെ.പി.-ക്ക് ഒപ്പമാണെന്ന് കണ്ടെത്താൻ കഴിഞ്ഞു. അതിന്റെ മുന്നൊരുക്കമായിട്ട് തന്നെയാണ് വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെ മത്സരം യു.ഡി.എഫും ബി.ജെ.പി.യും തമ്മിലാണെന്ന് ശ്രീ. കെ. സുധാകരൻ പറഞ്ഞിരിക്കുന്നത്. നിങ്ങൾ ഇതുതന്നെയാണ് അരുവിക്കരയിലും പറഞ്ഞത്. നിങ്ങൾക്കെന്താണ് അഭിപ്രായം? നിങ്ങൾ ബി.ജെ.പി.യുടെ 'ബി' ടീമായി മാറുന്നു. ശബരിമലയുമായി ബന്ധപ്പെട്ട വിധി വന്നപ്പോൾ നിങ്ങൾ രണ്ടുപേരും സ്വാഗതം ചെയ്തു. വിധിയെ ശ്രീ. പി. എസ്. ശ്രീധരൻപിള്ള സ്വാഗതം ചെയ്തു. വിധി അംഗീകരിക്കണമെന്നാണ് ഇവിടെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത്. പിന്നീടുണ്ടായ ഓരോ സംഭവങ്ങളുമെടുക്കുമ്പോൾ, ഒരിടത്ത് അന്താരാഷ്ട്ര ഹിന്ദു പരിഷത്ത് സമരം പ്രഖ്യാപിക്കുന്നു, ഇപ്പുറത്ത് കോൺഗ്രസ് ഉപവാസം തുടങ്ങുന്നു. ഒരിടത്ത് നാമജപ ഘോഷയാത്ര സംഘടിപ്പിക്കുന്നു, അപ്പുറത്ത് കൊടിയെടുക്കാതെ സമരം നടത്താൻ നിങ്ങൾ പറയുന്നു. ഒരിടത്ത് ഹർത്താൽ പ്രഖ്യാപിക്കുന്നു, അപ്പുറത്ത് ശ്രീ. ജി. രാമൻ നായർ ബി.ജെ.പി. സംഗമം ഉദ്ഘാടനം ചെയ്യുന്നു. ഒരിടത്ത് ബി.ജെ.പി. സുപ്രീം കോടതിയിലേയ്ക്ക് പോകുന്നു, നിങ്ങളും സുപ്രീം കോടതിയിലേയ്ക്ക് പോകുന്നു. നിയമം കയ്യിലെടുക്കുമെന്ന് ശ്രീ. കെ. സുരേന്ദ്രൻ, സംഘർഷമുണ്ടായാൽ ഉത്തരവാദി സർക്കാരെന്ന് കോൺഗ്രസ്. നിയമസഭ വിളിച്ചുചേർക്കണമെന്ന് ശ്രീ. പി. എസ്. ശ്രീധരൻ പിള്ള, ഓർഡിനൻസ് കൊണ്ടുവരണമെന്ന് ശ്രീ. രമേശ് ചെന്നിത്തല. ശബരിമലയിൽ നിയന്ത്രണം നീക്കണമെന്ന് ശ്രീ. പി. എസ്. ശ്രീധരൻ പിള്ള, നിയന്ത്രണത്തിനെതിരെ കോൺഗ്രസ് രംഗത്ത്. ബി.ജെ.പി. സെക്രട്ടേറിയറ്റ് നടയിൽ സത്യാഗ്രഹം തുടങ്ങി, കോൺഗ്രസ് നിയമസഭാ കവാടത്തിൽ സത്യാഗ്രഹം തുടങ്ങി. ആർ.എസ്.എസ്. അയ്യപ്പജ്യോതി സംഘടിപ്പിച്ചു, കോൺഗ്രസ് മതേതര സംഗമം സംഘടിപ്പിച്ചു. നിങ്ങൾ ബി.ജെ.പി.യുമായി ഈ തെരഞ്ഞെടുപ്പിൽ രഹസ്യധാരണയുണ്ടാക്കി യിരിക്കുന്നുവെന്ന് ഞങ്ങൾ ആക്ഷേപിച്ചാൽ ഞങ്ങളെ കുറ്റപ്പെടുത്താൻ നിങ്ങൾക്ക് കഴിയില്ല. ഞങ്ങൾ 5 നിയോജക മണ്ഡലങ്ങളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കാൻ പോകുന്നതെന്ന് ബി.ജെ.പി. പ്രഖ്യാപിച്ചിരിക്കുന്നു. അഞ്ച് നിയോജകമണ്ഡലങ്ങളിൽ ബി.ജെ.പി. ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ബാക്കിയുള്ള 15 നിയോജകമണ്ഡലങ്ങളിൽ മുമ്പ് ചെയ്തതുപോലെ നിങ്ങൾ ബി.ജെ.പി.യുമായി രഹസ്യധാരണയുണ്ടാക്കാനുള്ള എല്ലാ ഗൂഢാലോചനകളും നടത്തിക്കഴിഞ്ഞിരിക്കുന്നുവെന്ന് ഞങ്ങൾ ആരോപിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. ജനവരി 31-ാം തീയതിയാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഫെബ്രുവരി 1-ാം തീയതിയാണ് ശ്രീ. പിയൂഷ്

ഗോയൽ കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചത്. രണ്ടും ജനങ്ങളെ കബളിപ്പിക്കാനുള്ള ബഡ്ജറ്റുകളാണ്. നാലരവർഷം ഒന്നും ചെയ്യാതെ ജനങ്ങളെ കബളിപ്പിച്ച ശ്രീ. നരേന്ദ്ര മോദിയുടെ ഗവൺമെന്റ് ശ്രീ. അരുൺ ജെയ്റ്റ്ലി വിദേശത്തായതുകൊണ്ട് ശ്രീ. പിയൂഷ് ഗോയലിനെക്കൊണ്ട് ജനങ്ങളെപ്പറ്റിക്കാനായി ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കും അതുപോലെതന്നെ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്ത, ജനങ്ങളെ കബളിപ്പിക്കുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു. Mr. Isaac is building a castle on the air. അദ്ദേഹം ഒരു സ്വപ്നാടനക്കാരനാണെന്ന് കഴിഞ്ഞ തവണ ഞാൻ പറഞ്ഞത് വീണ്ടും ആവർത്തിക്കുന്നില്ല. അദ്ദേഹം യാഥാർത്ഥ്യം മനസ്സിലാക്കാതെ പാർലമെന്റ് തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ട് ചില പ്രഖ്യാപനങ്ങൾ നടത്തുക മാത്രമാണുണ്ടായത്. അല്ലാതെ കേരളത്തിലെ സാമ്പത്തിക സ്ഥിതിയെപ്പറ്റി യാഥാർത്ഥ്യബോധമുണ്ടായിരുന്നെങ്കിൽ ഇങ്ങനെയൊരു ബഡ്ജറ്റ് അവതരിപ്പിക്കില്ലായിരുന്നു. സംസ്ഥാനത്ത് ഇപ്പോൾ സാമ്പത്തിക അരാജകത്വമാണ്. കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും സ്ഥിതി അതാണ്. നരേന്ദ്ര മോദി ഗവൺമെന്റ് റിസർവ് ബാങ്കിന്റെ കരുതൽ ധനമെടുക്കാൻവേണ്ടി നടത്തിയ കളികളൊക്കെ നമ്മൾ കണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് പാപ്പരായിരിക്കുന്നു. അതുപോലെ തന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെയും സ്ഥിതി. ഇപ്പോൾ അപ്രഖ്യാപിതമായ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ 20 ലക്ഷത്തിനുമുകളിലുള്ള ബില്ലുകൾ മാറിക്കൊടുക്കുന്നില്ല. ഇതുകാരണം സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കടുത്ത പ്രതിസന്ധിയിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ 50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഒരു ബില്ലും മാറുന്നില്ല. അത് പൊതുമരാമത്ത് വകുപ്പുമന്ത്രി അറിഞ്ഞോ എന്നെനിക്കറിയില്ല. സർക്കാരിന്റെ സാമ്പത്തിക ധനകാര്യ മാനേജ്മെന്റിന്റെ പാളിച്ചമൂലം സംസ്ഥാനത്തിന്റെ കാഷ് റിസർവ്വിനുണ്ടായ തകർച്ച ദയനീയമാണ്. യു.ഡി.എഫ്. കാലഘട്ടത്തിൽ 31-3-2016-ലെ ട്രഷറിയിലെ കാഷ് ബാലൻസ് 1640 കോടി രൂപയായിരുന്നു. എന്നാൽ ഇന്നലത്തെ കാഷ് ബാലൻസ് 1062 കോടി രൂപയാണ്. ഇന്നത്തെ ട്രഷറിയിലെ കാഷ് ബാലൻസ് 853 കോടി രൂപ മാത്രമാണ്. കരാറുകാർക്കുള്ള കുടിശ്ശിക 720 കോടി രൂപ; ക്ഷേമപെൻഷന്റെ കുടിശ്ശിക 1160 കോടി രൂപ; വേയ്സ് ആൻഡ് മീൻസ് ക്ലിയറൻസിനായി കാത്തുകിടക്കുന്നത് 1076.91 കോടി രൂപ; ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയത് 750 കോടി രൂപ; ഇങ്ങനെ അടിയന്തരമായി കൊടുത്തുതീർക്കേണ്ട താൽക്കാലിക ബാദ്ധ്യതകൾ മാത്രം 3706.91 കോടി രൂപയാണ്. ഇതാണ് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ രൂപം. എന്നിട്ടും അപ്പുറത്തുള്ള ആളുകൾ കേരളത്തിൽ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റാണെന്ന് പാടി പുകഴ്ത്തുകയാണ്. പാവങ്ങൾ വസ്തുത

അറിയാതെ പറയുകയാണ്. ഈ സർക്കാർ അധികാരമേറ്റെടുത്തപ്പോൾ ധനകാര്യ സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിച്ചിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥത കാരണമാണ് സംസ്ഥാനത്തെ സാമ്പത്തികരംഗം കുളംതോണ്ടിയെന്ന മട്ടിലായിരുന്നു ധവളപത്രം തയ്യാറാക്കിയത്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും ധനകാര്യ വകുപ്പുമന്ത്രി ഇത് ആവർത്തിക്കുന്നു. അതിൽ ഏഴാമത്തെ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത്, "പ്രതിസന്ധിക്ക് കാരണം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ ഇടിവാണ്. കഴിഞ്ഞ മൂന്നുവർഷക്കാലത്തെ ബഡ്ജറ്റ് മതിപ്പു കണക്കുപ്രകാരം നികുതിയായി പിരിക്കേണ്ട തുക 1,26,666.62 കോടി രൂപയായിരുന്നു. ഇതിനുപുറമെ അധികവിഭവ സമാഹരണമായി 3,463.68 കോടി രൂപ കൂടി പിരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അങ്ങനെ മൊത്തം 1,30,130.3 കോടി രൂപ. എന്നാൽ, പിരിക്കാൻ കഴിഞ്ഞത് ലക്ഷ്യത്തിന്റെ 81.63 ശതമാനം മാത്രം. 2,3,900.68 കോടി രൂപ പിരിക്കാൻ കഴിഞ്ഞില്ല. ഇതാണ് പ്രതിസന്ധിയുടെ മൂലകാരണം. നികുതി വരുമാനത്തിന്റെ തകർച്ചയുടെ കാരണം മുഖ്യമായും നികുതി ഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയുമാണ്" എന്നാണ്. എന്തുകൊണ്ട് നികുതി പിരിവുണ്ടാകുന്നില്ല? എന്തുകൊണ്ട് കെടുകാര്യസ്ഥതയുണ്ടായിരിക്കുന്നു? സംസ്ഥാന ധനകാര്യ വകുപ്പിന്റെ പിടിപ്പുകേടിന്റെ നേർചിത്രമാണ് ഇതിലൂടെ ചൂണ്ടിക്കാണിക്കുന്നത്. നാലാമത്തെ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. മൂന്നുവർഷത്തെ കാലയളവിനുള്ളിൽ പിരിഞ്ഞു കിട്ടാനുള്ള നികുതി 24,000 കോടി രൂപയാണ്. 23,000 കോടി രൂപ പിരിഞ്ഞുകിട്ടാനുള്ളത് വലിയ കെടുകാര്യസ്ഥതയായി ധവളപത്രമിറക്കി പെരുമ്പറ കൊട്ടിയവരാണ് 24,000 കോടി രൂപ ഭരണത്തിന്റെ പകുതിയിലെത്തിയപ്പോൾത്തന്നെ കുടിശ്ശികയാക്കിയത്. ഇത് കെടുകാര്യസ്ഥതയല്ലെങ്കിൽ മറ്റെന്താണ്? ഇതാണോ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ്?

സംസ്ഥാനത്തിന്റെ പൊതുകടം അത്ഭുതകരമായ നിലയിൽ ഷൂട്ട് അപ് ചെയ്യുന്ന കാഴ്ച നമുക്ക് കാണാം. 2015-16 യു.ഡി.എഫ്. കാലഘട്ടത്തിലെ സംസ്ഥാനത്തിന്റെ പൊതുകടം ജി.എസ്.ഡി.പി.യുടെ 28 ശതമാനമായിരുന്നു. ഈ സർക്കാരിന്റെ ആദ്യവർഷമായ 2016-17-ൽ അത് 34.19 ശതമാനമായി വർദ്ധിച്ചു. രണ്ടാം വർഷമായ 2017-18-ൽ അത് വീണ്ടും വർദ്ധിച്ച് 38.51 ശതമാനമായി. അതായത് 10.51 ശതമാനത്തിന്റെ വൻ വർദ്ധനവാണ് പൊതുകടത്തിൽ കേരളത്തിന് സഹിക്കേണ്ടിവന്നത് എന്നത് നിസ്സാരമായ ഒരു കാര്യമല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാത്രം 43,708 കോടി രൂപയാണ് പൊതുകടം വർദ്ധിച്ചത്. സാമ്പത്തിക മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയുടെ ഉത്തമമായ ഉദാഹരണമാണ് ഈ പൊതുകടത്തിന്റെ അഭൂതപൂർവ്വമായ വർദ്ധനവ് കാണിക്കുന്നത്.

2015-16-ൽ 46,149 രൂപയായിരുന്ന ആളോഹരി കടം 2018-19-ൽ 68,495 രൂപയായി വർദ്ധിച്ചിരിക്കുന്നു. കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന ഓരോ പൗരന്റെമേലും 22,345 കോടി രൂപയുടെ ആളോഹരി കടമാണ് ഡോ. ടി. എം. തോമസ് ഐസക് ഏർപ്പെടുത്തിയിരിക്കുന്നത് എന്നുള്ളത് കാണാതെ കടന്നുപോകാൻ കഴിയില്ല. റവന്യൂ കമ്മിയെപ്പറ്റിയാണ് എപ്പോഴും അദ്ദേഹം പറയുന്നത്. ഫിസ്കൽ മാനേജ്മെന്റിനെപ്പറ്റി അദ്ദേഹം വാതോരാതെ പറയുന്നുണ്ട്. റവന്യൂ കമ്മിയും ധനകമ്മിയും കുറച്ചുകൊണ്ടുവരുമെന്നുള്ള അവകാശവാദം എവിടെയെത്തി? 2015-16-ൽ സംസ്ഥാനത്തെ റവന്യൂ കമ്മി ജി.എസ്.ഡി.പി.യുടെ 1.73 ശതമാനം ആയിരുന്നു. ഈ സർക്കാരിന്റെ ആദ്യ വർഷം, 2016-17-ൽ 2.51 ശതമാനമായി അത് വർദ്ധിച്ചു. രണ്ടാം വർഷം 2.46 ശതമാനമായി കുറഞ്ഞു, നേരിയ കുറവുണ്ടായി. എന്നാൽ 2017-18-ലെ ബഡ്ജറ്റിന്റെ പുതുക്കിയ എസ്റ്റിമേറ്റിൽ 1.91 ശതമാനം മാത്രമായിരിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പറഞ്ഞത്. യഥാർത്ഥത്തിൽ എത്രയായി? 2.46 ശതമാനമായി വർദ്ധിച്ചിരിക്കുന്നു എന്നുള്ളത് ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥതയുടെ ഏറ്റവും വലിയ ഉദാഹരണമല്ലേ? 2015-16 യു.ഡി.എഫ്. കാലഘട്ടത്തിൽ സംസ്ഥാനത്തെ ധനകമ്മി ജി.എസ്.ഡി.പി.യുടെ 3.18 ശതമാനമായിരുന്നു. ഈ സർക്കാരിന്റെ ആദ്യ വർഷത്തിൽ 4.28 ശതമാനമായി കുതിച്ചുയർന്നു. രണ്ടാം വർഷത്തിൽ ഇത് 3.91 ശതമാനമായി. 2017-18-ലെ പുതുക്കിയ എസ്റ്റിമേറ്റിൽ 3.31 ശതമാനം മാത്രമായിരിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് സഭയിൽ പറഞ്ഞത്. ഇപ്പോൾ 3.95 ശതമാനമായി വർദ്ധിക്കുകയാണ് ചെയ്തത്. ഇവിടെ ബഡ്ജറ്റ് എന്ന സങ്കൽപ്പംതന്നെ തകർന്നിരിക്കുന്നു. ബഡ്ജറ്റിന്റെ sanctity ഇല്ലാതായിരിക്കുന്നു. റവന്യൂ കമ്മിയുടെയും ധനകമ്മിയുടെയും വർദ്ധനവിലൂടെ ബഡ്ജറ്റിന്റെ പൂർണ്ണമായ തകർച്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.

നമുക്കാർക്കും കോമൺസെൻസില്ലെന്ന തരത്തിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിക്കുന്നത്. 2019-20-ൽ ജി.എസ്.ടി. വരുമാനം 30 ശതമാനമായി വർദ്ധിക്കുമെന്നാണ് അദ്ദേഹം പറയുന്നത്. നിലവിൽ ജി.എസ്.ടി. വരുമാന വർദ്ധനവ് 10 ശതമാനം മാത്രമാണ്. ഒറ്റയടിക്ക് 30 ശതമാനമായി കുതിച്ചുചാടുമെന്നത് പ്രായോഗികമാണെന്നാണ് മന്ത്രി പറയുന്നത്. എനിക്ക് മനസ്സിലാകുന്നില്ല; ഇതുവരെയുള്ള അനുഭവം വച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ദിവാസ്വപ്നം കാണുക യാണെന്ന് പറയേണ്ടിവരും. സാമ്പത്തികനില മെച്ചപ്പെടുത്താനുള്ള ക്രിയാത്മകമായ ഒരു നിർദ്ദേശവും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ പറഞ്ഞിട്ടില്ല. നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള മാർഗ്ഗങ്ങളെപ്പറ്റിയോ മറ്റ് മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം കണ്ടെത്തുന്നതിനെപ്പറ്റിയോ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനെപ്പറ്റിയോ ചെലവ് ചുരുക്കുന്നതിനെപ്പറ്റിയോ പറയുന്നില്ല. ഇതാണോ

മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ്? പദ്ധതി നിർവ്വഹണം പൂർണ്ണമായും തകർന്ന കാലഘട്ടമായിരുന്നു കഴിഞ്ഞ മൂന്ന് വർഷക്കാലം. ഇന്നലെ രാത്രിവരെയുള്ള പദ്ധതി നിർവ്വഹണത്തിന്റെ കണക്കെടുത്താൽ 49.98 ശതമാനമാണ് ഈ വർഷത്തെ പദ്ധതി വിഹിതത്തിന്റെ ചെലവെന്ന് കാണാൻ കഴിയും. ഇത് വൻ വീഴ്ചയല്ലേ? അടുത്തകാലത്തൊന്നും പദ്ധതി നിർവ്വഹണം ഇത്രയും പിന്നോക്കം പോയിട്ടില്ല. പ്രളയത്തിന്റെ പേരുപറഞ്ഞ് 20 ശതമാനം പ്ലാൻ ഫണ്ട് വെട്ടിക്കുറച്ചു. എന്റെ കയ്യിലുള്ളത് എസ്.സി./എസ്.ടി. വകുപ്പിന്റെ കണക്കാണ്. പാവപ്പെട്ട പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടും ഭൂമിയും കൊടുക്കാൻ നീക്കിവച്ചിരുന്നത് 225 കോടി രൂപയായിരുന്നു. അത് വെട്ടിക്കുറച്ച് 125 കോടി രൂപയാക്കി. എസ്.സി. വിഭാഗത്തിലെ ഏറ്റവും പാവപ്പെട്ടവരെ സഹായിക്കാൻവേണ്ടി വകുപ്പിനുണ്ടായിരുന്ന 500 കോടി രൂപ 150 കോടി രൂപയായി കുറച്ചു. പട്ടികജാതിക്കാരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി കൊടുത്തിരുന്ന തുകയിൽ കുറവുവരുത്തി. ആ കണക്കുകൾ എന്റെ കയ്യിലുണ്ട്. പാവപ്പെട്ട പട്ടികജാതിക്കാരുടെ ആനുകൂല്യങ്ങൾപോലും വെട്ടിക്കുറയ്ക്കുന്ന ദൗർഭാഗ്യകരമായ സംഭവമാണ് കേരളത്തിലുണ്ടാകുന്നത്. കഴിഞ്ഞ നിയമസഭയിൽ സമ്പൂർണ്ണ ബഡ്ജറ്റാണ് മന്ത്രി അവതരിപ്പിച്ചത്. സമ്പൂർണ്ണ ബഡ്ജറ്റാണെങ്കിൽ നൂറ് ശതമാനം പ്ലാൻ നടപ്പാകുമെന്നാണ് അദ്ദേഹം പറഞ്ഞത്. ആ സ്ഥാനത്ത് 49.94 എന്ന തരത്തിൽ പ്ലാൻ നടപ്പാക്കിയതിന്റെ ചിത്രമാണ് നമ്മൾ കണ്ടു കൊണ്ടിരിക്കുന്നത്. ഇപ്പോൾ വോട്ട് ഓൺ അക്കൗണ്ടാണ് പാസ്സാക്കിയത്. ഇനി വരുന്ന പദ്ധതികളുടെ സ്ഥിതി എന്താകും? നൂറ് ശതമാനം പദ്ധതികൾ നടപ്പാക്കാൻവേണ്ടി സമ്പൂർണ്ണ ബഡ്ജറ്റ് പാസ്സാക്കിക്കൊടുത്ത നിയമസഭയുടെ മുമ്പിൽ 49 ശതമാനം പ്ലാൻ മാത്രം ചെലവഴിക്കുകയും 20 ശതമാനം പ്ലാൻ വെട്ടിക്കുറയ്ക്കുകയും ചെയ്ത ആദ്യത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആയിരിക്കും. ഇക്കണോമിക് റിവ്യൂ പരിശോധിച്ചാൽ മതി. സമയക്കുറവുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

കൃഷിയിൽ കേരളം പിന്നോട്ട് പോകുകയാണ്. കാർഷിക മേഖല വളരുന്നില്ല. നെല്ല്, പാൽ, മുട്ട എന്നിവയുടെ ഉത്പാദനം കുറയുന്നു. ഏത് രംഗത്താണ് കേരളത്തിന് മുന്നോട്ടുപോകാൻ കഴിയുന്നത്. ഇടതുമുന്നണി മന്ത്രിസഭയുടെ വികസനം വെറും വാചകമടി മാത്രമാണെന്ന് ഇക്കണോമിക് റിവ്യൂ സാക്ഷി നിർത്തിക്കൊണ്ട് എനിക്ക് പറയാൻ കഴിയും. സമയമില്ലാത്തതുകൊണ്ട് ഞാൻ വിശദമാക്കുന്നില്ല. കിഫ്ബി എന്നത് ആകാശ കുസുമമാണെന്ന് നമ്മൾ നേരത്തേ പറഞ്ഞതാണ്. അത് എത്ര സത്യമാണ്. കയ്യിൽ ആറായിരം കോടി രൂപ വച്ചുകൊണ്ട് 41,000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുന്ന കാഴ്ച നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. ദീർഘകാല വികസനത്തിനോ, ദീർഘകാല പരിപാടികൾക്കോ, ദീർഘകാലം നടപ്പിലാക്കേണ്ട

പദ്ധതികൾക്കോ ഒന്നും ഞങ്ങളാരും എതിരല്ല. അതിന് നിങ്ങളുടെ കയ്യിൽ പണമുണ്ടാകണം. പണമില്ലാതെ എങ്ങനെയാണ് നടപ്പിലാക്കുന്നത്? അഞ്ച് വർഷംകൊണ്ട് 50,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ പോകുന്നുവെന്നാണ് പറഞ്ഞത്. 42,000 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവൺമെന്റിന്റെ കയ്യിലുള്ളത് 6,000 കോടി രൂപയാണ്. ഇത് എവിടെ നിന്നാണെന്ന് ചോദിച്ചാൽ ഞങ്ങൾ കുറ്റക്കാരാണോ? ഈ പണം എങ്ങനെ ഉണ്ടാക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നില്ലല്ലോ? പ്രവാസി ചിട്ടിയുടെ കാര്യം പറഞ്ഞു. അഞ്ച് കോടി രൂപ ചെലവാക്കിയപ്പോൾ ലഭിച്ചത് മൂന്ന് കോടി രൂപയാണ്. ഇത് ആദ്യത്തെ ഗഡു ആണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. നമുക്ക് ആശ്വസിക്കാം. ഏതായാലും നമുക്ക് കാണാം. നല്ല കാര്യം. പെട്രോൾ സെസ്സിന്റെ പണം മാത്രമാണ് ഇപ്പോൾ കിഫ്ബിയിലുള്ളത്. ഇതുവച്ചുകൊണ്ട് എങ്ങനെ നടപ്പിലാക്കുമെന്ന് ചോദിക്കുമ്പോൾ ഞങ്ങളെ എന്തിനാണ് കുറ്റപ്പെടുത്തുന്നത്? ഇവിടെ ലോകബാങ്ക്, എ.ഡി.ബി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ പ്രളയദുരന്തംമൂലം 31,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കിയത്. ആ പണം നമുക്ക് എങ്ങനെയുണ്ടാക്കാൻ കഴിയും എന്നതിനെ സംബന്ധിച്ച് യാതൊരു നിർദ്ദേശവുമില്ല, അതിനെപ്പറ്റി സൂചിപ്പിക്കുന്നതുമില്ല. കിഫ്ബിയെ സംബന്ധിച്ചിടത്തോളം 20 ശതമാനം വർക്ക് മാത്രമാണ് നടന്നിട്ടുള്ളത്. എല്ലാവരും അതിന്റെ വിശദാംശങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. കിഫ്ബിയിലെ പ്രോജക്ടുകൾ പരിശോധിച്ച് എക്സിക്യൂട്ടീവ് കമ്മിറ്റി മുമ്പാകെ വച്ച് ഉത്തരവുകൾ ഇറക്കുന്നത് കിഫ്ബി പ്രോജക്ട് അപ്രൈസൽ ഡിവിഷനാണ്. ഈ ഡിവിഷനു കീഴിലുള്ള ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കുമായി 1.32 കോടി രൂപയാണ് ചെലവായിട്ടുള്ളത്. എന്നാൽ സി.എം.ഡി., കെ.എസ്.ഐ.ഡി.സി. തുടങ്ങിയ ഏജൻസികൾക്ക് പ്രോജക്ടുകൾ ഔട്ട് സോഴ്സ് ചെയ്യുന്ന ഒരു പോസ്റ്റ് ഓഫീസ് വർക്ക് മാത്രമാണ് നടക്കുന്നത്. ഇക്കാര്യം അങ്ങ് പരിശോധിക്കണം. ഈ ഡിവിഷനിൽ ലഭിക്കുന്ന വർക്കുകൾ ടെർനസ് എന്ന സ്വകാര്യ ഏജൻസിക്ക് കൈമാറുന്നു. അവരാണ് ഈ പദ്ധതികൾ മുഴുവൻ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അങ്ങനെയാണെങ്കിൽ മൊത്തം പദ്ധതികൾ ഔട്ട്സോഴ്സ് ചെയ്താൽ പോരേ? ഇങ്ങനെയൊരു അപ്രൈസൽ ഡിവിഷന്റെ ആവശ്യമുണ്ടോ? അനാവശ്യമായി പണം ചെലവഴിക്കുന്നത് എന്തിനാണ്? അപ്രൈസൽ ഡിവിഷന്റെ ചുമതലക്കാരൻ ടെർനസ് എന്ന സ്ഥാപനത്തിന്റെ മുൻ ഉദ്യോഗസ്ഥനാണെന്ന് പറയപ്പെടുന്നു. അക്കാര്യം ശരിയാണോയെന്ന് എനിക്കറിയില്ല. അത്തരത്തിലുള്ള വാർത്തകൾ പുറത്തുവരുന്നുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുപോലെ യാഥാർത്ഥ്യബോധമില്ലാതെ, ജനങ്ങളെ കബളിപ്പിക്കുന്ന, അല്ലെങ്കിൽ പണം കയ്യിലില്ലാതെ ചെലവഴിക്കുമെന്ന് പറയുന്ന മറ്റൊരു ബഡ്ജറ്റ് കേരളത്തിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. ഡോ. ടി. എം. തോമസ് ഐസക്

ജനങ്ങളെ കബളിപ്പിക്കുന്നു. കഴിഞ്ഞ കാലത്ത് തീരദേശത്തിനുവേണ്ടി നീക്കിവച്ച 2000 കോടി രൂപയിൽ ഒരു രൂപപോലും ചെലവഴിച്ചില്ല. മത്സ്യത്തൊഴിലാളികൾക്കു വേണ്ടി മാറ്റിവച്ച 2000 കോടി രൂപയിൽ ഒരു രൂപപോലും ചെലവഴിച്ചില്ല. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു ലൈഫ് പദ്ധതി. 2500 കോടി രൂപ മാറ്റിവച്ചതിൽ ചെലവഴിച്ചത് 142 കോടി രൂപയാണ്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളും പ്ലാനുകളും ജനങ്ങൾക്കുവേണ്ടി മാറ്റിവച്ച പദ്ധതികളും നടപ്പാകുന്നില്ലായെന്നതാണ് സത്യം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലുമൊരു പുതിയ പദ്ധതി ആരംഭിക്കാൻ കഴിഞ്ഞോ? കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഉദ്ഘാടനം അല്ലാതെ മറ്റൊന്നും നടക്കുന്നില്ല എന്നുള്ളതല്ലേ സത്യം? ആ യാഥാർത്ഥ്യം മനസ്സിലാക്കണം. ഏതെങ്കിലുമൊരു പുതിയ പദ്ധതി ആരംഭിക്കാൻ ഈ സർക്കാരിന് കഴിഞ്ഞോ എന്നുള്ളതാണ് നമ്മൾ കാണേണ്ടത്.

ലോകസഭാ തെരഞ്ഞെടുപ്പ് വരുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. ലോകസഭാ തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് വലിയ ആത്മവിശ്വാസമാണുള്ളത്. കേരളത്തിലെ ജനങ്ങൾക്ക് വസ്തുതകൾ ബോദ്ധ്യമുണ്ട്. അത് കേന്ദ്രത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണ്. കേന്ദ്രത്തിൽ ശ്രീ. നരേന്ദ്രമോദിയുടെ നാലര വർഷക്കാലത്തെ ദുർഭരണം അവസാനിപ്പിക്കാൻ കഴിയുന്നത് ശ്രീ. രാഹുൽഗാന്ധിക്കും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും മാത്രമാണ്. ഇത് ദേശീയതലത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പാണ്. കേരളത്തിൽ ഞങ്ങളെ തോല്പിച്ചിട്ട് കേന്ദ്രത്തിൽ ഞങ്ങളെ പിന്തുണയ്ക്കാമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞ രസകരമായ വാദം കേരളത്തിലെ ജനങ്ങൾ തള്ളിക്കളയുമെന്നുള്ള കാര്യത്തിൽ തർക്കം വേണ്ട. ശ്രീ. നരേന്ദ്രമോദിയുടെ നാലര വർഷത്തെ വർഗ്ഗീയ ഭരണം, ആർ.എസ്.എസ്.ന്റെയും ബി.ജെ.പി.യുടെയും വർഗ്ഗീയ ഭരണം, ഈ നാട്ടിലെ സംഘപരിവാറിന്റെ വർഗ്ഗീയ ഭരണം, ആ ഭരണത്തെ താഴെയിറക്കാൻ കഴിയുന്ന ഏക ശക്തി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ്. കേരളത്തിൽ യു.ഡി.എഫ്. ആണ്. ഇവിടെനിന്ന് പരമാവധി എം.പി.മാരെ വിജയിപ്പിച്ച് ഡൽഹിയിൽ എത്തിക്കുക എന്നുള്ളതാണ് ഞങ്ങളുടെ ദൗത്യം. ഇവിടെ സർവ്വേകളെക്കുറിച്ചൊക്കെ പറഞ്ഞു. ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഞങ്ങളെ എതിർക്കുന്ന പത്രമാദ്ധ്യമങ്ങൾപോലും സർവ്വേ നടത്തിയിട്ട് ഞങ്ങളുടെ നില മെച്ചപ്പെട്ടുവെന്ന് പറഞ്ഞു. അങ്ങനെയും ഞാൻ പറയുന്നില്ല. വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. വമ്പിച്ച മുന്നേറ്റമുണ്ടാക്കു മെന്നുള്ള കാര്യം കേരളത്തിലെ ജനങ്ങളുടെ പൾസ് അറിയാവുന്ന ഏതൊരു വ്യക്തിക്കും അറിയാം. ശ്രീ. നരേന്ദ്രമോദിയെ താഴെയിറക്കാൻ ഇന്ത്യയിലെ എല്ലാ മതേതര കക്ഷികളെയും ഞങ്ങൾ ഒരുമിപ്പിക്കും. സി.പി.ഐ.(എം)-നെ ഇതിലേയ്ക്ക്

കൊണ്ടുവരാതിരിക്കുന്നതിന് പാര പണിയുന്നത് കേരളത്തിലെ സി.പി.ഐ.(എം) ആണെന്നുള്ളതാണ് ഏറ്റവും ദൗർഭാഗ്യകരമായ കാര്യം. ഇവിടെ പ്രസംഗിച്ചപ്പോൾ ശ്രീ. റ്റി. വി. രാജേഷ് ശ്രീമതി മമതാ ബാനർജിയെക്കുറിച്ച് പറഞ്ഞു. ശ്രീമതി മമതാ ബാനർജി മാത്രമല്ല, നാലര വർഷക്കാലത്തെ ശ്രീ. നരേന്ദ്രമോദി ഭരണത്തിനുകീഴിൽ സി.ബി.ഐ.യെയും എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെയും ഉപയോഗിച്ചുകൊണ്ട് പ്രതിപക്ഷത്ത് നിൽക്കുന്ന എല്ലാ രാഷ്ട്രീയ നേതാക്കന്മാരെയും വേട്ടയാടുകയാണ്. ആ വേട്ടയാടലിനെതിരെ ഒറ്റക്കെട്ടായി നിൽക്കേണ്ട സന്ദർഭത്തിൽ രാഷ്ട്രീയ ലാഭത്തിനുവേണ്ടി ശ്രീമതി മമതാ ബാനർജിയെ തള്ളിപ്പറഞ്ഞ കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ജനങ്ങൾ മാപ്പ് നൽകില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇക്കാര്യത്തിൽ ഞങ്ങൾ ശ്രീമതി മമതാ ബാനർജിയോടൊപ്പമാണ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസമുണ്ടാകും. ഒരുപക്ഷേ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശ്രീമതി മമതാ ബാനർജിയെ എതിർത്ത് മുന്നോട്ടുപോകും, അത് വേറെ കാര്യം. പക്ഷേ ശ്രീ. നരേന്ദ്രമോദിയുടെ പ്രതികാര രാഷ്ട്രീയത്തിനെതിരായി ഒരുമിക്കേണ്ട സന്ദർഭത്തിൽപ്പോലും ഒരുമിച്ചുനിൽക്കാൻ കേരളത്തിലെയും ഇന്ത്യയിലെയും സി.പി.ഐ.(എം) എന്തുകൊണ്ട് മുന്നോട്ടുവന്നില്ല? നിങ്ങളുടെ രാഷ്ട്രീയമായ ദീർഘവീക്ഷണമില്ലായ്മയാണ് അത് കാണിക്കുന്നത്. എല്ലാ കാര്യത്തിലും നിങ്ങൾ കാണുന്നത് പെറ്റി പൊളിറ്റിക്സാണ്. ഒരുപക്ഷേ നാളെ ശ്രീമതി മമതാ ബാനർജിയെ ഞങ്ങൾ എതിർക്കും, അത് വേറൊരു കാര്യം. പാർലമെന്റ് തെരഞ്ഞെടുപ്പിൽ അവരെ എതിർത്ത് വോട്ട് ചെയ്യുകയും അവർക്കെതിരെ പ്രകടനം നടത്തുകയും ചെയ്തെന്നിരിക്കും. ഇന്ത്യ കണ്ട ഏറ്റവും വലിയ ഏകാധിപതിയായ പ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി എല്ലാ ഭരണകൂട സ്ഥാപനങ്ങളെയും ദുർബ്ബലപ്പെടുത്തിക്കൊണ്ട് നടത്തുന്ന പ്രവർത്തനങ്ങൾക്കെതിരെ എല്ലാവരും ഒരുമിച്ച് നിൽക്കണം. അതാണ് ഇന്ത്യയിലെ ജനങ്ങൾ ആഗ്രഹിക്കുന്നത്. അതുകൊണ്ട് വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ കേരളത്തിലെയും ഇന്ത്യയിലെയും ജനങ്ങൾ ഒരുമിച്ച് നിൽക്കും, ശ്രീ. നരേന്ദ്രമോദിയെ താഴെയിറക്കും, വർഗ്ഗീയ ശക്തികൾക്കെതിരെയുള്ള പോരാട്ടം ശക്തമാകും. ആ പോരാട്ടത്തിൽ കേരള ജനത യു.ഡി.എഫ്.നോടൊപ്പം നിൽക്കുമെന്നുള്ള കാര്യത്തിൽ ഒരു സംശയവും വേണ്ടെന്ന് പറഞ്ഞുകൊണ്ട് യാഥാർത്ഥ്യബോധമില്ലാത്ത, സ്വപ്നത്തിൽമാത്രം ജീവിക്കുന്ന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഈ ബഡ്ജറ്റിന്റെ ദർശനവും സമീപനവും എന്താണ്? ഈ സർക്കാർ അവതരിപ്പിച്ച മൂന്ന് മുൻബഡ്ജറ്റുകളുടെയും തുടർച്ചയാണിത്. ഇവയ്ക്ക് പൊതുവായൊരു സ്വഭാവമുണ്ട്. അത് കേരളത്തിന്റെ മൂലധന നിക്ഷേപത്തിൽ പശ്ചാത്തല സൗകര്യ വികസനത്തിന്

വൻകുതിപ്പ് നേടുക എന്നുള്ളതാണ്. അത് ഈ ബഡ്ജറ്റിൽ വളരെ പ്രകടമാണ്. ചരിത്രത്തിലാദ്യമായി മൂലധനച്ചെലവിനായി എറ്റവും കൂടുതൽ വിഹിതം നീക്കിവയ്ക്കുന്ന ബഡ്ജറ്റാണിത്. കാരണം, സാമൂഹ്യക്ഷേമ മേഖലകളിലൊക്കെ പുരോഗതിയുണ്ടെങ്കിലും മുൻകാലങ്ങളിൽ പശ്ചാത്തല സൗകര്യ മേഖലകൾക്കുവേണ്ടി വേണ്ടത്ര നിക്ഷേപിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കുറവ് എത്രവേഗം നികത്തുന്നുവോ അത്രയും നല്ലത്. അതിലൂടെ പുതിയ വളർച്ചാ മേഖലകളിലേയ്ക്ക് മൂലധനത്തെ ആകർഷിക്കാൻ കഴിയും. അല്ലാതെ വേറെ മാർഗ്ഗമില്ല. ഈ തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഇത്രയേറെ ഊന്നൽ നൽകുന്നത്. എന്നാൽ അതിന് വേണ്ടിവരുന്ന തുക ചെറുതല്ല. ഇവിടെ പലരും പറഞ്ഞ പുതിയ റെയിൽപ്പാതയ്ക്ക് 55000 കോടി രൂപയാണ് വേണ്ടിവരുന്നത്. ജില്ലാ റോഡുവരെയുള്ള റോഡുകൾ മാത്രം ബി.എം. & ബി.സി. ആയി നവീകരിക്കണമെങ്കിൽ മറ്റൊരു 50,000 കോടി രൂപ വേണ്ടിവരും. വരുന്ന ആറേഴ് വർഷങ്ങൾക്കുള്ളിൽ ഏതാണ്ട് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപം കേരളത്തിന് വേണമെന്നുള്ളതാണ്. ഇതാകട്ടെ പൊതു നിക്ഷേപമായിരിക്കണം, മറ്റൊരു മാർഗ്ഗവുമില്ല. ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് മുതൽ തന്നെ നിങ്ങൾകൂടി അംഗീകരിച്ചിരുന്ന ഒന്നാണ് കിഫ്ബി. അതിന്റെ യുക്തിയിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ചർച്ചയിൽ അത് പലപ്രാവശ്യം പറഞ്ഞതാണ്. ഉറക്കം നടിക്കുന്നവരെ ഉണർത്താനൊന്നും പറ്റില്ല. ധനകാര്യ സ്ഥാപനമായ കിഫ്ബിക്ക് രൂപം നൽകി. നമ്മൾ 6000 കോടി രൂപ മാത്രമേ കൊടുത്തിട്ടുള്ളൂ, അതുമാത്രമേ കയ്യിലുള്ളൂ. എന്നിട്ട് 41000-ന്റെ പദ്ധതികൾ കൊടുക്കുന്നു. ഈ തുകകൊണ്ട് നിങ്ങൾ ഇത്ര വലുത് ലിബറേറ്റ് ചെയ്യുന്നു. അല്ലാതെ കയ്യിലിരിക്കുന്ന പണംമാത്രം ചെലവാക്കിക്കൊണ്ടിരുന്നാൽ 25 വർഷം കൊണ്ടുമാത്രമേ അവിടെ എത്തിച്ചേരൂ. അങ്ങനെയല്ല; 25 വർഷംകൊണ്ട് സമാഹരിക്കാവുന്നത് ഇങ്ങനെ സമാഹരിക്കുമെന്ന് പറഞ്ഞിട്ട് ഇന്ന് ലിബറേറ്റ് ചെയ്ത് നിക്ഷേപിക്കുന്നു; അതാണ് കിഫ്ബി. 25 വർഷം കഴിഞ്ഞുണ്ടാകേണ്ട നേട്ടം ഇന്നുണ്ടാകും. ആ നേട്ടം ഇന്നത്തെ തലമുറയ്ക്കും കിട്ടും. അങ്ങനെ കിഫ്ബി ശക്തിപൂർവ്വം വരുന്നു. പുതിയ പ്രഖ്യാപനങ്ങളൊന്നുമില്ല. പക്ഷേ അന്ന് പ്രഖ്യാപിച്ച പലതും ഇപ്പോഴാണ് ടെണ്ടറിലേയ്ക്കും മറ്റും പോകുന്നത്, അത് പരാമർശിക്കും. ഇത് ഒരു വശം. ഇത്രയും വലിയ നിക്ഷേപത്തിലൂടെ പുതിയ റോഡ്, റെയിൽപ്പാത, ഇൻഡസ്ട്രിയൽ പാർക്കുകൾ ഇതൊക്കെ വരുമ്പോൾ ഇതിൽ നേരിട്ട് പങ്കാളിത്തമില്ലാത്ത ഒരു വിഭാഗം കേരളത്തിലുണ്ട്. നമ്മുടെ സമൂഹത്തിലെ 30 ശതമാനം പേർ മാത്രമേ അതിവേഗത്തിൽ മുന്നോട്ട് വളരുന്നുള്ളൂ. മറ്റൊരു 30 ശതമാനം പേർ അതായത്, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, നാട്ടിൻപുറത്തെ പാവപ്പെട്ടവർ തുടങ്ങിയവർ തകർച്ചയെ നേരിടുകയാണ്. ഇത് രണ്ടിന്റെയും ഇടയ്ക്കുള്ളത് 40 ശതമാനം പേരാണ്. കേരളത്തിൽ ഇങ്ങനെ വലിയൊരു നിക്ഷേപ പദ്ധതി നടപ്പാകണമെങ്കിൽ അതിനൊരു സാമൂഹ്യ സമന്വയം വേണം. ആ

സമന്വയത്തിന്റെ സോഷ്യൽ എഞ്ചിനീയറിംഗ് എങ്ങനെയാണ്? ബഡ്ജറ്റിന്റെ ഭാഗമായി സമ്പൂർണ്ണ സാമൂഹ്യ സുരക്ഷിതത്വം, അവരുടെ പെൻഷൻ, അവരുടെ കുഞ്ഞുങ്ങൾക്ക് പഠിക്കുന്നതിന് ഒന്നാംതരം സ്കൂളുകൾ, ഏറ്റവും മികച്ച ആരോഗ്യ പരിരക്ഷ, അവരുടെ തൊഴിൽ തുറകൾ സംരക്ഷിക്കുക; അതിന് ചെറിയ ചെലവല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ അപേക്ഷിച്ച് യൂണിഫോം തുണി വാങ്ങാനായി കൈത്തറി മേഖലയ്ക്ക് അധികമായി 200 കോടി രൂപ ചെലവാക്കണം. കയർ വ്യവസായത്തിന് ഇൻകം സപ്പോർട്ടിനുപുറമെ മിനിമം കൂലി ഉറപ്പുവരുത്തുന്നതിനായി 100 കോടി രൂപയോളം സബ്സിഡിയും നൽകുന്നുണ്ട്. കശുവണ്ടി വ്യവസായത്തിലും അതുപോലെ ചെയ്യാൻ പോകുന്നു. അങ്ങനെ അവർ പണിയെടുക്കുന്ന തൊഴിൽ തുറകൾ സംരക്ഷിക്കാം. ഇതാണ് ഡീൽ, ഇതാണ് സാമൂഹ്യ സമന്വയം. ഇവിടത്തെ സാധാരണക്കാരായ പാവങ്ങൾ ഞങ്ങളുടെ സോഷ്യൽ ബേസാണ്. അവരെ സംരക്ഷിക്കും, അവർക്ക് സുരക്ഷിതത്വം നൽകും. അതോടൊപ്പം ഈ സമുദായങ്ങളിൽപ്പെട്ട പാവപ്പെട്ടവരുടെ മക്കൾ പഠിച്ച് മുന്നോട്ടുവരികയാണ്. അവരുടെ തൊഴിൽ പ്രതീക്ഷകൾ ഉയരുകയാണ്. അവർ അതിനനുസൃതമായി ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള നിക്ഷേപങ്ങളുമുണ്ടാകും. ഈ അക്കൗണ്ട് നിലനിൽക്കണമെങ്കിൽ നമ്മൾ ബഡ്ജറ്റിന് പുറത്ത് വായ്പയെടുക്കുകയാണ്. അതിന് ഒരു കണ്ടീഷനുണ്ട്. അതായത്, സാമൂഹ്യസേവനത്തിനും സുരക്ഷിതത്വത്തിനും അധികച്ചെലവ് വരുമ്പോൾത്തന്നെ ബഡ്ജറ്റിലുള്ള കേരളത്തിന്റെ ഫിസ്കൽ കൺസോളിഡേഷൻ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. അത് എ. കെ. ആന്റണി സർക്കാരിന്റെ കാലത്താണ് തുടങ്ങിയത്. അന്ന് അതിനുള്ള മാർഗ്ഗം ചെലവ് ചുരുക്കുക എന്നതായിരുന്നു. അതുകൊണ്ട് ചില പ്രശ്നങ്ങളൊക്കെ നേരിടേണ്ടി വരികയും ചെയ്തു. അടുത്ത ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നപ്പോൾ വരുമാനം ഏതാണ്ട് 20 ശതമാനം വർദ്ധിച്ചതുകൊണ്ട് ചെലവ് ചുരുക്കാതെതന്നെ ഫിസ്കൽ കൺസോളിഡേഷന് പോകാൻ കഴിഞ്ഞു. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്, 2013-14-ൽ ഇത് നിന്നു. വരുമാന വർദ്ധനവ് 10 ശതമാനത്തിലേയ്ക്ക് താഴ്ന്നു. ഇത് വീണ്ടും 20 ശതമാനത്തിലേയ്ക്ക് ഉയർത്തണം. ഉയരുമെന്ന അനുമാനത്തിലാണ് കഴിഞ്ഞ ബഡ്ജറ്റുകൾ തയ്യാറാക്കിയത്. ഉയർന്നിട്ടില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത് ശരിയാണ്. ഞാനും അതുതന്നെയാണ് പറയുന്നത്. അതിന്റെ കാരണങ്ങൾ പലതവണ പറഞ്ഞിട്ടുള്ളതാണ്. ജി.എസ്.ടി.ക്ക് എന്ത് സംഭവിച്ചു; എന്തുകൊണ്ട് നികുതി പിരിക്കാൻ കഴിയുന്നില്ല എന്നുള്ളതൊക്കെ പറഞ്ഞിട്ടുള്ളതാണ്. നികുതി പിരിച്ചാൽ 30 ശതമാനത്തിലേയ്ക്ക് വർദ്ധിക്കാൻ സാധിക്കുമെന്നാണ് കണക്ക്, വെറുതെ പറയുന്നതല്ല. ജി.എസ്.ടി. 14 ശതമാനം വച്ച് വർഷംതോറും ഉയരുമെന്ന് കേന്ദ്ര സർക്കാർ ഗ്യാരന്റി നൽകുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഓരോ സംസ്ഥാനത്തിനും ഓരോ വർഷവും കിട്ടേണ്ട പ്രൊട്ടക്ടഡ്

റവന്യൂ എത്രയാണെന്നുള്ളതാണ്. ഇപ്പോൾ നമുക്ക് ലഭിക്കുന്ന പ്രൊട്ടക്റ്റഡ് റവന്യൂവിൽ 13 ശതമാനം കുറവുണ്ട്. ആ 13 ശതമാനത്തിന്റെ ഗ്യാപ് കോമ്പൻസേഷനായി വരും. കഴിഞ്ഞ രണ്ട് വർഷം കിട്ടാതെ പോയ 13 ശതമാനം ഗ്യാപ് പിരിക്കാൻ പറ്റുമോ ഇല്ലയോ എന്നുള്ളതാണ് പ്രതിപക്ഷ നേതാവിനോടുള്ള എന്റെ ആദ്യത്തെ ചോദ്യം. യാഥാർത്ഥ്യമല്ലെന്നാണ് അങ്ങ് പറയുന്നത്. അങ്ങനെയല്ല, ചോർന്നത് പിരിക്കാമെന്നാണ് ഞാൻ പറയുന്നത്. അത് അപ്രായോഗികമല്ല, ചെയ്യേണ്ട കാര്യമാണെന്നാണ് ഞാൻ പറയുന്നത്. ഇത് വിടാൻ പാടില്ല, പിരിക്കേണ്ടതാണെന്ന് പറയേണ്ട അങ്ങ് പറയുന്നു ഇത് പിരിക്കാൻ പറ്റില്ലെന്ന്. ഇത് പിരിക്കാം. എങ്ങനെയാണ് ഇത് പിരിക്കാൻ സാധിക്കുന്നത്? ഇലക്ഷൻ കഴിയുമ്പോൾ നമുക്ക് ആന്വൽ റിട്ടേൺ കിട്ടും. ആന്വൽ റിട്ടേൺ കിട്ടുമ്പോൾ മാത്രമേ അധിക ഇൻപുട്ട് ക്രെഡിറ്റ് ആരെങ്കിലും എടുത്തിട്ടുണ്ടെങ്കിൽ കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ഒന്നുമില്ല. ഇപ്പോൾ ഓരോ കച്ചവടക്കാരനും റിട്ടേൺ 3 ബി എന്നുപറഞ്ഞ് ചരക്ക് വാങ്ങിയപ്പോൾ ഇത്ര നികുതി കൊടുത്തു, ചരക്ക് വിറ്റപ്പോൾ ഇത്ര നികുതി കിട്ടി, കിട്ടിയതിൽ നിന്ന് കൊടുത്തത് കിഴിച്ച് ബാക്കി നികുതി എടുത്തോളൂ എന്നുപറഞ്ഞാൽ, അല്ല നിങ്ങൾ ഇത്രയും കൊടുത്തിട്ടില്ല എന്നുപറയാൻ ഒരു വകുപ്പുമില്ല. അതുകൊണ്ടാണ് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് കിട്ടുന്നതും വാങ്ങി പെട്ടിയിൽ വച്ചുകൊണ്ടിരിക്കുകയാണെന്ന്. എന്നാൽ ആന്വൽ റിട്ടേൺ കഴിയുമ്പോൾ വൗച്ചർ മാച്ചിംഗ് സാദ്ധ്യമാകും. ഏതാണ്ട് 20 ശതമാനം പേരും ഇൻപുട്ട് ക്രെഡിറ്റും ഔട്ട്പുട്ട് ടാക്സും തത്തുല്യമായി വച്ചിരിക്കുകയാണ്. ഇപ്പോൾ പിരിക്കാൻ പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? അവർ പറയുന്നതിനുപരിയായി എന്ത് ചെയ്യാൻ സാധിക്കും? പക്ഷെ, ഇനി അങ്ങനെയല്ല. സ്ക്രൂട്ടിണി ചെയ്യാം, ചോദിക്കാം. തമിഴ്നാട്, തെലുങ്കാന, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളുടെ പ്രത്യേകതയെന്നു പറയുന്നത് അവരുടെ ഉപഭോഗം അവരുടെതന്നെ വ്യവസായത്തിൽ നിന്നാണ് എന്നുള്ളതാണ്. നമ്മൾ ഇതെല്ലാം പുറത്തുനിന്ന് ഇറക്കുമതി ചെയ്യുകയാണ്. അതുകൊണ്ട് അവിടെ നികുതി ചോർച്ച കുറവാണ്. അതേസമയം, ഇവിടെ ചെക്ക് പോസ്റ്റുമില്ല, കടന്നുപോകുന്നതും മടങ്ങി വരുന്നതും ആരാണെന്ന് ആർക്കുമറിയില്ല. ഈ സ്ഥിതിവിശേഷത്തിനൊരു മാറ്റം വരുത്തി അന്നുണ്ടായ ചോർച്ച പിരിക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അങ്ങേയ്ക്ക് എതിർപ്പുണ്ടാകില്ലെന്ന് കരുതുന്നു. പ്രായോഗിമാണോ ഇല്ലയോ എന്ന് നോക്കാം. അങ്ങയുടെ സഹായം ഞാൻ ആവശ്യപ്പെടാം.

പ്രൊട്ടക്റ്റഡ് റവന്യൂവിന്റെ 14 ശതമാനം ഈ വർഷവും വരണം. പഴുതുകൾ അടയ്ക്കുന്നതോടുകൂടി ഈ വർഷത്തേത് വർദ്ധിക്കും. അതിന് ചെയ്യാൻ പോകുന്ന കാര്യങ്ങൾ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ

ചെക്ക്പോസ്റ്റ്, എക്സൈസ് ചെക്ക്പോസ്റ്റ് എന്നിവിടങ്ങളിലെല്ലാം നാല് നികുതി വകുപ്പ് ഉദ്യോഗസ്ഥൻമാരെയുംകൂടി നിർത്തണം. ഇ-വേ ബിൽ വേണം. ഇ-വേ ബിൽ മാത്രമല്ല, നമ്മൾ ഒരു ചെറിയ ഏർപ്പാടും കൂടി ചെയ്യുന്നുണ്ട്. ഇന്ന ചരക്കാണ് ഇത്ര ലുക്കമുണ്ടെന്ന് പറഞ്ഞാൽ ഇത്ര ലോഡ് വരുമെന്ന് കണക്കുകൂട്ടി വല്ല പ്രശ്നവുമുണ്ടെങ്കിൽ സ്ക്വാഡിനെ അറിയിക്കണം. സ്ക്വാഡ് അത് പരിശോധിക്കും. ഒരു വർഷത്തിനുള്ളിൽ നമ്പർ മോണിറ്ററിംഗ് സിസ്റ്റം സർവൈലൻസ് വരും. കുറച്ച് ബുദ്ധിമുട്ടിയാലും ഇങ്ങനെതന്നെ പിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സ്ക്രൂട്ടിണി എങ്ങനെ നടത്തണമെന്നുള്ളത് സംബന്ധിച്ച് കൃത്യമായ ഒരു പ്രോട്ടോക്കോൾ ഉണ്ടാക്കണം. ഞാൻ ബഡ്ജറ്റ് പ്രസംഗത്തിലുള്ളത് മുഴുവൻ പറയുന്നില്ല, അത് വിരസമായിരിക്കും. എങ്ങനെയാണ് 27 ശതമാനത്തിലേയ്ക്ക് പോകുന്നത്? ഇതൊരു ദിവാസ്വപ്നമല്ല പ്രതിപക്ഷ നേതാവേ. അങ്ങനെ പറയരുത്, കൃത്യമായിട്ടൊരു കണക്കുകൂട്ടൽ ഇതിനുണ്ട്. കണക്കുകൂട്ടൽ പിഴച്ചുപോയെന്നോ ഇങ്ങനെയല്ല കണക്കുകൂട്ടേണ്ടതെന്നോ പറയാം. ഇതൊക്കെ സ്വപ്നമാണെന്ന് പറയുന്നത് എന്ത് അടിസ്ഥാനത്തിലാണ്? കുടിശ്ശിക ഉണ്ടായിരുന്നത് പിരിച്ചിട്ടില്ലെന്ന് അങ്ങ് പറയുകയുണ്ടായി. കഴിഞ്ഞ വർഷം കുടിശ്ശിക പിരിച്ചിരുന്നെങ്കിൽ അത് കോമ്പൻസേഷനിൽ തട്ടിക്കിഴിച്ചുപോകുമായിരുന്നു. ഇവിടെ പണിയെടുത്തത് ബാക്കിയുമാകും. ഇനി അങ്ങനെയല്ല, നമ്മൾ പ്രൊട്ടക്ടഡ് റവന്യൂവിന്റെ അടുത്തെത്തി. അതുകൊണ്ടാണ് ആംനസ്റ്റി പ്രഖ്യാപിച്ചിട്ടുള്ളത്. ആ ആംനെസ്റ്റിയുടെ അടിസ്ഥാനത്തിൽ 27 ശതമാനമൊന്നുമില്ല, 9,000 കോടി രൂപയാണ് കൊമേഴ്സ്യൽ ടാക്സ് കുടിശ്ശിക വരുന്നത്. അതിൽ 3000 നോൺ കളക്ടബിളാണ്. 6000-ൽ പകുതി പെനാലിറ്റിയും പലിശയുമൊക്കെയാണ്. ബാക്കിയുള്ളത് പിരിക്കാനുള്ള ഏർപ്പാട് ചെയ്യും. ഇങ്ങനെ ചെയ്യുന്നതിന്റെ ഫലമായി അങ്ങ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള അപാകതകളല്ലല്ലോ ഈ ബഡ്ജറ്റിലുള്ളത്. റവന്യൂ കമ്മി കൂടുന്നു, ധനകമ്മി വർദ്ധിക്കുന്നു, അതുമാറി. കഴിഞ്ഞ 20 വർഷക്കാലത്തിനിടയിൽ റവന്യൂകമ്മി ഏറ്റവും താഴ്ന്ന നിലയിലേക്ക് പോയി ഒരു ശതമാനത്തിലെത്തി നിൽക്കുകയാണ്. ഫിസ്കൽ ഡെഫിസിറ്റ് മൂന്ന് ശതമാനം അനുവദനീയമാണ്. അവിടേയ്ക്ക് എത്തിച്ചു. അതാണ് ഫിസ്കൽ കൺസോളിഡേഷൻ. എന്തുകൊണ്ടാണ് ഈ വാശി?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, 10 ശതമാനത്തിൽ നിന്ന് 30 ശതമാനത്തിലേക്കുള്ള കുതിച്ചുചാട്ടത്തിനുള്ള രണ്ട് പ്രധാനപ്പെട്ട കമ്പോണന്റ്സാണ് അങ്ങ് പറഞ്ഞത്. ഒന്നാമതായി, കോമ്പൻസേഷൻ ഗ്യാപ് ഫിൽ ചെയ്യുന്നതിന്റെയും നേരത്തെ നഷ്ടപ്പെട്ട ലീക്കേജ് ഫിൽ ചെയ്യുന്നതിന്റെയും ഭാഗമായി ആന്വൽ റിട്ടേൺ സ്റ്റേറ്റ്മെന്റും ഇൻപുട്ട് ടാക്സും താരതമ്യം ചെയ്ത് നോക്കുക എന്നുള്ളതാണ്. ഇതിലൂടെ യഥാർത്ഥത്തിൽ ആ ഉദ്യോഗസ്ഥർക്ക് ഡിസ്ക്രീഷൻ കിട്ടുകയാണ് ചെയ്യുന്നത്. ഉദ്യോഗസ്ഥർക്ക് കിട്ടുന്ന ആ വിവേചനാധികാരം വലിയ അഴിമതിയിലേക്കും തർക്കത്തിലേക്കും കൂടുതൽ

ആർബിട്രിയായും മാറാൻ പോകുകയാണ്. രണ്ടാമത്തേത്, അങ്ങ് പറഞ്ഞത് ആംനെസ്റ്റി വച്ച് ഇതുവരെ പിരിക്കാത്ത വാറ്റിന്റെ തുക പിരിക്കുമെന്നാണ്. അങ്ങ് കണക്കുകൂട്ടുന്ന തുക ഇതുവരെ ഒരിക്കലും ഒരു ആംനെസ്റ്റി സ്കീമിലും കിട്ടിയിട്ടില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം, പിരിച്ചുകിട്ടാനുള്ള തുക എന്നുപറയുന്നത് അൺറിയലിസ്റ്റിക് അസസ്സ്മെന്റാണ്. എക്സോർബിറ്റന്റായ തുകയാണ് പല ഉദ്യോഗസ്ഥരും അസസ്സ് ചെയ്തുവച്ചിരിക്കുന്നത്. അവരാരും വന്ന് ഈ ആംനെസ്റ്റി സ്കീമിൽ അഡ്ജസ്റ്റ് ചെയ്യില്ല. കാരണം കോടതികളിൽ ആ കേസുകളെല്ലാം പെൻഡിംഗിലാണ്. അതുകൊണ്ട് താങ്കളുടെ ആഗ്രഹവും പ്രതീക്ഷയും സഫലമാകട്ടെ എന്ന് ആശംസിക്കുന്നു. പക്ഷെ, അപ്രായോഗികമായ കാര്യമാണിത്. ടാക്സിന്റെ റേറ്റ് 25 ശതമാനമാക്കുമെന്ന് ധവളപത്രമിറക്കിയ ആൾ ഇപ്പോഴും പറയുന്നത് ഈ 10 ശതമാനത്തിൽ നിന്ന് 30 ശതമാനത്തിലേയ്ക്ക് കയറിയാലും 15 ശതമാനത്തിന്റെ ടാക്സ് ഗ്രോത്താണ് പ്രെഡിക്റ്റ് ചെയ്യുന്നതെന്നാണ്. എന്നിട്ടാണ് ലോകത്ത് ആർക്കും ചെയ്യാൻ പറ്റാത്ത രീതിയിലുള്ള 25 ഡ്രീം പ്രോജക്ടുകൾ വച്ചിരിക്കുന്നത്. അപ്പോൾ അങ്ങയുടെ 25 പ്രോജക്ടുകളും ഈ ടാക്സ് ഗ്രോത്തും തമ്മിൽ റിഫ്ലക്റ്റ് ചെയ്യില്ല; ഇതാണ് ഞങ്ങളുടെ കേസ്.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും ജീവിക്കുന്നത് വാറ്റിന്റെ കാലത്താണ്. വാറ്റിന്റെ കാലത്ത് ഉദ്യോഗസ്ഥന് അസ്സസ്സ്മെന്റുണ്ട്. കണക്കുനോക്കി ശരിയായില്ലെങ്കിൽ ബെസ്റ്റ് ജഡ്ജ്മെന്റിൽ അസ്സസ് ചെയ്യാം. ഇവിടെ അങ്ങനെ ചെയ്യാൻ കഴിയില്ല. ഇവിടെ ചെയ്യുന്നത്, ഇന്നത് വാങ്ങിയെന്ന് പറയും, പക്ഷേ വിറ്റ ആളിന്റെ കണക്കിലില്ല. അപ്പോൾ വാങ്ങിയ ആളിന്റെ ഇൻപുട്ട് ക്രെഡിറ്റ് ഓട്ടോമാറ്റിക്കായി പോകും. വേറെ അസ്സസ്സ്മെന്റില്ല. അതുകൊണ്ട് ഉദ്യോഗസ്ഥരുടെ ആർബിട്രറിനസിന്റെ പ്രശ്നവും ഉദിക്കുന്നില്ല. കഴിയുമെങ്കിൽ ഇതിന് കമ്പ്യൂട്ടർ പ്രോഗ്രാമുണ്ടാക്കണമെന്നുള്ളതാണ്. കമ്പ്യൂട്ടർ പ്രോഗ്രാം വൈകിയാൽത്തന്നെ ഈ രീതിയിലാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, അങ്ങ് പറയുന്നതനുസരിച്ച് ക്വാണ്ടിറ്റി രണ്ടും കറക്ടായിരിക്കും, റേറ്റിലാണ് വ്യത്യാസം വരുന്നത്. പിന്നെ എങ്ങനെയാണ് ജി.എസ്.ടി. കളക്ട് ചെയ്യുന്നത്? ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം ടാക്സ് വെട്ടിക്കുന്ന കച്ചവടക്കാർ വളരെ കുറവാണ്. അതുകൂടാതെ വെട്ടിക്കുന്ന കണക്കുകൾ ഒരിക്കലും കണ്ടുപിടിക്കാനും കഴിയില്ല. അവിടത്തെയും ഇവിടത്തെയും ക്വാണ്ടിറ്റി ഒരേ രീതിയിലാണെങ്കിൽ എങ്ങനെയാണ് വേറെ കളക്ട് ചെയ്യുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ക്വാണ്ടിറ്റി മാത്രമല്ല വിലയുമുണ്ട്. പെരുമ്പാവൂരിൽ ഇത്തരത്തിൽ ഒരു പരിശോധന നടന്നു. 200 കോടി രൂപയുടെ

വെട്ടിപ്പാണ് കണ്ടെത്തിയത്. ഏതെല്ലാം രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് അവിടെ നടക്കുന്നതെന്നറിഞ്ഞാൽ ആശ്ചര്യപ്പെട്ടുപോകും. അവിടത്തെ പോർട്ടർമാരുടെയും മറ്റും പേരിൽ രജിസ്ട്രേഷനെടുത്ത് ഇല്ലാത്ത വിൽപ്പനയും വാങ്ങലും കൃത്രിമമായുണ്ടാക്കി ഇൻപുട്ട് ക്രെഡിറ്റ് എടുത്തുകൊണ്ടിരിക്കുകയാണ്. So this can be tracked. അതുകൊണ്ട് ഈ arbitrariness ഒന്നും ഇതിലേക്ക് വരാൻ പോകുന്നില്ല. ആംനെസ്റ്റി നടപ്പാക്കിയാൽ ഈപറയുന്ന തുക കിട്ടുകയില്ലെന്നാണ് രണ്ടാമത് പറഞ്ഞത്. 19000 കോടി രൂപ കിട്ടാനുണ്ടെന്ന് പറഞ്ഞപ്പോൾ അത് കിട്ടും എന്നല്ല ഞാൻ പറഞ്ഞത്. അതിൽ ചില പ്രശ്നങ്ങളൊക്കെയുണ്ട്. Best judgement-ൽ ഊതിവീർപ്പിക്കപ്പെട്ടിട്ടുള്ള അസ്സെസ്സ്മെന്റുകളുണ്ട്. അതുകൊണ്ട് വളരെ ഉദാരമായ സമീപനമാണ് സ്വീകരിക്കുന്നത്. അതായത്, നിങ്ങൾക്ക് കോടതിയിൽ പോകണമെങ്കിൽ പോകാം. കോടതിയിൽ 20 ശതമാനം തുക അടയ്ക്കണം. അത് ഭാവിയിൽ വേണമെങ്കിൽ നികുതിയിലേക്ക് തട്ടിച്ചേർക്കാം. അല്ലാതെ പോയതുപോയി ഇനി പുതിയത് എന്നല്ല. രണ്ട്, കോർട്ട് ഫീ എത്ര ശതമാനം എന്നുള്ളതിനൊരു സീലിംഗ് വയ്ക്കാം. അപ്പീലിന് പോകാം. അപ്പീലിൽ സെറ്റ് ചെയ്യാം. ആംനെസ്റ്റിയിൽ അതിന് ഇളവൊന്നും കൊടുത്തിട്ടില്ല. അതൊരു സ്റ്റാറ്റ്യൂട്ടറി പ്രോസസാണ്. പക്ഷെ ഇതുവരെയും ഇല്ലാതിരുന്ന ഒരു കാര്യം ചെയ്തു. സാധാരണ ആംനെസ്റ്റി പ്രഖ്യാപിച്ചാൽ ആർ.ആർ. നടപടി നിർത്തിവയ്ക്കും. ആംനെസ്റ്റി വന്നില്ലെങ്കിൽ ആർ.ആർ.-ഉം ഇല്ല. ഇപ്പോൾ അതല്ല സംഭവിക്കുന്നത്. ആംനെസ്റ്റി അപ്ലൈ ചെയ്തില്ലെങ്കിൽ ആർ.ആർ. നടപടിയുണ്ട്. റവന്യൂ റിക്കവറി നടപടി ഊർജ്ജിതമാക്കിയാൽ രംഗം മാറുമോയെന്ന് നോക്കാം. This is the strategy. അതിനെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടെന്ന് പറയുകയാണ്. നിങ്ങൾ പറഞ്ഞതുപോലെ പിഴവൊക്കെ ഉണ്ടായിരിക്കാം. പക്ഷെ ഇത് വെറുതെ ഊഹിച്ച് പറഞ്ഞതല്ല. ഇതിന് കൃത്യമായ സമീപനമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഫിസ്കൽ കൺസോളിഡേഷനിലേക്ക് പോകാം. റെയിൽപ്പാതയ്ക്ക് കിഫ്ബിയല്ല പണം കൊടുക്കാൻ പോകുന്നത്. റെയിൽ കോർപ്പറേഷൻ എവിടെ നിന്നെങ്കിലും വായ്പയെടുത്ത് കൊടുക്കും. വൻകിട പദ്ധതികൾ പലതും ആ രീതിയിൽ വിഭവ സമാഹരണം നടത്താൻ പോകുന്നതാണ്. ആ രീതിയിൽ അന്യാദൃശ്യമായി നമ്മുടെ മൂലധന നിക്ഷേപം വർദ്ധിപ്പിക്കാം, പാർക്കുകൾ ഉണ്ടാക്കാം തുടങ്ങിയ സമീപനത്തിലേക്ക് പോകുകയാണ്. അതിനാണ് 25 പരിപാടികൾ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിൽ പഴയ കാര്യങ്ങൾ വീണ്ടും പറഞ്ഞിരിക്കുകയല്ലേ എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ വിമർശനം. ബഡ്ജറ്റെടുത്ത് അക്കൗണ്ട് ചെയ്ത് നോക്കിയാൽ ഈ 25 എണ്ണത്തിന്റെ പേര് കാണാൻ പറ്റില്ലല്ലോ; എങ്ങനെയാണ് വന്നിരിക്കുന്നത് എന്നാണ് ചോദിക്കുന്നത്. ഇതാണ് പുതിയ സമീപനം. സാധാരണ ബഡ്ജറ്റിൽ വകുപ്പ് തിരിച്ചുള്ള പ്രെസന്റേഷനാണ് നടത്തുന്നത്. ഓരോ വകുപ്പും പറഞ്ഞുപോകുകയാണ് ചെയ്യുന്നത്. ഇത്തവണത്തെ ബഡ്ജറ്റിൽ 25 പരിപാടികൾ പറഞ്ഞിട്ടുണ്ടെങ്കിൽ

പ്രധാനപ്പെട്ട ചില പ്രദേശങ്ങളെടുത്ത് അവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കാൻ പുതിയ പണം എവിടെ നിന്നെങ്കിലും കൊണ്ടുവരികയല്ല, നിലവിലുള്ള വിവിധങ്ങളായ സ്കീമുകൾ, ഡിപ്പാർട്ടുമെന്റുകളുടെ ചെലവുകൾ ഇവയൊക്കെ സംയോജിപ്പിച്ച് ഈ പ്രശ്നം എങ്ങനെ പരിഹരിക്കാം, ആ പരിഹാരത്തിന് എങ്ങനെയൊക്കെ ഇന്നൊവേഷനെയും പുതിയ സാങ്കേതികവിദ്യയെയും ഉപയോഗപ്പെടുത്താമെന്നാണ് നോക്കുന്നത്. ഇതിൽ ഓരോന്നും എടുക്കാം. പാർക്കുകൾ ഉണ്ടാക്കുന്നതിൽ എടുത്ത പുതിയ സമീപനം എന്താണ്? നിലവിലുള്ള വൻകിട ഇൻഫ്രാസ്ട്രക്ചറുമായി ബന്ധപ്പെടുത്തി പുതിയ പാർക്കുകൾ വരുത്താം. കണ്ണൂർ എയർപോർട്ട് വന്നപ്പോൾ അതിന് ചുറ്റും നമ്മൾ ബിൽഡപ് ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള പാർക്കുകൾ വരുന്നു. ആ പാർക്കിലേക്ക് കോർപ്പറേറ്റ് നിക്ഷേപം വരുന്നുണ്ടല്ലോ. സാധാരണഗതിയിൽ അങ്ങനെ വയ്ക്കേണ്ട കാര്യമില്ല. അങ്ങനെ വച്ചതിനുകാരണം സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ നിന്നുള്ള മുതൽമുടക്കല്ല. കേരളത്തിൽ ഇതൊരു പുതിയ സംവിധാനമാണ്. ഏത് കാലത്താണ് ഇതുപോലെ കോർപ്പറേറ്റ് നിക്ഷേപം ഉണ്ടായത്? ഇപ്പോൾ കോർപ്പറേറ്റ് നിക്ഷേപം ഐ.ടി. മേഖലയിലൊക്കെ നിൽക്കുന്നു. ഇതിനുമുമ്പ് കേരളത്തിൽ ഇങ്ങനെയൊരു ചലനം ഉണ്ടായിട്ടുണ്ടോ? ഇതാണ് ഈ നവീന മേഖലകളെ മുന്നോട്ടുകൊണ്ടുപോകാനുള്ള പരിപാടി. വയനാട് കാർഷിക പ്രതിസന്ധി എത്രയോ നാളായി പറയുന്നു. എന്നാൽ ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ സ്കീമുകളോടൊപ്പം കുറച്ച് പണം അധികമായി വച്ച് കിഫ്ബിയുടെ പ്രോഗ്രാമിൽ ഉൾപ്പെടുത്തി പരിഹാരം കാണുകയാണ്.

ഞാൻ ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം മലയോര പ്രദേശങ്ങളെല്ലാം പ്രതിസന്ധി നേരിടുന്നുണ്ടെന്നും ഇടുക്കി ജില്ലയ്ക്കുവേണ്ടി റീബിൽഡ് കേരളയിൽ ഇത്തരത്തിലൊരു പ്രത്യേക പാക്കേജ് തയ്യാറാക്കുമെന്നും പറഞ്ഞിരുന്നു. ഇടുക്കിയെ കളഞ്ഞുവെന്ന് ചിലർ പറഞ്ഞു. ഇടുക്കി ജില്ലയ്ക്കുവേണ്ടി മൂന്ന് വർഷത്തിനുള്ളിൽ നടപ്പാക്കേണ്ട 5000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിക്കുകയാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി സമർപ്പിച്ച കുറിപ്പിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ജില്ലാ പ്ലാനുംകൂടി പരിഗണിച്ച് വകുപ്പുകളുടെ ഇപ്പോഴുള്ള സ്കീമുകളിലുൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ള പാക്കേജാണിത്. സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, തദ്ദേശഭരണ പദ്ധതികൾ, റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, കിഫ്ബി എന്നീ സ്രോതസ്സുകളിൽനിന്നുള്ള സ്കീമുകൾ സംയോജിപ്പിച്ചായിരിക്കും പാക്കേജിന് രൂപം നൽകുക. 2019-2020-ൽ സംസ്ഥാന പ്ലാനിൽ നിന്നും 550 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും 100 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും 350 കോടി രൂപയും കിഫ്ബിയിൽ നിന്നും 250 കോടി

രൂപയും റീബിൽഡ് കേരള തുടങ്ങിയ സ്രോതസ്സുകളിൽ നിന്നും 250 കോടി രൂപയും അഡീഷണലായി 250 കോടി രൂപയും ഇടുക്കി ജില്ലയ്ക്കായി ഈ വർഷം വകയിരുത്തുകയാണ്. അങ്ങനെ ആകെ 1500 കോടി രൂപയായിരിക്കും ഇടുക്കി പാക്കേജിന്റെ അടങ്കൽത്തുക. തേയിലയുടെയും കുരുമുളക്, ഏലം തുടങ്ങിയ സുഗന്ധവിളകളുടെയും ചക്ക തുടങ്ങിയ പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും ഉയർത്തുന്നതിനും ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു വികസന തന്ത്രമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തേയില ബ്രാൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സ്പൈസസ് പാർക്ക് വിപുലീകരിക്കും. ചക്ക തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് കേന്ദ്രീകൃത സംവിധാനമൊരുക്കും. ക്ഷീരസാഗരം മാതൃകയിൽ കന്നുകാലി വളർത്തൽ സമഗ്ര പദ്ധതി ആരംഭിക്കും. ബ്രഹ്മഗിരി മാതൃകയിൽ ഇറച്ചി സംസ്കരണ യൂണിറ്റ് സ്ഥാപിക്കും. അതിവർഷത്തിലും പ്രളയത്തിലുംപെട്ട് പോഷകമൂലകങ്ങളും ജൈവാംശവും നഷ്ടപ്പെട്ട കൃഷി ഭൂമിയിലെ മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിന് മണ്ണുപരിശോധന നടത്തി എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജൈവവളം, ജീവാണുവളം, കുമ്മായം, ഡോളോമേറ്റ് തുടങ്ങിയവ കാലവർഷം എത്തുന്നതിനുമുമ്പുതന്നെ ജില്ലയിലെ മുഴുവൻ കർഷകർക്കും ലഭ്യമാക്കുകയും ചെയ്യും. പഞ്ചായത്തുകളിൽ കുടുംബശ്രീ, ഹരിത കർമ്മസേന എന്നിവയുടെ പങ്കാളിത്തത്തോടെ ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കും. ബ്ലോക്കുതലത്തിൽ നിലവിലുള്ള വിള ആരോഗ്യ കേന്ദ്രങ്ങളിൽ ജീവാണുവള നിർമ്മാണം ആരംഭിക്കും. വളത്തിന്റെയും കീടനാശിനികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഉൽപ്പന്നങ്ങളിലെ വിഷാംശം നിരീക്ഷിക്കുന്നതിനും ആധുനിക സംവിധാനം ഏർപ്പെടുത്തും. നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര ഭൂവിനിമയ ആസൂത്രണം ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കും. വയനാടിലേതുപോലെതന്നെ ഒരു മരവൽക്കരണത്തിനുള്ള പദ്ധതി ആവിഷ്കരിക്കും. ടൂറിസമാണ് ഇടുക്കിയിലെ വികസന ചലനാത്മകതയിൽ ഒരു നിർണ്ണായക പങ്കുവഹിക്കാൻ പോകുന്നത്. ടൂറിസം ക്ലസ്റ്ററുകളും സർക്യൂട്ടുകളും ആവിഷ്കരിക്കും. ഫാം ടൂറിസത്തിന് ഊന്നൽ നൽകും. മൂന്നാറിലെ ബൊട്ടാണിക്കൽ ഗാർഡന്റെ രണ്ടാംഘട്ടം, ഇടുക്കി ഡാമിനോട് അനുബന്ധിച്ചുള്ള ടൂറിസം വകുപ്പിന്റെ കൈവശമുള്ള ടൂറിസം കേന്ദ്രം, ഹൈഡൽ ടൂറിസം എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. പെരിയാർ, മുതിരപ്പെരിയാർ തുടങ്ങിയവയുടെ തീരങ്ങളിൽ പ്രളയംമൂലവും മറ്റിടങ്ങളിൽ ഉരുൾപൊട്ടൽമൂലവും വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാൻ പ്രത്യേക തുക അനുവദിക്കും. അടഞ്ഞുകിടക്കുന്ന തോയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ജീവനോപാധികൾ നൽകും. ഇടുക്കി മെഡിക്കൽ കോളേജിന്റെ അടുത്ത ഘട്ടം പൂർത്തീകരിക്കും. ആദിവാസി ക്ഷേമത്തിന് പ്രത്യേക പരിഗണന നൽകും. ഇത്തരത്തിൽ സമഗ്രതല

സ്പർശിയായ ഒരു മേഖല വികസന പരിപാടിയാണ് ഇടുക്കി പാക്കേജ്. താഴെത്തട്ടിൽ രൂപം നൽകിയ ജില്ലാ പദ്ധതിയെ ഈ പാക്കേജിൽ ഉൾച്ചേർക്കുന്നതാണ്. കുട്ടനാട് പാക്കേജ് കേരളത്തിലെ ഏറ്റവും പ്രധാന റാംസർ സൈറ്റായ വേമ്പനാട് കായലിന്റെ പാരിസ്ഥിതിക പുനഃസ്ഥാപനം ഉറപ്പുവരുത്തുന്നു. അതുപോലെ കേരളത്തിലെ മറ്റു രണ്ട് റാംസർ സൈറ്റുകളായ അഷ്ടമുടി കായലിന്റെയും ശാസ്താംകോട്ട കായലിന്റെയും പുന:സ്ഥാപനം റീബിൽഡ് കേരളയിൽ പരിഗണിക്കും. ശാസ്താംകോട്ട കായലിന്റെ പുനരുദ്ധാരണത്തിന് പദ്ധതി ശീർഷകത്തിൽ ഇപ്പോൾ വകയിരുത്തിയിട്ടുള്ള തുക തീരുന്ന മുറയ്ക്ക് ആവശ്യമായ അധികതുക അനുവദിക്കും.

Disaster preparedness-നുവേണ്ടിയുള്ള നിർദ്ദേശങ്ങൾ എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉണ്ടായിരുന്നില്ലെന്ന് ഇവിടെ പലരും പറയുകയുണ്ടായി; അത് ശരിയാണ്. പക്ഷേ പദ്ധതിയിൽ അത് ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദമായ മാനദണ്ഡങ്ങളും അതിന്റെ അടിസ്ഥാനത്തിലെടുക്കുന്ന നടപടികളും റീബിൽഡ് കേരളയുടെ ഭാഗമായി ഉണ്ടാകുമെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. വിവിധ സ്കീം പ്രവർത്തകരുടെ വേതന വർദ്ധനവിനെക്കുറിച്ച് പല പരാമർശങ്ങളും ചർച്ചകളിൽ ഉയർന്നുവന്നു. ഞാൻ അവ ഓരോന്നായി വായിക്കാം.

(A) എസ്.സി. പ്രൊമോട്ടർമാരുടെ വേതനം 10,000 രൂപയായും എസ്.ടി. പ്രൊമോട്ടർമാരുടേത് 12,500 രൂപയായും ഉയർത്തുന്നു.

(B) ഏകാദ്ധ്യാപക വിദ്യാലയം വോളണ്ടിയർമാരുടെ പ്രതിമാസ ശമ്പളം 18,500 രൂപയായി ഉയർത്തുന്നു.

(C) പ്രീപ്രൈമറി ടീച്ചർമാരുടെ ശമ്പളം 11,000 രൂപയായും ആയമാരുടേത് 6,500 രൂപയായും വർദ്ധിപ്പിക്കുന്നു.

(D) പാചകത്തൊഴിലാളികളുടെ കുറഞ്ഞ പ്രതിദിന വേതനം 500 രൂപയായി ഉയർത്തുന്നു.

(E) പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള കൈത്താങ്ങ് പദ്ധതിയിലെ വോളണ്ടിയർമാരുടെ അലവൻസ് 1500 രൂപയാക്കുന്നു.

(F) ക്രഷ് വർക്കർമാരുടെ പ്രതിമാസ അലവൻസ് 4,000 രൂപയായും ഹെൽപ്പർമാരുടേത് 2,000 രൂപയായും ഉയർത്തുന്നു.

(G) അങ്കണവാടി വർക്കർമാരുടെ വേതനം കേന്ദ്രസർക്കാർ വരുത്തിയ വർദ്ധനവടക്കം 10,000 രൂപയിൽ നിന്ന് 12,000 രൂപയായും ഹെൽപ്പർമാരുടേത് 7,000 രൂപയിൽ നിന്നും 8,000 രൂപയായും വർദ്ധിപ്പിക്കുന്നു.

(H) ആശാവർക്കർമാരുടെ വേതനം കേന്ദ്രസർക്കാർ വരുത്തിയ വർദ്ധനവടക്കം 4500 രൂപയായും പരമാവധി ഇൻസെന്റീവ് പരിധി 2,000 രൂപയിൽ നിന്നും 3,000 രൂപയായും വർദ്ധിപ്പിക്കുന്നു.

(I) കുടുംബശ്രീയുമായി ബന്ധപ്പെട്ട ഡി.ഡി.യു.ജി.കെ.വൈ. കോ-ഓർഡിനേറ്റർമാരുടെ വേതനം 18000 രൂപയായും എൻ.ആർ.എൽ.എം. ബ്ലോക്ക് കോ- ഓർഡിനേറ്റർമാരുടേത് 22,000 രൂപയായും എം.കെ.എസ്.പി. ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടേത് 15,000 രൂപയായും വർദ്ധിപ്പിക്കുന്നു.

(J) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് 25 ശതമാനം ഉയർത്തുന്നു.

(K) പ്രാദേശിക പത്രപ്രവർത്തകരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതാണ്. സാംസ്കാരിക കാര്യങ്ങളെക്കുറിച്ച് ചില പുതിയ കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു.

മലയാള സിനിമാരംഗത്ത് വനിതാ സിനിമാ പ്രവർത്തകരുടെ ഇടപെടലുകൾ സമീപകാലത്ത് വളരെയേറെ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വനിതാ സിനിമാ സംവിധായകരുടെ ബഡ്ജറ്റ് സിനിമകൾക്ക് പ്രത്യേക ധനസഹായം നൽകുന്നതിനുവേണ്ടി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അത് നേരത്തെ പ്രഖ്യാപിക്കേണ്ടതായിരുന്നു, വിട്ടുപോയതാണ്. പ്രേംനസീർ, പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങിയ ഒട്ടേറെ സാംസ്കാരിക പ്രതിഭകൾക്കും അനേകം സാംസ്കാരിക സ്ഥാപനങ്ങൾക്കും നവോത്ഥാന നായകരുടെയും മറ്റും സ്മാരകങ്ങൾക്കും പ്രത്യേകം വകയിരുത്തൽ വേണമെന്ന ആവശ്യം ബഹുമാനപ്പെട്ട എം.എൽ.എ.മാർ എഴുതിത്തന്നിട്ടുണ്ട്. പദ്ധതിയിൽ ഇതിനായി 5 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. അതിൽ നിന്ന് ഇതിനാവശ്യമായ പണം കണ്ടെത്താവുന്നതാണ്. എറണാകുളത്തെ പണ്ഡിറ്റ് കെ. പി. കറുപ്പൻ സ്മാരക നിർമ്മാണത്തിനായി 25 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തുന്നു. വെങ്ങാനൂരിൽ അയ്യങ്കാളി സ്ഥാപിച്ച സ്കൂൾ സർക്കാർ ഏറ്റെടുത്ത് അയ്യങ്കാളി മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളാക്കി മാറ്റണമെന്ന് ബഡ്ജറ്റ് ചർച്ചയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ആവശ്യപ്പെട്ടിരുന്നു. അതിനുള്ള നടപടി സ്വീകരിക്കുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പ് നൽകുകയാണ്. പട്ടികവിഭാഗങ്ങൾക്ക് ഉയർന്ന പരിഗണനയാണ് ബഡ്ജറ്റിൽ നൽകിയിട്ടുള്ളത്. എന്നാൽ ദളിത് ക്രൈസ്തവർക്കുള്ള വകയിരുത്തൽ അപര്യാപ്തമാണെന്ന വിമർശനമുണ്ടായിട്ടുണ്ട്. 10 കോടി രൂപയാണ് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷനുവേണ്ടി ഇപ്പോൾ വകയിരുത്തിയിട്ടുള്ളത്. അത് 20 കോടി രൂപയായി ഉയർത്തുന്നു.

ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് സർക്കാർ പ്രൊക്യൂർമെന്റിൽ നിശ്ചിത ശതമാനം നീക്കിവയ്ക്കണമെന്ന പ്രസക്തമായ ആവശ്യം

ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം യൂണിറ്റുകളിൽ ഉല്പാദിപ്പിക്കപ്പെടുന്ന, സർക്കാർ വാങ്ങുന്ന വ്യവസായ ഉത്പന്നങ്ങൾക്ക് 20 ശതമാനം റിസർവ്വേഷൻ നൽകുന്നതാണ്. ഇതിനാവശ്യമായ ചട്ടഭേദഗതികൾ സ്റ്റോക്ക് പർച്ചേസ് മാന്വലിൽ വരുത്തുന്നതാണ്. സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റ് മുഖാന്തരം സർക്കാർ ജീവനക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം (ജി.ഐ.എസ്) ആനുകൂല്യങ്ങൾ ഇരട്ടിയാക്കി ഉയർത്തുകയാണ്. 10 രൂപയുടെ ഒരു യൂണിറ്റ് പ്രീമിയത്തിന് ലഭ്യമായിട്ടുള്ള ഇൻഷ്വറൻസ് ആനുകൂല്യം 10,000 രൂപയിൽ നിന്ന് 20,000 രൂപയായി വർദ്ധിപ്പിക്കും. ഏറ്റവും കൂടുതൽ നിവേദനം ലഭിച്ചിട്ടുള്ളത് പൊതുമരാമത്ത് പ്രവൃത്തികൾക്കാണ്. മരാമത്ത് പ്രവൃത്തികൾക്ക് അധിക വകയിരുത്തൽ ആവശ്യപ്പെട്ട് ഒട്ടേറെ നിയമസഭാംഗങ്ങൾ കത്ത് നൽകുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തികൾക്കുള്ള ജനകീയാവശ്യം എല്ലാ ജനപ്രതിനിധികളുടെയും മുന്നിൽ സ്വാഭാവികമായും എത്താറുണ്ട്. റോഡുകൾക്കും പാലങ്ങൾക്കും മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുമുള്ള പദ്ധതി വകയിരുത്തലിനുപുറമെ ഈ ബഡ്ജറ്റിൽ 2500 കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ പാകത്തിന് തുക നീക്കിവച്ചിട്ടുണ്ട്. അടുത്ത ധനകാര്യ വർഷത്തിൽ കൂടുതൽ പ്രവൃത്തികൾക്ക് അനുവാദം നൽകുന്നതിന് ശ്രമിക്കുന്നതാണ്. നമ്മുടെ നികുതി വരുമാനം ബഡ്ജറ്റിൽ വിഭാവനം ചെയ്യുന്നതുപോലെ 30 ശതമാനം കണ്ട് ഉയരുകയാണെങ്കിൽ ഇത്തരത്തിൽ കൂടുതൽ തുക നൽകുന്നതിന് പ്രയാസമുണ്ടാകില്ലെന്നാണ് ഞാൻ കരുതുന്നത്, അത് നൽകുകതന്നെ ചെയ്യും. ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള പ്രവൃത്തികൾ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ നിർദ്ദേശിച്ച പദ്ധതികളാണ് 20 ശതമാനം വിഹിതം മാറ്റിവച്ച് വകയിരുത്തിയതെങ്കിലും ഇത്തരം സാഹചര്യങ്ങൾ ഉണ്ടാകുന്നപക്ഷം തത്തുല്യമായ തുകയ്ക്ക് മറ്റ് പദ്ധതി നിർദ്ദേശം പരിഗണിക്കും.

തീരസംരക്ഷണ പ്രവൃത്തികളിലുണ്ടാകുന്ന കാലതാമസം തീരദേശ മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കിഫ്ബിയിലും പദ്ധതിയിലും ഏറ്റെടുത്തിട്ടുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നതാണ്. ഇപ്പോൾ 252 കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ അനുവദിച്ചിട്ടുണ്ട്. വിശദമായ പഠനത്തിന്റെയും വിലയിരുത്തലിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ തുക അനുവദിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് അത് ബോദ്ധ്യപ്പെട്ടുകാണുമെന്ന് ഞാൻ കരുതുകയാണ്. ആറാട്ടുപുഴ ഏറ്റവും കൂടുതൽ കടലാക്രമണം നേരിടുന്ന പ്രദേശമാണ്. ആലപ്പാട്ടും ഗൗരവമായ പ്രശ്നം ഉയർന്നുവന്നിട്ടുണ്ട്. ആലപ്പാടിന് പ്രത്യേക പരിഗണന നൽകും. പൂന്തുറയിൽ ഓഫ്

ഷോർ ബ്രേക്ക് വാട്ടർ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അതിന് ചെലവ് കുറവാണ്. അത് ഫലപ്രദമാണെങ്കിൽ ഈ വർഷംതന്നെ കേരളത്തിലെ മറ്റ് പ്രദേശങ്ങളെ മുഴുവനും ഈ സ്കീമിൽ കൊണ്ടുവരാൻ സാധിക്കും. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി തുക നീക്കിവയ്ക്കാൻ ആവശ്യപ്പെട്ട് ഒട്ടേറെ എം.എൽ.എ.മാർ കത്ത് നൽകിയിട്ടുണ്ട്. കോഴിക്കോട്-മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന് ഭൂമി ഏറ്റെടുക്കൽ, വിളപ്പിൽശാലയിൽ അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയുടെ പുതിയ കാമ്പസിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ, മലയാള സർവ്വകലാശാലയ്ക്കുവേണ്ടിയുള്ള സ്ഥലം, സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രം തുടങ്ങിയവയ്ക്കു വേണ്ടിയുള്ള പണം ഇതിനുള്ള ബഡ്ജറ്റ് നീക്കിയിരിപ്പിലെ ലാൻഡ് അക്വിസിഷൻ ശീർഷകത്തിൽനിന്നും കണ്ടെത്തും. കോഴിക്കോട്-മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ ഭൂമി ഏറ്റെടുക്കലിന് പൂർണ്ണ തുക അനുവദിച്ചുകൊണ്ട് ഭരണാനുമതി ഇറങ്ങിയിട്ടുണ്ട്. ഇതിൽ നിന്നുള്ള ആദ്യഗഡു ഈ മാസംതന്നെ ലഭ്യമാക്കും.

ഡോ. എം. കെ. മുനീർ: സർ, ഈ തുക എത്ര ഗഡുവായാണ് കൊടുക്കുന്നത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, മൂന്ന് ഗഡുവായാണ് കൊടുക്കുന്നത്. അതിന് ഓർഡറുണ്ട്. അതനുസരിച്ചാണ് കൊടുക്കുന്നത്. അധിക തുക ആവശ്യാനുസരണം ലഭ്യമാക്കും. ഭൂമി ഏറ്റെടുക്കലിൽ നിന്നും മാറിനിൽക്കാൻ നമുക്ക് കഴിയില്ല. പൊതുപണം ചെലവുചെയ്ത് നടത്തിയ ചില നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ ജനോപകാരപ്രദമാകാത്ത ചില സംഭവങ്ങൾ ഒട്ടേറെ അംഗങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. പാലം പണിയുകയും അപ്രോച്ച് റോഡ് ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ട്. ഉദാഹരണത്തിന്, ആലപ്പുഴയിൽ 12 വർഷം മുമ്പ് പൂർത്തീകരിച്ച മത്സ്യഗന്ധി-വാടാപ്പൊഴി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഗതാഗതയോഗ്യമായിട്ടില്ല. ഇതുപോലെ മറ്റുചില പാലങ്ങളെക്കുറിച്ചും കുടിവെള്ള പദ്ധതികളെക്കുറിച്ചുമുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതുപോലെ സ്രോതസ് ഡെവലപ് ചെയ്തിട്ട് ലൈൻ ഡിസ്ട്രിബ്യൂഷനാകാത്തതും ലൈൻ ഡിസ്ട്രിബ്യൂഷനായിട്ട് സ്രോതസ് ആകാത്തതും അപ്രോച്ച് റോഡിന്റെ പണി തീർന്നിട്ടില്ലാത്തതുമായ നിർമ്മാണ പ്രവൃത്തികൾക്ക് മുൻഗണന നൽകി അനുവാദം നൽകുന്നതാണ്. എം.എൽ.എ. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിലെ പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഒരു കോടി രൂപ വരെയുള്ള പ്രവൃത്തികളുടെ ഭരണാനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കളക്ടർമാർക്ക് നൽകി വികേന്ദ്രീകരിക്കുകയുണ്ടായി. അസറ്റ് ഡെവലപ്മെന്റ് ഫണ്ടിന്റെ വേഗതയും കാര്യക്ഷമതയും ഉയർത്തുന്നതിന് ഇത് കാരണമായിട്ടുണ്ട്. എന്നാൽ വിവിധ വകുപ്പുകൾക്കിടയിലെ ഫണ്ട് കൈമാറ്റം, നിയമസഭാംഗങ്ങൾ പ്രവൃത്തി നിർദ്ദേശം സമർപ്പിച്ചശേഷം വിശദമായ പദ്ധതിരേഖ (ഡി.പി.ആർ.) സമർപ്പിക്കുന്നതിനുള്ള

കാലതാമസം, ടെണ്ടർ എക്സസ്, ടെണ്ടർ ബാലൻസ് എന്നിവയുമായി ബന്ധപ്പെട്ട് വ്യക്തതയില്ലായ്മ തുടങ്ങിയ പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾക്ക് അടിയന്തരമായി സ്പഷ്ടീകരണം നൽകുന്നതാണ്. പലതവണ ടെണ്ടർ ചെയ്തിട്ടും കോൺട്രാക്ടർ ഏറ്റെടുക്കാത്ത വർക്കുകൾക്ക് പകരം പ്രവൃത്തികൾ നിർദ്ദേശിക്കാൻ എം.എൽ.എ.മാർക്ക് അവസരം നൽകുന്നതാണ്. പ്രളയത്തിൽ തകർന്ന കുടിവെള്ള/ജലസേചന പദ്ധതികൾ സംബന്ധിച്ച് ധാരാളം നിവേദനങ്ങൾ വന്നിട്ടുണ്ട്. ഇവയുടെ പുനരുദ്ധാരണം ഇതിനകം ഏറ്റെടുത്തിട്ടില്ലെങ്കിൽ അവയ്ക്ക് പ്രത്യേകം അനുമതി നൽകുന്നതാണ്. ടൂറിസം മേഖലയിലെ പള്ളിയോടങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലെ പദ്ധതികളിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള തടസ്സം നീക്കം ചെയ്യും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ പള്ളിയോടങ്ങൾക്ക് പ്രത്യേക ധനസഹായം നൽകുന്നതാണ്.

<u>ശ്രീ. മുഹമ്മദ് മുഹസിൻ. പി.</u>: സർ, അസറ്റ് ഡെവലപ്മെന്റ് ഫണ്ടിൽനിന്നും ആംബുലൻസുകൾ നൽകാനുള്ള അനുവാദം നൽകിയാൽ നന്നായിരിക്കും. പട്ടാമ്പിയിലെ ആംബുലൻസ് തകർന്നുപോയി. അത് കൊടുക്കാൻ ശ്രമിച്ചപ്പോൾ നമുക്ക് അതിന് അനുവാദമില്ല എന്നാണ് പറഞ്ഞത്. അതുകൊണ്ട് അത്യാവശ്യ സ്ഥലങ്ങളിൽ ആംബുലൻസ് അനുവദിക്കാനുള്ള നടപടികൂടി ഉണ്ടാകണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ വിഷയം ഇവിടെ ചർച്ച ചെയ്ത് തീരുമാനമെടുക്കാം. സർക്കാർ ആശുപത്രികൾക്കും പാലിയേറ്റീവ് സൊസൈറ്റികൾക്കുമാകാം. കരുനാഗപ്പള്ളി-കന്നേറ്റികായൽ വള്ളംകളിയടക്കമുള്ള ഒട്ടേറെ ജലോത്സവ കമ്മിറ്റികളിൽനിന്ന് ധനസഹായം അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ബോട്ട്ലീഗിൽ നിന്നുള്ള വരുമാനത്തിൽനിന്ന് ഈ സഹായങ്ങൾ നൽകുന്നതിനുള്ള തുക കണ്ടെത്തുന്നതാണ്. കല്യാശ്ശേരി കെ.പി.ആർ. ഗോപാലൻ ഹയർ സെക്കണ്ടറി സ്കൂളിലെ ഇ.കെ. നായനാർ സ്മാരക ഗ്രൗണ്ട് നവീകരിക്കുന്നതാണ്. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ടൂറിസം വകുപ്പിന് അധിക തുക (25 കോടി രൂപ) ലഭ്യമാക്കുമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. ഇതിൽ അഡ്വഞ്ചർ ടൂറിസത്തിന് പ്രത്യേക പ്രോത്സാഹനം നൽകും. കടയ്ക്കൽ മാറ്റിടംപാറ ടൂറിസം പോലുള്ള പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ടൂറിസം വകുപ്പുതന്നെ പരിശോധിച്ച് ആവശ്യമായ പരിഗണന നൽകുന്നതാണ്. കൃതി സാഹിത്യ വിജ്ഞാനോത്സവത്തിന് മൂന്നാം എഡിഷനായി ഒരു കോടി രൂപ അനുവദിക്കുന്നു.

റേഷൻ സബ്സിഡിക്ക് 1035.58 കോടി രൂപ, നെല്ല് സംഭരണത്തിന് 525 കോടി രൂപ, സപ്ലൈകോയ്ക്ക് 150 കോടി രൂപ, കൺസ്യൂമർഫെഡിന് 100 കോടി രൂപ എന്നിങ്ങനെയാണ് വിപണിയിടപെടലിനായി 2019-20 സാമ്പത്തിക വർഷത്തിൽ

വകയിരുത്തിയിട്ടുള്ളത്. സപ്ലൈകോയ്ക്ക് 50 കോടി രൂപ അധികമായി അനുവദിക്കുന്നു. വിപണിയിടപെടലിന് ഉപധനാഭ്യർത്ഥനകൾവഴി അനുവദിച്ച തുകയടക്കം നടപ്പുവർഷം ലഭ്യമായ ആകെ തുക വരുംവർഷത്തിലും നൽകുന്നതാണ്. ഉള്ളി, തക്കാളി, പയർവർഗ്ഗങ്ങൾ എന്നിവയുടെ വില തകർന്ന് ഒന്നും രണ്ടും രൂപ വരെ എത്തിയതിനെത്തുടർന്ന് കർഷകർ ആത്മഹത്യ ചെയ്യുന്നത് വടക്കേ ഇന്ത്യയിൽ പതിവായിരിക്കുന്നു. കൃഷിക്കാരെ രക്ഷപ്പെടുത്തുന്നതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർഫെഡും അവരാൽ കഴിയുന്ന രീതിയിൽ വിപണിയിൽ ഇടപെടാൻ ഉദ്ദേശിക്കുന്നു. ഇടനിലക്കാരില്ലാതെ കൃഷിക്കാരുടെ സഹകരണ സംഘങ്ങളിൽ നിന്ന് മിനിമം വിലയ്ക്ക് ഉൽപ്പന്നങ്ങൾ നേരിട്ട് വാങ്ങുന്നതാണ് ഈ സ്കീം. ഉൽപ്പന്നങ്ങൾ ഉൽപ്പാദന കേന്ദ്രത്തിൽ സ്റ്റോർ ചെയ്യുകയും മുൻകൂർ ധാരണയനുസരിച്ച് കേരളത്തിൽ എത്തിച്ചുതരികയും ചെയ്യേണ്ടത് അവിടത്തെ കർഷക സംഘടനകളുടെ ചുമതലയായിരിക്കും.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഗ്രാമീണ റോഡുകൾ നന്നാക്കുന്ന പ്രശ്നം എല്ലാ എം.എൽ.എ.മാരുടെയും പൊതുവായ ആവശ്യമാണ്. എല്ലാ വർഷവും പി.ഡബ്ല്യു.ഡി. റോഡുകളുടെ മെയിന്റനൻസ് നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രളയവുംകൂടി കഴിഞ്ഞപ്പോൾ ഗ്രാമീണ റോഡുകളെല്ലാം തകർന്നിരിക്കുകയാണ്. മുൻകാല ഗവൺമെന്റുകൾ ഇതിനായി തുക അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഗ്രാമീണ റോഡുകൾക്കുവേണ്ടി ഒരു പദ്ധതി തയ്യാറാക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പ് 1000 കോടി രൂപയുടെ നിർദ്ദേശങ്ങൾ ഫൈനലൈസ് ചെയ്തുകൊണ്ടിരിക്കുകയാണ്. 250 കോടി രൂപ പ്ലാൻ ഹെഡ്ഡിൽ പ്രളയ മേഖലയ്ക്കുവേണ്ടി മാത്രം മാറ്റിവച്ചിട്ടുണ്ട്. ആ പ്രോജക്ടിൽ വച്ചത് എന്താണെന്ന് പരിശോധിച്ചതിനുശേഷം നമുക്ക് തീരുമാനിക്കാം.

<u>ഡോ. എൻ. ജയരാജ്</u>: സർ, എം.എൽ.എ. ഫണ്ട് ഒരു കോടി രൂപയാക്കിയിട്ട് കുറെക്കാലങ്ങളായി. മുമ്പ് എം.എൽ.എ. ഫണ്ടിൽ ഒരു ലക്ഷം രൂപയ്ക്ക് 35 മീറ്റർ ചെയ്യാമായിരുന്ന റോഡിന്റെ വർക്ക് ഇപ്പോൾ 28 മീറ്ററായി കുറഞ്ഞു. റേറ്റ് കൂടുന്നതിനനുസരിച്ച് നമുക്ക് കിട്ടുന്ന തുകകൂടി കൂട്ടിയില്ലെങ്കിൽ വർക്ക് എടുക്കുന്നത് വളരെ കുറവായിരിക്കും. അതുകൊണ്ട് എം.എൽ.എ. ഫണ്ട് കൂട്ടാനുള്ള നടപടി സ്വീകരിക്കണം. തീർച്ചയായും ഇത് എല്ലാ എം.എൽ.എ.മാരുടെയും പൊതുവായ ആവശ്യമാണെന്നാണ് എന്റെ വിശ്വാസം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഇത് പൊതുവായ ആവശ്യമാണ്. പക്ഷേ എനിക്കിത് ഈ ഫ്ളോറിൽ നിന്നുകൊണ്ട് പ്രഖ്യാപിക്കാൻ കഴിയുന്ന കാര്യമല്ല. അത് പരിഗണിച്ചിട്ടില്ല, പിന്നീട് നോക്കാം. ഇപ്പോൾ പരിഗണിക്കാൻ സാദ്ധ്യമല്ല.

ഡോ. എം. കെ. മുനീർ: സർ, അടയ്ക്ക കർഷകരുടെ ട്രാൻസാക്ഷൻ നടത്തുന്ന പൊതുമേഖലാ സ്ഥാപനമായ കാംപ്കോ കുറെ നാളുകളായി 42 കോടി രൂപയുടെ റവന്യൂ റിക്കവറി നേരിടുകയാണ്. ഇതുസംബന്ധിച്ച് നിരവധി തവണ അവർ നിവേദനം നൽകിയിട്ടുള്ളതുമാണ്. നമ്മൾ എല്ലാ കാർഷികമേഖലയ്ക്കും റിലാക്സേഷൻ കൊടുക്കുന്നതുപോലെ ഇക്കാര്യവും അങ്ങ് അനുഭാവപൂർവ്വം പരിഗണിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ ഇക്കാര്യം പലപ്രാവശ്യം ഇവിടെ പറഞ്ഞതാണെങ്കിലും അങ്ങ് ചോദിച്ച സ്ഥിതിക്ക് ഒരിക്കൽക്കൂടി പറയാം. അന്തർസംസ്ഥാന വ്യാപാരം നടത്തുമ്പോൾ 2 ശതമാനം നികുതിയാണ് നിലവിലുള്ളത്. ആ 2 ശതമാനം നികുതി കുറച്ച് കിട്ടണമെങ്കിൽ 'സി' ഫാറം ഹാജരാക്കണം. അവിടെ പോയി അന്വേഷിച്ചപ്പോൾ വ്യാജ 'സി' ഫാറമാണ് കൊടുക്കുന്നത്. ഇതൊക്കെ റെക്കോർഡിൽ ഉള്ളതാണ്; അവിടെ കച്ചവടക്കാരനുമില്ല, ആളുമില്ല, ഒന്നുമില്ല. ഇതാണ് പ്രശ്നം. ഇത് കേന്ദ്ര നിയമമാണ്. അതിൽ പറയുന്നത് 'സി' ഫാറം ഇല്ലാതെ ട്രാൻസാക്ഷൻ നടത്തുകയാണെങ്കിൽ നോർമൽ ടാക്സ് എത്രയാണോ ആ ടാക്സിലേക്ക് പോകണം എന്നാണ്. നോർമൽ ടാക്സ് 5 ശതമാനമാണ്. നമ്മുടെ പല വ്യവസായത്തിലും ഈ പ്രശ്നമുണ്ട്. കശുവണ്ടി വ്യവസായത്തിലും ഇങ്ങനെ ചെയ്തു. അന്ന് നിയമസഭയിൽ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടാക്സ് കുറച്ചു. ഒന്നാമതായി, നിങ്ങൾ ഭരണത്തിൽ വന്നപ്പോൾ എന്റെ പേരിൽ ഇതുമായി ബന്ധപ്പെട്ട് ഒരു വിജിലൻസ് കേസ് ചുമത്തി. രണ്ടാമതായി, എ.ജി. നിശിതമായി വിമർശിച്ചു. നിങ്ങൾക്ക് അധികാരമില്ലാത്ത കാര്യം നിങ്ങൾ എങ്ങനെയാണ് ചെയ്തതെന്ന് ചോദിച്ചു. അത് അങ്ങനെ നിന്നു. അധികാരമില്ല എന്ന് എ.ജി. പറഞ്ഞ കാര്യം എങ്ങനെയാണ് ഞാൻ നിയമമാക്കുന്നത്? അതുകൊണ്ട് ചെയ്യാൻ പറ്റുന്ന കാര്യം, ഇവിടെ ശ്രീ. പി. സി. ജോർജ് നേരത്തേ പറയുകയുണ്ടായി, ഇപ്പോൾത്തന്നെ തവണകളാക്കി നീട്ടിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്ത് ആ തവണകൾ വർദ്ധിപ്പിക്കാം. മറ്റൊരു കാര്യവും എനിക്ക് ചെയ്യാൻ സാധിക്കുകയില്ല. അത് കുറയ്ക്കാൻ പറയാൻ നിയമമില്ല. അതാണ് യാഥാർത്ഥ്യം.

ശ്രീ. പി. കെ. ബഷീർ: സർ, നിയമമില്ല എന്നുപറഞ്ഞല്ലോ. സർക്കാരിന് അതിന്റെ പലിശയെങ്കിലും ഒഴിവാക്കിക്കൂടേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പലിശ ഒഴിവാക്കാം. നിയമപരമായി സഹായിക്കാൻ എന്തൊക്കെ ചെയ്യാൻ പറ്റുമോ അതൊക്കെ ചെയ്യാൻ സർക്കാർ തയ്യാറാണ്. സബ്ജക്ട് കമ്മിറ്റിയിൽ നമുക്കത് ചർച്ച ചെയ്യാം. ഹോർട്ടികോർപ്പിന് വകയിരുത്തിയ തുക പോരാ, Kerala Aqua Ventures International Limited (KAVIL)-ന് വകയിരുത്തിയ തുക പോരാ എന്നൊക്കെയുള്ള കുറിപ്പുകൾ വരുന്നുണ്ട്. ഒരു ബഡ്ജറ്റ് ഹെഡ്ഡുണ്ട്. അത് ചർച്ച ചെയ്ത് അധിക തുക നൽകാമെന്നല്ലാതെ ഫ്ലോറിൽ ഓരോരോ സ്കീമുകൾക്കും അധികമായി തുക പ്രഖ്യാപിക്കുന്നില്ല.

മുൻ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ഇവിടെ വിശദമായ ഒരു പ്രസംഗം നടത്തിയിരുന്നു. ചില കാര്യങ്ങളോട് പ്രതികരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. അദ്ദേഹം ഉന്നയിച്ച പല കാര്യങ്ങളും ഇതിനകംതന്നെ ഫ്ലോറിൽ ഇടപെട്ടും സംസാരിച്ചും ക്ലിയർ ചെയ്തതാണ്. കഴിഞ്ഞ ദിവസം പറഞ്ഞ ഒരു കാര്യത്തിലേയ്ക്കും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കിഫ്ബിയും ബഡ്ജറ്റും തമ്മിലുള്ള ബന്ധമെന്താണെന്ന് മാണിസാർ എപ്പോഴും ചോദിക്കുന്നതാണ്. കിഫ്ബിയിലേക്ക് പോകണമെന്ന് നിയമസഭയിൽ അവതരിപ്പിച്ച നിയമത്തിൽ ത്തന്നെ പറഞ്ഞിട്ടുണ്ട്. അല്ലെങ്കിൽ ക്യാബിനറ്റിന്റെ പ്രത്യേക തീരുമാനം വേണം. അതിന് ലെജിസ്ലേറ്റീവ് ഓവർ സൈറ്റുണ്ട്. അല്ലാതെ സർവ്വസ്വാതന്ത്ര്യത്തോടെ പുറത്തേയ്ക്ക് പോകുന്നതല്ല. വയനാട് പദ്ധതിയിൽ ഏറ്റവും വലിയ ചെലവ് വരുന്നത് ഏറ്റവും ആധുനിക രീതിയിലുള്ള കാപ്പി സംസ്കരണത്തിനുള്ള കോമൺ ഫെസിലിറ്റിക്കുവേണ്ടിയാണ്. അവിടെ കിൻഫ്രയുടെ അഗ്രോ പാർക്കിന് കിഫ്ബിയിൽ 500 കോടി രൂപ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അത് എത്ര കോടി രൂപയാണെന്ന് ഞാൻ നോക്കിയിട്ടില്ല; അത് ഇതിനുവേണ്ടി ചെലവഴിക്കും. ഈ രീതിയിലാണ് പറഞ്ഞിട്ടുള്ളത്. ഇത് പറയുന്നതിൽ തെറ്റെന്താണ്? അങ്ങനെയല്ലേ വേണ്ടത്? പട്ടത്തുള്ള ഒരു ചാർട്ടേർഡ് അക്കൗണ്ടന്റാണ് ഇത് പരിശോധിക്കുന്നതെന്ന് അദ്ദേഹം പറയുകയുണ്ടായി. പട്ടം ആയതുകൊണ്ട് മോശമാകണമെന്നില്ല. ബോംബെയിൽ നിന്നും ചാർട്ടേർഡ് അക്കൗണ്ടന്റിനെ കൊണ്ടുവരേണ്ട. എ.ജി.യുടെ ആഡിറ്റ് വേണമെന്നുള്ളത് അദ്ദേഹത്തിന് വാശിയാണ്. എ.ജി. ഇപ്പോൾ ആഡിറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. നമുക്ക് വിരോധമൊന്നുമില്ല. പക്ഷേ ഒരുകാര്യം മനസ്സിലാക്കേണ്ടത്, ഒരു കമ്പനിക്കുമില്ലാത്ത വിധത്തിൽ മൂന്ന് മാസം കൂടുമ്പോൾ ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷന് (FTAC) ക്വാർട്ടർലി ആഡിറ്റഡ് റിപ്പോർട്ട് നൽകും. വേറൊരു കമ്പനിക്കും ഇതുണ്ടാകുകയില്ല. അത്രയ്ക്ക് നിശിതമായിട്ടാണ് ശ്രീ. വിനോദ് റായിയുടെ നേതൃത്വത്തിലുള്ള സമിതി ഇക്കാര്യങ്ങൾ പരിശോധിക്കുന്നത്. മാത്രമല്ല, ഫണ്ട് ട്രസ്റ്റ് ഫിഡിലിറ്റി ബോർഡിന്, they can have direct access to any account; കമ്പ്യൂട്ടറിൽ ലഭ്യമാക്കിയിട്ടുള്ളതാണ്. എ.ജി.യും അത് പരിശോധിക്കുന്നുണ്ട്. എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് തിരുത്തി എല്ലാ സർക്കാർ കാര്യങ്ങളുംപോലെ മുന്നോട്ടുപോകും. അതിനൊന്നും ആർക്കും വിരോധമൊന്നുമില്ല. സി.ഇ.ഒ. ഡോ. കെ. എം. എബ്രഹാമിന്റെ കാര്യം പറഞ്ഞു; അദ്ദേഹത്തിന് മുത്തുറ്റിൽ ജോലിയല്ല. They are professionals. പ്രൊഫഷണലായ ആളുകൾ പല കമ്പനികളിലും ഇൻഡിപെൻഡന്റ് ഡയറക്ടർമാരായി വരുന്നത് സർവ്വസാധാരണമാണ്. ശ്രീ. സലീം ഗംഗാധരൻ ഒരു ഡസൻ കമ്പനികളുടെ ഇൻഡിപെൻഡന്റ് ഡയറക്ടറാണ്. അല്ലെങ്കിൽ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ ചെയർമാൻ ഡയറക്ടർമാരിലൊരാളാണ്. ഒരു പ്രൊഫഷണൽ ലെവൽ വരുമ്പോൾ ഇൻഡിപെൻഡന്റ് ഡയറക്ടറായി ഒരു

കമ്പനിയിൽ പോയാൽ അവർ ഉദ്യോഗസ്ഥരായി മാറുന്നില്ല. നമുക്ക് തമാശയായി അങ്ങനെയൊക്കെ പറയാം. പക്ഷേ ഒരു പരിധിവിട്ട് വർത്തമാനം പറയുന്നത് നന്നല്ല. അവർ എത്രയോ നന്നായി സേവനം ചെയ്യുന്നു. നിങ്ങൾക്കും അറിയാവുന്ന ആളുകളാണ്. ഒരുപക്ഷേ എന്നേക്കാൾ കൂടുതൽ നിങ്ങളിൽ ചിലരാണ് അവരുമായി ബന്ധപ്പെടുന്നതെന്നും എനിക്കറിയാം. നമ്മൾ എന്തിനാണ് ഇങ്ങനെയൊരു ആരോപണം ഉന്നയിക്കുന്നത്? മാണിസാർ അങ്ങനെ പറഞ്ഞത് കഷ്ടമായിപ്പോയി. ഇതെല്ലാം നിയമപരമായിട്ടാണോ, Securities and Exchange Board of India (SEBI)-യുടെയൊക്കെ അംഗീകാരത്തോടെയുള്ള നടപടികളാണോ സ്വീകരിക്കുന്നത് എന്നാണ് ശ്രീ. കെ. എം. മാണി ചോദിച്ച മറ്റൊരു ചോദ്യം. പ്രവാസി ചിട്ടിയെ സംബന്ധിച്ച് കൃത്യമായ ഉത്തരം നിയമസഭാ റെക്കോർഡിനുവേണ്ടി പറയാൻ ആഗ്രഹിക്കുകയാണ്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ 2015 മാർച്ച് 2-ന് ഇറക്കിയ 337/2015, 338/2015 എന്നീ ഭേദഗതികൾ Foreign Exchange Management Act-ൽ കൊണ്ടുവന്ന മാറ്റമാണ് പ്രവാസി ചിട്ടിക്ക് അനുകൂലമായ സാഹചര്യമൊരുക്കിയത്. ഇവ പ്രകാരം ഏതൊരു പ്രവാസി ഇന്ത്യാക്കാർക്കും non-repatriable അടിസ്ഥാനത്തിൽ ചിട്ടി രജിസ്ട്രാറുടേയോ സംസ്ഥാന ഗവൺമെന്റ് അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ഓഫീസറുടെയോ അംഗീകാരം നേടിയ ചിട്ടികളിൽ ബാങ്കിംഗ് ഉപാധികൾ വഴി എത്ര രൂപയ്ക്കുള്ള ചിട്ടിയിലും ചേരാവുന്നതാണ്. തുടർന്ന് 2015 ഏപ്രിൽ 13-ന് ഇറങ്ങിയ ഇന്ത്യാ ഗവൺമെന്റ് അസാധാരണ ഗസറ്റിൽ ഈ ഭേദഗതി പ്രസിദ്ധീകരിക്കുകയുണ്ടായി. അതേത്തുടർന്ന്, കേരള സർക്കാർ 29-7-2015-ൽ പുറത്തിറക്കിയ ജി.ഒ. നമ്പർ 136/2015/റ്റി.ഡി. കൽപ്പന പ്രകാരം മേൽഭേദഗതിയുടെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ.-ക്ക് പ്രവാസി ഇന്ത്യാക്കാരിൽ നിന്ന് ചിട്ടി വരിസംഖ്യ സ്വീകരിക്കാനുള്ള അനുമതി ഇന്ത്യാ ഗവൺമെന്റും റിസർവ് ബാങ്കും കാലാകാലങ്ങളിൽ കൊണ്ടുവരുന്ന നിബന്ധനകൾക്കനുസരിച്ച് നൽകുകയുണ്ടായി. ഇതുപ്രകാരമാണ് കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ നടത്തുന്നത്. ഇതിൽ പെൻഷൻ ഫണ്ട് ഓപ്പറേറ്റ് ചെയ്യാൻ കെ.എസ്.എഫ്.ഇ.-ക്ക് അധികാരമുണ്ട്. കെ.എസ്.എഫ്.ഇ.യും എൽ.ഐ.സി.യുമായി ധാരണയിലെത്തി യിരിക്കുകയാണ്. കെ.എസ്.എഫ്.ഇ.യ്ക്ക് കിട്ടുന്ന ചിട്ടി ഫണ്ട് എൽ.ഐ.സി.യിൽ നിക്ഷേപിക്കുകയാണെങ്കിൽ എൽ.ഐ.സി. പെൻഷൻ നൽകും. ഇതുപോലെതന്നെ ഇൻഷ്വറൻസ് കമ്പനിയെ ഇടപെടുത്തിക്കൊണ്ടാണ് ഇൻഷ്വറൻസും നടപ്പാക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളെല്ലാം കൃത്യമായി നിയമം പരിപാലിച്ചുകൊണ്ട് തന്നെയാണ് ചെയ്യുന്നത്.

മാണിസാറിന്റെ അടുത്ത വിമർശനം, ഗവർണറുടെ പ്രസംഗത്തിൽ എ.ഡി.ബി, വേൾഡ് ബാങ്ക് വായ്പയുടെ അടിസ്ഥാനത്തിലാണ് റീബിൽഡിനുള്ള പണം

സമാഹരിക്കുന്നതെന്ന് പറഞ്ഞിരുന്നു, എന്നാൽ ബഡ്ജറ്റിൽ അതില്ലാതെതന്നെ റീബിൽഡ് പ്രഖ്യാപിച്ചിരിക്കുന്നുവെന്നുള്ളതാണ്. ഗവർണറുടെ നയപ്രഖ്യാപനത്തിൽ പറഞ്ഞ അതേ വാചകം എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ വീണ്ടും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് തെറ്റിദ്ധാരണയൊന്നും വേണ്ട. പക്ഷേ റീബിൽഡ് കേരളയിൽ ആയിരം കോടി രൂപ ബഡ്ജറ്റിൽ നിന്നുതന്നെ വകയിരുത്തിയിട്ടുണ്ട്. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ മേധാവികളുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇന്നയിന്ന കമ്പോണന്റ്സ് റീബിൽഡ് കേരളയിൽ വരും എന്നുപറഞ്ഞല്ലാതെ അതിന്റെ തുകയിലേയ്ക്കോ മറ്റ് കാര്യങ്ങളിലേയ്ക്കോ പോയിട്ടില്ല, അതിലൊരു തെറ്റുമില്ല. ശ്രീ. കെ. എം. മാണി ഉന്നയിച്ച മറ്റൊരു ചോദ്യം, വായ്പയെടുക്കുന്നത് മൂന്ന് ശതമാനമെന്ന എഫ്.ആർ.ബി.എം. (ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് ആക്ട്)-ന്റെ പരിധിക്ക് പുറത്തല്ലല്ലോ എന്നാണ്. അത് ശരിയാണ്. ഈ ബി.ജെ.പി. സർക്കാർ പോകുമ്പോഴെങ്കിലും അത് മാറണം. അവർ നമുക്ക് മനഃപൂർവ്വമാണ് നൽകാത്തത്. അല്ലെങ്കിൽ മുപ്പതിനായിരം കോടി രൂപ ചെലവ് വരുമെന്ന് റിപ്പോർട്ട് വന്നപ്പോൾ വായ്പ എടുത്തുകൊള്ളുവെന്ന് പറഞ്ഞിട്ട് അതൊക്കെ നിങ്ങളുടെ സാധാരണ ഗതിയിലുള്ള വായ്പയ്ക്കുള്ളിൽ ഉൾപ്പെടുത്തണമെന്ന് പറഞ്ഞാൽ എങ്ങനെയാണ് നമ്മൾ ബഡ്ജറ്റ് നടത്തിക്കൊണ്ടുപോകുക? കേരളം പറയുന്നത് ശരിയാണെന്ന് ബാക്കി എല്ലാ സംസ്ഥാനങ്ങളും അംഗീകരിച്ചിട്ടുണ്ട്. ഞങ്ങൾക്കും ഇങ്ങനെയൊരു ആപത്തുണ്ടായാൽ അധിക വായ്പ വേണമെന്ന് അവരും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. നമുക്ക് ഇതിന് മുകളിലേയ്ക്ക് പോകാമെന്ന ഉത്തമവിശ്വാസം എനിക്കുണ്ട്. ഒരു പരിധിയില്ലാതെ പോകാമെന്നല്ല, പക്ഷേ റീബിൽഡിനുള്ള ഏതാനും വിദേശ വായ്പകളെങ്കിലും ഇത്തരത്തിൽ എഫ്.ആർ.ബി.എം. ആക്ടിന് പുറത്ത് വാങ്ങാൻ കഴിയുമെന്നാണ് കരുതുന്നത്. ഒറ്റ വിമർശനമേയുള്ളൂ, മൂന്ന് ശതമാനം പരിധിയെക്കുറിച്ച് പറയുമ്പോൾ രണ്ട് ശതമാനം മതിയെന്ന് നിയമം പസ്സാക്കിയവരാണ് നിങ്ങൾ, അത് മറക്കണ്ട.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള അതിക്രൂരമായ സാമ്പത്തിക അച്ചടക്കമില്ലായ്മ കൊണ്ടാണത്. അങ്ങ് വെറുതെ പറയുകയാണ്. അങ്ങേയ്ക്കിത് അറിയാവുന്നതാണല്ലോ.

ഡോ. ടി. എം. തോമസ് ഐസക്: സർ, രണ്ട് ശതമാനമാണ് നിങ്ങളുടെ വായ്പാ പരിധിയെങ്കിൽ നിങ്ങളിപ്പോൾ അവതരിപ്പിച്ച പ്ലാൻ എങ്ങനെ നടത്തുമെന്ന് അന്ന് ഞാൻ നിയമസഭയിൽ ചോദിച്ചു.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയല്ല. ഞാൻ ആ ആക്ടിന്റെ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച ആളാണ്. ബിൽ സർക്കുലേറ്റ് ചെയ്യപ്പോൾ ലിമിറ്റ് രണ്ട് ശതമാനമായിരുന്നു. ഇവിടെ പറഞ്ഞത് ശരിയാണ്. പക്ഷെ എന്റെ അമെന്റ്മെന്റായിരുന്നു മൂന്ന് ശതമാനമാക്കണമെന്നുള്ളത്. ആ അമെന്റ്മെന്റ് പാസ്സാക്കിയിട്ടാണ് ആക്ട് പാസ്സായത്. മൂന്ന് ശതമാനമാക്കിത്തന്നെയാണ് ഈ സഭയിൽ ആക്ട് പാസ്സായത്. പിന്നെപ്പോഴാണ് മാറ്റിയത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, നമുക്കത് പരിശോധിക്കാം. കെ. എം. മാണി സാറിന്റെ ഒരു ആരോപണം കുറച്ച് ഗൗരവമുള്ളതാണ്. ശമ്പളത്തിനും പെൻഷനുംവേണ്ടിയുള്ള തുക കുറവാണ്, കഴിഞ്ഞ വർഷം വകയിരുത്തിയത് ഈ വർഷം വച്ചിട്ടില്ല എന്നുപറയുകയുണ്ടായി. നിങ്ങളത് ശ്രദ്ധിച്ചോ എന്നറിയില്ല. എനിക്ക് തോന്നുന്നത് അദ്ദേഹത്തിന്റെ റിമാർക്കുകളിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യമിതാണ്. കാര്യം വളരെ ലളിതമാണ്. 2018-19-ലെ ശമ്പള പരിഷ്കരണത്തിന്റെ കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്. അവസാനത്തെ ഗഡുവും കൊടുത്തുതീർത്തു. അതുകൊണ്ടാണ് 2018-19-ൽ 2019-20-നേക്കാൾ കുറച്ച് കൂടിയിരിക്കുന്നത്. അല്ലാതെ അടുത്തവർഷം കമ്മി ഒരു ശതമാനമാക്കാൻവേണ്ടി വെട്ടിക്കുറച്ചതൊന്നുമല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിക്കേണ്ട സമയമായിരിക്കുന്നു. ശമ്പള പരിഷ്കരണ കമ്മീഷനെ നിയോഗിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കമ്മീഷനെ നിയമിച്ച് ശമ്പള പരിഷ്കരണം നടത്തുന്നതിന് സമയബന്ധിതമായി കാര്യങ്ങൾ സർക്കാർ ചെയ്യുമെന്ന് പറഞ്ഞിട്ടുണ്ട്. അത് സർക്കാർ തീരുമാനിക്കും. ഒരിക്കലും ബഡ്ജറ്റിലൂടെ ശമ്പള പരിഷ്കരണ കമ്മീഷനെ പ്രഖ്യാപിക്കാറില്ല. അതിന് സർക്കാരിന്റെ വേറെ തീരുമാനം വരേണ്ടതുണ്ട്. നികുതി നിർദ്ദേശങ്ങളിൽ ഒന്നാമതായി ആഭ്യന്തര സർവ്വീസുകൾക്കുള്ള ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്റെ നികുതി നിരക്ക് 28.75 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കുന്നു. കേരളത്തിലെ ഉഡാൻ എയർപോർട്ടുകളിൽ മാത്രമല്ല, ഉഡാൻ അല്ലാത്ത എയർപോർട്ടുകളിലും ആഭ്യന്തര സർവ്വീസിന് ഇനിമുതൽ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന് 5 ശതമാനം നികുതിയേയുള്ളൂ. 100 കോടി രൂപയുടെ നികുതി നഷ്ടം പ്രതീക്ഷിക്കുന്നു. പ്രളയസെസ്സ് നിബന്ധനകൾക്ക് വിധേയമായി വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണെന്ന് കേരള ചരക്ക് സേവന നികുതി നിയമത്തിൽ മാറ്റം വരുത്തുന്നു. സാധാരണഗതിയിൽ നികുതി ഏപ്രിൽ 1 മുതലാണ് പ്രാബല്യത്തിൽ വരുന്നത്. എന്നാൽ ഇത് നോട്ടിഫൈ ചെയ്യുന്ന തീയതി മുതൽ മാത്രമേ പ്രാബല്യത്തിൽ

വരികയുള്ളൂ. ജി.എസ്.ടി.എൻ.-ൽ രണ്ട് റിട്ടേണും മറ്റും വന്നാൽ കൺഫ്യൂഷനാണ്. അതിനാൽ അവരുമായി ചർച്ച ചെയ്തിട്ടുവേണം തീരുമാനമെടുക്കാൻ. അതിന് കുറച്ച് താമസമുണ്ടാകും. ആംനെസ്റ്റി പദ്ധതിയിൽ അസസ്സ് ചെയ്ത നികുതി കുടിശ്ശിക അടച്ചു തീർക്കുമ്പോഴാണ് പിഴ ഒഴിവാകുന്നത് എന്നാണ് വ്യവസ്ഥ. എന്നാൽ അസസ്സ്മെന്റിന് വിധേയമാകാതെ പിഴമാത്രം നിലനിൽക്കുന്ന സാഹചര്യത്തിൽ പിഴയിലുൾപ്പെട്ട നികുതി അടയ്ക്കേണ്ടതാണെന്ന വ്യവസ്ഥ കൊണ്ടുവരും. അടയ്ക്ക വ്യാപാരികളുടെ അന്തർസംസ്ഥാന വിൽപ്പനയിലെ നികുതിയിളവിന് സി-ഫോറം നിർബന്ധമാണെന്ന കേന്ദ്ര വിൽപ്പന നികുതി നിയമത്തിലെ വ്യവസ്ഥയിൽ മാറ്റം വരുത്താൻ സംസ്ഥാനത്തിന് അധികാരമില്ല. എന്നാൽ അടയ്ക്ക വ്യാപാരികൾക്ക് ആംനെസ്റ്റി സ്വീകരിക്കാൻ ഒരു അവസരംകൂടി നൽകുന്നതാണ്. അവരെ സഹായിക്കാനെന്തു ചെയ്യാൻ കഴിയുമെന്നുള്ളത് നമുക്കൊരുമിച്ച് അലോചിക്കാം. Money Lenders Act പ്രകാരം പ്രവർത്തിക്കുന്ന പ്രൈവറ്റ് ബാങ്കേഴ്സിന് ഇരുപതിനായിരം രൂപയ്ക്ക് മുകളിലുള്ള തുക ചെക്ക് മുഖേന മാത്രമേ കൈകാര്യം ചെയ്യാൻ അനുവദിക്കൂവെന്ന ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശം ഭേദഗതി ചെയ്ത് പരിധി ഗണ്യമായി ഉയർത്തണമെന്ന് ഒട്ടേറെ എം.എൽ.എ.മാർ മുഖേന നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമപരമായ സാദ്ധ്യതകളെല്ലാം പരിശോധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ തീരുമാനിക്കാം. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല.

ശ്രീ. അനിൽ അക്കര: സർ, വിനോദ നികുതി 10 ശതമാനമാക്കിയപ്പോൾ പഞ്ചായത്തുകൾക്ക് 5 ശതമാനത്തിന്റെ കുറവ് വരുന്നുണ്ട്. അത് പരിഹരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിനുള്ള കുറവ് നികത്തിക്കൊടുക്കും. കഴിഞ്ഞ പ്രാവശ്യം എന്താണോ പറഞ്ഞത് അതിനനുസരിച്ചുള്ള അധിക പണം നൽകിയിട്ടുണ്ട്. പക്ഷെ, പ്രശ്നം നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല. കോർപ്പറേഷൻ ഒഴികെയുള്ളവയ്ക്ക് എന്റർടെയിൻമെന്റ് ടാക്സ് വളരെ തുച്ഛമാണ്. അതിന്റെ പ്രശ്നംകൊണ്ടാണ് പണം കൊടുത്തിട്ടില്ലെന്ന് അങ്ങേയ്ക്ക് തോന്നുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, നബാർഡിൽനിന്നും പണം അനുവദിച്ചാണ് കോന്നി മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടം പണി പൂർത്തീകരിച്ചത്. ധനകാര്യ വകുപ്പ് ശിപാർശ ചെയ്യുന്നുണ്ടെങ്കിൽ രണ്ടാംഘട്ടം പണി പൂർത്തീകരിക്കുന്നതിന് പണം നൽകാൻ നബാർഡ് തയ്യാറാണ്. ഇക്കാര്യം എന്റെ പ്രസംഗത്തിൽ ഞാനിവിടെ സൂചിപ്പിച്ചിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ അങ്ങേയ്ക്ക് ഞാൻ കത്തും നൽകിയിരുന്നു. ഇതിനൊരു തീരുമാനംകൂടി അങ്ങ് പറയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് ഒരു തീരുമാനമുണ്ടാക്കാം. ഒന്നാംഘട്ടം പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തെക്കുറിച്ച് ആരോഗ്യവകുപ്പുമായി

ആലോചിച്ച് തീരുമാനിക്കും. നിശ്ചയമായും ഒരു ആശുപത്രിയും വേണ്ടെന്നുവയ്ക്കാൻ പോകുന്നില്ല. പക്ഷെ, രാമേശ്വരം ക്ഷൗരംപോലെ എല്ലായിടത്തും തുടങ്ങി എങ്ങുമെങ്ങും എത്താതിരിക്കുന്നതുകൊണ്ട് ചില നിയന്ത്രണങ്ങളുണ്ടെന്നേയുള്ളൂ. എത്ര രൂപയാണ് ചെലവാകുന്നതെന്ന് നിങ്ങൾക്കറിയാമല്ലോ. കോന്നിയിലെ ആശുപത്രി നിങ്ങൾ പ്രഖ്യാപിച്ചെങ്കിലും ഞങ്ങളുടെ ആശുപത്രിയാണ്. അത് നോക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, രാമേശ്വരം ക്ഷൗരത്തിന്റെ ഒരു കാര്യമാണ് പറയുന്നത്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി നമ്മൾ ആരംഭിച്ചിരുന്ന കുറെ കുടിവെള്ള പദ്ധതികളുണ്ട്. അതൊക്കെ പകുതി വഴിയിൽ നിർത്തിയിരിക്കുകയാണ്. 25 കോടി രൂപയും 30 കോടി രൂപയുമൊക്കെ ചെലവഴിച്ച് ഡിസ്ട്രിബ്യൂഷന് ഫണ്ടില്ലാത്ത കുറെയധികം പദ്ധതികളുണ്ട്. അതൊക്കെ എന്തുചെയ്യാനാണ് ഉദ്ദേശിക്കുന്നത്? ചെറിയ സംഖ്യകൊണ്ട് അത് പൂർത്തിയാക്കാൻ കഴിയുമെന്ന് തോന്നുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, കിഫ്ബി വന്നപ്പോൾ ബി.ജെ.പി. നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ accelerated drinking water പ്രോഗ്രാമുകൾ കട്ട് ചെയ്തു. അപ്പോൾ ത്രിശങ്കുവിലായ ഒരുപാട് പദ്ധതികളുണ്ട്. കിഫ്ബിയിൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കുന്ന ഏകപരിപാടി കുടിവെള്ളത്തിന്റേത് മാത്രമാണ്. അതൊരു exceptional case ആയി ചെയ്തിട്ടുള്ളതാണ്. അങ്ങയുടെ സ്കീം അതിലുണ്ടോയെന്ന് എനിക്കറിയില്ല. ഇങ്ങനെ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പ്രത്യേക പരിഗണന നൽകുമെന്ന് ഇന്നത്തെ മറുപടി പ്രസംഗത്തിൽ ഞാൻ പറഞ്ഞു. ചീക്കോട് പദ്ധതിയും ഞാൻ പറഞ്ഞു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിക്ക് നിങ്ങളോട് വ്യക്തിപരമായ ദേഷ്യമുണ്ടെന്ന് കരുതരുത്. അത് പരിശോധിച്ചിട്ട് അദ്ദേഹം തീരുമാനിക്കുന്നതുപോലെ ചെയ്യാം. ചീക്കോട് പദ്ധതി അനുവദിച്ചത് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ്. അതിന് കൂടുതൽ തുക കൊടുക്കാൻ തീരുമാനിച്ചതും അങ്ങനെയാണ്. ഒരുപക്ഷെ രണ്ടാമത് അനുവദിച്ചപ്പോൾ ആദ്യത്തെ പദ്ധതിയുടെ പേരായിരിക്കാം ഉണ്ടായിരുന്നത്. ഏതായാലും ആ പ്രശ്നം നമുക്ക് പരിഹരിക്കാവുന്നതാണ്. ഞാൻ ചെറിയ മാറ്റമേ അഡീഷണലായി പ്രഖ്യാപിച്ചിട്ടുള്ളൂ. ഉദാഹരണത്തിന്, മൈനോറിറ്റി വകുപ്പിന്റെ കീഴിൽ ട്രെയിനിംഗ് സെന്ററുകളും മറ്റുമുണ്ട്. അതിനൊക്കെ കൂടുതൽ പണം വേണ്ടതുണ്ട്. പക്ഷേ ഹെഡ്ഡ് ഇല്ല. ആ കാര്യങ്ങളൊക്കെ നിലവിലുള്ള ശീർഷകത്തിൽ അധികതുക നൽകിക്കൊണ്ട് തീരുമാനിക്കാമെന്നല്ലാതെ ഒരു പദ്ധതിക്കും ഇപ്പോൾ പ്രത്യേകം പ്രത്യേകം പണം വകയിരുത്തുന്നില്ല. പക്ഷെ, നമ്മുടെ പ്രതീക്ഷയ്ക്കനുസരിച്ച് കാര്യങ്ങൾ പോകുമെങ്കിൽ ഉദാരമായ സമീപനം സ്വീകരിക്കാൻ പറ്റുമെന്നാണ് കരുതുന്നത്. 2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ സംഹൃതരൂപം,

2019-20-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് (രൂപ കോടിയിൽ)

| | |
|---|---|
| റവന്യൂ വരവ് | 115354.71 |
| റവന്യൂ ചെലവ് | 124125 |
| റവന്യൂ കമ്മി | (-) 8770.29 |
| മൂലധന ചെലവ് (തനി) | (-) 16226.53 |
| വായ്പകളും മുൻകൂറുകളും (തനി) | (-) 1293.75 |
| പൊതുകടം (തനി) | 23235.73 |
| പൊതുകണക്ക് (തനി) | 3029.70 |
| ആകെ കമ്മി | (-) 25.14 |
| വർഷാരംഭ രൊക്ക ബാക്കി | (-) 480.66 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 505.80 |
| ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച അധിക ചെലവ് | (-) 1410.63 |
| ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നികുതി ഇളവുകൾ | (-) 300 |
| അധിക വിഭവ സമാഹരണം | 1785 |
| ബഡ്ജറ്റ് പ്രസംഗത്തിലെ വർഷാന്ത്യ രൊക്ക ബാക്കി | (-) 431.43 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച അധിക ചെലവ് | (-) 141 |
| ഇപ്പോൾ സഭയിൽ പ്രഖ്യാപിച്ച ഇളവുകൾ | (-) 100 |
| വർഷാന്ത്യ രൊക്ക ബാക്കി | (-) 672.43 |

250 കോടി രൂപ ഇടുക്കിയുടെ കാര്യത്തിൽ പറഞ്ഞിരിക്കുന്നത് റീബിൽഡിന്റെ 1000 കോടി രൂപയിൽനിന്നായിരിക്കും വരിക. അതുകൊണ്ടാണ് ഇതിൽ പറയാത്തത്. ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: 2019-20-ലെ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച അവസാനിപ്പിക്കുകയാണ്.

## IX പ്രമേയം

### ചട്ടം സസ്പെന്റ് ചെയ്യുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേൽ

സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട സൂക്ഷ്മപരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിലെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭംവരെ സസ്പെന്റ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിമാർക്ക് മറുപടി പറയുന്നതിനാണ് 90 മിനിട്ട് അനുവദിച്ചിരിക്കുന്നത്. ഇവിടെ ചർച്ച നടന്നപ്പോൾ പല മന്ത്രിമാരും മറുപടി പറയേണ്ട ചില വിഷയങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് അവർ മറുപടി പറയേണ്ടതല്ലേ?

മി. സ്പീക്കർ: എല്ലാ മന്ത്രിമാർക്കുംവേണ്ടിയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചത്.

## X അറിയിപ്പ്

### നിയമസഭാ മ്യൂസിയം പൈതൃക മന്ദിരത്തിന്റെ ഉദ്ഘാടനം

മി. സ്പീക്കർ: നിയമസഭയുടെ വീഡിയോ കോൺഫറൻസ് സൗകര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയാണ്. നിയമസഭാ മ്യൂസിയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം അവസാനിച്ചിരിക്കുകയാണ്. പഴയ വാസ്തു നിലനിർത്തിക്കൊണ്ടാണ് പൂർത്തീകരിച്ചിട്ടുള്ളത്. 4.15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കുന്ന പ്രസ്തുത പരിപാടിയിൽ പങ്കെടുക്കാൻ എല്ലാ അംഗങ്ങളെയും ക്ഷണിക്കുകയാണ്.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ഫെബ്രുവരി മാസം 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 3.17-ന് പിരിഞ്ഞു.)

## അനുബന്ധം-I

(വാങ്മൂലം നൽകിയ ചോദ്യം നമ്പർ 1(*151)-ന്റെ 'സി' പിരിവിനുള്ള മറുപടി)

1. പുതിയ വിജ്ഞാപനമനുസരിച്ചുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് MoEF&CC-യുടെ നിയമാനുസൃത ഏജൻസിയും 2011-ലെ CZMP തയ്യാറാക്കിയതുമായ National Centre for Earth Science Studies (NCESS) നിർദ്ദേശം നൽകണം.

2. 2011-ലെ CZMP-നെ അടിസ്ഥാനമാക്കിക്കൊണ്ട് വേലിയേറ്റ രേഖയിൽ നിന്നും 100m, 50m, 20m, 10m രേഖ വരയ്ക്കണം.

3. 2011-ലെ ജനസംഖ്യാ സാന്ദ്രത അനുസരിച്ച് CRZ III A-യിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി CZMP-ൽ ഉൾപ്പെടുത്തണം

4. ഇക്കാര്യങ്ങളുടെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിൽ പബ്ലിക് ഹിയറിംഗ് നടത്തണം.

5. പബ്ലിക് ഹിയറിംഗിൽ ലഭിച്ച അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ കരട് മാപ്പ് തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെയും കേരള തീരദേശ പരിപാലന അതോറിറ്റിയുടെയും ശിപാർശയോടുകൂടി കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി അയയ്ക്കണം.

6. ആയത് അംഗീകരിച്ച് കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിക്കണം.

## അനുബന്ധം - II

(29.01.2019-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 691-ന്റെ തിരുത്തിയ ഉത്തരം)

### ശബരിമല യുവതി പ്രവേശം

(691) ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല ദർശനത്തിനെത്തുന്ന യുവതികൾക്ക് പ്രത്യേക സുരക്ഷയൊരുക്കണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നോ, വ്യക്തമാക്കുമോ,

(ബി) ശബരിമലയിൽ യുവതി പ്രവേശം അനുവദിച്ച സുപ്രീംകോടതി വിധിക്കുശേഷം പത്തിനും അമ്പതിനുമിടയിൽ പ്രായമുള്ള എത്ര സ്ത്രീകൾ ശബരിമലയിൽ ദർശനം നടത്തി, വിശദമാക്കുമോ;

(സി) ശ്രീലങ്കൻ യുവതി ശശികല ശബരിമലയിൽ ദർശനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതുസംബന്ധിച്ച സ്ഥിരീകരണം എപ്രകാരമാണ് നടത്തിയത്; വെളിപ്പെടുത്തുമോ;

(ഡി) ശ്രീലങ്കൻ യുവതി ദർശനം നടത്തിയതിന് തെളിവില്ലെന്ന നിലപാട് ദേവസ്വം ബോർഡ് സ്വീകരിച്ചിരുന്നോ; എങ്കിൽ അപ്രകാരം ഒരു നിലപാട് സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അത്തരം നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി) ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ റിപ്പോർട്ട് പ്രകാരം 2 യുവതികൾ ശബരിമല ദർശനം നടത്തിയിട്ടുണ്ട്. ശബരിമല ദർശനത്തിനായി ഓൺലൈനായി രജിസ്റ്റർ ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. ഡിജിറ്റൽ ക്രൗഡ് മാനേജ്മെന്റ് സിസ്റ്റം (ഡി.സി.എം.എസ്.) പ്രകാരം 2018-19 ഉത്സവകാലത്തും ശബരിമല ദർശനത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ഏർപ്പെടുത്തിയിരുന്നു. രേഖകൾ പരിശോധിച്ചതിൽനിന്നും 40-നും 49-നുമിടയിൽ പ്രായമുള്ള 67 സ്ത്രീകൾ ശബരിമല ദർശനത്തിനായി ഓൺലൈനായി രജിസ്റ്റർ ചെയ്തിട്ടുള്ളതായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിൽ കുറെപ്പേർ കുടുംബത്തോടൊപ്പം ശബരിമലയിൽ ദർശനം നടത്തിയിട്ടുള്ളതായാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്.

(സി & ഡി) ശ്രീലങ്കൻ യുവതി ദർശനം നടത്തിയിട്ടുള്ളതായി സ്ഥിരീകരണം ലഭിച്ചിട്ടില്ല.